05
ജൂലൈ 2024
വെള്ളി
1445 ദുൽഹജ്ജ് 29
1199 മിഥുനം 21
പേജ് 22
അബുദാബി

ഗൾഫ് ചന്ദ്രിക
https://gulf-chandrika.com/

# ഗൾഫ് ചന്ദ്രിക

facebook.com/@gulfchandrika
instagram.com/@gulfchandrika
youtube/@gulfchandrika

കോഴിക്കോട് | കൊച്ചി | കണ്ണൂർ | തിരുവനന്തപുരം | മലപ്പുറം | കോട്ടയം | പാലക്കാട് | അബുദാബി | ദോഹ | ബഹ്റൈൻ | റിയാദ് | ജിദ്ദ | ദമാം
RNI No. 3018/1957. Registered. NO. KL/CT/9/2024-26 | Chandrika Daily | Managing Director: Panakkad Syed Sadikali Shihab Thangal




**ആവേശം ടീം ഇന്ത്യ**
ടി 20 ലോകകപ്പ് കിരീട നേട്ടവുമായി സ്വന്തം നാട്ടിൽ തിരിച്ചെത്തിയ ഇന്ത്യൻ സംഘത്തിന് മുംബൈ നഗരത്തിൽ നൽകിയ സ്വീകരണത്തിൽ തുറന്ന ബസിൽ ജനങ്ങളെ അഭിവാദ്യം ചെയ്യുന്ന താരങ്ങൾ. മുംബൈ നഗരം ഇതുവരെ കണ്ടിട്ടില്ലാത്ത ജനപ്രവാഹമാണ് ഇന്നലെ ദൃശ്യമായത്. പത്ത് ലക്ഷത്തിലധികം പേരാണ് സ്വീകരണത്തിനെത്തിയത്. മുംബൈ വാങ്കഡെ സ്റ്റേഡിയത്തിലായിരുന്നു ഔപചാരിക സ്വീകരണ പരിപാടി (വാർത്ത സ്പോർട്സ് പേജിൽ)

## മുഖ്യമന്ത്രിയെ വിമർശിച്ച് എ.ഐ.എസ്.എഫും

**രക്തസാക്ഷികളുടെ എണ്ണം പറഞ്ഞ് അക്രമികളെ ന്യായീകരിക്കുന്നു**

തിരുവനന്തപുരം: നിയമസഭയിൽ എസ്.എഫ്.ഐയെ അനുകൂലിച്ച് പ്രസ്താവന നടത്തിയ മുഖ്യമന്ത്രി പിണറായി വിജയനെതിരെ വിമർശനവുമായി സി.പി.ഐയുടെ വിദ്യാർത്ഥി സംഘടന എ.ഐ.എസ്.എഫ്. മുഖ്യമന്ത്രി നടത്തിയ പ്രസംഗം പ്രതിഷേധാർഹമാണെന്നാണ് എ.ഐ.എസ്.എഫ് വിമർശനം. നിരന്തരമായി സംഘർഷങ്ങളിൽ ഭാഗമാകുന്നവരെ തള്ളിപ്പറയുന്നില്ലെന്നും രക്തസാക്ഷികളുടെ എണ്ണം പറഞ്ഞ് ന്യായീകരിക്കുകയാണെന്നും എ.ഐ.എസ്.എഫ് വിമർശിച്ചു. 'മുഖ്യമന്ത്രിയുടെ പ്രതികരണം പ്രതിഷേധാർഹം' എന്ന തലക്കെട്ടിൽ എ.ഐ.എസ്.എഫ് നേതാവ് രാഹുൽ രാജ് ഫേസ്ബുക്കിൽ എഴുതിയ കുറിപ്പിലാണ് രൂക്ഷവിമർശനമുള്ളത്. പോസ്റ്റ് ഇങ്ങനെ: 'സംസ്ഥാനത്ത് കാമ്പസുകൾ തുറന്ന് ദിവസങ്ങൾക്കുള്ളിൽ തന്നെ പുറത്തുവരുന്ന അക്രമവാർത്തകൾ അപമാനകരമാണ്. കേരള സർവകലാശാല കാര്യവട്ടം കാമ്പസിലും പുനലൂർ എസ്.എൻ കോളജിലും കോഴിക്കോട് നാദാപുരം ഗവ.കോളജിലും കൊയിലാണ്ടി ഗുരുദേവ കോളജിലും നടന്ന സംഘർഷങ്ങൾ പ്രതിഷേധാർഹമാണ്. സർഗാത്മക ഇടങ്ങളായി മാറേണ്ട കാമ്പസുകളിൽ അക്രമപ്രവർത്തനങ്ങൾ നടത്തുന്നത് പൊതുസമൂഹത്തിനിടയിൽ വിദ്യാർത്ഥി സംഘടനകൾക്ക് അവമതിപ്പുണ്ടാക്കാനേ സഹായിക്കൂ. കേരള നിയമസഭയിൽ മുഖ്യമന്ത്രി പിണറായി വിജയൻ സംഘർഷവുമായി ബന്ധപ്പെട്ട് നടത്തിയ പ്രതികരണവും പ്രതിഷേധാർഹമാണ്. നിരന്തരമായി സംഘർഷങ്ങളിൽ ഭാഗമാവുന്നവരെ തള്ളി പറയുന്നതിന് പകരം രക്തസാക്ഷികളുടെ എണ്ണം പറഞ്ഞ് ന്യായീകരിക്കുവാൻ ശ്രമിക്കുന്നതിലൂടെ ഇരക്കൊപ്പമാണോ വേട്ടക്കാരനൊപ്പമാണോ അദ്ദേഹമെന്ന് വ്യക്തമാക്കണ'മെന്നും ഫേസ്ബുക്ക് കുറിപ്പിൽ രാഹുൽരാജ് പറയുന്നു.

## ഒരു കിലോ എം.ഡി.എം.എ പിടിച്ചെടുത്തു

കോഴിക്കോട്: കോഴിക്കോട് റെയിൽവേ സ്റ്റേഷനിൽ നിന്നും എക്സൈസ് സംഘം ഒരു കിലോയോളം എംഡിഎംഎ പിടിച്ചെടുത്തു. വെള്ളമുണ്ട സ്വദേശി ഇസ്മയിലിൽ നിന്നാണ് വൻ തോതിൽ ലഹരി വസ്തുക്കൾ പിടികൂടിയത്. ദില്ലിയിൽ നിന്നും കൊണ്ടുവന്ന എംഡിഎംഎ കോഴിക്കോട്ടെ വിവിധ കേന്ദ്രങ്ങളിലെത്തിച്ച് വിതരണം ചെയ്യുകയായിരുന്നു ലക്ഷ്യം. കോഴിക്കോട് ജില്ലയിലെ ഏറ്റവും വലിയ എംഡിഎംഎ വേട്ടയാണ് എക്സൈസ് സ്പെഷ്യൽ സ്ക്വാഡും എക്സൈസ് ഇന്റലിജൻസ് വിഭാഗവും ചേർന്ന് റെയിൽ സ്റ്റേഷനിൽ നടത്തിയത്.

**ധാർഷ്ട്യം വിടാതെ പിണറായി; സർവ്വ തെറ്റിനും ന്യായീകരണം**

# തല്ലുണ്ടമ്മാവാ, നന്നാവൂല

- ഇടി മുറി വിവാദത്തിൽ എസ്.എഫ്.ഐയെ തലോടി പിണറായി
- തിരഞ്ഞെടുപ്പ് തോൽവിയിൽ 'രക്ഷാപ്രവർത്തന'ത്തിന് പങ്കില്ലെന്ന ന്യായീകരണം



തിരുവനന്തപുരം: തിരഞ്ഞെടുപ്പിൽ ജനം പാഠം പഠിപ്പിച്ചിട്ടും നന്നാവാനില്ലെന്ന് ആവർത്തിച്ച് മുഖ്യമന്ത്രി പിണറായി വിജയൻ. ലോക്സഭാ തിരഞ്ഞെടുപ്പ് തോൽവിയിൽ പാർട്ടി വേദികളിൽ ഉൾപ്പെടെ മുഖ്യമന്ത്രിക്കും സർക്കാറിനുമതിരെ രൂക്ഷ വിമർശനം തുടരുമ്പോഴാണ് തന്റെയും സർക്കാറിന്റെയും പാർട്ടിയുടേയും പോഷക സംഘടനകളുടേയും സർവ തെറ്റുകളേയും ലജ്ജയില്ലാതെ ന്യായീകരിച്ച് നിയമസഭയിൽ പിണറായി രംഗത്തെത്തിയത്. പ്രതിപക്ഷത്തിന്റെ അടിയന്തര പ്രമേയ നോട്ടീസിന് മറുപടി നൽകവെ എസ്.എഫ്.ഐയുടെ ഇടിമുറി വിവാദം മുതൽ നവകേരള മാർച്ചിലെ ഗുണ്ടാ ആക്രമണങ്ങളെ വരെ ന്യായീകരിച്ച പിണറായി, ധാർഷ്ട്യം വിടാത്ത ഭാഷയിൽ പ്രതിപക്ഷത്തെ വെല്ലുവിളിക്കാനും ജനങ്ങളെ കൊഞ്ഞനം കുത്താനുമാണ് ശ്രമിച്ചത്.

കാര്യവട്ടം കാമ്പസിലെ എസ്.എഫ്.ഐ ഇടിമുറി വിവാദത്തിലാണ് ഇന്നലെ നിയമസഭയിൽ പ്രതിപക്ഷം അടിയന്തര പ്രമേയത്തിന് അവതരണാനുമതി തേടിയത്. എന്നാൽ നോട്ടീസിന് മറുപടി നൽകവേ സി.പി.എമ്മിന് യാതൊരു പിഴവും സംഭവിച്ചിട്ടില്ലെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ വിശദീകരിച്ചു. നവകേരള ബസിനു നേരെ പ്രതിഷേധിച്ച കെ.എസ്.യു, യൂത്ത് കോൺഗ്രസ് പ്രവർത്തകരെ തല്ലിച്ചതച്ച 'രക്ഷാപ്രവർത്തനം' തിരഞ്ഞെടുപ്പ് തോൽവിക്ക് കാരണമായിട്ടില്ല. പൂക്കോട് വെറ്ററിനറി കോളജിൽ സിദ്ധാർത്ഥിനെ വിചാരണ നടത്തി കൊലപ്പെടുത്തിയതും തിരഞ്ഞെടുപ്പിൽ സി.പി.എമ്മിനെ ബാധിച്ചിട്ടില്ലെന്നായിരുന്നു മുഖ്യമന്ത്രിയുടെ ന്യായീകരണം.

കാര്യവട്ടം കാമ്പസിൽ കെ.എസ്.യു നേതാവിനെ ക്രൂരമായ മർദ്ദിച്ചതിനെയും സംഭവസ്ഥലത്തെത്തിയ എം.എൽ.എമാരായ എം. വിൻസെന്റിനെയും ചാണ്ടി ഉമ്മനെയും കയ്യേറ്റം ചെയ്തതിനെയും അപലപിക്കാൻ പോലും മുഖ്യമന്ത്രി തയാറായില്ല. ഗുണ്ടാ ആക്രമണത്തിൽ എസ്.എഫ്.ഐയെ വാനോളം പുകഴ്ത്തിയും ഇതര വിദ്യാർത്ഥി സംഘടനകളെ വിമർശിച്ചുമായിരുന്നു അരമണിക്കൂറോളം നീണ്ട മുഖ്യമന്ത്രിയുടെ പ്രസംഗം. വലിയ രാഷ്ട്രീയ വിവാദമായി മാറിയ 'രക്ഷാപ്രവർത്തന'ത്തിൽ ഇപ്പോഴും പിണറായി തെറ്റുകാണുന്നില്ല. അത് രക്ഷാപ്രവർത്തനം തന്നെ ആയിരുന്നെന്നും അന്നും ഇന്നും എന്നും അതുപറയുമെന്നും വളരെ അഭിമാനത്തോടെയാണ് മുഖ്യമന്ത്രി സഭയിൽ പറഞ്ഞത്.

സംസ്ഥാനത്തെ വിവിധ കാമ്പസുകളിൽ സമീപകാലത്ത് എസ്.എഫ്.ഐ നടത്തിയ ക്രൂരമായ മർദ്ദനങ്ങളും അധ്യാപകരെയും പ്രിൻസിപ്പൽമാരെയും അക്രമിച്ചത് അടക്കമുള്ളവയും പ്രതിപക്ഷ നേതാവ് വി.ഡി സതീശനും അടിയന്തര പ്രമേയനോട്ടീസ് അവതരിപ്പിച്ച എം. വിൻസെന്റും അക്കമിട്ടുനിരത്തിയിട്ടും എസ്.എഫ്.ഐയെ തലോടാനാണ് മുഖ്യമന്ത്രി തയാറായത്. സി.പി.എം ജില്ലാ കമ്മിറ്റികളിൽ മുഖ്യമന്ത്രിക്കും സർക്കാരിനും എതിരെ ഉയർന്നുവന്ന വിമർശനങ്ങൾ സജീവ ചർച്ചയായിരിക്കെ ധാർഷ്ട്യവും ഏകാധിപത്യവും മാറ്റിവെക്കാൻ തയാറല്ലെന്ന സന്ദേശം കൂടിയാണ് പിണറായി നൽകുന്നത്. സി.പി.എം ദേശീയ നേതൃത്വം കേരളത്തിലെ തോൽവി ആഴത്തിൽ പരിശോധിക്കുന്ന ഘട്ടത്തിൽ കൂടിയാണ് വിമർശനങ്ങളിലൊന്നും കഴമ്പില്ലെന്ന് മുഖ്യമന്ത്രി പറയുന്നത്. കൊലപാതകങ്ങളും വ്യാജ സർട്ടിഫിക്കറ്റും പി.എസ്.സി നിയമന തട്ടിപ്പും അടക്കം സമീപകാലത്ത് എസ്.എഫ്.ഐ സമ്മാനിച്ച വിനകളൊന്നും പാർട്ടിയെ ബാധിച്ചതായി മുഖ്യമന്ത്രി കാണുന്നില്ല.

മുന്നണിയിലെ രണ്ടാം കക്ഷിയായ സി.പി.ഐയുടെ പരസ്യവിമർശനത്തിന്റെ പശ്ചാത്തലത്തിൽ പോലും എസ്.എഫ്.ഐയെ തിരുത്താൻ മുഖ്യമന്ത്രി തയാറാകാത്തത് വിചിത്രമാണ്. സി.പി.ഐ സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വം എസ്.എഫ്.ഐയെ നിശിതമായാണ് വിമർശിച്ചത്. ഇടതുമുന്നണിക്കാകെ ഉണ്ടായ തോൽവിയുടെ പ്രധാന കാരണം സി.പി.എമ്മാണെന്ന വിമർശനം സി.പി.ഐയും കേരള കോൺഗ്രസ് മാണി വിഭാഗവും ആർ.ജെ.ഡിയും അടക്കമുള്ള ഘടക കക്ഷികൾ പറയുന്നുണ്ട്. എന്നാൽ മുന്നണി സംവിധാനത്തെ മാനിച്ചുപോലും തെറ്റുതിരുത്തലിലേക്ക് കടക്കില്ലെന്ന സൂചനയാണ് സി.പി.എമ്മിന്റെ ഭാഗത്തുനിന്നുണ്ടാകുന്നത്. പാർട്ടി അതിന്റെ ചരിത്രത്തിലെ ഏറ്റവും രൂക്ഷമായ രാഷ്ട്രീയ പ്രതിസന്ധിയിലൂടെ കടന്നുപോകുമ്പോഴും മാറ്റത്തെ കുറിച്ച് ചിന്തിക്കുന്നതേയില്ലെന്നാണ് മുഖ്യമന്ത്രിയുടെ വാക്കുകളിൽ നിന്ന് വ്യക്തമാകുന്നത്.

**രൂക്ഷ വിമർശനം തുടർന്ന് ബിനോയ് വിശ്വം**

## എസ്.എഫ്.ഐയുടേത് പ്രാകൃത സംസ്കാരം



ആലപ്പുഴ: എസ്.എഫ്.ഐയെ കടന്നാക്രമിച്ച് സി.പി.ഐ സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വം. എസ്.എഫ്.ഐ തുടരുന്നത് പ്രാകൃത സംസ്കാരമാണെന്നും അത് തിരുത്തിയില്ലെങ്കിൽ ഇടതുപക്ഷത്തിന് ബാധ്യതയാകുമെന്നും അദ്ദേഹം ആലപ്പുഴയിൽ മാധ്യമപ്രവർത്തകരോട് പറഞ്ഞു. പുതിയ എസ്.എഫ്.ഐക്കാർക്ക് ഇടതുപക്ഷം എന്ന വാക്കിന്റെ അർത്ഥമറിയില്ല. അവരുടെ രാഷ്ട്രീയ ആശയത്തിന്റെ ആഴവും അറിയില്ല. അത് അവരെ പഠിപ്പിക്കണം. എസ്.എഫ്.ഐ അവരുടെ ശൈലി തിരുത്തണം. ഇടതുപക്ഷ വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ ശൈലിയല്ല അവർ പിന്തുടരുന്നത്. ഇത് പ്രാകൃതമായ സംസ്കാരത്തിന്റെ ഭാഗമാണെന്നും അദ്ദേഹം പറഞ്ഞു.

എസ്.എഫ്.ഐയിലെ സഖാക്കൾ വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ ചരിത്രം വായിക്കണം. 1936ൽ എ.ഐ.എസ്.എഫിന്റെ പിറവിയിലൂടെയാണ് അതിന്റെ ആരംഭം. അവിടം മുതൽ ഇങ്ങോട്ട് വിദ്യാർത്ഥി പ്രസ്ഥാനം വെട്ടിപിടിച്ച പാരമ്പര്യത്തിന്റെയും മൂല്യങ്ങളുടെയും പാഠങ്ങൾ അവർക്കറിയില്ല. എസ്.എഫ്.ഐയിൽ നേരും നെറിയുമുള്ള വിദ്യാർത്ഥികളുണ്ട്. അവരോടെല്ലാം ഞങ്ങൾക്ക് ആദരവാണ്. അവരെ നേരായ വഴിക്ക് നയിക്കണം. ഇടതുപക്ഷത്തിന്റെ ശക്തിയാക്കി മാറ്റണം. അവരുടെ വഴി ഈവഴിയല്ലെന്ന് ബോധ്യപ്പെടുത്തണമെന്നും അദ്ദേഹം പറഞ്ഞു.

തിരഞ്ഞെടുപ്പ് തോൽവിയിൽ കഴിഞ്ഞ ദിവസം സി.പി.എമ്മിനും സംസ്ഥാന ഭരണത്തിനുമെതിരെ രൂക്ഷ വിമർശനം ഉന്നയിച്ചതിനു പിന്നാലെയാണ് കാര്യവട്ടം കാമ്പസിലെ ഇടിമുറി വിവാദത്തിന്റെ പശ്ചാത്തലത്തിൽ എസ്.എഫ്.ഐക്കെതിരെയും ബിനോയ് വിശ്വം രൂക്ഷ വിമർശനം അഴിച്ചുവിട്ടത്.

# 'പാർട്ടി പൂതലിച്ചു'

**ജനങ്ങളുമായുള്ള ജൈവബന്ധം നഷ്ടമായെന്ന് മധ്യമേഖലാ റിപ്പോർട്ടിങ്**



കൊച്ചി: ലോക്സഭാ തിരഞ്ഞെടുപ്പ് തോൽവി അവലോകനം ചെയ്ത് നടന്ന സി.പി.എം മേഖലാ റിപ്പോർട്ടിങ്ങുകളിൽ സർക്കാരിനും പാർട്ടി നേതൃത്വത്തിനുമെതിരെ കടുത്ത വിമർശനം. കേരളത്തിൽ സി.പി.എം പൂതലിച്ച അവസ്ഥയിലാണെന്ന് മധ്യമേഖലാ റിപ്പോർട്ടിങ്ങിൽ പി.ബി അംഗം എ വിജയരാഘവൻ വ്യക്തമാക്കി.

എറണാകുളം, ഇടുക്കി, തൃശ്ശൂർ, കോട്ടയം ജില്ലകളിലെ ലോക്കൽ കമ്മിറ്റി സെക്രട്ടറിമാർ മുതൽ ജില്ലാ കമ്മിറ്റി അംഗങ്ങൾ വരെയുള്ളവർ പങ്കെടുത്ത മധ്യ മേഖല റിപ്പോർട്ടിങ്ങിൽ സർക്കാരിനും പാർട്ടി നേതൃത്വത്തിനുമെതിരെ മുമ്പുണ്ടാകാത്ത വിധത്തിലുള്ള കടുത്ത വിമർശനമാണ് ഉയർന്നത്. നേരത്തെ കണ്ണൂരിൽ നടന്ന വടക്കൻ മേഖല റിപ്പോർട്ടിങ്ങിലും ഇന്നലെ കരുനാഗപ്പള്ളിയിൽ നടന്ന തെക്കൻ മേഖലാ റിപ്പോർട്ടിങ്ങിലും സർക്കാരിനും പാർട്ടി നേതൃത്വത്തിനുമെതിരെ ഒരുപോലെ വിമർശനം ഉയർന്നു.

സർക്കാരിനെതിരെയുള്ള ജനവികാരം തോൽവിക്ക് കാരണമായെന്ന് കേന്ദ്രകമ്മിറ്റി വിലയിരുത്തൽ കൊച്ചിയിൽ നടന്ന യോഗത്തിൽ പി.ബി അംഗം പ്രകാശ് കാരാട്ട് അവതരിപ്പിച്ചു. പാർട്ടിക്ക് ജനങ്ങളുമായുള്ള ജൈവബന്ധം നഷ്ടമായെന്ന് റിപ്പോർട്ടിൽ പറയുന്നു. പാർട്ടിയുടെ അടിസ്ഥാന വോട്ടുകളിലെ ചോർച്ച ഗൗരവത്തോടെ കാണണം. ബംഗാളിലും ത്രിപുരയിലും ഇതാണ് സംഭവിച്ചതെന്നും ജനങ്ങളെ മനസിലാക്കാൻ പാർട്ടിക്ക് കഴിയുന്നില്ലെന്നുമാണ് വിമർശനം. കേരളത്തിലെ സി.പി.എമ്മിന് ത്രിപുരയും ബംഗാളും പാഠമാകണമെന്ന് പ്രകാശ് കാരാട്ട് പറഞ്ഞു. ബി.ജെ.പിയുടെ കേരളത്തിലെ വളർച്ച ഗൗരവത്തോടെ കാണണം. പെൻഷൻ മുടങ്ങിയത് തിരഞ്ഞെടുപ്പിൽ തിരിച്ചടിയായി. മുസ്ലിം വോട്ടുകൾ ഏകീകരിക്കപ്പെട്ടു. ജാതീയമായ വേർതിരിവും പ്രകടമായിരുന്നു. ബൂത്ത് തല കണക്കും വിലയിരുത്തലും തെറ്റി. പാർട്ടി നേതൃത്വം ജനങ്ങളിൽ നിന്ന് അകന്നു. അമിത ആത്മവിശ്വാസം തിരിച്ചടിയായി. തിരുത്തൽ ബൂത്ത് തലത്തിൽ നിന്ന് തുടങ്ങണം.

ജനകീയ വിപ്ലവ പാർട്ടിയെന്ന ലക്ഷ്യത്തിനുപകരം ആൾക്കൂട്ടമായി പാർട്ടി മാറി. പാർട്ടി കേഡർമാർ സ്വയം വിമർശനത്തിന് തയ്യാറാകണമെന്നും ആവശ്യമുയർന്നു. സർക്കാരിനും ഭരണത്തിനുമെതിരായ ജനവികാരമല്ല ലോക്സഭാ തിരഞ്ഞെടുപ്പ് പരാജയത്തിലേക്ക് നയിച്ചതെന്ന നിലപാടിൽ മുഖ്യമന്ത്രി ഉറച്ചു നിൽക്കുമ്പോഴാണ് പാർട്ടിയിലെ ദേശീയ സംസ്ഥാന തലത്തിലെ ഉന്നത നേതാക്കൾ മേഖലാ റിപ്പോർട്ടിങ്ങിലൂടെ സർക്കാരിനെതിരെ രംഗത്തെത്തുന്നത്.

## രാഹുൽ ഗാന്ധി ഹാഥ്റസിലേക്ക്



ന്യൂഡൽഹി: മതചടങ്ങിനിടെ തിക്കിലും തിരക്കിലും പെട്ട് 121 പേർ മരിക്കാനിടയായ ദുരന്തമുണ്ടായ ഉത്തർപ്രദേശിലെ ഹാഥ്റസ് പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി ഇന്ന് സന്ദർശിക്കും. ദുരന്തത്തിൽ മരിച്ചവരുടെ കുടുംബത്തെ നേരിൽ കണ്ട് ആശ്വസിപ്പിക്കുന്നതിനാണ് രാഹുൽ എത്തുന്നത്. പരിക്കേറ്റ് വിവിധ ആശുപത്രികളിൽ ചികിത്സയിലുള്ളവരേയും രാഹുൽ സന്ദർശിക്കുമെന്ന് കോൺഗ്രസ് സംഘടനാകാര്യ ജനറൽ സെക്രട്ടറി കെ.സി വേണുഗോപാൽ അറിയിച്ചു.

## ഹേമന്ത് സോറൻ വീണ്ടും ജാർഖണ്ഡ് മുഖ്യമന്ത്രി

റാഞ്ചി: ജാർഖണ്ഡ് മുഖ്യമന്ത്രി പദവിയിൽ തിരിച്ചെത്തി ഹേമന്ത് സോറൻ. രാജ്ഭവനിൽ നടന്ന ചടങ്ങിൽ ഗവർണർ സി.പി രാധാകൃഷ്ണൻ മുമ്പാകെ സോറൻ സത്യപ്രതിജ്ഞ ചെയ്തു. പിതാവ് ഷിബു സോറൻ, ഹേമന്ത് സോറന്റെ ഭാര്യ കൽപ്പന സോറൻ, സ്ഥാനമൊഴിഞ്ഞ മുഖ്യമന്ത്രി ചംപായ് സോറൻ തുടങ്ങിയവരുടെ സാന്നിധ്യത്തിലായിരുന്നു സത്യപ്രതിജ്ഞ.

ഭൂമി കുംഭകോണക്കേസിൽ അറസ്റ്റു ചെയ്യാനുള്ള ഇ.ഡി നീക്കത്തിന്റെ പശ്ചാത്തലത്തിൽ 2024 ജനുവരി 31നാണ് ഹേമന്ത് സോറൻ മുഖ്യമന്ത്രി പദം രാജിവെച്ചത്. തൊട്ടു പിന്നാലെ ഹേമന്ത് സോറനെ ഇ.ഡി അറസ്റ്റു ചെയ്ത് ജയിലിൽ അടക്കുകയായിരുന്നു.

ആറു മാസത്തോളം ജയിലിലായിരുന്ന ഹേമന്ത് സോറൻ ജൂൺ 28ന് ഹൈക്കോടതി ജാമ്യം അനുവദിച്ചതിനെതുടർന്നാണ് ജയിൽ മോചിതനായത്. ഇതോടെ ഹേമന്ത് സോറന് മുഖ്യമന്ത്രി സ്ഥാനത്ത് തിരിച്ചെത്താനായി പകരം ചുമതലയേറ്റ ചംപായ് സോറൻ ബുധനാഴ്ച രാജിവച്ചിരുന്നു.



ജാർഖണ്ഡ് മുഖ്യമന്ത്രി പദത്തിൽ തിരിച്ചെത്തിയ ഹേമന്ത് സോറൻ ഗവർണർ സി.പി രാധാകൃഷ്ണൻ മുമ്പാകെ സത്യപ്രതിജ്ഞ ചെയ്യുന്നു

ഗൾഫ് ചന്ദ്രിക
gulfchandrikanews@gmail.com
2024 ജൂലൈ 05 വെള്ളി
ഗൾഫ് ചന്ദ്രിക

## ഉച്ചവിശ്രമ നിയമം
## അബുദാബിയിൽ പരിശോധന

അബുദാബി: അബുദാബിയിൽ ഉച്ചവിശ്രമനിയമം പാലിക്കുന്നുണ്ടോ എന്ന പരിശോധനയുമായി അബുദാബി സിറ്റി മുനിസിപ്പാലിറ്റി. നിർമ്മാണ മേഖലകളിലാണ് പരിസ്ഥിതി, ആരോഗ്യ സുരക്ഷ ഡിപ്പാർട്ട്മെന്റുകൾ ചേർന്ന് പരിശോധന നടത്തിയത്. ജൂൺ 15 മുതൽ സെപ്റ്റംബർ 15 വരെ മൂന്ന് മാസത്തേക്കാണ് മാനവവിഭവ ശേഷി എമിറൈറ്റൈസേഷൻ മന്ത്രാലയം രാജ്യത്ത് ഉച്ചവിശ്രമനിയമം പ്രഖ്യാപിച്ചത്.



### കറൻസി മൂല്യം

1 യു.എ.ഇ ദിർഹം 22.74 ₹
1 ഒമാനി റിയാൽ 216.95 ₹
1 സൗദി റിയാൽ 22.26 ₹
1 ഖത്തർ റിയാൽ 22.89 ₹
1 കുവൈറ്റ് ദിനാർ 272.72 ₹
1 ബഹ്റൈൻ ദിനാർ 221.58 ₹

### സ്വർണവില
(ഗ്രാമിന്-ദിർഹം)

24 കാരറ്റ് 285.50
22 കാരറ്റ് 264.25
21 കാരറ്റ് 256.00
18 കാരറ്റ് 219.25



# ഗൾഫ് വാർത്തകൾ




## വനിതാ ജീവനക്കാരുടെ എണ്ണത്തിൽ റെക്കോർഡ്

റിയാദ്: സൗദിയിൽ സ്വദേശി വനിതാ ജീവനക്കാരുടെ എണ്ണത്തിൽ സർവകാല റെക്കോർഡ്. മൂന്നു വർഷത്തിനിടെ നാലു ലക്ഷത്തിലേറെ യുവതികളാണ് പുതുതായി ജോലിയിൽ പ്രവേശിച്ചത്. 2021 പകുതിക്ക് ശേഷം ഈ വർഷം ആദ്യം വരെയും 4,51,978 സൗദി വനിതകൾക്ക് ജോലി ലഭിച്ചിരുന്നു. ഇതോടെ സ്വദേശി വനിതാ ജീവനക്കാരുടെ എണ്ണം 10,96,000 ആയി.

## നാവികാഭ്യാസം നടത്തി

ദോഹ: ഖത്തറിൽ വിവിധ ഏജൻസികളുടെ സഹകരണത്തോടെ ആഭ്യന്തര മന്ത്രാലയം നാവികാഭ്യാസം നടത്തി. അഗ്നിശമന പ്രവർത്തനങ്ങൾ, സ്ഫോടനം മൂലം എണ്ണക്കപ്പലിലുണ്ടാകുന്ന ചോർച്ച തടയുക, പരിക്കേറ്റ ക്രൂ അംഗങ്ങളെ രക്ഷിക്കുക തുടങ്ങിയവയിൽ പരിശീലനം നടത്തി. സേനാ വിഭാഗങ്ങളുടെ കാര്യക്ഷമത ഉറപ്പു വരുത്തുകയും വിവിധ വകുപ്പുകളിൽ ഏകോപനം സാധ്യമാക്കുകയും ലക്ഷ്യമിട്ടാണ് ദിബെൽ 4 എന്ന പേരിൽ നാവികാഭ്യാസം സംഘടിപ്പിച്ചത്.

## ഖത്തറിൽ നേത്രപരിശോധന ഒഴിവാക്കാം

ദോഹ: കണ്ണ് ഇന്ത്യയിൽ കണ്ണ് പരിശോധന നടത്തിയാൽ ഖത്തറിൽ ഡ്രൈവർ വീസയിൽ എത്തുന്നവർക്ക് പരിശോധന ഒഴിവാക്കാം. ട്രാഫിക് വകുപ്പിലെ ലൈസൻസിംഗ് അതോറിറ്റിയുമായി ബന്ധിപ്പിച്ചാണ് ഖത്തർ ആഭ്യന്തര മന്ത്രാലയത്തിന്റെ പുതിയ തീരുമാനം. പദ്ധതി നിലവിൽ വരുന്നതോടെ ഡ്രൈവർ ജോലിക്കായി ഖത്തറിൽ എത്തുന്നവർ ലൈസൻസുകൾക്കായി അപേക്ഷിക്കുമ്പോൾ കാഴ്ചശക്തി പരിശോധന നടത്തേണ്ടതില്ല.

## വർക്ക് പെർമിറ്റ് മാറ്റാൻ പുതിയ നിയമം

കുവൈത്ത് സിറ്റി: കുവൈത്തിൽ ഗാർഹിക തൊഴിലാളികൾക്ക് വർക്ക് പെർമിറ്റ് സ്വകാര്യ മേഖലയിലേക്ക് മാറ്റാൻ അനുവദിക്കുന്ന നിയമം ഉടൻ നടപ്പിലാകും. നിയമത്തിന്റെ അന്തിമ മിനുക്കു പണികൾ നടത്താനുള്ള ശ്രമത്തിലാണ് പബ്ലിക് അതോറിറ്റി ഫോർ മാൻപവർ. തീരുമാനം അന്തിമഘട്ടത്തിലാണ്. അടുത്തയാഴ്ചയോടെ നിയമം നടപ്പാകാനാണ് സാധ്യത.

# പ്രവാസികൾക്ക് വോട്ടവകാശം ഉടൻ സാധ്യമാക്കണമെന്ന് അഡ്വ.ഹാരിസ് ബീരാൻ എം.പി

### പാർലമെന്റിലെ തന്റെ പ്രഥമ പ്രസംഗത്തിലാണ് ഇക്കാര്യം കേന്ദ്ര സർക്കാറിനോട് ശക്തമായി ആവശ്യപ്പെട്ടത്



രാജ്യസഭയിൽ സംസാരിക്കുന്ന അഡ്വ.ഹാരിസ് ബീരാൻ എം.പി

അബുദാബി: പ്രവാസികൾക്ക് വോട്ടവകാശം സാധ്യമാക്കണമെന്ന് ഇന്ത്യൻ യൂണിയൻ മുസ്‌ലിം ലീഗ് രാജ്യസഭാ അംഗം അഡ്വ. ഹാരിസ് ബീരാൻ ആവശ്യപ്പെട്ടു. രാജ്യസഭാ എം.പിയായി സത്യപ്രതിജ്ഞ ചെയ്ത ശേഷം തന്റെ കന്നി പ്രസംഗത്തിലാണ് ഹാരിസ് ബീരാൻ ഇക്കാര്യം ഉന്നയിച്ചത്. ഇന്ത്യക്ക് പുറത്ത് ജോലി ചെയ്യുന്ന ലക്ഷക്കണക്കിന് പ്രവാസികൾക്ക് വോട്ടവകാശം അനുവദിക്കണമെന്നത് പ്രവാസികളുടെ ദീർഘകാലത്തെ ആവശ്യമാണ്. ലോകത്തെ ഏറ്റവും വലിയ ജനാധിപത്യ രാജ്യത്ത് അതിന്റെ മുഴുവൻ പൗരന്മാർക്കും ജനാധിപത്യപരമായ അവകാശം നേടിയെടുക്കേണ്ടത് അനിവാര്യമാണെന്ന ചിന്തയിലാണ് പ്രവാസി സമൂഹം ഇത്തരമൊരു ആവശ്യം ഗൗരവമായി ഉന്നയിക്കുന്നത്.

ഗൾഫ് രാജ്യങ്ങളടക്കമുള്ള വിദേശരാജ്യങ്ങളിൽ ഏറ്റവും കൂടുതൽ ജോലിചെയ്യുന്നത് ഇന്ത്യൻ പ്രവാസികളാണ്. അവർക്ക് അതിനുള്ള സംവിധാനമൊരുക്കേണ്ടത് ജനാധിപത്യ സർക്കാരിന്റെ കടമയുമാണ്. എന്നാൽ നാളിതുവരെ മാറിവരുന്ന സർക്കാരുകൾ ഈ വിഷയത്തിൽ മുഖം തിരിച്ചുനിൽക്കുന്ന സാഹചര്യത്തിലാണ് ഹാരിസ് ബീരാൻ തന്റെ ആദ്യ പ്രസംഗത്തിൽ തന്നെ ഇക്കാര്യം ഉന്നയിച്ചത്. ലക്ഷക്കണക്കിന് പ്രവാസികൾക്ക് വോട്ടവകാശം വിനിയോഗിക്കാനായി നിയമനിർമ്മാണം നടത്തണമെന്നും അതിനുള്ള സംവിധാനം ഒരുക്കണമെന്നും അദ്ദേഹം സഭയിൽ ആവശ്യപ്പെട്ടു.

പ്രവാസികൾക്ക് ഓൺലൈൻ വോട്ടിംഗ് അവകാശം ആവശ്യപ്പെട്ട് 2014ൽ സുപ്രീം കോടതിയിൽ ആദ്യമായി പൊതുതാൽപര്യ ഹർജി സമർപിക്കുന്നത് പ്രവാസി വ്യവസായി ഡോ.ശംഷീർ വയലിലാണ്. ഹർജി ഫയലിൽ സ്വീകരിച്ച സുപ്രീം കോടതി പിന്നീട് കേന്ദ്രത്തിനും തെരഞ്ഞെടുപ്പ് കമ്മീഷനും നോട്ടീസ് അയച്ചിരുന്നു. ഈ കേസ് നിരവധി തവണ ചർച്ചക്ക് വന്നുവെങ്കിലും ഇതുവരെ തീരുമാനമായില്ല. ഓൺലൈൻ വോട്ടിംഗിനെ കുറിച്ച് സാങ്കേതികവും നിയമപരവുമായ കാര്യങ്ങളെക്കുറിച്ച് ഇപ്പോഴും പഠിച്ചുകൊണ്ടിരിക്കുകയാണെന്നാണ് കേന്ദ്രസർക്കാരും ഇലക്ഷൻ കമ്മീഷനും പറയുന്നത്. ഈ സാഹചര്യത്തിൽ ഏറ്റവും ഉചിതമായ സമയത്താണ് അഡ്വ.ഹാരിസ് ബീരാൻ എം.പി ഈ വിഷയം ഗൗരവത്തോടെ സഭയിൽ ഉന്നയിച്ചിരിക്കുന്നത്.

# അബുദാബി വിമാനയാത്രക്കാരുടെ എണ്ണം 22.4 ദശലക്ഷം

### മുന്നിൽ ഇന്ത്യക്കാർ; രണ്ടാമത് യൂറോപ്പ്



അബുദാബി: 2023 വർഷത്തിൽ അബുദാബിയിലെ വിമാനത്താവളങ്ങളിലൂടെ കടന്നുപോകുന്ന യാത്രക്കാരുടെ എണ്ണം ഏകദേശം 22.4 ദശലക്ഷത്തിലെത്തി.സ്റ്റാറ്റിസ്റ്റിക്സ് സെന്റർ അബുദാബിയുടെ കീ ട്രാൻസ്പോർട്ട് സ്റ്റാറ്റിസ്റ്റിക്സ് 2023 റിപ്പോർട്ടിൽ അബുദാബി എയർപോർട്ട്സ് പുറത്തുവിട്ട ഡാറ്റ പ്രകാരമാണിത്. അബുദാബി വിമാനത്താവളങ്ങൾ വഴി പ്രതിവർഷം എത്തുന്നവരുടെ എണ്ണം 11.1 ദശലക്ഷത്തിലധികവും പുറപ്പെടുന്നവരുടെ എണ്ണം 11.3 ദശലക്ഷവുമാണ്.

റിപ്പോർട്ട് അനുസരിച്ച് എമിറേറ്റിലെ വിമാനത്താവളങ്ങൾ വഴി എത്തിച്ചേരുന്നവരുടെ പട്ടികയിൽ, 2023 അവസാനത്തോടെ ഏകദേശം 3.2 ദശലക്ഷം യാത്രക്കാരുമായി ഇന്ത്യയാണ് ഒന്നാമത്. പടിഞ്ഞാറൻ യൂറോപ്പ് 1.9 ദശലക്ഷവും, ഏഷ്യ 1.7 ദശലക്ഷവും, ജിസിസി രാജ്യങ്ങൾ 1.6 ദശലക്ഷവും കിഴക്കൻ ഏഷ്യയിൽ 822,777 യാത്രക്കാരുമാണുള്ളത്. കഴിഞ്ഞ വർഷം എമിറേറ്റിലെ വിമാനത്താവളങ്ങളിൽ നിന്ന് പുറപ്പെട്ടവരുടെ എണ്ണത്തിലും ഇന്ത്യ തന്നെയാണ് മുന്നിൽ, ഏകദേശം 3.5 ദശലക്ഷം യാത്രക്കാർ. ദക്ഷിണ അമേരിക്കയിൽ നിന്നും 1.9 ദശലക്ഷം പേരും ഏഷ്യ 1.7 ദശലക്ഷവും ജിസിസി രാജ്യങ്ങൾ 1.6 ദശലക്ഷം പേരുമാണ് അബുദാബി വഴി യാത്ര ചെയ്തത്.

അൽ ഐൻ ഇന്റർനാഷണൽ എയർപോർട്ടിൽ 2023 വർഷത്തിൽ എത്തിയവരുടെ എണ്ണം 51,067 ആയി, പുറപ്പെട്ടവരുടെ എണ്ണം 43,945 ആയിരുന്നു, 1,763 പേർ വിമാനത്താവളം വഴിയും 1,011 പേർ സായിദ് ഇന്റർനാഷണൽ എയർപോർട്ട് വഴിയുമാണ് യാത്ര ചെയ്തത്. അൽ ബത്തീൻ എക്സിക്യൂട്ടീവ് എയർപോർട്ടിൽ നിന്നുള്ള വിവരങ്ങളാണ് റിപ്പോർട്ടിലുള്ളതെന്ന് അബുദാബി എയർപോർട്ട്സ് വ്യക്തമാക്കി. 2023ൽ എമിറേറ്റിലെ എയർപോർട്ടുകളിലൂടെയുള്ള വിമാന ഗതാഗതത്തിലും വളർച്ച രേഖപ്പെടുത്തി. 2022നെ അപേക്ഷിച്ച് 27.8 ശതമാനം വളർച്ചയാണ് റിപ്പോർട്ട് വെളിപ്പെടുത്തുന്നത്, 2023ൽ സായിദ് ഇന്റർനാഷണൽ എയർപോർട്ടിൽ വിമാനങ്ങളുടെ എണ്ണം 141,225 ആയി. കഴിഞ്ഞ വർഷം, 2022 ൽ 7,598 ഫ്ളൈറ്റുകളെ അപേക്ഷിച്ച് വളർച്ചയാണ്. എമിറേറ്റിലെ ചരക്ക് ഗതാഗതത്തിന്റെ കാര്യത്തിൽ, കഴിഞ്ഞ വർഷം 319,993 ടൺ ചരക്കുകൾ ഇറക്കുമതി ചെയ്തു, കൂടുതലും ഏഷ്യയിൽ നിന്ന് 138,187 ടൺ, അതേസമയം കയറ്റുമതി 238,644 ടണ്ണിലെത്തി, പശ്ചിമ യൂറോപ്പ് 98,089 ടണ്ണുമായി മുന്നിലുണ്ട്. അതേസമയം, അൽ ഐൻ അന്താരാഷ്ട്ര വിമാനത്താവളം 2023ൽ 1,263 ടൺ സാധനങ്ങൾ കയറ്റുമതി ചെയ്യുകയും 501 ടൺ ഇറക്കുമതി ചെയ്യുകയും ചെയ്തു.

# കനത്ത ചൂടിൽ സൗജന്യ കുടിവെള്ളം നൽകി ദുബൈയിലെ സന്നദ്ധ സംഘടനകൾ



ദുബൈയിൽ സന്നദ്ധ സംഘടനകളുടെ നേതൃത്വത്തിൽ തൊഴിലാളികൾക്ക് ശീതള പാനീയങ്ങൾ വിതരണം ചെയ്യുന്നു

ദുബൈ: കനത്ത ചൂടിൽ ആശ്വാസത്തിന്റെ കുടിവെള്ളം നൽകി മാതൃകയായി ദുബൈയിലെ സന്നദ്ധ സംഘടനകൾ. ദുബൈയിൽ താപനില 50 ഡിഗ്രി സെൽഷ്യസ് കടന്ന പശ്ചാത്തലത്തിൽ തൊഴിലാളികൾക്കും ഡെലിവറി റൈഡർമാർക്കും കർഷകർക്കും മറ്റും മാനുഷിക സഹായമെത്തിക്കാൻ അൽ ഫ്രീജ് ഫ്രിഡ്ജ് കാമ്പയിനുമായി സന്നദ്ധ സംഘടനകൾ രംഗത്തുണ്ട്. സൗജന്യ തണുത്ത വെള്ളം, ഐസ്ക്രീം, ജ്യൂസുകൾ, ശീതളപാനീയങ്ങൾ തുടങ്ങി ചൂടിന്റെ ആഘാതം കുറക്കാനാകുന്ന വസ്തുക്കളാണ് വിതരണം ചെയ്യുക. മുഹമ്മദ് ബിൻ റാഷിദ് അൽ മക്തൂം ഗ്ലോബൽ ഇനിഷ്യേറ്റീവ് ഫൗണ്ടേഷൻ, യുഎഇ വാട്ടർ എയ്ഡ് ഫൗണ്ടേഷൻ, യുഎഇ ഫുഡ് ബാങ്ക് എന്നിവയുടെ പിന്തുണയോടെ ഫുർജാൻ ദുബൈ ഫൗണ്ടേഷനാണ് കാമ്പയിന് നേതൃത്വം നൽകുന്നത്. സമൂഹത്തിൽ അനുകമ്പയുടെയും ദാനത്തിന്റെയും മൂല്യങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗം കൂടിയാണ് കാമ്പയിൻ. ചൂടിന്റെ കാഠിന്യം കുറയുന്ന ആഗസ്റ്റ് അവസാനം വരെ തുടരുന്ന അൽ ഫ്രീജ് ഫ്രിഡ്ജ് കാമ്പയിനിന്റെ പ്രയോജനം ഒരു ദശലക്ഷം തൊഴിലാളികൾക്ക് ലഭിക്കുമെന്നാണ് കണക്കുകൂട്ടൽ. വേനൽക്കാലത്ത് പ്രാദേശിക കമ്മ്യൂണിറ്റിയിൽ നിന്നുള്ള സന്നദ്ധപ്രവർത്തകരുടെ പങ്കാളിത്തത്തോടെ ഔട്ട്ഡോർ ഏരിയകളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്കും ഡെലിവറി ഡ്രൈവർമാർക്കും സഹായമെത്തിക്കുന്നതിന് ശീതീകരിച്ച വാഹനങ്ങൾ വിവിധ പ്രദേശങ്ങളിൽ പര്യടനം നടത്തും. ഇതുവഴി നിർജ്ജലീകരണം, ചൂട് സമ്മർദ്ദം തുടങ്ങിയ തടയാനും തൊഴിലാളികളുടെ ആരോഗ്യം നിലനിർത്താനാകുമെന്നും കരുതുന്നു. അൽ ഫ്രീജ് ഫ്രിഡ്ജ്എന്ന മാനുഷിക കമ്മ്യൂണിറ്റി കാമ്പയിൻ ദുബൈ സമൂഹത്തിൽ അന്തർലീനമായിട്ടുള്ള സംഭാവനയുടെയും അനുകമ്പയുടെയും മൂല്യങ്ങളെ പ്രതിഫലിപ്പിക്കുന്നതാണെന്ന് മുഹമ്മദ് ബിൻ റാഷിദ് അൽ മക്തൂം ഗ്ലോബൽ ഇനിഷ്യേറ്റീവ്സ് ഫൗണ്ടേഷൻ സിഇഒ ഡോ.അബ്ദുൾ കരീം സുൽത്താൻ അൽ ഒലാമ പറഞ്ഞു.

# ദുബൈ ജിഡിആർഎഫ്എ ട്രാവൽ ടൂറിസം പ്രദർശനം



ദുബൈ ജിഡിആർഎഫ്എയുടെ ട്രാവൽ ടൂറിസം പ്രദർശനത്തിൽ നിന്ന്

ദുബൈ: ജനറൽ ഡയറക്ടറേറ്റ് ഓഫ് റെസിഡൻസി ആൻഡ് ഫോറിനേഴ്സ് അഫയേഴ്സ് നാലാം വർഷവും ഹാപ്പിനെസ് ട്രാവൽ എന്ന പേരിൽ ട്രാവൽ ആൻഡ് ടൂറിസം പ്രദർശനം സംഘടിപ്പിച്ചു. ജീവനക്കാർക്കും അവരുടെ കുടുംബങ്ങൾക്കും വിപുലമായ ടൂറിസം, യാത്രാ സൗകര്യങ്ങൾ, സേവനങ്ങൾ എന്നിവ ലഭ്യമാക്കുന്നതിന്റെ ഭാഗമായിരുന്നുപരിപാടി. ഡയറക്ടറേറ്റ് ആസ്ഥാനത്ത്നടന്ന പ്രദർശനത്തിൽ വിമാന കമ്പനികൾ, ഹോട്ടലുകൾ, ട്രാവൽ ഏജൻസികൾ, വിനോദസഞ്ചാര കേന്ദ്രങ്ങൾ എന്നിവയുടെ ഓഫറുകൾ പ്രദർശിപ്പിച്ചു. സ്വയം പാക്കേജുകളും കുടുംബങ്ങൾക്കുള്ള പ്രത്യേക ഡീലുകളും കണ്ടെത്താനും ഏറ്റവും മികച്ച ഓഫറുകളും പ്രത്യേക പരിഗണനകളും നേടാനും സന്ദർശകർക്ക് അവസരമുണ്ടായി. ഈ വർഷത്തെ പ്രദർശനത്തിൽ 62 സ്ഥാപനങ്ങൾ പങ്കെടുത്തു. 8 എയർലൈനുകൾ, 8 ട്രാവൽ ആന്റ് ടൂറിസം ഓഫീസുകൾ, 8 ക്രൂയിസ്ഷിപ്പ് ഓപ്പറേറ്റർമാർ, 14 വിനോദസഞ്ചാര ദാതാക്കൾ, 28 ഹോട്ടൽ ഉടമകൾ എന്നിവർ ഇതിൽ ഉൾപ്പെടുന്നു. ഉപഭോക്താക്കളുടെ സംതൃപ്തി കൊപ്പം ജീവനക്കാരുടെ ക്ഷേമത്തിനും സന്തോഷത്തിനും പ്രാധാന്യം നൽകുന്നതിന്റെ ഭാഗമായാണ് ഇത്തരത്തിലുള്ള പ്രദർശനം സംഘടിപ്പിക്കുന്നത്. ഇത് വഴി ജീവനക്കാരുടെ ജീവിത നിലവാരം ഉയർത്തുന്നതിനും ജോലിയിൽ സന്തോഷം നേടുന്നതിനുള്ള ഉദ്യമങ്ങൾക്ക് നേതൃത്വം നൽകാൻ ജിഡിആർഎഫ്എ പ്രതിബദ്ധമാണെന്ന് മേധാവിലഫ്റ്റനന്റ് ജനറൽ മുഹമ്മദ് അഹമ്മദ് അൽ മർറി പറഞ്ഞു. ജീവനക്കാർക്ക് മികച്ച പ്രകടനം നേടുന്നതിനുള്ള പ്രധാന മുൻഗണനയാണിത്. ജീവനക്കാർക്ക് ജോലി സ്ഥലത്ത് സന്തോഷവും പരമാവധി സംതൃപ്തിയും നൽകുന്നതിനും അതുവഴി ഡയറക്ടറേറ്റിനോടുള്ള താല്പര്യം ഉയർത്താനും ശ്രമിക്കുന്നതിന്റെ ഭാഗമാണിതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

## പ്രവാസികൾ ആശങ്കയിൽ
# യുഎഇയിൽ ജീവിത ചെലവ് കുത്തനെ കൂടി




ദുബൈ: വിമാനയാത്രാകൂലി വർധനവിന് പിന്നാലെ യുഎഇയിലെ ദിനേനയുള്ള ജീവിതച്ചെലവ് വർധിക്കുന്നു. കുടുംബസമേതം താമസിക്കുന്ന പ്രവാസി കുടുംബങ്ങൾ കടുത്ത പ്രയാസത്തിലാണ്. വിദ്യാർത്ഥികളുടെ പഠനം, കുടുംബച്ചെലവ്, വർഷംതോറും നാട്ടിലേക്കുള്ള യാത്രഇങ്ങനെ പ്രവാസിയുടെ കുടുംബ ബജറ്റ് താളംതെറ്റിക്കൊണ്ടിരിക്കുകയാണ്. ശമ്പളം എത്രത്തോളം കൂടുതലുണ്ടെന്ന് പറഞ്ഞാലും ജീവിത ചെലവുകൾ താങ്ങാൻ സാധിക്കാതെ വരുന്നത് വലിയ പ്രതിസന്ധി തന്നെയാണ്. വരവിന് അതീതമായി ചെലവുകൾ വർധിക്കുന്നത് പലപ്പോഴും കുടുംബങ്ങളെ ആശങ്കപ്പെടുത്താറുമുണ്ട്. ജനങ്ങളുടെ ഇഷ്ട കേന്ദ്രമായ യുഎഇയിലും ജീവിത ചെലവുകൾ വർധിച്ചുകൊണ്ടിരിക്കുകയാണ്. ജീവിത നിലവാരം മികച്ചതാണെങ്കിലും എല്ലാവർഷവും ചെലവുകളും വർധിക്കുന്നുണ്ട്. ഈ വർഷം ആദ്യപകുതിയിലെ കണക്കനുസരിച്ച് ദുബൈയിലെയും അബുദാബിയിലെയും ജീവിത ചെലവാണ് കുത്തനെ ഉയർന്നത്. ഓൺലൈൻ ഡേറ്റാബേസ് കമ്പനി നമ്പിയോ നടത്തിയ സർവേയിൽ ദുബൈയിലെ ജീവിതച്ചെലവ് സൂചിക ജനുവരിയിൽ 138ാം സ്ഥാനത്ത് നിന്ന് ജൂൺ ആയപ്പോഴേക്കും 70ലേക്ക് ഉയർന്നു. അബുദാബി 164ാം സ്ഥാനത്ത് നിന്ന് 75ലേക്ക് കുതിച്ചു. ജനുവരിയിൽ പെട്രോൾ ലിറ്ററിന് 2.71 ദിർഹമുണ്ടായിരുന്നത് മേയ് ആകുമ്പോഴേക്കും 3.22 ദിർഹമായി. കോവിഡിന് ശേഷം വാടകയും ഗണ്യമായി വർധിച്ചുകൊണ്ടിരിക്കുകയാണ്.

യുഎഇയിൽ ഏറ്റവും കൂടുതൽ ചെലവ് വരുന്നത് വാടകക്കാണ്. ദുബൈയിലെ വാടക 2024ൽ വീണ്ടും ഉയരുമെന്നാണ് വിദഗ്ധർ വിലയിരുത്തുന്നത്. ഈ വർഷം പ്രൈം റെസിഡൻഷ്യൽ ഏരിയകളിൽ ഒരു വർഷത്തെ ശ്രദ്ധേയമായ ഉയർച്ചക്ക് ശേഷം 20 ശതമാനം വരെ വാടക വർധനക്കാണ് സാധ്യതയുള്ളത്. നിക്ഷേപകരുടെ അഭിനിവേശം, പ്രൊഫഷണലുകളുടെ വർദ്ധിച്ചുവരുന്ന കടന്നുകയറ്റം, ജനസംഖ്യാ വർദ്ധനവ്, സഞ്ചാരികളുടെ വരവ് എന്നിവയുൾപ്പെടെ ഒന്നിലധികം കാരണങ്ങളാണ് വാടക വർധിക്കാൻ കാരണമെന്നാണ് റിപ്പോർട്ട്. ജീവിത ചെലവുകൾക്കായി തുക മാറ്റി വെക്കുമ്പോൾ വലിയൊരു തുക ചെലവാകുന്നത് കുട്ടികളുടെ ഫീസിനായിരിക്കും. ദുബൈയിലെ സ്വകാര്യ സ്കൂളുകൾക്ക് 5.2 ശതമാനം വരെ ഫീസ് വർധിപ്പിക്കാൻ മുമ്പ് അനുമതി നൽകിയിരുന്നു. അതിനാൽ മിക്ക സ്കൂളുകളിലും ഫീസ് വർധിപ്പിച്ചിട്ടുണ്ട്. മികച്ച ജീവിത നിലവാരം നൽകുന്നതുകൊണ്ടുതന്നെ ദുബൈയിൽ ജീവിത ചെലവുകൾ അടിക്കടി വർധിക്കുമ്പോൾ ചെലവിന് അനുസരിച്ച് ശമ്പള വർധനവ് ലഭിക്കാത്തതാണ് പലരെയും ആശങ്കപ്പെടുത്തുന്നത്.

# ഏകദിന ഡ്രൈവിങ് ലൈസൻസ് ടെസ്റ്റ് റാസൽ ഖൈമയിലും



റാസൽഖൈമ: ഷാർജയിലും ഫുജൈറയിലും നടപ്പിലാക്കി വിജയിച്ച പദ്ധതിയായ സർവീസ് റിക്രൂട്ട്മെന്റുകൾക്കായി ഡ്രൈവിങ് ലൈസൻസ് നേടുന്നതിനുള്ള 'ഏകദിന ടെസ്റ്റ്' സംരംഭം റാസൽഖൈമയിലും നടപ്പാക്കുന്നു. നേരത്തെ ദേശീയ സർവീസ് റിക്രൂട്ട്മെന്റുകൾക്കായി ഡ്രൈവിങ് ലൈസൻസുകൾ സുഗമമാക്കുന്നതിനുള്ള സംരംഭം റാസൽഖൈമ പൊലീസ്, ഓട്ടോമോട്ടീവ് ആൻഡ് ഡ്രൈവർ ലൈസൻസിങ് ഡിപ്പാർട്ട്മെന്റിലെ ട്രാഫിക് ആൻഡ് ലൈസൻസിങ് സെന്റർ വഴി അവതരിപ്പിച്ചു. ഈ മാസം മുതൽ ഡിസംബർ വരെ നടത്താനിരിക്കുന്ന ഫാസ്റ്റ് ട്രാക്ക് നടപടിക്രമം, സൈനികർക്ക് ഒറ്റ ദിവസം കൊണ്ട് നേത്രപരിശോധനയും ആന്തരികവും ബാഹ്യവുമായ പ്രായോഗിക പരിശോധനകൾ പൂർത്തിയാക്കാൻ കഴിയുന്നതാണ് പദ്ധതി. സൈനികരുടെ സമയവും പ്രയത്നവും ലാഭിക്കുന്നതിനാണ് ഏകദിന ടെസ്റ്റ് സർവീസ് ആരംഭിച്ചതെന്ന് റാസൽഖൈമ പൊലീസ് മെഷിനറി ആൻഡ് ഡ്രൈവേഴ്സ് ലൈസൻസിങ് വകുപ്പ് ഡയറക്ടർ കേണൽ സഖിർ ബിൻ സുൽത്താൻ അൽ ഖാസിമി വിശദീകരിച്ചു. ഡ്രൈവിങ് ലൈസൻസ് എടുക്കാൻ ദിവസങ്ങളോളം ഹാജരാകുന്നത് ഇതോടെ ഒഴിവാകും. തിയറി, ഇന്റേണൽ, എക്സ്റ്റേണൽ ടെസ്റ്റുകൾ ഒരു ദിവസത്തേയ്ക്ക് സംയോജിപ്പിച്ച്, തിയറി പരീക്ഷ വിജയകരമായി പാസാക്കി, ആവശ്യമായ പരിശീലന സമയം, മൂല്യനിർണയം, എക്സ്പ്രസ് വേ ടെസ്റ്റുകൾ എന്നിവ പൂർത്തിയാക്കിയാൽ ഒരാൾക്ക് ഒരു ദിവസം കൊണ്ട് ഡ്രൈവിങ് ലൈസൻസ് നേടാനാകും. ആവശ്യമായ നടപടികളും മാർഗനിർദ്ദേശങ്ങളും വിശദീകരിക്കുന്ന ആഭ്യന്തര മന്ത്രാലയം ആപ്പ് ഉപയോഗിച്ച് ഈ സംരംഭം പ്രയോജനപ്പെടുത്താൻ അഭ്യർഥിച്ചു. അപേക്ഷകർ ബിരുദധാരികളായിരിക്കണം. ഫുജൈറയിലും കഴിഞ്ഞ വർഷം ഷാർജയിലും ഏകദിന ഡ്രൈവിങ് ടെസ്റ്റ് പ്രഖ്യാപിച്ചിരുന്നു. രണ്ടാഴ്ചയ്ക്കുള്ളിൽ എമിറേറ്റിലെ ഏകദിന ടെസ്റ്റ് സംരംഭത്തിൽ നിന്ന് 194 പുരുഷന്മാരും സ്ത്രീകളും പരിശീലനം നേടിയതായി ഷാർജ പൊലീസ് അറിയിച്ചു.

# മസ്കത്ത് എയർപോർട്ടിൽ പാർക്കിങ് ഫീ കുറച്ചു



മസ്കത്ത്: മസ്കത്ത് അന്താരാഷ്ട്ര വിമാനത്താവളത്തിൽ ദീർഘനേരം പാർക്കിങ് നിരക്കിൽ ഗണ്യമായ കുറവ് വരുത്തിയതായി ഒമാൻ എയർപോർട്ട് അതോറിറ്റി അറിയിച്ചു. പൗരന്മാർക്കും താമസക്കാർക്കുമുള്ള വേനൽക്കാല യാത്രാ പദ്ധതികൾ മെച്ചപ്പെടുത്താൻ ലക്ഷ്യമിട്ട്, പി5 ലോട്ടിൽ ദീർഘനേരം പാർക്ക് ചെയ്യുന്നതിനുള്ള പുതിയ നിരക്ക് ഇപ്പോൾ പ്രതിദിനം 1 ഒമാനി റിയാൽ മാത്രമാണ്. തിരക്കേറിയ വേനൽക്കാലത്ത് യാത്രക്കാർക്ക് കൂടുതൽ സൗകര്യവും താങ്ങാനാവുന്ന വിലയും നൽകുന്നതിനുള്ള ഒമാൻ എയർപോർട്ടുകളുടെ നിരന്തരമായ ശ്രമങ്ങളുടെ ഭാഗമാണ് ഈ പ്രത്യേക ഓഫർ.

## എംഎസ്എഫ് അലുംനി ‘എംബ്രൈസ്’ യുഎഇ മീറ്റ് നാളെ

ദുബൈ: എംഎസ്എഫ് പൂർവ വിദ്യാർത്ഥി കൂട്ടായ്മ സംഘടിപ്പിക്കുന്ന യുഎഇ മീറ്റ് ‘എംബ്രൈസ്’ നാളെ ശനിയാഴ്ച രാത്രി 7.30ന് ദുബൈ കെഎംസിസി ഓഡിറ്റോറിയത്തിൽ നടക്കും. മുൻകാലങ്ങളിൽ കാമ്പസ് തലങ്ങളിലും യൂണിവേഴ്സിറ്റികളിലും മണ്ഡലം,ജില്ലാ,സംസ്ഥാന തലങ്ങളിലും ഭാരവാഹിത്വം വഹിച്ച ഇപ്പോൾ യുഎഇയിൽ കഴിയുന്ന മുൻകാല നേതാക്കളാണ് പരിപാടിയിൽ പങ്കെടുക്കുക. എംഎസ്എഫ് ദേശീയ ട്രഷറർ അഡ്വ.അത്തീബ് ഖാൻ ഡൽഹി മുഖ്യാതിഥിയായി പങ്കെടുക്കുമെന്ന് എംഎസ്എഫ് അലുംനി യുഎഇ ചാപ്റ്റർ പ്രസിഡന്റ് പി.കെ അൻവർ നഹ, ജനറൽ സെക്രട്ടറി ഇസ്മായിൽ ഏറാമല എന്നിവർ അറിയിച്ചു. ഫോൺ: 0565479021

## ബഹ്റൈൻ പാലക്കാട് ജില്ലാ കെഎംസിസി പ്രവർത്തനോദ്ഘാടനം ഇന്ന്

മനാമ: ബഹ്റൈൻ കെഎംസിസി പാലക്കാട് ജില്ലാ കമ്മിറ്റിയുടെ 2024–2027 വർഷത്തെ പ്രവർത്തനോദ്ഘാടനം ഇന്ന് രാത്രി എട്ടു മണിക്ക് കുട്ടികളുടെ മാപ്പിളപ്പാട്ട് മത്സരത്തോടെ തുടക്കം കുറിക്കും. മനാമയിലെ സയ്യിദ് ഹൈദരലി ശിഹാബ് തങ്ങൾ ഓഡിറ്റോറിയത്തിൽ നടക്കുന്ന പരിപാടി ബഹ്റൈൻ കെഎംസിസി സംസ്ഥാന പ്രസിഡന്റ് ഹബീബ് റഹ്മാൻ ഉദ്ഘാടനം ചെയ്യും. അബ്ദുസ്സമദ് പൂക്കോട്ടൂർ മുഖ്യപ്രഭാഷണം നിർവഹിക്കും. കെഎംസിസി സംസ്ഥാന,ജില്ലാ, ഏരിയ, മണ്ഡലം,പഞ്ചായത്ത്തല നേതാക്കളും സാമൂഹിക-സാംസ്കാരിക രംഗത്തെ പ്രമുഖരും പങ്കെടുക്കുമെന്ന് ജില്ലാ ഭാരവാഹികൾ അറിയിച്ചു.






# ഹിജ്റയുടെ പാഠം

പ്രവാചകൻ മുഹമ്മദ് നബി (സ്വ)യുടെ ഹിജ്റ കേവലം പലായനമല്ല. മക്കയിൽ നിന്ന് മദീനയിലേക്കുള്ള ഒളിച്ചോട്ടവുമല്ല. ഹിജ്റ സംഭവത്തിൽ നിന്ന് മനുഷ്യ സമൂഹത്തിന് ധാരാളം പാഠങ്ങൾ ഉൾക്കൊള്ളാനുണ്ട്. മാനുഷികവും സാംസ്കാരികവുമായ മൂല്യങ്ങൾ പകരുന്നതാണ് ഹിജ്റ. ദൃഢമായ ദൈവ വിശ്വസം,സഹിഷ്ണുത,സഹനം,ത്യാഗം,വിശ്വാസ്യത എന്നിവ ഹിജ്റ സംഭവത്തിൽ നിന്ന് സ്പഷ്ടമായി ഗ്രഹിക്കാവുന്ന സ്വഭാവ ഗുണങ്ങളാണ്. അക്രമോത്സുകരായി വന്ന ശത്രുപ്പടയിൽ നിന്ന് രക്ഷ തേടിയുള്ള പലായനത്തിന് അല്ലാഹു അനുമതി നൽകുകയായിരുന്നു. പരിത്യാഗപൂർണമായ ആ പ്രയാണത്തിൽ കൂട്ടിനുണ്ടായിരുന്നത് സന്തസഹചാരിയായ അബൂബക്കർ സിദ്ദീഖ് (റ)ആയിരുന്നു. ചരിത്രത്തിലെ വിസ്മയകരമായ കൂട്ടുകെട്ടായിരുന്നു അത്. വിജയം വരിക്കാൻ തന്നെയായിരുന്നു ആ യാത്ര. അല്ലാഹുവുമായുള്ള സുദൃഢബന്ധം ശുഭപ്രതീക്ഷയോടെ അവരെ മുന്നോട്ടു നയിക്കുകയായിരുന്നു. അഭയം പ്രാപിച്ചിടത്തിന് മുകളിലായി ശത്രുക്കളുടെ പാദങ്ങൾ കണ്ട് അവരുടെ കണ്ണിൽ പെടുമോയെന്ന് ആശങ്കപ്പെട്ട അബൂബക്കറി(റ)നോട്, കൂടെ രക്ഷനായി മൂന്നാമൻ അല്ലാഹുവുണ്ടെന്ന് നബി (സ്വ) പറയുന്നുണ്ട്.

അചലഞ്ചമായ ദൈവ വിശ്വാസത്തിന്റെ ഉത്തമ ഉദാഹരണമാണത്. ദിവസങ്ങളോളം വേദനകളും യാതനകളും സഹിച്ച് മക്കയുടെ അതിർത്തിയിലെത്തിയ പ്രവാചകൻ ജന്മനാടിന് അഭിമുഖമായി തിരിഞ്ഞു നിന്ന് യാത്ര പറയാനെന്നോണം പറഞ്ഞ വാക്കുകൾ വല്ലാത്ത വേദനയൂറുന്നതാണ്. മക്ക, നിന്റെ ആളുകൾ എന്നെ പുറത്താക്കിയിരുന്നില്ലെങ്കിൽ ഞാനിങ്ങനെ പുറത്തുപോവുമായിരുന്നില്ല. നബി (സ്വ) തങ്ങളുടെ ശരീരം മാത്രമായിരുന്നു മക്ക വിട്ടത്. ഹൃദയം അവിടത്തന്നെയായിരുന്നു. ഇടക്കിടെ പ്രവാചകൻ മക്കയെ ഓർക്കുമായിരുന്നു. പിന്നീട് മക്കയിലേക്ക് തന്നെ വിജയശ്രീലാളിതനായി വരികയും ചെയ്തുവല്ലൊ. ആ നാടിനോട് എന്നുമുള്ള ആത്മബന്ധത്തിന്റെ അടയാളമായിരുന്നു അത്. ഹിജ്റ എന്ന വാക്കിനർത്ഥം തിരസ്കാരമെന്നാണ്. അതായത്, തിന്മയുടെ തിരസ്കാരവും നന്മയുടെ പുരസ്കാരവുമാണ് ഹിജ്റ.

അല്ലാഹു വിലക്കിയത് തിരസ്ക്കരിക്കലാണ് യഥാർത്ഥ ഹിജ്റ. മുഹാജിറെന്നാൽ അല്ലാഹു നിരോധിച്ചത് വെടിഞ്ഞവെന്നാണ് പ്രവാചകൻ നിർവചിച്ചത്. യഥാർത്ഥത്തിൽ മദീനയിലേക്ക് ഹിജ്റ പോയവരും മദീനയിൽ അവരെ സ്വീകരിച്ചവരും അങ്ങനെയുള്ളവർ തന്നെയായിരുന്നു.

നന്മയെ പുൽകുന്ന, തിന്മയെ തിരസ്കരിക്കുന്ന സ്വഭാവം ശ്രേഷ്ഠ ഗുണമാണ്. സൂറത്തുൽ മുദ്ദസിർ 5ാം സൂക്തത്തിൽ ബിംബ സംസ്കാരത്തെ വർജിക്കണമെന്ന് പ്രസ്താവിച്ചത് ഹിജ്റ എന്നതിന്റെ ക്രിയരൂപത്തിലാണ്. മാത്രമല്ല നബി (സ്വ)യോട് ഏതു ഹിജ്റയാണ് ഏറ്റവുമുത്തമം എന്ന് ചോദിച്ചയാളോട് അല്ലാഹു വെറുത്തത് ത്യജിക്കലാണത് എന്നാണ് പ്രവാചകൻ മറുപടി നൽകിയത്. ത്യജിക്കൽ തന്നെ ഹിജ്റയുടെ ഏറ്റവും വലിയ പാഠം. നന്മകളെ പുൽകാനും തിന്മകളെ ത്യജിക്കാനും ഈ ഹിജ്റ വർഷാരംഭം നമുക്കും പാഠമാകട്ടെ.




# യുഎഇയിൽ വരും ദിവസങ്ങളിൽ ചൂട് കൂടുമെന്ന് മുന്നറിയിപ്പ്

ദുബൈ: കനത്ത ചൂടിൽ വെന്തുരുകുന്ന യുഎഇയിൽ ഇനിയുള്ള ദിവസങ്ങളിലും ചൂട് കൂടുതൽ കനക്കുമെന്ന് നാഷണൽ സെന്റർ ഓഫ് മെറ്റീരിയോളജി മുന്നറിയിപ്പ് നൽകി. ഇന്നലത്തെ കാലാവസ്ഥ പൊടിപടലവും ഭാഗികമായി മേഘാവൃതം രൂപപ്പെട്ടതും ഉച്ചകഴിഞ്ഞ് പർവതങ്ങളിൽ മേഘങ്ങൾ പ്രത്യക്ഷപ്പെട്ടതുമെല്ലാം ഇതിന്റെ ഭാഗമാണ്.

വടക്കുപടിഞ്ഞാറ് മുതൽ തെക്ക് പടിഞ്ഞാറ് വരെ കാറ്റ് വീശും. പൊടിക്കാറ്റ് വീശുന്നതിനാൽ തുറന്ന പ്രദേശങ്ങളിൽ വാഹനമോടിക്കുന്നവർ ശ്രദ്ധിക്കണം. മണിക്കൂറിൽ 15 മുതൽ 25 കിലോമീറ്റർ വേഗതയിലും 40 കിലോമീറ്റർ വരെ വേഗതയിലും കാറ്റ് വീശാം. അറേബ്യൻ ഗൾഫിൽ കടൽ പ്രക്ഷുബ്ധമായിരിക്കും. ഒമാൻ കടലിൽ ഇന്നു രാവിലെ നേരിയ തിരമാലകൾ കടലിനെ ശല്യപ്പെടുത്താൻ സാധ്യതയുണ്ടെന്ന് എൻസിഎം കൂട്ടിച്ചേർത്തു.

ഇന്ന് ചില സമയങ്ങളിൽ ഭാഗികമായി ങ്ങൾ പ്രത്യക്ഷപ്പെടും. തെക്കുപടിഞ്ഞാറ് മുതൽ വടക്കുപടിഞ്ഞാറ് വരെ കാറ്റ് നേരിയതോ മിതമായതോ ആയ വേഗതയിൽ വീശും. ഈ കാറ്റ് പകൽ സമയത്ത് സജീവമായി പൊടി ഇളക്കിവിടാൻ സാധ്യതയുണ്ട്. മണിക്കൂറിൽ 15നും 25നും ഇടയിലായിരിക്കും വേഗത. അറബിക്കടലിലും ഒമാൻ കടലിലും വൈകുന്നേരത്തോടെ കടൽ പ്രക്ഷുബ്ധമാകും.

നാളെ താപനിലയിൽ വർധനവുണ്ടാകും. ചില സമയങ്ങളിൽ ഭാഗികമായി മേഘാവൃതമായിരിക്കും. ചിലപ്പോൾ പകൽ സമയത്ത് കാറ്റ് സജീവമായിരിക്കും. വേഗത 10 മുതൽ 20–35 കിലോമീറ്റർ വരെ ആയിരിക്കും. അറേബ്യൻ ഗൾഫിലും ഒമാൻ കടലിലും കടൽ ലഘുവായിരിക്കും. ഞായറാഴ്ചയിലും താപനിലയിൽ വർധനവുണ്ടാകാൻ സാധ്യതയുണ്ട്.



# അസുഖബാധിതനായി ആശുപത്രിയിൽ കഴിയുകയായിരുന്ന സൈദ് മുഹമ്മദ് കെഎംസിസിയുടെ തണലിൽ നാട്ടിലെത്തി

റാസൽ ഖൈമ: തൃശൂർ ചാവക്കാട് അഞ്ചങ്ങാടി കടപ്പുറം സ്വദേശിയായ സൈദ് മുഹമ്മദ് ദുരിത തീരം താണ്ടി നാട്ടിലെത്തി. റാസൽ ഖൈമയിൽ മത്സ്യബന്ധന തൊഴിലാളിയായിരുന്ന സൈദ് മുഹമ്മദിനെ സ്ട്രോക്ക് അനുഭവപ്പെട്ടതിനെ തുടർന്ന് റാസൽ ഖൈമ സൈഫ് ആശുപത്രിയിൽ അഡ്മിറ്റ് ചെയ്യുകയായിരുന്നു.

സൈദ് മുഹമ്മദിന്റെ ഹോസ്പിറ്റലിൽ വാസവും നിലവിലെ പരിതസ്ഥിതിയും ആശാവഹമല്ല എന്നു തിരിച്ചറിഞ്ഞ റാസൽഖൈമ കെഎംസിസി റെസ്ക്യൂ വിങ് കൺവീനർ ഫൈസൽ പുറത്തൂർ തൃശൂർ ജില്ലാ കെഎംസിസി പ്രസിഡന്റ് അബു പുന്നയൂർ തുടങ്ങിയവർ അദ്ദേഹത്തെ നാട്ടിലെത്തിക്കാനുള്ള പരിശ്രമങ്ങൾ ആരംഭിക്കുകയായിരുന്നു. തുടക്കത്തിൽ വിവരങ്ങൾ അന്വേഷിക്കാൻ ഉണ്ടായിരുന്ന പലരും പിന്നീട് കാര്യങ്ങൾ തിരക്കാതിരുന്നപ്പോഴും അദ്ദേഹത്തിന്റെ സ്പോൺസർ ചേർന്നു നിന്നത് ഏറെ ആശ്വസകരമായിരുന്നു.

റാസൽഖൈമ കെഎംസിസി റെസ്ക്യൂ വിങ്ങിന്റെ നിരന്തര പരിശ്രമഫലമായി ഇന്നലെ അദ്ദേഹത്തെ നാട്ടിലെത്തിക്കാൻ കഴിഞ്ഞു. സേവന പ്രവർത്തനങ്ങളുമായി രാപകലില്ലാതെ കർമ രംഗത്തുള്ള ഫൈസൽ പുറത്തൂരിനെ തൃശൂർ ജില്ലാ കെഎംസിസി ഹൃദയത്തോട് ചേർത്ത് നിർത്തി അഭിനന്ദിക്കുന്നതായി തൃശൂർ ജില്ലാ കെഎംസിസി പ്രസിഡന്റ് അബു പുന്നയൂർ അറിയിച്ചു.


റാസൽഖൈമ സൈഫ് ആശുപത്രിയിൽ ചികിത്സക്കിടെ സൈദ് മുഹമ്മദ്



ഷാർജ കിങ്സ് ഡെന്റൽ ക്ലിനിക് ഗ്രൂപ്പിന്റെയും കണ്ണൂർ ജില്ല വിനിതാ കെഎംസിസിയുടെയും സംയുക്താഭിമുഖ്യത്തിൽ നടത്തിയ സൗജന്യ ഡെന്റൽ ക്യാമ്പിൽ പരിശോധനക്ക് നേതൃത്വം നൽകിയ ഡോക്ടർമാർക്ക് ഉപഹാരം നൽകുന്നു

## ഷാർജ കണ്ണൂർ ജില്ല വനിതാ കെഎംസിസി സൗജന്യ ഡെന്റൽ ക്യാമ്പ്

ഷാർജ: കിങ്സ് ഡെന്റൽ ക്ലിനിക് ഗ്രൂപ്പിന്റെയും ഷാർജ കണ്ണൂർ ജില്ല വിനിതാ കെഎംസിസിയുടെയും സംയുക്താഭിമുഖ്യത്തിൽ നടത്തിയ സൗജന്യ ഡെന്റൽ ക്യാമ്പ് ശ്രദ്ധേയമായി. ബോധവത്കരണവും സൗജന്യ ഡെന്റൽ പരിശോധനയും എക്സ്റേയും ഉൾപ്പെടുത്തിയ പരിപാടി നിരവധി ആളുകളും കുടുംബിനികളും പ്രയോജനപ്പെടുത്തി. ഷാർജ കെഎംസിസി സംസ്ഥാന സെക്രട്ടറി ഫസൽ തലശ്ശേരി ഉദ്ഘാടനം ചെയ്തു. വനിതാ കെഎംസിസി പ്രസിഡന്റ് ഷംസീറ ഷമീം അധ്യക്ഷയായി. ഷാർജ കെഎംസിസി സംസ്ഥാന ജനറൽ സെക്രട്ടറി മുജീബ് തൃക്കണാപുരം, ജില്ലാ ട്രഷറർ മുഹമ്മദ് മാട്ടുമ്മൽ, വൈസ് പ്രസിഡന്റ് ഇക്ബാൽ എ.സി, സംസ്ഥാന വനിതാ വിങ് ആക്ടിങ് സെക്രട്ടറി ഫർഹ ഹർഷിൽ പ്രസംഗിച്ചു. സംസ്ഥാന വൈസ് പ്രസിഡന്റുമാരായ അബ്ദുല്ല ചേലേരി, ഉമറുൽ ഫാറൂഖ്, ജില്ലാ സെക്രട്ടറി കെ.വി അബ്ദുൽ ഖാദർ, ബഷീർ തലശേരി തുടങ്ങിയവർ പങ്കെടുത്തു. സൗജന്യ ഡെന്റൽ പരിശോധന നടത്തിയ ഡോ.ഹൈഫുന, ഡോ.ഉജീഷ്,ഡോ.വിലീന, മാനേജർ ജാസിമിൻ, മുർഷിദ എന്നിവർക്കുള്ള ഉപഹാരം കെഎംസിസി സംസ്ഥാന ജനറൽ സെക്രട്ടറി മുജീബ് തൃക്കണാപുരവും കണ്ണൂർ ജില്ലാ ട്രഷറർ മുഹമ്മദ് മാട്ടുമ്മലും കൈമാറി. ഷാർജ കെഎംസിസി കണ്ണൂർ ജില്ലാ വനിതാ വിങ് ഓർഗനൈസിങ് സെക്രട്ടറി ഫാത്തിബി ഹാരിസ്, ഭാരവാഹികളായ ഫാത്തിമത്ത് സുബീന, മൈമൂന അബ്ദുറസാഖ്,ജസ്മിന ഷംഷാദ് റാഹിന ബഷീർ എന്നിവർ ക്യാമ്പ് നിയന്ത്രിച്ചു.ജനറൽ സെക്രട്ടറി സമീറ മുശ്താഖ് സ്വാഗതവും ട്രഷറർ ഹുസ്ന അലി കടവത്തൂർ നന്ദിയും പറഞ്ഞു.

## യാത്രയയപ്പ് നൽകി

ദുബൈ: നാലു പതിറ്റാണ്ടുകാലത്തെ പ്രവാസ ജീവിതം അവസാനിപ്പിച്ചു നാട്ടിൽ പോവുന്ന എരമംഗലം മഹല്ല് ദുബൈ ആന്റ് നോർത്തേൺ എമിറേറ്റ്സ് കമ്മിറ്റി എക്സിക്യൂട്ടീവ് മെമ്പർ പാടിയോടത്ത് അസ്കറിന് എരമംഗലം മഹല്ല് ദുബൈ ആന്റ് നോർത്തേൺ എമിറേറ്റ്സ് കമ്മിറ്റി യാത്രയയപ്പ് നൽകി. മഹല്ല് കമ്മിറ്റി പ്രസിഡന്റ് ബി.പി അഷ്റഫ്,ജനറൽ സെക്രട്ടറി റഷീദ് പേരോത്തയിൽ,ട്രഷറർ ബഷീർ അദ്ദക്ക,അംഗങ്ങളായ കെ.വി ബഷീർ,സി.സാദിഖ്,നൗഷാദ് എന്നിവർ സ്നേഹോപഹാരം കൈമാറി.


പ്രവാസ ജീവിതം അവസാനിപ്പിച്ചു നാട്ടിൽ പോവുന്ന അസ്കറിന് എരമംഗലം മഹല്ല് ദുബൈ ആന്റ് നോർത്തേൺ എമിറേറ്റ്സ് കമ്മിറ്റി നൽകിയ യാത്രയയപ്പ് ചടങ്ങിൽ ഉപഹാരം കൈമാറുന്നു

## അജ്മാൻ മലപ്പുറം ജില്ലാ കെഎംസിസി പഠന യാത്ര

അജ്മാൻ: കെഎംസിസി മലപ്പുറം ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ പഠന യാത്ര സംഘടിപ്പിച്ചു. ‘സൗഹൃദം,സ്നേഹം,സേവനം’ എന്ന പ്രമേയത്തിൽ സംഘടിപ്പിച്ച യാത്ര പ്രവർത്തകരിൽ വോന്മേഷമുണ്ടാക്കി. ആക്റ്റിങ് പ്രസിഡന്റ് റസാഖ് വെളിയങ്കോട്,ജില്ലാ പ്രസിഡന്റ് നാസർ കോട്ടാരത്ത്, യാത്ര അമീർ അബ്ദുറഹ്മാൻ, സംസ്ഥാന,ജില്ലാ,മണ്ഡലം ഭാരവാഹികളും സജീവ പ്രവർത്തകരും പങ്കാളികളായി. ഇസ്ഹാഖ് വാഫിയും അക്ബർ മാസ്റ്ററും പഠന ക്ലാസിന് നേത്രത്വം നൽകി.



അജ്മാൻ മലപ്പുറം ജില്ലാ കെഎംസിസി സംഘടിപ്പിച്ച പഠന യാത്രയിൽ നിന്ന്

## രക്തദാന ക്യാമ്പ് ഞായറാഴ്ച

മനാമ: അൽ ഫുർഖാൻ സെന്ററിന്റെ ആഭിമുഖ്യത്തിൽ ഞായറാഴ്ച രക്തദാന ക്യാമ്പ് സംഘടിപ്പിക്കുന്നു. സൽമാനിയ മെഡിക്കൽ കോംപ്ലക്സുമായി സഹകരിച്ച് നടത്തുന്ന ക്യാമ്പ് മുഹറം ഒന്ന് ഹിജ്റ പുതുവത്സര അവധി ദിനത്തിലായതിനാൽ കൂടുതൽ ആളുകൾക്ക് രക്തദാനത്തിനുള്ള സൗകര്യം ചെയ്തുട്ടുണ്ടെന്നു സംഘാടകർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക്: 3809 2855, 3310 6589, 3922 3848 നമ്പറുകളിൽ ബന്ധപ്പെടാം.

## കാസർകോട് ജില്ലാ മുസ്‌ലിംലീഗ് ആസ്ഥാന മന്ദിരം പ്രചാരണ കാമ്പയിനിൽ പങ്കാളികളാവുക: അജ്മാൻ കെഎംസിസി

അജ്മാൻ: കാസർകോട് ജില്ലാ മുസ്‌ലിംലീഗ് കമ്മിറ്റി നിർമിക്കുന്ന അത്യാധുനിക സംവിധാനങ്ങളോടെയുള്ള ആസ്ഥാന മന്ദിരത്തിന്റെ പ്രചാരണർത്ഥം യുഎഇയിൽ എത്തിയ ജില്ലാ മുസ്‌ലിംലീഗ് വൈസ് പ്രസിഡന്റ് കെ.ഇ.എ ബക്കറിനു അജ്മാൻ കെഎംസിസി കാസർകോട് ജില്ലാ കമ്മിറ്റി സ്വീകരണം നൽകി. വൈസ് പ്രസിഡന്റ് എസ്.എ ഇല്യാസ് അധ്യക്ഷനായി. കെഇഎ ബക്കർ ഉദ്ഘാടനം ചെയ്തു.

സംസ്ഥാന ഓർഗനൈസിങ് സെക്രട്ടറി അഷ്റഫ് നീർച്ചാൽ, വൈസ് പ്രസിഡന്റ് ഹസൈനാർ കാഞ്ഞങ്ങാട്, ജില്ലാ വൈസ് പ്രസിഡന്റ് ഹമീദ് ഉദുമ,അബ്ദുല്ല തൃക്കരിപ്പൂർ, ഉദുമ മണ്ഡലം പ്രസിഡന്റ് എ.വൈ മുഹമ്മദ്, കാസർകോട് മണ്ഡലം സെക്രട്ടറി ഇയാസ് ആദൂർ, തൃക്കരിപ്പൂർ മണ്ഡലം ട്രഷറർ ഫർസീൻ, ഉദുമ മണ്ഡലം സെക്രട്ടറി ഇക്ബാൽ അലൂർ,ദേലമ്പാടി പഞ്ചായത്ത് സെക്രട്ടറി ഹമീദ്,ട്രഷറർ എൻ. എം അബ്ദുല്ല ഹാജി, മൊഗ്രാൽ പുത്തൂർ പഞ്ചായത്ത് പ്രസിഡന്റ് ആർ.കെ റഫീഖ് തുടങ്ങിയവർ പ്രസംഗിച്ചു.

ജില്ലാ ജനറൽ സെക്രട്ടറി ആസിഫ് പള്ളംങ്കോട് സ്വാഗതവും സെക്രട്ടറി ഹാരിസ് മുണ്ടത്തോട് നന്ദിയും പറഞ്ഞു.


കാസർകോട് ജില്ലാ മുസ്‌ലിംലീഗ് വൈസ് പ്രസിഡന്റ് കെ.ഇ.എ ബക്കറിന് അജ്മാൻ കാസർകോട് ജില്ലാ കെഎംസിസി നൽകിയ സ്വീകരണം


കുവൈത്തിലെ ഹുദാ സെന്റർ യോഗത്തിൽ കേരള നദ്‌വത്തുൽ മുജാഹിദീൻ വൈസ് പ്രസിഡന്റ് ഡോ.ഹുസൈൻ മടവൂർ സംസാരിക്കുന്നു

## ഇസ്‌ലാഹി ഗൾഫ് സംഗമം വിജയിപ്പിക്കുക – ഡോ. ഹുസൈൻ മടവൂർ

കുവൈത്ത് സിറ്റി: ജൂലൈ 27ന് മലപ്പുറം പുളിക്കൽ ജാമിഅ സലഫിയ്യ കാമ്പസിൽ നടക്കുന്ന ഗൾഫ് ഇസ്‌ലാഹി സംഗമത്തിൽ നാട്ടിലുള്ള എല്ലാ പ്രവാസി ഇസ്‌ലാഹി പ്രവർത്തകരും പങ്കെടുത്ത് വിജയിപ്പിക്കണമെന് കേരള നദ്‌വത്തുൽ മുജാഹിദീൻ വൈസ് പ്രസിഡന്റ് ഡോ. ഹുസൈൻ മടവൂർ ആവശ്യപ്പെട്ടു. ഹ്രസ്വ സന്ദർശനാർത്ഥം കുവൈത്തിലെത്തിയ അദ്ദേഹം ഹുദാ സെന്റർ പ്രവർത്തകരുമായി കൂടിക്കാഴ്ച നടത്തി സംഗമത്തിന്റെ വിശദാംശങ്ങൾ ചർച്ച ചെയ്തു.

സംഗമത്തിൽ സ്ത്രീകൾക്കും കുട്ടികൾക്കും കൗമാരക്കാർക്കും പ്രത്യേകം പരിപാടികളുണ്ടാകും. മതവിഷയങ്ങൾക്ക് പുറമെ പാരന്റിങ്, കൗൺസലിങ്, സാമ്പത്തിക അച്ചടക്കം, കുടുംബ ഭദ്രത തുടങ്ങിയ വിഷയങ്ങളും അവതരിപ്പിക്കും. നവോത്ഥാന പ്രവർത്തന രംഗത്ത് ഒരു നൂറ്റാണ്ട് പൂർത്തിയാക്കുന്ന കേരളത്തിലെ മുജാഹിദ് പ്രസ്ഥാനത്തിന് എല്ലാ ഗൾഫ് രാജ്യങ്ങളിലും നിയമാനുസൃതം പ്രവർത്തിക്കുന്ന പോഷക സംഘടനകളും സ്ഥാപനങ്ങളുമുണ്ട്. അന്താരാഷ്ട്ര ഖുർആൻ പഠന സംവിധാനങ്ങളും മലയാളത്തിലുള്ള ജുമുഅ ഖുതുബകളും ഈദ് ഗാഹുകളും മദ്റസകളും ഓൺലൈൻ ക്ലാസുകളും അതിൽ പ്രധാനമാണ്.

ഗൾഫ് രാഷ്ട്രങ്ങളിലെ ഭരണകൂടങ്ങൾ ഇസ്‌ലാഹി സെന്ററുകൾക്ക് നല്ല സഹായവും പ്രോത്സാഹനവും നൽകുന്നുണ്ട്. ഔഖാഫ് ഇസ്‌ലാമിക മന്ത്രാലയങ്ങൾ, ജാലിയാത്ത് ഓഫീസുകൾ, ദഅ്‌വാ സെന്ററുകൾ, ചാരിറ്റി സ്ഥാപനങ്ങൾ തുടങ്ങിയവയുമായി സഹകരിച്ച് മലയാളി ഇസ്‌ലാഹി പ്രവർത്തനങ്ങൾ സജീവമാണ്. ആയിരത്തോളം പ്രവാസി പ്രവർത്തകർ ഗൾഫ് ഇസ് ലാഹി സംഗമത്തിൽ പങ്കെടുക്കുമെന്ന് പ്രതീക്ഷിക്കുന്നതായി ഹുസൈൻ മടവൂർ പറഞ്ഞു. കുവൈത്ത് ഹുദാ സെന്റർ സംഘടിപ്പിച്ച യോഗത്തിൽ സെന്റർ ജനറൽ സെക്രട്ടറി അബ്ദുറഹ്മാൻ അടക്കാനി,വൈസ് പ്രസിഡന്റ് അബ്ദുൽ ഹമീദ് കൊടുവള്ളി, ട്രഷറർ ജസീർ പുത്തൂർ പള്ളിക്കൽ എന്നിവരും എക്സിക്യൂട്ടീവ് അംഗങ്ങളും പങ്കെടുത്തു.


വേൾഡ് മലയാളി കൗൺസിൽ ബഹ്റൈൻ പ്രോവിൻസ് ‘സമ്മർ ഫിയസ്റ്റ 2024’ യിൽ നിന്ന്

## വേൾഡ് മലയാളി കൗൺസിൽ കുടുംബ സംഗമം

മാനമ: വേൾഡ് മലയാളി കൗൺസിൽ ബഹ്റൈൻ പ്രോവിൻസ് ‘സമ്മർ ഫിയസ്റ്റ 2024 കുടുംബ സമാഗമ’ത്തിൽ പ്രസിഡന്റ് എബ്രഹാം സാമുവേൽ അധ്യക്ഷനായി. ജനറൽ സെക്രട്ടറി അമൽദേവ് സ്വാഗതം പറഞ്ഞു. വൈസ് ചെയർമാൻമാരായ വിനോദ് നാരായണൻ,എ.എം നസീർ,വൈസ് പ്രസിഡന്റ് തോമസ് വൈദ്യൻ,ട്രഷറർ ഹരീഷ് നായർ,വനിതാ വിഭാഗം പ്രസിഡന്റ് ഷെജിൻ എന്നിവർ പ്രസംഗിച്ചു. സിനിമ,സീരിയൽ നടിയും ഡബ്ല്യൂഎംസി കുടുംബാംഗവുമായ ശ്രീലയ റോബിൻ മുഖ്യാതിഥിയായി സംസാരിക്കുകയും ഗാനങ്ങൾ ആലപിക്കുകയും ചെയ്തു. ഡബ്ല്യൂഎംസി ഗ്ലോബൽ എൻഇസിയും കെസിഎ പ്രസിഡന്റ് സ്ഥാനത്തേക്ക് തിരഞ്ഞെടുക്കുകയും ചെയ്ത ജെയിംസ് ജോൺ, ഡബ്ല്യൂഎംസി മിഡിൽ ഈസ്റ്റ് റീജിയൺ വൈസ് ചെയർപേഴ്സൺ ആയി തിരെഞ്ഞെടുത്ത ബഹ്റൈനിലെ സാമൂഹിക,ജീവകാരുണ്യ പ്രവർത്തക ഷെമിലി പി. ജോൺ, നാടക,സിനിമ കലാകാരി ലിസി ജോൺ എന്നിവരെ ചടങ്ങിൽ പൊന്നാട അണിയിച്ച് ആദരിച്ചു.

തുടർന്ന് കുടുംബാംഗങ്ങളുടെ വിവിധ കലാപരിപാടികൾ അരങ്ങേറി. ഡബ്ല്യൂഎംസി ബഹ്റൈൻ പ്രോവിൻസ് വൈസ് ചെയർമാനും ഇന്റർനാഷണൽ ആർട്സ് ആന്റ് കൾച്ചറൽ ഫോറം വൈസ് പ്രസിഡന്റുമായ വിനോദ് നാരായണന്റെ നേതൃത്വത്തിൽ വനിതാ വിഭാഗം പ്രസിഡന്റ് ഷെജിൻ, സെക്രട്ടറി അനു അലൻ എന്നിവർ വിനോദ പരിപാടികൾ നിയന്ത്രിച്ചു.

ആഗസ്ത് 2 മുതൽ 5 വരെ തിരുവനന്തപുരം ഹയാത്ത് റീജൻസിയിൽ നടക്കുന്ന ഗ്ലോബൽ കോൺഫറൻസിൽ 100 അംഗങ്ങളെ പങ്കെടുപ്പിക്കുവാൻ തീരുമാനിച്ചു. വനിതാ വിഭാഗം വൈസ് പ്രസിഡന്റ് ഉഷ സുരേഷ് അവതാരകയായിരുന്നു. വനിതാ വിഭാഗം ജനറൽ സെക്രട്ടറി അനു അലൻ നന്ദി പറഞ്ഞു.

# നിരീക്ഷണം

ഭയവും ആശയും ഉളവാക്കിക്കൊണ്ട് നിങ്ങൾക്ക് മിന്നൽ കാണിച്ചുതരുന്നതും ആകാശത്ത് നിന്ന് വെള്ളം ചൊരിയുകയും അത് മൂലം ഭൂമിക്ക് അതിന്റെ നിർജീവാവസ്ഥയ്ക്ക് ശേഷം ജീവൻ നൽകുകയും ചെയ്യുന്നതും അവന്റെ ദൃഷ്ടാന്തങ്ങളിൽ പെട്ടതത്രെ. തീർച്ചയായും അതിൽ ചിന്തിച്ച് മനസ്സിലാക്കുന്ന ജനങ്ങൾക്ക് ദൃഷ്ടാന്തങ്ങളുണ്ട്.

(വിശുദ്ധ ഖുർആൻ: 30: 24)

ഗൾഫ് ചന്ദ്രിക

1445 ദുൽഹജ്ജ് 29 • 1199 മിഥുനം 21 • 11946 ആഷാഢം 14

## പാർട്ടിയെ കൊല്ലുന്ന ധിക്കാരം

ഉറങ്ങുന്നവനെ വിളിച്ചുണർത്താം. ഉറക്കം നടിക്കുന്നവനെ പറ്റില്ല. കേരളത്തിൽ സി.പി.എമ്മും മുഖ്യമന്ത്രി പിണറായി വിജയനും ഉറക്കം നടിക്കുന്നവരാണ്. നട്ടുച്ചക്കും കണ്ണടച്ച് ഇരുട്ടാക്കി പുതച്ചുറങ്ങാനാണ് അവർക്ക് താൽപര്യം. ലോക്സഭ തിരഞ്ഞെടുപ്പിനുശേഷം അതൊരു മനോരോഗമായി വളർന്നിട്ടുണ്ട്. തോറ്റ് തൊപ്പിയിട്ട് അങ്ങാടിയിലൂടെ നടക്കുമ്പോഴും വിജയിച്ചെന്ന് വീമ്പു പറയുന്ന, അടി കിട്ടി വീണു കിടക്കുമ്പോഴും വെല്ലുവിളി തുടരുന്ന മനോനിലയാണിപ്പോൾ പാർട്ടിക്കും മുന്നിൽനിന്ന് നയിക്കുന്ന മുഖ്യമന്ത്രിക്കുമുള്ളത്. സംസ്ഥാന സെക്രട്ടറി എം.വി ഗോവിന്ദനുൾപ്പെടെ ചില സഖാക്കൾ പുതപ്പിനുള്ളിൽനിന്ന് നേരം വെളുത്തെന്ന് പറഞ്ഞുനോക്കുന്നുണ്ടെങ്കിലും അർദ്ധരാത്രിയാണെന്ന മുഖ്യമന്ത്രിയുടെ പ്രഖ്യാപനം കേട്ട് തല വലിക്കുകയാണ്. തെറ്റുകൾ ആവർത്തിക്കുകയും അതിൽ ഉറച്ചുനിൽക്കുകയും ചെയ്താൽ ഏത് പാതകവും ശരിയാകുമെന്ന് പിണറായിയെ ആരെങ്കിലും ഉപദേശിച്ചോ എന്ന് അറിയില്ല. ഏതായാലും അതൊരു തന്ത്രമായി അദ്ദേഹം കൂടെക്കൊണ്ടു നടക്കാൻ തുടങ്ങിയിട്ട് കാലം കുറച്ചായി. ഇന്നലെ നിയമസഭയിലും താൻ പിടിച്ച മുയലിന് മൂന്ന് കൊമ്പാണെന്ന് സ്ഥാപിക്കാൻ മുഖ്യമന്ത്രി വിഫലശ്രമം നടത്തി.

സി.പി.എമ്മിന്റെയും ഇടതുപക്ഷ സർക്കാരിന്റെയും പോരായ്മകളും തെറ്റായ ചെയ്തികളുമാണ് തിരഞ്ഞെടുപ്പ് തോൽവിക്ക് കാരണമെന്ന് സമ്മതിക്കാൻ അദ്ദേഹം ഇനിയും തയാറല്ല. ചരിത്രത്തിലെ ഏറ്റവും വലിയ പ്രതിസന്ധിയിലൂടെ കടന്നുപോകുമ്പോഴും തെറ്റു തിരുത്തി മുന്നോട്ടുപോകണമെന്ന് തലമൂത്ത ചില നേതാക്കൾ ഉപദേശിക്കുമ്പോഴും പിണറായി സ്വയം ന്യായീകരിച്ച് ഒളിച്ചോടുകയാണ്.

ഇനിയും തെറ്റുകൾ ആവർത്തിച്ച് സി.പി.എമ്മിനെ ഭൂമുഖത്തുനിന്ന് തുടച്ചുനീക്കാൻ തീരുമാനിച്ചുറച്ചതുപോലുണ്ട് അദ്ദേഹത്തിന്റെ ഓരോ വാക്കുകളും. തെറ്റാണെന്ന് അന്നം തിന്നുന്ന ഏതൊരാളും സമ്മതിക്കുന്ന കൊടുംപാതകങ്ങളെപ്പോലും മുഖ്യമന്ത്രി സോപ്പിട്ട് കഴുകാൻ നോക്കുന്നത് കാണാമായിരുന്നു. നവകേരള ബസിനുനേരെ പ്രതിഷേധിച്ച കോൺഗ്രസ് പ്രവർത്തകരെ തല്ലിച്ചതച്ച് ഇപ്പോഴും രക്ഷാപ്രവർത്തനമായാണ് അദ്ദേഹത്തിന് തോന്നുന്നത്. കാമ്പസുകളിൽ ഇടിക്കൂടുകളും വിചാരണ മുറികളുമൊരുക്കി മനുഷ്യരെ തല്ലിക്കൊല്ലുന്ന എസ്.എഫ്.ഐയുടെ ഗുണ്ടായിസത്തെ പുകഴ്ത്തി സംസാരിക്കാൻ പിണറായിക്ക് മാത്രമേ കഴിയൂ.

സി.പി.എമ്മിൽ തന്റെ പിടി അയഞ്ഞുതുടങ്ങിയതായി അദ്ദേഹത്തിന് ബോധ്യമുണ്ട്. തെറ്റു പറ്റിയെന്നും തിരുത്തുമെന്നും ക്ഷമിക്കണമെന്നുമൊക്കെ പറഞ്ഞാൽ കസേര തെറിക്കുമെന്ന് അദ്ദേഹം ഭയക്കുന്നു. അപ്പോൾ ഉരുണ്ടു തന്നെ അടുത്ത രണ്ടു വർഷം മുന്നോട്ടുപോകാനാണ് അദ്ദേഹത്തിന്റെ തീരുമാനം. അതിന് സി.പി.എമ്മിന്റെ ജീവൻ തന്നെ പണയപ്പെടുത്താനും പിണറായിക്ക് മടിയില്ല. പാർട്ടിയുടെ പോക്ക് കുഴിയിലേക്കാണെന്ന് സി.പി. എം നേതാക്കളിൽ പലരും തിരിച്ചറിഞ്ഞിട്ടുണ്ട്.

പിണറായിയെപ്പോലെ അവരും അധികാരത്തിന്റെ സുഖം ആസ്വദിച്ചുകൊണ്ടിരിക്കുകയാണ്. സി.പി.എമ്മിന്റെ ഭാവി വിചാരിച്ച് നൈമിഷിക സുഖങ്ങൾ ഉപേക്ഷിക്കാൻ അവർ തയാറല്ല. ഇനിയെന്ന് ഇതുപോലൊരു അവസരം കിട്ടുമെന്ന ചോദ്യവും അവരെ വേട്ടയാടുന്നുണ്ട്. അതുകൊണ്ട് കിട്ടിയത് മുതലാക്കി മുന്നോട്ടുപോകാൻ തന്നെയാണ് നേതാക്കളുടെ തീരുമാനം.

തങ്ങൾക്കു ശേഷം പ്രളയമാണെങ്കിലെന്ത്? രാഷ്ട്രീയക്കുപ്പായമിട്ട് ഇത്രയും കാലം വെയിലുകൊണ്ടത് ഇതിനൊക്കെ തന്നയല്ലേ എന്ത ചിന്ത ഏറ്റവും കൂടുതൽ കയറിക്കൂടിയ പാർട്ടി സി.പി.എമ്മാണ്.

കേരളത്തിൽ സി.പി.എം പൂതലിച്ച അവസ്ഥയിലാണെന്ന് എ.വിജയരാഘവൻ പറഞ്ഞത് അപകടം മനസ്സിലാക്കിക്കൊണ്ടു തന്നെയാണ്. കാൽചുവട്ടിൽനിന്ന് മണ്ണ് ഊർന്നുപോകുന്നതും ജനങ്ങൾ അകലുന്നതും പാർട്ടി ചീഞ്ഞ് ബി.ജെ.പിക്ക് വളമാകുന്നതും നേതാക്കളിൽ ചിലരെങ്കിലും തിരിച്ചറിഞ്ഞിട്ടുണ്ടെങ്കിലും പിണറായിയെന്ന ഏകാധിപതിയെ ചോദ്യം ചെയ്യാൻ അവർക്ക് ധൈര്യം പോര. എന്തിന് വെറുതെ കാരണവരെ ചൊടിപ്പിച്ച് ഉള്ള ചോറും മുടയ്ക്കുന്നുവെന്ന ചിന്തയിലാണ് അവർ. സർക്കാരിന്റെ കാലാവധി തീരുന്നതുവരെ ഭരണത്തിന്റെ തണുപ്പിൽ ചുരുണ്ടുകൂടാൻ തന്നെയാണ് നേതാക്കളിൽ മുതിർന്നവരുടെയും തീരുമാനം.

എന്നെ തല്ലണ്ട, ഞാൻ നന്നാവൂല എന്ന് തന്നെയാണ് പിണറായി സി.പി.എമ്മിന്റെ അണികളോടും കേരളത്തോടും പറഞ്ഞുകൊണ്ടിരിക്കുന്നത്. ദുരന്തം മുന്നിൽ കണ്ട് അദ്ദേഹത്തെ താഴെയിറക്കിയാൽ സി.പി.എമ്മിന് നല്ലത്.

### അടിക്കുറിപ്പ്

അഹങ്കാരത്തോടെയും ധാർഷ്ട്യത്തോടെയുമുള്ള പെരുമാറ്റം ജനങ്ങളെ പാർട്ടിയിൽ നിന്ന് അകറ്റി. ജനങ്ങളുടെ ജീവൽബന്ധം വളരെയേറെ ദുർബലപ്പെട്ടു. വീഴ്ച സംഘടനാപരമാണ്. വിശ്വാസ്യതയ്ക്ക് ഇടിവുതട്ടി. തിരഞ്ഞെടുപ്പിന്റെ ഒരുഘട്ടത്തിലും എതിർ തരംഗമുണ്ടെന്ന് മനസിലാക്കാനായില്ല. എൽ.ഡി.എഫ് വോട്ടർമാരെന്നു കരുതിയ ഒരു വലിയ വിഭാഗം യു.ഡി.എഫിനും ബി.ജെ.പിക്കും വോട്ടു ചെയ്തുവെന്നുള്ളതാണ് തിരഞ്ഞെടുപ്പ് പരാജയം കാണിക്കുന്നത്

–തോമസ് ഐസക്

### ചരിത്രത്തിൽ ഇന്ന്

1687 ചലനനിയമങ്ങളും ഗുരുത്വാകർഷണ സിദ്ധാന്തവും അടങ്ങുന്ന പ്രിൻസിപിയ മാത്തമറ്റിക് ഐസക് ന്യൂട്ടൺ പുറത്തിറക്കി.
1954 ബി.ബി.സി. ആദ്യമായി ടെലിവിഷനിലൂടെ വാർത്താപ്രക്ഷേപണം നടത്തി.
1977 പട്ടാള അട്ടിമറിയെത്തുടർന്ന് പാകിസ്താനിലെ തിരഞ്ഞെടുക്കപ്പെട്ട ആദ്യ പ്രധാനമന്ത്രി സുൾഫികർ അലി ബുട്ടോ സ്ഥാനഭ്രഷ്ടനായി.
1998 ജപ്പാൻ ചൊവ്വയിലേക്ക് പര്യവേഷണവാഹനം അയച്ചു.

# ചിന്തകൾ പെയ്യുന്ന മഴസൂക്തങ്ങൾ



വെള്ളിത്തെളിച്ചം

ടി.എച്ച് ദാരിമി

കടലിലെയും ജലാശയങ്ങളിലെയും വെള്ളം നീരാവിയായി ആകാശത്തേക്ക് ഉയരുന്നു. ക്രമേണ അത് തണുത്തുറഞ്ഞ് മേഘമായി മാറുന്നു. ഈ ചിതറിക്കിടക്കുന്ന മേഘക്കീറുകളെ കാറ്റ് തട്ടിക്കൂട്ടി ഒരിടത്ത് എത്തിക്കുന്നു. പിന്നെ അത് മഴയായി ഭൂമിയിലേക്കു വർഷിക്കുന്നു. വീണ്ടും ജലാശയങ്ങളിൽ വെള്ളം നിറയുന്നു. ഈ ഉണ്ടായതൊക്കെ ആവർത്തിച്ചു കൊണ്ടേയിരിക്കുന്നു. ഇതാണ് മഴയും മഴയുടെ ശാസ്ത്രവും. മഴയുടെ ഓരോ പ്രക്രിയയും കണിശത പുലർത്തുന്നുണ്ടെന്ന് ഗഹനമായി ചിന്തിക്കു ന്ന ആരും പറഞ്ഞുപോകും. ഏതോ ഒരു നിയമത്തിന് വഴങ്ങുന്നതുപോലെ. ആരോ വരച്ച വരയിലൂടെ മാത്രം നീങ്ങുന്നത് പോലെ. ഒന്നുകൂടി പറഞ്ഞാൽ ഏതോ കർത്താവ് ഉള്ളതുപോലെ. പക്ഷേ ശാസ്ത്രം അങ്ങനെ ചിന്തിക്കുന്നില്ല.



തലച്ചോറ് മാത്രമാണ് ശാസ്ത്രത്തിന്റെ ലക്ഷ്യം. തലച്ചോറിനെ ബോധിപ്പിക്കുവാനുള്ള കാര്യങ്ങളായിരിക്കും ശാസ്ത്രം പറയുക. ശാസ്ത്രം പറയുന്നതിനെ ബുദ്ധിയും യുക്തിയും അംഗീകരിക്കും. പക്ഷേ മതങ്ങൾക്ക് അത്ര പറഞ്ഞാൽ പോരാ. ഇത്രയും കണിശമായി കാര്യങ്ങൾ നടത്തിക്കൊണ്ടിരിക്കുന്ന ആളെക്കുറിച്ച് ആലോചിക്കാതിരിക്കാനും കണ്ടില്ലെന്ന് നടിക്കാനും മതത്തിനു കഴിയില്ല. കാരണം തലച്ചോറിനോടൊപ്പം ഹൃദയത്തോടും മതങ്ങൾക്ക് സംവദിക്കേണ്ടതുണ്ട്. അതുകൊണ്ട് വസ്തുതകളുടെ ഹൃദയപക്ഷം കൂടി മതത്തിന് പരിശോധിക്കേണ്ടിവരും. ഉദാഹരണമായി ഹൈഡ്രജനും ഓക്സിജനും നിശ്ചിത അനുപാതത്തിൽ ചേർന്നുണ്ടായതാണ് വെള്ളമെന്ന് ശാസ്ത്രം പറയുന്നു. അത്രയും പറഞ്ഞാൽ ശാസ്ത്രത്തിന് തൃപ്തിയായി. ബുദ്ധിയെ ബോധിപ്പിക്കാൻ അതു മതിയാകും. പക്ഷേ, മതത്തിന്റെ അന്വേഷണം അവിടെ അവസാനിക്കുന്നില്ല. അത്രമാത്രം പറഞ്ഞോ ചിന്തിച്ചോ മതത്തിന് ഒതുങ്ങിക്കൂടാനാവില്ല. പ്രപഞ്ചത്തിലെ വെള്ളം ഇങ്ങനെ നിശ്ചിത അനുപാതത്തിൽ ആരാണ് ചേർത്തതെന്ന് ചോദിക്കുക തന്നെ ചെയ്യും. മഴയുടെ കാര്യവും വ്യത്യസ്തമല്ല. ജലചക്രം എന്ന ഈ അത്ഭുത പ്രക്രിയ ആരുടെ താൽപര്യമാണെന്ന് മതം അന്വേഷിക്കുന്നുണ്ട്. അതിന് ഉത്തരവും പറയുന്നുണ്ട്. അങ്ങനെ ബുദ്ധിയും ഹൃദയവും ചേർത്തുവെച്ച് ചിന്തിക്കുമ്പോൾ പ്രപഞ്ചത്തിന്റെ വിധാതാവും സൃഷ്ടാവുമായ അല്ലാഹുവിന്റെ അപാരമായ മറ്റൊരു അനുഗ്രഹത്തിലേക്ക് മഴയും വിശുദ്ധ ഖുർആനിൽ പറഞ്ഞ മഴ സൂക്തങ്ങളും നമ്മെ കൂട്ടിക്കൊണ്ടുപോകും.

മേഘങ്ങൾ മഴയായി പരിവർത്തിപ്പിക്കപ്പെടുന്ന അസാമാന്യമായ പ്രക്രിയ അല്ലാഹു വിശുദ്ധ ഖുർആനിൽ പലയിടത്തും അവതരിപ്പിക്കുന്നുണ്ട്. ഒരു ഉദാഹരണം: 'അല്ലാഹു മേഘത്തെ മന്ദംമന്ദം ചലിപ്പിക്കുന്നതും പിന്നെ അതിന്റെ ചീന്തുകൾ കൂട്ടിയിണക്കുന്നതും അനന്തരം അതിനെ കനപ്പിക്കുന്നതും നിങ്ങൾ കാണുന്നില്ലയോ? പിന്നെ അതിനിടയിൽനിന്ന് മഴത്തുള്ളികൾ ഉതിർന്നുവീഴുന്നത് കാണാം. ആകാശത്തുനിന്നും പർവത സമാനമായ മേഘങ്ങൾക്കിടയിലൂടെ ആലിപ്പഴവും വർഷിക്കുന്നു. അവൻ ഇഛിക്കുന്നവർക്ക് അവൻ നൽകുന്നു. അവനിഛിക്കുന്നവരിൽനിന്ന് അത് തടയുകയും ചെയ്യുന്നു. മിന്നൽപിണറാകട്ടെ, കണ്ണുകൾ റാഞ്ചി എടുക്കുമാറാകുന്നു' (അന്നൂർ 43). ആശ്ചര്യജനകമായ ഈ പ്രക്രിയ അവതരിപ്പിക്കുക മാത്രമല്ല മേൽപ്പറഞ്ഞ സൂക്തത്തിന്റെ ലക്ഷ്യം. മറിച്ച് ഇങ്ങനെയെല്ലാം അല്ലാഹു ചെയ്യുന്നത് നീ കാണുന്നില്ലേ എന്ന് ചോദിക്കുകയാണ്.

കേവലം മഴ തരുന്നവൻ എന്ന രൂപത്തിൽ അല്ലാഹുവിനെ അവതരിപ്പിക്കുകയോ പരിചയപ്പെടുത്തുകയോ ചെയ്യുകയല്ല ഖുർആൻ ചെയ്യുന്നത്. അങ്ങനെയാണെങ്കിൽ മനുഷ്യന് വേണ്ട വെള്ളം ലഭ്യമാക്കുവാനുള്ള ഒറ്റ മാർഗം നൽകിയാൽ മതിയായിരുന്നു. ഇവിടെ പക്ഷേ, ഒരുപാട് കാര്യങ്ങൾ ഒന്നൊന്നായി തുടരെത്തുടരെ ഉണ്ടായതിനുശേഷമാണ് മഴ വർഷിക്കുന്നത്. അവയാകട്ടെ ഒന്നും മനുഷ്യന്റെ കഴിവിൽ വരുന്ന കാര്യങ്ങളുമല്ല. വെള്ളത്തെ നീരാവിയാക്കി മാറ്റുന്നതിനുവേണ്ടി ജലശയങ്ങളെ അവന് ചൂടാക്കാൻ കഴിയില്ല. ആകാശത്തിലേക്ക് ഉയരുന്ന നീരാവിയെ മേഘമാക്കി മാറ്റാൻ മനുഷ്യനോ അവന്റെ സംവിധാനങ്ങൾക്കോ കഴിയില്ല. ആകാശത്ത് ചിതറിക്കിടക്കുന്ന മേഘക്കീറുകളെ ഒരുമിച്ചു കൂട്ടാനും അവന് കഴിയില്ല. അപ്പോൾ മഴ പെയ്യുന്നത് മാത്രമല്ല മഴ പെയ്യാൻ പ്രപഞ്ചത്തിൽ നടക്കുന്ന ഓരോ കാര്യങ്ങളും മനുഷ്യന്റെ കഴിവിലോ പരിധിയിലോ ഒതുങ്ങുന്നതല്ല. അപ്പോൾ മഴയിലൂടെ പെയ്തു വീഴുന്നത് വെള്ളം മാത്രമല്ല, സൃഷ്ടാവ് എന്ന ചിന്ത കൂടിയാണ്.

മഴയുടെ ദാനമായ വെള്ളത്തെയും അല്ലാഹു ചിന്തയിലേക്ക് തിരിച്ചുവിടുന്നുണ്ട്. വെള്ളം ജീവന്റെ തുടിപ്പാണ്. വെള്ളമില്ലെങ്കിൽ ഒരു ജീവജാലത്തിനും നിലനിൽപ്പില്ല. 'ജീവനുള്ള എല്ലാറ്റിനെയും വെള്ളത്തിൽനിന്നാകുന്നു നാം സൃഷ്ടിച്ചിട്ടുള്ളത്. അവർ വിശ്വസിക്കുന്നില്ലേ' (അൽഅമ്പിയാഅ്: 30). സർവ്വ ജീവജാലങ്ങളെക്കുറിച്ചുമാണ് ഇവിടെ പറയുന്നത്. അതോടൊപ്പം മനുഷ്യൻ എന്ന അത്ഭുത ജീവി വെള്ളത്തിന്റെ കണികയിൽ നിന്നാണ് ജന്മം പ്രാപിച്ചിരിക്കുന്നതെന്ന് അല്ലാഹു മറ്റൊരിടത്ത് പറയുന്നുണ്ട്. 'അവൻ (അല്ലാഹു)വത്രെ വെള്ളത്തിൽനിന്ന് മനുഷ്യനെ സൃഷ്ടിച്ചവൻ. എന്നിട്ട് അവനെ രക്തബന്ധമുള്ളവനും വിവാഹ ബന്ധമുള്ളവനുമാക്കി. നിന്റെ രക്ഷിതാവ് എല്ലാത്തിനും കഴിവുറ്റവനാകുന്നു' (അൽ ഫുർഖാൻ: 54). ജീവൻ തുടങ്ങിയതും നിലനിൽക്കുന്നതും വെള്ളം കൊണ്ടാണ്. മനോഹരമായ ആകാരവും ബുദ്ധിപരമായ ശേഷികളും ഇന്ദ്രിയപരമായ പ്രത്യേകതകളും നിറഞ്ഞ മനുഷ്യനെ പടച്ചിരിക്കുന്നത് വെറും വെള്ളം കൊണ്ടാണെന്ന് പറയുമ്പോൾ അതൊരു സൃഷ്ടി വൈഭവത്തിലേക്കാണ് ചിന്തയെ കൊണ്ടുപോകുന്നത്. അതിലൂടെ മനുഷ്യനെ ഒരു വലിയ ശാസ്ത്ര സത്യം പഠിപ്പിക്കുകയും ചെയ്യുന്നുണ്ട് അല്ലാഹു. അതായത് വെള്ളം വഴി ജീവന്റെ കണികകൾ കണ്ടെത്താമെന്ന സത്യവും ശാസ്ത്രവും. അതുകൊണ്ടാണല്ലോ ജീവന്റെ കണിക കണ്ടെത്തുന്നതിന് ഇതര ഗ്രഹങ്ങളിൽ ജലാംശമുണ്ടോ എന്ന് ശാസ്ത്രം അന്വേഷിക്കുന്നത്.

മഴയെയും വെള്ളത്തെയും ഏറ്റവും വലിയ അനുഗ്രഹമായി അല്ലാഹു വിശുദ്ധ ഖുർആനിൽ പലയിടത്തും പ്രതിപാദിക്കുന്നുണ്ട്. അല്ലാഹു പറയുന്നു: 'അല്ലയോ ജനങ്ങളേ, നിങ്ങളെയും നിങ്ങൾക്ക് മുമ്പുള്ളവരെയും സൃഷ്ടിച്ച നിങ്ങളുടെ രക്ഷിതാവിനെ നിങ്ങൾ ആരാധിക്കുവിൻ. നിങ്ങൾ സൂക്ഷ്മതയുള്ളവർ ആയേക്കാം. അവനാണ് ഭൂമിയെ ഒരു വിരിപ്പായും, ആകാശത്തെ ഒരു എടുപ്പായും സൃഷ്ടിച്ചവൻ. ആകാശത്തുനിന്നും വെള്ളം ഇറക്കുകയും, അതുവഴി നിങ്ങൾക്ക് വിഭവമായി ഫലവർഗങ്ങളെ മുളപ്പിക്കുകയും ചെയ്തു. അതിനാൽ അറിഞ്ഞുകൊണ്ട് അവന് പങ്കുകാരെ സങ്കൽപ്പിക്കരുത് നിങ്ങൾ' (അൽബഖറ 21,22). സസ്യങ്ങൾ തളിർക്കുമ്പോഴാണ് ഭൂമി സജീവമാകുന്നതെന്ന് അല്ലാഹു മറ്റൊരിടത്ത് പറയുന്നു: 'അല്ലാഹു ആകാശത്തുനിന്നു ജലമിറക്കി. നിർജീവമായിക്കിടന്ന ഭൂമിയെ അതുവഴി പെട്ടെന്ന് സജീവമാക്കി. കേൾവിയുള്ള ജനതക്ക് ഇവയിൽ സൃഷ്ടാന്തമുണ്ട്' (അന്നഹൽ: 65).

മറ്റൊരിടത്ത് ഇങ്ങനെ പറയുന്നു: 'ഭൂമി വരണ്ടു കിടക്കുന്നതായി നീ കാണുന്നു. പിന്നെ നാമതിൽ മഴ വർഷിപ്പിച്ചാൽ പെട്ടെന്നത് തുടികൊള്ളുന്നു; കൗതുകമാർന്ന സകലയിനം ചെടികളെയും മുളപ്പിച്ചുതുടങ്ങുകയും ചെയ്യുന്നു. അല്ലാഹു തന്നെയാകുന്നു യാഥാർഥ്യം. അവൻ നിർജീവമായതിനെ ജീവിപ്പിക്കുന്നു, അല്ലാഹു സകല കാര്യങ്ങൾക്കും കഴിവുള്ളവനാകുന്നു. (അൽ ഹജ്ജ് 5 6). മഴ ഒരു ചിന്തയാണെന്നു കൂടി ഉറപ്പിക്കുകയാണ് ഈ സൂക്തങ്ങൾ. ആ ചിന്തയിൽ നിന്ന് മനുഷ്യൻ ഒരിക്കലും അകലരുതെന്നാണ് അല്ലാഹുവിന്റെ താൽപര്യം. അതുകൊണ്ടാണ് മനുഷ്യന്റെ ശരീരത്തിലും വിശാലമായ അവന്റെ ജീവീയ ലോകത്തിലും സസ്യലതാദികളിലുമെല്ലാം വെള്ളത്തിന്റെ തുടിപ്പ് കാണുന്നത്. വെള്ളമില്ലാത്തൊരു ജീവിതം സങ്കൽപ്പിക്കാൻ പോലും കഴിയാത്ത അത്ര ദുർബലനാണ് മനുഷ്യനെന്ന് വ്യക്തം. എന്നിട്ടും അല്ലാഹുവിനോട് നന്ദി കാണിക്കുന്നതിൽ വീഴ്ച വരുന്നതും വരുത്തുന്നതും എത്ര വലിയ ദൈവ നിന്ദയാണ്. അല്ലാഹു അത് അങ്ങനെ തന്നെ പറയുന്നുമുണ്ട്: 'ഇനി നിങ്ങൾ കുടിക്കുന്ന വെള്ളത്തെക്കുറിച്ചു നിങ്ങൾ ചിന്തിച്ചു നോക്കിയിട്ടുണ്ടോ? നിങ്ങളാണോ അത് മേഘത്തിൽ നിന്നും ഇറക്കിയത്, അതല്ല നാമാണോ ഇറക്കിയവൻ? നാം ഉദ്ദേശിച്ചിരുന്നുവെങ്കിൽ അതിനെ ദുഃസ്വാദുള്ള ഉപ്പ് വെള്ളമാക്കുമായിരുന്നു. എന്നിരിക്കെ നിങ്ങൾ നന്ദി കാണിക്കാത്തത് എന്താണ്?' (വാഖിഅ: 6869)

മഴയടക്കം ഏത് അനുഗ്രഹത്തെയും നന്ദിയോടെയാണ് സ്വീകരിക്കേണ്ടത്. അതിൽ വീഴ്ചയും വിഘ്നവും വന്നാൽ അപരിഹാര്യമായ വേദനയുണ്ടാക്കും. മനുഷ്യന്റെ അമിതമായ ആർത്തി കാരണം ഈ മഹാ അനുഗ്രഹത്തിന്റെ ഉറവ വറ്റിത്തുടങ്ങിയിരിക്കുന്നു. വൃക്ഷത്തലപ്പുകളെല്ലാം വെട്ടിനശിപ്പിച്ചും ഉയർന്ന കുന്നുകളെല്ലാം ഇടിച്ചുനിരത്തിയും തണ്ണീർത്തടങ്ങളും ജലസംഭരണികളുമെല്ലാം മണ്ണിട്ട് നികത്തിയും അത്യാർത്തിയുടെ കോൺക്രീറ്റ് വനങ്ങൾ മാനംമുട്ടെ ഉയർത്തിക്കൊണ്ടുമിരിക്കുകയാണ് ആധുനിക മനുഷ്യൻ. അവന്റെ കൈകടത്തലുകളും ആർത്തിയും പ്രകൃതിയെ താളം തെറ്റിച്ചിരിക്കുന്നു. അത് കാലാവസ്ഥയെയും ബാധിച്ചിരിക്കുന്നു.

നിനച്ചിരിക്കാതെ കടന്നു വരുന്ന പ്രളയവും, ദാഹജലം കിനിയാതെ ഊഷരമായി കൊണ്ടിരിക്കുന്ന ഭൂമിയും ഈ ദുരയുടെ ഫലങ്ങളാണ്. സൃഷ്ടികൾക്ക് ആകമാനം അനുഗ്രഹമായി പെയ്തിറങ്ങുന്ന വെള്ളത്തെ അതിരുകളും അതിർത്തികളും നിർണയിച്ചു തടഞ്ഞുവെക്കുന്ന അധികാരികൾ, ജീവജാലങ്ങൾക്ക് ദാഹമകറ്റാൻ സ്രഷ്ടാവ് നൽകിയ നീരുറവയെ കുപ്പിയിലടച്ചു സമ്പത്ത് കൊയ്യുന്ന കോർപ്പറേറ്റു കച്ചവട ഭീകരന്മാർ, അനന്തമായ ജലജീവികൾക്ക് നിർഭയമായി വിഹരിക്കാൻ നാഥൻ നൽകിയ നദീതടങ്ങൾ വിഷമൊഴുക്കി മലീമസമാക്കുന്ന വ്യവസായ ലോബികൾ, മരങ്ങൾ മുറിച്ചുകൂട്ടി അവ കൊണ്ട് സ്വപ്നങ്ങൾക്ക് സൗധങ്ങൾ പണിയുന്ന മുതലാളിമാർ.. എല്ലാവരും കൂടി ജീവിതം ദുഃസ്സഹമാക്കിയിരിക്കുന്നു. അതിന്റെ തിക്തഫലങ്ങൾ ഓരോ വർഷവും മാറിമാറി അനുഭവിക്കേണ്ടിവരുന്നുമുണ്ട്.

വേനൽ എപ്പോഴും കനത്തു നിൽക്കുകയാണ്. ഭൂമിയിലെ ആവാസ വ്യവസ്ഥ തകരാറിലായിക്കഴിഞ്ഞു. ജീവതാളം തെറ്റിത്തുടങ്ങി. വരും ശതകങ്ങളിൽ ലോകം വെള്ളത്തിനുവേണ്ടിയുള്ള യുദ്ധക്കളമായിരിക്കുമെന്ന് ശാസ്ത്രജ്ഞന്മാർ മുന്നറിയിപ്പ് നൽകുന്നുണ്ട്. ഇതെല്ലാം നന്ദികേടിന്റെ ദുരന്ത ഫലങ്ങളാണ്. 'പറയുക; നിങ്ങൾ ചിന്തിച്ചു നോക്കിയിട്ടുണ്ടോ, നിങ്ങൾ ഉപയോഗിക്കുന്ന വെള്ളത്തിന്റെ ഉറവ വറ്റിപ്പോയാൽ ആരാണ് നിങ്ങൾക്ക് ഒഴുകുന്ന ഉറവുവെള്ളം കൊണ്ടുവന്നു തരിക?' (അൽമുൽക്ക്: 30)

# ഹിജ്റ ഒളിച്ചോട്ടമല്ല; പുരോയാനമാണ്



നാസർ ഫൈസി കൂടത്തായി

മക്കയിലെ അവിശ്വാസികൾ വധിക്കാൻ പദ്ധതിയിട്ടപ്പോൾ നബി(സ)യും സിദ്ധീഖ് (റ)മദീനയിലേക്ക് ഒളിച്ചുപോയതാണ് ഹിജ്റ എന്ന് വ്യാഖ്യാനിക്കുന്നവരുണ്ട്. ഹിജ്റ നേരത്തെയുള്ള പ്ലാനിംഗിന്റെ പരിണിതിയാണ്. ഹിജ്റ തീരുമാനിച്ചതറിഞ്ഞ് നബിയെ വധിക്കാൻ ശത്രുക്കൾ ശ്രമിച്ചു എന്നത് ശരിയാണ്. ഹിജ്റ പലായനമല്ല; പുരോയാനമാണ്. പീഡിതന്റെ മറുകരയാണത്. ആസൂത്രണവും പ്ലാനിംഗും ഹിജ്റക്കുണ്ട്. ഒരു സംഘടനക്ക്, സ്ഥാപനത്തിന്, സംരംഭത്തിന്... ഒക്കെ ഉണ്ടാവേണ്ട എല്ലാ മാതൃകയും ഹിജ്റയിലുണ്ട്.

നുബുവ്വത്തിന്റെ 12-ാം വർഷം മദീനയിൽ



നിന്ന് മക്കയിലെത്തിയ ഖസ്റജ് ഗോത്ര സംഘവുമായുണ്ടാക്കിയ ഒന്നാം അഖബാ ഉടമ്പടിയും 13-ാം വർഷം മദീനയിൽ നിന്നെത്തിയവരുമായി നടത്തിയ രണ്ടാം അഖബാ ഉടമ്പടിയും ഹിജ്റ ആസൂത്രണത്തിന്റെ ഒന്നാം ഘട്ടമാണ്.

വിവരമറിഞ്ഞ് ശത്രുക്കൾ ദാറുന്നദ്വത്തിൽ (ഖുസയ്യുബ്നു കിലാബിന്റെ വീട്) യോഗം ചേർന്ന് നബി(സ)യെ വധിക്കാൻ പദ്ധതിയിട്ടു. ഓരോ ഗോത്രത്തിൽ നിന്നും ഒരു യുവാവെന്ന ക്രമത്തിൽ 11 ആളുകളെ തിരഞ്ഞെടുത്ത് വാളുമായി നബി(സ) തങ്ങൾ താമസിക്കുന്ന വീട് വളയാനും പുറത്തിറങ്ങുമ്പോൾ വെട്ടാനും ആ ചോരയിൽ എല്ലാവർക്കും പങ്കാളിത്വം അവകാശപ്പെട്ട് ഗോത്രസംഘർഷം ഒഴിവാക്കാനുമായിരുന്നു പദ്ധതി.

അതിനിടെ നബി തങ്ങൾ അബൂബക്കർ സിദ്ധീഖ് (റ)വിന്റെ വീട്ടിലെത്തി ഹിജ്റയെ സംബന്ധിച്ച് ചർച്ച ചെയ്തു. പണവും ഭക്ഷണവും കരുതണം. നേരെ സൗർ ഗുഹയിലേക്ക്. അവിടെ 3 ദിവസം താമസിക്കണം. സിദ്ധീഖിന്റെ മൂത്ത മകൾ അസ്മ ഓരോ ദിവസവും പാലുമായി ഗുഹയിലെത്തണം. മകൻ അബ്ദുല്ല നാട്ടിലെ വാർത്തകൾ ശേഖരിച്ച് സന്ധ്യാനേരം ഗുഹയിലെത്തി അറിയിക്കുകയും അത്യാവശ്യ ഭക്ഷണങ്ങൾ നൽകുകയും വേണം. ഇരുവരും നടന്ന് മണലിൽ പതിഞ്ഞ കാൽപാദങ്ങൾ മായ്ച്ചുകളയാൻ ആ വഴി ആടുകളുമായി കടന്നുപോകാൻ ആമിറുബ്നു സുഹൈറിനെ നിയമിച്ചു. മരുഭൂമിയിലെ ഊടുവഴികൾ പഠിച്ച് രണ്ട് ഒട്ടകങ്ങളുമായി മൂന്നാം ദിവസം ഗുഹാമുഖത്തെത്താൻ അബ്ദുല്ലാഹിബ്നു ഉറൈഖിനോടും ആവശ്യപ്പെട്ടു. തുടർന്ന് പതിനൊന്നാം ദിവസം മദീന ലക്ഷ്യമാക്കി യാത്ര. ഇതായിരുന്നു ഹിജ്റയുടെ ആസൂത്രണം.

സഫർ 27 ന് ശത്രുക്കളുടെ പദ്ധതിയെക്കുറിച്ച് ജിബ്രീൽ(അ) നബി തിരുമേനിയെ അറിയിച്ചു. മുൻ നിശ്ചിത പദ്ധതി പ്രകാരം നബിയുടെ വിരിപ്പിൽ അലി(റ)നെ കിടത്തി പാതിരാക്ക് വീട് വിട്ടിറങ്ങുമ്പോൾ ഒരു പിടി പൊടിമണ്ണ് വാരി യാസീൻ 1 മുതൽ 7 വരെ ആയത്ത് പാരായണം ചെയ്ത് വീട് വളഞ്ഞവർക്ക് നേരെ എറിഞ്ഞു. എല്ലാവരുടെ കണ്ണിലും പൊടി വീണു. നബി(സ) വീട് വിട്ടിറങ്ങി സിദ്ധീഖ്(റ)യുടെ വീട്ടിലെത്തി. 5000 ദിർഹമുമായി ഇരുവരും ഒട്ടകപ്പുറത്ത് സൗർ ഗുഹയിലെത്തി. അകത്ത് എന്തെങ്കിലും ഇഴജന്തുക്കൾ ഉണ്ടെങ്കിലോ എന്ന് കരുതി അബൂബക്കർ (റ) ആണ് ആദ്യം ഗുഹയിൽ കടന്നത്. അദ്ദേഹത്തിന്റെ മടിയിൽ തല വെച്ച് നബി (സ) ഉറങ്ങി.

വിരിപ്പിൽ നിന്ന് പുറത്ത് വന്നത് അലിയാണെന്നറിഞ്ഞ് ശത്രുക്കൾ കുപിതരായി. അബൂജഹ്ലിന് രോഷം അടക്കാനായില്ല. അയാളും സംഘവും നബിയെ തിരഞ്ഞ് പുറപ്പെട്ടു. അബൂബക്കർ (റ)വിന്റെ വീട്ടിലേക്കാണ്. അബൂജഹ്ൽ ഭ്രാന്ത് പിടിച്ചവനെ പോലെ അസ്മയോട് ചോദിച്ചു മുഹമ്മദും ബാപ്പയും എവിടെ?

അസ്മ അറിയില്ലെന്ന് പറഞ്ഞു. നിനക്കറിയാം പറ!

അബൂജഹ്ൽ അസ്മയുടെ കരണത്തടിക്കുന്നു. കാതിലെ കമ്മൽ പൊട്ടി ചോര ചിതറി. കമ്മൽ തറയിൽ വീണു കറങ്ങി.

എന്നെ കൊന്നാലും ഞാൻ പറയില്ലെന്ന് അസ്മയും.

അബൂജഹ്ലും സംഘവും മടങ്ങി. പിന്നെ തിരച്ചിലായി. അവർ സൗർ ഗുഹയുടെ മുഖത്തെത്തി.

അബൂബക്കർ (റ) ചോദിച്ചു: 'നബിയേ അവർ അവരുടെ കാൽപാദത്തിലേക്ക് നോക്കിയാൽ നമ്മെ കാണില്ലേ, അവർ കുറേ പേരുണ്ട് നമ്മൾ രണ്ടാളല്ലേയുള്ളൂ.'

നബി(സ) പറഞ്ഞു: 'അല്ല നാം മൂന്ന് പേരുണ്ട്, അല്ലാഹു നമ്മുടെ കൂടെയാണ്.'

ശത്രുക്കളിൽ ചിലർ ഗുഹക്ക് അകത്ത് തിരച്ചിൽ നടത്താൻ തീരുമാനിച്ചു. അപ്പോഴേക്ക് ചിലന്തി വല കെട്ടി. പ്രാവ് അകത്തു നിന്ന് പുറത്തേക്ക് പറന്നു. അതു കണ്ട് ഗുഹയിൽ ആൾതാമസമില്ലെന്ന് കരുതി അവർ തിരിച്ചുപോയി.

ഗുഹയിൽ താമസിക്കുന്നവരെ ശത്രുക്കളുടെ കണ്ണിൽ പെടാതെ ചിലന്തി വല നെയ്തും പ്രാവുകൾ മുട്ടയിട്ടും മരം വളർന്നു വന്നും സംരക്ഷണമൊരുക്കിയത് അമാനുഷികമാണ്. ഓറിയൻറലിസ്റ്റായ എമിൽ ദെർമെൻങാം പറയുന്നു: 'ഈ മൂന്ന് കാര്യങ്ങൾ അംഗീകൃത ഇസ്ലാമിക ചരിത്രം വിവരിക്കുന്ന അമാനുഷിക ദൃഷ്ടാന്തങ്ങളാണ്. ചിലന്തി വലയും പ്രാവു മുട്ടയും വൃക്ഷത്തിന്റെ വളർച്ചയും ദൈവത്തിന്റെ ഭൂമിയിൽ ദിനംപ്രതി സംഭവിച്ചുകൊണ്ടിരിക്കുന്ന അദ്ഭുതങ്ങളാണ്'. (ലൈഫ് ഓഫ് മുഹമ്മദ്, ന്യൂയോർക്ക് 1930, പേജ്: 149)

ആസൂത്രണം ചെയ്തത് പ്രകാരം അസ്മയും അബ്ദുല്ലയും വരുന്നു. ആമിർ ആടുകളുമായി വന്ന് കാൽപാദം മായ്ക്കുന്നു. മൂന്നാം നാൾ അബ്ദുല്ലാഹിബ്നു ഉറൈഖിത് രണ്ട് ഒട്ടകങ്ങളുമായി വരുന്നു.

അസ്മ അത്യാവശ്യമുള്ള ഭക്ഷണവും വെള്ളവും കരുതിക്കൊണ്ടുവന്നിരിക്കുന്നു. തോൽപ്പാത്രത്തിന്റെ മൂടി കെട്ടാൻ കയർ കിട്ടാതെ വന്നപ്പോൾ അസ്മ തന്റെ അരപ്പട്ട രണ്ടായി ചീന്തി. നബി(സ) പറഞ്ഞു: അസ്മാ നിനക്ക് സ്വർഗത്തിൽ പകരം രണ്ട് സ്വർണ്ണത്തിന്റെ അരപ്പട്ട അല്ലാഹു തരും. ചരിത്രത്തിൽ ദാറുന്നിത്വാ ഖൈൻ (ഇരട്ട അരപ്പട്ടക്കാരി ) എന്ന പേരിലാണ് അവർ അറിയപ്പെട്ടത്.

സൗർ ഗുഹാ മുഖത്ത് നിന്ന് അവർ യാത്രയായി. കുറച്ചകലെ വരേ ഉറൈത്വിഖും കൂടെയുണ്ടായിരുന്നു. അവർ മരുഭൂമിയിൽ കൺമറയുന്നത് വരേ അസ്മയും അബ്ദുല്ലയും നോക്കി നിന്നു. കടലിന് സമാന്തരമായ മറുകരയിലൂടെയാണ് അവർ മദീനയിലേക്ക് നീങ്ങിയത്.

ഹിജ്റക്ക് ശേഷം 17 വർഷം കഴിഞ്ഞ് ഉമറുബ്നു ഖത്താബ്(റ)വിന്റെ ഭരണകാലത്ത് നിലവിൽ വന്നതാണ് ഹിജ്റ കലണ്ടർ. അക്കാലം വരെ നിർണ്ണയമല്ലാത്ത മറ്റു പല സംഭവങ്ങളെയും അടിസ്ഥാനപ്പെടുത്തിയായിരുന്നു മുസ്ലിംകൾ തിയ്യതി രേഖപ്പെടുത്തിയിരുന്നത്. അതാവട്ടെ ക്രമീകൃതമായില്ല. ഖലീഫയുടെ നേതൃത്വത്തിൽ ഒരു കലണ്ടറിനെ കുറിച്ച് ചർച്ച വന്നു. കലണ്ടറിനെ അടിസ്ഥാനമാക്കേണ്ടത് തിരു നബിയുടെ ജനനം, വഫാത്ത്, പ്രവാചകത്വം ഏതെങ്കിലുമാവാമെന്ന് നിർദ്ദേശങ്ങൾ വന്നെങ്കിലും വർഷാരംഭമായി ഹിജ്റയെ കണക്കാക്കാമെന്ന അലി (റ)ന്റെ അഭിപ്രായം അംഗീകരിക്കപ്പെട്ടു. വർഷാരംഭം ഏത് മാസമാവണമെന്ന് ചർച്ചയായി. ഹിജ്റ നടന്നതും തിരുനബി ജന്മവും റബി: അവ്വലിൽ ആയതിനാൽ അതാവാമെന്നും അതല്ല റമസാൻ, ദുൽഹജ്ജ് ആവാമെന്നും അഭിപ്രായമുയർന്നു. ഉസ്മാൻ(റ) മുഹർറത്തെ അഭിപ്രായപ്പെട്ടു.

പവിത്രതയും സവിശേഷതകളും ധാരാളമുള്ളത് മുഹറമിനാണ്. അതിനെ സ്വീകരിക്കപ്പെട്ടു. അറബികൾ മുഹറമിനെ നേരത്തെ വർഷംരംഭമായി ഗണിച്ചു പോന്നിരുന്നു. ക്രിസ്താബ്ദം 622 ജൂലൈ 16 മുതൽ ഒന്നാം ഹിജ്റാബ്ദം ആരംഭിക്കുകയായിരുന്നു. പല കലണ്ടറുകളിലും ഹിജ്റ വർഷം അരികുപറ്റി നിലനിൽപ്പിനുള്ള പോരാട്ടത്തിലാണെങ്കിലും ഇസ്ലാമിക ചരിത്രം നിലനിൽക്കുന്ന കാലത്തോളം ഹിജ്റയുടെ ചരിത്രവും കലണ്ടറും നിലനിൽക്കുക തന്നെ ചെയ്യും.

RNI 3018/1957 Vol No. 91. Issue No.173 Printed and Published by P K K Bava for The Muslim Printing and Publishing Company Limited, Kozhikode at Chandrika Press, Y M C A road, Kozhikode - 673 001.
Editor-Kamal Varadoor (responsible for selection of news under PRB Act). Phone: 0495-2766032, 2765122, Fax: 0495-2765950. Email-chandrika1000@gmail.com, chandadvt@gmail.com



## മോദി കൊഞ്ഞനം കുത്തുന്നു

ന്യൂഡൽഹി: നീറ്റ് അടക്കമുള്ള വിഷയങ്ങളിൽ മറുപടിയില്ലാത്തതിനാൽ പ്രധാനമന്ത്രി മോദി പ്രതിപക്ഷത്തിനു നേരെ കൊഞ്ഞനം കുത്തുകയാണെന്ന് സമാജ്‌വാദി പാർട്ടി അധ്യക്ഷൻ അഖിലേഷ് യാദവ്. രാജ്യത്തെ ജനങ്ങൾ നേരിടുന്ന പ്രധാന പ്രശ്നങ്ങളാണ് പ്രതിപക്ഷം പാർലമെന്റിൽ ഉന്നയിച്ചത്. ഇതിൽ ഒന്നിനു പോലും പ്രധാനമന്ത്രിക്ക് മറുപടിയുണ്ടായിരുന്നില്ല. നീറ്റ് ക്രമക്കേടും അഗ്നിവീറും കർഷകർ നേരിടുന്ന പ്രശ്നങ്ങളും മണിപ്പൂരുമെല്ലാം പ്രതിപക്ഷം ഉന്നയിച്ചു. എന്നാൽ ഒന്നിനു പോലും കൃത്യമായ ഉത്തരം പറയാതെ പ്രധാനമന്ത്രി ഒളിച്ചോടുകയായിരുന്നു. മോദിയുടെ ബാലബുദ്ധി പരാമർശം പ്രതിഷേധാർഹമാണ്.



## ആദ്യം മണിപ്പൂരിലേക്ക് പോകൂ

ന്യൂഡൽഹി: മനുഷ്യനെ വഹിച്ചുള്ള ഇന്ത്യയുടെ ആദ്യ ബഹിരാകാശ ദൗത്യമായ 'ഗഗൻയാൻ' യാഥാർത്ഥ്യമായാൽ പ്രധാനമന്ത്രി മോദിയെ ബഹിരാകാശത്തേക്കയക്കാമെന്ന ഇന്ത്യൻ സ്പേസ് റിസർച്ച് ഓർഗനൈസേഷൻ (ഐ.എസ്.ഐർ.ഒ) തലവൻ എസ്. സോമനാഥിന്റെ പരാമർശത്തെ വിമർശച്ച് കോൺഗ്രസ് നേതാവ് ജയറാം രമേശ്. പ്രധാനമന്ത്രി ബഹിരാകാശത്തേക്കല്ല ആദ്യം പോകേണ്ടത് മണിപ്പൂരിലേക്കാണെന്നായിരുന്നു അദ്ദേഹത്തിന്റെ പ്രതികരണം. എക്സിൽ മോദിയുടെ ഫോട്ടോ പങ്കുവെച്ചുകൊണ്ടായിരുന്നു ജയറാം രമേശിന്റെ ട്വീറ്റ്. മോദിയെ നോൺ ബയോളജിക്കൽ പ്രധാനമന്ത്രി എന്നാണ് അദ്ദേഹം വിശേഷിപ്പിച്ചത്.

### ചുരുക്കത്തിൽ

### നീറ്റ് റദ്ദാക്കരുത്; സുപ്രീംകോടതിയിൽ ഹർജി

ന്യൂഡൽഹി: നീറ്റ് യു.ജി പ്രവേശന പരീക്ഷ റദ്ദാക്കരുതെന്ന് ആവശ്യപ്പെട്ടും സുപ്രീംകോടതിയിൽ ഹർജി. പരീക്ഷ റദ്ദാക്കണമെന്നാവശ്യപ്പെട്ട് നേരത്തെ തന്നെ ഹർജി നിലനിൽക്കെയാണ് പരീക്ഷ റദ്ദാക്കാൻ ഏതെങ്കിലും തരത്തിലുള്ള നീക്കമുണ്ടെങ്കിൽ തടയണമെന്നും ഇതുസംബന്ധിച്ച് കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന് നിർദേശം നൽകണമെന്നും കാണിച്ച് നിലവിലെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട 56 പേർ സുപ്രീംകോടതിയെ സമീപിച്ചത്. നീറ്റ് റദ്ദാക്കണം, ക്രമക്കേട് സംബന്ധിച്ച് ഉന്നതതല അന്വേഷണം തുടങ്ങിയ ആവശ്യങ്ങളുമായി 26 ഹർജികൾ ഇതിനകം തന്നെ സുപ്രീംകോടതിക്കു മുമ്പിലുണ്ട്. ഈ ഹർജികൾ അടുത്തയാഴ്ച പരിഗണിക്കാനിരിക്കെയാണ് പരീക്ഷ റദ്ദാക്കുന്നതിനെതിരേയും ഹർജി എത്തിയിരിക്കുന്നത്. ചോദ്യപേപ്പർ ചോർച്ച, ആൾമാറാട്ടം, മൂല്യ നിർണയത്തിലെ അപാകത എന്നിവ സംബന്ധിച്ച് അന്വേഷിച്ച് കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കണമെന്നും എന്നാൽ ഇതിന്റെ പേരിൽ റാങ്ക് പട്ടിക റദ്ദാക്കി വിദ്യാർത്ഥികളുടെ ഭാവി അവതാളത്തിലാക്കരുതെന്നുമാണ് ഹർജിയിൽ ആവശ്യപ്പെടുന്നത്.

### മദ്യപിച്ചെത്തിയ വിദ്യാർത്ഥി ക്യാമ്പസിൽ സെക്യൂരിറ്റി ജീവനക്കാരനെ കുത്തിക്കൊന്നു

ബെംഗളൂരു: മദ്യപിച്ചെത്തിയ വിദ്യാർത്ഥി ക്യാമ്പസിൽ പ്രവേശിക്കാൻ അനുവദിക്കാത്തതിന് സെക്യൂരിറ്റി ജീവനക്കാരനെ കുത്തിക്കൊന്നു. പശ്ചിമബംഗാൾ സ്വദേശി ജയ് കിഷൻ റോയ് എന്ന സെക്യൂരിറ്റി ജീവനക്കാരനാണ് മരിച്ചത്. സംഭവത്തിൽ അസം സ്വദേശി ഭാർഗവ് ജ്യോതി ബർമൻ എന്ന വിദ്യാർത്ഥിയെ പൊലീസ് അറസ്റ്റ് ചെയ്തു. ബെംഗളൂരു കെംപെപുരയിലെ സിന്ധി കോളേജിലാണ് സംഭവം. ക്യാമ്പസ് ഫെസ്റ്റിനിടെ പുറത്ത് പോകാൻ ഇറങ്ങിയ ഭാർഗവിനെ സെക്യൂരിറ്റി തടഞ്ഞു. പുറത്ത് പോയാൽ തിരിച്ച് കയറാൻ പറ്റില്ലെന്നും പറഞ്ഞു.
ഇത് കേൾക്കാൻ തയ്യാറാകാതെ ഭാർഗവ് പുറത്തേക്ക് പോയി. അൽപ്പ സമയത്തിന് ശേഷം മദ്യപിച്ച നിലയിലാണ് ഭാർഗവ് തിരിച്ചെത്തിയത്. ഈ നിലയിൽ അകത്ത് കയറ്റാൻ കഴിയില്ലെന്ന് സെക്യൂരിറ്റി ജയ് കിഷൻ റോയ് പറഞ്ഞു. പിന്നാലെ വീണ്ടും പുറത്ത് പോയ ഭാർഗവ്, കത്തി വാങ്ങി തിരിച്ച് വന്ന് ജയ് കിഷൻ റോയിയെ കുത്തിക്കൊല്ലുകയായിരുന്നു.

### ജഗന്നാഥ് രഥയാത്ര സുരക്ഷക്ക് 22,000 പൊലീസുകാർ

അഹമ്മദാബാദ്: ഞായറാഴ്ച നടക്കുന്ന ഗുജറാത്തിലെ ജഗന്നാഥ് രഥയാത്രയുടെ സുരക്ഷക്ക് നിയോഗിച്ചിരിക്കുന്നത് 22,000 പൊലീസുകാരെ. ഹാഥ്റസിൽ തിക്കിലും തിരക്കിലും 121 പേർ മരിക്കാനിടയായ ദുരന്തത്തിന്റെ പശ്ചാത്തലത്തിലാണ് സുരക്ഷ വർധിപ്പിച്ചതെന്ന് പൊലീസ് പറഞ്ഞു. ഇതിനു പുറമെ ആൾക്കൂട്ടത്തിനിടയിൽ നിന്ന് ക്രിമിനലുകളെ തിരിച്ചറിയാൻ കഴിയുന്ന ഫേസ് ഡിറ്റക്ഷൻ ക്യാമറകളും ആളുകളുടെ ഒഴുക്ക് നിരീക്ഷിക്കാൻ 20 ഡ്രോണുകളും ബലൂൺ മൗണ്ടഡ് ക്യാമറകളും വിന്യസിക്കുമെന്ന് സിറ്റി പൊലീസ് കമ്മീഷണർ ജി.എസ് മാലിക്ക് പറഞ്ഞു. സംസ്ഥാന പൊലീസിനു പുറമെ സായുധ സേന, അതിർത്തി രക്ഷാ സേന, ദ്രുതകർമ്മ സേന എന്നിവയുടെ 80-90 അംഗങ്ങളടങ്ങുന്ന 35 കമ്പനികളേയും സംസ്ഥാന റിസർവ് പൊലീസിനേയും സുരക്ഷക്ക് നിയോഗിക്കുമെന്നും കമ്മീഷണർ കൂട്ടിച്ചേർത്തു.

## ഹാഥ്റസ് ദുരന്തം; ആറുപേർ അറസ്റ്റിൽ

# ഭോലെ ബാബ പ്രതിപ്പട്ടികയിലില്ല

ഹാഥ്റസ്: മതചടങ്ങിനിടെയുണ്ടായ തിക്കിലും തിരക്കിലും 121 പേർ മരിച്ച ഹാഥ്റസ് സംഭവത്തിൽ ആറുപേരെ പൊലീസ് അറസ്റ്റു ചെയ്തു. സത്സംഗ്(മതപ്രഭാഷണം) പരിപാടിയുടെ വളണ്ടിയർമാരാണ് അറസ്റ്റിലായത്. രണ്ട് വനിതാ വളണ്ടിയർമാരും ഇതിൽ ഉൾപ്പെടും.

അതേസമയം ചടങ്ങിന് നേതൃത്വം നൽകിയ ഭോലെ ബാബയെ ഇതുവരെ കേസിൽ പ്രതിചേർത്തിട്ടില്ലെന്ന് പൊലീസ് വ്യക്തമാക്കി. കേസിന്റെ അന്വേഷണത്തിൽ ആവശ്യമായി വന്നാൽ മാത്രം ഇയാളെ ചോദ്യം ചെയ്യുമെന്നാണ് പൊലീസ് നിലപാട്. നിയമങ്ങൾ കാറ്റിൽ പറത്തി നടന്ന പരിപാടി വൻ ദുരന്തത്തിൽ കലാശിച്ചതിനു പിന്നാലെ, ഭോലെ ബാബയെ സംരക്ഷിക്കാൻ ഉത്തർപ്രദേശിലെ ആദിത്യനാഥ് സർക്കാർ ശ്രമിക്കുന്നുവെന്ന അഭ്യൂഹങ്ങൾ ശരിവെക്കുന്ന തരത്തിലാണ് പൊലീസ് സമീപനം. സംഭവത്തിനു പിന്നാലെ ഒളിവിൽ പോയ ഭോലെ ബാബ എവിടെയുണ്ടെന്ന് വിവരം ലഭിച്ചിട്ടും പൊലീസും സർക്കാർ സംവിധാനങ്ങളും മൗനം പാലിക്കുകയാണെന്ന് കഴിഞ്ഞ ദിവസം റിപ്പോർട്ടുകളുണ്ടായിരുന്നു. മെയിൻപുരിയിലെ ആശ്രമത്തിലാണ് ഇയാൾ തങ്ങുന്നതെന്നാണ് വിവരം. ഇതിനിടെയാണ് സംഭവത്തിൽ സിക്കന്തരാറാവു പൊലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത എഫ്.ഐ.ആറിലെ വിശദാംശങ്ങൾ പുറത്തു വന്നത്. ദേവപ്രകാശ് മധുകർ എന്നയാളാണ് മുഖ്യപ്രതിയെന്നാണ് പൊലീസ് റിപ്പോർട്ട്. ഇയാൾ ഒളിവിലാണ്.



ഇയാൾക്കെതിരെ ജാമ്യമില്ലാ വകുപ്പ് പ്രകാരം കേസെടുത്തതായും എവിടെയാണ് എന്നതു സംബന്ധിച്ച് വിവരം നൽകുന്നവർക്ക് ഒരു ലക്ഷം രൂപയുടെ പാരിതോഷികം ഉടൻ പ്രഖ്യാപിക്കുമെന്നും അലീഗഡ് റേഞ്ച് ഐ.ജി ശലഭ് മാഥൂർ പറഞ്ഞു. ഇതിനിടെ ദുരന്തത്തിൽ മരിച്ച 121 പേരുടെയും മൃതദേഹങ്ങൾ തിരിച്ചറിഞ്ഞതായി സംസ്ഥാന സർക്കാർ വൃത്തങ്ങൾ വ്യക്തമാക്കി. 118 പേരുടെ പോസ്റ്റ്മോർട്ടം നടപടികൾ പൂർത്തിയാക്കി മൃതദേഹം ബന്ധുക്കൾക്ക് വിട്ടു നൽകിയതായും സർക്കാർ അവകാശപ്പെട്ടു.

അതേസമയം തിക്കിലും തിരക്കിലും പെട്ട് കാണാതായ പലരേയും ഇനിയും കണ്ടെത്താനായിട്ടില്ലെന്ന് ബന്ധുക്കളെ ഉദ്ധരിച്ച് ദേശീയ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നു. 16 വയസ്സുകാരിയായ പേരക്കുട്ടിയേയും കൊണ്ടാണ് താൻ സത്സംഗിനെത്തിയതെന്നും തിരക്കിനിടെ കൈവിട്ടുപോയ അവളെ ഇനിയും കണ്ടെത്താനായിട്ടില്ലെന്നും ഊർമ്മിള ദേവി പറഞ്ഞു. പന്തലിൽ മുഴുവൻ അവൾക്കു വേണ്ടി നിലവിളിച്ചു കരഞ്ഞു. പരിക്കേറ്റവരെ പ്രവേശിപ്പിച്ച വിവിധ ആശുപത്രികളിൽ പോയി നോക്കിയെങ്കിലും ഒരു വിവരവും ലഭിച്ചില്ലെന്നും ഏക കൺമണിയെ നഷ്ടമായ മകന്റെ മുമ്പിലേക്ക് താനിനി എങ്ങനെ ചെല്ലുമെന്നുമായിരുന്നു ഊർമ്മിളാ ദേവിയുടെ വിലാപം. സമീപ സംസ്ഥാനങ്ങളിൽ നിന്നുൾപ്പെടെ പരിപാടിക്ക് ആളുകൾ എത്തിയിരുന്നതിനാൽ കൃത്യമായ വിവരങ്ങൾ സർക്കാർ സംവിധാനങ്ങൾക്ക് ഇനിയും ശേഖരിക്കാനായിട്ടില്ലെന്നാണ് വിവരം.

80,000 പേർക്ക് പങ്കെടുക്കാൻ അനുമതിയുണ്ടായിരുന്ന പരിപാടിക്ക് രണ്ടേകാൽ ലക്ഷത്തിലധികം പേർ എത്തിയതും പ്രഭാഷണം തീർന്നതിനു പിന്നാലെ ഭോലെ ബാബയുടെ കാൽചുവട്ടിലെ മണ്ണ് ശേഖരിക്കാൻ ഭക്തർ വേദിക്കരികിലെത്താൻ തിക്കും തിരക്കും കൂട്ടിയതാണ് വൻ ദുരന്തത്തിലേക്ക് നയിച്ചതെന്നുമാണ് പൊലീസിന്റെ പ്രാഥമിക റിപ്പോർട്ട്.

### മോദി റഷ്യൻ സന്ദർശനത്തിന്

ന്യൂഡൽഹി: പ്രധാനമന്ത്രി നരേന്ദ്രമോദി റഷ്യൻ സന്ദർശനത്തിന്. റഷ്യ - യുക്രെയ്ൻ യുദ്ധം ആരംഭിച്ച ശേഷം ആദ്യമായാണ് പ്രധാനമന്ത്രി റഷ്യ സന്ദർശിക്കുന്നത്. ഈ മാസം എട്ടു മുതൽ 10 വരെയാണ് മോദിയുടെ വിദേശയാത്ര, റഷ്യൻ പ്രസിഡണ്ട് വ്ളാഡിമർ പുട്ടിനുമായി കൂടിക്കാഴ്ച നടത്തുന്ന മോദി, ഓസ്ട്രിയയും സന്ദർശിക്കും. പുട്ടിന്റെ ക്ഷണപ്രകാരം ഇന്ത്യാ - റഷ്യ 22-ാമത് വാർഷിക ഉച്ചകോടിക്കായാണ് മോദി മോസ്കോയിലെത്തുന്നത്.

### അദ്വാനി വീണ്ടും ആശുപത്രിയിൽ

ന്യൂഡൽഹി: മുതിർന്ന ബി.ജെ.പി നേതാവ് എൽ.കെ അദ്വാനിയെ വീണ്ടും ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ബുധനാഴ്ച വൈകീട്ടാണ് ശാരീരിക അസ്വസ്ഥതകളെ തുടർന്ന് ഡൽഹിയിലെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. നിലവിൽ ആരോഗ്യനില തൃപ്തികരമാണെന്നും നിരീക്ഷണത്തിലാണെന്നും ആശുപത്രി അധികൃതർ അറിയിച്ചു. ഒരാഴ്ച മുമ്പ് ഡൽഹി എയിംസിൽ പ്രവേശിപ്പിച്ചിരുന്നെങ്കിലും രണ്ടു ദിവസത്തിനു ശേഷം ആശുപത്രി വിട്ടിരുന്നു.

## ബിഹാറിൽ വീണ്ടും തകർന്നു

# പാലം നമ്പർ 10

പറ്റ്ന: ബിഹാറിൽ വീണ്ടും പാലം തകർന്നു. സരണിൽ ഗണ്ഡകി നദിക്ക് കുറുകെയുള്ള പാലമാണ് ഏറ്റവും ഒടുവിലായി തകർന്നത്. പാലത്തിന് 15 വർഷം പഴക്കമുണ്ടെന്ന് ജില്ലാ മജിസ്ട്രേറ്റ് അമൻ സമീർ പറഞ്ഞു. ഇതോടെ സംസ്ഥാനത്ത് 15 ദിവസത്തിനിടെ തകർന്ന പാലങ്ങളുടെ എണ്ണം 10 ആയി. സരണിലെ ഗ്രാമങ്ങളെ സിവാൻ ജില്ലയുമായി ബന്ധിപ്പിക്കുന്ന പാലമാണ് കഴിഞ്ഞ ദിവസം തകർന്നത്. അപകടത്തിൽ ആർക്കും പരിക്കില്ല. അടുത്തിടെ പാലത്തോടു ചേർന്ന പ്രദേശത്ത് ചെളി നീക്കംചെയ്യൽ പ്രവൃത്തി നടന്നിരുന്നു. എന്നാൽ, പെട്ടെന്ന് പാലം തകരാനുള്ള കാരണമെന്തെന്ന് വ്യക്തമായിട്ടില്ല.

ബുധനാഴ്ച രണ്ടുമണിക്കൂറിന്റെ ഇടവേളയിലാണ് സംസ്ഥാനത്ത് രണ്ടുപാലങ്ങൾ തകർന്നത്. 2004ൽ പണികഴിപ്പിച്ച പാലവും ബ്രിട്ടീഷ് കാലത്തെ മറ്റൊരു പാലവുമാണ് തകർന്നുവീണത്. കിലോമീറ്ററുകൾ മാത്രമാണ് ഇരുപാലങ്ങളും തമ്മിലുണ്ടായിരുന്ന ദൂരം. സിവാൻ, ഛപ്ര, മധുബനി, അരാരിയ, ഈസ്റ്റ് ചമ്പാരൻ, കിഷൻഗഞ്ച് എന്നിവിടങ്ങളിലും നേരത്തെ പാലം തകർന്നിരുന്നു. കിഷൻഗഞ്ചിൽ രണ്ടുദിവസത്തെ ഇടവേളയിൽ രണ്ടുപാലങ്ങളാണ് തകർന്നത്. പാലങ്ങൾ തകരാൻ കാരണം സംസ്ഥാന സർക്കാരിന്റെ അഴിമതിയാണെന്ന് വിമർശനം ശക്തമായിട്ടുണ്ട്. മുഖ്യമന്ത്രി നിതീഷ് കുമാറിനെ വിമർശിച്ച് പ്രതിപക്ഷ നേതാവ് തേജസ്വി യാദവ് രംഗത്തെത്തി. ഒരു ദിവസം മാത്രം നാല് പാലങ്ങളാണ് സംസ്ഥാനത്ത് തകർന്നത്. മുഖ്യമന്ത്രിയും രണ്ട് ഉപമുഖ്യമന്ത്രിമാരും ഇക്കാര്യത്തിൽ മൗനം പാലിക്കുകയാണ്. ആരാണ് കുറ്റക്കാരെന്ന് സർക്കാർ വ്യക്തമാക്കണം. സർക്കാരിൽ ബിജെപിയുള്ളതിനാൽ അഴിമതിയും കുറ്റകൃത്യവും ഇനി പ്രശ്നമല്ല- അദ്ദേഹം തുറന്നടിച്ചു. അതേസമയം സംസ്ഥാനത്തെ എല്ലാ പഴയ പാലങ്ങളുടെയും സർവേ നടത്താനും അടിയന്തര അറ്റകുറ്റപ്പണികൾ ആവശ്യമുള്ളവ കണ്ടെത്താനും മുഖ്യമന്ത്രി നിതീഷ് കുമാർ റോഡ് നിർമ്മാണ, റൂറൽ വർക്ക് വകുപ്പുകൾക്ക് നിർദ്ദേശം നൽകി.

### സുപ്രീം കോടതിയിൽ ഹർജി

ന്യൂഡൽഹി: ബിഹാറിലെ പാലം തകർച്ച തുടർക്കഥയായതോടെ ഇതിന്റെ കാരണങ്ങൾ കണ്ടെത്തണമെന്നാവശ്യപ്പെട്ട് സുപ്രീം കോടതിയിൽ ഒരു പൊതുതാൽപ്പര്യ ഹർജി. അഭിഭാഷകനായ ബ്രജേഷ് സിങ് ആണ് ഹർജി സമർപ്പിച്ചത്. സംസ്ഥാനത്തെ പാലങ്ങളുടെ സ്ട്രക്ചറൽ ഓഡിറ്റ് നടത്തണമെന്നും ബലപ്പെടുത്തൽ, പൊളിക്കൽ ആവശ്യമായവ തിരിച്ചറിയാൻ വിദഗ്ധ സമിതി രൂപീകരിക്കാൻ ബിഹാർ സർക്കാരിനോട് നിർദേശിക്കണമെന്നുമാണ് ഹർജിയിലെ ആവശ്യം. പാലങ്ങൾ കേന്ദ്ര റോഡ്, ഗതാഗത, ഹൈവേ മന്ത്രാലയത്തിന്റെ തത്സമയ നിരീക്ഷണത്തിന് കീഴിലാക്കണമെന്നും ഹർജിക്കാരൻ ആവശ്യപ്പെട്ടു.

## ഡൽഹിയിലും ഹരിയാനയിലും എ.എ.പിയുമായി സഖ്യമില്ലെന്ന് കോൺഗ്രസ്

### മഹാരാഷ്ട്രയിലും ജാർഖണ്ഡിലും സഖ്യം തുടരും

ന്യൂഡൽഹി: സംസ്ഥാന നിയമസഭകളിലേക്ക് നടക്കുന്ന തിരഞ്ഞെടുപ്പിൽ ഡൽഹിയിലും ഹരിയാനയിലും ആം ആദ്മി പാർട്ടിയുമായി സഖ്യമുണ്ടാകില്ലെന്ന് കോൺഗ്രസ്. അതേസമയം മഹാരാഷ്ട്രയിലും ജാർഖണ്ഡിലും സഖ്യം തുടരുമെന്നും കോൺഗ്രസ് നേതാവ് ജയറാം രമേശ് വ്യക്തമാക്കി. വാർത്താ ഏജൻസിക്ക് നൽകിയ അഭിമുഖത്തിലാണ് ജയറാം രമേശ് ഇക്കാര്യം വ്യക്തമാക്കിയത്. കോൺഗ്രസ് നേതാക്കളും സഖ്യ കക്ഷി നേതാക്കളും ധാരണയിൽ എത്തുന്ന സംസ്ഥാനങ്ങളിൽ ഇന്ത്യാ മുന്നണി സഖ്യമായി തന്നെ തിരഞ്ഞെടുപ്പിനെ നേരിടും. അല്ലാത്ത സംസ്ഥാനങ്ങളിൽ സഖ്യമുണ്ടാകില്ല. ലോക്സഭാ തിരഞ്ഞെടുപ്പിൽ പഞ്ചാബിൽ എ.എ.പിയുമായി സഖ്യമുണ്ടായിരുന്നില്ല. ഹരിയാനയിലും ഡൽഹിയിലും സഖ്യമുണ്ടായിരുന്നെങ്കിലും നിയമസഭാ തിരഞ്ഞെടുപ്പിൽ അത് തുടരാനാകുമെന്ന് കരുതുന്നില്ല. അതേസമയം മഹാരാഷ്ട്രയിൽ കോൺഗ്രസും എൻ.സി.പിയും ശിവസേന(ഉദ്ദവ് പക്ഷം)യും ഉൾപ്പെടുന്ന മഹാ വികാസ് അഘാഡി സഖ്യം നിയമസഭാ തിരഞ്ഞെടുപ്പിനുള്ള ഒരുക്കങ്ങൾ ഇതിനകം തന്നെ ആരംഭിച്ചിട്ടുണ്ടെന്നും ജാർഖണ്ഡിൽ ഷിബു സോറന്റെയും ഹേമന്ത് സോറന്റെയും നേതൃത്വത്തിലുള്ള ജെ.എം.എമ്മുമായി സഖ്യം തുടരുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

## സഭയെ തെറ്റിദ്ധരിപ്പിച്ചു; മോദിക്കും താക്കൂറിനുമെതിരെ നടപടി വേണം

■ സ്പീക്കർക്ക് പ്രതിപക്ഷത്തിന്റെ കത്ത്

ന്യൂഡൽഹി: പാർലമെന്റിൽ വസ്തുതാ വിരുദ്ധ പ്രസ്താവന നടത്തി സഭയെ തെറ്റിദ്ധരിപ്പിച്ചതിന് പ്രധാനമന്ത്രി നരേന്ദ്രമോദിക്കും ബി.ജെ.പി എം.പി അനുരാഗ് താക്കൂറിനും എതിരെ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് സ്പീക്കർ ഓംബിർളക്ക് കത്ത്. സഭാ ചട്ടം 115(1) പ്രകാരം നടപടി ആവശ്യപ്പെട്ട് കോൺഗ്രസ് എം.പി മാണിക്കം ടാഗോർ ആണ് സ്പീക്കർക്ക് കത്തു നൽകിയത്.

വസ്തുതാവിരുദ്ധവും തെറ്റിദ്ധരിപ്പിക്കുന്നതുമായ പ്രസ്താവനകൾ പാർലമെന്റിൽ നടത്തിയാൽ അവകാശ ലംഘനത്തിന് നടപടി സ്വീകരിക്കാൻ വ്യവസ്ഥ ചെയ്യുന്നതാണ് ചട്ടം 115(1). സാധാരണ സഭയിൽ തന്നെയാണ് അവകാശ ലംഘനത്തിന് നോട്ടീസ് കൊണ്ടുവരാറ്. എന്നാൽ രാഷ്ട്രപതിയുടെ പ്രസംഗത്തിന്മേൽ നടന്ന നന്ദി പ്രമേയ ചർച്ചക്ക് മറുപടി പറയവെ പ്രധാനമന്ത്രി വസ്തുതാ വിരുദ്ധമായ കാര്യങ്ങളാണ് പറഞ്ഞതെന്നും തൊട്ടു പിന്നാലെ സഭ പിരിഞ്ഞതിനാലാണ് നടപടി ആവശ്യപ്പെട്ട് സ്പീക്കർക്ക് കത്തു നൽകിയതെന്നും മാണിക്കം ടാഗോർ ചൂണ്ടിക്കാട്ടി.

സ്ത്രീകൾക്ക് പ്രതിമാസം 85,000 രൂപ നൽകുമെന്ന് കോൺഗ്രസ് തെറ്റായ വാഗ്ദാനം നൽകി എന്നായിരുന്നു മോദിയുടെ പ്രസംഗത്തിലെ തെറ്റിദ്ധരിപ്പിക്കുന്ന പരാമർശങ്ങളിൽ ഒന്ന് എന്ന് കത്തിൽ ചൂണ്ടിക്കാട്ടുന്നു. കോൺഗ്രസ് വിജയിക്കുകയും സർക്കാർ രൂപീകരിക്കുകയും ചെയ്താൽ നടപ്പാക്കേണ്ട വാഗ്ദാനത്തെ, എങ്ങനെയാണ് തെറ്റിദ്ധരിപ്പിക്കുന്നത പ്രസ്താവനയായി മോദി വിശേഷിപ്പിക്കുക എന്നാണ് മാണിക്കം ടാഗോറിന്റെ ചോദ്യം. കോൺഗ്രസ് ഒറ്റക്ക് മത്സരിച്ച 16 സംസ്ഥാനങ്ങളിൽ വോട്ടുവിഹിതം കുറഞ്ഞുവെന്ന മോദിയുടെ വാദവും അടിസ്ഥാന രഹിതമാണെന്ന് കത്തിൽ പറയുന്നു. ഹിമാചൽ പ്രദേശ്, ഉത്തരാഖണ്ഡ്, കർണാടക, തെലങ്കാന തുടങ്ങി കോൺഗ്രസ് ഒറ്റക്കു മത്സരിച്ച സംസ്ഥാനങ്ങളിൽ വോട്ടുവിഹിതം കൂടിയെന്നാണ് തിരഞ്ഞെടുപ്പ് കമ്മീഷന്റെ രേഖകളിൽ പറയുന്നതെന്ന് കത്തിൽ ചൂണ്ടിക്കാട്ടി.

കോൺഗ്രസ് അധികാരത്തിലിരുന്നപ്പോൾ സൈനികർക്ക് ബുള്ളറ്റ് പ്രൂഫ് ജാക്കറ്റ് പോലും നൽകിയിരുന്നില്ലെന്ന മോദിയുടെ വാദവും കളവാണ്. മുംബൈ ഭീകരാക്രമണ സമയത്ത് പൊലീസിനു പോലും ബുള്ളറ്റ് പ്രൂഫ് ജാക്കറ്റ് ഉണ്ടായിരുന്നു എന്നത് രാജ്യം കണ്ടതാണെന്നും അദ്ദേഹം കത്തിൽ പറയുന്നു.

### പണം കൊണ്ട് മാത്രം കാര്യമില്ല

## അഗ്നീവീറിൽ പ്രതിഷേധം കടുപ്പിച്ച് രക്തസാക്ഷികളുടെ ബന്ധുക്കൾ

### ന്യായീകരിച്ച് സർക്കാറും സൈന്യവും

ലുധിയാന: അഗ്നീവീർ പദ്ധതിക്കെതിരെ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി ലോക്സഭയിൽ തൊടുത്തുവിട്ട പ്രതിഷേധത്തിന്റെ കാറ്റ് കൂടുതൽ ശക്തിയോടെ ആഞ്ഞുവീശുന്നു. പദ്ധതിയെ ന്യായീകരിച്ച് സർക്കാറും സൈന്യവും രംഗത്തെത്തിയതിനു പിന്നാലെ പ്രതിഷേധം കടുപ്പിച്ച് രക്തസാക്ഷികളായവരുടെ ബന്ധുക്കളും രംഗത്തെത്തി.

ഉപയോഗിച്ചു വലിച്ചെറിയുന്നതാണ് അഗ്നിവീർ പദ്ധതിയെന്നും സൈനിക സേവനത്തിനിടെ ജീവൻ നഷ്ടമായാൽ നഷ്ടപരിഹാരം പോലും നൽകാൻ പദ്ധതിയിൽ വകുപ്പില്ലെന്നുമായിരുന്നു പാർലമെന്റിൽ രാഷ്ട്രപതിയുടെ പ്രസംഗത്തിന്മേലുള്ള നന്ദി പ്രമേയ ചർച്ചയിൽ പങ്കെടുത്ത് സംസാരിക്കവെ രാഹുൽ ഗാന്ധി ആരോപിച്ചത്. ഇതിനു പിന്നാലെ രാഹുൽ നുണ പറയുകയാണെന്നാരോപിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദിയും പ്രതിരോധ മന്ത്രി രാജ്നാഥ് സിങും അടക്കമുള്ളവർ രംഗത്തെത്തിയിരുന്നു.

തൊട്ടു പിന്നാലെയാണ് 98 ലക്ഷം രൂപ വരെ കൊല്ലപ്പെട്ട സൈനികർക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ടെന്ന വാദവുമായി സൈന്യം രംഗത്തെത്തിയത്. എന്നാൽ പണം കൊണ്ട് എല്ലാ പ്രശ്നങ്ങളും പരിഹരിക്കാനാകുമോ എന്നായിരുന്നു സൈനിക സേവനത്തിനിടെ ജീവൻ നഷ്ടമായ അഗ്നിവീർ അജയ് കുമാറിന്റെ കുടുംബത്തിന്റെ ചോദ്യം. അതിർത്തിയിൽ സേവനത്തിനിടെയാണ് അജയ് കുമാറിന്റെ ജീവൻ നഷ്ടമായത്. നഷ്ടപരിഹാരത്തുക കൊണ്ട് തങ്ങൾക്ക് നഷ്ടമായത് തിരിച്ചികിട്ടുമോയെന്നും കുടുംബം ചോദിച്ചു. രാജ്യത്തിനായി ജീവൻ ബലിയർപ്പിച്ച സൈനികർക്ക് ലഭിക്കുന്ന ഒരു പദവിയും അഗ്നിവീറിന് ലഭിക്കുന്നില്ല. പെൻഷനോ കാന്റീൻ കാർഡോ അടക്കമുള്ള ആനുകൂല്യങ്ങളൊന്നുമില്ല. അഗ്നിവീർ പദ്ധതി നിർത്തലാക്കണമെന്ന നിലപാട് തന്നെയാണ് തങ്ങൾക്കുള്ളതെന്ന് അജയ്കുമാറിന്റെ പിതാവ് പറഞ്ഞു.

അജയ് കുമാറിന്റെ സഹോദരിയും ഇതേ ആവശ്യം തന്നെ ഉന്നയിച്ചു. നഷ്ടപരിഹാരം സംബന്ധിച്ച് കേന്ദ്ര സർക്കാർ ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുകയാണെന്നും കുടുംബം ആരോപിച്ചു. സൈന്യത്തിൽ നിന്നുള്ള നഷ്ടപരിഹാരവും എക്സ്ഗ്രേഷ്യയും ഇൻഷുറൻസും ചേർത്ത് 1.65 കോടി രൂപ നൽകിയെന്നാണ് സൈന്യം പുറത്തിറക്കിയ വാർത്താക്കുറിപ്പിൽ അവകാശപ്പെട്ടത്. തുക കുടുംബത്തിന് ലഭിച്ചെന്ന് പൊലീസ് വെരിഫിക്കേഷനിലൂടെ ഉറപ്പാക്കിയതായും സൈന്യം അവകാശപ്പെട്ടിരുന്നു.

എന്നാൽ 98.39 ലക്ഷം രൂപയേ ഇതുവരെ ലഭിച്ചിട്ടുള്ളൂ എന്നാണ് കുടുംബം പറയുന്നത്. ഇതിൽ തന്നെ സൈന്യത്തിൽ നിന്ന് ലഭിച്ചത് 48 ലക്ഷം മാത്രമാണ്. 50 ലക്ഷം ഇൻഷുറൻസ് തുകയായി ഐ.സി.ഐ.സി.ഐ ബാങ്കിൽ നിന്നാണ് ലഭിച്ചത്. 67 ലക്ഷം കൂടി നൽകുമെന്ന് സൈന്യം അറിയിച്ചിരുന്നെങ്കിലും ഇതുവരെ തുക ലഭിച്ചിട്ടില്ലെന്നും കുടുംബം വ്യക്തമാക്കി.



ഡൽഹി ജിടിബി നഗറിൽ നിർമ്മാണ തൊഴിലാളികളുമായി കൂടിക്കാഴ്ചക്കെത്തിയ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി അവർക്കൊപ്പം ജോലി ചെയ്യുന്നു

## നിർമാണ തൊഴിലാളിയായി രാഹുൽ

ന്യൂഡൽഹി: നിർമാണ തൊഴിലാളികൾക്കൊപ്പം കോൺക്രീറ്റ് മിക്സ് ചെയ്ത് രാഹുൽ ഗാന്ധി. ജിടിബി നഗറിൽ തൊഴിലാളികളുമായി കൂടിക്കാഴ്ചക്കെത്തിയപ്പോഴാണ് രാഹുൽ അവരിലൊരാളായത്. കൈക്കോട്ട് കയ്യിലെടുത്ത് കോൺക്രീറ്റ് മിക്സ് ചെയ്യുന്ന രാഹുലിന്റെ ചിത്രം നിമിഷങ്ങൾക്കകം സമൂഹമാധ്യമങ്ങളിൽ വൈറലായി. തൊഴിലാളികളും കർഷകരുമാണ് രാജ്യത്തിന്റെ സമ്പദ് വ്യവസ്ഥയുടെ നട്ടെല്ലെന്നും എന്നാൽ മോദി സർക്കാർ ഇവരെ ദ്രോഹിക്കുകയാണെന്നും അദ്ദേഹം പറഞ്ഞു.

### ഭീകരർക്ക് അഭയം നൽകുന്നവരെ ഒറ്റപ്പെടുത്തണം; ഇന്ത്യ

അസ്താന: ഭീകരർക്ക് സുരക്ഷിത താവളമൊരുക്കുന്ന രാജ്യങ്ങളെ ഒറ്റപ്പെടുത്തണമെന്ന് വിദേശകാര്യ മന്ത്രി എസ് ജയശങ്കർ. കസാക്കിസ്ഥാനിലെ അസ്താനയിൽ നടന്ന ഷാങ്ഹായ് കോഓപ്പറേഷൻ ഓർഗനൈസേഷന്റെ (എസ്‌സിഒ) ഉച്ചകോടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. 'ഭീകരർക്ക് അഭയം നൽകുന്ന, സുരക്ഷിത താവളം നൽകുന്ന, ഭീകരതയെ അംഗീകരിക്കുന്ന രാജ്യങ്ങളെ ആഗോള സമൂഹം ഒറ്റപ്പെടുത്തുകയും തുറന്നുകാട്ടുകയും വേണം- ജയശങ്കർ പറഞ്ഞു. ചൈനീസ് പ്രസിഡന്റ് ഷി ജിൻപിങ്, പാകിസ്താൻ പ്രധാനമന്ത്രി ഷെഹ്ബാസ് ഷെരീഫ്, റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുടിൻ തുടങ്ങിയവരും സംബന്ധിച്ചു.

## തിരഞ്ഞെടുപ്പിലെ തിരിച്ചടി; രാജസ്ഥാനിൽ മന്ത്രി രാജിവെച്ചു

ജയ്പുർ: കാബിനറ്റ് മന്ത്രിസ്ഥാനം രാജിവെച്ച് രാജസ്ഥാനിലെ ബി.ജെ.പി നേതാവ് കിരോഡി ലാൽ മീണ. ലോക്സഭാ തിരഞ്ഞെടുപ്പിൽ സംസ്ഥാനത്ത് പാർട്ടിക്കുണ്ടായ തിരിച്ചടിയുടെ ഉത്തരവാദിത്വമേറ്റെടുത്താണ് രാജി. ദൗസ ഉൾപ്പെടുന്ന കിഴക്കൻ രാജസ്ഥാനിൽ തിരഞ്ഞെടുപ്പ് ചുമതല വഹിച്ചിരുന്ന മീണ ഇവിടുത്തെ ഏഴ് സീറ്റുകളിലും ബി.ജെ.പി ജയിക്കുമെന്നും അല്ലെങ്കിൽ താൻ രാജിവെക്കുമെന്നും പ്രഖ്യാപിച്ചിരുന്നു. എന്നാൽ, ഇവിടുത്തെ ഭൂരിപക്ഷം സീറ്റുകളിലും ബി.ജെ.പി പരാജയപ്പെട്ടു.



തനിക്ക് പാർട്ടിയെ വിജയിപ്പിക്കാനായില്ലെന്നും മന്ത്രിസഭയിൽ തുടരാൻ ധാർമികമായ അവകാശമില്ലെന്നും വ്യക്തമാക്കിയാണ് മീണ രാജി പ്രഖ്യാപിച്ചത്. ഫലപ്രഖ്യാപനത്തിന് ശേഷം അദ്ദേഹം മന്ത്രിസഭാ യോഗത്തിൽ പങ്കെടുത്തിരുന്നില്ല.

പാർട്ടി ദേശീയ നേതൃത്വം എന്നെ ഡൽഹിയിലേക്ക് വിളിപ്പിച്ചിട്ടുണ്ട്. ഡൽഹിയിൽ പോയി അവരെ ബോധ്യപ്പെടുത്താൻ ശ്രമിക്കും- കിരോഡി ലാൽ മീണ പറഞ്ഞു. പാർട്ടിയിലും സർക്കാരിലുമുള്ള അതൃപ്തിയാണ് തന്റെ രാജിക്ക് പിന്നിലെന്ന അഭ്യൂഹവും അദ്ദേഹം തള്ളി. താൻ മുഖ്യമന്ത്രിയെ കണ്ടിരുന്നുവെന്നും രാജിക്കാര്യം അദ്ദേഹത്തെ അറിയിച്ചതായും മീണ വ്യക്തമാക്കി. രാജസ്ഥാൻ മുഖ്യമന്ത്രി ഭജൻലാൽ ശർമയ്ക്കും രണ്ട് ഉപമുഖ്യമന്ത്രിമാർക്കും താഴെയായി ഏറ്റവും മുതിർന്ന മന്ത്രിയാണ് മീണ. രാജ്യസഭയിലും രണ്ട് തവണ ലോക്സഭാ എം.പിയായും അഞ്ചുതവണ എം.എൽ.എ ആയും അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്. ലോക്സഭാ തിരഞ്ഞെടുപ്പിൽ ദൗസ സീറ്റിൽ ബി.ജെ.പിയുടെ കനയ്യ ലാൽ മീണയെ കോൺഗ്രസ് സ്ഥാനാർത്ഥി മുറാലി ലാൽ മീണ 2.3 ലക്ഷത്തോളം വോട്ടിനാണ് തോൽപ്പിച്ചത്. ദൗസയിൽ ബി.ജെ.പി ജയിച്ചില്ലെങ്കിൽ താൻ രാജിവെക്കുമെന്ന് കിരോഡി ലാൽ പലതവണ പ്രചാരണത്തിനിടെ വെല്ലുവിളിച്ചിരുന്നു.

തിരഞ്ഞെടുപ്പ് ഫലം വരുന്നതിന്റെ തലേദിവസവും അദ്ദേഹം തന്റെ നിലപാട് ആവർത്തിച്ചു. ദൗസയെ കൂടാതെ കിഴക്കൻ രാജസ്ഥാനിലെ ടോങ്ക്, സവായ് മധോപുർ, കരൗലിധോൽപുർ, ഭരത്പൂർ എന്നിവയും ഇത്തവണ ബി.ജെ.പിക്ക് നഷ്ടമായിരുന്നു. 2019ൽ രാജസ്ഥാനിലെ 25ൽ 24 സീറ്റും നേടിയ ബിജെപിക്ക് ഇത്തവണ 14 സീറ്റിലേ ജയിക്കാനായുള്ളൂ.

### കേശവ റാവു രാജ്യസഭാംഗത്വം രാജിവെച്ചു

ന്യൂഡൽഹി: ബി.ആർ.എസ് വിട്ട് കഴിഞ്ഞ ദിവസം കോൺഗ്രസിൽ ചേർന്ന മുതിർന്ന നേതാവ് കെ. കേശവ റാവു രാജ്യസഭാംഗത്വം രാജിവച്ചു. ബി.ആർ.എസ് ടിക്കറ്റിൽ വിജയിച്ച രാജ്യസഭാ സീറ്റിൽ തുടരുന്നത് ധാർമികമായി ശരിയല്ലെന്ന് വ്യക്തമാക്കിയാണ് രാജി. രാജ്യസഭാ ചെയർമാൻ ജഗ്ദീപ് ധൻഖറിന് റാവു രാജിക്കത്ത് സമർപ്പിച്ചു. 85 കാരനായ കേശവ റാവുവിന് രാജ്യസഭയിൽ രണ്ട് വർഷം കൂടി കാലാവധി ഉണ്ടായിരുന്നു. ധാർമിക മൂല്യങ്ങൾ ഉയർത്തിപ്പിടിച്ചാണ് രാജി സമർപ്പിച്ചതെന്ന് അദ്ദേഹം പറഞ്ഞു. നേരത്തെ കോൺഗ്രസിലായിരുന്ന റാവു തെലങ്കാന സംസ്ഥാന രൂപീകരണം വൈകുന്നതിൽ പ്രതിഷേധിച്ച് 2013ലാണ് പാർട്ടി വിട്ടത്. തുടർന്ന് കെ. ചന്ദ്രശേഖർ റാവുവിന്റെ നേതൃത്വത്തിലുള്ള ബി.ആർ.എസിൽ ചേരുകയായിരുന്നു.

ഗൾഫ് ചന്ദ്രിക
gulfchandrikanews@gmail.com
2024 ജൂലൈ 05 വെള്ളി
ഗൾഫ് ചന്ദ്രിക



## ബി.ടെക് പ്രവേശനം

തേഞ്ഞിപ്പലം: കാലിക്കറ്റ് സർവകലാശാല എൻജിനീയറിങ് കോളജിൽ 2024-2025 അധ്യയന വർഷത്തേക്കുള്ള ബി.ടെക്. എൻ.ആർ.ഐ. സീറ്റുകളിലേക്കുള്ള പ്രവേശന നടപടികൾ ആരംഭിച്ചു. കമ്പ്യൂട്ടർ സയൻസ് ആന്റ് എൻജിനീയറിങ്, ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻ എൻജിനീയറിങ്, ഇലക്ട്രോണിക്സ് ആന്റ് കമ്പ്യൂട്ടർ സയൻസ് എൻജിനീയറിങ്, ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ് എൻജിനീയറിങ്, മെക്കാനിക്കൽ എൻജിനീയറിങ്, പ്രിൻറിംഗ് ടെക്നോളജി എന്നീ ബ്രാഞ്ചുകളിലേക്കുള്ള പ്രവേശന നടപടികളാണ് ആരംഭിച്ചിരിക്കുന്നത്. എൻജിനീയറിങ് പ്രവേശന പരീക്ഷ എഴുതാത്തവർക്കും പ്രവേശനം നേടാനുള്ള അവസരമുണ്ട്. യോഗ്യത : പ്ലസ്ടു പരീക്ഷയിൽ ഫിസിക്സ്, കെമിസ്ട്രി, മാത്തമാറ്റിക്സ് വിഷയങ്ങളിൽ 45 ശതമാനം മാർക് ലഭിച്ചിരിക്കണം. കൂടുതൽ വിവരങ്ങൾക്ക് 9567172591.


## കെ.ജി.സി.ഇ എൻജിനിയറിങ് (റിവിഷൻ 22) ഫലം പ്രഖ്യാപിച്ചു

തിരുവനന്തപുരം: കേരള ഗവൺമെന്റ് സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള 2 വർഷ കെജിസിഇ (റിവിഷൻ 22) എൻജിനിയറിങ് കോഴ്സുകളുടെ ഫസ്റ്റ് ഇയർ റിസൾട്ട് പ്രഖ്യാപിച്ചു. 77.14 ശതമാനമാണ് വിജയശതമാനം. പരീക്ഷ എഴുതിയ 5800 വിദ്യാർഥികളിൽ 4474 പേർ വിജയിച്ചു.

# കേരള വാർത്തകൾ

## ചന്ദ്രിക പാഠമുദ്ര





# അമീബിക് മസ്തിഷ്കജ്വരം

അമീബിക് മസ്തിഷ്കജ്വരം ബാധിച്ച് കേരളത്തിൽ ബുധനാഴ്ച ഒരു കുട്ടികൂടി മരിച്ചിരിക്കുകയാണ്. കഴിഞ്ഞ രണ്ടുമാസത്തിനിടെ മൂന്ന് കുട്ടികളാണ് ഈ രോഗം ബാധിച്ച് മരിച്ചത്. ഫറോക്ക് സ്വദേശിയായ പതിമൂന്നുകാരൻ മൃദുൽ ആണ് ഏറ്റവുമൊടുവിൽ മരണപ്പെട്ടത്. കുളത്തിൽ കുളിച്ച് രണ്ടു ദിവസത്തിന് ശേഷമാണ് രോഗലക്ഷണങ്ങൾ കണ്ടത്. ജൂൺ അവസാനം കണ്ണൂർ സ്വദേശി പതിമൂന്നുകാരി ദക്ഷിണ മരണപ്പെട്ടിരുന്നു. മൂന്നാറിൽ പഠനയാത്ര പോയ സമയത്ത് പൂളിൽ കുളിച്ചതിൽ നിന്നാണ് രോഗം പിടിപെട്ടതായി പറയപ്പെടുന്നു. മലപ്പുറം മുന്നിയൂർ സ്വദേശിനിയായ അഞ്ചുവയസ്സുകാരി മെയ് മാസത്തിലാണ് മരിച്ചത്. കടലുണ്ടി പുഴയിൽ കുളിച്ച് ഒരാഴ്ച കഴിഞ്ഞപ്പോഴാണ് രോഗലക്ഷണമുണ്ടായത്. ഇത്തരത്തിൽ അമീബിക് മസ്തിഷ്ക ജ്വരം ബാധിച്ചുള്ള കേസുകൾ വർദ്ധിച്ചുവരുന്ന പശ്ചാത്തലത്തിൽ ഈ രോഗത്തെ കുറിച്ചും രോഗലക്ഷണങ്ങളെ കുറിച്ചും പ്രതിരോധ മാർഗങ്ങളെ കുറിച്ചും നമുക്ക് മനസിലാക്കാം.

### പ്രതിരോധ നടപടികൾ

കെട്ടിക്കിടക്കുന്നതോ വൃത്തിയില്ലാത്തതോ ആയ വെള്ളത്തിൽ കുളിക്കുക, മൂക്കിലൂടെ വെള്ളമൊഴിക്കുക തുടങ്ങിയവയിലൂടെയാണ് അമീബ ശരീരത്തിലെത്തുക. അതിനാൽ കെട്ടിക്കിടക്കുന്ന വെള്ളത്തിലോ നീർചാലിലോ കുളിക്കാതിരിക്കുക,മൂക്കിലേക്ക് വെള്ളം ഒഴിക്കാതിരിക്കുക എന്നിവയിലൂടെ രോഗം വരാതെ നോക്കാം. രോഗലക്ഷണങ്ങൾ കണ്ടാൽ അവഗണിക്കാതെ എത്രയും വേഗം ഡോക്ടറെ കാണിക്കുക.ശരിയായ രീതിയിൽ ക്ലോറിനേറ്റ് ചെയ്ത നീന്തൽ കുളങ്ങളിൽ മാത്രം കുളിക്കുക.

### എന്താണ് അമീബിക് മെനിഞ്ചോ എൻസെഫലൈറ്റിസ്?

കെട്ടിക്കിടക്കുന്നതോ ഒഴുകുന്നതോ ആയ ജലസ്രോതസുകളുമായി ബന്ധമുള്ള ആളുകളിൽ വളരെ അപൂർവമായി കാണുന്ന രോഗമാണ് അമീബിക് മെനിഞ്ചോ എൻസെഫലൈറ്റിസ്. ഈ അപൂർവ്വ രോഗത്തെ കുറിച്ച് ശാസ്ത്രീയ പഠനങ്ങളും പഠനഫലങ്ങളും വളരെ കുറവാണ്. സാധാരണായി നേഗ്ലെറിയ ഫൗലേറി എന്ന അമീബ വിഭാഗത്തിൽപെട്ട രോഗാണു തലച്ചോറിനെ ബാധിക്കുമ്പോഴാണ് രോഗം ഉണ്ടാകുന്നത്. മനുഷ്യരിൽ നിന്ന് മനുഷ്യരിലേക്ക് ഇത് പകരുന്നില്ല. കെട്ടിക്കിടക്കുന്ന വെള്ളത്തിൽ ജീവിക്കുന്ന അമീബ മൂക്കിലെ നേർത്ത തൊലിയിലൂടെ മനുഷ്യശരീരത്തിൽ കടക്കുകയും തലച്ചോറിനെ ഗുരുതരമായി ബാധിക്കുന്ന മസ്തിഷ്ക ജ്വരം ഉണ്ടാക്കുകയുമാണ് ചെയ്യുന്നത്.

### ആദ്യം റിപ്പോർട്ട് ചെയ്തത് 2016ൽ

സംസ്ഥാനത്ത് മുമ്പ് ആറു പേർക്കാണ് രോഗം ബാധിച്ചതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്. 2016ൽ ആലപ്പുഴയിൽ ഒരു കുട്ടിക്കാണ് ആദ്യം രോഗം റിപ്പോർട്ട് ചെയ്തത്. 2019ൽ മലപ്പുറത്തും 2020ൽ മലപ്പുറത്തും കോഴിക്കോട്ടും 2022ൽ തൃശൂരിലും 2023ൽ ആലപ്പുഴയിലും ഒരോ കുട്ടിക്കുവീതം രോഗം ബാധിച്ചു.



### രോഗ ലക്ഷണങ്ങൾ

രോഗബാധ ഉണ്ടായി ഒന്നുമുതൽ ഒമ്പത് ദിവസങ്ങൾക്കുള്ളിലാണ് രോഗലക്ഷണങ്ങൾ ഉണ്ടാകുന്നത്. തീവ്രമായ തലവേദന, പനി, ഓക്കാനം, ഛർദി, കഴുത്ത് തിരിക്കാൻ ബുദ്ധിമുട്ട് തുടങ്ങിയവയാണ് പ്രാഥമിക ലക്ഷണങ്ങൾ. പിന്നീട് ഗുരുതരാവസ്ഥയിൽ എത്തുമ്പോൾ അപസ്മാരം,ബോധക്ഷയം, ഓർമക്കുറവ് തുടങ്ങിയ ലക്ഷണങ്ങളും ഉണ്ടാവുന്നു. നട്ടെല്ലിൽ നിന്നും സ്രവം കുത്തിയെടുത്ത് പരിശോധിക്കുന്നത് വഴിയാണ് രോഗനിർണയം നടത്തുന്നത്. കെട്ടിക്കിടക്കുന്ന വെള്ളത്തിൽ കുളിക്കുന്നവർ ഈ രോഗ ലക്ഷണങ്ങൾ കണ്ടാൽ ഇക്കാര്യം പറഞ്ഞ് ചികിത്സ തേടേണ്ടതാണ്.

## റവന്യു റിക്കവറി നടപടികൾക്ക് മൊറട്ടോറിയം; സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് നിയമസഭയിൽ

തിരുവനന്തപുരം: റവന്യു റിക്കവറി നടപടികൾക്ക് നിശ്ചിതകാലത്തേക്ക് നിബന്ധനകളോടെ മൊറട്ടോറിയം പ്രഖ്യാപിക്കാൻ സർക്കാരിന് അധികാരം നൽകുന്ന കേരള നികുതി വസൂലാക്കൽ (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് റവന്യു മന്ത്രി കെ രാജൻ നിയമസഭയിൽ സമർപ്പിച്ചു. നേരത്തെ ഹൈക്കോടതി പരിഗണിച്ച കേസിൽ ആർആർ നടപടി സ്റ്റേ ചെയ്യാൻ സർക്കാരിന് അനുമതി ഇല്ലെന്ന് നിരീക്ഷിച്ചിരുന്നു. ഇതേ തുടർന്നാണ് നിയമ ഭേദഗതിയിൽ മൊറട്ടോറിയം പ്രഖ്യാപിക്കാനുള്ള അധികാരം ചേർത്തത്. റവന്യു റിക്കവറി തുകയുടെ പലിശ നിരക്ക് നിലവിൽ 12 ശതമാനമാണ്. അത് ഒമ്പത് ആയി കുറച്ചു. സ്ഥാപനവും വ്യക്തിയും തമ്മിലുള്ള ബാധ്യത സംബന്ധിച്ച കരാറിലെ പലിശ നിരക്ക് ഒമ്പത് ശതമാനത്തിൽ കുറവാണെങ്കിൽ, ആ പലിശയേക്കാൾ കൂടുതൽ ഈടാക്കാനാവില്ല എന്നും ഭേദഗതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ജപ്തി ചെയ്ത ജംഗമ വസ്തുക്കളുടെ വില്പന, ലേലം എന്നിവയിലും കാലാനുസൃതമായ ജനകീയ മാറ്റമാണ് നിയമത്തിൽ വരുത്തിയിരിക്കുന്നത്. സ്ഥാവര, ജംഗമ വസ്തുക്കളുടെ പൊതുലേലത്തിനൊപ്പം ഇ-ലേലവും ഉൾപ്പെടുത്തി. പത്രങ്ങൾക്കുപുറമെ ജില്ലാ ഭരണകൂടത്തിന്റെ വെബ്സൈറ്റിലും നോട്ടീസ് പ്രസിദ്ധീകരിക്കാം. മതിയായ തുകയ്ക്ക് ലേലം കൊള്ളാൻ ആളില്ലെങ്കിൽ സർക്കാരിലേക്ക് ലേലം കൊള്ളുന്ന വ്യവസ്ഥയാണ് നിലവിൽ. ഇതിൽ സർക്കാർ നോട്ടിഫൈ ചെയ്യുന്ന സ്ഥാപനങ്ങളുടെ പേർക്കും ലേലം ചെയ്യാം എന്നും ഉൾപ്പെടുത്തിയിട്ടുണ്ട്.

## കാലിത്തീറ്റക്ക് 100 രൂപ സബ്സിഡി പ്രഖ്യാപിച്ച് മിൽമ

തിരുവനന്തപുരം: ക്ഷീരസംഘങ്ങൾ വഴി വിൽക്കുന്ന ഓരോ ചാക്ക് മിൽമ കാലിത്തീറ്റയ്ക്കും 100 രൂപ സബ്സിഡി നൽകാൻ തിരുവനന്തപുരം മേഖല യൂണിയൻ ഭരണസമിതി തീരുമാനിച്ചു. ജൂലൈ, ഓഗസ്റ്റ് മാസങ്ങളിൽ വിൽപ്പന നടത്തുന്ന കാലിത്തീറ്റയ്ക്കാണ് സബ്സിഡി അനുവദിച്ചത്. കർഷകരുടെ പാലളവിന് ആനുപാതികമായിട്ടായിരിക്കും കാലിത്തീറ്റ സബ്സിഡി നൽകുക. ഈയിനത്തിൽ ഏകദേശം 1.25 കോടി രൂപയുടെ അധികചെലവാണ് മേഖല യൂണിയന് ഉണ്ടാകുന്നത്. 2024-25 സാമ്പത്തികവർഷം ക്ഷീരകർഷകരുടെ ക്ഷേമത്തിനായി 20 കോടി രൂപ വകയിരുത്തി വിവിധ പദ്ധതികളാണ് യൂണിയൻ നടപ്പാക്കി വരുന്നത്. ഇതിനു പുറമേയാണ് കാലിത്തീറ്റ സബ്സിഡി നൽകുന്നത്. ഇൻഷർ ചെയ്യുന്ന കാലാവധിക്ക് അനുസൃതമായി 2000 രൂപ മുതൽ 3500 രൂപ വരെ സബ്സിഡി അനുവദിക്കുന്നതിന് 1 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

## കോടതി ഫീസ് വർദ്ധനവ്: നാളെ അഭിഭാഷകർ പ്രതിഷേധിക്കും

കോഴിക്കോട്: സംസ്ഥാന ബഡ്ജറ്റിലെ നിർദ്ദേശ പ്രകാരം സംസ്ഥാനത്തെ കോടതി ഫീസുകളിൽ വലിയ വർദ്ധനവ് വരുത്തിയതിൽ പ്രതിഷേധിച്ച് നാളെ 11 മുതൽ 11.15 വരെ കോടതി നടപടികളിൽ നിന്നു വിട്ടു നിന്നു പ്രതിഷേധിക്കുമെന്ന് ദ കാലിക്കറ്റ് ബാർ അസോസിയേഷൻ ഭാരവാഹികൾ പത്രസമ്മേളനത്തിൽ അറിയിച്ചു.

കുടുംബ കോടതികളിൽ ഫയൽ ചെയ്യുന്ന കേസുകളിലെയും കൂടാതെ ചെക്ക് കേസുകളിലേയും കോടതി ഫീസുകളിൽ നീതീകരിക്കാൻ പറ്റാത്ത വിധത്തിലുള്ള ഭീമമായ ഫീസാണ് നിശ്ചയിച്ചിരിക്കുന്നത്. സ്വർണ്ണവും പണവും ഉൾപ്പെടെയുള്ള മുതലുകൾ തിരിച്ചു കിട്ടാൻ കുടുംബ കോടതികളെ സമീപിക്കേണ്ട സാഹചര്യം വരുന്ന സാധാരണക്കാർക്ക് പ്രത്യേകിച്ച് സ്ത്രീകൾക്ക് താങ്ങാൻ കഴിയാത്ത വിധം കോടതി ഫീസുകളിൽ വർദ്ധനവാണ് നടപ്പാക്കിയിരിക്കുന്നത്. ഇത്തരം കേസുകളിൽ 50 രൂപ മാത്രം അടച്ചു കുടുംബ കോടതിയിൽ കേസ് ഫയലാക്കുവാൻ സാധിച്ചിരുന്നെങ്കിൽ ഇപ്പോൾ അത് വ്യവഹാര സലക്കനുസരിച്ചു 2% വരെ വർദ്ധനവ് വരുത്തിയിരിക്കുകയാണ്. 25 പവൻ സ്വർണ്ണാഭരങ്ങൾ തിരികെ കിട്ടാൻ കേസ് ബോധിപ്പിക്കണമെങ്കിൽ 25,000 / രൂപ കോടതി ഫീസ് അടവാക്കേണ്ടുന്ന നിർദ്ദേശമാണ് നടപ്പാക്കിയിരിക്കുന്നത്. സ്വർണ്ണവും പണവും ഉൾപ്പെടുന്ന ഇടപാടുകളിൽ ഇരകൾക്ക് നീതി നിഷേധിക്കപ്പെടുന്ന സാഹചര്യമാണ് സംജാതമായിരിക്കുന്നത്.

അതേപോലെ ചെക്ക് കേസുകൾക്കും കോടതി ഫീസിൽ വൻ വർദ്ധനവാണ് വരുത്തിയിരിക്കുന്നത്. 10 രൂപ കോടതി ഫീസ് അടച്ച് ചെക്ക് കേസ് ഫയൽ ചെയ്യാൻ കഴിയുമായിരുന്നെങ്കിൽ ഇപ്പോൾ അത് ചെക്ക് തുകയുടെ അടിസ്ഥാനത്തിൽ 3 ലക്ഷം രൂപ വരെ കോടതി ഫീസ് അടവാക്കേണ്ടതായി വന്നിരിക്കുന്നു. നീതി കിട്ടാൻ വൻ തുക കോടതി ഫീസ് അടക്കേണ്ടി വരുമ്പോൾ ആയത് നീതി നിഷേധത്തിനു വഴി വെക്കുകയും സമൂഹത്തിന്റെ പ്രതികരണ ശേഷി ഇല്ലാതാക്കുകയുമാണ് . കോടതി ഫീസ് പരിഷ്കരണത്തെ കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ സർക്കാർ നിശ്ചയിച്ച ജസ്റ്റിസ് വികെ മോഹനൻ (റിട്ട) നേതൃത്വത്തിലുള്ള കമ്മിറ്റി മുമ്പാകെ ബാർ അസോസിയേഷനും അഭിഭാഷകസംഘടനകളും ഈ കാര്യങ്ങൾ ബോധിപ്പിച്ചിട്ടുണ്ടെന്ന് പത്രസമ്മേളനത്തിൽ എംജി കാലിക്കറ്റ് ബാർ അസോസിയേഷൻ പ്രസിഡന്റ് എംജി അശോകൻ, അഡ്വ.പി രാജേഷ് കുമാർ, അഡ്വ. ശ്രീകാന്ത് സോമൻ, അഡ്വ.മുഹമ്മദ് ജാസിം അറിയിച്ചു.

### പോളിടെക്നിക് ഡിപ്ലോമ ലാറ്ററൽ എൻട്രി -സ്പോട്ട് അഡ്മിഷൻ

തിരുവനന്തപുരം: 2024-25 അധ്യയന വർഷത്തിലെ സംസ്ഥാനത്തെ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സർക്കാർ/എയ്ഡഡ്/ സ്വാശ്രയ പോളിടെക്നിക് കോളജുകളിലെ പോളിടെക്നിക് ഡിപ്ലോമ രണ്ടാം വർഷത്തിലേക്ക് നേരിട്ടുള്ള ലാറ്ററൽ എൻട്രി പ്രവേശനത്തിന്റെ സ്പോട്ട് അഡ്മിഷൻ ജൂലൈ 5 മുതൽ ജൂലൈ 9 വരെ അതാതു സ്ഥാപനങ്ങളിൽ നടത്തും. അപേക്ഷകർ www.polyadmission.org/let ൽ പ്രസിദ്ധീകരിച്ചിട്ടുള്ള ഷെഡ്യൂളിൽ പ്രതിപാദിച്ചിരിക്കുന്ന സമയക്രമമനുസരിച്ച് സ്ഥാപനത്തിൽ നേരിട്ട് ഹാജരാകേണ്ടതാണ്. സ്പോട്ട് അഡ്മിഷനിൽ അപേക്ഷകന് ഏത് സ്ഥാപനത്തിലേയും ഏത് ബ്രാഞ്ചുകളിലേയ്ക്കും പുതിയ ഓപ്ഷനുകൾ നൽകാം. നിലവിൽ ഇതു വരെ അപേക്ഷ സമർപ്പിച്ചിട്ടില്ലാത്തവർക്കും ഓൺലൈനായോ നേരിട്ട് സ്ഥാപനത്തിൽ ഹാജരായോ അപേക്ഷ സമർപ്പിക്കാം.

### നാല് ജില്ലകളിൽ ഇന്ന് യെല്ലോ അലർട്ട്

തിരുവനന്തപുരം: ഒറ്റപ്പെട്ട ശക്തമായ മഴയ്ക്കുള്ള സാധ്യതയുള്ളതിനാൽ മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർകോട് ജില്ലകളിൽ ഇന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് മഞ്ഞ അലർട്ട് പ്രഖ്യാപിച്ചു. കേരള തീരത്തും തമിഴ്നാട് തീരത്തും ഇന്ന് രാത്രി 11.30 വരെ കള്ളക്കടൽ പ്രതിഭാസത്തിനും ഉയർന്ന തിരമാലയ്ക്കും സാധ്യതയുള്ളതിനാൽ ഈ പ്രദേശങ്ങളിലെ മത്സ്യത്തൊഴിലാളികളും തീരദേശവാസികളും പ്രത്യേക ജാഗ്രത പാലിക്കണം. ജൂലൈ ഏഴ് വരെ കേരളത്തിൽ ഒറ്റപ്പെട്ടയിടങ്ങളിൽ ഇടിമിന്നലോടുകൂടിയ മഴയ്ക്ക് സാധ്യതയുണ്ടെന്നും കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറയിച്ചു.

## ■ തദ്ദേശ തിരഞ്ഞെടുപ്പ്

# 2.66 കോടി വോട്ടർമാർ

### സ്ത്രീ വോട്ടർമാർ 1.40 കോടി

### കൂടുതൽ വോട്ടർമാർ മലപ്പുറത്ത്; 38 ലക്ഷം

തിരുവനന്തപുരം: ജൂലൈ ഒന്നിന് പ്രസിദ്ധീകരിച്ച സംസ്ഥാനത്തെ തദ്ദേശസ്ഥാപനങ്ങളുടെ വോട്ടർപട്ടികയിലുള്ളത് 2,66,72,979 വോട്ടർമാർ. സ്ത്രീ വോട്ടർമാരാണ് കൂടുതൽ, 1,40,43,026. പുരുഷ വോട്ടർമാർ 1,26,29,715. വോട്ടർ പട്ടികയിലുള്ള ട്രാൻസ്ജെൻഡറുകളുടെ എണ്ണം 238. കഴിഞ്ഞ ജനുവരി ഒന്നാം തീയതിയോ അതിന് മുൻപോ 18 വയസ്സ് പൂർത്തിയായവരെ ഉൾപ്പെടുത്തിയാണ് പട്ടിക തയ്യാറാക്കിയത്.

സംക്ഷിപ്ത പുതുക്കലിനായി ജൂൺ ആറിന് പ്രസിദ്ധീകരിച്ച കരട് വോട്ടർപട്ടികയിൽ 2,68,57,023 വോട്ടർമാരുണ്ടായിരുന്നു. അവരിൽ മരണമോ , താമസം മാറിയതോ മൂലം അനർഹരായ 4,52,951 പേരെ ഒഴിവാക്കിയും അർഹരായ 2,68,907 പേരെ പുതുതായി ചേർത്തുമാണ് അന്തിമപട്ടിക പ്രസിദ്ധീകരിച്ചത്. കരട് വോട്ടർപട്ടിക സംബന്ധിച്ച് ജൂൺ 21 വരെ ലഭിച്ച അപേക്ഷകളും ആക്ഷേപങ്ങളും പരിശോധിച്ചാണ് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ (ഇ.ആർ.ഒ) അന്തിമ വോട്ടർപട്ടിക തയ്യാറാക്കിയത്. ഇ.ആർ.ഒയുടെ തീരുമാനത്തിനെതിരെ തദ്ദേശ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർക്ക് അപ്പീൽ നൽകാവുന്നതാണ്. ഇ.ആർ.ഒയുടെ ഉത്തരവ് തീയതി മുതൽ 15 ദിവസത്തിനകമാണ് അപ്പീൽ നൽകേണ്ടത്. 14 ജില്ലകളിലായി 941 ഗ്രാമപഞ്ചായത്തുകളിലെ 15962 വാർഡുകളിലെയും 87 മുനിസിപ്പാലിറ്റികളിലെ 3113 വാർഡുകളിലെയും ആറ് കോർപ്പറേഷനുകളിലെ 414 വാർഡുകളിലെയും അന്തിമ വോട്ടർപട്ടികയാണ് പ്രസിദ്ധീകരിച്ചത്. വോട്ടർപട്ടിക കമ്മീഷന്റെ sec.kerala.gov.in വെബ്സൈറ്റിലും അതാത് തദ്ദേശ സ്ഥാപനങ്ങളിലും താലൂക്ക്, വില്ലേജ് ഓഫീസുകളിലും പരിശോധനയ്ക്ക് ലഭ്യമാണ്. വോട്ടർമാരുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ:

| ജില്ല | പുരുഷൻ | സ്ത്രീ | ആകെ |
|---|---|---|---|
| തിരുവനന്തപുരം | 12,72,003 | 14,61,073 | 27,33,099 |
| കൊല്ലം | 9,86,999 | 11,37,896 | 21,24,915 |
| പത്തനംതിട്ട | 4,71,052 | 5,49,257 | 10,20,312 |
| ആലപ്പുഴ | 7,92,212 | 9,02,724 | 16,94,947 |
| കോട്ടയം | 7,39,020 | 8,00,015 | 15,39,044 |
| ഇടുക്കി | 4,23,337 | 4,43,595 | 8,66,937 |
| എറണാകുളം | 12,02,445 | 12,94,606 | 24,97,084 |
| തൃശൂർ | 12,14,497 | 13,78,231 | 25,92,752 |
| പാലക്കാട് | 10,71,563 | 11,77,073 | 22,48,655 |
| മലപ്പുറം | 15,84,709 | 16,84,178 | 32,68,932 |
| കോഴിക്കോട് | 11,77,645 | 13,02,125 | 24,79,793 |
| വയനാട് | 2,92,765 | 3,10,146 | 6,02,917 |
| കണ്ണൂർ | 9,15,365 | 10,66,266 | 19,81,641 |
| കാസർകോട് | 4,86,103 | 5,35,841 | 10,21,951 |

## ബി.ടെക് എൻ.ആർ.ഐ സീറ്റുകളിലേക്ക് അപേക്ഷ ക്ഷണിച്ചു

തിരുവനന്തപുരം: എൽ.ബി.എസ് സെന്ററിന് കീഴിൽ പ്രവർത്തിക്കുന്ന പൂജപ്പുര എൽ.ബി.എസ്. വനിതാ എഞ്ചിനീയറിംഗ് കോളജിലേക്കും കാസർകോട് എൽ.ബി.എസ് എഞ്ചിനീയറിംഗ് കോളജിലേക്കും ബി.ടെക് എൻ.ആർ.ഐ സീറ്റുകളിലേക്ക് പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു. സിവിൽ എഞ്ചിനീയറിംഗ്, കമ്പ്യൂട്ടർ സയൻസ് ആൻഡ് എഞ്ചിനീയറിംഗ്, ഇലക്ട്രോണിക്സ് ആൻഡ് കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിംഗ്, ഇൻഫർമേഷൻ ടെക്നോളജി, ഇലക്ട്രോണിക്സ് ആൻഡ് കമ്പ്യൂട്ടർ എഞ്ചിനീയറിംഗ്, ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ്, മെക്കാനിക്കൽ എഞ്ചിനീയറിംഗ് എന്നീ ബ്രാഞ്ചുകളിലെ എൻ.ആർ.ഐ സീറ്റുകളിലേക്കാണ് ഓൺലൈനായി അപേക്ഷ ക്ഷണിച്ചത്. കീം പ്രവേശനപരീക്ഷ യോഗ്യത നിർബന്ധമല്ല. അപേക്ഷിക്കാനുള്ള അവസാന തീയതി ജൂലൈ 26. കൂടുതൽ വിവരങ്ങൾക്ക്: www.lbscentre.kerala.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കാം. കൂടാതെ 9895983656, 9995595456 (പൂജപ്പുര), 9496358213 (കാസർകോട്) എന്നീ ഫോൺ നമ്പറുകളിലും ബന്ധപ്പെടാം.

### ചന്ദ്രിക-ടാൽറോപ് ബിസിനസ് കൺസൽറ്റന്റ്സ് കോൺഫറൻസ്

## കോഴിക്കോടൻ ഗ്രാമങ്ങളിനി ടെക്നോളജിയുടെയും സ്റ്റാർട്ടപ്പുകളുടെയും ചരിത്രമെഴുതും

വടകര: ടെക്നോളജി നിയന്ത്രിത ലോകത്തേക്ക് ഗ്രാമങ്ങളെ കൈപിടിച്ചുയർത്തേണ്ടതിന്റെ അനിവാര്യതയും ടാൽറോപിന്റെ സിലിക്കൺവാലി മോഡൽ കേരളമെന്ന ആശയവും സജീവ ചർച്ചകൾക്ക് വിധേയമാക്കി ചന്ദ്രിക-ടാൽറോപ് ബിസിനസ് കൺസൽറ്റന്റ്സ് കോൺഫറൻസ്.

കേരളത്തിന്റെ സവിശേഷതകൾക്കനുയോജ്യമായ സംരംഭക സാധ്യതകളും ടെക്നോളജി നിയന്ത്രിത ലോകത്തേക്ക് ഗ്രാമങ്ങളെ കൈപിടിച്ചുയർത്തേണ്ടതിന്റെ അനിവാര്യതയും ഉൾപ്പടെയുള്ള ചർച്ചകളാൽ സമ്പന്നമായിരുന്നു കോഴിക്കോട് ആയഞ്ചേരി മെഡോവ്യൂ റിസോർട്ടിൽ നടന്ന കോൺഫറൻസ്.



ആയഞ്ചേരിയിൽ വെച്ച് നടന്ന ചന്ദ്രിക-ടാൽറോപ് ബിസിനസ് കൺസൽറ്റന്റ്സ് കോൺഫറൻസിൽ ടാൽറോപ് കോ-ഫൗണ്ടർ ആന്റ് സി.ഇ.ഒ സഫീർ നജുമുദ്ദീൻ പ്രൊജക്ട് പ്രസന്റേഷൻ നിർവ്വഹിക്കുന്നു.

കേരളത്തിന്റെ ഭൂപ്രകൃതിക്ക് അനുയോജ്യമായി, ആഗോള തലത്തിൽ സ്കെയിൽ ചെയ്യാൻ കഴിയുന്ന സംരംഭങ്ങൾ പിറവിയെടുക്കാൻ ആവശ്യമായ ഇക്കോസിസ്റ്റം എഡ്യൂക്കേഷൻ, ഐ.ടി, സ്റ്റാർട്ടപ്പ്, ടൂറിസം, ഹെൽത്ത് കെയർ തുടങ്ങിയ മേഖലകളിൽ ഡവലപ് ചെയ്യുകയാണ് ടാൽറോപ്. ബാലുശ്ശേരി, എലത്തൂർ, കോഴിക്കോട് നോർത്ത്, കോഴിക്കോട് സൗത്ത്, ബേപ്പൂർ, കുന്ദമംഗലം, കൊടുവള്ളി എന്നീ ഏഴ് നിയോജക മണ്ഡലങ്ങളിലും ഈ ഒരു ഇക്കോസിസ്റ്റം ഡവലപ്മെന്റ് പൂർത്തിയാക്കുന്നതിന്റെ ഭാഗമായി കോഴിക്കോട് പാർലമെന്ററി കോൺസ്റ്റ്യൂറ്റുവൻസി ഓഫീസ് ഹൈ ലൈറ്റ് ബിസിനസ് പാർക്ക് കേന്ദ്രീകരിച്ച് കഴിഞ്ഞ രണ്ടു വർഷമായി പ്രവർത്തിച്ചു വരുന്നു.

കേരളത്തിലെ മുഴുവൻ തദ്ദേശസ്വയംഭരണ പ്രദേശങ്ങളെയും കേന്ദ്രീകരിച്ച് 941 ഗ്രാമപ്പഞ്ചായത്തുകളിലും 87 മുനിസിപ്പാലിറ്റികളിലും ആറു കോർപറേഷനുകളിലുമായി ടാൽറോപിന്റെ ടെക്നോളജി ആന്റ് കമ്മ്യൂണിറ്റി ഹബ്ബായ വില്ലേജ് പാർക്കുകൾ ഒരുങ്ങുകയാണ്. 1064 വില്ലേജ് പാർക്കുകളാണ് ടാൽറോപ് കേരളത്തിൽ നിർമ്മിക്കുന്നത്. കോഴിക്കോട് ജില്ലയിലെ മുഴുവൻ തദ്ദേശസ്വയം ഭരണ പ്രദേശങ്ങളിലും വില്ലേജ് പാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു.

കോൺഫറൻസിൽ ടാൽറോപ് കോ-ഫൗണ്ടർ ആന്റ് സി.ഇ.ഒ സഫീർ നജുമുദ്ദീൻ പ്രൊജക്ട് പ്രസന്റേഷൻ നിർവ്വഹിച്ചു. മുസ്‌ലിം ലീഗ് സംസ്ഥാന സെക്രട്ടറി പാറക്കൽ അബ്ദുള്ള, കോഴിക്കോട് ജില്ലാ ട്രഷറർ സൂപ്പി നരിക്കാട്ടേരി, യു.ഡി.എഫ് കോഴിക്കോട് ജില്ലാ കൺവീനർ അഹമ്മദ് പുന്നക്കൽ, ചന്ദ്രിക അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ കെ.എം സൽമാൻ, മുസ്‌ലിം യൂത്ത് ലീഗ് കോഴിക്കോട് ജില്ലാ സെക്രട്ടറി എം.പി ഷാജഹാൻ, നാദാപുരം മണ്ഡലം ജനറൽ സെക്രട്ടറി ഹാരിസ് ഈന്തുള്ളതിൽ, കുറ്റ്യാടി മണ്ഡലം ജനറൽ സെക്രട്ടറി സി.എ നൗഫൽ, ചന്ദ്രിക റസിഡന്റ് മാനേജർ പി.എം മുനീബ് ഹസൻ സംസാരിച്ചു.

### ഗുരുദേവകോളജ് അക്രമം

## പ്രിൻസിപ്പൽമാർ പ്രതിഷേധിച്ചു

മലപ്പുറം: കോഴിക്കോട് കൊയിലാണ്ടി ഗുരുദേവ കോളേജ് പ്രിൻസിപ്പൽ ഡോ. സുനിൽ ഭാസ്കറിന് നേരെയുണ്ടായ എസ്.എഫ്.ഐ അക്രമത്തിൽ കേരള അൺ എയ്ഡഡ് കോളജ് പ്രിൻസിപ്പൽസ് കൗൺസിലിന്റെ ആഭിമുഖ്യത്തിൽ ചേർന്ന പ്രിൻസിപ്പൽമാരുടെയും മാനേജ്മെന്റ് പ്രതിനിധികളുടെയും യോഗം ശക്തമായ പ്രതിഷേധം രേഖപ്പെടുത്തി.

വിദ്യാർഥി സംഘടനാപ്രവർത്തനത്തിന്റെ പേരിൽ കോളജിന് പുറത്ത് നിന്നുള്ളവർ ക്യാമ്പസുകളിലെത്തി അക്രമപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത് തടയുന്നതിനാവശ്യമായ നിയമനിർമാണം നടത്തുന്നതിന് സർക്കാർ തയ്യാറാകണം. കാമ്പസ് രാഷ്ട്രീയത്തിനെതിരെ നിരവധി കോടതി വിധിക ളുണ്ടായിട്ടും സർക്കാറിന്റെയും പൊലീസിന്റെയും നിസംഗത മൂലം കോളജുകൾക്കും ഇവ നടപ്പിലാക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത്.

നാല് വർഷ ബിരുദകോഴ്സുകളടക്കമുള്ള സർക്കാർ പരിഷ്ക്കാരങ്ങൾ നടപ്പിലാക്കാൻ എല്ലാ വിധ പിന്തുണയും സഹകരണവും നൽകുന്ന കോളജ് മാനേജ്മെന്റുകളുടെയും പ്രിൻസിപ്പൽമാരുടെയും അധ്യാപകരുടെയും ജീവനക്കാരുടെയും മനോവീര്യം തകർക്കുന്നതാണ് ഗുരുദേവ കോളജിലുണ്ടായ അതിക്രമങ്ങൾ. അക്രമസംഭവത്തിന് ശേഷവും പ്രിൻസിപ്പലിനെതിരെ പരസ്യമായി അക്രമഭീഷണി മുഴക്കികൊണ്ടിരിക്കുന്ന വിദ്യാർഥിസംഘടനാ നേതാവിനെതിരെ ശക്തമായ നിയമ നടപടികൾ സ്വീകരിക്കാൻ പൊലീസ് തയ്യാറാകണം. 8ന് സംസ്ഥാന വ്യാപകമായി അൺ എയ്ഡഡ് കോളജ് പ്രിൻസിപ്പൽമാർ കറുത്ത ബാഡ്ജ് ധരിച്ച് പ്രതിഷേധം രേഖപ്പെടുത്തുകയും ഉപവസിക്കുകയും ചെയ്യും. കേരളാ അൺ എയ്ഡഡ് കോളജ് പ്രിൻസിപ്പൽസ് കൗൺസിൽ പ്രസിഡന്റ് മേജർ ഇബ്രാഹിം അധ്യക്ഷനായി. ജനറൽ സെക്രട്ടറി ഡോ. ബാബു സി.പി. ഡോ. ടി. പി. അഹമ്മദ്, ഡോ. എം. ഉസ്മാൻ, ഫാദർ റവ. ജോയ്, ഡോ. വി. അനിൽ, സിസ്റ്റർ ഷൈനി, ഡോ. ഷബീർ, ഡോ. നിധിൻ, ഡോ. അബ്ദുൽ സമദ്, ഡോ. അനിത ശങ്കർ, ഡോ. മഹീൻ പ്രസംഗിച്ചു

> യു.എസ് പ്രസിഡന്റ് തിരഞ്ഞെടുപ്പിൽ നിന്ന് ജോ ബൈഡൻ പിന്മാറില്ല. അദ്ദേഹം പ്രചാരണവുമായി മുന്നോട്ടു പോവുകയാണ്. ബൈഡന് അൽഷിമേഴ്സോ ഡിമെൻഷ്യയോ ബാധിച്ചിട്ടില്ല. എങ്ങനെ ജോലി ചെയ്യണമെന്ന് പ്രസിഡന്റ് കൃത്യമായി അറിയാം. സംവാദത്തിനിടെ ഉറങ്ങിപോയ സംഭവമാണെങ്കിൽ അദ്ദേഹം തുടർച്ചയായി വിദേശയാത്രകൾ നടത്തിയതിന്റെ ക്ഷീണം കാരണം ഉറങ്ങി പോയതാണ്.
>
> **-കാരിൻ ജീൻ പിയറി**
> (വൈറ്റ്ഹൗസ് പ്രസ് സെക്രട്ടറി)

## ഹാജിമാരുടെ മടക്ക യാത്ര 1309 പേർ തിരിച്ചെത്തി

കൊണ്ടോട്ടി :സംസ്ഥാന ഹജ്ജ് കമ്മിറ്റി മുഖേന ഹജ്ജ് നിർവഹിച്ച തീർത്ഥാടകരിൽ 1309 പേർ മടങ്ങി എത്തി.എട്ട് വിമാനങ്ങളിലായാണ് ഇവർ തിരിച്ചെത്തിയത്. ഇന്നലെ രാവിലെ 8 മണിക്കും വൈകീട്ട് 3.40 നുമായി എത്തിയ 325 പേർ അടക്കമാണിത്. ഇന്ന് മൂന്ന് സർവീസുകളാണുള്ളത്. ഉച്ചക്ക് 1.5 ,വൈകീട്ട് 3.25,6.25 സമയങ്ങളിലാണിത്. വിത്തൗട്ട് മെഹ്റം വിഭാഗത്തിലെ സ്ത്രീ തീർത്ഥാടകരാണ് മൂന്ന് വിമാനങ്ങളിലുള്ളത്. മൊത്തം 12 സർവീസുകളാണ് സ്ത്രീ തീർത്ഥടകരുമായെത്തുന്നത്.

## ബ്രിട്ടീഷ് തിരഞ്ഞെടുപ്പ് പൂർത്തിയായി പ്രതീക്ഷയോടെ ലേബർ പാർട്ടി

ലണ്ടൻ: ബ്രിട്ടീഷ് പൊതു തിരഞ്ഞെടുപ്പ് പൂർത്തിയായി. 650 അംഗ പാർലമെന്റിലേക്ക് ഇന്നലെ പ്രാദേശിക സമയം രാവിലെ ആറു മുതൽ രാത്രി പത്തുവരെയായിരുന്നു വോട്ടെടുപ്പ്. പ്രധാനമന്ത്രി ഋഷി സുനകിന്റെ നേതൃത്വത്തിലുള്ള കൺസർവേറ്റീവ് പാർട്ടിയുടെ ഭരണത്തിൽ ജനം മനം മടുത്തിരുന്നതിനാൽ ലേബർ പാർട്ടിക്ക് ഏറെ വിജയ പ്രതീക്ഷ നൽകുന്നുണ്ട്. ഫലപ്രഖ്യാപനം ഇന്നു രാവിലെയോടെയുണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഭൂരിഭാഗം സർവേകളും ലേബർ പാർട്ടിക്ക് അനുകൂലമായാണ് വിധിയെഴുതിയത്.

വിദേശ വാർത്തകൾ

# വംശവെറിക്ക് അയവില്ല

## ഗസ്സയിൽ മരണം 38000 കടന്നു




1. ഗസ്സയിലെ ഖാൻ യൂനുസിൽ ഇസ്രാഈൽ വ്യോമാക്രമണത്തിൽ തകർന്ന അഞ്ചു നില കെട്ടിടത്തിന്റെ അവശിഷ്ടങ്ങൾക്കിടയിൽ കുടുങ്ങിയവരെ രക്ഷിക്കാൻ ശ്രമിക്കുന്നു. 2. കെട്ടിടത്തിനടിയിൽ കുടുങ്ങിയ ബന്ധുക്കളെ കാണാതെ പൊട്ടിക്കരയുന്ന ഫലസ്തീൻ യുവാവ്

ഗസ്സ: ഗസ്സയിൽ ഇസ്രാഈൽ നടത്തുന്ന സൈനിക ആക്രമണം എല്ലാ സീമകളും ലംഘിച്ച് ശക്തമായി തുടരുന്നു. ആക്രമണത്തിന്റെ ഒമ്പതു മാസം പൂർത്തിയാവാൻ രണ്ടു ദിവസം മാത്രം ബാക്കിനിൽക്കെ ഗസ്സയിലെ ഓരോ മുക്കും മൂലയും അരിച്ച് ആക്രമണം നടത്തുകയാണ് ഇസ്രാഈൽ. സൈനികർ ആക്രമണം നിർത്താൻ ആവശ്യപ്പെടുന്നുണ്ടെങ്കിലും ഇസ്രാഈൽ ഭരണകൂടം അതിന് തയാറാവാതെ ആക്രമണങ്ങൾക്ക് ആഹ്വാനം ചെയ്തു കൊണ്ടിരിക്കുകയാണ്. മനുഷ്യ മനസാക്ഷിയെ ഞെട്ടിക്കുന്ന ക്രൂരതകളാണ് ഓരോ ദിവസവും ഗസ്സയിൽ നിന്ന് പുറത്തുവരുന്നത്. യുദ്ധക്കുറ്റങ്ങൾ ലോകരാഷ്ട്രങ്ങൾ ചൂണ്ടിക്കാട്ടുമ്പോഴും സൈനിക നടപടിയിൽ നിന്ന് പിന്നോട്ടില്ലെന്നാണ് പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹു ഉൾപ്പടെ രാഷ്ട്രീയ നേതൃത്വം ആവർത്തിക്കുന്നത്. തങ്ങളുടെ വാക്കുകേൾക്കാതെ യുദ്ധവുമായി മുന്നോട്ടുപോകുന്ന ഇസ്രാഈൽ ഭരണകൂടവുമായി സൈന്യത്തിന് ഭിന്നത രൂക്ഷമായിരിക്കുകയാണ്. ഹമാസിനെ പൂർണമായും ഇല്ലാതാക്കാനാവില്ലെന്ന് ഇസ്രാഈൽ സൈനിക വക്താവ് ഡാനിയർ ഹാഗരി കഴിഞ്ഞ ദിവസം വ്യക്തമാക്കിയിരിക്കുന്നു. ഇസ്രാഈലിലെ ജനങ്ങളെ കണ്ണിൽ പൊടിയിടാനുള്ള തന്ത്രം മാത്രമാണ് നെതന്യാഹു ഭരണകൂടം യുദ്ധം തുടരുന്നതിലൂടെ പയറ്റുന്നതെന്ന് ഹാഗരി വ്യക്തമാക്കി. ഹമാസ് ഒരു ആശയമാണെന്നും അത് ജനങ്ങളുടെ ഹൃദയത്തിൽ ആഴത്തിൽ വേരൂന്നിയിട്ടുണ്ടെന്നുമായിരുന്നു സൈനിക വക്താവിന്റെ വെളിപ്പെടുത്തൽ. ആയുധവും ആത്മവിശ്വാസവും കുറയുന്നതിനാൽ യുദ്ധത്തിൽ ഏർപ്പെട്ടിരിക്കുന്ന ഓരോ സൈനികനും ഗസ്സയിൽ വെടിനിർത്തൽ ആഗ്രഹിക്കുന്നുണ്ടെന്നാണ് അന്താരാഷ്ട്ര മാധ്യമങ്ങൾ റിപ്പോർട്ടു ചെയ്യുന്നത്. ഭരണകൂടവും സൈനിക നേതൃത്വവും തമ്മിൽ ബന്ധം വഷളായതോടെ ഇസ്രാഈലിൽ സൈനിക അട്ടിമറി സാധ്യതയും തള്ളികളയാനാവില്ല.

ഗസ്സയിൽ വെടിനിർത്തൽ ആരംഭിക്കാൻ ഉന്നത സൈനിക ജനറൽമാർ ആഗ്രഹിക്കുന്നുവെന്ന് ന്യൂയോർക്ക് ടൈംസും റിപ്പോർട്ട് ചെയ്തു. 120 ബന്ദികളെ മോചിപ്പിക്കുന്നതിന് ഏറ്റവും നല്ല മാർഗം സന്ധിയായിരിക്കുമെന്നാണ് ഈ ജനറൽമാർ പറയുന്നത്. ഇസ്രാഈൽ സൈന്യത്തിൽ നിലവിലുള്ളതും നേരത്തെ ഉണ്ടായിരുന്നവരുമായ ആറ് സുരക്ഷാ ഉദ്യോഗസ്ഥരെ ചേർത്ത് തയാറാക്കിയ റിപ്പോർട്ടിലാണ് ന്യൂയോർക്ക് ടൈംസ് ഇക്കാര്യം വെളിപ്പെടുത്തുന്നത്.

നിലവിൽ ഇസ്രാഈൽ യുദ്ധ ക്യാബിനറ്റ് നിർദേശം പാലിച്ച് ഗസ്സയിൽ സൈന്യം ആക്രമണം തുടരുകയാണ്. കഴിഞ്ഞ 24 മണിക്കൂറിനിടെ ഗസ്സയിലെ വിവിധ ഇടങ്ങളിലുണ്ടായ ആക്രമണങ്ങളിൽ 58 പേർ കൊല്ലപ്പെട്ടു. ഇതോടെ ഒക്ടോബർ ഏഴിന് ആരംഭിച്ച യുദ്ധത്തിനിടെ കൊല്ലപ്പെട്ടവരുടെ എണ്ണം 38,011 ആയി ഉയർന്നു. 87445 പേർക്കാണ് ഇതുവരെ പരിക്കേറ്റത്. ഖാൻ യൂനുസിൽ നാസർ ആശുപത്രി പരിസരത്തെ അഞ്ചു നില കെട്ടിടത്തിനു നേരെയുണ്ടായ വ്യോമാക്രമണത്തിൽ ഏഴു ഫലസ്തീനികൾ കൊല്ലപ്പെട്ടു. യു.എൻ സ്കൂളിനു നേരെയുണ്ടായ വ്യോമാക്രണത്തിൽ നിരവധി പേർക്ക് പരിക്കേറ്റു. അതേസമയം, തെക്കൻ ഗസ്സയിലെ യുദ്ധ ബാധിത പ്രദേശങ്ങളിൽ ടെന്റുകളിലും മറ്റുമായി കഴിയുന്ന രണ്ടര ലക്ഷം ആളുകളോട് മറ്റിടങ്ങളിലേക്ക് മാറി പോകാൻ ഇസ്രാഈൽ സൈന്യം ആവശ്യപ്പെട്ടു. പിഞ്ചു കുഞ്ഞുങ്ങളെയും വയോവൃദ്ധരെയും പരിക്കേറ്റവരെയും കൊണ്ട് കാൽനടയായി പലരും ഇതിനകം മറ്റു മേഖലകളിലേക്ക് അഭയം തേടിയിറങ്ങിയതായി അൽജസീറ റിപ്പോർട്ട് ചെയ്തു. ലക്ഷകണക്കിന് ആളുകളാണ് കൈയിൽ കിട്ടിയ സാധനങ്ങളുമായി ജനിച്ച മണ്ണിലൂടെ ജീവനും കൊണ്ട് അലയുന്നത്. പ്രായാധിക്യം കാരണം ക്ഷീണിച്ച കാലുകൾ കൊണ്ട് നടക്കാൻ കഴിയാത്ത വയോധികർ ഒരിടത്തു നിന്ന് മറ്റൊരിടത്തേക്ക് കുടിയിറങ്ങാൻ കഴിയുന്നില്ലെന്നും നടക്കുന്നതിനിടയിൽ മരിച്ചു പോകാൻ ആഗ്രഹിക്കുന്നതായി പറയുന്നു. ഖാൻ യൂനുസിൽ നിന്നും റഫയിൽ നിന്നും ഒഴിഞ്ഞുപോകാനാണ് ഇസ്രാഈൽ നിലവിൽ ആവശ്യപ്പെട്ടിരിക്കുന്നത്. ഒക്ടോബറിൽ വടക്കൻ ഗസ്സയിൽ നിന്ന് 11 ലക്ഷം ജനങ്ങളോട് ഒഴിഞ്ഞുപോകാൻ ആവശ്യപ്പെട്ടതിനു ശേഷമുള്ള ഏറ്റവും വലിയ കുടിയൊഴിപ്പിക്കൽ ഉത്തരവാണിതെന്ന് ഐക്യരാഷ്ട്രസഭ വ്യക്തമാക്കി. ഇസ്രാഈലിന്റെ പുതിയ ഉത്തരവ് ജനങ്ങളുടെ ദുരിതം വർധിപ്പിക്കുമെന്ന് യു.എൻ വക്താവ് സ്റ്റീഫൻ ഡുജാറിക് വ്യക്തമാക്കി. ഖാൻ യൂനുസിൽ നിന്നും റഫയിൽ നിന്നും ഒഴിഞ്ഞുപോകാനുള്ള ഇസ്രാഈൽ ഉത്തരവ് ഗസ്സയിലെ മൂന്നിലൊന്ന് ജനങ്ങളെയും ബാധിക്കും. യു.എൻ ഏജൻസിയുടെ കണക്കുകൾപ്രകാരം ഈ ഭാഗങ്ങളിൽ രണ്ടര ലക്ഷത്തോളം പേർ കഴിയുന്നുണ്ട്. ഇത്രയും വലിയ ഒഴിപ്പിക്കൽ കുട്ടികളും സ്ത്രീകളും വയോധികരുമുൾപ്പെടെ സാധാരണക്കാർക്ക് ദുരിതം വർധിപ്പിക്കും. പലരും രണ്ടോ മൂന്നോ തവണ പലായനം ചെയ്തവരാണ്. സൗകര്യങ്ങളൊട്ടുമില്ലാത്ത മേഖലകളിലേക്കാണ് ഇവർക്കിനി പോവാനുള്ളത്. ദുരിതമാണിത്‘, അദ്ദേഹം വ്യക്തമാക്കി.

ശാശ്വത വെടിനിർത്തലിന് മധ്യസ്ഥർ മുന്നോട്ടുവെച്ച് ഉടമ്പടിയിൽ ഹമാസ് അനുകൂലമായി പ്രതികരിച്ചു. ഇസ്രാഈൽ ഇതുവരെ നിലപാട് വ്യക്തമാക്കിയിട്ടില്ല. അതിനിടെ, ലെബനൻ സായുധ സേനയായ ഹിസ്ബുല്ല ഇസ്രാഈലിനെതിരെ ആക്രമണം ശക്തമാക്കി. ഇന്നലെ ഇസ്രാഈൽ ആക്രമണത്തിൽ ഹിസ്ബുല്ല കമാൻഡർ മുഹമ്മദ് നിമാഹ് നാസർ കൊല്ലപ്പെട്ടതിനു പിന്നാലെയാണ് ഹിസ്ബുല്ല ആക്രമണം ശക്തമാക്കിയത്.

### അമേരിക്കൻ പ്രസിഡന്റ് തിരഞ്ഞെടുപ്പ്

## ബൈഡൻ മത്സരത്തിൽ നിന്ന് പിന്മാറില്ല: വൈറ്റ് ഹൗസ്

വാഷിങ്ടൺ: അമേരിക്കൻ പ്രസിഡന്റ് തിരഞ്ഞെടുപ്പിൽ നിന്ന് ജോ ബൈഡൻ മത്സരരംഗത്തു നിന്ന് പിന്മാറില്ലെന്ന് വൈറ്റ് ഹൗസ് വൃത്തങ്ങൾ അറിയിച്ചു. ബൈഡൻ പ്രചാരണവുമായി ശക്തിയുക്തം മുന്നോട്ട് പോവുകയാണെന്ന് വൈറ്റ് ഹൗസ് പ്രസ് സെക്രട്ടറി കാരിൻ ജീൻ പിയറി പറഞ്ഞു. മത്സരത്തിൽ നിന്ന് പിന്മാറാൻ ഡെമോക്രാറ്റിക് പാർട്ടിയിലെ മുതിർന്ന നേതാക്കൾ ബൈഡനുമേൽ സമ്മർദ്ദം ശക്തമാക്കിയതിനു പിന്നാലെയാണ് വൈറ്റ് ഹൗസ് വിശദീകരണവുമായി രംഗത്തുവന്നത്. കഴിഞ്ഞ ദിവസം നടന്ന ആദ്യ തിരഞ്ഞെടുപ്പ് സംവാദത്തിൽ റിപ്പബ്ലിക്കൻ സ്ഥാനാർത്ഥി ഡൊണാൾഡ് ട്രംപിന് മേൽക്കൈ വന്നതാണ് ഡെമോക്രാറ്റുകളെ ആശങ്കപ്പെടുത്തുന്നത്.

ഡെമോക്രാറ്റിക് പാർട്ടിയുടെ സ്ഥാനാർത്ഥിത്വത്തിൽ നിന്ന് ബൈഡനെ മാറ്റി മുൻ പ്രസിഡന്റ് ബറാക് ഒബാമയുടെ ഭാര്യ മിഷേൽ ഒബാമയെയോ വൈസ് പ്രസിഡന്റ് കമലാ ഹാരിസിനെയോ മത്സരിപ്പിക്കണമെന്നാണ് പാർട്ടി പ്രവർത്തകർക്കിടയിൽ നിന്ന് ഉയരുന്ന നിർദേശം. ബൈഡന് പിൻഗാമിയായി നിലവിൽ കാലിഫോർണിയ ഗവർണറായ ഗാവിൻ ന്യൂസോം എത്തുമെന്നും അഭ്യൂഹങ്ങൾ ഉയരുന്നുണ്ട്. ന്യൂഹാംഷയറിൽ നടക്കുന്ന ഡെമോക്രാറ്റിക് ക്യാമ്പയിനിൽ ഭാഗമാകാൻ ഗാവിൻ പുറപ്പെട്ടതോടെയാണ് സ്ഥാനാർത്ഥി പട്ടികയിലേക്ക് അദ്ദേഹത്തിന്റെ പേരും ഉയർന്നു വന്നത്. തിരഞ്ഞെടുപ്പ് ഫലത്തെ ഏറെ സ്വാധീനിക്കാൻ സാധിക്കുന്ന പ്രധാന സംസ്ഥാനങ്ങളിലൊന്നാണ് ന്യൂ ഹാംഷെയർ.

കാലിഫോർണിയ ഗവർണർ എന്നതിനുപരി മികച്ച ഭരണകർത്താവ് എന്ന നിലയിൽ അമേരിക്കക്കാർക്ക് സുപരിചിതനായതിനാൽ അദ്ദേഹത്തിന്റെ പേരും പാർട്ടി പ്രവർത്തകർക്കിടയിൽ ഉയർന്നുവരുന്നുണ്ട്. കാലാവസ്ഥ ഉച്ചകോടിക്കായി വത്തിക്കാനിൽ അദ്ദേഹം എത്തിയത് ഏറേ ശ്രദ്ധിക്കപ്പെട്ടിരുന്നു. അതുപോലെ രാജ്യത്തെ വർധിച്ചുവന്ന തോക്ക് ആക്രമണങ്ങൾ തടയാൻ ഭരണഭേദഗതി നടത്തണമെന്ന ആവശ്യം ഉന്നയിക്കുകയും അതിനു വേണ്ടി പ്രവർത്തിക്കുകയും ചെയ്ത വ്യക്തിയാണ് ഗാവിൻ ന്യൂസോം. തിരഞ്ഞെടുപ്പിന് നാലു മാസം മാത്രം ബാക്കി നിൽക്കെ അദ്ദേഹത്തിന്റെ പേര് കൂടി പുറത്തു വന്നതോടെ ഡെമോക്രാറ്റ് പാർട്ടിക്കിടയിൽ ചർച്ച ശക്തമായിട്ടുണ്ട്. എന്നാൽ ബൈഡന് അൽഷിമേഴ്സോ ഡിമെൻഷ്യയോ ബാധിച്ചിട്ടില്ലെന്നും കാരിൻ ജീൻ പിയറി പറഞ്ഞു. എങ്ങനെ ജോലി ചെയ്യണമെന്നതു സംബന്ധിച്ച് പ്രസിഡന്റ് കൃത്യമായി അറിയാമെന്നും അവർ പറഞ്ഞു. അടുത്ത കാലങ്ങളിൽ ഒന്നിലധികം തവണ ലോകരാഷ്ട്രങ്ങളുടെയും നേതാക്കളുടെയും പേരുകൾ മാറിയതും മകന്റെ ചരമദിനം തെറ്റായി പറഞ്ഞതുമെല്ലാം ബൈഡന് അൽഷിമേഴ്സാണെന്ന തരത്തിൽ അഭ്യൂഹങ്ങൾ ഉയർന്നിരുന്നു. കൂടാതെ ട്രംപുമായുള്ള സംവാദത്തിനിടെ പിഴവുകൾ സംഭവിച്ച ബൈഡന് താൻ ഉന്നയിച്ചിരുന്ന വിഷയങ്ങൾ പൂർത്തീകരിക്കാനും സാധിച്ചിരുന്നില്ല. ഇതിനാൽ തിരഞ്ഞെടുപ്പ് പ്രചാരണം താൽക്കാലികമായി നിർത്തിവെക്കാൻ ബൈഡനോട് ചില ഡെമോക്രാറ്റുകൾ ആവശ്യപ്പെട്ടിരുന്നു. എന്നാൽ ബൈഡൻ തുടർച്ചയായി വിദേശയാത്രകൾ നടത്തിയതിനാൽ യാത്രാക്ഷീണമുണ്ടായിരുന്നതിനാലാണ് സംവാദത്തിനിടെ ഉറങ്ങിപ്പോയതെന്നും വാക്കുകളിൽ പിഴവ് സംഭവിച്ചതെന്നും ജീൻ പിയറി പറഞ്ഞു.

## ബ്രിട്ടനിൽ ലേബർ ഭരണം..?

ലണ്ടൻ: ബ്രിട്ടീഷ് ചരിത്രത്തിലെ ഏറ്റവും നിർണായകമെന്ന് വിശേഷിപ്പിക്കാവുന്ന പൊതുതിരഞ്ഞെടുപ്പിൽ കെയ്ർ സ്റ്റാർമറുടെ നേതൃത്വത്തിലുള്ള ലേബർ പാർട്ടി ഉജ്വല പ്രകടനം കാഴ്ചവെക്കുമെന്ന് അഭിപ്രായ സർവേ. ചൂടേറിയ പ്രചാരണങ്ങൾക്കൊടുവിൽ അവസാനിച്ച വോട്ടെടുപ്പിൽ ലേബർ പാർട്ടി അട്ടിമറി വിജയം നേടുമെന്നാണ് ഭൂരിഭാഗം സർവേകളും പ്രവചിക്കുന്നത്. 1997ൽ ടോണി ബ്ലെയറുടെ നേതൃത്വത്തിൽ നേടിയതിനെക്കാൾ സീറ്റുകൾ ഇത്തവണ ലേബർ പാർട്ടി സ്വന്തമാക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. പ്രധാനമന്ത്രി ഋഷി സുനകിന്റെ നേതൃത്വത്തിലുള്ള കൺസർവേറ്റീവ് പാർട്ടിയുടെ ഭരണത്തിൽ ബ്രിട്ടീഷ് ജനത മനംമടുത്തിരിക്കുകയാണ്. പരാജയം മുന്നിൽ കണ്ട് സുനക് പശ്ചാത്തപിക്കാനിടവരുത്താത്ത തീരുമാനം എടുക്കാൻ വോട്ടർമാരെ ഉപദേശിച്ചു.

ലേബർ പാർട്ടി അധികാരത്തിലെത്തിയാൽ നികുതി വർധനയുണ്ടാകുമെന്നും കുടിയേറ്റം വർദ്ധിക്കുമെന്നും അദ്ദേഹം മുന്നറിയിപ്പു നൽകി. 2007ൽ കൈവിട്ടുപോയ ഭരണം എന്തു വില കൊടുത്തും തിരിച്ചുപിടിക്കുമെന്ന ഉറച്ച തീരുമാനത്തോടെയാണ് ലേബർ പാർട്ടി പ്രചാരണത്തിനിറങ്ങിയത്.

## മുതലപ്പൊഴിയിൽ കേന്ദ്രമന്ത്രിക്കെതിരെ പ്രതിഷേധം

തിരുവനന്തപുരം: അപകടങ്ങൾ തുടർക്കഥയാകുന്ന മുതലപ്പൊഴിയിലെ പ്രശ്നങ്ങൾ ചർച്ച ചെയ്യാനായി കേന്ദ്രമന്ത്രി വിളിച്ച യോഗം പ്രഹസനമായി. കേന്ദ്ര ഫിഷറീസ് സഹമന്ത്രി ജോർജ് കുര്യനാണ് മത്സ്യതൊഴിലാളികളുമായി ചർച്ച നടത്തിയത്. തുറമുഖത്തെ പ്രശ്നങ്ങൾക്ക് ശാശ്വതപരിഹാരത്തിനുള്ള നിർദ്ദേശങ്ങളോ സഹായങ്ങളോ മന്ത്രി ഉറപ്പ് നൽകാത്തത് പ്രതിഷേധങ്ങൾക്കിടയാക്കി. കഴിഞ്ഞദിവസം ഉച്ചയോടെയാണ് ഉന്നത ഉദ്യോഗസ്ഥരോടൊപ്പം കേന്ദ്രമന്ത്രി മുതലപ്പൊഴിയിലെത്തിയത്.അദാനിയുടെ വാർഫിൽ എത്തിയ മന്ത്രിതല സംഘം അപകട മേഖല കാണുകയും കാര്യങ്ങൾ ചോദിച്ചു മനസ്സിലാക്കുകയും ചെയ്തു. തുടർന്നാണ് താഴംപള്ളിയിലെ ഹാർബർ എകസിക്യൂട്ടീവ് എൻജീനിയറുടെ ഓഫീസിൽ വിവിധ രാഷ്ട്രീയ പാർട്ടി നേതാക്കളുടെയും പുരോഹിതന്മാരുടെയും മത്സ്യതൊഴിലാളികളുടെയും സാന്നിധ്യത്തിൽ ചർച്ച നടന്നത്. ശാശ്വത പരിഹാരത്തിനായി അടിയന്തരമായി നടപ്പിലാക്കേണ്ട ചില നിർദ്ദേശങ്ങൾ മുസ്‌ലിംലീഗും, കോൺഗ്രസും, മത്സ്യത്തൊഴിലാളികളും മുന്നോട്ടുവെച്ചു. എന്നാൽ പ്രശ്നപരിതത്തിന് പര്യാപ്തമായ ഒരു തീരുമാനമോ ഉറപ്പോ നടപടികളോ ഉണ്ടാകാതെ മന്ത്രി ചർച്ച അവസാനിപ്പിക്കുകയായിരുന്നു.

## ആശുപത്രി ജനറേറ്ററിലെ പുക ശ്വസിച്ചു 61 വിദ്യാർഥികൾ ചികിത്സ തേടി

കാസർകോട്: ഹോസ്ദുർഗ് പുതിയ കോട്ടയിലുള്ള അമ്മയും കുഞ്ഞും ആശുപത്രിയിലെ ജനറേറ്ററിലെ പുക ശ്വസിച്ച് നിരവധി വിദ്യാർഥികൾക്ക് ശാരീരികാസ്വസ്ഥ്യം. കാഞ്ഞങ്ങാട് ലിറ്റിൽ ഫ്ളവർ സ്കൂളിലെ വിദ്യാർത്ഥികൾക്കാണ് ആരോഗ്യ പ്രശ്നങ്ങളുണ്ടായത്. അറുപത്തിയൊന്ന് വിദ്യാർഥികളെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. സ്കൂളിനടുത്തുള്ള അമ്മയും കുഞ്ഞും ആശുപത്രിയിലെ ജനറേറ്ററിൽ നിന്നുള്ള പുക ശ്വസിച്ചാണ് കുട്ടികൾക്ക് ആരോഗ്യ പ്രശ്നമുണ്ടായതെന്ന് സ്കൂൾ അധികൃതർ പറഞ്ഞു. ആശുപത്രിയിലെ ജനറേറ്റർ രാവിലെ പ്രവർത്തിച്ചതിന് പിന്നാലെയായിരുന്നു കുട്ടികൾക്ക് ശ്വാസതടസം ഉൾപ്പെടെ ഉണ്ടായത്.ശാരീരികാസ്വാസ്ഥ്യം അനുഭവപ്പെട്ട കുട്ടികളെ അമ്മയും കുഞ്ഞും ആശുപത്രി, ജില്ലാ ആശുപത്രി, മറ്റു വിവിധ ഹോസ്പിറ്റലുകൾ എന്നിവിടങ്ങളിൽ പ്രാഥമിക ചികിത്സ നൽകി. വൈകിട്ടോടെ 54 വിദ്യാർഥികളെ പ്രാഥമിക ചികിത്സ നൽകി വിട്ടയച്ചു.സബ്കലക്ടർ സൂഫിയാൻ അഹമ്മദ് ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) ഡോ. എ.വി രാംദാസ് സ്കൂൾ മേധാവികൾ എന്നിവർ ആശുപത്രിയിലെത്തി ചികിത്സാ സൗകര്യങ്ങൾ ഉറപ്പുവരുത്തി.

സംഭവത്തെക്കുറിച്ച് അന്വേഷിച്ച് ഉടൻ റിപ്പോർട്ട് സമർപ്പിക്കാൻ ജില്ലാ കലക്ടർ കെ. ഇമ്പശേഖർ സബ് കലക്ടർ സൂഫിയാൻ അഹമ്മദിനെ ചുമതലപ്പെടുത്തി.

## ഇസ്രാഈലിനെ പിന്തുണക്കുന്ന കമ്പനികൾക്കെതിരെ ബഹിഷ്കരണ നീക്കവുമായി അറബ് ലീഗ്

കെയ്റോ: യുദ്ധവെറിയോടെ ഗസ്സയിൽ ആക്രമണം നടത്തുന്ന ഇസ്രാഈലിനെതിരെ നിർണായക നീക്കവുമായി അറബ് ലീഗ്. ഇസ്രാഈലിനെ പിന്തുണക്കുന്ന കമ്പനികളെ ബഹിഷ്കരിക്കാൻ ആഹ്വാനം ചെയ്താണ് അറബ് ലീഗ് അംഗങ്ങൾ ഗസ്സക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ചത്.

കെയ്റോയിൽ ചേർന്ന 96-ാം അറബ് ലീഗ് കോൺഫറൻസിലാണ് ഇതുസംബന്ധിച്ച പ്രഖ്യാപനം. കോൺഫറൻസിന്റെ സമാപനത്തിൽ പുറത്തിറക്കിയ പ്രസ്താവനയിലാണ് ഇക്കാര്യം അറിയിച്ചത്. അനധികൃത ഇസ്രാഈൽ കുടിയേറ്റ കേന്ദ്രങ്ങളിൽ നിക്ഷേപം നടത്തുന്നതിൽ അറബ് ബഹിഷ്കരണ നിയമങ്ങളും വ്യവസ്ഥകളും ലംഘിക്കുന്ന കമ്പനികൾക്ക് നിരോധനം ഏർപ്പെടുത്തുമെന്നും അറബ് ലീഗ് പ്രഖ്യാപിച്ചു.

ബഹിഷ്കരണ നിയമങ്ങൾക്കനുസൃതമായി ഇസ്രാഈലിലേക്കുള്ള നിക്ഷേപം പൂർണമായും പിൻവലിക്കണമെന്നും ഇസ്രാഈൽ ബന്ധം അവസാനിപ്പിക്കണമെന്നും കമ്പനികൾക്ക് അറബ് ലീഗ് പ്രതിനിധികൾ നോട്ടീസയച്ചു. അധിനിവേശ അറബ് പ്രദേശങ്ങളിൽ പ്രവർത്തിക്കുന്ന കരിമ്പട്ടികയിൽപ്പെടുത്തിയ ഇസ്രാഈൽ കമ്പനികളുടെ വിവരങ്ങൾ ഓരോ വർഷവും അപ്ഡേറ്റ് ചെയ്യണമെന്നും യു.എൻ മനുഷ്യാവകാശ കൗൺസിലിനോട് അറബ് ലീഗ് ആവശ്യപ്പെട്ടു.

ഇസ്രാഈൽ ബഹിഷ്കരണ പ്രസ്ഥാനം ഫലസ്തീൻ ജനതയുടെ നീതിക്കുവേണ്ടി നടത്തുന്ന നീക്കങ്ങളെ അറബ് ലീഗ് യോഗത്തിൽ അഭിനന്ദിച്ചു. കൂടാതെ ഗസ്സയിലെ ജനങ്ങളോട് ക്രൂരത കാട്ടുന്ന ഇസ്രാഈലിനെ കായിക ഇനങ്ങളിൽ പങ്കെടുക്കുന്നതിൽ നിന്ന് വിലക്കണമെന്ന് ഫിഫയോടും അന്താരാഷ്ട്ര ഒളിമ്പിക് കമ്മിറ്റിയോടും അറബ് ലീഗ് ആവശ്യപ്പെട്ടു.

## ഫലസ്തീൻ അനുകൂല വോട്ട്: ഓസ്ട്രേലിയൻ സെനറ്റർ പാർട്ടിയിൽ നിന്ന് രാജിവെച്ചു



സിഡ്നി: ഫലസ്തീൻ രാഷ്ട്രത്തിന് പിന്തുണ പ്രഖ്യാപിച്ച് പാർലമെന്റിൽ വോട്ട് ചെയ്തതിനു പിന്നാലെ ഓസ്ട്രേലിയയിൽ സെനറ്റർ ഭരണ കക്ഷിയായ ലേബർ പാർട്ടിയിൽ നിന്ന് രാജിവെച്ചു. സെനറ്റർ ഫാത്തിമ പേമാനാണ് പാർട്ടിയിൽ നിന്ന് രാജിവെച്ചത്. പാർട്ടിയുടെ നിലപാടിന് വിരുദ്ധമായി ഫലസ്തീനെ അനുകൂലിച്ച് വോട്ട് ചെയ്തതിന് ലേബർ പാർട്ടി ഇവരെ അനിശ്ചിത കാലത്തേക്ക് സസ്പെൻഡ് ചെയ്തിരുന്നു. ഇതിനു പിന്നാലെയാണ് ഫാത്തിമ രാജി പ്രഖ്യാപിച്ചത്. നിരപരാധികളായ ജനങ്ങളെ കൊന്നൊടുക്കുമ്പോൾ തനിക്ക് കണ്ടുനിൽക്കാനാവില്ലെന്നും താനും യുദ്ധം തകർത്ത ഒരു രാജ്യത്തു നിന്നാണ് ഓസ്ട്രേലിയയിലെത്തിയതെന്നും അതിനാൽ തനിക്ക് ഫലസ്തീന്റെ ദുരവസ്ഥയിൽ അവരോടൊപ്പം നിൽക്കാതെ വയ്യെന്നും ഫാത്തിമ പറഞ്ഞു. ഓസ്ട്രേലിയൻ പാർലമെന്റിൽ സ്വതന്ത്ര സെനറ്ററായി ഇനി ഫാത്തിമ തുടരും. അഫ്ഗാനിസ്താനിൽ താലിബാൻ ഭരണം പിടിച്ചെടുത്തപ്പോൾ 1996-ൽ ഓസ്ട്രേലിയയിലേക്ക് കുടിയേറിതയാണ് ഫാത്തിമയുടെ കുടുംബം.

### പ്രവാസിലീഗ് സംസ്ഥാന കൗൺസിൽ

കോഴിക്കോട്: പ്രവാസി ലീഗ് സംസ്ഥാന കൗൺസിൽ ജൂലൈ 6 ന് 2.30 ന് കോഴിക്കോട് ലീഗ് ഹൗസിൽ ചേരുമെന്ന് ജനറൽ സെക്രട്ടറി കെ.പി ഇമ്പിച്ചി മമ്മു ഹാജി അറിയിച്ചു. സംസ്ഥാന ഭാരവാഹികളുടെ യോഗം പതിനൊന്ന് മണിക്കും ചേരുന്നതാണ്.




രാജ്യസഭാംഗമായി സത്യപ്രതിജ്ഞ ചെയ്ത അഡ്വ. ഹാരിസ് ബീരാൻ എം പിക്ക് ഡൽഹി മലയാളികൾ നൽകിയ സ്വീകരണം

## അഡ്വ.ഹാരിസ് ബീരാന് ഡൽഹി മലയാളികളുടെ സ്വീകരണം

ന്യൂഡൽഹി: കഴിഞ്ഞ ദിവസം രാജ്യാസഭാംഗമായി സത്യപ്രതിജ്ഞ ചെയ്ത അഡ്വ. ഹാരിസ് ബീരാൻ എം പി ക്ക് ഡൽഹി മലയാളികളുടെ സംയുക്താഭിമുഖ്യത്തിൽ സ്വീകരണം നൽകി. പി വി അബ്ദുൽ വഹാബ് എം പി ചടങ്ങിന് അധ്യക്ഷത വഹിച്ചു.

വിവിധ സംഘടനകളെ പ്രതിനിധീകരിച്ച് രഘുനാഥൻ (കെ എം എ ), ബാബു പണിക്കർ, ജയപ്രകാശ് (എൻ എസ് എസ്), അശോകൻ തീരുവത്ത്, മാനുവൽ (ഡബ്ല്യു.എം.സി), കെ കെ മുഹമ്മദ് ഹലിം (കെ.എം.സി.സി) അജ്മൽ മുഫീദ് (കെ എം ഡബ്ല്യു എ), അഡ്വ. സുഭാഷ് അഡ്വ. ജയ്മോൻ ആൻട്രിയൂസ്, വിനോദ് (ജനസംസ്കൃതി) കാർട്ടൂണിസ്റ്റ് സുധീർ, ജയരാജ് കണ്ണൂർ, അഡ്വ. നന്ദിനി ഉഷ, അജ്മൽ മുഫീദ്, ഹംസ (ഡിനിപ്കെയർ) ശംസുദീൻ, ബഷീർ, ശ്രീനിവാസൻ (എഡ്യൂക്കേഷൻ മിഷൻ) മുബഷിർ എന്നിവർ പ്രസംഗിച്ചു.

രാജ്യസഭയിലെ കന്നി പ്രസംഗത്തിന് ശേഷം കേരള ഹൗസിലെത്തിയ എം പി യെ അദ്ദേഹത്തിന്റെ ഫ്ളാറ്റിനു മുമ്പിൽ നിന്നും വാദ്യമേളങ്ങളുടെ അകമ്പടിയോടെ കേരളാ ഹൗസിലേക്ക് ആനയിച്ചു.

# വിതുമ്പി നാടും സഹപാഠികളും ഷഹർബാനക്കും സൂര്യക്കും വിട

കണ്ണൂർ: പ്രിയപ്പെട്ടവർക്ക് ഒന്നും സംഭവിക്കരുതേയെന്ന പ്രാർഥനയുമായി ഇമയടക്കാതെ കാത്തിരുന്ന അവർക്ക് മുന്നിലേക്കെത്തിയത് ചേതനയറ്റ ശരീരങ്ങളാണ്. ഷഹർബാനയും സൂര്യയും നാട്ടുകാരെയും സഹപാഠികളെയും കണ്ണീരിലാഴ്ത്തുകയായിരുന്നു അവർ. ചൊവ്വാഴ്ച പടിയൂർ പൂവം കടവിൽ ഒഴുക്കിൽപ്പെട്ട് മരിച്ച വിദ്യാർഥികളുടെ വിയോഗമാണ് രണ്ട് ദേശങ്ങൾക്കുമപ്പുറം നാടിന്റെയാകെ നൊമ്പരാമായി മാറിയത്. ചൊവ്വാഴ്ച വൈകുന്നേരം പുഴയിൽ കാണാതായ വിദ്യാർഥിനികളിൽ ആദ്യം കണ്ടെത്തിയത് ഷഹർബാനയുടെ മൃതദേഹമാണ്. ഇന്നലെ രാവിലെയാണ് മൃതദേഹം കണ്ടെത്തിയത്. ഉച്ചയോടെ വീട്ടിൽ എത്തിച്ച് എടയന്നൂർ ജുമാ മസ്ജിദിലായിരുന്നു ഖബറടക്കം. ചൊവ്വാഴ്ച രാവിലെ ഇരിക്കൂർ സിഗ്ബ കോളേജിൽ സോഷ്യോളജി പരീക്ഷയെഴുതാൻ പോയതാണ് ഷഹർബാനയും കൂട്ടുകാരി സൂര്യയും. പരീക്ഷ കഴിഞ്ഞ് മറ്റൊരു കൂട്ടുകാരി ജസീലയുടെ പൂവത്തെ വീട്ടിലെത്തിയ ഷഹർബാനയും സൂര്യയും പൂവംകടവിൽ പുഴ കാണാൻ എത്തിയപ്പോഴാണ് അപകടത്തിൽപ്പെട്ടത്. 40 മണിക്കൂറിലേറെ നീണ്ട തിരച്ചലിനൊടുവിൽ ഇവർ ഒഴുക്കിൽ പെട്ട് മുങ്ങിത്താണ സ്ഥലത്ത് നിന്ന് 300മീറ്ററോളം അകലെയാണ്. ദേശീയ ദുരന്ത നിവാരണ സേനയാണ് മൃതദേഹങ്ങൾ കണ്ടെത്തിയത്. ഇരിക്കൂർ സിഗ്ബ കോളജിലെ അവസാന വർഷ ബിഎ സൈക്കോളജി വിദ്യാർഥിനികളാണ് എടയന്നൂർ ഹഫ്സത്ത് മൻസിലിൽ ഷഹർബാന (28)യും ചക്കരക്കൽ നാലാം പീടിക ശ്രീലക്ഷ്മി ഹൗസിൽ സൂര്യ(23)യും.

കണ്ണൂർ ഗവ. മെഡിക്കൽ കോളജിൽ പോസ്റ്റ്മോർട്ടത്തിന് ശേഷം ഉച്ചയ്ക്ക് 2.30ഓടെ എടയന്നൂരിലെ വീട്ടിലെത്തിച്ച മയ്യിത്ത് അഞ്ച് മിനിറ്റോളമാണ് വീട്ടിൽ വെച്ചത്. തുടർന്ന് മയ്യിത്ത് എടയന്നൂർ ജുമാ മസ്ജിദിലെത്തിച്ച് നിസ്കാരത്തിന് ശേഷം ഖബറടക്കുകയായിരുന്നു.






ഷഹർബാനയുടെ സുഹൃത്തുക്കളും സഹപാഠികളും ബന്ധുക്കളും രാഷ്ട്രീയ-സാമൂഹ്യ-സാംസ്കാരിക-വിദ്യാഭ്യാസ മേഖലയിലെ നൂറുകണക്കിനാളുകളാണ് അന്തിമോപചാരമർപ്പിക്കാൻ വീട്ടിലെത്തിയത്. മുസ്‌ലിംലീഗ് ജില്ലാ പ്രസിഡന്റ് അബ്ദുൾ കരീം ചേലേരി, ഭാരവാഹികളായ സി.കെ മുഹമ്മദ്, അൻസാരി തില്ലങ്കേരി, ഇബ്രാഹിം മുണ്ടേരി, എം.പി മുഹമ്മദലി, കണ്ണൂർ കോർപ്പറേഷൻ മേയർ മുസ്‌ലിഹ് മഠത്തിൽ, സി.പി.ഐ സംസ്ഥാന കൗൺസിൽ അംഗം സി.എൻ ചന്ദ്രൻ, ജില്ലാ പഞ്ചായത്ത് സ്ഥിരംസമിതി അധ്യക്ഷൻ വി.കെ സുരേഷ്ബാബു, മട്ടന്നൂർ നഗരസഭ വൈസ് ചെയർപേഴ്സൺ ഒ പ്രീത, കീഴല്ലൂർ പഞ്ചായത്ത് വൈസ് പ്രസിഡന്റ് കെ അനിൽ കുമാർ, ഇ.പി ശംസുദ്ദീൻ, പി.കെ കുട്ട്യാലി, മുസ്തഫ ചുര്യോട്, വാർഡ് അംഗം ഷബീർ എടയന്നൂർ തുടങ്ങിയവരും വീട്ടിലെത്തിയിരുന്നു. കാഞ്ഞിരോട് സ്വദേശി ഷഫീക്കാണ് ഷഹർബാനയുടെ ഭർത്താവ്. പരേതനായ മുഹമ്മദ് കുഞ്ഞി, ഹഫ്സത്ത് ദമ്പത്തികളുടെ മകളാണ്. സഹോദരങ്ങൾ: ആയിഷ, ഷുഹൈബ്. ഉച്ചയ്ക്ക് 12.30നാണ് സൂര്യയുടെ മൃതദേഹം ലഭിച്ചത്. പോസ്റ്റ്മോർട്ടത്തിന് ശേഷം അഞ്ച് മണിയോടെ വീട്ടിലെത്തിച്ചു. അഞ്ചരക്കണ്ടി പഞ്ചായത്ത് ശ്മശാനത്തിലാണ് സംസ്കരിച്ചത്. പ്രദീഷിന്റെയും സൗമ്യയുടേയും മകളാണ് സൂര്യ. ഏക സഹോദരി ശ്രീബാല (പ്ലസ് വൺ വിദ്യാർഥിനി).



# ആരോഗ്യം പ്രശ്നമാണ്

## മെസി കളിക്കാൻ സാധ്യതയില്ല

ഹുസ്റ്റൺ: നായകൻ ലിയോ മെസിയുടെ കാര്യത്തിൽ സംശയം തുടരുമ്പോൾ ഇന്ന് രാവിലെ 6-30ന് കോപ്പയിൽ അർജന്റീന-ഇക്വഡോർ ക്വാർട്ടർ ഫൈനൽ. കോച്ച് ലയണൽ സ്കലോനി അവസാന നിമിഷത്തിലും ഒന്നും വിട്ട് പറയുന്നില്ല. സൂപ്പർ താരത്തിന്റെ പരുക്ക് ഗുരുതര സ്വഭാവമുള്ളതല്ല. ഇടത് തുടയിലാണ് പേശീവലിവ്. ചികിൽസയും തുടരുന്നു. കോച്ച് സാഹസത്തിന് മുതിരാത്ത സാഹചര്യത്തിൽ മെസി ഇന്നും കളിക്കാതിരിക്കാനാണ് സാധ്യത. ഇക്വഡോർ പ്രതിയോഗികളായതിനാൽ മെസിയുടെ സേവനം നിർബന്ധമാവില്ല എന്നാണ് കോച്ചിന്റെ വിശ്വാസം. ഇതിനകം ഏഴ് തവണ ഇരുവരും സമീപകാലത്ത് മുഖാമുഖം വന്നിട്ടുണ്ട്. ആറിലും അർജന്റീനക്കായിരുന്നു വിജയം. പക്ഷേ 2015 ൽ രണ്ട് ഗോളിന് ഇക്വഡോറുകാർ വിജയിച്ച ചരിത്രവുമുണ്ട്. മൊത്തം ഇരുവരും കളിച്ചത് 40 മൽസരങ്ങൾ. ഇതിൽ 24 ലും അർജൻറീനക്കായിരുന്നു വിജയമെങ്കിൽ പതിനൊന്ന് മൽസരങ്ങൾ സമനിലയിലായി. ഇക്വഡോർ അഞ്ച് മൽസരങ്ങളിൽ വിജയം വരിച്ചു. അവസാനമായി ഇരുവരും മുഖാമുഖം വന്നത് ഈ വർഷം ജൂൺ ഒമ്പതിനായിരുന്നു. സൗഹൃദ മൽസരത്തിൽ അർജന്റീന ഒരു ഗോളിന് വിജയിക്കുകയും ചെയ്തു.

## ഭാവി..?



ലാഹോർ: എന്തായിരിക്കും പാക്കിസ്താൻ വൈറ്റ്ബോൾ നായകൻ ബബർ അസമിന്റെ ഭാവി...? ടി-20 ലോകകപ്പിൽ നിന്നും ആദ്യ റൗണ്ടിൽ തന്നെ അമേരിക്കയോടും ഇന്ത്യയോടും തോറ്റ് പുറത്തായ ടീമിന്റെ പ്രകടനത്തെക്കുറിച്ചുള്ള റിപ്പോർട്ട് ഹെഡ് കോച്ച് ഗാരി കിർസ്റ്റണും ടീം മാനേജർ വഹാബ് റിയാസും കഴിഞ്ഞ ദിവസം പാക്കിസ്താൻ ക്രിക്കറ്റ് ബോർഡ് തലവൻ മൊഹ്സിൻ നഖ്വിക്ക് നൽകി. തുടർച്ചയായി ഇത് രണ്ടാം ഐ.സി.സി ചാമ്പ്യൻഷിപ്പിലാണ് ബബർ നയിച്ച ടീം തുടക്കത്തിൽ തന്നെ പുറത്താവുന്നത്. ടീമിലെ ഗ്രൂപ്പിസമാണ് വലിയ തോൽവിക്ക് കാരണമായതായി കിർസ്റ്റൺ ഉൾപ്പെടെയുള്ളവർ വ്യക്തമാക്കിയത്. അതിനാൽ തന്നെ ബബറിന്റെ കാര്യത്തിൽ തീരുമാനമുണ്ടാവും. പക്ഷേ നവംബർ വരെ പാക്കിസ്താൻ ക്രിക്കറ്റ് ടീമിന് വൈറ്റ്ബോൾ മൽസരങ്ങൾ ഇല്ലാത്തതിനാൽ പെട്ടെന്ന് തീരുമാനമുണ്ടാവില്ല എന്നാണ് പാക് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നത്. ബബറിന് പകരം മറ്റൊരാളില്ല എന്നതാണ് പി.സി.ബിക്ക് തലവേദന. ആറംഗ സെലക്ടർമാർക്കെതിരെയും നാട്ടിൽ രോഷമുള്ളതിനാൽ സെലക്ഷൻ കമ്മിറ്റിയിലും മാറ്റം വരാനാണ് സാധ്യത.

# ചന്ദ്രിക സ്പോർട്സ്



**ലോകകിരീടം** ഇന്ത്യയിലെ മുഴുവൻ ജനതക്കുമുള്ളതാണ്. രാവിലെ ഇവിടെയെത്തിയത് മുതൽ ലഭിക്കുന്ന സ്വീകരണം മനസിന് നൽകുന്ന സന്തോഷം ചെറുതല്ല. ഡൽഹിയിലെത്തിയതും മുംബൈയിലെത്തിയതും തുറന്ന ബസ്സിലെ സഞ്ചാരവുമെല്ലാം രാജ്യത്തിന്റെ വലിയ സ്നേഹമാണ്. അതിന് മുന്നിൽ തല കുനിക്കുന്നു. എന്റെ കരിയറിൽ ഇത് പോലെ ഒരു ദിവസമില്ല. ലോകകപ്പ് പോലെ വലിയ നേട്ടവുമില്ല. ഏറെ ആഗ്രഹിച്ച കിരീടമാണിത്. അത് നേടാനായത് ടീം ഒന്നടങ്കം കഠിനാദ്ധ്വാനം നടത്തിയത് കൊണ്ടാണ്. തോൽക്കാൻ മനസില്ലാത്തവരായിരുന്നു എല്ലാവരും. ഒരു മൽസരം പോലും തോൽക്കാതെയാണ് ഈ കിരീടം നേടാനായതെന്നതും വലിയ അംഗീകാരമാണ്. താങ്ക് യു ഇന്ത്യ...

–രോഹിത് ശർമ

www.chandrikadaily.com

**BREAKING** ലോകകപ്പ് സ്വന്തമാക്കിയ ഇന്ത്യൻ ക്രിക്കറ്റ് ടീമിന് ക്രിക്കറ്റ് ബോർഡ് 125 കോടി രൂപ സമ്മാനിച്ചു



### ഇന്ന്

യൂറോ 2024
ക്വാർട്ടർ ഫൈനൽ
സ്പെയിൻ-ജർമനി
(രാത്രി 09-30)
ഫ്രാൻസ്-പോർച്ചുഗൽ
(രാത്രി 12-30)
സോണി സ്പോർട്സ്
സോണി ലിവ്


കോപ്പ അമേരിക്ക
ക്വാർട്ടർ ഫൈനൽ
അർജന്റീന-ഇക്വഡോർ
(രാവിലെ 6-30)
വെനിസ്വേല-കാനഡ
(നാളെ രാവിലെ 6-30)
ലൈവ് ഇല്ല

വിംബിൾഡൺ
റൗണ്ട് രണ്ട്
(ഉച്ചക്ക് 3-00 മുതൽ)
സ്റ്റാർ സ്പോർട്സ്,
ഡിസ്നേ ഹോട്ട്സ്റ്റാർ
ലൈവ്

## അബ്ദുല്ല അബൂബക്കർ പാരീസിലേക്ക്

കൊച്ചി: പാരീസ് ഒളിമ്പിക്സിനുള്ള ഇന്ത്യൻ അത്‌ലറ്റിക് സംഘത്തെ പ്രഖ്യാപിച്ചു. 4 മലയാളി താരങ്ങൾ ഉൾപ്പെടെ 28 അംഗം ടീമിനെയാണ് പ്രഖ്യാപിച്ചത്. ട്രിപ്പിൾ ജംപിൽ കോഴിക്കോട് നാദാപുരം സ്വദേശി അബ്ദുല്ല അബൂബക്കർ ഉൾപ്പെടെ നിരവധി താരങ്ങൾ റാങ്കിങ്ങിലൂടെയാണ് ഒളിമ്പിക്സിന് യോഗ്യത നേടിയത്. ജാവലിൻ ത്രോയിലെ ലോക ചാമ്പ്യനും നിലവിലെ ഒളിമ്പിക്സ് സ്വർണമെഡൽ ജേതാവുമായ നീരജ് ചോപ്ര ഉൾപ്പെടുന്ന ടീമിനെ അത്‌ലറ്റിക് ഫെഡറേഷൻ ഓഫ് ഇന്ത്യയുടെ സെലക്ഷൻ പാനലാണ് പ്രഖ്യാപിച്ചത്. 11 വനിതാ അത്‌ലറ്റുകൾ ടീമിലുണ്ട്. ഓഗസ്റ്റ് 1 മുതൽ 11 വരെ പാരീസിലെ സ്റ്റേഡ് ഡി ഫ്രാൻസ് സ്റ്റേഡിയത്തിലാണ് ട്രാക്ക് ആൻഡ് ഫീൽഡ് മത്സരം. ജൂലൈ 26നാണ് ഒളിമ്പിക്സ് തുടങ്ങുന്നത്. ടീം: പുരുഷന്മാർ-അവിനാഷ് സാബ്ലെ (3,000 മീറ്റർ സ്റ്റീപ്പിൾ ചേസ്), നീരജ് ചോപ്ര, കിഷോർ കുമാർ ജെന (ജാവലിൻ ത്രോ), തജീന്ദർപാൽ സിങ് ടൂർ (ഷോട്ട്പുട്ട്), പ്രവീൺ ചിത്രവേൽ, അബ്ദുല്ല അബൂബക്കർ (ട്രിപ്പിൾ ജംപ്), സർവേഷ് കുഷാരെ (ഹൈജമ്പ്), അക്ഷ്ദീപ് സിങ്, വികാസ് സിങ്, പരംജീത് സിങ് ബിഷ്ത് (20 കി.മീ റേസ് നടത്തം), മുഹമ്മദ് അനസ്, മുഹമ്മദ് അജ്മൽ, അമോജ് ജേക്കബ്, സന്തോഷ് തമിഴരശൻ, രാജേഷ് രമേഷ്, മിജോ ചാക്കോ കുര്യൻ (4-400 മീറ്റർ റിലേ), സൂരജ് പൻവാർ (റേസ് വാക്ക് മിക്സഡ് മാരത്തൺ). വനിതകൾ: കിരൺ പഹൽ (400 മീറ്റർ), പരുൾ ചൗധരി (3,000 മീറ്റർ സ്റ്റീപ്പിൾ ചേസ്, 5,000 മീറ്റർ). ജ്യോതിയരാജി (100 മീറ്റർ ഹർഡിൽസ്), അന്നു റാണി (ജാവലിൻ ത്രോ), അഭാ ഖതുവ (ഷോട്ട്പുട്ട്), ജ്യോതിക ശ്രീ ദണ്ഡി, ശുഭ വെങ്കിടേശൻ, വിത്യ രാംരാജ്, പൂവമ്മ എംആർ, പ്രാചി (4-400 മീറ്റർ റിലേ), പ്രിയങ്ക ഗോസ്വാമി (20 കിലോമീറ്റർ ഓട്ടം നടത്തം/റേസ് വാക്ക് മിക്സ്ഡ് മാരത്തൺ). പ്രവീൺ ചിത്രവേൽ, അന്നു റാണി, തേജീന്ദർപാൽ സിങ് ടൂർ, അഭ ഖതുവ, സർവേഷ് കുഷാരെ, പാരുൽ ചൗധരി തുടങ്ങിയവരെല്ലാം റാങ്കിങ്ങിലൂടെയാണ് യോഗ്യത നേടിയത്. ഏഴാം റാങ്കിലുള്ള മലയാളിതാരം എം.ശ്രീശങ്കർ പരുക്കേറ്റ് പിൻമാറിയെങ്കിലും, പുരുഷ ലോങ്ജമ്പിൽ തമിഴ്നാട്ടുകാരൻ ജസ്വിൻ ആൽഡ്രിൻ 33ാം റാങ്കിലായതിനാൽ ഒളിമ്പിക്സിന് യോഗ്യത നേടാനായില്ല.

## മുംബൈയിലെത്തിയത് പത്ത് ലക്ഷത്തിലധികം പേർ



# വെൽക്കം ചാമ്പ്യൻസ്




ഡൽഹിയിലെത്തിയ ഇന്ത്യൻ ക്രിക്കറ്റ് ടീം പ്രധാനമന്ത്രി നരേന്ദ്ര മോദിക്കൊപ്പം. പ്രധാനമന്ത്രി നൽകിയ പ്രാതലിൽ എല്ലാവരും പങ്കെടുത്തു.

മുംബൈ/ന്യുഡൽഹി: ടി-20 ലോകകപ്പ് സ്വന്തമാക്കി നാട്ടിലെത്തിയ ഇന്ത്യൻ ക്രിക്കറ്റ് ടീമിന് അത്യുജ്ജ്വല സ്വീകരണം. മുംബൈ മഹാനഗരം കണ്ട ഏറ്റവും വലിയ സ്വീകരണത്തിന് സാക്ഷികളായത് ലക്ഷക്കണക്കിന് ആരാധകരാണ്. വിൻഡീസ് ദ്വിപായ ബാർബഡോസിൽ നിന്നും ഇന്നലെ രാവിലെ ന്യുഡൽഹയിലെത്തിയ ടീമിന് വിമാനത്താവളം മുതൽ ഗംഭീര സ്വീകരണമായിരുന്നു. ശനിയാഴ്ച്ച സ്വന്തമാക്കിയ കിരീടത്തിന് ശേഷം ബാർബഡോസിൽ പ്രതികൂല കാലാവസ്ഥ കാരണം കുരുങ്ങിപോയ ടീം പ്രത്യേക വിമാനത്തിലാണ് രാവിലെയെത്തിയത്. ലോകകപ്പുമായി ആദ്യം ഇറങ്ങിയ നായകൻ രോഹിത് ശർമക്ക് കാതടപ്പിക്കുന്ന കരാഘോഷങ്ങളോടെയാണ് ജനം വരവേൽപ്പ് നൽകിയത്. ഡൽഹി വിമാനത്താവളത്തിൽ നിന്നും പ്രത്യേക ബസുകളിൽ പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ വസതിയിലേക്കാണ് ടീം പോയത്. അവിടെ പ്രാതലും ഫോട്ടോ ഷൂട്ടും. ടീമിനൊപ്പം കൂടുതൽ സമയം ചെലവഴിച്ച പ്രധാനമന്ത്രി രാജ്യത്തിന് വലിയ കിരീടം സമ്മാനിച്ച മുഴുവൻ താരങ്ങളെയും അഭിനന്ദിച്ചു. അവിടെ നിന്നാണ് പ്രത്യേക വിമാനത്തിൽ മുംബൈയിലേക്കെത്തിയത്. വൈകീട്ട് മൂന്ന് മണി മുതൽ ഓപ്പൺ റോഡ് ഷോ പ്രഖ്യാപിച്ചുവെങ്കിലും ടീം എത്താൻ വൈകി. ഉച്ചയാവുമ്പോൾ തന്നെ വാംഖഡെ സ്റ്റേഡിയവും പരിസരവും നിറഞ്ഞ് കവിഞ്ഞിരുന്നു. കനത്ത മഴയിലും ടീമിനെയും ലോകകപ്പും കാണാൻ ആബാലവൃദ്ധം ജനങ്ങൾ ഒഴുകിയെത്തുകയായിരുന്നു. സാധാരണഗതിയിൽ മൽസര ദിവസങ്ങളിലാണ് വാംഖഡെയും പരിസരങ്ങളും ക്രിക്കറ്റ് പ്രേമികളെ കൊണ്ട് നിറയാറ്. നരിമാൻ പോയന്റിൽ നിന്നും വാംഖഡെിലേക്കുള്ള രണ്ട് കിലോമീറ്റർ ദൂരം താണ്ടാൻ തന്നെ മണിക്കൂറുകളെടുത്തു. പത്ത് ലക്ഷത്തോളം പേരാണ് സ്വീകരണത്തിനെത്തിയതെന്നാണ് പൊലീസ് വ്യക്തമാക്കിയത്. രാത്രി പതിനൊന്ന് മണിയോടെയാണ് ജനം വാംഖഡെ സ്റ്റേഡിയം വിട്ടത്.



മുംബൈ മറൈൻ ഡ്രൈവിലൂടെ താരങ്ങളെയും വഹിച്ചുള്ള തുറന്ന ബസ് വാംഖഡെ സ്റ്റേഡിയത്തിലേക്ക്

# കിടിലനങ്കരാവ്

## യൂറോയിൽ ഇന്ന് മിന്നൽ ക്വാർട്ടർ ഫൈനലുകൾ




സ്പാനിഷ് മുൻനിരയിൽ ലാമിനേ യാമിലും ജർമൻ മുൻനിരയിൽ ജമാൽ മുസിയാലയും.... യുവ മികവിൽ ഗോളുകൾ കൂടുതൽ വന്നാൽ അൽഭുതപ്പെടാനില്ല

സ്റ്റട്ട്ഗർട്ട്: ആര് ജയിക്കുമെന്നത് പതിവ് ചോദ്യം...? എം.എച്ച്.പി അറീനയുടെ ഒരു ഭാഗത്ത് സ്പെയിൻ, മറു ഭാഗത്ത് ജർമനി. ചോദ്യത്തിനുത്തരം പറയുക എളുപ്പമല്ല. അതിന് വ്യക്തമായ കാരണവുമുണ്ട്- രണ്ട് പേരും തുല്യരാണ്. കളിക്കളത്തിലെ പ്രകടനത്തിൽ, താരനിരയുടെ കാര്യത്തിൽ. ഗ്രൂപ്പ് ബി-യിൽ കരുത്തരെന്ന് കരുതിയ ക്രൊയേഷ്യക്കാരെ മൂന്ന് ഗോളിന് മറികടന്നാണ് സ്പാനിഷ് ചെമ്പട തുടങ്ങിയത്. നായകൻ അൽവാരോ മൊറാത്തയും ഫാബിയാൻ റുയിസും ഡാനി കാർവജാലും ഗോളുകൾ സ്വന്തമാക്കിയ മൽസരം. രണ്ടാം മൽസരത്തിലെ പ്രതിയോഗികൾ നിലവിലെ ചാമ്പ്യന്മാരായ ഇറ്റലിയായിരുന്നു. സെൽഫ് ഗോളിൽ സ്പെയിൻ ജയിച്ചു കയറി. അൽബേനിയക്കെതിരായ മൂന്നാം മൽസരത്തിൽ കോച്ച് സീനിയേഴ്സിനെല്ലാം വിശ്രമം നൽകിയിട്ടും ടീം ഒരു ഗോളിന് ജയിച്ചു. ഫെറാൻ ടോറസായിരുന്നു സ്ക്കോറർ. പ്രിക്വാർട്ടർ ഫൈനലിൽ അട്ടിമറി വീരന്മാരായ ജോർജ്ജിയക്കാരായിരുന്നു പ്രതിയോഗികൾ. പതിനെട്ടാം മിനുട്ടിൽ സെൽഫ് ഗോളിൽ പിറകിലായ ടീം പിന്നെ ഒന്നിന് പിറകെ ഒന്നായി നാല് ഗോളുകളാണ് സ്ക്കോർ ചെയ്തത്. റോഡ്രിയും ഫാബിയാൻ റൂയിസും നിക്കോ വില്ല്യംസും ഡാനിയൽ ഒൽമോയും സ്ക്കോർ ചെയ്തു. ഇതേ രീതിയിൽ തന്നെയായിരുന്നു ജർമൻ വീര്യവും. ഉദ്ഘാടന മൽസരത്തിൽ തന്നെ സ്ക്കോട്ട്ലൻഡിനെതിരെ 5-1 ന്റെ വമ്പൻ വിജയം. റിറ്റ്സും മുസിയാലയും ഹാവർട്സും ഫുൾകർഗും കാനും സ്ക്കോറർമാരായി. കരുത്തരായ ഹംഗറിയെ തോൽപ്പിച്ചത് മുസിയാലയുടെയും ഗുൻഡഗോനിന്റെയും ഗോളുകളിൽ. മൂന്നാം മൽസരത്തിൽ സ്വിസുകാരുമായി 1-1 സമനില. പ്രിക്വാർട്ടർ ഫൈനലിൽ ഡെന്മാർക്കിനെതിരെ രണ്ട് ഗോൾ വിജയം. പന്ത് വലയിലാക്കിയവർ ഹാവർട്സും മുസിയാലയും.

മുൻനിരയാണ് രണ്ട് സംഘത്തിന്റെയും കുന്തമുന. അൽപ്പമധികം കരുത്ത് സ്പെയിനിനാണ്. വിംഗുകളിൽ രണ്ട് യുവ പോരാളികൾ. യാമലും വില്ല്യംസും. ഇവരുടെ വേഗവും ഡ്രിബ്ലിംഗും അപാരമാണ്. അതിവേഗതയിലങ്ങ് ബോക്സിലെത്തും. അതിസുന്ദരമായി പന്തിനെ കൈമാറും. അവസരം കിട്ടിയാൽ നിറയൊഴിക്കും. ഇത്തവണ സ്പാനിഷ് നിരയുടെ കുതിപ്പിന് പിറകിൽ ഇവർക്കൊപ്പം നായകൻ മൊറാത്തയുമുണ്ട്. മധ്യനിരയിൽ റുയിസും പെഡ്രിയും റോഡ്രിയും അപകടകാരികൾ. ജർമനിയുടെ കരുത്ത് ജമാൽ മുസിയാലയാണ്. മൂന്ന് ഗോളുകൾ ഇതിനകം യുവതാരം സ്വന്തമാക്കിയിട്ടുണ്ട്. അപാര ഫോമിൽ കളിക്കുന്ന മുസിയാലക്കൊപ്പം ഹാവർട്സും റിറ്റ്സും. ഹാവർട്സിന് പകരം ആദ്യ ഇലവനിൽ ഫുൾകർഗിന് കോച്ച് ജൂലിയൻ നഗൽസ്മാന് അവസരം നൽകാനും സാധ്യത. മധ്യനിരയിൽ അനുഭവ സമ്പന്നനായ ടോണി ക്രൂസും നായകൻ ഗുൻഡഗോനുമുണ്ട്. വല കാക്കാൻ അചഞ്ചലനായ ന്യുയറും. ഇന്ന് രാത്രി ഇന്ത്യൻ സമയം 9-30 മുതലാണ് കളി.

### മൈതാനത്ത്

സ്പെയിൻ: ഉനൈ സിമോൺ, കാർവജാൽ, ലി നോർമാൻഡ്, ലപ്പോർട്ടെ, കുകുറേല, പെഡ്രി, റോഡ്രി, ഫാബിയാൻ റുയിസ്, ലാമിനേ യാമൽ, അൽവാരോ മോറാത്ത, നിക്കോ വില്ല്യംസ്,

ജർമനി: മാനുവൽ ന്യുയർ, കിമിച്ച്, റുഡിഗർ, ടാഹ്, റൗം, ആൻഡ്റിച്ച്, ടോണി ക്രൂസ്, ജമാൽ മുസിയാല, ഇഗർ ഗുൻഡഗോൺ, റിറ്റ്സ്, കായ് ഹാവർട്ട്




ലോക സോക്കറിലെ ഏറ്റവും മികച്ച രണ്ട് മുൻനിരക്കാർ-റൊണാൾഡോയും എംബാപ്പേയും നേർക്കുനേർ. ജോലി പ്രതിരോധ നിരക്കാർക്കാവും

ഹാംബർഗ്: വോൾക്പാർക് സ്റ്റേഡിയത്തിൽ ലോക ഫുട്ബോളിലെ ഏറ്റവും മികച്ച രണ്ട് സ്ട്രൈക്കർമാരാണ് ഇന്ന് മുഖാമുഖം. രാജ്യാന്തര ഫുട്ബോളിൽ ഏറ്റവുമധികം ഗോളുകൾ സ്വന്തമാക്കിയ ക്യസ്റ്റിയാനോ റൊണാൾഡോയും അദ്ദേഹത്തിന്റെ റെക്കോർഡിന് ഭീഷണിയാവുമെന്ന് കരുതപ്പെടുന്ന കിലിയൻ എംബാപ്പേയും. രണ്ട് പേരും ഫോമിലേക്കുയർന്നാൽ ഇന്ന് ഇരു ഗോൾമുഖങ്ങളും വിറക്കുമെന്നത് തന്നെയാണ് ഫ്രാൻസ്-പോർച്ചുഗൽ അങ്കത്തിലെ സവിശേഷത. രണ്ട് ടീമുകളും സ്വതന്ത്ര ഫുട്ബോളാണ് പിന്തുടരുന്നത്. പ്രതിയോഗികളെ പേടിക്കാതെ സ്വന്തം കരുത്തിലും തന്ത്രങ്ങളിലും വിശ്വാസമർപ്പിച്ചുള്ള ഗെയിം. സി.ആറിൽ ചെറുതല്ലാത്ത സമ്മർദ്ദമുണ്ട്. ഇതിനകം കളിച്ച നാല് മൽസരങ്ങളിലും ഒരു ഗോൾ പോലും സ്ക്കോർ ചെയ്യാൻ അദ്ദേഹത്തിനായിട്ടില്ല. ഗ്രൂപ്പിലെ ആദ്യ മൽസരത്തിൽ ചെക്കിയക്കെതിരെ 2-1നും തുർക്കിയേയെ മൂന്ന് ഗോളിനും തകർത്ത പറങ്കികൾ പക്ഷേ മൂന്നാം മൽസരത്തിൽ ജോർജ്ജിക്കെതിരെ രണ്ട് ഗോളിന് തോൽക്കുകയും ചെയ്തിരുന്നു. പ്രിക്വാർട്ടർ ഫൈനലിലെ പ്രതിയോഗികൾ സ്ലോവേനിയക്കാരായിരുന്നു. എളുപ്പത്തിൽ ജയിക്കാമെന്ന് കരുതിയ മൽസരം ഷൂട്ടൗട്ട് വരെ നീണ്ടു. അവിടെ രക്ഷകനായത് ഗോൾക്കീപ്പർ ഡിയാഗോ കോസ്റ്റയായിരുന്നു. നിശ്ചിത സമയത്തിലും അധികസമയത്തിലും ഗോൾ നേടാൻ സി.ആർ സംഘത്തിനായില്ല. അധികസമയത്ത് ലഭിച്ച പെനാൽട്ടി കിക്ക് സി.ആർ പാഴാക്കിയത് നാടകീയ രംഗങ്ങൾക്ക് വഴിയൊരുക്കി. പക്ഷേ ഷൂട്ടൗട്ടിൽ ആദ്യ കിക്കെടുത്ത് സി.ആർ തന്നെ ആത്മവിശ്വാസം പ്രകടിപ്പിച്ചതായിരുന്നു ടീമിന് അവിസ്മരണീയ വിജയമൊരുക്കിയത്. ഫ്രാൻസിന്റെ പ്രശ്നം ഗോളുകളാണ്. എംബാപ്പേയെ പോലെ കരുത്തനായ ഗോൾ വേട്ടക്കാരനുണ്ടായിട്ടും ഫീൽഡ് ഗോളുകൾ നേടാൻ നാല് മൽസരങ്ങളിലും ഫ്രാൻസിനായിരുന്നില്ല. ആദ്യ മൽസരത്തിൽ ഓസ്ട്രിയക്കെതിരെ ജയിച്ചത് സെൽഫ് ഗോളിൽ. നെതർലൻഡ്സിനെതിരെ ഗോളില്ല. പോളണ്ടിനെതിരെ 1-1 സമനില. പെനാൽട്ടി കിക്കിൽ നിന്നായിരുന്നു എംബാപ്പേയുടെ ഗോൾ. ബെൽജിയത്തിനെതിരായ പ്രിക്വാർട്ടറിൽ ജയിച്ചതും സെൽഫ് ഗോളിൽ. പക്ഷേ കോച്ച് ദിദിയർ ദെഷാംപ്സ് പറയുന്നത് ടീമിന് കരുത്തും വ്യക്തിഗത മികവുമുണ്ടെന്നാണ്. പക്ഷേ യൂറോയിൽ കളിച്ച എല്ലാ ടീമുകൾക്കും ഈ കരുത്ത് പറയാനുമാവും. എന്നാൽ വലിയ വേദിയിൽ ഞങ്ങൾ എന്നും മികവ് പ്രകടിപ്പിച്ചിട്ടുണ്ട്. വിജയിക്കുക എന്നത് ടീമിന്റെ മുദ്രാവാക്യമാണെന്നും അദ്ദേഹം പറഞ്ഞു.

### മൈതാനത്ത്

പോർച്ചുഗൽ: ഡിയാഗോ കോസ്റ്റ, സാൻസിലോ, റുബൻ ഡയസ്, പെപ്പെ, നുനോ മെൻഡസ്, ഫാലിഞ്ഞ, വിറ്റിഞ്ഞ, ബ്രുണോ ഫെർണാണ്ടസ്, റാഫേൽ ലിയോ, ക്യസ്റ്റിയാനോ റൊണാൾഡോ, ബെർനാർഡോ സിൽവ

ഫ്രാൻസ്: മെയ്ഗ്നാൻ, കോണ്ടെ, സാലിബ, ഉപമിസാനോ, ഹെർണാണ്ടസ്, കാൻഡേ, തൂമേനി, ഗ്രിസ്മാൻ, ഡെംപാലേ, തുറാം, എംബാപ്പേ.



പ്രത്യയശാസ്ത്ര രാഹിത്യവും സാമൂഹികാവബോധമില്ലായ്മയും എസ്.എഫ്.ഐ എന്ന പ്രസ്ഥാനത്തെ വിദ്യാർഥികളിൽ നിന്നും അകറ്റുകയാണ്. പ്രിൻസിപ്പലിനോട് കാലറുത്ത് കളയും എന്ന് പറയുന്ന ഭാഷാരീതി ശരിയാണെന്നാണോ എസ്.എഫ്.ഐ ഇപ്പോഴും ധരിച്ചിരിച്ചിരിക്കുന്നത്. അഭിപ്രായ വ്യത്യാസമുള്ള മറ്റ് പാർട്ടി പ്രവർത്തകരെ തെരുവിൽ നേരിട്ടാൽ അവരുടെ പോരാട്ടവും പതാകയും മടക്കി കീശയിൽ വെക്കുമെന്നാണോ എസ്.എഫ്.ഐ വിശ്വസിച്ചു പോരുന്നത്. സാധാരണ മനുഷ്യർക്കും ശബ്ദമുള്ള പ്രതീക്ഷാകാലത്തും കാലഹരണപ്പെട്ട അക്രമശൈലി ചുമക്കുന്നവർ ഇനി ആ കൊടിയും ഒറ്റക്ക് ചുമക്കേണ്ടി വരും.

–സി.കെ നജാഫ്



ഏതെങ്കിലും ഉദ്ഘാടനത്തിന് എം.പിയെ കൊണ്ടുപോയി ഉദ്ഘാടനം ചെയ്യിപ്പിക്കാമെന്ന് വിചാരിക്കുകയേ വേണ്ട. അവിടെ സിനിമാനടനായി മാത്രമേ വരികയുള്ളൂ. അതിന് എന്റെ സഹപ്രവർത്തകർ വാങ്ങുന്നതരത്തിൽ യോഗ്യമായ ശമ്പളം വാങ്ങിയേ പോകൂ. ആ കാശിൽ നിന്ന് നയാപൈസ എടുക്കില്ല. അത് എന്റെ ട്രസ്റ്റിലേക്ക് പോകും.

–സുരേഷ്ഗോപി

## കേരള വാർത്തകൾ

# എസ്.എഫ്.ഐയുടെ 'ഇടിമുറി'യിൽ നിയമസഭ സ്തംഭിപ്പിച്ച് പ്രതിപക്ഷം

## എസ്.എഫ്.ഐയുടെ ബലം ഇടിമുറികളെന്ന് എം. വിൻസെന്റ്

## കൊമ്പുകോർത്ത് മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും

തിരുവനന്തപുരം: സംസ്ഥാന കാമ്പസുകളെ ഇടിമുറികളാക്കുന്ന എസ്.എഫ്.ഐയുടെ ചോരക്കൊതിക്കെതിരെ നിയമസഭയിൽ പ്രതിപക്ഷ പ്രതിഷേധം. പ്ലക്കാർഡുകളുമായി നടുത്തളത്തിലിറങ്ങിയ പ്രതിപക്ഷം എസ്.എഫ്.ഐ അക്രമങ്ങളെ പ്രോത്സാഹിപ്പിക്കുന്നത് മുഖ്യമന്ത്രി പിണറായി വിജയനാണെന്നും ആരോപിച്ചു. മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവും തമ്മിൽ നടന്ന വാദപ്രതിവാദങ്ങളിൽ സഭ ബഹളത്തിലായി. പ്രതിഷേധത്തെ തുടർന്ന് സഭ തടസപ്പെടുന്ന സാഹചര്യമുണ്ടായതോടെ നടപടികൾ വേഗത്തിലാക്കി പിരിയുകയായിരുന്നു.

കാര്യവട്ടം കാമ്പസിൽ കഴിഞ്ഞ ദിവസം കെ.എസ്.യു നേതാവിനെ ഇടിമുറിയിൽ കൊണ്ടുപോയി മർദ്ദിച്ച സംഭവം ചൂണ്ടിക്കാട്ടിയുള്ള അടിയന്തര പ്രമേയ നോട്ടീസിനിടെയാണ് സഭയിൽ പ്രക്ഷുബ്ധ രംഗങ്ങൾ അരങ്ങേറിയത്. പ്രതിപക്ഷത്തെ എം. വിൻസെന്റാണ് അടിയന്തര പ്രമേയത്തിന് അനുമതി തേടിയത്.

എസ്.എഫ്.ഐയുടെ ബലം പ്രത്യയശാസ്ത്രമല്ല, മറിച്ച് ഇടിമുറികളാണെന്ന് വിൻസെന്റ് പറഞ്ഞു. എസ്.എഫ്.ഐ അക്രമങ്ങൾ കാരണം കുട്ടികൾ കേരളത്തിലെ കാമ്പസുകൾ വിട്ടുപോകാൻ നിർബന്ധിതരാവുകയാണ്. കാര്യവട്ടം കാമ്പസിൽ കെ.എസ്.യു നേതാവ് സാൻജോസിനെ ഇടിമുറിയിൽ കൊണ്ടുപോയി മർദിച്ചതാണ് എസ്.എഫ്.ഐ ക്രൂരതയുടെ അവസാനത്തെ ഉദാരഹരണമെന്നും വിൻസെന്റ് ചൂണ്ടിക്കാട്ടി. മർദ്ദിച്ച ശേഷം പരാതിയില്ലെന്ന് സാൻജോസിനെ കൊണ്ട് എഴുതി വാങ്ങിക്കുകയും അങ്ങനെ പറയിപ്പിച്ച് വീഡിയോ റെക്കോർഡ് ചെയ്യുകയും ചെയ്തു. സംഭവമറിഞ്ഞ് താൻ സ്ഥലത്ത് എത്തിയപ്പോൾ തന്റെ കാറിനുനേരെ അക്രമം അഴിച്ചുവിട്ടു. തന്നെ കയ്യേറ്റം ചെയ്യാൻ ശ്രമിച്ചപ്പോൾ പൊലീസ് നോക്കി നിൽക്കുകയായിരുന്നുവെന്നും വിൻസെന്റ് പറഞ്ഞു.

എസ്.എഫ്.ഐ അതിക്രമങ്ങൾ ചർച്ചക്ക് വന്ന സമയത്തെല്ലാം അതിനെ ന്യായീകരിക്കുന്ന സമീപമനമാണ് മുഖ്യമന്ത്രിയുടെ ഭാഗത്തു നിന്നുണ്ടായത്. ലോ കോളജിലെ കെ.എസ്.യുവിന്റെ വനിതാ നേതാവിനെ നിലത്തിട്ട് ചവിട്ടുകയും കെ.എസ്.യു നേതാക്കളെ വീടുകളിൽ പോയി മർദിക്കുകയും ചെയ്തപ്പോഴും മുഖ്യമന്ത്രി അതിനെ ന്യായീകരിച്ചു. അന്ന് പ്രതിപക്ഷം സബ്മിഷൻ അവതരിപ്പിച്ചപ്പോൾ എസ്.എഫ്.ഐ പൊങ്ങിപ്പൊങ്ങി പോകുന്നതിന്റെ അസൂസയാണെന്നാണ് മുഖ്യമന്ത്രി മറുപടി പറഞ്ഞത്. എ.ഐ.എസ്.എഫിന്റെ വനിതാ നേതാവിനെ കേട്ടാലറക്കുന്ന ഭാഷാപ്രയോഗം നടത്തിയ നേതാവിനെ സംസ്ഥാന സെക്രട്ടറിയാക്കിയപ്പോഴാണ് എസ്.എഫ്.ഐ പൊങ്ങിപ്പോയതെന്ന് വിൻസെന്റ് പരിഹസിച്ചു.

കേരളത്തിലെ മനസാക്ഷിയെ ഞെട്ടിച്ച സിദ്ധാർത്ഥിന്റെ മരണത്തിലേക്ക് നയിച്ച സംഭവങ്ങളെ കുറിച്ച് സഭയിൽ ചർച്ച നടന്നപ്പോഴും മുഖ്യമന്ത്രി ഇതേ സമീപനം തന്നെയാണ് സ്വീകരിച്ചത്. ഹെൽമെറ്റും ചെടിച്ചട്ടിയും കൊണ്ട് പ്രതിഷേധിക്കുന്നവരെ അക്രമിച്ചവരെ രക്ഷാപ്രവർത്തകർ എന്നുവിളിച്ച് സംരക്ഷിച്ചത് മുഖ്യമന്ത്രിയാണ്. അവരെ സംരക്ഷിച്ചതിന് കേരളത്തിലെ ജനങ്ങൾ നൽകിയ മറുപടിയാണ് ലോക്സഭ തെരഞ്ഞെടുപ്പ് ഫലമെന്നും അദ്ദേഹം പറഞ്ഞു.

എസ്.എഫ്.ഐ പതിറ്റാണ്ടുകളുടെ പ്രവർത്തനത്തിലൂടെ വളർന്നുവന്ന പ്രസ്ഥാനമാണെന്നും അതിനെ അധിക്ഷേപിക്കാനുള്ള നടപടികളാണ് നടക്കുന്നതെന്നുമായിരുന്നു മുഖ്യമന്ത്രിയുടെ മറുപടി. തുടർന്ന് എ.കെ.ജി സെന്ററിന് നേരെ നടന്ന പടക്കമേറും വയനാട്ടിലെ കോൺഗ്രസ് ഓഫീസിൽ ഗാന്ധിചിത്രം തകർത്ത സംഭവവും ചൂണ്ടിക്കാട്ടി കെ.എസ്.യുവിനെയും യൂത്ത് കോൺഗ്രസിനെയും മുഖ്യമന്ത്രി വിമർശിച്ചു. 35 എസ്.എഫ്.ഐക്കാർ കൊല്ലപ്പെട്ടിട്ടുണ്ടെന്നും കെ.എസ്.യുവിന് അങ്ങനെയൊരു ചരിത്രം പറയാനുണ്ടോയെന്നുമായിരുന്നു മുഖ്യമന്ത്രിയുടെ മറുചോദ്യം.

സിദ്ധാർത്ഥന്റെ മരണമുണ്ടായപ്പോൾ ഇത്തരത്തിൽ ഒരു സംഭവം ഇനി ആവർത്തിക്കില്ലെന്നാണ് കേരള മനസ്സാക്ഷി വിചാരിച്ചതെന്ന് പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ പറഞ്ഞു. ആരെയും തല്ലിക്കൊല്ലാനുള്ള ലൈസൻസ് എസ്.എഫ്.ഐക്ക് കേരളത്തിലെ മുഖ്യമന്ത്രി തന്നെ നൽകുന്നത് ജനം വിലയിരുത്തട്ടേയെന്നും സതീശൻ തുറന്നടിച്ചു. ആശുപത്രിയിൽ കൊണ്ടുപോകണമെന്ന് ആവശ്യപ്പെട്ടാണ് കെ.എസ്.യു ധർണയിരുന്നത്. ശ്രീകാര്യം സ്റ്റേഷനിൽ എന്തിനാണ് എസ്.എഫ്.ഐക്കാർ വന്നത്. നെറികെട്ട രാഷ്ട്രീയത്തിന്റെ ഇങ്കുബേറ്ററിൽ വിരിയിക്കുന്ന ഗുണ്ടാപ്പട നിങ്ങളെയും കൊണ്ടേ പോകുകയുള്ളൂവെന്ന് സതീശൻ മുന്നറിയിപ്പ് നൽകി. കൊയിലാണ്ടി കോളേജിൽ പ്രിൻസിപ്പലിനെ വരെ എസ്എഫ്ഐ ആക്രമിച്ചു. പ്രിൻസിപ്പാളിന്റെ രണ്ട് കാലും കൊത്തിയെടുക്കുമെന്നാണ് എസ്എഫ്ഐയുടെ ഏരിയ സെക്രട്ടറി പറഞ്ഞതെന്ന് ചൂണ്ടിക്കാട്ടിയ പ്രതിപക്ഷ നേതാവ്, ഇത് കേരളമാണോയെന്നു ചോദിച്ചതോടെ ഭരണപക്ഷം ബഹളവുമായി എഴുന്നേറ്റു. പ്രതിപക്ഷാംഗങ്ങളും സീറ്റിൽ നിന്നു എഴുന്നേറ്റു. 29 വർഷം സി.പി.എമ്മിന്റെ അധ്യാപക സംഘടനയിൽ പ്രവർത്തിച്ച ആളാണ് എസ്.എഫ്.ഐയുടെ അതിക്രമം മൂലം ബി.ജെ.പിയിലെത്തിയതെന്നും അവരായിരുന്നു ആലത്തൂരിലെ സ്ഥാനാർഥിയെന്നും സതീശൻ പറഞ്ഞു. ബഹളമായതോടെ സ്പീക്കർ ഇടപെട്ടു. ഇതോടെ മുഴുവൻ പറഞ്ഞിട്ടെ പോകുവെന്ന് പ്രതിപക്ഷ നേതാവ് നിലപാടെടുത്തു.

ഇതിനിടെ, ഇരുപക്ഷവും നടുത്തളത്തിന് അരികിലേക്കിറങ്ങി. സഭയിൽ നിന്നും ഇറങ്ങി പോകുമെന്ന് പ്രതിപക്ഷ നേതാവ് പറയാതിരുന്നതോടെ വാക്കൗട്ട് നടത്തുകയാണോ എന്ന് പ്രതിപക്ഷ നേതാവിനോട് സ്പീക്കർ ചോദിച്ചു. എന്നാൽ വി.ഡി സതീശൻ മറുപടി നൽകിയില്ല. ഇതോടെ പ്രതിപക്ഷ നേതാവ് ചെയറിനെ ഭീഷണിപ്പെടുത്തുന്നുവെന്ന് ആരോപിച്ച് മന്ത്രി എം.ബി രാജേഷും അതേറ്റുപിടിച്ച് സ്പീക്കറും രംഗത്തുവന്നു. ചെയറിനു നേരെയുള്ള ആക്ഷേപം ജനാധിപത്യ സമൂഹത്തിന് ചേരുന്നതല്ലെന്നും പരാതികൾ ഉണ്ടെങ്കിൽ ചേമ്പറിൽ വന്നു പറയണമെന്നും സ്പീക്കർ നിർദ്ദേശിച്ചു. ഇതോടെ പ്രതിപക്ഷം പ്ലക്കാർഡ് ഉയർത്തി നടുത്തളത്തിലിറങ്ങി പ്രതിഷേധമായി. പിന്നാലെ നടപടികൾ വേഗത്തിലാക്കി സഭ പിരിയുകയായിരുന്നു.

### മസാലബോണ്ട് : അന്വേഷണത്തിന് ഇ.ഡിക്ക് അധികാരമില്ലെന്ന വാദവുമായി കിഫ്ബി

കൊച്ചി: മസാലബോണ്ട് കേസ് ഫണ്ട് ദുരുപയോഗം അന്വേഷിക്കാൻ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിന് അധികാരമില്ലെന്ന് കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (കിഫ്ബി) ഹൈക്കോടതിയിൽ ബോധിപ്പിച്ചു. ഫോറിൻ എക്സ്ചേഞ്ച് മാനേജ്മെന്റ് ആക്ടിന്റെ (ഫെമ) സെക്ഷൻ 12 പ്രകാരം പരിശോധിക്കാൻ റിസർവ് ബാങ്ക് ഓഫ് ഇന്ത്യ (ആർബിഐ) രേഖാമൂലം ഒരു അംഗീകൃത വ്യക്തിയെ നിയമിക്കണമെന്നും ഇഡി കോടതിയിൽ വ്യക്തമാക്കി.

മസാല ബോണ്ട് കേസുമായി ബന്ധപ്പെട്ട് മുൻ ചീഫ് സെക്രട്ടറി കൂടിയായ ഡോ.കണ്ടത്തിൽ മാത്യു എബ്രഹാമിന് (കിഫ്ബി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ) ഇഡി നൽകിയ സമൻസ് ചോദ്യം ചെയ്ത് കിഫ്ബി സമർപ്പിച്ച ഹർജിയാണ് ജസ്റ്റിസ് ടി ആർ രവി പരിഗണിച്ചത്. രേഖകൾ സമർപ്പിക്കാനും വാക്കാൽ തെളിവെടുക്കാനും ആവശ്യപ്പെട്ടാണ് സമൻസ് അയച്ചിരിക്കുന്നത്. ഫണ്ട് വിനിയോഗവും ദുരുപയോഗവും സംബന്ധിച്ച് അന്വേഷണം നടത്താൻ ഇഡി യുടെ അധികാരപരിധിയിൽ ഇല്ലെന്നും കിഫ്ബി വാദിച്ചു. കോടതിയുടെ നിർദ്ദേശപ്രകാരം, കിഫ്ബി ഉദ്യോഗസ്ഥർ സമൻസുകൾക്ക് മറുപടി നൽകുകയും ഇഡിക്ക് മുമ്പാകെ ഹാജരാകുകയും ചെയ്തു. ഫണ്ട് ദുരുപയോഗം സംബന്ധിച്ച് അന്വേഷണം നടത്താൻ ഇഡിക്ക് അധികാരമില്ലെന്നായിരുന്നു കിഫ്ബിയുടെ മറ്റൊരു വാദം. ഫെമയുടെ സെക്ഷൻ 12 പ്രകാരം ആർബിഐയുടെ ഒരു ഉദ്യോഗസ്ഥനെ പരിശോധിക്കാൻ അംഗീകൃത വ്യക്തിയെ നിയമിക്കാൻ ആർബിഐക്ക് അധികാരമുണ്ടെന്ന് കിഫ്ബി വാദിച്ചു.

### എസ്.എഫ്.ഐയെ ന്യായീകരിച്ചും 'രക്ഷാപ്രവർത്തനം' ആവർത്തിച്ചും പിണറായി



തിരുവനന്തപുരം: എസ്.എഫ്.ഐ അക്രമങ്ങളെ ന്യായീകരിച്ചും 'രക്ഷാപ്രവർത്തനം' ആവർത്തിച്ചും നിയമസഭയിൽ മുഖ്യമന്ത്രി പിണറായി വിജയൻ. അടിയന്തര പ്രമേയ നോട്ടീസിന് മറുപടി നൽകവേയാണ് നവകേരള ബസിന് നേരെ പ്രതിഷേധിച്ചവരെ തല്ലിച്ചതച്ച നടപടിയെ മുഖ്യമന്ത്രി വീണ്ടും ന്യായീകരിച്ചത്. കരിങ്കൊടി കാട്ടിയവരെ ചെടിച്ചട്ടി കൊണ്ട് തലക്കടിച്ച ഡി.വൈ.എഫ്.ഐക്കാരുടെ അക്രമം രക്ഷാപ്രവർത്തനം തന്നെയാണ്. അതും അന്നും പറഞ്ഞു, പിന്നെയും പറഞ്ഞു, ഇന്നും പറയുന്നു, നാളെയും പറയും. ബസിന് മുന്നിൽ ചാടുന്നവരെ പിടിച്ചുമാറ്റുന്നത് എങ്ങനെ കുറ്റമാകും. അത് രക്ഷാപ്രവർത്തനം തന്നെയാണെന്നും മുഖ്യമന്ത്രി ആവർത്തിച്ചു.

കൊലചെയ്യപ്പെടേണ്ടി വന്നതെല്ലാം എസ്.എഫ്.ഐക്കാരാണ്. ഇടിമുറികളിലൂടെ വളർന്നുവന്ന പ്രസ്ഥാനമല്ല എസ്.എഫ്.ഐ. എന്തുകൊണ്ടാണ് കെ.എസ്.യു ശോഷിച്ചു പോയത്. എല്ലാ അക്രമങ്ങളെയും അതിജീവിച്ചുതന്നയാണ് എസ്.എഫ്.ഐ വളർന്നുവന്നത്. കെ.എസ്.യുവിന്റെ ആ അക്രമങ്ങളെ പടിപടിയായി ഉണ്ടായതാണല്ലോ. 35 എസ്.എഫ്.ഐക്കാരാണ് കൊല്ലപ്പെട്ടത്. എന്നിട്ട് ആ പ്രസ്ഥാനം തകർന്നുപോയോ. നിറഞ്ഞുനിൽക്കുന്ന പ്രസ്ഥാനമാണ് എസ്.എഫ്.ഐ. പക്ഷപാതപരമായ വിധിയെഴുത്ത് നടത്തരുത്. നിങ്ങൾ ബഹളം വെച്ചതുകൊണ്ടോ കുറേമാധ്യമങ്ങൾ പറഞ്ഞതുകൊണ്ടോ വസ്തുതകൾ അതല്ലാതാവില്ല. മാധ്യമങ്ങൾ ചില വാർത്തകൾ പ്രചരിപ്പിച്ചാൽ ഞങ്ങളങ്ങ് തീർന്നുപോകുമെന്ന് വിചാരിക്കണ്ട. ഏതെല്ലാം തരത്തിലുള്ള മാധ്യമവേട്ട നേരിട്ടാണ് ഞങ്ങളൊക്കെ ഇവിടെ നിൽക്കുന്നത്. അങ്ങനെയൊന്നും തകരുന്നവരല്ല ഞങ്ങൾ. സിദ്ധാർത്ഥന്റെ കൊലപാതകത്തിൽ ശരിയായ രീതിയിലുള്ള നടപടികളാണ് സർക്കാർ ചെയ്തത്. അവർക്ക് പരീക്ഷയെഴുതാൻ അവസരം നൽകിയത് കോടതിയും യൂണിവേഴ്സിറ്റിയുമാണ് തീരുമാനിക്കേണ്ടത്.

### ഉച്ചഭക്ഷണത്തിനുള്ള തുക വിനിയോഗ രീതി അറിയിക്കാൻ സർക്കാരിന് കോടതി നിർദ്ദേശം

കൊച്ചി : സർക്കാർ സ്കൂളിലെ ഉച്ചഭക്ഷണത്തിനായി സർക്കാർ അനുവദിക്കുന്ന തുക എങ്ങനെ വിനിയോഗിക്കുമെന്ന് വ്യക്തമാക്കണമെന്ന് ഹൈക്കോടതി സർക്കാരിനോട് നിർദ്ദേശിച്ചു. 2024– 2025 വർഷത്തേക്കുള്ള സ്കൂളിലെ ഉച്ചഭക്ഷണത്തിന്റെ അനുബന്ധ ചെലവുകൾക്കായി 232 കോടി രൂപ സംസ്ഥാന ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. തുക കണക്കാക്കാൻ ഉപയോഗിക്കുന്ന രീതിയെക്കുറിച്ചും അവർ വിതരണം ചെയ്യുന്ന രീതിയെക്കുറിച്ചും സർക്കാർ കോടതിയെ അറിയിക്കണം. സംസ്ഥാനത്തിന്റെ ഫണ്ട് അപര്യാപ്തവും സമയബന്ധിതമായി വിതരണം ചെയ്യാത്തതിനാൽ സ്കൂളുകളിലെ പ്രധാനാധ്യാപകർ ഉച്ചഭക്ഷണ പദ്ധതിയുടെ ചെലവ് സ്വന്തം പോക്കറ്റിൽ നിന്ന് വഹിക്കണമെന്ന് കാണിച്ച് കേരള പ്രദേശ് സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ സമർപ്പിച്ച ഹർജി പരിഗണിക്കവെയാണ് ജസ്റ്റിസ് എ സിയാദ് റഹ്മാൻ നിർദ്ദേശം നൽകിയത്. വിദ്യാർഥികൾ കൂടുതലുള്ള സ്കൂളുകളിൽ പ്രധാനാധ്യാപകന്റെ മുഴുവൻ ശമ്പളവും ചെലവുകൾ വഹിക്കാൻ തികയില്ലെന്ന് ഹർജിക്കാരൻ ചൂണ്ടിക്കാട്ടി. നികുതി വഴിയല്ലാതെ ഒരു ദിവസത്തേക്ക് പോലും ആരോടും പണം വിട്ടുനൽകാൻ സർക്കാരിന് ആവശ്യപ്പെടാനാവില്ലെന്ന് വാദിച്ചു. ഇതിനുപുറമെ, സാമഗ്രികളുടെ സംഭരണം ഉൾപ്പെടുന്ന പദ്ധതിയുടെ മേൽനോട്ട ചുമതലയും പ്രധാനാധ്യാപകർക്കാണ്.കമ്മിറ്റികളുടെ സ്കീം അനുസരിച്ച് സ്കൂൾതല കമ്മിറ്റികൾക്ക് പദ്ധതി നടപ്പാക്കാൻ പരിമിതമായ റോളേയുള്ളൂവെന്ന് കോടതി ചൂണ്ടിക്കാട്ടി.

### പിണറായി മഹാരാജാവല്ല എന്നോർക്കണമെന്ന് പ്രതിപക്ഷ നേതാവ്



തിരുവനന്തപുരം: പിണറായി മഹാരാജാവല്ല, ജനങ്ങൾ തെരഞ്ഞെടുത്ത മുഖ്യമന്ത്രിയാണെന്നോർക്കണമെന്ന് പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ. അടിയന്തര പ്രമേയത്തിന് അനുമതി നിഷേധിച്ചതിനെ തുടർന്ന് നിയമസഭയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഫാസിസ്റ്റ്കഴുകൻ കൂട്ടങ്ങൾ എന്നാണ് 'ജനയുഗം' എസ്.എഫ്.ഐക്കാരെ വിശേഷിപ്പിച്ചത്. ഗാന്ധിയുടെ ചിത്രത്തിൽ മാലയിടാൻ ആണോ എസ്.എഫ്.ഐ പ്രവർത്തകർ രാഹുൽഗാന്ധിയുടെ ഓഫീസിൽ കയറിയതെന്ന് ചോദിച്ച വി.ഡി സതീശൻ സംഘപരിവാറിനെ സന്തോഷിപ്പിക്കാൻ വേണ്ടി ചെയ്തതാണെന്നും പറഞ്ഞു. കേരളത്തിലെ കാമ്പസുകളിൽ എസ്.എഫ്.ഐയെ നിയന്ത്രിക്കാൻ ആരും ഇല്ലാത്ത അവസ്ഥയാണെന്നും പ്രതിപക്ഷ നേതാവ് വ്യക്തമാക്കി. നവകേരള സദസിനിടെ പ്രതിഷേധിച്ച കെ.എസ്.യു, യൂത്ത് കോൺഗ്രസ് പ്രവർത്തകരെ സി.പി.എമ്മുകാർ തല്ലിച്ചതച്ചതിനെ 'രക്ഷാപ്രവർത്തനം' എന്ന് മുഖ്യമന്ത്രി വീണ്ടും ന്യായീകരിച്ചതിൽ സന്തോഷമുണ്ടെന്ന് പ്രതിപക്ഷ നേതാവ് പരിഹസിച്ചു. നിങ്ങൾ തിരുത്തില്ലെന്നു തെളിഞ്ഞു. മുഖ്യമന്ത്രിയുടെ പ്രസംഗം പദവിക്കു നിരക്കാത്തതാണ്. നിങ്ങളുടെ നെറികെട്ട രാഷ്ട്രീയത്തിന്റെ ഇൻകുബേറ്ററിൽ വിരിയിച്ചെടുക്കുന്ന ഈ ഗുണ്ടാപ്പട നിങ്ങളെയും കൊണ്ടേ പോകൂ. ഇവിടെ അലിഖിത നിയമവാഴ്ചയും പ്രാകൃതശിക്ഷാ രീതികളുമാണ്. സിദ്ധാർത്ഥിന്റെ കേസിൽ പൊലീസ് കൊടുത്ത റിമാൻഡ് റിപ്പോർട്ടിലും ഹോസ്റ്റലിൽ അലിഖിത നിയമവാഴ്ചയാണെന്നാണ് പറയുന്നത്. നിങ്ങളുടെ പൊലീസാണ് ഇത് എഴുതിക്കൊടുത്തത്. എന്നിട്ടാണ് ന്യായീകരിക്കുന്നത്. കൊയിലാണ്ടിയിൽ പ്രിൻസിപ്പലിന്റെ മുഖത്തല്ലേ അടിച്ചത്. എന്നിട്ടാണ് എസ്.എഫ്.ഐ ഏരിയാ സെക്രട്ടറി, പ്രിൻസിപ്പലിന്റെ രണ്ടും കാലും കൊത്തിയെടുക്കുമെന്നും അവന്റെ നെഞ്ചത്ത് അടുപ്പുകൂട്ടുമെന്നും അധ്യാപകരെ കൊണ്ടു പോകാൻ ഈ പൊലീസ് മതിയാകില്ലെന്നും രണ്ട് ആംബുലൻസ് കൂടി കൊണ്ടു വരേണ്ടി വരുമെന്നും പ്രസംഗിച്ചത്. ഇത് കേരളമാണോയെന്നും പ്രതിപക്ഷ നേതാവ് ചോദിച്ചു.

### രണ്ടംഗ സമിതി ഇന്ന് റിപ്പോർട്ട് നൽകും പ്ലസ് വൺ; മുഴുവൻ എ പ്ലസ് നേടിയിട്ടും അഡ്മിഷൻ കിട്ടാതെ 222 വിദ്യാർഥികൾ

തിരുവനന്തപുരം: മുഴുവൻ വിഷയങ്ങളിലും എ പ്ലസ് നേടിയ 222 വിദ്യാർഥികൾക്ക് ഇനിയും പ്ലസ് വണ്ണിന് പ്രവേശനം ലഭിച്ചിട്ടില്ലെന്ന് നിയമസഭയിൽ വെളിപ്പെടുത്തി പൊതുവിദ്യാഭ്യാസ മന്ത്രി വി ശിവൻകുട്ടി.

സപ്ലിമെന്റ് അല്ലോട്മെന്റ് പൂർത്തിയാകുന്നതോടെ ഇവർക്ക് അഡ്മിഷൻ ലഭ്യമാകുമെന്നാണ് പ്രതീക്ഷയെന്നും അദ്ദേഹം പറഞ്ഞു. മലബാർ മേഖലയിൽ ജില്ലയിൽ താത്ക്കാലികമായി അനുവദിച്ചതും നിലനിർത്തിയതും ഷിഫ്റ്റ് ചെയ്തതുമായ ബാച്ചുകൾ തുടരുന്നതിനും മലബാർ മേഖലയിൽ എല്ലാ സർക്കാർ സ്കൂളുകളിലും മുപ്പത് ശതമാനം മാർജിനൽ സീറ്റ് വർധിപ്പിച്ചും സർക്കാർ ഉത്തരവായിട്ടുണ്ട്. എല്ലാ എയ്ഡഡ് സ്കൂളുകൾക്കും 20 ശതമാനം മാർജിനൽ സീറ്റ് വർധനയും ആവശ്യപ്പെടുന്ന എയ്ഡഡ് സ്കൂളുകൾക്ക് അധികമായി 10 ശതമാനം മാർജിനൽ സീറ്റ് വർധനയും അനുവദിച്ചു. കൂടാതെ അധിക ബാച്ച് അനുവദിക്കുന്നതിന് സമിതിയെ നിശ്ചയിച്ചതായും മന്ത്രി വിശദീകരിച്ചു. മലപ്പുറത്ത് അധിക ബാച്ചുകൾ അനുവദിക്കുന്നത് പഠിക്കുവാൻ നിയോഗിച്ച ഹയർസെക്കണ്ടറി വിഭാഗം ജോയിന്റ് ഡയറക്ടറും (അക്കാദമിക്) മലപ്പുറം റീജിയനൽ ഡെപ്യൂട്ടി ഡയറക്ടറും അടങ്ങിയ രണ്ടംഗ സമിതി ഇന്ന് റിപ്പോർട്ട് നൽകുമെന്നും മന്ത്രി അറിയിച്ചു.

### മുഖ്യമന്ത്രിയും പിൻ ഡ്രോപ് സൈലൻസിൽ പ്രസംഗിക്കില്ല; മുന്നറിയിപ്പുമായി വി.ഡി സതീശൻ

തിരുവനന്തപുരം: നിയമസഭയിൽ പ്രതിപക്ഷ നേതാവിന്റെ പ്രസംഗം പതിവായി തടസപ്പെടുത്താൻ ശ്രമിക്കുന്നവർക്ക് മുന്നറിയിപ്പുമായി വി.ഡി സതീശൻ. പ്രതിപക്ഷ നേതാവിന്റെ വാക്കൗട്ട് പ്രസംഗം തടസപ്പെടുത്താൻ ഒരു സംഘത്തെ നിയോഗിച്ചിരിക്കുകയാണെന്നും അതിന് മന്ത്രിമാരാണ് ഇപ്പോൾ നേതൃത്വം നൽകുന്നതെന്നും നിയമസഭ മീഡിയാ റൂമിൽ മാധ്യമങ്ങളെ കണ്ട വി.ഡി സതീശൻ പറഞ്ഞു. പാർലമെന്ററികാര്യ മന്ത്രി എത്ര തവണയാണ് എഴുന്നേറ്റത്. അതിന് എന്ത് അർഹതയാണ് അദ്ദേഹത്തിനുള്ളത്? പാർലമെന്ററി പ്രവർത്തനത്തെ കുറിച്ചും ഫളോർ മാനേജ്മെന്റിനെ കുറിച്ചും അറിയാത്ത ആളാണോ പാർലമെന്ററി കാര്യമന്ത്രി. ധനകാര്യമന്ത്രിയും പാർലമെന്ററി കാര്യമന്ത്രിയും ഉൾപെടെയുള്ള മന്ത്രിമാർ എത്ര തവണയാണ് പ്രസംഗം തടസപ്പെടുത്തിയത്. സ്പീക്കർ നിസഹായനാണ്. പിൻ ഡ്രോപ് സൈലൻസിൽ വാക്കൗട്ട് പ്രസംഗം നടത്താൻ പറ്റില്ലെന്നും ബഹളത്തിനിടയിൽ പ്രസംഗിച്ചു പോകണമെന്നുമാണ് സ്പീക്കർ പറയുന്നത്.

ഇത് സ്പീക്കറുടെ നിസഹായാവസ്ഥയാണ്. സ്പീക്കർ പറഞ്ഞാൽ കേൾക്കാത്ത സംഘത്തെയാണ് ബഹളമുണ്ടാക്കുന്നതിന് വേണ്ടി നിയോഗിച്ചിരിക്കുന്നത്. അവർ മന്ത്രിമാരുടെ നേതൃത്വത്തിൽ വാക്കൗട്ട് പ്രസംഗം തടസപ്പെടുത്തുകയാണ്. ഞങ്ങളുടെ വാക്കുകളെ തടസപ്പെടുത്തി രക്ഷപ്പെടാമെന്നാണോ കരുതുന്നത്? 98 പേരും ബഹളമുണ്ടാക്കിയാലും പറയാനുള്ളത് പറഞ്ഞിട്ടേ പോകൂ. നിയമസഭയിലും ഇവർ ഗുണ്ടായിസം തുടങ്ങിയിരിക്കുകയാണ്. പ്രതിപക്ഷ നേതാക്കളെ പിൻ ഡ്രോപ് സൈലൻസിൽ പ്രസംഗിക്കാൻ അനുവദിക്കില്ലെന്നതാണ് തീരുമാനമെങ്കിൽ മുഖ്യമന്ത്രിയും പിൻ ഡ്രോപ് സൈലൻസിൽ പ്രസംഗിക്കില്ല. തിരഞ്ഞെടുപ്പിൽ വലിയ തിരിച്ചടിയുണ്ടായിട്ടും കേരളീയ പൊതുസമൂഹം തിരുത്തണമെന്ന് ആവശ്യപ്പെട്ടിട്ടും ഞാൻ തിരുത്തില്ലെന്ന നിലപാടിലാണ് മുഖ്യമന്ത്രി. മഹാരാജാവാണെന്ന ധാരണയിൽ മുഖ്യമന്ത്രി ജനങ്ങളെ വെല്ലുവിളിക്കുകയാണ്. തിരുത്താതെ പോയാൽ ബംഗാളിലും ത്രിപുരയിലും ഉണ്ടായത് സി.പി.എമ്മിന് കേരളത്തിലും സംഭവിക്കും.

ക്രിമിനലുകളെ മുഴുവൻ പ്രോത്സാഹിപ്പിക്കുന്ന നടപടിയാണ് മുഖ്യമന്ത്രിയുടെ ഭാഗത്ത് നിന്നുണ്ടായത്. എല്ലാ കാമ്പസുകളിലും ഇരുണ്ട മുറികളുണ്ട്. അവിടെ കുട്ടികൾ ആൾക്കൂട്ട വിചാരണക്കും പ്രാകൃത ശിക്ഷാനടപടികൾക്കും വിധേയരാകുന്നു. പൂക്കോട് കോളജിൽ സിദ്ധാർത്ഥിനെ വിചാരണ ചെയ്ത് തല്ലിക്കൊന്ന് കെട്ടിത്തൂക്കി. കേരളത്തിൽ ഇത്തരം കാര്യങ്ങൾ പാർട്ടിയും സർക്കാരും നിയന്ത്രിക്കുമെന്നാണ് അപ്പോൾ കരുതിയത്. നവകേരള യാത്രയിൽ കല്യാശേരിയിൽ നടന്ന അക്രമസംഭവത്തെ രക്ഷാപ്രവർത്തനം എന്ന് വിശേഷിപ്പിച്ച മുഖ്യമന്ത്രിയുടെ വാക്കുകളാണ് പിന്നീട് കേരളത്തിൽ നടന്ന അക്രമങ്ങൾക്കൊക്കെ ഊർജമായി മാറിയത്. രക്ഷാപ്രവർത്തനം എന്ന വാക്ക് അന്ന് പറഞ്ഞത് ശരിയാണെന്നും ഇനിയും പറയുമെന്നുമാണ് മുഖ്യമന്ത്രി പ്രഖ്യാപിച്ചത്. അപ്പോൾ തിരുത്താൻ തയാറല്ലെന്നാണ് മുഖ്യമന്ത്രി പ്രഖ്യാപിച്ചിരിക്കുകയാണെന്നും പ്രതിപക്ഷ നേതാവ് പറഞ്ഞു.

### പാർട്ടി ജില്ലാ സെക്രട്ടറിക്ക് ഫേസ്ബുക്ക് മറുപടിയുമായി മുഹമ്മദ് മുഹ്സിൻ എം.എൽ.എ

പാലക്കാട്: പാർട്ടി ജില്ലാസെക്രട്ടറിക്ക് ഫേസ്ബുക്കിൽ മറുപടിയുമായി പട്ടാമ്പി എം.എൽ.എ മുഹമ്മദ് മുഹ്സിൻ. സി.പി.ഐ ജില്ലാ എക്സിക്യൂട്ടീവ് യോഗത്തിൽ ജില്ലാസെക്രട്ടറി കെ.പി സുരേഷ്‌രാജ് ഉന്നയിച്ച ആരോപണങ്ങൾക്കുള്ള മറുപടിയാണ് മുഹമ്മദ് മുഹ്സിൻ ഫേസ്ബുക്ക് പേജിലിട്ടത്. പാർട്ടി വിരുദ്ധനായി ചിത്രീകരിക്കുകയും പുറത്തേക്ക് നയിക്കുകയും ചെയ്യുക എന്ന ചില കേന്ദ്രങ്ങളുടെ അജണ്ടയാണെന്ന് എം.എൽ.എ പറയുന്നു. മുഹമ്മദ് മുഹ്സിൻ പാർട്ടിയുമായി സഹകരിക്കുന്നില്ലെന്നു, സംഘടന വ്യവസ്ഥക്ക് കീഴ്പ്പെട്ട് നിൽക്കുന്നില്ലെന്നുമാണ് ജില്ലാ സെക്രട്ടറിയുടെ ആരോപണം. ഇതിനാണ് മുഹമ്മദ് മുഹ്സിൻ മറുപടി നൽകിയിരുന്നത്. നിയമസഭാസമ്മേളനം നടക്കുന്ന കാലയളവിൽ തിരുവനന്തപുരത്തായിരിക്കെ പാർട്ടികമ്മിറ്റികളിൽ പങ്കെടുത്തില്ലെന്ന ബോധപൂർവമായ വാർത്തകൊടുക്കുന്നതിന്റെ ലക്ഷ്യം എന്താണെന്ന് ഊഹിക്കാവുന്നതേയുള്ളൂവെന്നും, പാർട്ടിയിലെ പ്രശ്നങ്ങൾക്ക് താനാണെന്ന പ്രചാരണം ആസൂത്രിതമാണെന്നും മുഹ്സിൻ ആരോപിച്ചു. എതിർക്കേണ്ടവരെ എതിർത്തും, തിരുത്തിക്കേണ്ടവരെ തിരുത്തിക്കുമെന്നും കുറിപ്പിൽ വ്യക്തമാക്കിയിട്ടുണ്ട്.

**മുഹമ്മദ് മുഹ്സിന്റെ ഫേസ്ബുക്ക് പോസ്റ്റിന്റ് പ്രസക്ത ഭാഗം.**

" പാർട്ടിയിൽ നടക്കുന്ന സംഘടനാപരമായ ഏതെങ്കിലും വിഷയത്തിന് ഉത്തരവാദി ഞാനാണെന്ന് പ്രചരണം ആസൂത്രിതമാണ്. പാർട്ടി നൽകിയ പാർലമെൻററി ചുമതല ജനപ്രതിനിധി എന്ന നിലക്ക് നന്നായി നിറവേറ്റുന്നുണ്ട് എന്നാണ് എന്റെ വിശ്വാസം. വർഗബഹുജന സംഘടനകളിൽ പ്രത്യേകിച്ച് ചുമതലകൾ ഒന്നും പാർട്ടി നൽകിയിട്ടില്ലാത്തതിനാൽ അത്തരം പരിപാടികളുമായി സഹകരിക്കുകയും നടത്തിപ്പിന് സഹായിക്കുകയും ചെയ്യാറുണ്ട്. ആ സംഘടനകളുടെ നേതാക്കൾ ആവശ്യപ്പെടുന്ന എല്ലാ കാര്യങ്ങൾക്കും അത്തരത്തിൽ സഹായിച്ചിട്ടുണ്ട്.. പാർട്ടി ഏറ്റെടുത്ത ക്യാമ്പയിനുകളിലും പ്രചാരണ പരിപാടികളിലും മുന്നിൽ തന്നെ നിന്ന് പ്രവർത്തിക്കുന്നുമുണ്ട്.

രാഷ്ട്രീയം എന്നത് 'തിരഞ്ഞെടുപ്പും മത്സരവും ഇരിക്കുന്ന കസേരയും സ്ഥാനമാനങ്ങളും മാത്രമാണ്' എന്ന് വിശ്വസിക്കുന്നവരുടെ കൂട്ടത്തിലല്ല ഞാൻ ഉള്ളത്. സ്വയം വിമർശനവും നേതൃത്വത്തിന് എതിരെയുള്ള വിമർശനങ്ങളും, തിരുത്തലുകളും ഇടതുപക്ഷ സംഘടനകളിൽ സാധാരണയാണ്. എതിർക്കേണ്ടവരെ എതിർത്തും, തിരുത്തിക്കേണ്ടവരെക്കൊണ്ട് തിരുത്തിച്ചും തന്നെയാണ് ഞാൻ വിശ്വസിക്കുന്ന പാർട്ടി ഇവിടം വരെ എത്തിയത്. നാളെയും ഈരീതികൾ തന്നെ ആയിരിക്കും എന്നുതന്നെയാണ് ഞാൻ വിശ്വസിക്കുന്നത്."

### 'എഴുത്തും വായനയും അറിയാത്ത കുട്ടികൾ'

### വിവാദ പരാമർശം ആവർത്തിച്ച് മന്ത്രി സജി ചെറിയാൻ; സർക്കാർ നയമല്ലെന്ന് മന്ത്രി വി. ശിവൻകുട്ടി

തിരുവനന്തപുരം: പത്താംക്ലാസിൽ വിജയിച്ച പലർക്കും എഴുതാനും വായിക്കാനും അറിയില്ലെന്ന വിവാദ പരാമർശം നിയമസഭയിലും ആവർത്തിച്ച് മന്ത്രി സജി ചെറിയാൻ. തന്റെ അനുഭവം നിയമസഭയിൽ വിവരിച്ച മന്ത്രി, പ്രസ്താവനയെ പർവതീകരിക്കേണ്ടതില്ലെന്നും ചർച്ച നടക്കട്ടെയെന്നും പറഞ്ഞു. വിഷയത്തിൽ എൽദോസ് കുന്നപ്പിള്ളിയുടെ ചോദ്യത്തിന് വിദ്യാഭ്യാസ മന്ത്രി വി ശിവൻകുട്ടി മറുപടി പറഞ്ഞതിന് പിന്നാലെയാണ് മന്ത്രി സജി ചെറിയാൻ, തന്റെ വിവാദ പ്രസ്താവനയിൽ നിന്ന് പിന്നോട്ടില്ലെന്ന് വ്യക്തമാക്കിയത്. പത്താം ക്ലാസ് പാസായ ചില കുട്ടികൾക്ക് എഴുത്തും വായനയും അറിയില്ല. അതിൽ ഒരു കുട്ടി തന്റെ വീട്ടിൽ വന്ന് ഒരു അപേക്ഷ തന്നു. അപേക്ഷ വായിച്ചപ്പോൾ അക്ഷരതെറ്റ് വ്യാപകമായിരുന്നു. അപ്പോൾ ഉണ്ടായ പ്രയാസത്തിലാണ് പ്രസംഗത്തിലെ പരാമർശം. കേരളത്തിൽ മൊത്തത്തിൽ പ്രശ്നമുണ്ടാക്കേണ്ടതില്ല. താൻ ഒരു കാര്യം പറഞ്ഞു. അതിൽ ചർച്ച നടക്കട്ടെയെന്നും സജി ചെറിയാൻ പറഞ്ഞു.

### മെഡിസെപ്പ് പദ്ധതി: സർക്കാർ നിസ്സംഗത വെടിയണമെന്ന് കെ.എസ്.പി.എൽ

കോഴിക്കോട്: മെഡിസെപ്പ് പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് സർക്കാർ നിസ്സംഗത വെടിയണമെന്ന് കേരള സർവീസ് പെൻഷനേഴ്സ് ലീഗ് നേതൃയോഗം ആവശ്യപ്പെട്ടു. മെഡിസെപ്പ് പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് സർക്കാറും ഓറിയന്റൽ ഇൻഷുറൻസ് കമ്പനിയുമായി നടത്തിയ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാവാത്തത് കാരണം ആയിരക്കണക്കിന് സർവീസ് പെൻഷൻകാർക്കും ജീവനക്കാർക്കും അധ്യാപകർക്കുമാണ് ഈ ആനുകൂല്യം നഷ്ടപ്പെട്ടത്. പെൻഷൻകാരിൽ നിന്നും ജീവനക്കാരിൽ നിന്നും മാസംതോറും മെഡിസെപ്പ് ഇൻഷുറൻസ് തുക സർക്കാർ ഈടാക്കുകയും ഇത് ദുർവ്യയം ചെയ്യുകയുമാണ് ചെയ്യുന്നത്. അതുകൊണ്ട് അടിയന്തിരമായി പ്രശ്നത്തിന് പരിഹാരം കാണണമെന്നും യോഗം ആവശ്യപ്പെട്ടു. പ്രസിഡന്റ് അഹമ്മദ് മേത്തോടിക അധ്യക്ഷത വഹിച്ചു. ജൂലൈ 30 നകം മെമ്പർഷിപ്പ് ക്യാമ്പയിൻ പൂർത്തിയാക്കും. പെൻഷനേഴ്സ് ലീഗ് ലീഡേഴ്സ് മീറ്റ് ആഗസ്റ്റ് അവസാന വാരത്തിൽ കോഴിക്കോട് നടത്തുന്നതിനും തീരുമാനിച്ചു. ജനറൽ സെക്രട്ടറി എ.കെ സൈനുദ്ദീൻ, ഭാരവാഹികളായി പി വി അബ്ദുറഹിമാൻ, ഖാദർ കൊടവണ്ടി, ടി മുഹമ്മദ് മാസ്റ്റർ, മൂസ്സക്കോയ കൊണ്ടോട്ടി, യൂസഫ് മിഷ്ക്കാത്തി, എ.എം അബൂബക്കർ, എൻ. മൊയ്തീൻ മാസ്റ്റർ, വി മുസ്തഫ, മുഹമ്മദലി നങ്ങോലിയിൽ എന്നിവർ സംസാരിച്ചു.

ഗൾഫ് ചന്ദ്രിക
gulfchandrikanews@gmail.com
2024 ജൂലൈ 05 വെള്ളി
ഗൾഫ് ചന്ദ്രിക

## കേന്ദ്ര സർവകലാശാലയിൽ സ്പോട്ട് അഡ്മിഷൻ

പെരിയ: കേരള കേന്ദ്ര സർവകലാശാലയിൽ എംകോമിന് എസ്.സി. വിഭാഗത്തിൽ രണ്ട് സീറ്റുകൾ ഒഴിവുണ്ട്. താത്പര്യമുള്ളവർ ജൂലൈ 8ന് രാവിലെ 10.30ന് നടക്കുന്ന സ്പോട്ട് അഡ്മിഷന് പെരിയ കാമ്പസിലുള്ള ഡിപ്പാർട്ട്മെന്റിൽ എത്തിച്ചേരണം. കൂടുതൽ വിവരങ്ങൾക്ക് വെബ്സൈറ്റ് www.cukerala.ac.in സന്ദർശിക്കുക. ഫോൺ: 9846329021




## കെമിസ്ട്രി അനലിസ്റ്റ് ഒഴിവ്

കുമ്പള: കുമ്പള റീജിയണൽ ഡയറി ലാബ് കം ട്രെയിനിങ് സെന്ററിൽ പാൽ, പാലുൽപന്നങ്ങൾ എന്നിവയുടെ കെമിക്കൽ ടെസ്റ്റുകൾ നടത്തുന്നതിനും പരിശോധനാ ഉപകരണങ്ങളുടെ കാലിബ്രേഷൻ നടത്തുന്നതിനും ക്ഷീര സഹകരണ സംഘങ്ങളിലെ വെള്ളത്തിന്റെ ഗുണനിലവാര പരിശോധനകൾ നടത്തുന്നതിനും ഒരു കെമിസ്ട്രി അനലിസ്റ്റിനെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷ ബയോഡാറ്റ എന്നിവ 15ന് അഞ്ചിന് മുൻപായി നേരിട്ടോ തപാൽ മുഖേനയോ ഡെപ്യൂട്ടി ഡയറക്ടർ ക്ഷീരവികസന വകുപ്പ് റീജിയണൽ ഡയറി ലാബ് കം ട്രെയിനിങ് സെന്റർ നായക്കാപ്പ് കുമ്പള കാസർകോട് എന്ന വിലാസത്തിൽ സമർപ്പിക്കണം. കൂടിക്കാഴ്ച 18ന് 11ന് കുമ്പള റീജിയണൽ ഡയറി ലാബ് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയത്തിൽ: 04998290626.

# കാസർകോട് വാർത്തകൾ



വെള്ളരിക്കുണ്ട് കൊന്നക്കാട് തുമ്പത്തട്ടിൽ ചെങ്കല്ലു കയറ്റിയ ലോറി തലകീഴായി മറിഞ്ഞു. അപകടത്തിൽ ആർക്കും പരിക്കില്ല

## ലോക്കൽ ഗവ. മെമ്പേഴ്സ് ലീഗ് ശിൽപ്പശാല സംഘടിപ്പിച്ചു

കാസർകോട്: ലോക്കൽ ഗവ. മെമ്പേഴ്സ് ലീഗ് ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ജില്ലയിലെ മുസ്‌ലിം ലീഗ് ജനപ്രതിനിധികളെ പങ്കെടുപ്പിച്ച് ശിൽപ്പശാല സംഘടിപ്പിച്ചു. കാസർകോട് മുനിസിപ്പൽ വനിതാ ഭവനിൽ നടന്ന പരിപാടി മുസ്‌ലിം ലീഗ് സംസ്ഥാന ട്രഷറർ സി.ടി അഹമ്മദലി ഉദ്ഘാടനം ചെയ്തു.

അധികാര വികേന്ദ്രീകരണത്തോടെ ഗ്രാമപഞ്ചായത്തുകൾ മിനി സർക്കാരായി മാറിയതിൽ ഈനിയമം കൊണ്ടുവന്നതിൽ അന്ന് തദ്ദേശ വകുപ്പ് മന്ത്രി എന്ന നിലയിൽ ശക്തമായ ഇടപെടലുകൾ നടത്തിയതിൽ താൻ അഭിമാനം കൊള്ളുന്നതായി സിടി പറഞ്ഞു.

പ്രസിഡന്റ് വി.കെ ബാവ



ലോക്കൽ ഗവ. മെമ്പേഴ്സ് ലീഗ് ജില്ലാ കമ്മിറ്റി സംഘടിപ്പിച്ച ശിൽപ്പശാല മുസ്‌ലിം ലീഗ് സംസ്ഥാന ട്രഷറർ സി.ടി അഹമ്മദലി ഉദ്ഘാടനം ചെയ്യുന്നു

അധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി മുജീബ് കമ്പാർ സ്വാഗതം പറഞ്ഞു. എൽ.ജി.എം.എൽ സംസ്ഥാന പ്രസിഡന്റ് ഇസ്മായിൽ മുഖ്യാതിഥിയായി. പൂക്കോട്ടൂർ പഞ്ചായത്ത് മുൻ പ്രസിഡന്റും കില ഫാകൽറ്റിയുമായ സുമയ്യ ശിൽപ്പശാലക്ക് നേതൃത്വം നൽകി. ജൂലൈ 20ന് എൽജിഎൽഎൽജില്ലാ കമ്മിറ്റി നടത്തുന്ന കലക്ട്രേറ്റ് മാർച്ചും ധർണയും ഇതിന്റെ പ്രചാരണാർഥം 10ന് പഞ്ചായത്ത്, മുനിസിപ്പൽ തലങ്ങളിൽ നടത്തുന്ന ഒപ്പുമതിൽ എന്നീ പരിപാടികൾ വൻ വിജയമാക്കാൻ ശിൽപശാലയിൽ തീരുമാനമായി.

കാസർകോട് മണ്ഡലം മുസ്‌ലിം ലീഗ് പ്രസിഡന്റ് മാഹിൻ കേളോട്ട്, എൽജിഎംഎൽ സംസ്ഥാന സെക്രട്ടറി സുഫൈജ അബൂബക്കർ, ജില്ലാ ട്രഷറർ അഷറഫ് കർള, മുനിസിപ്പൽ മുസ്‌ലിം ലീഗ് ജനറൽ സെക്രട്ടറി ഹമീദ് ബെദിര, കാസർകോട് നഗരസഭാ ചെയമാൻ അബ്ബാസ് ബീഗം, എൽജിഎംഎൽ ജില്ലാ ഭാരവാഹികളായ ബദ്റുൽ മുനീർ, കെകെ ജാഫർ, കലാഭവൻ രാജു,

വനിതാ ലീഗ് ജില്ലാ പ്രസിഡന്റ് മുംതാസ് സമീറ,വിവിധ മണ്ഡലം ഭാരവാഹികളായ ഹമീദ് പോസോളിഗെ, റഹ്മാൻ അരിക്കാടി, സികെ ഇർഷാദ് അജാനൂർ, ഷംസുദ്ദീൻ തെക്കിൽ, കാസർകോട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് സി എസൈമ,കുമ്പള ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് താഹിറ യുസുഫ്, കാസർകോട് നഗര സഭാ വൈസ് ചെയർമാൻ ഷംസീദ ഫിറോസ് സംസാരിച്ചു.



പ്രസി. ജന.സെക്ര

### കാസർകോട് ടൗൺ ലയൺസ് ക്ലബ് ഭാരവാഹികൾ

കാസർകോട്: കാസർകോട് ടൗൺ ലയൺസ് ക്ലബിന്റെ പുതിയ ഭാരവാഹികളായി. ദിൽഷാദ് സിറ്റി ഗോൾഡ് (പ്രസി), ബി.എം സനൂജ് (സെക്ര), അമീൻ നായന്മാർമൂല (ട്രഷ) എന്നിവരെ തിരഞ്ഞെടുത്തു. ഐ.പി.പി ആന്റ് എൽ.സി.ഐ.എഫ് കോഓഡിനേറ്റർ: റഹീം സുൽത്താൻ ഫസ്റ്റ് വൈസ് പ്രസിഡന്റ്: റാഷിദ് പെരുമ്പള, സെക്കൻഡ് വൈസ് പ്രസിഡന്റ്: അച്ചു അറഫ, ജോ. സെക്രട്ടറി: ലത്തീഫ് ടോടോമാൾ, മെമ്പർഷിപ്പ് കമ്മിറ്റി ചെയർപേഴ്സൺ: നാച്ചു ചൂരി, സർവീസ് ചെയർപേഴ്സൺ: റഫീഖ് കൊളക്കേമൂല, മാർക്കറ്റിംഗ് ആന്റ് കമ്യൂണിക്കേഷൻ (പി.ആർ.ഒ): നിഹാദ് ടൈൽ ടിസ്റ്റർ: തസ്ലി ഐവ, ടാമർ: മഷൂദ്, ബോർഡ് ഡയറക്ടേഴ്സ്: ആസിഫ് മാളിക, സമീർ (പാച്ചു), ഷഫീൽ അണങ്കൂർ, കലീൽ മാപ്പു, റയീസ് അറേബിയൻ, റിയാസ് സ്റ്റാർ, സജ്ജാദ് ബാച്ചി ചെർക്കള, നജാദ് എമിറേറ്റ്സ് ഗോൾഡ്.

### സാധ്യതാ പട്ടിക പ്രസിദ്ധീകരിച്ചു

കാസർകോട്: കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ കാസർകോട്, 29.06.2024ന് ഹെൽത്ത് സർവീസ് /മുനിസിപ്പൽ കോമൺ സർവീസ് പ്രസിദ്ധീകരിച്ച ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് സെക്കന്റ് കാറ്റഗറി നമ്പർ 617/2023 (ഫസ്റ്റ് എൻ.സി.എ- വിശ്വകർമ്മ), കാറ്റഗറി നമ്പർ 618/2023 (ഫസ്റ്റ് എൻ.സി.എ- എസ്.സി.സി.സി ) 01.07.2024 ന് ഇൻഡ്യൻ സിസ്റ്റം ഓഫ് മെഡിസിൻ പ്രസിദ്ധീകരിച്ച നഴ്സ് ഗ്രേഡ് സെക്കന്റ് ആയുർവേദ കാറ്റഗറി 116/2023 (ഫസ്റ്റ് എൻ.സി.എ- മുസ്‌ലിം) എന്നിവയുടെ സാധ്യതാ പട്ടിക പ്രസിദ്ധീകരിച്ചു. 04994 230102.

# ആശുപത്രി ജനറേറ്ററിലെ പുക അന്വേഷണം പ്രഖ്യാപിച്ച് കലക്ടർ

## ▌അപകടനില തരണം ചെയ്ത് 54 വിദ്യാർഥികൾ
## ▌പരിഭ്രാന്തരായി രക്ഷിതാക്കൾ



അമ്മയും കുഞ്ഞും ആശുപത്രിയിലെ ജനറേറ്ററിൽ നിന്നുയർന്ന പുക ശ്വസിച്ച കുട്ടികളെ പരിശോധിക്കുന്നു

കാഞ്ഞങ്ങാട്: അമ്മയും കുഞ്ഞും ആശുപത്രിയിലെ ജനറേറ്ററിലെ പുക ശ്വസിച്ച് 61 സ്കൂൾ വിദ്യാർഥികൾക്ക് ദേഹാസ്വാസ്ഥ്യമുണ്ടായ സംഭവത്തിൽ അന്വേഷണം പ്രഖ്യാപിച്ച് കലക്ടർ. കാഞ്ഞങ്ങാട് ലിറ്റിൽ ഫ്ളവർ സ്കൂളിലെ വിദ്യാർഥികൾക്കാണ് ആരോഗ്യ പ്രശ്നങ്ങളുണ്ടായത്. ആശുപത്രിയിലെ ജനറേറ്റർ രാവിലെ പ്രവർത്തിച്ചതിന് പിന്നാലെയായിരുന്നു കുട്ടികൾക്ക് ശ്വാസതടസം ഉൾപ്പെടെ ഉണ്ടായത്. അറുപത്തിയൊന്ന് കുട്ടികളിൽ ആറുപേരെ ജില്ലാ ആശുപത്രിയിലും ബാക്കിയുള്ളവരെ അമ്മയും കുട്ടികളുടെയും ആശുപത്രിയിലും പ്രവേശിപ്പിച്ചത്. ഒരു കുട്ടിയെ കാഞ്ഞങ്ങാട്ടെ സ്വകാര്യ ആശുപത്രിയിലും പ്രവേശിപ്പിച്ചിട്ടുണ്ട്. രണ്ടായിരം വിദ്യാർഥികൾ പഠിക്കുന്ന ലിറ്റിൽ ഫ്ളവർ സ്കൂളിലെ ക്ലാസ് മുറികളിലേക്ക് ആശുപത്രിയുടെ വലിയ ജനറേറ്ററിൽ നിന്നും പുക അടിച്ചുകയറുന്നത് ഭീഷണിയാവുന്നതായി പി.ടി.എ കമ്മിറ്റി ഭാരവാഹികൾ അറിയിച്ചു.

### പ്രശ്നമായത് രക്തത്തിൽ ഓക്സിജനിലെ വ്യത്യാസം

കാഞ്ഞങ്ങാട്: ആശുപത്രി ജനറേറ്ററിലെ പുക ശ്വസിച്ച് കുട്ടികൾക്ക് ശ്വാസതടസം ഉണ്ടായതറിഞ്ഞ് കാഞ്ഞങ്ങാട്ടെ നഗരമധ്യത്തിലെ ആശുപത്രിയിലേക്ക് രക്ഷിതാക്കൾ കൂട്ടത്തോടെയാണ് എത്തിയത്. പുക ശ്വസിച്ച വാർത്ത പരന്നതോടെ പല രക്ഷിതാക്കളും വിവരമറിയാൻ സ്കൂൾ അധികൃതരെയും വിളിച്ചു. അപ്പർ പ്രൈമറിയിലുള്ള വിദ്യാർഥികളാണ് പുക ശ്വസിച്ച് അപകടവസ്ഥയിലായത്. കുട്ടികൾക്ക് നെഞ്ചരിച്ചിലും തലകറക്കവും ശ്വാസംമുട്ടലുമാണ് കുട്ടികൾക്ക് അനുഭവപ്പെട്ടിരിക്കുന്നത്. കാർബൺ സംയുക്തങ്ങളടങ്ങിയ പുകയാണ് ജനറേറ്ററിൽ നിന്നും വരുന്നത്. ഇതുകാരണം കുട്ടികളുടെ രക്തത്തിൽ ഓക്സിജൻ അളവിൽ വിത്യാസമുണ്ടായതാണ് ഇത്തരത്തിലുള്ള് പ്രയാസത്തിനിടയാക്കിയത്. അതേസമയം, കുട്ടികൾക്കുണ്ടായ ഭയമായാണ് ഇത്തരത്തിലുള്ള പ്രയാസങ്ങൾ വലുതായി മാറിയതെന്നും സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി സൂപ്രണ്ട് സന്തോഷ് പറയുന്നത്.



ആശുപത്രിയിലെ ജനറേറ്റർ

### വില്ലനായത് നീളമില്ലാത്ത പുകക്കുഴൽ

ആശുപത്രിയിലെ ജനറേറ്ററിന്റെ പുകക്കുഴലിന് നീളമില്ലാത്താണ് കുട്ടികൾക്ക് പ്രയാസമുണ്ടാക്കുന്ന രൂപത്തിൽ പുക പുറത്തുപോകാൻ കാരണം. സാധാരണയായി ജനറേറ്ററിന്റെ പുകക്കുയലിന് ഒന്നര മീറ്റർ ഉയരം വേണം. എന്നാൽ നിലവിലുള്ളതിന് അതില്ലാത്തതാണ് പ്രശ്നമായത്. ഇത്രയുമധികം വിദ്യാർഥികളും ആൾക്കൂട്ടവുമുള്ള നഗരമധ്യത്തിലുമുള്ള ആശുപത്രിയിലെ ജനറേറ്റർ സംവിധാനം സ്കൂളിനു നേരെ സ്ഥാപിച്ചതും പ്രയാസങ്ങൾക്കിടയാക്കി. രണ്ടാഴ്ച മുമ്പാണ് അശോക് ലൈലാന്റിന്റെ ജനറേറ്റർ കമ്പനി അധികൃതർ വന്ന് പരിശോധന നടത്തി മടങ്ങിയത്.

ജനറേറ്ററിന് ആവശ്യമായ ഓയിൽ ഇല്ലാത്തതിനാലാണ് ഇത്തരത്തിൽ പുകക്ക് കാരണമെന്ന് പറയപ്പെടുന്നു. സംഭവത്തിൽ ജില്ലാ കലക്ടർ ഇമ്പശേഖരൻ അന്വേഷണം ആവശ്യപ്പെട്ടിരുന്നു.

സബ് കലക്ടർ സുഫിയാൻ അഹമ്മദ് സംഭവ സ്ഥലം സന്ദർശിച്ചു. ജനറേറ്റർ മാറ്റി സ്ഥാപിക്കുകയോ പുക കുഴലിന്റെ ഉയരം കൂട്ടുകയോ വേണമെന്ന ആവശ്യം ശക്തമാണ്.

## കാഞ്ഞങ്ങാട് നഗരസഭയിലേക്ക് യു.ഡി.എഫ് മാർച്ച് നടത്തി

കാഞ്ഞങ്ങാട്: കാഞ്ഞങ്ങാട് നഗരസഭക്ക് കീഴിൽ ഹോസ്ദുർഗിൽ പ്രവർത്തിക്കുന്ന അമ്മയും കുഞ്ഞും ആശുപത്രിയിലെ ജനറേറ്ററിൽ നിന്നും ചോർന്ന വിഷപ്പുക ശ്വസിച്ച് ലിറ്റിൽ ഫ്ളവർ ഗേൾസ് സ്കൂളിലെ നിരവധി കുട്ടികൾക്ക് ദേഹാസ്വാസ്ഥ്യം അനുഭവപ്പെട്ട സംഭവത്തിൽ ഉത്തരവാദികളായവർക്കെതിരെ വകുപ്പുതല നടപടിയും ക്രിമിനൽ കേസുമെടുക്കണമെന്നാവശ്യപ്പെട്ട് നിയോജക മണ്ഡലം യുഡിഎഫ് നഗരസഭയിലേക്ക് മാർച്ച് നടത്തി. അഡ്വ എൻ.എ ഖാലിദ്, പി.വി സുരേഷ്, ബഷീർ വെള്ളിക്കൊത്ത്,

എം.പി ജാഫർ, കെ.കെ ബദ്റുദ്ദീൻ, പി.ബി പ്രദീപ് കുമാർ, കെ.പി ബാലകൃഷ്ണൻ നേതൃത്വം നൽകി. നഗരസഭ കവാടത്തിൽ മാർച്ച് നടത്തിയവരെ കയ്യേറ്റം ചെയ്യാൻ ഇടതു കൗൺസിലർമാരും ജീവനക്കാരും ശ്രമം നടത്തി. ജനകീയസമരത്തിനെതിരെ അക്രമത്തിന് മുതിർന്നവർക്കെതിരെ കേസെടുക്കണമെന്നും മാർച്ച് പൊലീസിനോട് ആവശ്യപ്പെട്ടു.



കാഞ്ഞങ്ങാട് നഗരസഭ ഓഫിസിലേക്ക് യു.ഡി.എഫ് മണ്ഡലം കമ്മിറ്റിയുടെ നേതൃത്വത്തിൽ നടത്തിയ പ്രതിഷേധ മാർച്ച്

ബഷീർ ദിനം

## ബേപ്പൂർ സുൽത്താനെ ഉർദുവിൽ പരിചയപ്പെടുത്തി അഞ്ചാം ക്ലാസുകാരി

പടന്ന: നാടൻ ഭാഷ പ്രയോഗങ്ങളിൽ നർമ്മത്തിൽ പൊതിഞ്ഞ എഴുത്തുകളിലൂടെ മലയാളികളുടെ വിശ്വസാഹിത്യകാരൻ വൈക്കം മുഹമ്മദ് ബഷീറിന്റെ 30-ാം ഓർമ ദിനത്തിൽ അദ്ദേഹത്തെ ഉർദുവിൽ പരിചയപ്പെടുത്തി അഞ്ചാം ക്ലാസുകാരി റൈഹാൻ റുഖിയ സാഹിത്യകാരന്മാരെ അടുത്തറിയുന്നതിന്റെ ഭാഗമായാണ് വിദ്യാലയത്തിലെ ചമൻ ഉർദു ക്ലബ് കുട്ടികൾക്കായി അവസരമൊരുക്കി ദിനാചരണത്തെ വൈവിധ്യമാക്കിയത്. തനതു രചനയിലൂടെ ശ്രദ്ധേയമായി എഴുത്തിന്റെ സാമ്രാജ്യം തീർത്ത് സുൽത്താനായ വൈക്കം മുഹമ്മദ് ബഷീറിന്റെ പ്രശസ്തമായ ബാല്യകാല സഖി (ബച്പൻ കി സാത്തി) പാത്തുമ്മയുടെ ആട് (ഫാത്തിമ കി ബകരി) ശബ്ദങ്ങൾ (സദായേം) ന്റുപ്പൂപ്പാക്കൊരാനേണ്ടാർന്ന് (ദാദാ കീ ഹാത്തി) തുടങ്ങി ഒട്ടനേകം കൃതികൾ ഉർദുവിലേക്ക് വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്. ഇന്ന് ഉച്ചയ്ക്ക് രണ്ടിന് നടക്കുന്ന ബഷീർ അനുസ്മരണ പരിപാടി നടനും നാടൻ പാട്ടുകലാകാരനും കൂടിയായ ഒ.പി ചന്ദ്രൻ ഉദ്ഘാടനം ചെയ്യും. കുട്ടികളുടെ നേതൃത്വത്തിൽ ബഷീർ കഥാപാത്രങ്ങളെ അരങ്ങിലെത്തിച്ച് കൊണ്ടുള്ള വൈവിധ്യ പരിപാടികളും നടക്കും



## പാക്യാര ബദരിയ നഗറിൽ സർക്കാർ പുറമ്പോക്ക് ഭൂമി കയ്യേറ്റം; ജനകീയ ആക്ഷൻ സമരത്തിന്

ഉദുമ: പാക്യാര ബദരിയ നഗറിൽ സർക്കാരിന്റെ അധീനതയിലായിരുന്ന പുറമ്പോക്ക് ഭൂമി സ്വകാര്യ വ്യക്തി കയ്യേറിയതിനെതിരെ നാട്ടുകാർ ജനകീയ ആക്ഷൻ കമ്മിറ്റി രൂപീകരിച്ചു. കഴിഞ്ഞ 55 വർഷമായി പുറമ്പോക്ക് ഭൂമിയായിരുന്ന സർക്കാർ സ്ഥലം ഒരു സുപ്രഭാതത്തിൽ സ്വന്തമായി വീടും സ്ഥലവുമുള്ള ഉദുമ പടിഞ്ഞാർ സ്വദേശിയായ വ്യക്തി കയ്യേറുകയായിരുന്നു. ഇതിനെതിരെ പ്രതിഷേധിക്കാൻ വേണ്ടിയാണ് നാട്ടുകാരും വിവിധ രാഷ്ട്രീയ സംഘടന മഹൽ കമ്മിറ്റി പ്രതിനിധികളും ഒന്നിച്ചു ചേർന്നുള്ള ജനകീയ ആക്ഷൻ കമ്മിറ്റി രൂപീകരിച്ചത്.

ഭൂമി കയ്യേറ്റത്തിനെതിരെ നിയമ നടപടികളുമായി മുമ്പോട്ട് പോകാൻ കമ്മിറ്റി തീരുമാനിച്ചു. മുഖ്യമന്ത്രിക്കും റവന്യു മന്ത്രിക്കും ജില്ലാ കലക്ടർക്കും ഗ്രാമ പഞ്ചായത്തിനും പരാതി നൽകി വിജിലൻസ് അന്വേഷണം ആവശ്യപ്പെടും. നാടിന്റെ എല്ലാ ആവശ്യങ്ങൾക്കും ഉപയോഗിച്ചിരുന്നതും ക്ലബിന്റെയും

അങ്കൺവാടി കുട്ടികളുടെയും പഞ്ചായത്തിന്റെയും സംഘടനകളുടെയും വിവിധ പരിപാടികൾ സംഘടിപ്പിച്ചിരുന്ന സർക്കാർ ഭൂമിയാണ് സ്വകാര്യ വ്യക്തിക്ക് പതിച്ചുനൽകിയത്.




ഉദുമ പാക്യാര ബദരിയ നഗറിൽ സ്വകാര്യ വ്യക്തി കയ്യേറിയ സർക്കാർ പുറമ്പോക്ക് ഭൂമി

ഈ ഭൂമിയിൽ ഉദുമ ഗ്രാമ പഞ്ചായത്ത് തൊഴിലുറപ്പ് പദ്ധതി വഴി ഹരിതസേന അംഗങ്ങൾ വീടുകളിൽ നിന്നും എടുക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിച്ചു വെക്കുന്ന മിനി എംസി എഫും സ്ഥാപിച്ചിട്ടുണ്ട്. അതുനീക്കം ചെയ്യണമെന്നാവശ്യപ്പെട്ട് പഞ്ചായത്തിൽ പരാതി നൽകിയിരിക്കുകയാണ് ഭൂമി പതിച്ചു കിട്ടിയ സ്വകാര്യ വ്യക്തി.

ഈ സ്ഥലത്ത് പഞ്ചായത്തിന്റെ കമ്മ്യൂണിറ്റി ഹാൾ നിർക്കുന്നതിനുള്ള നടപടിയുമായി വാർഡ് മെമ്പർ ബഷീർ പാക്യാര ഉദുമ ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ തീരുമാനപ്രകാരം കലക്ടർക്ക് കത്ത് നൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഭൂമി പഞ്ചായത്തിലേക്ക് ലഭിക്കുന്ന മുറയ്ക്ക് കമ്മ്യൂണിറ്റി ഹാൾ നിർമിക്കാൻ വേണ്ടിയുള്ള നടപടിയുമായി മുന്നോട്ടു പോകുമ്പോഴാണ് ഭൂമി സ്വകാര്യ വ്യക്തിക്ക് പതിച്ചുനൽകി എന്ന് പറയുന്നത്. ഇതു സംരക്ഷിക്കാൻ വിവിധ സമര പരിപാടികളുമായി മുന്നോട്ട് പോകുവാനാണ് ജനകീയ ആക്ഷൻ കമ്മിറ്റിയുടെ തീരുമാനം.

ഭാരവാഹികൾ: ഉദുമ ഗ്രാമ പഞ്ചായത്ത് വാർഡ് മെമ്പർ ബഷീർ പാക്യാര (ചെയർ), കെഎസ് അഷ്റഫ്, അബ്ദുൽ ഗഫൂർ കെ.എൻ (വൈസ്. ചെയർ), പി.കെ മുഹമ്മദ് കുഞ്ഞി (കൺ), മൊയ്തീൻ മൂസ, സിദ്ധീക്ക് പാലക്കുന്ന്, അഷ്റഫ് മാമി (ജോ. കൺ),

മുഹമ്മദ് പാക്യാര (ട്രഷ), ദാമോദരൻ, കരുണൻ കണിയമ്പാടി ,ഉബൈദ് മാളികവളപ്പ്, ബഷീർ ബദരിയ, സുബൈർ കേരള, ഷാഫി കുന്നിൽ (രക്ഷാധികാരി), കെ.കെ അഷ്റഫ്, കെ. അഷ്റഫ് പാക്യാര, മജീദ് ബദ്‌രിയ, ഷാനി ബദരിയ, സലീം ബദരിയ, കെ.എച്ച് റഷീദ്, ശിഹാബ് (മെമ്പർ).

## അഞ്ചരക്കണ്ടിയിൽ റാങ്ക് പട്ടിക വിവാദം

അഞ്ചരക്കണ്ടി: പഞ്ചായത്തിൽ അങ്കണവാടി ഹെൽപ്പർ, വർക്കർ റാങ്ക് പട്ടിക തയാറാക്കിയതിൽ വിവാദം. സ്വന്തക്കാരേയും പാർട്ടിക്കാരെയും അനധികൃതമായി നിയമിക്കാൻ ശ്രമം നടക്കുന്നതായി യൂത്ത് ലീഗ് ധർമടം മണ്ഡലം കമ്മിറ്റി ആരോപിച്ചു. നിശ്ചിത യോഗ്യത ലംഘിച്ച് നേതാക്കളുടെ കുടുംബക്കാരെയും സ്വന്തക്കാരെയും മാത്രമായി നിയമിക്കാനാണ് ശ്രമം. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് പോലെ സ്ഥാപനത്തെ നോക്കുകുത്തിയാക്കുന്ന ജില്ലാ വനിത ശിശുവികസന ഓഫീസറുടെ നടപടിയിൽ യോഗം പ്രതിഷേധിച്ചു. പ്രസിഡന്റ് ഷാക്കിർ അഡൂർ അധ്യക്ഷനായി. സി.പി ഷുഹൈബ്, ഹാഷിർ ചെമ്പിലോട്, ദാവൂദ് മാമ്പ, ഫായിസ്, യഹിയ, ജാവേദ് പാളയം, നിഹാൽ സംസാരിച്ചു.



അപകടത്തിൽപ്പെട്ട കാർ

## മുളപ്രയിലും മൂന്നാംകുന്നിലും കാറപകടം

ചെറുപുഴ: മുളപ്രയിലും മൂന്നാം കുന്നിലും കാറപകടം. ചെറുപുഴ-തിരുമേനി റോഡിൽ മുളപ്രയിൽ നിയന്ത്രണം വിട്ടകാർ റോഡിന്റെ സംരക്ഷണഭിത്തിയിലുറപ്പിച്ചിരുന്ന കൈവരിയിൽ ഇടിക്കുകയായിരുന്നു. അപകടത്തിൽ കാറിന്റെ മുൻവശം തകർന്നു. ആർക്കും പരിക്കില്ല. രയരോം മൂന്നാംകുന്ന് പത്തായക്കുണ്ടിൽ നിയന്ത്രണം വിട്ട കാർ വൈദ്യുതിതൂൺ ഇടിച്ചുതകർത്തു. ബുധനാഴ്ച രാത്രി 10ഓടെയായിരുന്നു അപകടം. കാറിന്റെ മുൻഭാഗം തകർന്നു. ഓടിക്കൂടിയ നാട്ടുകാർ രക്ഷാപ്രവർത്തനത്തിന് നേതൃത്വം നൽകി.

# പ്രതീക്ഷയ്ക്കൊടുവിൽ കണ്ണീർമഴ

## തേങ്ങി പൂവം പുഴയോരവും

ഇരിക്കൂർ: രണ്ട് ദിവസമായി പ്രാർഥനയും പ്രതീക്ഷയുമായി പുഴയോരത്ത് കാത്തിരുന്ന സഹപാഠികളുടെയും നാട്ടുകാരുടെയും മുന്നിലേക്ക് അവരെത്തി ചേതനയറ്റ ശരീരങ്ങളായി. തോരാ കണ്ണീരിൽ തേങ്ങി, പൂവം പുഴയോരവും.

പഴശ്ശി ജലസംഭരണിയുടെ ഭാഗമായ പടിയൂർ പൂവം കടവിൽ ഒഴുക്കിൽപ്പെട്ട് കാണാതായ ഷഹർബാനയുടെയും സൂര്യയുടെയും വിയോഗമാണ് സഹപാഠികളെയും നാടിനെയും കണ്ണീരിലാഴ്ത്തിയത്. മൂന്ന് ദിവസം 40 മണിക്കൂറിലേറെ നീണ്ട തെരച്ചിലിനൊടുവിൽ വിദ്യാർഥികളിരുവരും ഒഴുക്കിൽ പെട്ട് മുങ്ങിത്താണ സ്ഥലത്ത് നിന്ന് 300 മീറ്ററോളം അകലെ മൃതദേഹം കണ്ടെത്തുകയായിരുന്നു ദേശീയ ദുരന്ത നിവാരണ സേന.

ഇരിക്കൂർ സിബ്ഗ കോളജിലെ അവസാന വർഷ ബിഎ സൈക്കോളജി വിദ്യാർഥിനികളാണ് എടയന്നൂർ ഹഫ്സത്ത് മൻസിലിൽ ഷഹർബാനയും ചക്കരക്കൽ നാലാംപീടിക ശ്രീലക്ഷ്മി ഹൗസിൽ സൂര്യയും. ചൊവ്വാഴ്ച വൈകിട്ട് നാലോടെ പടിയൂർ പൂവത്തെ സഹപാഠിയുടെ വീട്ടിലെത്തി അവിടെ നിന്ന് അഞ്ച് മണിയോടെ പുഴക്കടവിൽ എത്തിയപ്പോഴായിരുന്നു അപകടം. ചൊവ്വാഴ്ച വൈകിട്ട് മുതൽ ബുധനാഴ്ച രാത്രി വരെയും ജില്ലയിലെ വിവിധ സ്റ്റേഷനുകളിലെ അഗ്നിരക്ഷാ സേനയുടെ സ്കൂബാ സംഘം പുഴയിൽ വ്യാപകമായ തെരച്ചിൽ നടത്തിയെങ്കിലും കണ്ടെത്താനായില്ല.

പഴശ്ശി ഡാമിന്റെ ഷട്ടർ തുറന്നതിനാൽ പുഴയിൽ നീരൊഴുക്ക് ശക്തമായിരുന്നു. ഇത് തെരച്ചിലിന് പ്രതിസന്ധിയായതോടെ ഷട്ടർ താഴ്ത്തി. ഇതോടെ ജലനിരപ്പും ഉയർന്നു. എഡിഎം നവീൻ ബാബുവിന്റെയും ഇരിട്ടി തഹസിൽദാർ വി.എസ് ലാലിമോളിന്റെയും നേതൃത്വത്തിൽ റവന്യൂ സംഘം ദേശീയ ദുരന്ത നിവാരണ സേനയുടെ സഹായം അഭ്യർഥിച്ചതിന്റെ അടിസ്ഥാനത്തിൽ വയനാട്ടിൽ റിസർവ് നിർത്തിയിരുന്ന 30 അംഗ സംഘം ബുധനാഴ്ച സന്ധ്യയോടെ സ്ഥലത്തെത്തുകയായിരുന്നു.

ബുധനാഴ്ച രാത്രിയോടെ എത്തിയ 30 അംഗ ദേശീയ ദുരന്ത നിവാരണ സേന ഇന്നലെ രാവിലെ ആറോടെ തെരച്ചിൽ ആരംഭിച്ചു. പുഴയിലെ അടിയൊഴുക്ക് പ്രതിസന്ധി സൃഷ്ടിച്ചെങ്കിലും മുങ്ങൽവിദഗ്ധർ ഉൾപ്പെട്ട സംഘം കൂറ്റൻ മോട്ടോർ ഘടിപ്പിച്ച ഡിങ്കികളിൽ പുഴയുടെ അടിത്തട്ടിലോളം എത്തുന്നവിധം ഓളങ്ങൾ ഉണ്ടാക്കി വിവിധ സംഘങ്ങളായി തെരച്ചിൽ തുടങ്ങി. രണ്ട് മണിക്കൂറിലധികം നീണ്ട ശ്രമത്തിനൊടുവിൽ ആദ്യം ഷഹർബാനയുടെ മൃതദേഹം പൊന്തി വരികയായിരുന്നു. ഉടൻതന്നെ കരയ്ക്കെത്തിച്ച മൃതദേഹം കണ്ണൂർ ഗവ.മെഡിക്കൽ കോളജിലേക്ക് കൊണ്ടുപോയി. അപകട സമയത്ത് പുഴയിൽ മത്സ്യം പിടിക്കുന്നവരുടെ വലയിൽ കുടുങ്ങിയ ഭാഗത്ത് നിന്ന് തന്നെയാണ് മൃതദേഹം പൊന്തിവന്നത്.

ഷഹർബാനയുടെ മൃതദേഹം കണ്ടെത്തിയ ഭാഗത്ത് തന്നെ സൂര്യയെയും കണ്ടെത്താനാകുമെന്ന നിഗമനത്തിൽ മണിക്കൂറുകളോളം തെരച്ചിൽ തുടർന്നു. ഉച്ചയ്ക്ക് 12ഓടെ അഗ്നിരക്ഷാസേനയും സിവിൽ ഡിഫൻസ് അംഗങ്ങളും ചേർന്നാണ് സൂര്യയുടെ മൃതദേഹവും കണ്ടെത്തിയത്. ഷഹർബാനയുടെ മൃതദേഹം കണ്ടെത്തിയ ഭാഗത്ത് നിന്ന് 50മീറ്ററോളം മാറി പാറക്കെട്ടുകൾക്ക് സമീപമാണ് സൂര്യയുടെ മൃതദേഹം പൊന്തിവന്നത്. ഈ മൃതദേഹവും കണ്ണൂർ ഗവ. മെഡിക്കൽ കോളജിലേക്ക് മാറ്റുകയായിരുന്നു.

ചക്കരക്കല്ല് നാലാംപീടിക ശ്രീലക്ഷ്മി ഹൗസിൽ പ്രദീഷിന്റെയും സൗമ്യയുടേയും മകളാണ് മരിച്ച സൂര്യ. എടയന്നൂർ ഹഫ്സത്ത് മൻസിൽ പരേതനായ മുഹമ്മദ് കുഞ്ഞിയുടെയും ഹഫ്സത്തിന്റെയും മകളാണ് മരിച്ച ഷഹർബാന.

മൂന്ന് ദിവസമായി നടന്ന പരിശ്രമത്തിൽ ജില്ലാ ഫയർ ഓഫീസർ എസ്.കെ ബിജുമോൻ, ഇരിട്ടി എസ്ടിഒ ടി.വി ഉണ്ണികൃഷ്ണൻ, മട്ടന്നൂർ എസ്ടിഒ കെ രാജീവൻ, തലശ്ശേരി എസ്ടിഒ ബാസിത്ത്, കൂത്തുപറമ്പ് എസ്ടിഒ ഷാനിത്ത്, ഇരിക്കൂർ എസ്ഐ ബാബു മോൻ, എം.വി രതീഷ് എന്നിവരുടെ നേതൃത്വത്തിൽ ഇരിട്ടി, കണ്ണൂർ, മട്ടന്നൂർ, പേരാവൂർ, തലശ്ശേരി, കൂത്തുപറമ്പ് സ്റ്റേഷനുകളിലെ സ്കൂബാ സംഘങ്ങളും സിവിൽ ഡിഫൻസ് അംഗങ്ങളും മൃതദേഹങ്ങൾ വീണ്ടെടുക്കുന്ന ദൗത്യത്തിൽ പങ്കുചേർന്നു.



പുഴയിൽ നിന്ന് കണ്ടെടുത്ത മൃതദേഹം കരയിലേക്ക് കൊണ്ടുവരുന്നു



ദുരന്തനിവാരണ സേന മടക്കയാത്ര ഒരുക്കത്തിൽ

## വിദ്യാർഥിയുടെ പഠന ചെലവുകൾ ഏറ്റെടുത്ത് പൊലീസ്

ചെറുപുഴ: പുളിങ്ങോം ആറാട്ടുകടവിലെ നിർധന വിദ്യാർഥിയുടെ പഠന ചെലവുകൾ ഏറ്റെടുത്ത് പൊലീസ്. കാട്ടാന ശല്യംകൊണ്ടും മഴക്കാലത്ത് പുഴ കടക്കാനാകാതെയും ദുരിതമനുഭവിക്കുന്ന പ്രദേശമാണ് പുളിങ്ങോം ആറാട്ടുകടവ്. പുഴ നീന്തിക്കടന്നാണ് കുട്ടികൾ പലപ്പോഴും സ്കൂളിൽ പോകുന്നത്. എന്നാൽ പല കുട്ടികൾക്കും ഇതിന് സാധിക്കാറില്ല. കുട്ടികളുടെ പ്രയാസമറിഞ്ഞ് പയ്യന്നൂർ ഡിവൈഎസ്പി എ ഉമേഷിന്റെ നിർദ്ദേശപ്രകാരം ചെറുപുഴ പൊലീസ് ഒരു കുട്ടിയുടെ പഠനചെലവുകൾ ഏറ്റെടുക്കുകയായിരുന്നു. ഏഴാം ക്ലാസിൽ പഠിക്കുന്ന കുട്ടിയുടെ അമ്മ മരിച്ചതാണ്. പിതാവിന് മകനെ വേണ്ട രീതിയിൽ ശ്രദ്ധിക്കാനുമാകുന്നില്ല. ഇവ മനസിലാക്കിയാണ് പൊലീസ് കുട്ടിയുടെ പഠന ചെലവുകൾ ഏറ്റെടുക്കുവാൻ തയാറായത്. കുട്ടിയെ പഴയങ്ങാടിയിലെ ട്രൈബൽ സ്കൂളിൽ ചേർത്ത് പഠിപ്പിക്കാനാണ് തീരുമാനം. ഇതിനാവശ്യമായ നടപടികൾ തുടങ്ങിയിട്ടുണ്ട്.

## താൽക്കാലിക അധ്യാപക നിയമനം

കണ്ണൂർ: തൃക്കരിപ്പൂർ ഗവ.പോളിടെക്നിക്ക് കോളജിൽ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ ആന്റ് ബിസിനസ് മാനേജ്മെന്റ് ബ്രാഞ്ചിൽ അസിസ്റ്റന്റ് ഇൻസ്ട്രക്ടർ ഇൻ ടൈപ്പ്റൈറ്റിങ് തസ്തികയിൽ താൽക്കാലിക അധ്യാപക നിയമനം നടത്തുന്നു. ഡിപ്ലോമ ഇൻ കൊമേഴ്സ്യൽ പ്രാക്ടീസ് അല്ലെങ്കിൽ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ ആന്റ് ബിസിനസ് മാനേജ്മെന്റ് ബ്രാഞ്ചിൽ മൂന്ന് വർഷത്തെ റഗുലർ ഡിപ്ലോമയുമാണ് യോഗ്യത. താൽപര്യമുള്ളവർ യോഗ്യത, പ്രവൃത്തി പരിചയം മുതലായവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ അസലും പകർപ്പും ബയോഡാറ്റയുമായി എട്ടിന് രാവിലെ 10 മണിക്ക് കോളജിൽ കൂടിക്കാഴ്ചക്ക് ഹാജരാകണം. ഫോൺ: 0467-2211400, 9995145988.

## ഫാഷൻ ഡിസൈനിംഗിൽ ഡിഗ്രി/ഡിപ്ലോമ

കണ്ണൂർ: കേന്ദ്ര ടെക്സ്റ്റൈൽ മന്ത്രാലയത്തിന് കീഴിൽ കണ്ണൂർ അപ്പാരൽ ട്രെയിനിംഗ് ആന്റ് ഡിസൈൻ സെന്ററിൽ മൂന്ന് വർഷ ഫാഷൻ ഡിസൈൻ ആന്റ് റീട്ടെയിൽ ഡിഗ്രി കോഴ്സിലേക്കും ഒരു വർഷത്തെ ഡിപ്ലോമ കോഴ്സായ ഫാഷൻ ഡിസൈൻ ടെക്നോളജിയിലേക്കും പ്രവേശനം തുടങ്ങി. പ്ലസ് ടുവാണ് യോഗ്യത. താൽപര്യമുള്ളവർ അപ്പാരൽ ട്രെയിനിംഗ് ആന്റ് ഡിസൈൻ സെന്റർ, കിൻഫ്ര ടെക്സ്റ്റൈൽ സെന്റർ, നാടുകാണി, പള്ളിവയൽ പിഒ, തളിപ്പറമ്പ വിലാസത്തിൽ ബന്ധപ്പെടണം. ഫോൺ: 8301030362, 9995004269, 0460 2226110.

## ഗസ്റ്റ് ലക്ചറർ നിയമനം

കണ്ണൂർ: പയ്യന്നൂർ റസിഡൻഷ്യൽ വിമൻസ് പോളിടെക്നിക് കോളജിൽ മാത്തമാറ്റിക്സ് വിഭാഗം ലക്ചറർ, ഇൻസ്ട്രുമെന്റേഷൻ വിഭാഗം ട്രേഡ്സ്മാൻ എന്നീ തസ്തികകളിൽ ഗസ്റ്റ് ഫാക്കൽറ്റിയെ നിയമിക്കുന്നു. 55 ശതമാനം മാർക്കിൽ കുറയാത്ത മാത്തമാറ്റിക്സ് ബിരുദാനന്തര ബിരുദമാണ് ലക്ചറർ യോഗ്യത. ട്രേഡ്സ്മാൻ തസ്തികക്ക് ബന്ധപ്പെട്ട വിഷയത്തിൽ ടിഎച്ച്എസ്എൽസി, ഐടിഐ എന്നിവയാണ് യോഗ്യത. യോഗ്യരായവർക്ക് ബയോഡാറ്റ, യോഗ്യതാ സർട്ടിഫിക്കറ്റുകൾ എന്നിവയുടെ അസലും പകർപ്പുമായി 11ന് രാവിലെ 10 മണിക്ക് കോളജ് ഓഫീസിൽ നടക്കുന്ന കൂടിക്കാഴ്ചയിലും എഴുത്ത് പരീക്ഷയിലും പങ്കെടുക്കാം. ഫോൺ: 9497763400.



പ്രസിഡന്റ് ജനൽ സെക്രട്ടറി ട്രഷറർ

## മുസ്‌ലിംലീഗ് എടക്കാട് നോർത്ത് മേഖല ഭാരവാഹികൾ

കണ്ണൂർ: കടലായി, കുറുവ പ്രദേശങ്ങളുടെ പ്രവർത്തനം സജീവമാക്കാൻ മുസ്‌ലിംലീഗ് എടക്കാട് നോർത്ത് മേഖല കമ്മിറ്റി രൂപീകരിച്ചു. ഭാരവാഹികൾ: സി.എം മുസ്തഫ (പ്രസി), ടി.കെ അബ്ദുൽ അസീസ് (ജന.സെക്ര), കെ മുഹമ്മദ് കുഞ്ഞി ഹാജി (ട്രഷ), സി.എം ഫൈസൽ, ബി.ടി മുഹമ്മദ് റാഫി (വൈ.പ്രസി), എസ് അബ്ദുൽ ലത്തീഫ്, കെ റനീസ് (ജോ.സെക്ര). എടക്കാട് മേഖല സംഗമത്തിൽ പാർലമെന്റ് തിരഞ്ഞെടുപ്പിൽ മേഖലയിൽ മികച്ച ഭൂരിപക്ഷം നേടുന്നതിൽ മുന്നിൽനിന്ന പ്രവർത്തകരെ അഭിനന്ദിച്ചു.

സംസ്ഥാന കമ്മിറ്റി നിർദേശപ്രകാരം മേഖല വിഭജന ചർച്ചയെ തുടർന്നാണ് രണ്ട് മേഖലകളായി കമ്മിറ്റികൾ രൂപീകരിക്കുന്നത്. എടക്കാട് സൗത്ത് മേഖല കൺവൻഷൻ ഇന്ന് വൈകുന്നേരം ഏഴിന് ഏഴര മുനമ്പ് ലീഗ് ഹൗസിൽ നടക്കും. കണ്ണൂർ മണ്ഡലം ഭാരവാഹി യോഗം ജില്ലാ വൈസ് പ്രസിഡന്റ് കെ.പി താഹിർ ഉദ്ഘാടനം ചെയ്തു. പ്രസിഡന്റ് ഫാറൂഖ് വട്ടപ്പൊയിൽ അധ്യക്ഷനായി. ടി.എ തങ്ങൾ, എം.പി മുഹമ്മദലി, സി സമീർ, പി.സി അഹമ്മദ്കുട്ടി, സി എറമുള്ളാൻ, പി.വി താജുദ്ദീൻ, കെ സൈനുദ്ദീൻ, വി.വി ഉമ്മർ, മഹമൂദ് പള്ളിക്കണ്ടി, മഹമൂദ് കൊറോത്ത്, ബി.ടി മുഹമ്മദ് റാഫി, കെ റഷീദ്, ഹാഷിം കക്കറ, സി.എം മുഹമ്മദ് ഫൈസൽ, ശംസുദ്ദീൻ കിഴുന്ന, പി.പി നാഷിദ്, നൗഷാദ് എടക്കാട് സംസാരിച്ചു.

### മദ്യം പിടികൂടി

തലശ്ശേരി: മാഹി-മുഴപ്പിലങ്ങാട് ബൈപാസിൽ മദ്യവേട്ട. 13 പെട്ടികളിലായി 500 എംഎലിന്റെ 234 കുപ്പി മദ്യമാണ് എക്സൈസ് സംഘം പിടിയത്. മദ്യം കടത്താനുപയോഗിച്ച 7664 ഇൻഡിഗോ കാറും കസ്റ്റഡിയിലെടുത്തു. പയ്യന്നൂർ പെരിങ്ങോംവയക്കരയിലെ കുപ്പോൾ സ്വദേശി പി നവീ(26)നെയും കസ്റ്റഡിയിലെടുത്തു. മൂന്നാം തവണയാണ് മദ്യം കടത്തുന്നതെന്ന് നവീൻ എക്സൈസ് ഉദ്യോഗസ്ഥർക്ക് മൊഴിനൽകി.

### ടി.കെ മഹറൂഫ് അനുസ്മരണം

കണ്ണൂർ: എസ്.ടി.യു കമേഷ്യൽ ആന്റ് ഫുഡ് കോർപറേഷൻ ചുമട്ടുതൊഴിലാളി യൂണിയൻ സംഘടിപ്പിച്ച ടികെ മഹറൂഫ് അനുസ്മരണം ദേശീയ വൈസ് പ്രസിഡന്റ് എം.എ കരീം ഉദ്ഘാടനം ചെയ്തു. പി.പി മഹമൂദ് അധ്യക്ഷനായി. കെ ഉമ്മർ, ടി.കെ നൗഫൽ, പി.പി നാസർ, ബി ഹസൻ, ടി അഷ്റഫ്, എം.കെ റഷീദ്, പി റഊഫ്, കെ.കെ മുസ്തഫ, കെ.പി ഷമീർ, കെ റഫീഖ്, ബി റിയാസ് ജസ്മിൽ, സലാം, ഹാരിസ് പങ്കെടുത്തു.



കൊളച്ചേരി പഞ്ചായത്തിൽ എസ്എസ്എൽസി, പ്ലസ്ടു പരീക്ഷകളിൽ ഉന്നതവിജയംനേടിയ വിദ്യാർഥികളെ ആദരിച്ച് സംഘടിപ്പിച്ച വിജയോത്സവം മേയർ മുസ്‌ലിഹ് മഠത്തിൽ ഉദ്ഘാടനം ചെയ്യുന്നു. പഞ്ചായത്ത് പ്രസിഡന്റ് അബ്ദുൽ മജീദ്, വൈസ് പ്രസിഡന്റ് സജ്മ, സ്ഥിരംസമിതി അധ്യക്ഷൻമാരായ എൽ നിസാർ, ബാലസുബ്രഹ്മണ്യം, റിട്ട.എസ്പി സദാനന്ദൻ, വത്സൻ പങ്കെടുത്തു.

## ഫോണും പണവും കവർന്നതായി പരാതി

തലശ്ശേരി: സ്വകാര്യ സ്ഥാപനത്തിൽ ജോലി ചെയ്തുവരുന്ന സെക്യൂരിറ്റി ജീവനക്കാരന്റെ കൂടെ താമസിച്ചുവരുന്ന ആൾ പണവും മൊബൈൽ ഫോണും കവർന്നതായി പരാതി. മാട്ടൂൽ നോർത്തിലെ എ.കെ മുഹമ്മദ് ഷാഫിയാണ് തലശ്ശേരി പൊലീസിൽ പരാതി നൽകിയത്. കൂടെ മുറിയിൽ താമസിക്കുന്ന സെക്യൂരിറ്റി ജീവനക്കാരൻ വയനാട് നടവയൽ സ്വദേശി സി.പി സതീഷ് ബാബുവിനെതിരെയാണ് പരാതി. മുഹമ്മദ് ഷാഫിയുടെ ഇരുപതിനായിരം രൂപ വിലവരുന്ന മൊബൈൽ ഫോണും രണ്ടായിരം രൂപയും സതീഷ് ബാബു കവർന്നുവെന്നാണ് പരാതി.



ശ്രീകണ്ഠപുരത്ത് അലഞ്ഞുതിരിയുന്ന തെരുവുനായകൾ

## പട്ടിപ്പേടിയിൽ ശ്രീകണ്ഠപുരം

ശ്രീകണ്ഠപുരം: ടൗണിലും പരിസര പ്രദേശത്തും തെരുവുനായ ശല്യം രൂക്ഷമാകുന്നു. ബസ് സ്റ്റാന്റിലും ടൗണിലും കേന്ദ്രീകരിക്കുന്ന നായകൾ യാത്രക്കാർക്കും ടൗണിലെ വ്യാപാര സ്ഥാപനങ്ങളിൽ എത്തുന്ന ഉപഭോക്താക്കൾക്കും ഒരുപോലെ ഭീഷണിയാവുകയാണ്. നേരത്തെ തെരുവുനായ ആക്രമണം ഉണ്ടായിട്ടുണ്ട്. പ്രശ്നത്തിന് പരിഹാരം കാണണമെന്ന് ആവശ്യപ്പെട്ട് കേരളാ വ്യാപാരി വ്യവസായി ഏകോപന സമിതി ശ്രീകണ്ഠപുരം യൂണിറ്റ് കമ്മിറ്റി നഗരസഭക്ക് പരാതി നൽകി. പ്രകാശിക്കാത്ത ഹൈമാസ് ലൈറ്റുകൾ തകരാർ പരിഹരിച്ച് പ്രകാശിപ്പിക്കാനും റാസ ഹോട്ടലിന് സമീപം ഓവുചാലിലേക്ക് മഴവെള്ളംപോകാൻ സ്ഥാപിച്ച പൈപ്പ് ഗ്രിൽ ദ്രവിച്ചത് മാറ്റി പുതിയത് സ്ഥാപിച്ച് അപകട സാധ്യത ഒഴിവാക്കണമെന്നും സമിതി ആവശ്യപ്പെട്ടു. ഭാരവാഹികളായ ബി.പി ബഷീർ, സി.കെ അലക്സ്, കെ മുരളീധരൻ, കെ അബ്ദുൽഖാദർ, കെ.പി ഇബ്രാഹിം, സി സാസർ, സി.എച്ച് നാസർ പങ്കെടുത്തു.

## മായൻമുക്കിൽ 'ചന്ദ്രിക'യെത്തും പുത്തൻ ഹോണ്ട ആക്ടീവയിൽ

മായൻമുക്ക്: ഒരുനാടിന്റെ അകമഴിഞ്ഞ പിന്തുണയിൽ ഇനി 'ചന്ദ്രിക'യെത്തും പുത്തൻ ഹോണ്ട ആക്ടീവയിൽ 'ചന്ദ്രിക സ്പെഷ്യൽ ഡ്രൈവ്' ആവേശത്തോടെ ഏറ്റെടുത്ത ദേശത്ത് പത്രവിതരണവും സുഖമാക്കുന്നതിനാണ് ഏജന്റിന് മുസ്‌ലിം ലീഗ് മായൻമുക്ക് ശാഖ കമ്മിറ്റിയുടെ നേതൃത്വത്തിൽ പുതിയ ഇരുചക്ര വാഹനം ഹോണ്ട ആക്ടീവ നൽകിയത്. പുതുതായി ഒരു ശാഖയിൽ മാത്രം നൂറിനടുത്ത് വരിക്കാരെ ചേർത്തതിന് പിന്നാലെയാണ് ഈ കരുതൽ.

സി.എച്ച് സെന്റർ പരിസരത്ത് നടന്ന ചടങ്ങിൽ ഏജന്റും ശാഖാ ജനറൽ സെക്രട്ടറിയുമായ പി.സി നൗഷാദിന് ജില്ലാ പ്രസിഡന്റ് അബ്ദുൽകരീം ചേലേരി താക്കോലും ആർസിയും കൈമാറി. ശാഖാ പ്രസിഡന്റ് പി.സി കുഞ്ഞാലി അധ്യക്ഷനായി. ജില്ലാ സെക്രട്ടറി എം.പി മുഹമ്മദലി, മണ്ഡലം ട്രഷറർ പി.സി അഹമ്മദ്കുട്ടി, പഞ്ചായത്ത് കമ്മിറ്റി പ്രസിഡന്റ് പി.സി കുഞ്ഞിമുഹമ്മദ് ഹാജി, ശാഖാ ട്രഷറർ കെ നസീർ ഹാജി, മണ്ഡലം ചന്ദ്രിക കോ-ഓർഡിനേറ്റർ അഷ്ഫ് കാഞ്ഞിരോട്, പി.വി അലി, എ.കെ അബ്ദുൽ ഖാദർ, ടി.പി സുലൈമാൻ, നജീബ് കുനിയിൽ, എം.പി നിമ്രാസ്, പി.കെ ഫാറൂഖ് ഹാജി, നൗഫൽ മായൻമുക്ക്, കെ.ടി സുബൈർ, പി.സി ഷബീർ, കെ.എം അഷ്റഫ് പങ്കെടുത്തു.

ചന്ദ്രിക സ്പെഷ്യൽ ഡ്രൈവിന്റെ ഭാഗമായി വരിക്കാരെ ചേർത്ത ശാഖയിലെ പി.സി കുഞ്ഞിമുഹമ്മദ് ഹാജി, പി.സി കുഞ്ഞാലി, കെ നസീർ ഹാജി, സി.പി ഷാജി, പി.സി സൈനുദ്ദീൻ, എം.പി നിസാജ്, എം.പി നിജാസ്, ഇ.കെ ജലീൽ, കെ.കെ അബ്ദുൽ ഖാദർ, മുനീർ കുനിയിൽ, ബഷീർ ഉളിയിൽ, പി.സി ഫിറോസ്, ഫൈസൽ പാറക്കൽ, സി.പി സെഫീർ എന്നിവരിൽ നിന്ന് സംഭവനയായും ലഭിച്ച 1,20,000 രൂപയ്ക്കാണ് ഹോണ്ട ആക്ടീവ വാങ്ങിയത്.



മായൻമുക്കിൽ ചന്ദ്രിക വിതരണത്തിന് വാങ്ങിയ ഹോണ്ട ആക്ടീവയുടെ താക്കോലും ആർസിയും പി.സി നൗഷാദിന് അബ്ദുൽ കരീം ചേലേരി കൈമാറുന്നു

## പുഴാതി കൃഷിഭവനിൽ ഞാറ്റുവേല ചന്ത

കണ്ണൂർ: പുഴാതി കൃഷിഭവനിൽ കർഷകസഭയും ഞാറ്റുവേല ചന്തയും മേയർ മുസ്‌ലിഹ് മഠത്തിൽ ഉദ്ഘാടനം ചെയ്തു. കൗൺസിലർ പനയൻ ഉഷ അധ്യക്ഷയായി. കൗൺസിലർമാരായ പി കൗലത്ത്, കൂക്കിരി രാജേഷ്, കൃഷി ഓഫീസർ ടി.വി ശ്രീകുമാർ, കണ്ണൂർ കൃഷി അസിസ്റ്റന്റ് ഡയറക്ടർ കെ.പി രസ്ന, കൃഷി അസിസ്റ്റന്റ് സുനിത പങ്കെടുത്തു. കൃഷി വകുപ്പ് ഉദ്യോഗസ്ഥരും മുതിർന്ന കർഷകരുമുൾപ്പെടെ പങ്കെടുത്ത പരിപാടിയോടനുബന്ധിച്ച് പുഴാതി കൃഷി വകുപ്പ്, അഗ്രിഗേഷൻ സെന്റർ നേതൃത്വത്തിൽ ഫലവൃക്ഷ തൈകളുടെ പ്രദർശനവും വിൽപനയും നടന്നു.

## കാലവർഷം; വിദ്യാർഥികളുടെ സുരക്ഷ ഉറപ്പാക്കണമെന്ന് കലക്ടർ

കണ്ണൂർ: കാലവർഷക്കാലത്തെ അധ്യയന ദിനങ്ങളിൽ വിദ്യാർഥികൾ സുരക്ഷിതമായി സ്കൂളുകളിൽ എത്തുന്നുവെന്ന് ഉറപ്പാക്കാൻ രക്ഷിതാക്കളുടെ സഹകരണത്തോടെ സ്കൂൾ അധികാരികളും തദ്ദേശ സ്ഥാപനങ്ങളും നടപടികൾ സ്വീകരിക്കണമെന്ന് ജില്ലാ കലക്ടർ അരുൺ.കെ വിജയൻ. ജില്ലാ ഭരണകൂടത്തിന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ട വിഷയങ്ങൾ ഉണ്ടാകുകയാണെങ്കിൽ തഹസിൽദാർമാർ, വിദ്യാഭ്യാസ ഉപഡയറക്ടർ, ജില്ലാ എമർജൻസി ഓപ്പറേഷൻ സെന്റർ എന്നീ മാർഗങ്ങളിലൂടെ ജില്ലാ ഭരണകൂടത്തെ അറിയിച്ച് പ്രശ്നപരിഹാരം കാണണമെന്നും കലക്ടർ അറിയിച്ചു.

കാലവർഷം ശക്തിപ്രാപിക്കുന്ന ദിവസങ്ങളിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അവധി നൽകണമെന്ന് അഭ്യർഥിച്ച് നിരവധി അപേക്ഷകൾ ഫോൺ മുഖേനയും സാമൂഹിക മാധ്യമങ്ങളിലൂടെയും ജില്ലാ ഭരണകൂടത്തിന് ലഭിക്കുന്നുണ്ട്. മഴക്കാലത്ത് കാലാവസ്ഥ വകുപ്പിന്റെ റെഡ് അലർട്ട് ഉണ്ടാകുന്ന സാഹചര്യങ്ങളിലാണ് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അവധി നൽകേണ്ടിവരുന്നത്. അങ്ങനെയല്ലാത്ത അധ്യയന ദിനങ്ങളിൽ വിദ്യാർഥികൾ സ്കൂളിൽ പോകുന്നുണ്ടെന്ന് രക്ഷിതാക്കളും അധ്യാപകരും ഉറപ്പാക്കണം. സാധാരണയിലും അധികം അവധി ദിനങ്ങൾ ഉണ്ടാകുന്നത് പാഠഭാഗങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കാനും സ്കൂളുകളുടെ ദൈനംദിന പ്രവർത്തനങ്ങൾ സുഗമമായി നടക്കുന്നതിനും തടസം സൃഷ്ടിക്കുമെന്നും ജില്ലാ കലക്ടർ പറഞ്ഞു.

## ലാബ് ടെക്നീഷ്യൻ നിയമനം

കണ്ണൂർ: ചെറുകുന്ന് കുടുംബാരോഗ്യ കേന്ദ്രത്തിൽ ലാബ് ടെക്നീഷ്യൻ തസ്തികയിൽ ദിവസ വേതനാടിസ്ഥാനത്തിൽ നിയമനം നടത്തുന്നു. താൽപര്യമുള്ളവർ ബയോഡാറ്റ, സർട്ടിഫിക്കറ്റുകളുടെ അസൽ എന്നിവയുമായി 11ന് രാവിലെ 11 മണിക്ക് കുടുംബാരോഗ്യ കേന്ദ്രത്തിൽ അഭിമുഖത്തിന് ഹാജരാകണം. പാരാമെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ-കേരള നിർബന്ധം.

## മാനേജർ ഒഴിവ്

കണ്ണൂർ: ഡിടിപിസി ഓഫീസിൽ മാനേജരുടെ ഒഴിവിലേക്ക് നിയമനം നടത്തുന്നതിന് അപേക്ഷ ക്ഷണിച്ചു. ടൂറിസത്തിൽ ബിരുദാനന്തര ബിരുദവും ഡിപിടിസിയിലോ സമാന മേഖലയിലോ രണ്ട് വർഷത്തിൽ കുറയാത്ത പ്രവൃത്തി പരിചയവും ഉള്ള 35 വയസ് പൂർത്തിയാകാത്ത ഉദ്യോഗാർഥികൾക്ക് അപേക്ഷിക്കാം. അപേക്ഷ 20ന് വൈകിട്ട് അഞ്ച് മണിക്കകം ഡിടിപിസി ഓഫീസിൽ നേരിട്ടോ തപാലിലോ സമർപ്പിക്കാം. ഫോൺ: 0497 2706336.

## ബഷീറിന്റെ കഥാലോകം സെമിനാർ

പേരാമ്പ്ര: ജീവിത പ്രതിസന്ധികളിൽ പ്രത്യാശയുടെ വെളിച്ചം നൽകിയ എഴുത്തുകാരനാണ് വൈക്കം മുഹമ്മദ് ബഷീറെന്ന് സാഹിത്യകാരൻ ഡോ. സോമൻ കടലൂർ അഭിപ്രായപ്പെട്ടു. വിദ്യാരംഗം കലാ സാഹിത്യ വേദി പേരാമ്പ്ര ഉപജില്ല സമിതി സംഘടിപ്പിച്ച ബഷീറിന്റെ കഥാലോകം എന്ന സെമിനാറിൽ മുഖ്യ പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. പേരാമ്പ്ര പഞ്ചായത്ത് പ്രസിഡന്റ് വി.കെ പ്രമോദ് ഉദ്ഘാടനം ചെയ്തു. പി. രാമചന്ദ്രൻ അധ്യക്ഷത വഹിച്ചു. വി.എം. അഷറഫ്, ബി.ബി. ബിനീഷ്, വി.കെ. സൗമ്യ, ഇ.കെ. സുരേഷ് സംസാരിച്ചു.



ബഷീറിന്റെ കഥാലോകം സെമിനാറിൽ ഡോ.സോമൻ കടലൂർ മുഖ്യ പ്രഭാഷണം നടത്തുന്നു.

## മോഡൽ സയൻസ് ലാബ് ഉദ്ഘാടനം

കൊയിലാണ്ടി: ഗവ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിൽ മോഡൽ സയൻസ് ലാബ് നഗരസഭാ ചെയർപേഴ്സൺ കെ പി സുധ ഉദ്ഘാടനം ചെയ്തു. വൈസ് ചെയർമാൻ കെ സത്യൻ അധ്യക്ഷനായി .കെ ലൈജു, കെ എ ഇന്ദിര, കെ ഷിജു, ഇ കെ അജിത്ത്, സി പ്രജില,പി രത്നവല്ലി, എ അസീസ്, കെ കെ വൈശാഖ്, വി രമേശൻ,വി സുചീന്ദ്രൻ, ഹരീഷ്, ഷിംന, എൻ പ്രദീപ് കുമാർ, യുബിജേഷ്, ടി ഷജിത, നിജിലപറവക്കൊടി, ഒ കെ ഷിജു സംസാരിച്ചു

# പ്രാദേശിക വാർത്തകൾ

## ഞാറ്റുവേല ചന്ത ആരംഭിച്ചു

നന്തി ബസാർ: മൂടാടിയിൽ വിവിധ തരം ചെടികൾ ഫലവൃക്ഷതൈകൾ അത്യുൽപാദന ശേഷിയുള്ള തെങ്ങ്, കവുങ്ങ് തൈകൾ എന്നിവയാൽ സമ്പന്നമായ ഞാറ്റുവേല ചന്ത സംഘടിപ്പിച്ചു. പഞ്ചായത്ത് പ്രസിഡന്റ് സി.കെ.ശ്രീകുമാർ ഉത്ഘാടനം ചെയ്തു. എം.കെ.മോഹനൻ.എം.പി അഖില, ടി.കെ.ഭാസ്കരൻ മെമ്പർമാരായ പപ്പൻ മൂടാടി, റഫീഖ് പുത്തലത്ത് , ഒ.രാഘവൻ മാസ്റ്റർ, സന്തോഷ്കുന്നുമ്മൽ, മാമോദരൻ പൊറ്റക്കാട്, വി.വി.ബാലൻ, എം.വി.ഗംഗാധരൻ, കൃഷി ഓഫീസർ പി.ഫൗസിയ സംസാരിച്ചു

**അത്തോളി** :പഞ്ചയാത്ത് കൃഷിഭവൻ വേളൂർ പഞ്ചായത്ത് ഓഫീസിനു സമീപംഞാറ്റുവേല ചന്ത ആരംഭിച്ചു. പഞ്ചായത്ത് പ്രസിഡന്റ് ബിന്ദു രാജൻ കൃഷ്ണൻ കൊല്ലോത്തിന് ആദ്യ വില്പന നടത്തി ഉദ്ഘാടനം ചെയ്തു. വൈസ് പ്രസിഡന്റ് സി കെ റിജേഷ് അദ്ധ്യക്ഷനായി. ഷീബ രാമചന്ദ്രൻ, സുനീഷ് നടുവിലയിൽ, എ.എം സരിത, വാർഡ് മെമ്പർമാരായ സന്ദീപ് കുമാർ നാലുപുരയ്ക്കൽ, ശാന്തി മാവീട്ടിൽ, സി. എം സത്യൻ,കൃഷ്ണൻ മണാട്ട്, കൃഷ്ണൻ മാസ്റ്റർ, ചന്ദ്രൻ പൊയിലിൽ,കൃഷി ഓഫീസർ സുവർണ്ണ ശ്യാം,ബിനു സംസാരിച്ചു. ഇന്ന് സമാപിക്കും.


ജൽ ജീവൻ കുഴിയിൽ ലോറി താഴ്ന്ന നിലയിൽ

## ജൽ ജീവൻകുഴിയിൽ ലോറി താഴ്ന്നു

കടിയങ്ങാട് : കണ്ണൂരിൽ നിന്നു ചെങ്കല്ലുമായി വന്ന മിനി ലോറി കുറ്റ്യാടി റോഡിൽ നിന്നു പെരുവണ്ണാമൂഴി റോഡിലേക്കുള്ള ബൈപാസ്സ് റോഡിൽ വനിതാ ടൈലറിങ്ങ് ഷോപ്പിന് മുന്നിൽ ജൽ ജീവൻ പദ്ധതിക്ക് എടുത്ത കുഴിയിൽ താണു. ഇന്നലെ ഉച്ചക്കാണ് സംഭവം ഏറെ നേരം ഗതാഗതം തടസ്സപ്പെട്ടു. താഴ്ചയിൽ ലോറിയുടെ ഹൗസിങ് റോഡിൽ അമർന്നതിനാൽ വാഹനം നീക്കം ചെയ്യാൻ കഴിഞ്ഞില്ല. മുഴുവൻ കല്ലും ഇറക്കി നാട്ടുകാരുടെ സഹായത്തോടെ വാഹനം നീക്കം ചെയ്തുവാഹന ഉടമകൾക്ക് തൊഴിലാളികൾക്കും ഉണ്ടാവുന്നനഷ്ടങ്ങൾ ഉത്തരവാദപ്പെട്ടവരിൽ നിന്നു ഈടാക്കി നൽകണമെന്ന് സംയുക്ത ഡ്രൈവേഴ്സ് യൂണിയൻ പ്രതിനിധികളായ സമീർ തോട്ടത്തിൽ, നാസർ മാക്കണ്ടാരിയും ആവശ്യപ്പെട്ടു


കോഴിക്കൂട്ടിൽ നിന്ന് പിടികൂടിയ പെരുമ്പാമ്പ്.

## കോഴിക്കൂട്ടിൽ നിന്ന് പെരുമ്പാമ്പിനെ പിടികൂടി

പേരാമ്പ്ര: മുളിയങ്ങലിലെ എളമ്പിലാശ്ശേരി കുഞ്ഞിരാമന്റെ വീട്ടിലെ കോഴിക്കൂട്ടിൽ പതുങ്ങിയിരുന്ന ഏതാണ്ട് 25 കിലോ ഭാരമുള്ള പെരുമ്പാമ്പിനെ പിടികൂടി. ഇന്നലെ കാലത്ത് കൂട് തുറന്നപ്പോഴാണ് കണ്ടെത്തിയത്. കൂട്ടിലടച്ച രണ്ട് കോഴികളെയും ഒരു താറാവിനെയും കൊന്നു തിന്നു. ഇതിന് മുമ്പും പരിസരങ്ങളിൽ നിന്നും പെരുമ്പാമ്പിനെ പിടികൂടിയിട്ടുണ്ട്. ആഴമേറിയ കനാലിന്റെ ഓരങ്ങളിലാണ് നിരന്തരമായി പെരുമ്പാമ്പിനെ കണ്ടുവരുന്നത്. കനാൽ ഓരത്ത് കാട് വെട്ടാറുണ്ടെങ്കിലും വലിയ രീതിയിൽ കാടുപിടിച്ചതും ആഴമേറിയ ഗർത്തവുമുള്ള ഭാഗങ്ങളിൽ മനുഷ്യാധ്വാനം കൊണ്ട് കാട് വെട്ടിത്തെളിക്കുക അസാധ്യമാണ്.പെരുമ്പാമ്പിനെയും അക്രമകാരികളായ കാട്ടു പന്നി, വിഷപ്പാമ്പുകൾ എന്നിവയെ കണ്ടു വരുന്നത് പരിസരവാസികളിൽ ഭീതി പരത്തിയിട്ടുണ്ട്. പെരുമ്പാമ്പിനെ പെരുവണ്ണാമൂഴി ഫോറസ്റ്റ് അധികൃതർക്ക് കൈമാറി.

## പേവിഷബാധ ആശങ്ക ഒഴിഞ്ഞു

അത്തോളി: പേ വിഷ ബാധയേറ്റ കുറുക്കൻ ആക്രമണത്തിൽ 4 പേർക്കും പശുവിനും പരിക്കേറ്റ സംഭവത്തിൽ മൊടക്കല്ലൂർ രണ്ടാം വാർഡിൽ ചിറപ്പുറത്ത് പ്രദേശവാസികളുടെ ആശങ്ക അകറ്റുന്നതിനായി പഞ്ചായത്തിന്റെ നേതൃത്വത്തിൽ യോഗം ചേർന്നു. വൈസ് പ്രസിഡന്റ് സി.കെ റിജേഷ് അധ്യക്ഷനായി. ഹെൽത്ത് ഇൻസ്പക്ടർ കെ.കെ രതീഷ്, വെറ്റിനറി മെഡിക്കൽ ഓഫീസർ ഡോ.ഹിബ ബഷീർ സംശയ നിവാരണം നടത്തി.കുറുക്കന്റെ ആക്രമണത്തെ പ്രതിരോധിക്കുകയും കൂടുതൽ പേരിലേക്ക് ആക്രമണം തടയുകയും ചെയ്ത എം. സുരേഷിനെ ആദരിച്ചു.വാർഡ് മെമ്പർ രേഖ വെള്ളത്തോട്ടത്തിൽ, സെയ്ദ്, അനുശ്രീ, തീർത്ഥ, ആശ വർക്കർ ഷൈലജ സംബന്ധിച്ചു. കുറുക്കനുമായി സമ്പർക്കമാകാത്ത പശുക്കൾക്ക് പ്രതിരോധത്തിനായി വാക്സിനേഷൻ ചെയ്യേണ്ടതില്ലന്ന് അനിമൽ ഡിസീസ് കണ്ട്രോൾ പ്രൊജക്റ്റ് ജില്ലാ മൃഗസംരക്ഷണ കേന്ദ്രത്തിൽ നിന്നു അറിയിച്ചു. കുറുക്കന്റെ കടിയേറ്റ ഏതെങ്കിലും പശുവിനു വാക്സിനേഷൻ ചെയ്യാൻ ബാക്കി ഉണ്ടെങ്കിൽ അറിയിക്കണം. പ്രോഫിലക്സിസ് വാക്സിനേഷൻ വളർത്തു മൃഗങ്ങളിൽ യഥാ സമയത്ത് ചെയ്യണമെന്നും അത്തോളി വെറ്റിനറി അധികൃതർ അറിയിച്ചു.

### മേപ്പയ്യൂർ നെല്ലാടിക്കടവ് റോഡ് പ്രവൃത്തി

# എം.എൽ.എ ജനങ്ങളെ കബളിപ്പിക്കുന്നു

കൊയിലാണ്ടി: മേപ്പയൂർ നെല്ലാടിക്കടവ് റോഡിന് 40 കോടി രൂപ വകയിരുത്തിയെന്ന് പറയുന്ന എം.എൽ.എ ടി.പി രാമകൃഷ്ണൻ ആവർത്തിച്ച് ജനങ്ങളെ കബളിപ്പിക്കുകയാണെന്നും, ജൂൺ 29ന് റോഡ് ഗതാഗതയോഗ്യമാക്കി മാറ്റുമെന്ന അദ്ദേഹത്തിന്റെ പ്രഖ്യാപനം പാഴ് വാക്കായി മാറിയെന്നും കെ.പി.സി.സി സെക്രട്ടറി സത്യൻ കടിയങ്ങാട് പ്രസ്താവിച്ചു. മേപ്പയൂർനെല്യാടിക്കടവ് റോഡിന്റെ നിർമ്മാണ പ്രവൃത്തിയിൽ പൊതുമരാമത്ത് വകുപ്പ് ഇടപെടണമെന്നും റോഡ് ഗതാഗതയോഗ്യമാക്കി മാറ്റണമെന്നും ആവശ്യപ്പെട്ട് കീഴരിയൂർ പഞ്ചായത്ത് യു.ഡി.എഫ് കമ്മിറ്റി കൊയിലാണ്ടി പി.ഡബ്ല്യു.ഡി ഓഫീസിന് മുൻപിൽ നടത്തിയ ധർണ്ണ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. ടി യുസൈനുദ്ദീൻ അധ്യക്ഷനായി. മിസ്ഹബ് കീഴരിയൂർ മുഖ്യ പ്രഭാഷണം നടത്തി. രാജേഷ് കീഴരിയൂർ, ഇടത്തിൽ ശിവൻ,കെ.എം സുരേഷ് ബാബു, കെ.സി രാജൻ, ചുക്കോത്ത് ബാലൻ നായർ,ബി ഉണ്ണികൃഷ്ണൻ മാസ്റ്റർ.ഇ രാമചന്ദ്രൻ,റസാക്ക് കുന്നുമ്മൽ,പ്രീജിത്ത് ജി.പി,സത്താർ കെ.കെ,സാബിറ എൻ.കെ,രജിത കെ.വി,വിശ്വനാഥൻ കെ, ഇ.എം മനോജ്,സവിത നിരത്തിന്റെ മീത്തൽ,ടി.കെ ഗോപാലൻ, പി.കെ ഗോവിന്ദൻ,കെ.എം വേലായുധൻ,സലാംതയ്യിൽ,കെ.ടി അബ്ദുറഹിമാൻ,സുരേന്ദ്രൻ കെ,അശോകൻ പി.എം,സ്വപ്നകുമാർ കെ.പി,സുരേഷ് ബാബു എം.കെ,ഷിനിൽടി.കെ പ്രസംഗിച്ചു



കീഴരിയൂർ പഞ്ചായത്ത് യു.ഡി.എഫ് കമ്മിറ്റി കൊയിലാണ്ടി പി.ഡബ്ല്യു.ഡി ഓഫീസിന് മുൻപിൽ നടത്തിയ ധർണ്ണ സത്യൻ കടിയങ്ങാട് ഉദ്ഘാടനം ചെയ്യുന്നു.



ഇലാഹിയ കോളജിൽ നാല് വർഷ ബിരുദ കോഴ്സ് ക്രസന്റ് മുഹമ്മദലി ഉദ്ഘാടനം ചെയ്യുന്നു

## നാലു വർഷ ബിരുദത്തിന് ഇലാഹിയയിൽ തുടക്കം

കാപ്പാട് : നാല് വർഷ ബിരുദത്തിന് ഇലാഹിയ കോളജിൽ തുടക്കം. മാനേജ്മെന്റ് വൈസ് പ്രസിഡണ്ട് ക്രസന്റ് മുഹമ്മദലി ഉദ്ഘാടനം നിർവഹിച്ചു. പ്രിൻസിപ്പൽ ഡോ. കെ മുഹമ്മദ് ബഷീർ അധ്യക്ഷത വഹിച്ചു. പന്തലായനി ബ്ലോക്ക് മെമ്പർ കെ.ടി.എം കോയ, വാർഡ് മെമ്പർ ഷുക്കൂർ, ലത്തീഫ് ഹാജി, ഉമ്മർ കമ്പയത്തിൽ , അബൂബക്കർ, ദർഷാദ്, ആവള ഹമീദ,അധ്യാപകരായ ധന്യ, വിനോദ്, നജ്മ സംസാരിച്ചു. ലിൻസ ടി എം അക്കാദമിക് റിപ്പോർട്ട് അവതരിപ്പിച്ചു. കോ-കരിക്കുലം ആക്റ്റിവിറ്റി- അച്ചീവ്മെന്റ് റിപ്പോർട്ട് ആസിഫ് കലാം വിവരണം ചെയ്തു.

## സമാന്തര ലോട്ടറി നടപടി വേണം

പേരാമ്പ്ര: ചായപ്പൊടി കച്ചവടത്തിന്റെ മറവിൽ മാസങ്ങളായി കേരളത്തിൽ സമാന്തര ലോട്ടറി നടമാടുകയാണെന്നും കർശന നടപടിസ്വീകരിക്കണമെന്നും പേരാമ്പ്രയിൽ ചേർന്ന കേരള ഭാഗ്യക്കുറി സംരക്ഷണസമിതി രൂപീകരണയോഗം സർക്കാരിനോട് ആവശ്യപ്പെട്ടു. ലക്ഷക്കണക്കിന് പാവപ്പെട്ട തൊഴിലാളികളുടെ ജീവിതം വഴിമുട്ടിക്കുന്ന വൻ തട്ടിപ്പാണിത്. സംസ്ഥാന സമരത്തിന്റെ ഭാഗമായി 12ന് പേരാമ്പ്രയിൽ ബഹുജനങ്ങളിൽ നിന്ന് ഒപ്പു ശേഖരിക്കാനും തീരുമാനിച്ചു. ഷാജു പൊൻപറ അധ്യക്ഷത വഹിച്ചു. സി.സി ദാസൻ, ബിനോയ് ശ്രീവിലാസ്, പി. ദാസൻ, കെ.പി സുനീഷ്, പി. ചെക്കോട്ടി പ്രസംഗിച്ചു. ഭാരവാഹികൾ: ബിനോയ് ശ്രീവിലാസ് (ചെയർ.), പി. ദാസൻ (കൺ.), പി. ചെക്കോട്ടി (ട്രഷ.).

### പയ്യോളി ബീച്ച് റോഡിലെ

# മത്സ്യബൂത്ത് വീണ്ടും അടപ്പിച്ചു

പയ്യോളി: ബീച്ച് റോഡിന് സമീപത്തെ മത്സ്യ ബൂത്ത് നഗരസഭ ആരോഗ്യ വിഭാഗം അടപ്പിച്ചു. സെക്രട്ടറിയുടെ ജൂലൈ 2ലെ ഉത്തരവ് പ്രകാരമാണ് അടച്ചു പൂട്ടുന്നതെന്ന നോട്ടീസും സ്ഥാപനത്തിൽ പതിച്ചിട്ടുണ്ട്. 2023 നവംബർ മാസം ഇറങ്ങിയ കോടതി ഉത്തരവിലാണ് നഗരസഭക്ക് അനുകൂലമായ വിധിയുണ്ടായതെന്ന് പറയുന്നു. ഇത് സംബന്ധമായ വിവരം നഗരസഭക്ക് കഴിഞ്ഞ ദിവസമാണ് ലഭിച്ചത്. തുടർന്ന് നടപടിയെടുക്കാൻ വന്നപ്പോൾ കടയുടമകൾ ഇക്കാര്യം അറിയില്ലെന്ന് പറഞ്ഞതിനെ തുടർന്ന് കോടതി ഉത്തരവ് സ്ഥലത്ത് എത്തിച്ചാണ് നടപടി പൂർത്തിയാക്കിയത്. 2010ലാണ് പഞ്ചായത്ത്സ്ഥാപനത്തിനെതിരെ ആദ്യം നടപടിയെടുത്തത്.പിന്നീട് ട്രിബ്യൂണലിലും ഹൈക്കോടതിയിലുമായി സ്ഥാപന ഉടമകൾ പഞ്ചായത്തിനെതിരെ കേസ് ഫയൽ ചെയ്യുകയായിരുന്നു. 2012ൽ സ്ഥാപനം വീണ്ടും തുറന്നു പ്രവർത്തനം ആരംഭിച്ചു. അന്തിമ വിധി വരുന്നതുവരെ തുറന്നു പ്രവർത്തിക്കാനുള്ള സ്റ്റേ ഓർഡറും ഉടമക്ക് കോടതിയിൽ നിന്ന് ലഭിച്ചിരുന്നു. പിന്നീട് 2016ലും 2021 ലും നടപടിയെ തുടർന്ന് സ്ഥാപനം അടച്ചു പൂട്ടിയിരുന്നു. ഓരോ തവണ നടപടിക്ക് വിധേയമാകുമ്പോഴും നിയമ പോരാട്ടത്തിലൂടെ അനുകൂല ഉത്തരവ് സമ്പാദിച്ചാണ് ഇതുവരെ പ്രവർത്തിച്ചത്. ചൊവ്വാഴ്ച ഹൈക്കോടതിയിൽ നിന്ന് നഗരസഭക്ക് അനുകൂലമായി വിധി ഉണ്ടായെങ്കിലും ട്രിബ്യൂണലിലെ കേസ് അവസാനിച്ചിട്ടില്ല എന്നാണ് അറിയുന്നത്. ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ നഗരസഭ സെക്രട്ടറി എം.വിജിലയുടെ നിർദ്ദേശ പ്രകാരമാണ് സ്ഥാപനം അടച്ചു പൂട്ടിയത്.ആരോഗ്യ വിഭാഗം ഉദ്യോഗസ്ഥരായ ക്ലീൻസിറ്റി മാനേജർ ഇൻ ചാർജ് മേഘനാഥൻ സി.ടി.കെ, പബ്ലിക്ക് ഹെൽത്ത് ഇൻസ്പെക്ടർമാരായ വി.കെ മജീദ്, പ്രശാന്ത് വൈ.ബി, രജനി ഡി.ആർ രാഗീഷ് പി.വി, ശ്രീനി എം,നസീർ സി.ടി, ബിനിൽ ആർ.കെ പങ്കെടുത്തു


മത്സ്യ ബൂത്ത് അടപ്പിക്കാൻ നഗരസഭ അധികൃതർ എത്തിയ പ്പോൾ

## വിജയികൾക്ക് അനുമോദനം

നടുവണ്ണൂർ :കുന്നരംവെള്ളി വനിതാ ലീഗ് ശാഖാ കമ്മിറ്റി എം ബി ബി എസ്സ്,എസ്സ് എസ്സ് എൽ സി, പ്ലസ്ടു ഉന്നത വിജയം നേടിയവരെയും ഹയാത്തുൽ ഇസ്ലാം മദ്രസ്സയിൽ നിന്നു പൊതു പരീക്ഷയിൽ വിജയം കരസ്ഥമാക്കിയ വരെയും ആദരിച്ചു. ജില്ലാ വനിതാ ലീഗ് ജില്ലാ വൈസ് പ്രസിഡണ്ട് കെ ,കദീജ ടീച്ചർ ഉദ്ഘാടനം ചെയ്തു. അഹമ്മദ് ഉണ്ണികുളം മുഖ്യപ്രഭാഷണം നടത്തി. ചേലേരി മമ്മുകുട്ടി ,കെ .ഫാത്തിമ ,വി .പി .കുഞ്ഞേദ്കുട്ടി, ബുഷ്റ കുന്നരംവെള്ളി, ഷംന ടീച്ചർ ,സജ്ന ചിറയിൽ ,സാജിദ കേളോത്ത് ,ജിഷി റസാഖ് ,പി പി .റഫീഖ് ,എം സി ജലീൽ ,റൂബീന ,ഷമീമ ,ഒ .കെ .റംല സംസാരിച്ചു.

**ബാലുശ്ശേരി**:പൂനൂർകക്കാട്ടുമ്മൽ റസിഡൻസ് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ എസ്.എസ്.എൽ.സി, പ്ലസ് ടു ,യു എസ്.എസ് പരീക്ഷകളിൽ ഉന്നത വിജയം നേടിയ വിദ്യാർത്ഥികളെ അനുമോദിച്ചു. വാർഡ് മെമ്പർ സിപി കരീം മാസ്റ്റർ ഉദ്ഘാടനം ചെയ്തു. പ്രസിഡണ്ട് എൻ.പി.ഷുക്കൂർ അധ്യക്ഷത വഹിച്ചു. എൻ.കെ.മുഹമ്മദ് മാസ്റ്റർ, സി.പി. മൊയ്തീൻ മാസ്റ്റർ, സി.പി.സാജിദ്,പി.എച്ച് ഷമീർ,അബ്ദുൽ ഹമീദ് (ബാവ), കെ. നിസാർ മാസ്റ്റർ, വി.സൈഫുദ്ദീൻ, സി.പി. ജലീൽ മാസ്റ്റർ സംസാരിച്ചു .


എം ബി ബി എസ്സ് ഉന്നത വിജയം നേടിയ ജിൻസി മോഹനന് അഹമ്മദ് ഉണ്ണികുളം ഉപഹാരം നൽകുന്നു

# ഇന്ധന ചോർച്ച: പെട്രോൾ പമ്പിന് മുമ്പിൽ ബഹുജന ധർണ്ണ

പേരാമ്പ്ര: ഇന്ധനചോർച്ച കണ്ടെത്തിയ പേരാമ്പ്ര ഉള്ളേ്യരി റോഡിലെ പഴയ പെടോൾ പമ്പിന് മുന്നിൽ പ്രദേശവാസികൾ ബഹുജന ധർണ്ണ സംഘടിപ്പിച്ചു. അശാസ്ത്രീയമായി പ്രവർത്തിക്കുന്ന പെട്രോൾ പമ്പ് അടച്ച് പൂട്ടുക, പ്രദേശവാസികളുടെ ജീവൻ അപകടത്തിലാക്കുന്ന പെട്രോൾ പമ്പ് അധികൃതർക്കെതിരെ നിയമനടപടി സ്വീകരിക്കുക, കുടിവെള്ള സ്രോതസ്സുകൾ മലിനമാക്കുന്നത് തടയുക, വർഷങ്ങളായി പരിസരവാസികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടിന് പരിഹാരം കാണുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചാണ് ധർണ്ണ സംഘടിപ്പിച്ചത് പഞ്ചായത്ത് മെമ്പർ പി.കെ രാഗേഷ് ഉദ്ഘാടനം ചെയ്തു. വാർഡ് മെമ്പർ സൽമ നൻമനക്കണ്ടി അദ്ധ്യക്ഷത വഹിച്ചു. പി.ജോന, കെ.പത്മനാഭൻ, കെ.എം. ബാലകൃഷ്ണൻ, പി.എസ് സുനിൽകുമാർ, ഡോ. എസ്. ഇന്ദിരാക്ഷൻ, സി.പി. എ അസീസ്, എ.കെ സജീന്ദ്രൻ, കെ.പി റസാഖ്, കെ.പി രാമദാസൻ, കെ.പി യുസഫ്, ബൈജു ഉദയ, എൻ.കെ അസീസ്, വി. പി സരുൺ, റാഫി കക്കാട്, മജീദ് ഡീലക്സ് പ്രസംഗിച്ചു.


പേരാമ്പ്ര എച്ച്.പി പെട്രോൾ പമ്പിന് മുൻപിൽ നടന്ന ബഹുജന ധർണ്ണ പി.കെ രാഗേഷ് ഉദ്ഘാടനം ചെയ്യുന്നു

## സിനിമ

**കോഴിക്കോട്**

**രാധ:** GHAJINI (Tamil) (11.00 A.M., 9.00 P.M)
GURUVAYOOR AMBALANADAYIL (Mal) (2.30 P.M., 6.00 P.M.)

**ARC കോറണേഷൻ**
**ONLINE BOOKING THROUGH Bookmyshow**
Despicable Me 4 (3D-ENG) (01:30 PM)
KALKI - 2898 AD (3D-MAL)
(10:00 AM, 03.30 PM, 07.00 PM, 10:00 PM, 10.30 PM)
EZHUTHOLA (MAL) (12:30 PM)
GAGANACHARI (MAL) (07:30 PM)
MAHARAJA (TAMIL) (01:30 PM)
PARADISE (MAL) (05:30 PM)
PARTNERS (MAL) (11:00 AM, 04:30 PM, 07:15 PM)
ULLOZHUKKU (MAL) (10:00 AM, 03:00 PM, 10:15 PM)

**കൈരളി: A/C 4K Dolby:**
KALKI 2898 AD-(10.30AM,02.00PM,05.45PM,09.15PM)

**ശ്രീ: A/C 4K Dolby:**
PARADISE-(11.00AM,01.00PM,09.00PM)
ULLOZHUKKU- (03.00PM,06.00PM)

**വടകര**
**അശോക് CNC: A/C 4K Dolby 7.1**
KALKI 2898 AD 3D (Malayalam) (10.45, 02.00, 05.15, 08.30)
NADANNA SAMBHAVAM (Malayalam) (07:00PM)
EZHUTHOLA (Malayalam) (10:30, 05:00)
DANDUPALAYAM (Tamil) (02:45, 09:15)
ORU SMARTPHONE PRENAYAM (Malayalam) (12:30 PM)

**കുന്ദമംഗലം**
**MAGIC FRAMES 4K RGB LASER/3D DOLBY ATMOS**
GAGANACHARI - Malayalam (7:30 PM)
KALKI 2898 AD (U/A) - Malayalam
(11:00 AM, 2:30 PM, 4:00 PM, 7:00 PM, 10:30 PM)
KALKI 2898 AD (U/A) - Malayalam 3D (9:30 PM)
ULLOZHUKKU - Malayalam (1:45 PM, 7:15 PM, 9:30 PM)

## കിണറ്റിൽ വീണ പോത്തിനെ രക്ഷപ്പെടുത്തി

പേരാമ്പ്ര: കിണറ്റിൽ വീണ പോത്തിനെ അഗ്നി രക്ഷാ സേന രക്ഷപ്പെടുത്തി. കൂരാച്ചുണ്ട് ഓഞ്ഞിൽ പാലക്കാട്ടേൽ ജോർജിൻറെ മുന്ന് വയസ്സ് പ്രായമായ പോത്താണ് മേയുന്നതിനിടയിൽ ആൾമറയില്ലാത്ത 25 അടി താഴ്ചയുള്ള കിണറ്റിൽ വീണത്. ഇന്നലെ വൈകിട്ടാണ് സംഭവം. വിവരമറിയിച്ചതിനെ തുടർന്ന് പേരാമ്പ്ര അഗ്നിരക്ഷാ സേന എത്തി കിണറ്റിലറങ്ങി പോത്തിനെ സാഹസികമായ ഹോസ്, കയർ എന്നിവയിൽ ബന്ധിച്ച് നാട്ടുകാരുടെ സഹായത്തോടെ പുറത്തെടുത്തു.കിണറിന്റെ പടവുകൾ ഇടിഞ്ഞു താഴ്ന്നത് രക്ഷാപ്രവർത്തനം പ്രയാസകരമാക്കി.


കൂരാച്ചുണ്ടിൽ കിണറ്റിൽ വീണ പോത്തിനെ അഗ്നി രക്ഷാ സേന രക്ഷപ്പെടുത്തുന്നു

## വാർഷിക ജനറൽബോഡി

കൊയിലാണ്ടി:ഇന്ത്യൻ റെഡ് ക്രോസ് സൊസൈറ്റി കോഴിക്കോട് ജില്ലാ ബ്രാഞ്ച് വാർഷിക ജനറൽ ബോഡി യോഗം ജൂലൈ 7നു സി എച്ച് ഓഡിറ്റോറിയം, കൊയിലാണ്ടിയിൽ 10 :30 ന് ചേരുന്നു .മുഴുവൻ റെഡ് ക്രോസ് അംഗങ്ങളും യോഗത്തിൽ പങ്കെടുക്കനമെന്ന ചെയർമാൻ അറിയിച്ചു

## വായന പക്ഷാചരണം

ബാലുശ്ശേരി: വായന പക്ഷാചരണത്തിൽആധുനിക കേരളത്തിന്റെ വളർച്ചയിൽ ഏറെ സ്വാധീനിച്ച വ്യക്തികളിൽ ഒരാളായിരുന്ന കെ.ദാമോദരനെ അനുസ്മരിച്ചു. എം.എം പറമ്പ് വോൾഗാ ലൈബ്രറി ഹാളിൽ നടന്ന അനുസ്മരണത്തിൽ രാധാകൃഷ്ണൻ ഉണ്ണികുളം അധ്യക്ഷനായി. താമരശ്ശേരിതാലൂക്ക്ലൈബ്രറ കൗൺസിൽ സെക്രട്ടറി കെ.കെ.പ്രദീപൻ ഉദ്ഘാടനം നിർവ്വഹിച്ചു. കെ.കെ. രാജീവൻ സ്വാഗതവും ടി. മിനി നന്ദിയും പറഞ്ഞു.

## ശമ്പള പരിഷ്കരണം നടപ്പിലാക്കുക

കൊയിലാണ്ടി: സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണ നടപടി ത്വരിതഗതിയിലാക്കണമെന്ന് ഡി.സി .സി പ്രസിഡണ്ട് അഡ്വ. കെ പ്രവീൺ കുമാർ ആവശ്യപ്പെട്ടു. ആനുകൂല്യങ്ങൾ നൽകാതെ ജീവനക്കാരെ പട്ടിണിക്കിടുന്ന നടപടിയിൽ നിന്നു പിൻമാറണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. എൻ.ജി.ഒ അസോസിയേഷൻ കൊയിലാണ്ടി ബ്രാഞ്ച് സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം . എം. ഷാജി മനേഷ് അദ്ധ്യക്ഷം വഹിച്ചു. സംസ്ഥാന സെക്രട്ടറി. കെ. പ്രദീപൻ മുഖ്യ പ്രഭാഷണം നടത്തി. ബിനു കോറോത്ത്, എം. ഷിബു , സിജു കെ നായർ, പ്രേംനാഥ് മംഗലശ്ശേരി, വി.പി രജീഷ് കുമാർ, കെ.ദിനേശൻ, വി. പ്രതീഷ്, സുരേഷ് ബാബു ഇ , കമ്മന മുരളിധരൻ, ഷാജീവ് കുമാർ എം, രഞ്ജിത്ത് ചേമ്പാല, എൻ.പി രഞ്ജിത്ത്, സന്തോഷ് കുനിയിൽ, പി.പി പ്രകാശൻ, രാജേഷ് കെ, ഷീബ എം , ഷിബു കുമാർ എം.എസ്, പ്രദീപ് സായി വേൽ , സുധിഷ് കുമാർ വി.കെ സംസാരിച്ചു

## ബസ് സ്റ്റോപ്പ് ഉദ്ഘാടനം

കൊയിലാണ്ടി: റിട്ട. നായിബ് സുബൈദാരും നാട്ടിലെ സാമൂഹ്യ സേവന മേഖലകളിലെ നിറസാന്നിധ്യവുമായിരുന്ന കൂട്ടിൽ രത്നാകരന്റെ സ്മരണക്കായി കുടുംബം നിർമിച്ചു നൽകിയ ബസ് സ്റ്റോപ്പ് ചേമഞ്ചേരി പഞ്ചായത്ത് പ്രസിഡണ്ട് സതി കിഴക്കയിലിന്റെ അധ്യക്ഷതയിൽ പന്തലായി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് പി .ബാബുരാജ് ഉദ്ഘാടനം ചെയ്തു ചേമഞ്ചേരിപഞ്ചായത്ത് സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ സന്ധ്യ ഷിബു വാർഡ് മെമ്പർ രാജലക്ഷ്മി സതീഷ് ബാബു ,ഷാലു ടീച്ചർ സംബന്ധിച്ചു

## ജൻ ഔഷധി കേന്ദ്രം

കൊയിലാണ്ടി: ഭാരതസർക്കാർ സംരഭമായ പ്രധാനമന്ത്രി ജൻ ഔഷധിയുടെ കേന്ദ്രം ചെങ്ങോട്ടുകാവ് പഞ്ചായത്തിലെ അരങ്ങാടത്ത് ബസാറിൽ മേൽപ്പാലത്തിന്റെ വടക്ക് വശത്ത് പ്രവർത്തനം ആരംഭിച്ചു. ചെങ്ങോട്ട്കാവ് പഞ്ചായത്ത് പ്രസിഡണ്ട് ഷീബമലയിൽ ഉദ്ഘാടനം ചെയ്തു. രണ്ടായിരത്തിൽ അധികം മരുന്നുകളും ചികിത്സ ഉപകരണങ്ങളും 80 ശതമാനം വരെ വിലക്കുറവിൽ ലഭിക്കും

## ചെണ്ടുമല്ലി പൂ കൃഷിക്ക് തുടക്കം

പന്തലായനി ബ്ലോക്ക് പഞ്ചായത്ത്അഭയം റസിഡൻഷ്യൽ കെയർ ഹോമിൽ 25 സെന്റ് സ്ഥലത്ത് ചെണ്ട് മല്ലി പൂകൃഷി ആരംഭിച്ചു. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് പി.ബാബുരാജ് നടീൽ ഉത്സവം ഉദ്ഘാടനം ചെയ്തു. വാർഡ് മെമ്പർ സി ലതിക അധ്യക്ഷത വഹിച്ചു. മാടഞ്ചേരി സത്യനാഥൻ, വി.കെ ദീപ, കെ.പി ഉണ്ണി ഗോപാലൻ , ശശി കൊളോത്ത്, സി.കെ അബ്ദുറഹിമാൻ സംസാരിച്ചു.



## ‘വൃത്തിയാക്കാം വൃത്തിയാവാം’ ലോഗോ പ്രകാശനം

മാനന്തവാടി: മാനന്തവാടി ഗവ.വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിൽ പരിസ്ഥിതി ആരോഗ്യ ക്ലബ്ബിന്റെ നേതൃത്വത്തിൽ ഈ വർഷത്തെ ശുചിത്വ ക്യാമ്പയിൻ പ്രവർത്തനമായ ‘വൃത്തിയാക്കാം വൃത്തിയാവാം’ ലോഗോ മാനന്തവാടി മുനിസിപ്പൽ ചെയർപേഴ്സൻ സി.കെ. രത്നവല്ലി പ്രകാശനം ചെയ്തു. പി.ടി.എ പ്രസിഡണ്ട് ബിനു പി.പി., ഹെഡ്മാസ്റ്റർ കെ.കെ. സുരേഷ് കുമാർ, പിടിഎ അംഗങ്ങളായ സലിം, മൊയ്തു, സന്ധ്യ എം.ബി, ലിസ സി.എൽ, ജെറിൽ സെബാസ്റ്റ്യൻ സംസാരിച്ചു.

## വനിത ഐ.ടി.ഐയിൽ പ്രവേശനം

കൽപ്പറ്റ: നെന്മേനി ഗവ വനിത ഐ.ടി.ഐയിൽ ഡ്രാഫ്റ്റ്സ്മാൻ സിവിൽ, ഫാഷൻ ഡിസൈൻ ടെക്നോളജി ട്രേഡുകളിലേക്ക് പ്രവേശനം. താത്പര്യമുള്ളവർക്ക് ഇന്ന്കൂടി (ജൂലൈ 5) ഓൺലൈനായി അപേക്ഷിക്കാം. https://det.kerala.gov.in epw http-s://admissions.kerala.gov.ശി പോർട്ടലിലും അപേക്ഷ നൽക്കാം. ഫോൺ നമ്പർ- 04936 266700



## പൊഴുതനയിൽ കാട്ടാന ആക്രമണത്തിൽ മധ്യവയസ്കന് പരിക്ക്

കൽപ്പറ്റ: പൊഴുതന പെരിങ്കോടയിൽ കാട്ടാന ആക്രമണത്തിൽ മധ്യവയസ്കനു പരിക്ക്. വൈത്തിരി സുഗന്ധഗിരി സ്വദേശി വിജയനാണ്(50)പരിക്കേറ്റത്. ഇന്നലെ രാവിലെ ആറോടെയാണ് സംഭവം. വിജയന്റെ നട്ടെല്ലിനാണ് പരിക്ക്. വൈത്തിരി താലൂക്ക് ഗവ.ആശുപത്രിയിൽ പ്രവേശിപ്പിച്ച ഇദ്ദേഹത്തെ പ്രഥമ ശുശ്രൂഷ നൽകിയശേഷം കോഴിക്കോട് മെഡിക്കൽ കോളജ് ആശുപത്രിയിലേക്ക് മാറ്റി. സൗത്ത് വയനാട് വനം ഡിവിഷനിൽപ്പെട്ട പെരിങ്കോടയിൽ ദിവസങ്ങളായി കാട്ടാനശല്യം ഉണ്ടെന്ന് പ്രദേശവാസികൾ പറഞ്ഞു.

## കാവ്യധാര പുസ്തക പ്രകാശനം

കൽപ്പറ്റ: സൃഷ്ടി ഗ്രന്ഥശാലയുടെ ആഭിമുഖ്യത്തിൽ എം.എസ് എസ് നാരായണന്റെ കാവ്യധാര എന്ന കവിതാ സമാഹരത്തിന്റെ പ്രകാശനം വൈത്തിരി താലൂക്ക് ലൈബ്രറി കൗൺസിൽ സെക്രട്ടറി സി.എം. സുമേഷ് നിർവ്വഹിച്ചു. വിജയ സൃഷ്ടി എന്ന പേരിൽ എസ്.എസ് എൽസി പ്ലസ് ടു, വി എച്ച് എസ് ഇ പരീക്ഷയിൽ മുഴുവൻ വിഷയങ്ങൾക്കും എ പ്ലസ് നേടിയ കുട്ടികളെ ആദരിച്ചു. കൽപ്പറ്റ മുനിസിപ്പാലിറ്റി വൈസ് ചെയർപേഴ്സൺ ഒ സരോജിനി ഉദ്ഘാടനം ചെയ്തു. ഗ്രന്ഥശാല പ്രസിഡന്റ് എ.കെ. രാമചന്ദ്രൻ അദ്ധ്യക്ഷത വഹിച്ചു. വിദ്യാഭ്യാസ സ്റ്റാന്റിങ് കമ്മിറ്റി ചെയർമാൻ സി.കെ ശിവരാമൻ വാർഡ് കൗൺസിലർ എം.കെ.ഷിബു, കൽപ്പറ്റ വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ പ്രിൻസിപ്പാൾ പി.ടി. സജീവൻ, പി.ടി.എ പ്രസിഡന്റ് കെ. രഞ്ജിത്ത്, പി.കെ അബു, രാമൻകുട്ടി നായർ, സജി ആന്റോ, സുനിതവാസുദേവൻ, ജിൻഷ തോമസ്, എം.എസ് എസ് നാരായണൻ, ശ്രീനന്ദ എം , അനസ് മാലിക് .കെ.ടി സംസാരിച്ചു. ഗ്രന്ഥശാല സെക്രട്ടറി സി.ജയരാജൻ സ്വാഗതവും ജോയിന്റ് സെക്രട്ടറികൊടി ബാലകൃഷണൻ നന്ദിയും പറഞ്ഞു. ഗ്രന്ഥാലയം ട്രഷറർ കെ.ടി. തുളസീധരൻ നിർവ്വാഹക സമിതി അംഗങ്ങളായ സതീഷ്കുമാർ, എംപി മത്തായി, ചിത്രാവതി കെ അർ,ഷീനമുല്ലപ്പള്ളി എന്നിവർ നേതൃതം നൽകി.



കാവ്യധാര വൈത്തിരി താലൂക്ക് ലൈബ്രറി കൗൺസിൽ സെക്രട്ടറി സി.എം. സുമേഷ് പ്രകാശനം ചെയ്യുന്നു

## കടുവയെ എന്തുചെയ്യണമെന്ന് ഉത്തരവിറങ്ങിയില്ല

# കൂട്ടിലായ കടുവയെ കൊണ്ട് കുടുങ്ങി വനംവകുപ്പ്

**കടുവയെ സൂക്ഷിച്ചിരിക്കുന്നത് ഇരുളം ഫോറസ്റ്റ് ഓഫീസിൽ ഉള്ള ചെറിയ കൂട്ടിൽ**

കൽപ്പറ്റ: കേണിച്ചിറയിൽ നിന്ന് കഴിഞ്ഞ മാസം 23ന് കൂട് വെച്ച് പിടികൂടിയ കടുവയെകൊണ്ട് വെട്ടിലായി വനംവകുപ്പ് ഉദ്യോഗസ്ഥർ.

ചെതലയം റേഞ്ചിന് കീഴിലുള്ള ഇരുളം ഫോറസ്റ്റ് സ്റ്റേഷൻവളപ്പിലെ ചെറിയ കൂട്ടിലാണ് ഇപ്പോഴും കടുവയുള്ളത്. കടുവയെ നെയ്യാറിലേക്ക് കൊണ്ടുപോകുമെന്ന് പറഞ്ഞിരുന്നെങ്കിലും ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ ഉത്തരവിറങ്ങാത്തതാണ് പ്രതിസന്ധി സൃഷ്ടിക്കുന്നത്. കൂട്ടിലാവുമ്പോൾ അവശനിലയിലായിരുന്ന കടുവയ്ക്ക് ചികിത്സ നൽകി.

ഇനി വനത്തിൽവിടുക സാധ്യമല്ലാത്തതിനാൽ നെയ്യാറിലേക്ക് കൊണ്ടുപോകാനായിരുന്നു നീക്കം. എന്നാൽ രണ്ടാഴ്ചയോളമായിട്ടും ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ ഉത്തരവിറങ്ങാത്തത് പ്രതിസന്ധി രൂക്ഷമാക്കുകയാണ്. ഇരുളം ഫോറസ്റ്റ് ഓഫീസിൽ ഉള്ള ചെറിയ കൂട്ടിലാണ് ഇപ്പോഴും കടുവ.

പച്ചാടിയിലെ സംരക്ഷണ കേന്ദ്രത്തിൽ പരമാവധി പാർപ്പിക്കാവുന്ന കടുവകളേക്കാൾ അധികം ഇപ്പോൾ തന്നെയുണ്ട്. നാല് കടുവകളെ പാർപ്പിക്കാൻ സൗകര്യമുള്ളിടത്തിപ്പോൾ ഏഴ് കടുവകളാണുള്ളത്. ഇതാണ് ഇരുളത്ത് തന്നെ കടുവയെ സംരക്ഷിക്കാൻ കാരണം. കടുവയുള്ളതിനാൽ സദാസമയവും വനംവകുപ്പ് ജീവനക്കാരുടെ ശ്രദ്ധ ഇവിടെ വേണം. വനംവകുപ്പ് ഓഫീസിലേക്ക് വിവിധ ആവശ്യങ്ങൾക്ക് ആളുകളെത്തുന്നതും കടുവയെ കാണാനായി ആളുകളെത്തുന്നതുമെല്ലാം ജില്ലയിലെ ഉദ്യോഗസ്ഥർക്ക് തലവേദന സൃഷ്ടിക്കുകയാണ്.

കടുവയുടെ ആരോഗ്യനില എന്നും പരിശോധിക്കുന്നുണ്ട്. എല്ലാ റിപ്പോർട്ടുകളും കണ്ണൂർ സിസിഎഫ് വഴി ചീഫ് വൈൽഡ് ലൈഫ് വാർഡന് കൈമാറിയതുമാണ്. എന്നിട്ടും ഇതുവരെ കടുവയെ എന്തുചെയ്യണമെന്ന് സംബന്ധിച്ച ഉത്തരവ് മാത്രം ഇറങ്ങിയില്ല.

അതിനിടെ നിയമസഭാ സമ്മേളനം നടക്കുന്നതാണ് ഉത്തരവിറങ്ങാൻ വൈകാൻ കാരണമെന്ന വാർത്തകളും പുറത്തുവരുന്നുണ്ട്.

കേണിച്ചിറയിലെ ജനവാസ കേന്ദ്രത്തിൽ ഭീതി പരത്തിയ കടുവയെ ജൂൺ 23നാണ് വനംവകുപ്പ് കൂട് വെച്ച് പിടികൂടിയത്. പിടിയിലാവുമ്പോൾ പരിക്കേറ്റ് അവശനിലയിലായിരുന്നു കടുവ. മുൻകാലിൽ സാരമായ മുറിവുണ്ടായിരുന്നു. കടുവയുടെ വയർ ഒട്ടിയ നിലയിലായിരുന്നു. തീറ്റയെടുത്ത് ഒരാഴ്ചയെങ്കിൽ ആയ നിലയിലായിരുന്നു കടുവ കൂട്ടിലായത്. മൂന്നു പല്ലുകൾ നഷ്ടപ്പെട്ട കടുവയ്ക്ക് ഭക്ഷണം കഴിക്കാൻ തന്നെ പ്രയാസമായിരുന്നു അന്നേരം.



കേണിച്ചിറയിൽ നിന്ന് കഴിഞ്ഞ മാസം 23ന് കൂട് വെച്ച് പിടികൂടിയ കടുവ

## അവസരനഷ്ടം പരിഹരിക്കാൻ സ്പെഷ്യൽ റിക്രൂട്ട്മെൻറ് അനിവാര്യം: മെക്ക

കൽപ്പറ്റ: കേരളത്തിലെ സർക്കാർ ജീവനക്കാരുടെ ജാതി തിരിച്ചുള്ള വിശദാംശങ്ങൾ സംസ്ഥാന സർക്കാർ ഔദ്യോഗികമായി വ്യക്തമാക്കിയിരിക്കുന്ന സാഹചര്യത്തിൽ ജനസംഖ്യാനുപാതികമായി ഏറ്റവും കുറഞ്ഞ പ്രാതിനിധ്യം മാത്രമുള്ള മുസ്‌ലിം സമുദായത്തിന്റെ അവസരനഷ്ടം പരിഹരിക്കുവാൻ സർക്കാർ സ്പെഷ്യൽ റിക്രൂട്ട്മെൻറ് നടത്തണമെന്ന് മെക്ക സംസ്ഥാന പ്രസിഡൻറ് പ്രൊഫ. ഡോ.പി. നസീർ ആവശ്യപ്പെട്ടു. 10 ശതമാനമുള്ള എസ്.സി എസ് ടി. വിഭാഗത്തിന് 62,000 ത്തിലധികം ജീവനക്കാരും ഈഴവ- നായർ വിഭാഗങ്ങൾക്ക് മൊത്തം ജീവനക്കാരിൽ 45 ശതമാനവും ലഭിച്ചിട്ടുണ്ട്. എന്നാൽ 2011 ൽ തന്നെ 27 ശതമാനത്തിലെത്തിയ മുസ്‌ലിം സാമൂഹിക വിഭാഗത്തിന് വെറും 73000 ജീവനക്കാർ മാത്രമാണ് സർവീസിൽ ഉള്ളതെന്നാണ് ഔദ്യോഗിക കണക്ക്. സ്പെഷ്യൽ റിക്രൂട്ട്മെന്റിലൂടെ മാത്രമേ ഈ സാമൂഹിക അസമത്വത്തിന് ശാശ്വത പരിഹാരം കാണാൻ സാധിക്കുകയുള്ളൂ എന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. 2001ൽ നരേന്ദ്രൻ കമ്മീഷൻ ഈ അസംതുലിതാവസ്ഥ കണ്ടെത്തിയിരുന്നു. അന്ന് പബ്ലിക് സർവീസ് കമ്മീഷൻ നൽകുന്ന മുസ്ലിം സംവരണ അനുപാതമായ 12 ശതമാനം ലഭിക്കാൻ 7383 തസ്തികകൾ കൂടി നൽകണമെന്ന് കണ്ടെത്തിയിട്ടുണ്ടായിരുന്നു. എന്നാൽ ഇക്കാര്യത്തിൽ ഇടതു വലതു സർക്കാരുകൾ അനങ്ങാപ്പാറ നയമാണ് സ്വീകരിച്ചത്. ഇക്കാരണത്തിലാണ് ഇപ്പോൾ മുസ്ലിം ജീവനക്കാർക്കിടയിൽ ഭീമമാണ് കുറവ് സംഭവിച്ചിരിക്കുന്നത്. വയനാട് ജില്ല എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. ജില്ലാ പ്രസിഡണ്ടും തിരുവനന്തപുരം മുൻ പാളയം ഇമാമുമായ ഡോ. യൂസുഫ് മുഹമ്മദ് നദ്‌വി അധ്യക്ഷത വഹിച്ചു, വി. മൊയ്തീൻകുട്ടി, പി എം അസൈനാർ, സയ്യിദ് അലി സ്വലാഹി, ഇ. മുസ്തഫ, എൻ കെ ഹാശിം, ഡോ. മുഹമ്മദ് സഈദ് എംകെ, പി. സുബൈർ പ്രസംഗിച്ചു.

## മഡ്ഫെസ്റ്റ് സീസൺ 2 ഉദ്ഘാടനം 7ന്

മാനന്തവാടി: വയനാട് മഡ് ഫെസ്റ്റ് രണ്ടാം പതിപ്പിന്റെ ജില്ലാതല ഉദ്ഘാടനം 7 ന് മാനന്തവാടിയിൽ നടക്കുമെന്ന് സംഘാടകർ വാർത്താ സമ്മേളനത്തിൽ അറിയിച്ചു. മാനന്തവാടി താലൂക്ക് തല മത്സരങ്ങൾ ജൂലൈ 6, 7 8 തിയ്യതികളിൽ നടക്കും. മൺസൂൺ കാലവിനോദ സഞ്ചാരം ജില്ലയിൽ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കേരള ടൂറിസം വകുപ്പിന്റെയും, ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിന്റെയും നേതൃത്വത്തിൽ ജില്ലയിലെ ടൂറിസം രംഗത്ത് പ്രവർത്തിക്കുന്ന വിവിധ സംഘടനകൾ,ത്രിതല പഞ്ചായത്തുകൾ എന്നിവയുടെ സഹകരണത്തോടെയാണ് 14 വരെ വയനാട് മഡ് ഫെസ്റ്റ് സംഘടിപ്പിക്കുന്നത്, മാനന്തവാടി താലൂക്കിൽ ജൂലൈ 6ന് 7 മണിക്ക് ആരംഭിക്കുന്ന മൺസൂൺ മിനിമാരത്തോൺ പനമരം മുതൽ മാനന്തവാടി വരെ നടക്കും. ജനറൽ കാറ്റഗറി, വെറ്ററൻസ് കാറ്റഗറി വിഭാഗങ്ങളിലായാണ് മത്സരങ്ങൾ. ജനറൽ കാറ്റഗറി വിഭാഗങ്ങൾക്ക് യഥാക്രമം 10000, 5000, 3000, 2000 രൂപ വിതവും വെറ്ററൻസ് കാറ്റഗറിയിൽ 5000, 3000, 2000 രൂപ വിതവും ക്യാഷ് അവാർഡ് നൽകും. 7ന് രാവിലെ 9 മണിക്ക് മഡ് ഫെസ്റ്റ് സിസൺ 2 ജില്ലാതല ഉദ്ഘാടനം വള്ളിയൂർക്കാവിൽ നടക്കും. തുടർന്ന് താലൂക്ക് തല മഡ് ഫുട്ബോൾ മത്സരം, 8ന് രാവിലെ ജില്ലാതല മഡ് വോളിബോൾ മത്സരം വള്ളിയൂർക്കാവിന് സമീപം സംഘടിപ്പിക്കും. വിജയികൾക്ക് ക്യാഷ് അവാർഡ് നൽകും, മത്സരങ്ങളുടെ കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 7593892957. ബ്ലോക്ക് പ്രസിഡന്റ് ജസ്റ്റിൻ ബേബി, ഡി.ടി.പി.സി സെക്ര: കെ ജി അജേഷ്, രതീഷ് ബാബു, ടി പി പ്രവീൺ സംബസിച്ചു.

## സെപ്റ്റംബർ 30 വരെ കുടിശ്ശിക ഒടുക്കാം

കൽപ്പറ്റ: കേരള ആട്ടോമൊബൈൽ വർക്ക്ഷോപ്പ് തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ അംഗങ്ങളായവർക്ക് സെപ്റ്റംബർ 30 വരെ കുടിശ്ശിക ഒടുക്കാം. കുടിശ്ശികയുള്ള എല്ലാ തൊഴിലാളികളും അവസരം പ്രയോജനപ്പെടുത്തണമെന്ന് ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചു.

## പനമരം ബ്ലോക്ക് സമ്പൂർണ്ണത അഭിയാൻ ലോഞ്ച് ചെയ്തു

പനമരം: ആസ്പിരിഷൻ ബ്ലോക്ക് പ്രോഗ്രാമിന്റെ ഭാഗമായി പനമരം ബ്ലോക്ക് പഞ്ചായത്ത് തല സമ്പൂർണ്ണ അഭിയാൻ, ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ ജില്ലാ അസിസ്റ്റന്റ് കളക്ടർ ഗൗതം രാജ് ഉദ്ഘാടനം ചെയ്തു. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് ഗിരിജ കൃഷ്ണൻ അധ്യക്ഷത വഹിച്ചു.

ഗ്രാമപഞ്ചായത്ത് പ്രസിഡണ്ടുമാരായ ടി. എസ്. ദിലീപ് കുമാർ, പി. കെ. വിജയൻ, മിനി പ്രകാശൻ, ആസിയ ടീച്ചർ, രജിത കെ വി,

പനമരം ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡണ്ട് അബ്ദുൽ ഗഫൂർ കാട്ടി, സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺമാരായ മേഴ്സി ബെന്നി, നിത്യ ബിജു കുമാർ, വയനാട് ജില്ലാ പ്ലാനിങ് ഓഫീസർ രതിനേഷ് പി. ആർ. ആസ്പിരേഷൻ ബ്ലോക്ക് പഞ്ചായത്ത് ഫെല്ലോ ദിയ ജോർജ്ജ്, സെക്രട്ടറി കെ ഷീബ സംസാരിച്ചു.

പരിപാടിയോടനുബന്ധിച്ച് പനമരം പനമരം അഡീഷണൽ ഐ.സി. ഡി. എസ്. ന്റെ ആഭിമുഖ്യത്തിൽ പോഷൺ മേളയും കുടുംബശ്രീയുടെ നേതൃത്വത്തിൽ ഉൽപ്പന്ന പ്രദർശന വിപണന മേളയും സംഘടിപ്പിച്ചു. പനമരം ബ്ലോക്ക് പഞ്ചായത്ത് ജോയിന്റ് ബ. ഡി. ഒ. ടി രാജേന്ദ്രൻ നന്ദി പറഞ്ഞു.



പനമരം ബ്ലോക്ക് പഞ്ചായത്ത് തല സമ്പൂർണ്ണ അഭിയാൻ ജില്ലാ അസിസ്റ്റന്റ് കളക്ടർ ഗൗതം രാജ് ഉദ്ഘാടനം ചെയ്യുന്നു

## വെള്ളം നിറഞ്ഞു; പുഴമീൻ പിടുത്തം തകൃതി

പുൽപള്ളി: കഴിഞ്ഞ ദിവസങ്ങളിലെ ശക്തമായ മഴയിൽ പുഴകളും തോടുകളും നിറഞ്ഞതോടെ കബനിയിലും കൈവഴികളിലും മീൻപിടിത്തവും തകൃതിയായി. കലങ്ങിയൊഴുകുന്ന പുതുവെള്ളത്തിന്റെ മറവിൽ വലുതും ചെറുതുമായി ധാരാളം മീനുകൾ കയറി വരും. ഈ സമയം വയനാടിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ളവർ പുഴയോരത്ത് കാത്തിരുന്ന് ചൂണ്ടയിട്ടും വലവിരിച്ചും മീൻപിടിക്കും. വീശുവല, കോരുവല, ചൂണ്ട എന്നിവയുപയോഗിച്ചാണ് മീൻപിടിത്തം നടക്കുന്നത്. പുതുമഴയിൽ പുഴ നിറയുമ്പോൾ മുതൽ കബനിക്കരയിലേക്ക് നിരവധിയാളുകളാണ് വിവിധ പ്രദേശങ്ങളിൽ നിന്നും എത്തിച്ചേരുന്നത്. രാത്രി ടെന്റുകെട്ടി കാത്തുകിടന്നും മീൻപിടിക്കുന്നവരും ഈ കൂട്ടത്തിലുണ്ട്. ഈ ദിവസങ്ങളിൽ പുഴയോരം മൊബൈൽ ടോർച്ചുകളും, റാന്തൽ വിളക്കുകളും കൊണ്ട് ദീപാലംകൃതമായിരിക്കും. വയലോരങ്ങളിൽ വെള്ളം കെട്ടിനിൽക്കുന്ന പുൽമേടുകളിലേക്കും ചെറുമത്സ്യങ്ങൾ കൂട്ടമായെത്തും. വർഷാവർഷം കോടിക്കണക്കിന് മത്സ്യക്കുഞ്ഞുങ്ങളെ അണക്കെട്ടിൽ നിക്ഷേപിക്കാറുമുണ്ട്. ട്രോളിങ് നിരോധന കാലത്ത് വയനാട്ടുകാരുടെ മുഖ്യ ആശ്രയം പുഴമീൻ തന്നെ. പുഴയിൽ നിന്നു ലഭിക്കുന്ന ജീവനുള്ള മീനുകൾ മണിക്കൂറുകൾക്കുള്ളിലാണ് ഉപഭോക്താക്കളിലെത്തുക. കബനിയിലെ ബീച്ചനഹള്ളി അണക്കെട്ടിൽ നിന്നാണ് ചെമ്പല്ലിയും റോഗു മടങ്ങുന്ന പുഴമീൻ ലഭിക്കുന്നത്. ബീച്ചനഹള്ളി അണക്കെട്ട് ഭാഗത്ത് വലയിട്ടുപിടിക്കുന്ന മത്സ്യം രാവിലെ തന്നെ ജില്ലയിലെ വിവിധ മാർക്കറ്റുകളിലെത്തും. പെരിക്കല്ലൂർ, മരക്കടവ്, ബാവലി, ബൈരക്കുപ്പ, കൊളവള്ളി എന്നീ അതിർത്തി പ്രദേശങ്ങളിലും പുഴമീൻ ലഭ്യതയുണ്ട്. ചെമ്പല്ലി, കട്‌ല, റോഗ്, ചേറുമീൻ, തിലോപ്പിയ, ചൊട്ടവാള, മുഷി എന്നീയിനം മീനുകളാണ് സാധാരണയായി ലഭിക്കുക. ഡസൻ കണക്കിന് ചൂണ്ടയുമായി എത്തുന്നവർ ഇരയിട്ട് ചൂണ്ട വെള്ളത്തിലെറിഞ്ഞ് മണിക്കൂറുകളോളം കാത്തിരിക്കും കട്‌ല, ചേറുമീൻ, തിലോപ്പിയ തുടങ്ങിയ മത്സ്യങ്ങളുമാണ് സാധാരണ ലഭിക്കുക. 150 രൂപ മുതൽ 350 രൂപവരെയാണ് വില. ബന്ദിപ്പൂർ, നാഗർഹൊള കടുവ സങ്കേതത്തിലൂടെ വയനാട്ടിലേക്ക് കയറിക്കിടക്കുന്ന അണക്കെട്ടിന്റെ റിസർവോയറിൽ എല്ലാ വർഷവും ലക്ഷക്കണക്കിന് മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കാറുണ്ട്. റിസർവോയറിലെ മീനാണ് പനമരം വരെ നീളുന്ന കബനിയിൽ നിന്നു മഴക്കാലത്ത് നാട്ടുകാരും പിടിക്കുന്നത്. രണ്ടു മുതൽ 20 കിലോവരെ തൂക്കമുള്ള മീനുകൾ പുഴയിലുണ്ട്.



മുത്തങ്ങ ആലത്തൂരിൽ വെള്ളകയറിയ വലയിൽ വീശുവലയെറിഞ്ഞ് മീൻപിടിക്കുന്നു

## കുറുവയിൽ വികസന പ്രവൃത്തികൾ അനിശ്ചിതത്വത്തിൽ

കൽപ്പറ്റ: കുറുവ ദ്വീപിൽ വിഭാവനം ചെയ്ത വികസന പ്രവൃത്തികൾ അനിശ്ചിതത്വത്തിൽ. ഹൈക്കോടതി ഇടപെടലാണ് ഇതിനു ആധാരം. അനുമതി നേടാതെ ദ്വീപിൽ നിർമാണം അരുതെന്നാണ് കോടതി നിർദേശം. കഴിഞ്ഞ 26ന് സംസ്ഥാനത്തെ മനുഷ്യ-വന്യജീവി സംഘർഷവുമായി ബന്ധപ്പെട്ട കേസ് പരിഗണിക്കവേ ജസ്റ്റിസ് എ.കെ. ജയശങ്കരൻ നമ്പ്യാർ, ജസ്റ്റിസ് പി. ഗോപിനാഥ് എന്നിവരടങ്ങുന്ന ബെഞ്ചാണ് നിർദേശം നൽകിയത്. ദ്വീപിൽ നിർമാണത്തിനു അനുമതി നൽകിയതു സംബന്ധിച്ച് കോടതി സർക്കാരിന്റെ വിശദീകരണം തേടിയിട്ടുണ്ട്. സൗത്ത് വയനാട് വനം ഡിവിഷനിലെ ചെതലത്ത് റേഞ്ചിലാണ് കുറുവ വിനോദസഞ്ചാര കേന്ദ്രം. ഇവിടെ കേന്ദ്രാവിഷ്കൃത നഗരവനം പദ്ധതിയിൽ രണ്ടു കോടി രൂപയുടെ പ്രവൃത്തിയാണ് ആസൂത്രണം ചെയ്തത്. ഔഷധത്തോട്ടം, ഹാങ്ങിംഗ് ഗാർഡൻ, ഇന്റർപ്രട്ടേഷൻ സെന്റർ, ശുചിമുറികൾ, പാർക്കിംഗ് ഏരിയ, ദ്വീപിനെയും ജൈവവൈവിധ്യത്തെയും കുറിച്ചു പഠനം നടത്തുന്നവരുടെ താമസത്തിനു സൗകര്യം, ബാംമ്പു മ്യൂസിയം തുടങ്ങിയവ പ്രവൃത്തികളിൽ ഉൾപ്പെടും. കോടതി അനുവദിക്കാതെ പ്രവൃത്തികൾ നടത്താൻ കഴിയാത്ത സ്ഥിതിയാണിപ്പോൾ. കേരള പോലീസ് ഹൗസിംഗ് കോഓപ്പറേറ്റീവ് സൊസൈറ്റിയാണ് പ്രവൃത്തി ചുമതല. ജില്ലയിൽ വനം വകുപ്പിനു കീഴിലുള്ള വിനോദസഞ്ചാര കേന്ദ്രങ്ങൾ ഫെബ്രുവരി രണ്ടാം പകുതി മുതൽ അടച്ചിട്ടിരിക്കയാണ്. കുറുവ ഇക്കോ ടൂറിസം സെന്റർ താത്കാലിക ജീവനക്കാരൻ പാക്കം വെള്ളച്ചാലിൽ പോൾ കാട്ടാന ആക്രമണത്തിൽ കൊല്ലപ്പെട്ടതിനെത്തുടർന്ന് പുൽപ്പള്ളിയിലുണ്ടായ ജനകീയ പ്രതിഷേധത്തിന്റെ പശ്ചാത്തലത്തിലാണ് ഇക്കോ ടൂറിസം കേന്ദ്രങ്ങൾ അടച്ചത്. സൂചിപ്പാറ വെള്ളച്ചാട്ടം, ചെമ്പ്ര പീക്ക്, മീൻമുട്ടി വെള്ളച്ചാട്ടം, ബാണാസുര ട്രക്കിംഗ് സെന്റർ, വന്യജീവി സങ്കേതത്തിലെ തോൽപ്പെട്ടി, മുത്തങ്ങ റേഞ്ചുകളുടെ ഭാഗങ്ങൾ എന്നിവയും ജില്ലയിലെ ഇക്കോ ടൂറിസം കേന്ദ്രങ്ങളാണ്. വിനോദസഞ്ചാരകേന്ദ്രങ്ങളുടെ പ്രവർത്തനം വനം-വന്യജീവി വകുപ്പ് നിർത്തിവച്ചതിനു ശേഷമാണ് ജില്ലയിലെ ഇക്കോ ടൂറിസം കേന്ദ്രങ്ങൾ ഇനി ഉത്തരവ് ഉണ്ടാകുന്നതുവരെ തുറക്കരുതെന്ന് ഹൈക്കോടതി ഉത്തരവായത്. മറ്റൊരു കേസ് പരിഗണിക്കവേയായിരുന്നു ഉത്തരവ്. ഇതിനെതിരേ ടൂറിസം കൂട്ടായ്മ സമർപ്പിച്ച ഹരജിയിൽ ഇക്കോ ടൂറിസം കേന്ദ്രങ്ങളിൽ സഞ്ചാരികളുടെ എണ്ണം കുറയ്ക്കൽ, ടിക്കറ്റ് നിരക്ക് വർധിപ്പിക്കൽ തുടങ്ങിയ നിർദേശങ്ങളാണ് കോടതി മുന്നോട്ടുവച്ചത്. ഹരജി തീർപ്പാക്കിയിട്ടില്ല. വനം വകുപ്പിനു കീഴിലുള്ള വിനോദസഞ്ചാരകേന്ദ്രങ്ങൾ അടഞ്ഞുകിടക്കുന്നത് ജില്ലയിൽ ടൂറിസം രംഗത്ത് പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ട്. ടൂറിസം സംരംഭകരും വിനോദസഞ്ചാരകേന്ദ്രങ്ങളെ ഉപജീവനത്തിനു ആശ്രയിക്കുന്നവരും പ്രയാസത്തിലാണ്. സംസ്ഥാനത്ത് ജില്ലയിൽ മാത്രമാണ് മുഴുവൻ ഇക്കോ ടൂറിസം കേന്ദ്രങ്ങളും അടച്ചിട്ടിരിക്കുന്നത്.



## കൊയിലാണ്ടി ഗുരുദേവ കോളജിൽ സുരക്ഷ ഉറപ്പാക്കണമെന്ന് ഹൈക്കോടതി

കോഴിക്കോട്: കൊയിലാണ്ടി ഗുരുദേവ കോളജിലെ സംഘർഷത്തിലും എസ്എഫ്ഐക്കാർ പ്രിൻസിപ്പലിനെ മർദിച്ച സംഭവത്തിലും ഹൈക്കോടതി ഇടപെടൽ. കോളജിൽ ക്രമസമാധാനം ഉറപ്പാക്കാൻ പൊലീസിന് ഹൈക്കോടതി നിർദേശം നൽകി. പൊലീസ് കർശനമായി ഇടപെടണമെന്നും പ്രിൻസിപ്പലിനും കോളജിനും വിദ്യാർത്ഥികൾക്കും സംരക്ഷണം നൽകണമെന്നും ഹൈക്കോടതി ഉത്തരവിട്ടു. കേസിൽ എസ്എഫ്ഐ നേതാക്കൾക്ക് കോടതി നോട്ടീസ് അയച്ചു. കേസ് ഈ മാസം എട്ടിന് പരിഗണിക്കാൻ മാറ്റി. കോളജ് പ്രിൻസിപ്പാൾ സുനിൽ ഭാസകർ സമർപ്പിച്ച ഹർജിയിലാണ് ഉത്തരവ്.

# കോഴിക്കോട് വാർത്തകൾ



ഇമ്മിണി ബല്ല്യ ഓർമ്മകൾ... അക്ഷരലോകത്തിന്റെ അനശ്വരത പ്രഖ്യാപിച്ചുകൊണ്ട് ബേപ്പൂരിലെ ഒരു ചുമരെഴുത്തിൽ അക്ഷരമാലകൾക്കൊപ്പം കഥയുടെ രാജശിൽപി വൈക്കം മുഹമ്മദ് ബഷീറും അദ്ദേഹത്തിന്റെ കഥാപാത്രമായ പാത്തുമ്മയുടെ ആടും സന്തത സഹചാരിയായ ഗ്രാമഫോണും ചിത്രീകരിച്ചപ്പോൾ. കഥയൊന്നുമറിയാതെ സൈക്കിൾ ഓടിച്ചുപോകുന്ന പുതിയ തലമുറയിലെ കുട്ടികളെയും കാണാം. ബേപ്പൂരിൽ നിന്നുള്ള കാഴ്ച. ഇന്ന് ബഷീറിന്റെ മുപ്പതാം ചരമവാർഷികദിനം സി.കെ തൻസീർ

## സൈബർ, പോക്സോ കേസുകൾ കൂടുന്നതായി ഉത്തര മേഖലാ ഐ.ജി

കോഴിക്കോട്: സംസ്ഥാനത്ത് കുട്ടികൾക്കെതിരായ പോക്സോ അതിക്രമങ്ങളും സൈബർ കുറ്റകൃത്യങ്ങളും വർധിക്കുന്നതായി ഉത്തര മേഖലാ ഐ.ജി സേതുരാമൻ. കേരള പൊലീസ് ഓഫീസേഴ്സ് അസോസിയേഷൻ സിറ്റി ജില്ലാ സമ്മേളം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കുന്ദമംഗലം ഇൻസ്പകൂർ എസ്. ശ്രീകുമാർ അധ്യക്ഷത വഹിച്ചു.

സിറ്റി പൊലിസ് കമ്മിഷണർ രാജ്പാൽ മീണ മുഖ്യാതിഥിയായി. ഡി.സി.പി അനൂജ്പലിവാൾ, ക്രൈംബ്രാഞ്ച് എസ്.പി പി.പി മൊയ്തീൻകുട്ടി, എസ്.എസ്.ബി എസ്.പി ജി.സാബു, കെ.പി.ഒ.എ സംസ്ഥാന ട്രഷറർ കെ.എസ് ഔസേപ്പ്, സംസ്ഥാന ജോ. സെക്രട്ടറി പി.രമേശൻ, കോഴിക്കോട് റൂറൽ സെക്രട്ടറി പി.മുഹമ്മദ്, കോഴിക്കോട് സിറ്റി ജോ. സെക്രട്ടറി മാജി ഡി റൊസാരിയൊ, കേരള പൊലിസ് അസോസിയേഷൻ പി.ആർ രഘീഷ്, ഐ.കെ മുരളീധരൻ, കെ. ഹരീഷ്കുമാർ സംസാരിച്ചു.



കേരള പൊലീസ് ഓഫിസേഴ്സ് അസോസിയേഷൻ സിറ്റി ജില്ലാ സമ്മേളനം ഉത്തര മേഖല ഐജി കെ.സേതുരാമൻ ഉദ്ഘാടനം ചെയ്യുന്നു

# സൈബർ തട്ടിപ്പുകൾ വ്യാപകം

## ബോധവൽക്കരണ പരിപാടികളൊരുക്കുമെന്ന് പൊലീസ് കമ്മീഷണർ

കോഴിക്കോട്: നഗരമേഖലയിലും ജില്ലയുടെ മറ്റു പ്രദേശങ്ങളിലും സൈബർ തട്ടിപ്പു ചെറുക്കാൻ ജാഗ്രതാ മുന്നറിയിപ്പുമായി സിറ്റി പൊലീസ് കമ്മീഷണർ രാജ്പാൽ മീണ. ട്രേഡിങ്-നിക്ഷേപ മേഖലയിൽ മാത്രം 2023ൽ 9 കേസുകളുണ്ടായിരുന്നത് 2024ൽ ആറു മാസമായപ്പോഴേക്കും 26 ആയി ഉയർന്നു. ക്വറിയർ ഭീഷണി, ജോലി വാഗ്ദാനം, ബിൽ പെയ്മെന്റുകൾ തുടങ്ങി വിവിധ പേരുകളിൽ തട്ടിപ്പുകൾ വ്യാപകമാവുകയാണ്. ഇത്തരം സൈബർ കേസുകളിൽ അന്വേഷണം അതീവ ദുഷ്കരമാണെന്നും അഞ്ചു ശതമാനത്തോളം മാത്രമേ പ്രതികളെ കണ്ടെത്താനാകുന്നുള്ളൂവെന്നും കമ്മീണഷർ പറഞ്ഞു.

വ്യാജ അന്വേഷണ ഉദ്യോഗസ്ഥർ ചമഞ്ഞും, നിക്ഷേപ, വ്യാപാര തട്ടിപ്പുകളുമായും പുതിയ രൂപത്തിൽ വരുന്ന സൈബർ തട്ടിപ്പുസംഘങ്ങൾ വ്യാപകം. സമീപകാലത്തായി വ്യാജ അന്വേഷണ ഉദ്യോഗസ്ഥർ ചമഞ്ഞ് നിരവധി തട്ടിപ്പുകളാണ് നടക്കുന്നത്. അന്വേഷണ ഉദ്യോഗസ്ഥരാണെന്ന വ്യാജേന യൂണിഫോം ധരിച്ച് സിബിഐ, എൻ.സി.ബി, സംസ്ഥാന പോലീസ് എന്നിവരാണെന്ന് പറഞ്ഞാണ് ഭീഷണിപ്പെടുത്തി തട്ടിപ്പ് നടത്തുന്നത്.

### 'പരിവാഹൻ ആപ്പ്'; ഒരു മാസത്തിനിടെ ജില്ലയിൽ തട്ടിപ്പിനിരയായി സഹായം തേടിയത് 1832 പേർ

കോഴിക്കോട്: കുന്ദമംഗലത്ത് പരിവാഹൻ തട്ടിപ്പിൽ യുവാവ് കുടുങ്ങിയതിനു വാർത്തയായതിനു പിന്നാലെ സംസ്ഥാനത്ത് വ്യാപകമായി ഇത്തരം തട്ടിപ്പുകളെന്ന് കണ്ടെത്തൽ 'പരിവാഹൻ ആപ്പ് തട്ടിപ്പ്' എന്ന പുതിയ കെണിയിൽ വീണ് ഒരു മാസത്തിനിടെ സൈബർ പോലീസിന്റെ സഹായം തേടിയത് 1832 പേരാണ്. പരാതി നൽകാതെ, തട്ടിപ്പുവിവരം പോലീസിൽ അറിയിക്കുകമാത്രം ചെയ്തവർ വേറെയും. വാട്സാപ്പ്-എസ്.എം.എസ്. സന്ദേശമായി മൊബൈൽ ഫോണിൽ വരുന്ന സന്ദേശത്തിലൂടെയാണ് തട്ടിപ്പിന്റെ തുടക്കം. നിങ്ങളുടെ വാഹനം നിയമലംഘനത്തിൽപ്പെട്ടിട്ടുണ്ടെന്നും അതിവേഗത്തിൽ സഞ്ചരിച്ചതായി കണ്ടെത്തിയിട്ടുണ്ടെന്നുമായിരിക്കും സന്ദേശം.

മോട്ടോർ വാഹനവകുപ്പിന്റെപേരിൽ വരുന്ന സന്ദേശത്തിൽ നമ്മുടെ വാഹനത്തിന്റെ നമ്പർ, നിയമലംഘനം നടത്തിയ തീയതി, ഇതിനെതിരേ വകുപ്പ് പുറത്തിറക്കിയ പിഴ ചെലാൻ നമ്പർ എന്നിവ ഉൾപ്പെടുത്തിയിരിക്കും.നിയമലംഘനത്തെക്കുറിച്ച് കൂടുതൽ അറിയുന്നതിനും തെളിവുകൾ കാണുന്നതിനും താഴെ നൽകിയിരിക്കുന്ന ലിങ്ക് ക്ളിക്ക് ചെയ്യുക എന്ന് പറഞ്ഞാണ് സന്ദേശം അവസാനിക്കുന്നത്. ഈ ടെക്സ്റ്റ് സന്ദേശത്തോടൊപ്പമുള്ള ആപ്ളിക്കേഷൻ ഫയലാണ് ഉപയോക്താക്കളെ കെണിയിലേക്കു വീഴ്ത്തുന്നത്. ഗൂഗിൾ പ്ളേ സ്റ്റോർ, ഐ. ഫോണിന്റെ ആപ്പ് സ്റ്റോർ എന്നിവയിൽനിന്ന് ആപ്ളിക്കേഷനുകൾ ഡൗൺലോഡ് ചെയ്ത് ഉപയോഗിക്കുന്നതിനുപകരം ആരെങ്കിലും അയച്ചുതരുന്ന ലിങ്കുകൾ വഴി ആപ്പിലേക്കു പോകുന്നതാണ് കെണിയിലകപ്പെടാൻ ഇടയാക്കുന്നതെന്ന് കോഴിക്കോട് സൈബർ സബ് ഡിവിഷനിലെ ഉദ്യോഗസ്ഥൻ വ്യക്തമാക്കി.ഈ ലിങ്കുകൾ മൊബൈലിൽ ഡൗൺലോഡ് ആകുമ്പോൾ ഗുണഭോക്താവ് നൽകുന്ന രണ്ട് 'ഒ.കെ' (യെസ്) നമ്മുടെ മൊബൈൽ വിദൂരത്തുനിന്ന് ഉപയോഗിക്കാനുള്ള (റിമോട്ട് ആക്സസ് സോഫ്റ്റ്വേർ) അനുമതി തട്ടിപ്പുകാർക്ക് നൽകും. ഇതുവഴി ഒ.ടി.പി.കൾ ഉപയോഗിക്കാനും നമ്മുടെ അക്കൗണ്ടിൽ പ്രവേശിച്ച് പണം തട്ടാനും അജ്ഞാതസംഘത്തിന് സാധിക്കും.

നിങ്ങളുടെ അഡ്രസിൽ ഡ്രഗ്സിന്റെ പാഴ്സൽ പിടികൂടിയിട്ടുണ്ട് , നിങ്ങൾ പ്രോണോഗ്രാഫിക് വൈറ്റ് സന്ദർശിച്ചിട്ടുണ്ട് , തുടങ്ങിയ കാര്യങ്ങൾ പറയുകയും, കുറ്റകൃത്യത്തിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് ഭീഷണിപ്പെടുത്തുകയും ചെയ്യും. ഇതുമായി ബന്ധപ്പെട്ട വ്യാജ വാറന്റുകളും , എഫ്.ഐ.ആറും മറ്റും അയച്ചു നൽകും. നിങ്ങൾ വെർച്ചലായി അറസ്റ്റ് ചെയ്യപ്പെട്ടിരിക്കുകയാണെന്നും സംഘം പറയും. ഇങ്ങനെ പറഞ്ഞ് ഭയപ്പെടുത്തി അക്കൗണ്ടിലെ മുഴുവൻ തുകയും പരിശോധനയുടെ ഭാഗമായി, അവർ പറയുന്ന അക്കൗണ്ടിലേക്ക് നിക്ഷേപിക്കാൻ പറയും. ഇത് ആർ.ബി.ഐ അക്കൗണ്ടാണെനാണ് സംഘം തെറ്റിദ്ധരിപ്പിക്കുന്നത്. പണം അക്കൗണ്ടിൽ എത്തുന്നതുവരെ മറ്റാരുമായും ബന്ധപ്പെടാനും ഇവർ സമ്മതിക്കില്ല. പണം സംഘം പറഞ്ഞ അക്കൗണ്ടിലെത്തിക്കഴിയുമ്പോഴാണ് തട്ടിപ്പായിരുന്നു എന്ന് മനസിലാകുന്നത്. നിക്ഷേപവും വ്യാപാരവുമായി നടക്കുന്ന തട്ടിപ്പിൽ നിരവധി പേർക്കാണ് പണം നഷ്ടപ്പെട്ടത്. സോഷ്യൽ മീഡിയ വഴിയാണ് ഇരയെ കണ്ടെത്തുന്നത്. തുക നിക്ഷേപിച്ചാൽ വലിയ ലാഭമാണ് വാഗ്ദാനം ചെയ്യുന്നത്. താൽപ്പര്യമുള്ള വരെ ഗ്രൂപ്പുകളിൽ ആഡ് ചെയ്യും. കുറേ അക്കൗണ്ടുകൾ നൽകി നിക്ഷേപിക്കാൻ ആവശ്യപ്പെടും.വെബ്സൈറ്റുകൾ ആപ്ലിക്കേഷനുകൾ എന്നിവയിലൂടെ നടത്തുന്ന നിക്ഷേപങ്ങൾക്ക് ലഭിക്കുന്ന റിട്ടേണുകൾ വലിയ ലാഭമാണ് നൽകുന്നതെന്ന് ഇരകളെ വിശ്വസിപ്പിക്കുന്നു. ഇരയാക്കപ്പെട്ടവർ നിക്ഷേപങ്ങൾ പിൻവലിക്കാൻ ശ്രമിക്കുമ്പോഴാണ് പണം ലഭിക്കാതെ തട്ടിപ്പിനിരയായെന്ന് മനസ്സിലാക്കുന്നത്.സൈബർ തട്ടിപ്പ് സംഘങ്ങൾ പുതുതന്ത്രങ്ങളിലൂടെ ഇരയാക്കുന്നവരുടെ എണ്ണം ദിനംപ്രതി വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ തട്ടിപ്പുസംഘങ്ങളുടെ കെണിയിൽ വീഴാതെ ജാഗ്രത പാലിക്കാൻ എല്ലാവരും ശ്രദ്ധിക്കണമെന്നും പൊലീസ് പറഞ്ഞു.

## സ്കൂൾ അവധിയുണ്ടോ കലക്ടറേ; പഠനം അതിലേറെ രസമുള്ളതല്ലേ...




കോഴിക്കോട്: മഴകനത്താൽ അവധി ചോദിച്ച് എഫ്.ബി കമന്റ് പേമാരിയായതോടെ സഹികെട്ട് ഉപദേശവുമായി ജില്ലാ കലക്ടർ. മഴ കണ്ടാൽ അവധിയില്ലെന്നും മഴകനത്താലേ അവധിയുണ്ടാവൂവെന്നും എഫ്.ബിയിൽ കുറിച്ച ജില്ലാ കലക്ടർ സ്നേഹിൽ കുമാർ, അവധി രസമാണ്, എന്നാൽ പഠനം അതിലേറെ രസമുള്ളതല്ലേ എന്നും ഉണർത്തുന്നു. എഫ്.ബി പോസ്റ്റ്: ജില്ലയുടെ വിവിധ ഭാഗങ്ങളിൽ പെയ്യുന്ന മഴയുടെ അളവ്, തീവ്രത, പുഴകളിലെ ജലനിരപ്പ്, വെള്ളക്കെട്ട് സാധ്യത, മണ്ണിടിച്ചിൽ ഭീഷണി, വിദ്യാർത്ഥികൾക്കും മാതാപിതാക്കൾക്കും അധ്യാപകർക്കും ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ എന്നിങ്ങനെ വിവിധങ്ങളായ ഘടകങ്ങൾ ദിവസേന നടത്തുന്ന ഉദ്യോഗസ്ഥ തല അവലോകന യോഗത്തിൽ വിലയിരുത്തിയാണ് മഴ അവധി സംബന്ധിച്ച തീരുമാനം എടുക്കുന്നത്. നിങ്ങളുടെ സുരക്ഷക്കാണ് എപ്പോഴും ഞങ്ങൾ ഏറ്റവും പ്രാധാന്യം നൽക്കുന്നത്, അതോടൊപ്പം തന്നെ അധ്യയന ദിനങ്ങൾ പരമാവധി സംരക്ഷിക്കുകയും വേണം. അവധി രസമാണ്, എന്നാൽ പഠനം അതിലേറെ രസമുള്ളതല്ലേ! മഴ നമ്മുടെ ജീവിതത്തിന്റെ ഭാഗമാണ്, പഠനവും. മഴയോടൊത്ത് ജീവിക്കാൻ ശീലിച്ചവരാണ് നമ്മൾ, മഴയാണ് എന്ന് കരുതി നമ്മൾ നമ്മുടെ ഉത്തരവാദിത്തങ്ങൾ മാറ്റിവെക്കാറില്ലല്ലോ. കമന്റ് ബോക്സിലെ നിങ്ങളുടെ ക്രിയാത്മകത ഞങ്ങൾ ശ്രദ്ധിക്കുന്നുണ്ട്, നമ്മുടെ സാമൂഹ്യ മാധ്യമ ഇടപെടലുകൾ കൂടുതൽ ആരോഗ്യകരമാക്കേണ്ടതുണ്ട്. അപ്പൊ പറഞ്ഞു വരുന്നത്, കാലമിനിയുമുരുളും. വിഷുവരും വർഷം വരും, തിരുവോണം വരും, പിന്നെയൊരോ തളിരിനും, പൂ വരും കായ്‌വരും, അപ്പോഴാരെന്നും എന്തെന്നും ആർക്കറിയാം... എന്നിരുന്നാലും, നമുക്ക് അറിയാവുന്ന ഒന്നുണ്ട് വിദ്യാധനം സർവ്വധാനാൽ പ്രധാനം.




പ്രസിഡന്റ്, ജന.സെക്രട്ടറി

## വ്യാപാരി വ്യവസായി ഏകോപന സമിതി ജില്ലാ ഭാരവാഹികൾ

കോഴിക്കോട: കേരള വ്യാപാരി വ്യവസായി ഏകോപനസമിതി ജില്ലാ കൗൺസിൽ യോഗം പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തു. യോഗം സംസ്ഥാന പ്രസിഡണ്ട് രാജു അപ്സര ഉൽഘാടനം ചെയ്തു. ജില്ലാ പ്രസിഡണ്ട് അഷ്റഫ് മൂത്തേടത്ത് അദ്ധ്യക്ഷത വഹിച്ചു.

സംസ്ഥാന വൈസ്പ്രസിഡണ്ട് എ.ജെ.ഷാജഹാൻ തെരഞ്ഞെടുപ്പ് നിയന്ത്രിച്ചു. സംസ്ഥാന നേതാക്കളായ പി.കുഞ്ഞാവുഹാജി, ദേവസ്യമേച്ചേരി, എസ് ദേവ രാജൻ, എം.കെ. തോമസ്കുട്ടി, കെ.വി.അബ്ദുൽ ഹമീദ്, കെ.അഹമ്മത് ഷെരീഫ്, ബാബുകോട്ടയിൽ, സണ്ണി പൈമ്പിള്ളിൽ, വി.എം.ലത്തീഫ്, എ.ജെ.റിയാസ്, ജോജിൻ.ടി.ജോയ്, വൈ.വിജയൻ, യൂത്ത്വിംഗ് സംസ്ഥാന പ്രസിഡണ്ട് സലീം രാമനാട്ടുകര, വനിതാവിംഗ് സംസ്ഥാന പ്രസിഡണ്ട് സുബൈദ നാസർ എന്നിവർ പ്രസംഗിച്ചു.

ജില്ലാ ഭാരവാഹികൾ: പി.കെ ബാപ്പുഹാജി കുന്ദമംഗലം(പ്രസിഡണ്ട്), വി.സുനിൽകുമാർ കോഴിക്കോട്(ജനറൽസെക്രട്ടറി), ജിജി.കെ. തോമസ് തിരുവമ്പാടി (ട്രഷറർ). മുഖ്യരക്ഷാധികാരിയായി കെ.ഹസ്സൻകോയ, രക്ഷാധികാരികളായി എം.ഷാഹുൽഹമീദ്, പി.സി. അഷ്റഫ്, സീനിയർ വൈസ്പ്രസിഡണ്ടുമാരായി അഷ്റഫ് മുത്തേടത്ത്, എം. അബ്ദുൾസലാം തെരഞ്ഞെടുക്കപ്പെട്ടു.

വൈസ്പ്രസിഡണ്ട്മാർ: എറത്ത് ഇക്ബാൽ, എവിഎം. കബീർ, മണിയോത്ത് മൂസ. അമീർമുഹമ്മദ് ഷാജി, റഫീഖ് മാളിക, എം.ബാബുമോൻ, മനാഫ് കാപ്പാട്, യൂ അബ്ദുറഹിമാൻ, കെ.ടി വിനോദൻ. സെക്രട്ടറിമാർ: കെ.പി.മൊയ്തീൻകോയ ഹാജി, കെ.എം.ഹനീഫ, സുരേഷ് ബാബു കൈലാസ്, സലീം രാമനാട്ടുകര, എം.കെ.ഗംഗാധരൻ നായർ, പിടിഎ.ലത്തീഫ്, ഷംസുദ്ദീൻ കമ്മന, രാജൻ കാന്തപുരം.

## എലത്തൂരിൽ സ്വകാര്യബസും ലോറിയും കൂട്ടിയിടിച്ച് അപകടം; 80 പേർക്ക് പരിക്ക്

കാപ്പാട്: എലത്തൂർ പെട്രോൾ പമ്പിന് സമീപം സ്വകാര്യബസ്സും ലോറിയും കൂട്ടിയിടിച്ച് മറിഞ്ഞ് അപകടം. അപകടത്തിൽ ബസ് യാത്രികർക്കും ലോറി ജീവനക്കാർക്കും പരിക്ക്. ഇന്നലെ രാവിലെ 7.45ഓടെയായിരുന്നു അപകടം. കണ്ണൂരിൽ നിന്ന് കോഴിക്കോട്ടേക്ക് വരികയായിരുന്ന കനിക ലിമിറ്റഡ് സ്റ്റോപ്പ് ബസും അതേ ദിശയിൽ നിന്ന് വന്ന ലോറിയുമായി കൂട്ടിയിടിച്ചാണ് മറിഞ്ഞത്. അപകടത്തെ തുടർന്ന് ബസ്സും ലോറിയും ഇരുവശത്തേക്കും തലകീഴായി മറിഞ്ഞു. എലത്തൂരിലെ പെട്രോൾ പമ്പിലേക്ക് ലോറി തിരിയുന്നതിനെ ബസ് മറികടക്കാൻ ശ്രമിക്കുമ്പോഴാണ് അപകടമുണ്ടായത്.

പരിക്കേറ്റവരെ ആംബുലൻസിനും മറ്റ് വാഹനങ്ങളിലുമായി കോഴിക്കോട്ടെ ആശുപത്രികളിലേക്ക് മാറ്റി. നാട്ടുകാരും പൊലീസും ഫയർഫോഴ്സും സംഭവസ്ഥലത്തെത്തി രക്ഷാപ്രവർത്തനത്തിന് നേതൃത്വം നൽകി. ദേശീയപാതയിൽ ഒന്നൊര മണിക്കൂറോളം ഗതാഗത തടസ്സമുണ്ടായി. പരിക്ക് പറ്റിയവരിൽ രണ്ട് പേരുടെ നില ഗുരുതരമാണ്. 58 പേരെ കോഴിക്കോട് മെഡിക്കൽ കോളജിലും അഞ്ച് പേർ മൈത്രയിലും 16 പേർ ഗവ: ബീച്ച് ആശുപത്രിയിലും ഒരാളെ നാഷനൽ ഹോസ്പിറ്റലിലും പ്രവേശിപ്പിച്ചിട്ടുണ്ട്.

മെഡിക്കൽ കോളജ് ആശുപത്രിയിൽ പ്രവേശിക്കപ്പെട്ടവർ: വിജയശ്രീ 50 കൊയിലാണ്ടി, മനോഹരി 65 കൊയിലാണ്ടി, രാധാ 62 ഉരള്ളൂർ, റഹ്മത്ത് 38 നടുവണ്ണൂർ, നുസ്രത്ത് 40 വടകര, രവി 52 തിക്കോടി, ദുആ 16 കൊല്ലം, തങ്കം 53 കൊല്ലം, അജിത 33 മുചുകുന്ന്, സുരേന്ദ്രൻ 53 പയ്യോളി, പ്രകാശൻ 52, അനുഷ 39 കൊയിലാണ്ടി, അമയ 19 മണിയൂർ, ഷൈജ 45 മണിയൂർ, പ്രകാശം 98 മണിയൂർ, ഹനമരിയം 12 കൊയിലാണ്ടി, അനാമിക 24 ചങ്ങോട്ടുകാവ്, മനോജ് 56 വടകര, വിനു 59 വടകര, വിനോദിന് 55 കിഴക്കോട്ട് മുറി, ശ്യാമള 50 മേപ്പയൂർ, ഇന്ദിരാ 43 കൊയിലാണ്ടി ഷമീന സ്റ്റാഫ്, അഭിരാമി 16 പയ്യോളി, ഹരിദാസ് 55 കന്നൂർ, സുരേഷ് കുമാർ 46 കൊല്ലം, ബേബി വിനോദിനി 51 കൊല്ലം, സുഭിക്ഷ 36 മൂടാടി, അക്ഷയ് 28 മണിയൂർ, ദിയ 21 നരക്കോട്, ദേവിക 32 കൊയിലാണ്ടി, ദേവാനന്ദ് 16 കൊയിലാണ്ടി, സുനിത 56 വടകര, ഷാനിബാ 34 കൊയിലാണ്ടി, വിനോദ് 52 കൊയിലാണ്ടി, ആമിന മർവ 8 കൊയിലാണ്ടി, സുഗതൻ 58 കൊയിലാണ്ടി, സുധീഷ് കുമാർ 58 പയ്യോളി, സതീഷ്കുമാർ 48 അന്നശ്ശേരി, വൈദ്യർ റഹ്മാൻ 19 ബീഹാർ, അഷ്റഫ് 41 കൊയിലാണ്ടി, സൗദാമിനി 41 പൊൽക്കാവ്, ആയിഷ തമന്ന 17 കൊയിലാണ്ടി, തൻവീർ കൊയിലാണ്ടി, ഐശ്വര്യ 25 ആനക്കുളം, കൃഷ്ണാഞ്ജലി 17 ആനക്കുളം, ദേവാനന്ദ 17 കൊല്ലം, ആർദ്ര 23 മേപ്പയ്യൂർ, ഇർഫാൻ 23 കാപ്പാട്, റിന 49 കൊയിലാണ്ടി, ധന്യ 37 പൊയിൽക്കാവ്, അനാമിക 24 ചെങ്ങോട്ട് കാവ്, മനോജ് 56 വടകര, ഷംസീറ 41 വടകര, അഫ്രിൻ 19 കൊയിലാണ്ടി.





ദേശീയ പാതയിൽ എലത്തൂർ പെട്രോൾ പമ്പിന് സമീപം സ്വകാര്യബസ്സ് ലോറിയുമായി കൂട്ടിയിടിച്ച് മറിഞ്ഞപ്പോൾ

## അമിത വേഗത: അപകടം നടന്നപ്പോൾ ആർ.ടി.ഒ ഉണർന്നു; സ്പീഡ് ഗവർണർ പരിശോധന

കോഴിക്കോട്: എലത്തൂരിൽ സ്വകാര്യ ബസ് ടിപ്പറിലിടിച്ചുള്ള അപകടത്തിന് പിന്നാലെ സ്പീഡ് ഗവർണർ പരിശോധന ശക്തമാക്കുമെന്ന് ആർ.ടി.ഒ ഉദ്യോഗസ്ഥർ. അമിത വേഗം നിയന്ത്രിക്കാൻ നടപടി സ്വീകരിക്കണമെന്ന് നിരന്തരം ആവശ്യമുയർന്നിരുന്നെങ്കിലും ഇതുവരെ നടപടി പേരിന് മാത്രമായിരുന്നു. കോരപ്പുഴ പാലം മുതൽ എച്ച്.പി.സി.എൽ സംഭരണി വരെയുള്ള 350 മീറ്റർ സ്ഥലം അപകടമുക്തമാക്കുന്നതിന് വേണ്ട നടപടികൾ ജില്ലാ റോഡ് സേഫ്റ്റി കൗൺസിൽ വഴി സ്വീകരിക്കുമെന്ന് ആർ.ടി.ഒ അറിയിച്ചു. കൂടാതെ ലൊക്കേഷൻ ട്രാക്കിംഗ് ഡിവൈസുകൾ ഫിറ്റ് ചെയ്യാത്ത വാഹനങ്ങൾ കണ്ടെത്തുമെന്നും അനധികൃത ലൈറ്റുകൾ എയർഫോണുകൾ എന്നിവ അഴിച്ചുമാറ്റാത്തപക്ഷം നടപടി സ്വീകരിക്കും.

സുരക്ഷാ മിത്ര സംവിധാനം വഴി നിലവിലെ വാഹനങ്ങളുടെ സ്പീഡ് നിരീക്ഷിക്കുകയും തുടർച്ചയായി വേഗപരിധി ലംഘിക്കുന്ന വാഹനങ്ങൾക്കെതിരെ നിയമപരമായ നടപടി സ്വീകരിക്കും. പൊതുജനങ്ങൾക്ക് തങ്ങൾ യാത്ര ചെയ്യുന്ന ബസ് അമിത വേഗതയിൽ പോകുന്നതായി പരാതിയുണ്ടെങ്കിൽ ഗൂഗിൾ മാപ്പ് പോലെയുള്ള മൊബൈൽ ആപ്പ് വഴി വാഹനത്തിന്റെ സ്പീഡ് കണ്ടെത്തി സ്ക്രീൻഷോട്ട് രജിസ്ട്രേഷൻ നമ്പർ സഹിതം കൺട്രോൾ റൂം നമ്പർ ആയ 9188961011 ൽ വാട്സ്ആപ്പ് മുഖേന അറിയിച്ചാൽ പരിശോധിച്ച് ശക്തമായ നടപടി സ്വീകരിക്കും. കോഴിക്കോട് എൻഫോഴ്മെന്റ് വിഭാഗം ആർ.ടി.ഒ ബി ഷഫീഖ്, എം.വി.ഐ പ്രജീഷ് എം.കെ യോടൊപ്പം എലത്തൂരിൽ അപകടം നടന്ന സ്ഥലത്ത് പരിശോധന നടത്തി.

## എസ്.വൈ.എസ് ജില്ലാ യുണൈറ്റ് കോൺഫ്രൻസ് നാളെ

കോഴിക്കോട്: സുന്നി യുവജന സംഘം ജില്ലാ യുണൈറ്റ് കോൺഫ്രൻസ് നാളെ രാവിലെ 9 മണിക്ക് അത്തോളി - അണ്ടിക്കോട് വെഡ് ലോട്ട് ഓഡിറ്റോറിയത്തിൽ നടക്കും. രാവിലെ 9 മണിക്ക് സ്വാഗതസംഘം ചെയർമാൻ ഹനീഫ് ഹാജി പതാക ഉയർത്തും. പാണക്കാട് സയ്യിദ് അബ്ബാസലി ശിഹാബ് തങ്ങൾ ഉൽഘാടന കർമ്മം നിർവഹിക്കും. ജില്ലാ പ്രസിഡൻറ് സയ്യിദ് ടി.പി.സി.തങ്ങൾ അധ്യക്ഷത വഹിക്കും. ഉദ്ഘാടന സെഷനിൽ സി.എച്ച് മഹ്മൂദ് സഅദി, കെ.മോയിൻകുട്ടി മാസ്റ്റർ, നാസർ മൗലവി വയനാട് പ്രസംഗിക്കും.

## വനിത പോളി; ഒന്നാം സ്പോട്ട് അഡ്മിഷൻ കൗൺസിലിംഗ് എട്ടിന്

കോഴിക്കോട്: കോഴിക്കോട് ഗവ. വനിത പോളിടെക്നിക് കോളജിലെ ലാറ്ററൽ എൻട്രി രണ്ടാം വർഷത്തിലേക്കുള്ള ഒന്നാം സ്പോട്ട് അഡ്മിഷന്റെ കൗൺസിലിംഗ് എട്ടിന് രാവിലെ ഒൻപത് മുതൽ കോളേജിൽ നടത്തും. ജില്ലാ റാങ്ക് ലിസ്റ്റിൽ ഉള്ളതും പുതുതായി അപേക്ഷിച്ചതുമായ എല്ലാ പെൺകുട്ടികൾക്കും പങ്കെടുക്കാം. എട്ടിന് രാവിലെ ഒൻപതിനും 10.30 നും ഇടയ്ക്ക് നേരിട്ടു രജിസ്റ്റർ ചെയ്യണം. പുതിയ അപേക്ഷകരിൽ നിന്നും നിലവിൽ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവരിൽ നിന്നും രജിസ്റ്റർ ചെയ്തവരെ ഉൾപ്പെടുത്തി അന്നേ ദിവസം 11 മണിക്ക് പ്രസിദ്ധീകരിക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്ന് അഡ്മിഷൻ നടത്തും. പ്രവേശനത്തിനായി വരുന്നവർ എസ്എസ്എൽസി, പ്ലസ്ടു/വിഎച്ച്എസ്ഇ, ജാതി, വരുമാനം/നോൺ ക്രിമിലെയർ, വിടുതൽ, സ്വഭാവ സർട്ടിഫിക്കറ്റ് അടക്കമുള്ള എല്ലാ രേഖകളും, മതിയായ ഫീസും കരുതണം. ഫോൺ: 0495-2370714.



കാൻഫെഡ് കേരള സ്റ്റേറ്റ് കമ്മിറ്റിയുടെ പി.ടി ഭാസ്കര പണിക്കർ പുരസ്കാരം കെ.പി.യു അലിക്ക്, പന്ന്യൻ രവീന്ദ്രൻ സമർപ്പിക്കുന്നു

## കെ.പി.യു അലിക്ക് പി.ടി ഭാസ്കരപണിക്കർ പുരസ്കാരം സമ്മാനിച്ചു

തിരുവനന്തപുരം: കേരള അനൗപചാരിക വിദ്യാഭ്യാസ വികസന സമിതി (കാൻഫെഡ്) സംസ്ഥാന കമ്മിറ്റിയുടെ 'പി.ടി ഭാസ്കരപ്പണിക്കർ പുരസ്കാരം 24' തിരുവനന്തപുരത്തു വച്ചുനടന്ന കാൻഫെഡ് സംസ്ഥാനസമ്മേളനത്തിൽ കെ.പി.യു അലിക്കു പന്ന്യൻ രവീന്ദ്രൻ സമർപ്പിച്ചു. യുഡിഎഫ് കൺവീനർ എം.എം ഹസ്സൻ യോഗം ഉദ്ഘാടനം ചെയ്തു. കാൻഫെഡ് സ്റ്റേറ്റ് ചെയർമാൻ ബി.എസ് ബാലചന്ദ്രൻ അധ്യക്ഷത വഹിച്ചു.

ചെറിയാൻ ഫിലിപ്പ്, ഡോ:എം.ആർ തമ്പാൻ, ഡോ:ആർ അനികുമാർ, ഡോ:പി കൃഷ്ണകുമാർ തുടങ്ങിയവർ പ്രസംഗിച്ചു. കാൻഫെഡ് ഡയറക്ടർ എൻകെ ജയ സ്വാഗതവും മഞ്ജു ശ്രീകണ്ഠൻ നന്ദിയും പറഞ്ഞു. കേരളം സ്റ്റേറ്റ് സാക്ഷരതാ മിഷൻ അസി.ചെയർമാൻ, കേരള സ്റ്റേറ്റ് റിസോർസ് സെന്റർ വൈസ് ചെയർമാൻ, കൊടിയത്തൂർ ഗ്രാമ പഞ്ചായത്തു പ്രസിഡന്റ് തുടങ്ങിയ നിലകളിൽ സാക്ഷരതാ തുടർ വിദ്യാഭ്യാസ പ്രവർത്തങ്ങളിൽ മുൻകാലത്തു ചെയ്ത സേവനങ്ങൾ മുൻനിർത്തിയാണ് പുരസ്കാരം.

## സൗദി ഈസ്റ്റേൺ പ്രൊവിൻസ് കെഎംസിസി
## സി.എച്ച് എക്സലൻസി സ്കോളർഷിപ്പിന് അപേക്ഷിക്കാം

ദമാം: ന്യൂനപക്ഷ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് സർക്കാർ അംഗീകൃത സ്ഥാപനങ്ങളിൽ ബിരുദം, ബിരുദാനന്തര ബിരുദം, പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന ന്യൂനപക്ഷ മതവിഭാഗങ്ങളിലെ അർഹരായ വിദ്യാർഥികൾക്ക് ഈ അധ്യയന വർഷത്തേക്ക് സി.എച്ച്. എക്സലൻസി സ്കോളർഷിപ്പ് നല്കുന്നതിലേക്കായി സൗദി ഈസ്റ്റേൺ പ്രൊവിൻസ് കെഎംസിസി കോഴിക്കോട് ജില്ലാ കമ്മിറ്റി അപേക്ഷ ക്ഷണിച്ചു. കോഴിക്കോട് ജില്ലയിലെ സ്ഥിര താമസക്കാരായ, ന്യൂനപക്ഷ മതവിഭാഗങ്ങളിലെ വിദ്യാർഥികൾക്കാണ് സ്കോളർഷിപ്പിന് അർഹത. പരമാവധി 10,000 രൂപയാണ് സ്കോളർഷിപ്പ്. അപേക്ഷകർക്ക് ഏതെങ്കിലും ദേശസാത്കൃത ബാങ്കിൽ സ്വന്തം പേരിൽ അക്കൗണ്ട് ഉണ്ടായിരിക്കണം. സെപ്റ്റംബർ 30 വരെ അപേക്ഷിക്കാം. ഫോൺ: 9947304454.

## ആലംബഹീനർക്ക് അത്താണിയായ മൊയ്തു ഹാജി ഓർമയായി



വാണിമേൽ: ആലംബഹീനരും അശരണരുമായ നിരവധി പേരുടെ കണ്ണീരൊപ്പിയ നരിപ്പറ്റയിലെ കവൂർ മൊയ്തു ഹാജി ഇനി ഓർമ. വാണിമേൽ മലയോരത്തെ തന്റെ പറമ്പിൽ വിപുലമായ കൃഷി നടത്തുകയും അതിൽ നിന്ന് ലഭിക്കുന്ന വരുമാനം നാടിന്റെ പുരോഗതിക്ക് ഉപയോഗിക്കുകയും ചെയ്ത മഹാനായിരുന്നു മൊയ്തു ഹാജി. വാണിമേൽ പാലം യാഥാർത്ഥ്യമാക്കുന്നതിലും ക്രസന്റ് ഹൈസ്കൂൾ സ്ഥാപിക്കുന്നതിലുമെല്ലാം നിസ്തുല പങ്ക് വഹിച്ച അദ്ദേഹം നാടിന്റെ നവോത്ഥാന പ്രക്രിയായിൽ പ്രധാന പങ്കാളിയായി. ആരും അറിയാതെ പാവങ്ങളെ സഹായിക്കാൻ സന്മനസ്സ് കാണിച്ച ഹാജി നാട്ടിലെ മത സാമൂഹ്യ രംഗങ്ങളിൽ നിറഞ്ഞുനിന്നു.

സ്ഥാനമാനങ്ങൾ തന്നെ തേടി എത്തിയിട്ടും അതെല്ലാം അവഗണിച്ചു നിസ്വാർത്ഥ സേവനം ചെയ്തു. ചെസ് കളിയിലും വോളിബോളിലും ഏറെ താൽപ്പര്യം കാണിച്ചു. ചെസ് കളിയിൽ അദ്ദേഹത്തിന്റെ കഴിവ് പ്രശസ്തമാണ്. ചെസ് ബോർഡ് നോക്കാതെയുള്ള അദ്ദേഹത്തിന്റെ കളി ഒരുകാലത്ത് എല്ലാവരെയും കൗതുകത്തിലാക്കിയിരുന്നു. 1965 കാലത്ത് വാണിമേലിൽ ആദ്യമായി വോളിബോൾ കളി കൊണ്ടുവന്നതും കളിക്കളം തയ്യാറാക്കിയതും കവൂരി എന്ന് വിളിക്കുന്ന ഹാജി ആയിരുന്നു. ആ കാലത്ത് കളിയിൽ തന്റെ എതിരാളിയായ കണ്ണോത്ത് മൊയ്തുഹാജി തൗഫീഖ് എന്ന ടീമുണ്ടാക്കിയപ്പോൾ പകരം കവൂരി ഇറക്കിയ ടീമിന്റെ പേര് കാഷിയസ് ക്ലെ എന്നായിരുന്നു. അന്ന് ടീമിന് ബോക്സിങ്ങ് ഇതിഹാസം മുഹമ്മദലി ക്ലേയുടെ പിതാവിന്റെ പേര് ഇടണമെങ്കിൽ അദ്ദേഹത്തിന്റെ കായിക താല്പര്യവും, വീക്ഷണവും ആലോചിക്കാവുന്നതേയുള്ളൂ. മൊയ്തു ഹാജിയുടെ വേർപാട് നാടിനെ ദുഃഖത്തിലാഴ്ത്തി

## 'മമ്പുറം തങ്ങളുടെ ലോകം' ചരിത്ര സെമിനാർ 13ന്

തിരൂരങ്ങാടി: മമ്പുറം സയ്യിദ് അലവി തങ്ങളുടെ 186–ാം ആണ്ടുനേർച്ചയോടനുബന്ധിച്ച് നടത്തപ്പെടുന്ന 'മമ്പുറം തങ്ങളുടെ ലോകം' ചരിത്ര സെമിനാർ 13ന് രാവിലെ മമ്പുറം മഖാം പരിസരത്ത് നടക്കും. ഡോ. അബ്ദുസ്സമദ് സമദാനി എം.പി ഉദ്ഘാടനം നിർവഹിക്കും. ദാറുൽഹുദാ ഇസ്‌ലാമിക് യൂനിവേഴ്സിറ്റി വൈസ് ചാൻസലർ ഡോ. ബഹാഉദ്ദീൻ മുഹമ്മദ് നദ്‌വി അധ്യക്ഷനാകും. "മലബാറിലെ തങ്ങൾ പാരമ്പര്യവും സാമൂഹ്യ നീതിക്കായുള്ള മുന്നേറ്റങ്ങളും" എന്ന വിഷയത്തിൽ കാലിക്കറ്റ് യൂണിവേഴ്സിറ്റി ചരിത്ര വിഭാഗം പ്രഫസർ ഡോ. കെ.എസ് മാധവൻ മുഖ്യപ്രഭാഷണം നടത്തും. "മമ്പുറം തങ്ങളും മലബാറിലെ സമൂഹ നിർമിതിയും" എന്ന വിഷയത്തിൽ ഡോ. മോയിൻ ഹുദവി മലയമ്മ, "നാട്ടുകഥകളും തിരുശേഷിപ്പുകളും: മമ്പുറം തങ്ങളുടെ പിൽക്കാല ജീവിതം" എന്ന വിഷയത്തിൽ അനീസ് ഹുദവി കമ്പളക്കാട് എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിക്കും. സെമിനാറിൽ പങ്കെടുക്കാൻ 10 വരെ 7736382774 വാട്ട്സ് ആപ്പ് നമ്പറിൽ രജിസ്റ്റർ ചെയ്യാം.

## പോളിടെക്നിക് കോളജുകളിൽ ലാറ്ററൽ എൻട്രി സ്പോട്ട് അഡ്മിഷൻ ഇന്ന് മുതൽ

മലപ്പുറം: ജില്ലയിലെ വിവിധ പോളിടെക്നിക് കോളേജുകളിൽ 2024–25 വർഷത്തെ ലാറ്ററൽ എൻട്രി പ്രവേശന പ്രക്രിയയിൽ ഒഴിവുള്ള സീറ്റുകളിലേക്ക് സ്പോട്ട് അഡ്മിഷൻ നടത്തുന്നു. പെരിന്തൽമണ്ണ ഗവ. പോളിടെക്നിക് കോളജിൽ ഇന്ന് രാവിലെ ഒമ്പതിനും ചേളാരിയിൽ പ്രവർത്തിക്കുന്ന തിരൂരങ്ങാടി എ.കെ.എൻ.എം ഗവ. പോളിടെക്നിക് കോളജിൽ എട്ടിന് രാവിലെ ഒമ്പത് മണിക്കും മഞ്ചേരി ഗവ. പോളിടെക്നിക് കോളജിൽ എട്ടിന് രാവിലെ 11 മണിക്കും സ്പോട്ട് അഡ്മിഷൻ നടക്കും. ലാറ്ററൽ എൻട്രി (പ്ലസ്ടു/ വി.എച്ച്.എസ്.ഇ/ ഐ.ടി.ഐ) റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് പങ്കെടുക്കാം. അഡ്മിഷൻ വരുമ്പോൾ ഹാജരാക്കേണ്ട രേഖകൾ, ഫീസ് സംബന്ധിച്ച വിവരങ്ങൾ തുടങ്ങിയവ വെബ്സൈറ്റിൽ നിന്നും അതത് പോളിടെക്നിക് കോളജുകളിൽ നിന്നും ലഭിക്കും.





കളിയാവേശം/ മഴ പെയ്ത് ചെളിനിറഞ്ഞ ഗ്രൗണ്ടിൽ ഫുട്ബോൾ കളിക്കുന്ന കുട്ടികൾ. മലപ്പുറത്ത് നിന്നുള്ള കാഴ്ച
സഊദ് അൻവർ

# സംവരണം അട്ടിമറിച്ച് കാലിക്കറ്റിൽ വീണ്ടും അധ്യാപകനിയമനത്തിനു നീക്കം

### 79 പേർക്ക് സ്ഥിര നിയമനം നൽകാനുള്ള നീക്കത്തിനെതിരെ ചാൻസലർക്ക് പരാതി

തേഞ്ഞിപ്പലം: ഇടതുപക്ഷത്തിന്റെ മുഴുവൻ അജണ്ടകളും നാലുവർഷത്തിനിടയിൽ പൂർത്തീകരിച്ചു കൊടുത്ത കാലിക്കറ്റ് വി.സി ഈ മാസം 13ന് പടിയിറങ്ങുന്നതിനു മുമ്പായി സഖാക്കളുടെ അന്തിമാഭിലാഷവും ഏറ്റെടുത്ത് വിജ്ഞാപനമിറക്കിയിരിക്കുകയാണ്. സംവരണം അട്ടിമറിച്ചായിരുന്നു കഴിഞ്ഞ അധ്യാപക നിയമനങ്ങൾ നടത്തിയതെന്ന് സുപ്രീം കോടതിക്കു പോലും ബോധ്യപ്പെട്ടിരുന്നു.
ഇതു തിരുത്താൻ നിർദേശങ്ങൾ വന്നിട്ടുപോലും വൈസ് ചാൻസലറുടെ നേതൃത്വത്തിലാണ് കോടതിയെ പോലും ധിക്കരിച്ച് 79 സ്ഥിരം അധ്യാപകരെ നിയമിക്കാൻ വിജ്ഞാപനം. സംവരണ നിയമങ്ങൾ ലംഘിച്ചു കൊണ്ടുള്ള നിയമന വിജ്ഞാപനം റദ്ദാക്കണമെന്ന് ആവശ്യപ്പെട്ട് ഡോ റഷീദ് അഹമ്മദ് ചാൻസലർക്ക് പരാതി നൽകിയിട്ടുണ്ട്.
സംവരണ റൊട്ടേഷൻ തിരുത്തി അർഹരായ ഉദ്യോഗാർത്ഥികൾക്ക് നിയമനം കൊടുക്കണമെന്ന് സുപ്രീംകോടതി വിധി നിലവിലിരിക്കെയാണ് സർവകലാശാല വീണ്ടും സ്ഥിര അധ്യാപക നിയമനത്തിന് വിജ്ഞാപനം പുറത്തിറക്കിയിരിക്കുന്നത്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ടെന്ന് പത്രക്കുറിപ്പിൽ പറയുന്നുണ്ടെങ്കിലും വെബ്സൈറ്റിൽ ഇതുവരെ വിവരങ്ങൾ വന്നിട്ടില്ല.
2019ൽ കാലിക്കറ്റ് യൂണിവേഴ്സിറ്റി 116 അധ്യാപകരെ നിയമിക്കുന്നതിന് പുറപ്പെടുവിച്ച വിജ്ഞാപനം സംവരണ നിയമങ്ങൾ ലംഘിച്ചു എന്നും നിയമനത്തിന് ഉപയോഗിച്ച സംവരണ റൊട്ടേഷൻ ചാർട്ട് തെറ്റാണെന്നും ഹൈക്കോടതി ഡിവിഷൻ ബെഞ്ച് വിധിച്ചിരുന്നു. സംവരണ റൊട്ടേഷൻ ചാർട്ട് വീണ്ടും തയ്യാറാക്കി അർഹരായ ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകണമെന്ന് ഹൈക്കോടതി നിർദേശിക്കുകയും ചെയ്തിരുന്നു. ഈ വിധിയെ സുപ്രീംകോടതിയിൽ സർവകലാശാല ചോദ്യം ചെയ്തെങ്കിലും ഹൈക്കോടതി ഡിവിഷൻ ബെഞ്ചിന്റെ വിധിയെ സുപ്രീംകോടതിയും അംഗീകരിച്ചു.
പക്ഷേ നിയമം അനുശാസിക്കുന്ന തരത്തിൽ സംവരണ റൊട്ടേഷൻ ചാർട്ട് മാറ്റം വരുത്തി പുറത്തിറക്കാനോ അർഹരായ ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകാനോ സർവകലാശാല ഇതുവരെ തയ്യാറായിട്ടില്ല. മൂന്നുപേർക്ക് മാത്രമാണ് സുപ്രീം കോടതി വിധിയുടെ പശ്ചാത്തലത്തിൽ നിയമനം ലഭിച്ചത്. എസ്.സി വിഭാഗത്തിലെ അർഹരായ മൂന്നു ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകാൻ കേരള പട്ടികജാതി പട്ടികവർഗ കമ്മീഷൻ ഉത്തരവിട്ടുവെങ്കിലും യൂണിവേഴ്സിറ്റി നിയമനം നൽകാൻ തയ്യാറായിട്ടില്ല.
അതിനിടയിലാണ് നിലവിലുള്ള ഒഴിവുകളിലേക്കും എൻ. സി .എ ഒഴിവുകളിലേക്കും സർവകലാശാല അപേക്ഷ ക്ഷണിച്ചിരിക്കുന്നത്. സംവരണ റൊട്ടേഷൻ ചാർട്ട് തെറ്റാണെന്ന് കോടതി കണ്ടെത്തിയ സ്ഥിതിക്ക് എൻ.സി.എ ഒഴിവുകളിലും മാറ്റംവരും. ഇതോടെ പുതിയ വിജ്ഞാപനമനുസരിച്ചുള്ള നിയമനങ്ങളും നിയമ കുരുക്കിലാവും. നിലവിലുള്ള സിൻഡിക്കേറ്റിൽ ചർച്ച ചെയ്യാതെയാണ് വൈസ് ചാൻസലർ വിജ്ഞാപനം പുറത്തിറക്കിയിട്ടുള്ളത്. സിൻഡിക്കേറ്റ് യോഗം വിളിക്കാതിരിക്കുന്നത് ഇത്തരം നിയമവിരുദ്ധ നിയമനങ്ങൾക്ക് എതിർപ്പില്ലാതിരിക്കാനാണ്.

## സബ് രജിസ്ട്രാർ ഓഫീസിൽ വിജിലൻസ് റെയ്ഡ്;
# കൈക്കൂലിയുമായി കൊണ്ടോട്ടി സബ് രജിസ്ട്രാറും ഏജന്റും പിടിയിലായി

കൊണ്ടോട്ടി: കൈകൂലി ഇടപാടുമായി ബന്ധപ്പെട്ട് കൊണ്ടോട്ടി സബ് രജിസ്ട്രാർ ഓഫീസിൽ വിജിലൻസ് റെയ്ഡ്. ആധാരം രജിസ്റ്റർ ചെയ്തതിന് അമിത കൈകൂലി വാങ്ങിയത് കണ്ടെത്തിയതിനെ തുടർന്ന് സബ് രജിസ്ട്രാർ കൊല്ലം, ഈസ്റ്റ് കല്ലട, ചൈത്രം വീട്ടിൽ സനിൽ ജോസഫ് (50)നെ അറസ്റ്റ് ചെയ്തു. പുളിക്കൽ, വലിയപറമ്പ്, കുടുക്കിൽ കെ.ഇ ശിഹാബുദ്ദീൻ നൽകിയ പരാതിയെ തുടർന്നാണ് ഇന്നലെ ജില്ലാ വിജിലൻസ് മേധാവി ഫിറോസ് എം. ശഫീഖിന്റെ നേതൃത്വത്തിൽ റെയ്ഡ് നടന്നത്. പരിശോധനയിൽ ഇയാളിൽ നിന്ന് 40000 രൂപ കൈകൂലി പണം കണ്ടെടുത്തു. പണം നൽകാൻ പ്രേരിപ്പിച്ച ആധാരമെഴുത്തുകാരൻ കൊട്ടപ്പുറം, കൊടികുത്തിപറമ്പ്, സി.കെ അബ്ദുൽ ലത്തീഫ്(48) സഹായി തേഞ്ഞിപ്പലം, മുണ്ടവളപ്പിൽ ടി ബഷീർ(54) എന്നിവർക്കെതിരെയും കേസെടുത്തു. ബഷീറിന്റെ പക്കലിൽ നിന്നും 20000 രൂപയും കണ്ടെടുത്തിട്ടുണ്ട്.

ഇന്നലെ ഉച്ചയോടെയാണ് വിജിലൻസ് സംഘം എത്തിയത്. സ്ഥലം ഭാഗപത്രം ചെയ്യുന്നതിലേക്കായി കഴിഞ്ഞ മാസം ശിഹാബുദ്ദീൻ സബ് രജിസ്ട്രാറെ കണ്ടിരുന്നു. എന്നാൽ വസ്തു വിലയുടെ 10 ശതമാനം തുകയായ 1,02,600 രൂപയുടെ സ്റ്റാമ്പ് വാങ്ങണമെന്ന് അറിയിച്ചു. ഭാഗപത്രമല്ലേ.. സ്റ്റാമ്പ് ഡ്യൂട്ടി കുറക്കാൻ സാധിക്കില്ലേയെന്ന് പരാതിക്കാരൻ ചോദിച്ചപ്പോൾ ആധാരമെഴുത്തുകാരനായ അബ്ദുൾ ലത്തീഫിനെ ചെന്ന് കണ്ടാൽ അയാൾ വഴി പറഞ്ഞുതരുമെന്നാണ് അറിയിച്ചത്. ഇതിന്റെ അടിസ്ഥാനത്തിൽ പരാതിക്കാരൻ അബ്ദുൽ ലത്തീഫിനെ കാണുകയും സ്റ്റാമ്പ് ഡ്യൂട്ടി ഒരു ശതമനമായി കുറച്ചു തരാമെന്നും അതിലേക്ക് 60,000 രൂപ കൈക്കൂലി തരണമെന്നും ആവശ്യപ്പെട്ടു. തുടർന്ന് തൊട്ടടുത്ത ദിവസം സ്റ്റാമ്പ് വാങ്ങുന്നതിനും ഫീസിനത്തിലുമായി 30,000 രൂപയുമായി വരാനാവശ്യപ്പെടുകയും അതിൻ പ്രകാരം പരാതിക്കാരൻ ഈ തുക തൊട്ടടുത്ത ദിവസം ആധാരമെഴുത്തുകാരനെ ഏൽപ്പിക്കുകയും ചെയ്തു.
കൈക്കൂലി തുകയിൽ 40,000രൂപ സബ് രജിസ്ട്രാർക്കും 20,000 രൂപ ഏജന്റിനുമുള്ള താണെന്ന് അബ്ദുൽ ലത്തീഫ് അറിയിക്കുകയും ഇന്നലെ ആധാരം പതിക്കുമെന്നും, തന്റെ ഓഫീസിലെ സ്റ്റാഫായ ബഷീറിനെ എല്ലാത്തിനും ഏർപ്പാടാക്കിയിട്ടുണ്ടെന്നും അറിയിച്ചു. ഇതുപ്രകാരം ഇന്നലെ ഉച്ച കഴിഞ്ഞ് കൈക്കൂലി തുകയായ 60,000രൂപയുമായി കൊണ്ടോട്ടി സബ് രജിസ്ട്രാർ ഓഫീസിൽ എത്താൻ ആവശ്യപ്പെട്ടു. തുടർന്ന് പരാതിക്കാരൻ ഈ വിവരം വിജിലൻസ് വടക്കൻ മേഖല പൊലീസ് സൂപ്രണ്ട് പ്രജീഷ് തോട്ടത്തിലിനെ അറിയിച്ചു. അദ്ദേഹത്തിന്റെ നിർദേശപ്രകാരം മലപ്പുറം വിജിലൻസ് യൂണിറ്റ് മേധാവി ഫിറോസ് എം ഷഫീഖിന്റെ നേതൃത്വത്തിലുള്ള വിജിലൻസ് സംഘം കെണിയൊരുക്കി. ഫിനോഫ്ത്തിലിൻ പുരട്ടി വിജിലൻസ് നൽകിയ 60000 രൂപയുമായി പരാതിക്കാരൻ രജിസ്ട്രാർ ഓഫീസിൽ എത്തി.



പിടിയിലായ സനിൽ ജോസഫ്, ബഷീർ എന്നിവർ

വൈകുന്നേരം 4 മണിയോടെ കൊണ്ടോട്ടി സബ് രജിസ്ട്രാർ ഓഫീസിൽ വച്ച് ആധാരമെഴുത്ത് ഓഫീസിലെ ജീവനക്കാരനായ ബഷീർ പരാതിക്കാരനിൽ നിന്നും 60,000 രൂപ വാങ്ങി അതിൽ നിന്നും 40,000രൂപ സബ് രജിസ്ട്രാറായ സനിൽ ജോസിന് കൈമാറിയ സമയം രണ്ട് പേരെയും വിജിലൻസ് അറസ്റ്റ് ചെയ്യുകയായിരുന്നു. അറസ്റ്റ് ചെയ്ത പ്രതിയെ കോഴിക്കോട് വിജിലൻസ് കോടതിയിൽ ഹാജരാക്കും. രജിസ്റ്റർ ഓഫീസിലെ കൈകൂലി ഇടപാടുകളെ പറ്റി നേരത്തെ തന്നെ വ്യാപക പരാതി ഉയർന്നതാണ്. വലിയപറമ്പിൽ മിച്ചഭൂമി സ്വകാര്യ വ്യക്തിക്ക് രജിസ്റ്റർ ചെയ്തു നൽകി എന്ന ആക്ഷേപം നിലനിൽക്കുന്നുണ്ട്.
വിജിലൻസ് സംഘത്തിൽ ഡി.വൈ.എസ്.പിയെ കൂടാതെ ഇൻസ്പെക്ടർമാരായ ഗിരീഷ് കുമാർ, ജ്യോതീന്ദ്രകുമാർ, പൊലീസ് സബ്ഇൻസ്പെക്ടർമാരായ ശ്രീനിവാസൻ, മോഹന കൃഷ്ണൻ, മധുസൂദനൻ, സജി, ടി.ടി ഹനീഫ, അസി.സബ് ഇൻസ്പെക്ടർ രത്നകുമാരി, സീനിയർ സിവിൽ പൊലീസ് ഓഫീസർമാരായ വിജയകുമാർ, ഷൈജു, സന്തോഷ്,രാജീവ്, ഷറഫുദ്ദീൻ, ധനേഷ്, സിവിൽ പൊലീസ് ഓഫീസർമാരായ സുബിൻ, സനൽ, ശ്യാമ, ശിഹാബ്,സുനിൽ, അഭിജിത്ത് എന്നിവരും പരിശോധന സംഘത്തിൽ ഉണ്ടായിരുന്നു. അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ 8592900900 എന്ന നമ്പരിലോ 9447789100 എന്ന വാട്സ് ആപ് നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറക്ടർ അഭ്യർത്ഥിച്ചു.

## ഇ.ടി മുഹമ്മദ് ബഷീർ എം.പിയുടെ ഓഫീസ് ഉദ്ഘാടനം ഇന്ന്

മലപ്പുറം: മലപ്പുറം ലോക്സഭ മണ്ഡലം എം.പി ഇ.ടി മുഹമ്മദ് ബഷീറിന്റെ എംപി ഓഫീസ് ഉദ്ഘാടനം ഇന്ന് രാവിലെ 10 മണിക്ക് പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ നിർവഹിക്കും. മലപ്പുറം- കോഴിക്കോട് റോഡിൽ എം.ബി.എച്ച് ഹോസ്പിറ്റലിന് സമീപം മുമ്പ് എം.പി അബ്ദുസമദ് സമദാനി എം.പിയുടെ ഓഫീസ് പ്രവർത്തിച്ചിരുന്ന അതേ കെട്ടിടത്തിലാണ് ഓഫീസ് പ്രവർത്തിക്കുക. മുസ്‌ലിംലീഗിന്റെ പ്രമുഖ നേതാക്കൾ പങ്കെടുക്കും.

## ലോട്ടറി കടക്ക് തീപിടിച്ചു

എടവണ്ണ : എടവണ്ണ അങ്ങാടിയിലെ സർവീസ് സഹകരണ ബാങ്കിന് സമീപമുള്ള ലോട്ടറി കടക്ക് തീപിടിച്ചു. ബുധനാഴ്ച രാത്രി 11.45 ഓടെയാണ് സംഭവം. സമീപത്തെ സൂപ്പർമാർക്കറ്റ് ജീവനക്കാരൻ കട അടച്ചു പുറത്തിറങ്ങുമ്പോഴാണ് ലോട്ടറി കടയിൽ നിന്നും പുക ഉയരുന്നതായി കണ്ടത്. ഉടനെ എടവണ്ണ എമർജൻസി റെസ്ക്യൂ ഫോഴ്സിനെ വിവരം അറിയിച്ചു. ഇ.ആർ.എഫ് നൽകിയ വിവരത്തെ തുടർന്ന് എത്തിയ തിരുവാലി ഫയർഫോഴ്സും നാട്ടുകാരും ഇ.ആർ.എഫും വ്യാപാരികളും ചേർന്നാണ് തീ അണച്ചത്. തുണിവ്യാപരങ്ങൾ അടക്കമുള്ള സ്ഥാപനങ്ങൾ സമീപത്തായി ഉണ്ടായിരുന്നു. പെട്ടന്ന് തന്നെ അണക്കാൻ കഴിഞ്ഞത് മൂലം വലിയ അപകടമാണ് ഇല്ലാതായത്. കടയിലുണ്ടായിരുന്ന ലോട്ടറി ടിക്കറ്റുകളും ഫോട്ടോസ്റ്റാറ്റ് മെഷീനുകളും ഉൾപ്പടെ ഇലക്ട്രിക്ക് ഉപകരണങ്ങളും പൂർണമായും കത്തി നശിച്ചു. ഏകദേശം അര ലക്ഷം രൂപയുടെ നഷ്ടമാണ് കണകാക്കുന്നത്. ഇലക്ട്രിക് മെഷിനിൽ ഉണ്ടായ ഷോർട്ട് സർക്യൂട്ടാണ് തീ പിടിത്തതിന് കാരണമെന്ന് സംഭവ സ്ഥലം പരിശോധിച്ച കെ.എസ്.ഇ.ബി അധികൃതർ പറഞ്ഞു.



എടവണ്ണയിൽ കത്തി നശിച്ച ലോട്ടറി കട

## മുസ്‌ലിം യൂത്ത് ലീഗ് സാമൂഹിക പഠന കേന്ദ്രം ഉദ്ഘാടനം ആഗസ്റ്റ് 3ന്

മലപ്പുറം: ജില്ലാ മുസ്‌ലിം യൂത്ത് ലീഗ് ആസ്ഥാനമായ ഭാഷാ സമര സ്മാരകത്തിൽ പ്രവർത്തിക്കുന്ന സീതി സാഹിബ് ലൈബ്രറി സെന്റർ ഫോർ ഡെവലപ്മെന്റൽ സ്റ്റഡീസ് ആന്റ് റിസേർച്ചിന് കീഴിൽ ആരംഭിക്കുന്ന സാമൂഹിക പഠന കേന്ദ്രത്തിന്റെ ഉദ്ഘാടനം ആഗസ്റ്റ് 3ന് നടക്കും. 9ന് ലോഗോ പ്രകാശനം ചെയ്യും. 28ന് അപേക്ഷകർക്കായി പ്രവേശന പരീക്ഷയും മുഖാമുഖവും നടത്തും. ഇതിൽ നിന്ന് 40 പേർക്കാണ് കോഴ്സിൽ അഡ്മിഷൻ നൽകുക.
രാഷ്ട്രീയവും രാഷ്ട്രീയേതരവുമായ വിഷയങ്ങളിൽ പഠനവും ഗവേഷണവും ലക്ഷ്യമിട്ടു കൊണ്ടുള്ള ഡിപ്ലോമ കോഴ്സാണ് പ്രഥമ ഘട്ടത്തിൽ ആരംഭിക്കുക. ഇതിനാവശ്യമായ എല്ലാ മുന്നൊരുക്കങ്ങളും പൂർത്തീകരിച്ചു.160 പേർ ഇതിനകം കോഴ്സിൽ ചേരുന്നതിന് അപേക്ഷ സമർപ്പിച്ചു. 8 വരെയാണ് അപേക്ഷ സമർപ്പിക്കുവാനുള്ള അവസാന തിയ്യതി. പ്രത്യേകം രൂപകൽപ്പന ചെയ്ത ആപ്ലിക്കേഷൻ മുഖാന്തിരമാണ് അപേക്ഷ സ്വീകരിച്ചത്.
ലോക രാഷ്ട്രങ്ങളിലും ഇന്ത്യയിലും നടക്കുന്ന ന്യൂനപക്ഷ രാഷ്ട്രീയ ചലനങ്ങളെ കുറിച്ചുള്ള പഠനം, രാജ്യത്തെ ന്യൂനപക്ഷ രാഷ്ട്രീയത്തിന്റെ ഭാവി, വർത്തമാനം, രാഷ്ട്രീയവുമായി ബന്ധപ്പെട്ട വ്യത്യസ്ത തലങ്ങളിൽ നിന്നു കൊണ്ടുള്ള നിരീക്ഷണങ്ങൾ, മുസ്‌ലിം ലീഗ് രാഷ്ട്രീയത്തെയും അതിന്റെ ഘടനയെയും കുറിച്ചുള്ള സമ്പൂർണ പഠനം, ഭരണഘടനാ പഠനം, വ്യക്തി എന്ന നിലയ്ക്ക് ആർജ്ജിച്ചിരിക്കേണ്ട രാഷ്ട്രീയവും സാമൂഹികവും സാംസ്കാരികവുമായ ബോധ്യങ്ങൾ, പുസ്തകങ്ങളെയും ഗവേഷണങ്ങളെയും സംബന്ധിച്ചുള്ള ചർച്ചകളും സംവാദങ്ങളും, അതത് സമയങ്ങളിലുണ്ടാകുന്ന രാഷ്ട്രീയവും അല്ലാത്തതുമായ വിഷയങ്ങളെ സംബന്ധിച്ചുള്ള അന്വേഷണവും പഠനവും, സംഘടനയെയും സംഘാടനത്തെയും സംബന്ധിച്ച് ആഴത്തിലുള്ള വിജ്ഞാനം, ആധുനിക കാലത്തെ കുറിച്ചുള്ള കൃത്യമായ നിരീക്ഷണം, വ്യക്തിത്വ വികാസം, ലീഡർഷിപ്പ് എന്നീ വിഷയങ്ങളിൽ പഠിതാക്കളെ പ്രാപ്തമാക്കുന്ന വിധമാണ് കോഴ്സ് രൂപകൽപന ചെയ്തിരിക്കുന്നത്.
മൈനോറിറ്റി പൊലിറ്റിക്സ് ഇൻ കോൻസിറ്റിറ്റ്യൂഷനൽ ഡെമോക്രസീസ് ഡിപ്ലോമ പ്രോഗ്രാം എന്നാണ് കോഴ്സിന്റെ പേര്. ഭാഷാ സമര സ്മാരകത്തിൽ പ്രവർത്തിക്കുന്ന സീതി സാഹിബ് ലൈബ്രറി ഡിപ്ലോമ പ്രോഗ്രാമിന് വേണ്ടി കൂടുതൽ സൗകര്യങ്ങളോടെ സജ്ജീകരിക്കും. മാസത്തിൽ രണ്ട് ദിവസത്തെ ഓഫ് ലൈൻ ക്ലാസും രണ്ട് ദിവസത്തെ ഓൺലൈൻ ക്ലാസും കോഴ്സിന്റെ ഭാഗമായി നടക്കും. ഓഫ് ലൈൻ ക്ലാസിന് നാല് മണിക്കൂറും ഓൺലൈൻ ക്ലാസിന് ഒന്നര മണിക്കൂറുമാണ് സമയ ദൈർഘ്യം. ഒമ്പത് കോഴ്സുകളും ഇരുപത്തിയൊന്ന് മൊഡ്യൂളുകളുമാണ് കോഴ്സിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.
ഓഫ് ലൈൻ ക്ലാസിനായി പ്രത്യേകം സ്മാർട്ട് ക്ലാസ് മുറി സജ്ജീകരിക്കും. ഗ്രന്ഥകാരനും പ്രഭാഷകനുമായ ഷെരീഫ് സാഗറാണ് ഡയറക്ടർ. കാലിക്കറ്റ് സർവകലാശാല സിന്റിക്കേറ്റ് മെമ്പർ ഡോ. റഷീദ് അഹമ്മദ്, നൈജീരിയ നൈൽ യൂണിവേഴ്സിറ്റി അസിസ്റ്റന്റ് പ്രൊഫസർ ഡോ. സലീൽ ചെമ്പയിൽ, മണ്ണാർക്കാട് എം.ഇ.എസ് കല്ലടി കോളജ് അസിസ്റ്റന്റ് പ്രൊഫസർ ഡോ. ടി സൈനുൽ ആബിദ്, ഡൽഹി ജാമിഅ മില്ലിയ ഇസ്‌ലാമിക് യൂണിവേഴ്സിറ്റി റിസർച്ച് സ്കോളർ നൗഷാദ് തൂമ്പത്ത് എന്നിവരടങ്ങിയ സമിതിയുടെ മേൽനോട്ടത്തിലായിരിക്കും പദ്ധതിയുടെ പ്രവർത്തനം.
കോഴ്സിനെയും അനുബന്ധ പ്രവർത്തനങ്ങളെയും പരമാവധി ഉപയോഗപ്പെടുത്താൻ എല്ലാവരും ശ്രമിക്കണമെന്ന് മുസ്‌ലിം യൂത്ത് ലീഗ് മലപ്പുറം ജില്ലാ പ്രസിഡന്റ് ശരീഫ് കുറ്റൂരും ജനറൽ സെക്രട്ടറി മുസ്തഫാ അബ്ദുൽ ലത്തീഫും അഭ്യർത്ഥിച്ചു. സാമൂഹിക പഠന കേന്ദ്രത്തിനു കീഴിൽ വൈകാതെ മറ്റു കോഴ്സുകളും ആരംഭിക്കുമെന്നും ഇരുവരും പറഞ്ഞു.

# ഷൊർണൂർ എക്സ്പ്രസിന് തിരുന്നാവായയിലും പള്ളിപ്പുറത്തും സ്റ്റോപ്പ് അനുവദിക്കണം: സമദാനി എം.പി

മലപ്പുറം: പുതുതായി അനുവദിച്ച ഷൊർണൂർ-കണ്ണൂർ അൺ റിസർവ്ഡ് എക്സ്പ്രസ് ട്രെയിനിന് (06031, 06032) മലപ്പുറം ജില്ലയിലെ തിരുന്നാവായയിലും പാലക്കാട് ജില്ലയിലെ പള്ളിപ്പുറത്തും സ്റ്റോപ്പ് അനുവദിക്കാൻ അടിയന്തര നടപടി സ്വീകരിക്കണമെന്ന് ഡോ. എം.പി അബ്ദുസ്സമദ് സമദാനി എം.പി സതേൺ റെയിൽവേ ജനറൽ മാനേജർ ആർ.എൻ സിങ്, പാലക്കാട് ഡി.ആർ.എം അരുൺകുമാർ ചതുർവേദി എന്നിവരോട് ആവശ്യപ്പെട്ടു. ഈ ട്രെയിനുകൾക്ക് ഇവിടങ്ങളിൽ സ്റ്റോപ്പ് അനുവദിക്കുന്നതിലൂടെ വലിയൊരു മേഖലയിലെ യാത്രക്കാരുടെ യാത്രാപരമായ അസൗകര്യങ്ങൾക്ക് പരിഹാരം കാണാനാകുമെന്ന് ഇരുവർക്കുമയച്ച ഇ.മെയിൽ സന്ദേശത്തിൽ സമദാനി പറഞ്ഞു.
തൊഴിലാളികളും വ്യാപാരികളും വിദ്യാർഥികളുമടങ്ങുന്ന ധാരാളം യാത്രക്കാർ ആശ്രയിക്കുന്ന ഒട്ടേറെ പ്രാധാന്യമുള്ള സ്റ്റേഷനാണ് പള്ളിപ്പുറം. പൊന്നാനി ലോക്സഭാ മണ്ഡലത്തിൽ പാലക്കാട് ജില്ലയിൽ നിന്നുള്ള ഏക സ്റ്റേഷൻ കൂടിയാണിത്.
തിരുന്നാവായ സ്റ്റേഷനിനാകട്ടെ സാമൂഹികവും വാണിജ്യപരവും സാംസ്കാരികവുമായ പ്രാധാന്യമുണ്ട്. പരേതാത്മാക്കൾക്ക് വേണ്ടി ബലിതർപ്പണം നടത്താൻ നാവാമുകുന്ദ ക്ഷേത്രം സ്ഥിതി ചെയ്യുന്ന ഭാരതപ്പുഴയുടെ ഈ തീരപ്രദേശത്തേക്ക് നാനാ ഭാഗങ്ങളിൽ നിന്നും തീർത്ഥാടകർ എത്തിച്ചേരാറുണ്ട്.
നിലവിൽ പട്ടാമ്പിക്കും തിരൂരിനുമിടയിൽ കുറ്റിപ്പുറത്ത് മാത്രമാണ് പുതിയ ട്രെയിനിന് സ്റ്റോപ്പുള്ളത്.
പള്ളിപ്പുറത്തും തിരുന്നാവായയിലും സ്റ്റോപ്പനുവദിക്കുന്നത് നേരത്തെ തന്നെ യാത്രാ ദുരിതമനുഭവിക്കുന്ന ഈ പ്രദേശങ്ങളിലെ ജനങ്ങൾക്ക് തുണയാകുമെന്നും സമദാനി പറഞ്ഞു. സ്റ്റോപ്പനുവദിക്കുന്നതുമായി ബന്ധപ്പെട്ട് പാലക്കാട് ഡി.ആർ.എമ്മുമായി സമദാനി ഫോണിൽ ബന്ധപ്പെട്ട് സംസാരിച്ചു. വിശദമായി വിഷയം ചർച്ച ചെയ്ത അദ്ദേഹം പുതിയ സ്റ്റോപ്പുകളനുവദിക്കുന്നതിന് ട്രെയിൻ അര മണിക്കൂറെങ്കിലും നേരത്തെ ഓടിത്തുടങ്ങണമെന്നും അതുമായി ബന്ധപ്പെട്ട കാര്യങ്ങൾ പരിശോധിക്കുമെന്നും അറിയിച്ചു. മറ്റു ട്രെയിനുകളുടെ സമയവുമായും റെയിൽ പാതയുമായും ബന്ധപ്പെട്ട സാങ്കേതികത്വങ്ങൾ പരിഗണിച്ച് സ്റ്റോപ്പനുവദിക്കുന്ന കാര്യം ഗൗരവപൂർവ്വം പരിഗണിക്കുമെന്നും അദ്ദേഹം എം.പിയെ അറിയിച്ചു.

# കുപ്രസിദ്ധ മോഷ്ടാവ് മണവാളൻ ഷാജഹാൻ പിടിയിൽ

തിരൂരങ്ങാടി: നൂറിലധികം മോഷണ കേസുകളിലെ പ്രതിയായ കുപ്രസിദ്ധ അന്തർ സംസ്ഥാന മോഷ്ടാവ് മണവാളൻ ഷാജഹാൻ പിടിയിൽ. കഴിഞ്ഞ ദിവസം കൊടിഞ്ഞി കുറൂലിൽ നിന്നും വീട് കുത്തിതുറന്ന് രണ്ടര പവൻ പാദസരം മോഷ്ടിച്ചു കടന്നു കളഞ്ഞതായിരുന്നു. ചൊവ്വാഴ്ച്ചയാണ് ഇയാളെ എസ്.പിയുടെ ഡാൻസഫ് സംഘം പിടികൂടുന്നത്.
ഈയിടെ കൊടിഞ്ഞി, കുണ്ടൂർ, ചെറുമുക്ക് ഭാഗങ്ങളിൽ മുഖം മറച്ചും ഷർട്ട് ധരിക്കാതെയും കയ്യിൽ ആയുധവുമായി രാത്രികാലങ്ങളിൽ ഒരാൾ നടക്കുന്നതിന്റെ സി.സി.ടി.വി ദൃശ്യങ്ങൾ ലഭിച്ചിരുന്നു. ഇടക്കിടെ പല സ്ഥലങ്ങളിൽ മോഷണവും നടന്നു. കഴിഞ്ഞ മാസം 29-ന് പുലർച്ചെ കൊടിഞ്ഞി കുറൂലിൽ ഒ.പി സൈതാലിയുടെ വീടിന്റെ പൂട്ട് തകർത്താണ് മോഷണം നടത്തിയത്. വീടിന്റെ പിറകിലെ ഗ്രിൽ സിന്റെ പൂട്ട് തകർത്താണ് മോഷ്ടാവ് അകത്തു കടന്നത്. മുറിയിൽ ഉറങ്ങികിടക്കുകയായിരുന്ന മകൾ ഫൗസിയയുടെ രണ്ടര പവന്റെ ഒരു പാദസരം കവർന്നു. ഇതിനിടെ യുവതി ഉണർന്നു ബഹളം വെച്ചപ്പോൾ മോഷ്ടാവ് ഓടി രക്ഷപ്പെടുകയായിരുന്നു. നൂറിലധികം സി.സി.ടി.വികൾ പരിശോധിച്ചും നിരവധി ഫോൺ നമ്പറുകൾ പരിശോധിച്ചുമാണ് കളവു നടത്തിയത് ഷാജഹാനാണെന്ന് മനസ്സിലാക്കുന്നത്. മുമ്പും താനൂർ, കൽപകഞ്ചേരി ഭാഗങ്ങളിൽ സ്ഥിരമായി രാത്രി കാലങ്ങളിൽ ഇതേ വേഷത്തിൽ ഇറങ്ങി ജനങ്ങളെ ഭീതിയിലാക്കി മോഷണങ്ങൾ നടത്തിയിരുന്നു.
ചെറുപ്പം മുതൽ മോഷണം പതിവാക്കിയ ഷാജഹാന് കേരളത്തിൽ വിവിധ ജില്ലകളിലും കർണാടകം, തമിഴ്നാട് സംസ്ഥാനങ്ങളിലുമായി നൂറിലധികം കേസുകൾ നിലവിലുണ്ട്. മോഷ്ടിച്ച സ്വർണം ഷാജഹാൻ പട്ടാമ്പിയിൽ ഒരു ജ്വല്ലറിയിൽ വിൽപ്പന നടത്തിയതായി പറഞ്ഞു. ജനുവരിയിൽ ജയിലിൽ നിന്ന് ഇറങ്ങിയ ശേഷം മലപ്പുറം, മഞ്ചേരി, പട്ടാമ്പി എന്നിവിടങ്ങളിൽ മാറി മാറി ഒളിവിൽ താമസിച്ചു മോഷണം നടത്തി വരികയായിരുന്നുവെന്ന് ഷാജഹാൻ പൊലീസിന് മൊഴി നൽകി. ഇയാളെ ഇന്നലെ രാവിലെ കൊടിഞ്ഞിയിൽ മോഷണം നടത്തിയ വീട്ടിലെത്തിച്ചു തെളിവെടുത്തു. മറ്റിടങ്ങളിലെ തെളിവെടുപ്പ് കൂടി പൂർത്തിയാക്കിയ ശേഷം പ്രതിയെ കോടതിയിൽ ഹാജറാക്കി.



മണവാളൻ ഷാജഹാൻ

# താനൂർ ബോട്ട് ദുരന്തം: അന്വേഷണ കമ്മീഷനോട് സഹകരിക്കാതെ സർക്കാർ

തിരൂർ: താനൂർ ബോട്ട് ദുരന്തത്തിന്റെ കാരണങ്ങൾ അന്വേഷിക്കുന്ന ജസ്റ്റിസ് വി.കെ മോഹനന്റെ നേതൃത്വത്തിലുള്ള മൂന്നംഗ കമ്മീഷന്റെ വിചാരണ നടപടികളോടിപ്പോഴും സഹകരിക്കാതെ സംസ്ഥാന സർക്കാർ. കഴിഞ്ഞ മൂന്ന് സിറ്റിങ്ങിലും കേസിലെ പ്രധാന കക്ഷിയായ ചീഫ് സെക്രട്ടറി റിപ്പോർട്ട് നൽകാൻ പോലും തയ്യാറായില്ല.
അതിനെ തുടർന്ന് ചീഫ് സെക്രട്ടറിക്ക് റിപ്പോർട്ട് നൽകാൻ ഒരു മാസത്തെ സമയം കൂടി കമ്മീഷൻ നൽകി. കൂടാതെ,കേസിലെ മറ്റു കക്ഷികളായ നിരവധി വകുപ്പധികൃതരും കളക്ടർമാരും മറുപടി നൽകാത്തത് മൂലവും ദുരന്തം നടന്നിട്ട് ഒരു വർഷം കഴിഞ്ഞിട്ട് പോലും കേസിലെ തെളിവെടുപ്പ് ആരംഭിക്കാനായില്ല.
ബോട്ട് ദുരന്തം സംഭവിച്ച ഉടനെ ജില്ലാ ദുരന്തനിവാരണ സമിതി അന്വേഷിച്ച് തയ്യാറാക്കിയ റിപ്പോർട്ട് കോടതിയിൽ ഹാജരാക്കണമെന്ന് മുസ്‌ലിം ലീഗ് ജില്ലാ കമ്മിറ്റിക്ക് വേണ്ടി ഹാജരായ അഡ്വ.കെ.എ ജലീൽ പ്രത്യേകം നൽകിയ അപേക്ഷയിലൂടെ ആവശ്യപ്പെട്ടു. അതിനെ സർക്കാർ അഭിഭാഷകർ എതിർത്തു. എന്നാൽ കമ്മീഷൻ നടത്തുന്ന വിചാരണ നടപടികളിൽ സംഭവങ്ങൾ ശരിയായ വിധത്തിൽ വിലയിരുത്തുന്നതിന് ഇത് ആവശ്യമാണെന്ന് അദ്ദേഹം വീണ്ടും വാദിച്ചതോടെ ഇടപ്പെട്ട കമ്മീഷനോട് റിപ്പോർട്ട് ഹാജരാക്കാൻ സർക്കാർ അഭിഭാഷകൻ ഒരു മാസത്തെ സമയം ചോദിച്ചതിന് കമ്മീഷൻ അനുമതി നൽകി.
കേസിൽ വിചാരണ നടക്കാതെ കമ്മീഷൻ നടപടികൾ അനന്തമായി നീട്ടികൊണ്ട് പോകുന്നതിൽ വിവിധ കക്ഷികൾക്ക് വേണ്ടി ഹാജരായ അഭിഭാഷകർ അതൃപ്തി രേഖപ്പെടുത്തി. കമ്മീഷൻ നടപടികൾ മനപ്പൂർവം നീണ്ടികൊണ്ട് പോകുകയാണെന്നും അവർ കുറ്റപ്പെടുത്തി. കുട്ടികളടക്കം 22 പേർ താനൂർ ബോട്ടപകടത്തിൽ മരണപ്പെട്ടിരുന്നു.

## ഐ.എസ്.എം പ്രഫഷണൽ കുടുംബ സംഗമം 7ന് തേഞ്ഞിപ്പലത്ത്

മലപ്പുറം: ഐ.എസ്.എം സംസ്ഥാന സമിതി സംഘടിപ്പിക്കുന്ന പ്രഫഷണലുകളുടെ കുടുംബ സംഗമം 'പ്രൊഫക്സൽ' 7ന് കാലിക്കറ്റ് യൂണിവേഴ്സിറ്റിക്ക് സമീപത്തുള്ള ഓർലാന്റോ കൺവൻഷൻ സെന്ററിൽ നടക്കും. രാവിലെ 8 മണിക്ക് കെ.എൻ.എം സംസ്ഥാന പ്രസിഡന്റ് ടി.പി അബ്ദുല്ലക്കോയ മദനി ഉദ്ഘാടനം ചെയ്യും. അഡ്വ. ഹാരിസ് ബീരാൻ എം.പി മുഖ്യാതിഥിയാവും. ഐ.എസ്.എം സംസ്ഥാന പ്രസിഡന്റ് ശരീഫ് മേലേതിൽ അധ്യക്ഷനാകുമെന്ന് ഐ.എസ്.എം കേരള ജനറൽ സെക്രട്ടറി ശുക്കൂർ സ്വലാഹി, ബരീർ അസ്‌ലം, പി.യാസർ അറഫാത്ത് വാർത്താ സമ്മേളനത്തിൽ അറിയിച്ചു

## ഡി.എൽ.എഡ് പ്രവേശനത്തിന് അപേക്ഷിക്കാം

മലപ്പുറം: 2024-2026 വർഷത്തെ ഗവ, എയ്ഡഡ്, സ്വാശ്രയ ഡി.എൽ.എഡ് കോഴ്സുകളിലേക്കുള്ള പ്രവേശനത്തന് അപേക്ഷ ക്ഷണിച്ചു. 18 വൈകീട്ട് അഞ്ചു മണി വരെ അപേക്ഷകൾ സ്വീകരിക്കും. വിജ്ഞാപനവും മറ്റു വിശദ വിവരങ്ങളും മലപ്പുറം വിദ്യാഭ്യാസ ഉപഡയറക്ടറുടെ ബ്ലോഗിൽ ലഭിക്കും. ഫോൺ: 0483-2734888

## തടഞ്ഞുനിർത്തി ആക്രമിച്ച കേസിൽ നാലു പേർക്ക് തടവ് ശിക്ഷ

പാലക്കാട്: തടഞ്ഞുനിർത്തി വടി കൊണ്ടും ഇരുമ്പ് പഞ്ച് കൊണ്ടും പരിക്കേൽപ്പിച്ച കേസിൽ പ്രതികളായ കേരളശ്ശേരി കുണ്ടളശ്ശേരി വെള്ളാറ വീട്ടിൽ ജയൻ (34), പുല്ലാനിപറമ്പ് വള്ളിയാലിൽ വീട്ടിൽ പ്രിയേഷ് (25), വടശ്ശേരി കാട്ടുമുല്ല പറമ്പ് വീട്ടിൽ കാജ എന്ന ഉസൈൻ കുട്ടി (36), വടശ്ശേരി പറയാൻ കുണ്ടിൽ വാസു (52) എന്നിവർക്ക് വിവിധ വകുപ്പുകളിലായി നാല് മാസം 10 ദിവസം തടവിനും 3500 വീതം പിഴയും വിധിച്ചു. പാലക്കാട് ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് നമ്പർ 2 മജിസ്ട്രേറ്റ് ആർ.അനിതയുടേതാണ് വിധി. പിഴ സംഖ്യയിൽ നിന്ന് 8000 രൂപ പരിക്കുപറ്റിയ പരാതിക്കാരന് നഷ്ടപരിഹാരം നൽകാനും വിധിച്ചു. 2019 ഏപ്രിൽ 16ന് രാത്രി 9.30ന് കേരളശ്ശേരി ജങ്ഷനിൽ വച്ചാണ് കേസിനാസ്പദമായ സംഭവം നടന്നത്. പ്രതികളിലൊരാൾ പരാതിക്കാരന്റെ ശരീരത്തിൽ മുട്ടിയത് പരാതിക്കാരൻ ചോദിച്ചതിലുള്ള വിരോധമാണ് ആക്രമണത്തിന് കാരണമായത്. കോങ്ങാട് സബ് ഇൻസ്പെക്ടർ അന്വേഷണം നടത്തിയ കേസിൽ പ്രോസിക്യൂഷനുവേണ്ടി അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ വി.ജി.ബിസി ഹാജരായി.

## ചന്ദ്രിക കാമ്പയിൻ: പ്രത്യേക യോഗം ഇന്ന്

പാലക്കാട്: ചന്ദ്രിക കാമ്പയിന്റെ ഭാഗമായി കിഴക്കൻമേഖലാ നിയോജകമണ്ഡലം കമ്മിറ്റി യോഗം ഇന്ന് വൈകീട്ട് നാല് മണിക്ക് ജില്ലാ മുസ്‌ലിംലീഗ് ഓഫീസിൽ ചേരും. നിയോജകമണ്ഡലം പ്രവർത്തകസമിതി അംഗങ്ങൾ, പോഷകഘടകങ്ങളുടെ പ്രതിനിധികൾ, ചന്ദ്രിക കോർഡിനേറ്റർമാർ യോഗത്തിൽ പങ്കെടുക്കണമെന്ന് ജില്ലാപ്രസിഡന്റ് മരക്കാർ മാരായമംഗലവും ജനറൽസെക്രട്ടറി അഡ്വ.ടി.എ സിദ്ദീഖും അറിയിച്ചു.

# പാലക്കാട് വാർത്തകൾ



ബോധരഹിതനായി വീണ വൃദ്ധനെ രക്ഷിച്ച ഷൊർണൂർ ടെക്നിക്കൽ ഹൈസ്കൂൾ വിദ്യാർഥികൾ

## ബോധരഹിതനായി വഴിയിൽ വീണ വൃദ്ധന് രക്ഷകരായി വിദ്യാർഥികൾ

ഷൊർണൂർ: ഷൊർണൂർ-കുളപ്പുള്ളി സംസ്ഥാനപാതയിൽ ബോധരഹിതനായി വീണു കിടന്ന വൃദ്ധന്റെ ജീവൻ രക്ഷിച്ച് ഷൊർണൂർ ടെക്നിക്കൽ ഹൈസ്കൂൾ വിദ്യാർഥികൾ. ക്ലാസ് കഴിഞ്ഞ് വീട്ടിലേക്ക് പോകുമ്പോഴാണ് വിദ്യാർത്ഥികൾ ടാറിട്ട റോഡിൽ ബോധരഹിതനായി വീണു കിടക്കുന്ന വൃദ്ധനെ കണ്ടത്. എട്ടാം ക്ലാസ് വിദ്യാർഥികളായ ഈ കൊച്ചുമിടുക്കന്മാർ ചീറിപ്പാഞ്ഞു വരുന്ന വാഹനങ്ങൾക്കിടയിൽ നിന്ന് വൃദ്ധനെ റോഡിന്റെ അരികിലേക്ക് മാറ്റി കിടത്തി. തല ഉയർത്തി വയ്ക്കാൻ തങ്ങളുടെ സ്കൂൾ ബാഗ് തന്നെ നൽകി. ഓടിച്ചെന്ന് സ്കൂളിലെ അധ്യാപകരെ വിവരം അറിയിച്ചു. ഉടൻതന്നെ ഷൊർണൂർ ടെക്നിക്കൽ ഹൈസ്കൂളിലെ അധ്യാപകരെത്തി, ആഹാരം കഴിക്കാത്തതിനാൽ ആണ് തളർന്ന വീണത് എന്ന് മനസ്സിലാക്കിയതിനാൽ അദ്ദേഹത്തിനെ തൊട്ടടുത്ത കടയിലിരുത്തി ഭക്ഷണവും കുടിക്കാനുള്ള വെള്ളവും വാങ്ങി നൽകി ആശ്വസിപ്പിച്ച് ബസ് യാത്രയ്ക്കുള്ള പണവും നൽകി യാത്രയാക്കി.

## അധ്യാപക ഒഴിവ്

മണ്ണാർക്കാട്: എടത്തനാട്ടുകര ഓറിയന്റൽ ഹയർസെക്കന്ററി സ്കൂളിൽ ഫിസിക്സ് (സീനിയർ), ഹിന്ദി (ജൂനിയർ) തസ്തികയിൽ താത്കാലിക അധ്യാപക ഒഴിവുണ്ട്. താൽപര്യമുള്ള ഉദ്യോഗാർഥികൾ 9ന് രാവിലെ 10.30ന് കൂടിക്കാഴ്ചക്ക് സ്കൂൾ ഓഫീസിൽ ഹാജരാകണമെന്ന് പ്രിൻസിപ്പൽ അറിയിച്ചു.

## യു.ജി/പി.ജി പ്രവേശനം

പാലക്കാട്: ഐ.എച്ച്.ആർ.ഡി കോളേജ് ഓഫ് അപ്ലൈഡ് സയൻസ് അയലൂരിൽ ബി.എസ്.സി കമ്പ്യൂട്ടർ സയൻസ് (ഓണേഴ്സ്), ബി.കോം കമ്പ്യൂട്ടർ ആപ്ലിക്കേഷൻ (ഓണേഴ്സ്), എം.എസ്.സി കമ്പ്യൂട്ടർ സയൻസ് എന്നീ കോഴ്സുകളിലെ ഐ.എച്ച്.ആർ.ഡി ക്വാട്ട സീറ്റുകൾക്ക് അപേക്ഷിക്കാൻ താൽപര്യമുള്ളവർക്കു കോളെജിൽ നേരിട്ടെത്തി അപേക്ഷ സമർപ്പിക്കണം. ഫോൺ: 8547005029, 9495069307.

# അഗളിയിൽ വീണ്ടും കഞ്ചാവ് ചെടി വേട്ട

## ■ 604 കഞ്ചാവ് ചെടികൾ നശിപ്പിച്ചു

പാലക്കാട്: അഗളിയിൽ ആഴ്ചകൾക്കിടെ വീണ്ടും കഞ്ചാവ് ചെടി വേട്ട. ഇന്നലെ 81 തടങ്ങളിൽ നിന്നായി604 കഞ്ചാവ് ചെടികൾ കണ്ടെത്തി നശിപ്പിച്ചു. മുരുഗള ഊരിന് സമീപത്തെ സത്യക്കൽ പാറക്ക് സമീപമാണ് എക്സൈസ് പരിശോധനയിൽ കഞ്ചാവ് ചെടികൾ കണ്ടെത്തിയത്. ഒരുമാസം മുതൽ മൂന്നുമാസംവരെ പ്രായമുള്ള പല വലിപ്പത്തിലുള്ളതായിരുന്നു ചെടികൾ. വിപണിയിൽ ഏകദേശം 10ലക്ഷത്തോളം വിലവരുമിതിന്. രഹസ്യ വിവരത്തെ തുടർന്ന് പുലർച്ചെ ആറുമണിയോടെ വനംവകുപ്പിന്റെ കൂടി സഹായത്തോടെയായിരുന്നു പരിശോധന. സമീപകാലത്തെ ഏറ്റവും വലിയ വേട്ടയാണിത്. കഴിഞ്ഞ മാസം അഗളി റേഞ്ച് 436 കഞ്ചാവ് ചെടികൾ കണ്ടെത്തി കേസ് രജിസ്റ്റർ ചെയ്തിരുന്നു. എക്സൈസ് ഇൻസ്പെക്ടർ അശിൻ കുമാറിന്റെ നേതൃത്വത്തിൽ നടന്ന പരിശോധനയിൽ അസി.എക്സൈസ് ഇൻസ്പെക്ടർ പി.എസ്. സുമേഷ്,അസി. എക്സൈസ് ഇൻസ്പെക്ടർ ഗ്രേഡ് ഇ. ജയരാജൻ, പ്രിവന്റീവ് ഓഫീസർ ഗ്രേഡ് പ്രമോദ്,പ്രത്യുഷ്, നൗഫൽ, സിഇഒമാരായ പ്രദീപ്, ലക്ഷ്മണൻ, ഭോജൻ,സുധീഷ് കുമാർ,വനിത സിഇഒ ഷീജ,വനംവകുപ്പ് ജീവനക്കാരായ ഗായത്രി, കവിത, കാളിയമ്മ, കാളി മുത്തു എന്നിവർ പങ്കെടുത്തു. സമീപകാലത്തെ ഏറ്റവും വലിയ കഞ്ചാവ് ചെടി വേട്ടയാണിത്. അന്വേഷണം ഊർജിതമാക്കുമെന്നും സമാന കേസുകളിൽ ഉൾപ്പെട്ടവരെ നിരീക്ഷിച്ച് വരുകയാണെന്നും വരും ദിവസങ്ങളിലും പരിശോധന ഉണ്ടാകുമെന്നും ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ വി.റോബർട്ട് അറിയിച്ചു.



മുരുഗള ഊരിന് സമീപത്തെ സത്യക്കൽ പാറക്ക് സമീപം കണ്ടെത്തിയ കഞ്ചാവ് ചെടികളുമായി എക്സൈസ്, വനം വകുപ്പ് സംഘം



സമഗ്ര പദ്ധതിയുടെ ഭാഗമായി തൊഴിൽ പരിശീലനം പൂർത്തിയാക്കിയ യുവതികൾക്കൊപ്പം ജില്ലാ പഞ്ചായത്ത് മെമ്പർ ഗഫൂർ കോൽക്കളത്തിലും അധ്യാപകരും

## യുവതികൾക്ക് തൊഴിൽ പരിശീലനം നൽകി ജില്ലാ പഞ്ചായത്തംഗത്തിന്റ 'ഫെം' ശ്രദ്ധേയമായി

മണ്ണാർക്കാട്: സ്ത്രീ ശാക്തീകരണ പ്രവർത്തന മേഖലയിൽ നൂറിലധികം യുവതികൾക്ക് സ്വയം തൊഴിൽ പരിശീലനം നൽകി ജില്ലാ പഞ്ചായത്ത് മെമ്പർ ഗഫൂർ കോൽകളത്തിലിന്റെ 'സമഗ്ര' പദ്ധതിയുടെ കീഴിലുള്ള ഫാമിലി എംപവർമെന്റ് മിഷൻ (ഫെം) ശ്രദ്ധേയമായി. നിർധന കുടുംബങ്ങളുടെ സാമ്പത്തികവും സാമൂഹികവുമായ പുരോഗതി ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന ഫെം, കേന്ദ്ര നൈപുണ്യ വികസന സംരംഭകത്വ മന്ത്രാലയത്തിന്റെ കീഴിലുള്ള ജൻ ശിക്ഷൻ സൻസ്ഥാൻ പാലക്കാടിന്റെ സഹകരണത്തോടെയാണ് യുവതികൾക്ക് വിവിധ സ്വയം തൊഴിലുകളിൽ പരിശീലനം നൽകിയത്. കഴിഞ്ഞ വർഷം ജൂലൈയിൽ ആരംഭിച്ച പദ്ധതിയുടെ പരിശിശീലന ക്ലാസുകൾ കല്യാണകാപ്പ് അംഗനവാടി ഹാൾ, മണ്ണാർക്കാട് എൻ.ഐ.ടി എന്നിവടങ്ങളിലായിരുന്നു നടത്തിയിരുന്നത്. വിവിധ ബാച്ചുകളിലായി 120 യുവതികൾക്ക് ബാഗ് നിർമാണം, ആഭരണ നിർമാണം, ടൈലറിംഗ്, എബ്രോയിഡറിംഗ് തുടങ്ങിയ സ്വയം തൊഴിലുകളിൽ പരിശീലനം നൽകി. പദ്ധതിയുടെ ഒന്നാമത് കോൺവൊക്കേഷൻ പ്രോഗ്രാം കുമരംപുത്തൂർ വട്ടമ്പലത്തുള്ള ഉബൈദ് ചങ്ങലീരി സമാരക കമ്മ്യൂണിറ്റി ഹാളിൽ നടന്നു. ജില്ലാ പഞ്ചായത്ത് മെമ്പർ ഗഫൂർ കോൽകളത്തിൽ ഉദ്ഘാടനം ചെയ്തു. സമഗ്ര കോ.ഓർഡിനേറ്റർ മുജീബ് മല്ലിയിൽ അധ്യക്ഷനായി. പാലക്കാട് ജെ.എസ്.എസ് ഡയറക്ടർ സിജുമാത്യൂ മുഖ്യാതിഥിയായിരുന്നു. പഠിതാക്കൾക്കുള്ള സർട്ടിഫിക്കറ്റുകളും സമഗ്ര മെഡലുകളും ചടങ്ങിൽ വിതരണം ചെയ്തു. ഫെം കോർഡിനേറ്റർ ഷരീഫ് പച്ചീരി, ജെ.എസ്.എസ് പ്രോഗ്രാം ഓഫീസർ അഭിന സായി, രവീന്ദ്രൻ മാസ്റ്റർ, ലൂയിസ്, അധ്യാപികമാരായ വത്സമ്മ വർഗീസ്, ജിനുഷ സന്ദീപ്, സുജിമോൾ തുടങ്ങിയവർ സംബന്ധിച്ചു.

## മണ്ണാർക്കാട് 40 കിലോ കഞ്ചാവുമായി യുവാവ് പിടിയിൽ



അബ്ദുൽ ഗഫാർ

മണ്ണാർക്കാട്: വിൽപ്പനക്കായി കൊണ്ടുവന്ന 40.950 കിലൊ കഞ്ചാവുമായി മണ്ണാർക്കാട് യുവാവ് പിടിയിൽ. കടമ്പഴിപ്പുറം ഉമ്മനഴിയിലെ കിഴക്കേക്കര വീട്ടിൽ അബ്ദുൽ ഗഫാർ (39) നെയാണ് മണ്ണാർക്കാട് പൊലീസ് അറസ്റ്റ് ചെയ്തത്. കുമരംപുത്തൂർ സൗത്ത് പള്ളിക്കുന്ന് മണ്ണറോട് നഗറിനോട് ചേർന്നുള്ള ഗഫാറിന്റെ സഹോദരിയുടെ വീട്ടിൽ നിന്ന് ഇന്നലെ പതിനൊന്നരയോടെയാണ് പൊലീസ് കഞ്ചാവ് കണ്ടെടുത്തത്. പാലക്കാട് ജില്ലാ പൊലീസ് മേധാവിക്ക് ലഭിച്ച രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിൽ മണ്ണാർക്കാട് ഡി.വൈ.എസ്.പി ടി.എസ് സിനോജിന്റെ നിർദേശപ്രകാരം മണ്ണാർക്കാട് ഇൻസ്പെക്ടർ ബൈജു.ഇ. ആറിന്റെ നേതൃത്വത്തിലുള്ള അന്വേഷണ സംഘമാണ് പ്രതിയെ കസ്റ്റഡിയിൽ എടുത്തത്. രണ്ട് കിലോ വീതമുള്ള 20 പാക്കറ്റുകളിലായി ചാക്കിൽ കെട്ടി കോണിപ്പടിയിൽ ഒളിപ്പിച്ച നിലയിലയിരുന്നു. സബ്ബ് ഇൻസ്പെക്ടർമാരായ അജാസുദ്ദിൻ, എം. ഋഷിപ്രസാദ്, എ.എസ്.ഐ സീന, സീനിയർ സിവിൽ പൊലീസ് ഓഫീസർ വിനോദ് കുമാർ, മുബാറക്ക് അലി, സിവിൽ പൊലീസ് ഓഫീസർ ജയപ്രകാശ്, ഡാൻസാഫ് ടീം അംഗങ്ങളായ സബ് ഇൻസ്പെക്ടർ സലാം, സീനിയർ സിവിൽ പൊലീസ് ഓഫീസർ ഷാഫി, ഷെഫീക്ക്, ബിജു മോൻ, സുഭാഷ് എന്നിവരാണ് അന്വേഷണ സംഘത്തിലുണ്ടായിരുന്നത്.



മണ്ണാർക്കാട് പൊലീസ് കണ്ടെത്തിയ കഞ്ചാവ് പൊതികൾ



പാണ്ടാംകോട് അശോകന്റെ പശുക്കൾ ഭക്ഷ്യ വിഷബാധയേറ്റ് ചത്ത നിലയിൽ

## ഭക്ഷ്യ വിഷബാധ; നാല് പശുക്കൾ ചത്തു

വടക്കഞ്ചേരി: ഭക്ഷ്യവിഷബാധ; കിഴക്കഞ്ചേരി പാണ്ടാംകോട്ടിൽ നാല് പശുക്കൾ ചത്തു. പാണ്ടാംകോട് അശോകന്റെ പശുക്കളാണ് ബുധനാഴ്ച വൈകുന്നേരവും വ്യാഴാഴ്ച രാവിലെയുമായി ചത്തത്. പശുക്കളെ മേയാൻ വിട്ടതിന് ശേഷം തിരികെ എത്തിച്ചപ്പോൾ അസ്വസ്ഥത അനുഭവപ്പെടുകയായിരുന്നു. പിന്നീട് മൃഗഡോക്ടർ എത്തി പരിശോധന നടത്തി മരുന്ന് കൊടുത്തെങ്കിലും പശുക്കൾ ചത്തു. ചത്ത പശുക്കളിൽ മൂന്നെണ്ണം അഞ്ച്, എഴ്, ഒൻപത് മാസം ഗർഭിണിയാണ്. മറ്റൊന്ന് പ്രസവിച്ചിട്ട് മൂന്ന് മാസം മാത്രമേ ആയിട്ടുള്ളൂ. ക്ഷീരകർഷകനായ അശോകനും, ഭാര്യക്കും എക ആശ്രയമായിരുന്നു പശുക്കൾ. പ്രതിദിനം 30ലിറ്റർ പാൽ വരെ സൊസൈറ്റിയിൽ അളന്ന് വന്നിരുന്നതാണ്. പിന്നോക്കവിഭാഗ കോർപറേഷനിൽ നിന്നും മൂന്ന് ലക്ഷം രൂപ ലോണെടുത്താണ് പശുക്കളെ വാങ്ങിയത്. ചത്ത പശുക്കളെ പോസ്റ്റ്മോർട്ടത്തിന് ശേഷം സമീപത്തെ പറമ്പിൽ സംസ്ക്കരിച്ചു. കൂടുതൽ പരിശോധനയ്ക്കായി ആന്തരികാവയവങ്ങൾ ലാബിലേക്കും അയച്ചിട്ടുണ്ട്. ആലത്തൂർ വെറ്റിനറി പോളിക്ലിനിക്ക് സീനിയർ വെറ്റിനറി സർജൻ ഡോ.സി.യു സജിത്ത്കുമാർ, കിഴക്കഞ്ചേരി വെറ്റിനറി സർജൻ ഡോ.ശ്രീജിഷ എന്നിവരുടെ നേതൃത്വത്തിലുള്ള ഡോക്ടർമാരാണ് പശുക്കളെ ചികിത്സിക്കാനും പോസ്റ്റ് മോർട്ടം ചെയ്യാനുമായി എത്തിയത്.


## വർക്ക്ഷോപ്പ് ഇൻസ്ട്രക്ടർ ഒഴിവ്

പാലക്കാട്: ഷൊർണൂർ ഗവ ടെക്നിക്കൽ ഹൈസ്കൂളിൽ ഒഴിവുള്ള വർക്ക്ഷോപ്പ് ഇൻസ്ട്രക്ടർ ഇൻ ഓട്ടോമൊബൈൽ തസ്തികയിലേക്ക് ദിവസവേതനാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുന്നതിനുള്ള കൂടിക്കാഴ്ച ജൂലൈ 10ന് രാവിലെ 11ന് നടത്തും. മൂന്ന് വർഷ ഓട്ടോമൊബൈൽ ഡിപ്ലോമയാണ് യോഗ്യത. പ്രവൃത്തി പരിചയം അഭികാമ്യം. താൽപര്യമുള്ളവർ യോഗ്യത തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകളും പകർപ്പുകളുമായി ഷൊർണൂർ ഗവ ടെക്നിക്കൽ ഹൈസ്കൂൾ സൂപ്രണ്ട് മുൻപാകെ കൂടിക്കാഴ്ചയ്ക്ക് നേരിട്ട് എത്തണമെന്ന് സൂപ്രണ്ട് അറിയിച്ചു. ഫോൺ: 0466 2222197.

## പട്ടാമ്പി ബ്ലോക്ക് പഞ്ചായത്ത്

# ഭരണസമിതി യോഗം അലങ്കോലമാക്കാൻ സി.പി.എം ശ്രമം

പട്ടാമ്പി: ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതി യോഗം അലങ്കോലമാക്കാൻ ശ്രമിച്ച് സി.പി.എം അംഗങ്ങൾ. ഇടതുപക്ഷത്തെ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരാടക്കമുള്ള ജനപ്രതിനിധികളാണ് ഇന്നലെ ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി യോഗം തടസ്സപ്പെടുത്താൻ ശ്രമിച്ചത്. കൃത്യസമയത്ത് ആരംഭിച്ച യോഗം അജണ്ടകൾ പ്രകാരം തുടരവേ ഇടക്ക് കയറിവന്ന കൊപ്പം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ടി.ഉണ്ണികൃഷ്ണൻ യോഗം തടസ്സപ്പെടുത്തുംവിധം ശ്രമങ്ങൾ തുടങ്ങി. അജണ്ട അവിടെ നിൽക്കട്ടേ, എനിക്ക് കുറച്ച് കാര്യങ്ങൾ പറയാനുണ്ടെന്ന് പറഞ്ഞ് എണീറ്റ് ബഹളം വെക്കുകയായിരുന്നു. അജണ്ട കഴിഞ്ഞാൽ അവസരം നൽകാമെന്ന് അധ്യക്ഷ ഗീതാ മണികണ്ഠൻ പറഞ്ഞിട്ടും സമ്മതിച്ചില്ലെന്ന് മാത്രമല്ല യോഗത്തിൽ പങ്കെടുത്തിരുന്ന മറ്റ് അംഗങ്ങളെ കൂടി നിർബന്ധിച്ച് ബഹളത്തിന്റെ ഭാഗമാക്കി. എന്നാൽ സി.പി.എം പഞ്ചായത്ത് പ്രസിഡന്റുമാരുടെ ബഹളം അവഗണിച്ച് യോഗം തുടർന്നു. ഇതിനിടെ പഞ്ചായത്ത് പ്രസിഡന്റുമാർ ബ്ലോക്ക്പ്രസിഡന്റിന് അരികിലെത്തി കൈവശമുണ്ടായിരുന്ന അജണ്ട നോട്ടീസുൾപ്പടെ ബലമായി വാങ്ങി നശിപ്പിച്ചു. കയ്യാങ്കളിയോളമെത്തിയ വിഷയങ്ങൾ യോഗം ബഹളമയമാക്കി. ഞങ്ങൾ തോന്നിയത് ചെയ്യും, നിങ്ങൾ പൊലീസിനെ വിളിച്ചോളൂ എന്ന് പറഞ്ഞ് കൊപ്പം പഞ്ചായത്ത് പ്രസിഡന്റ് ടി.ഉണ്ണികൃഷ്ണൻ യു.ഡി.എഫ് മെമ്പർമാരെ തള്ളിമാറ്റി. ബ്ലോക്ക് പ്രതിപക്ഷ നേതാവ് പി.കെ ബഷീർ മാസ്റ്റർ അജണ്ടകൾ പാസ്സാക്കിയ സാഹചര്യത്തിൽ ഇനി നമുക്ക് അജണ്ടക്കപ്പുറത്തുള്ള കാര്യങ്ങൾ ചർച്ചചെയ്യാമെന്ന് പറഞ്ഞെങ്കിലും പഞ്ചായത്ത് പ്രസിഡന്റുമാർ അതും അംഗീകരിക്കാൻ തയ്യാറായില്ല. ഇതിനിടെ മറ്റു സി.പി.എം അംഗങ്ങൾ യോഗം ബഹിഷ്കരിക്കുന്നതായി അറിയിച്ച് യോഗത്തിൽ നിന്നും ഇറങ്ങിപ്പോയി. പട്ടാമ്പി ബ്ലോക്ക് തലത്തിൽ കഴിഞ്ഞ ദിവസം കർഷകസഭ നടന്നിരുന്നു. സഭയിൽ ഉദ്ഘാടനത്തിന് ശേഷം ആശംസ നേർന്നത് സി.പി.എം ബ്ലോക്ക് അംഗം എം.കെ മുഹമ്മദ് ആയിരുന്നു. പഞ്ചായത്ത് പ്രസിഡന്റുമാരെ വിളിക്കുംമുമ്പേ മുഹമ്മദിനെ ആശംസകനായി വിളിച്ചത് പ്രോട്ടോകോൾ ലംഘനമാണെന്ന് സി.പി.എമ്മുകാർ കൂടിയായ കൊപ്പം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ടി.ഉണ്ണികൃഷ്ണനും മുതുതല പഞ്ചായത്ത് പ്രസിഡന്റ് കെ.ആനന്ദവല്ലിയും തുടർന്ന് പ്രസംഗം മധ്യേ പറഞ്ഞിരുന്നു. എന്നാൽ അത്തരം ഒരു പ്രോട്ടോകോൾ ഇല്ലെന്ന് അധ്യക്ഷനായ ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് കെ.എ റഷീദ് പറഞ്ഞതിനെ ചോദ്യം ചെയ്യാനാണ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ യോഗത്തിനെത്തിയത്. അതിന് അവസരം നിഷേധിച്ചു എന്ന് പറഞ്ഞാണ് സി.പി.എമ്മുകാർ യോഗം അലങ്കോലമാക്കാൻ ശ്രമിച്ചത്. യു.ഡി.എഫ് ഭരണസമിതിയുടെ ശ്രദ്ധേയമായ പ്രവർത്തനങ്ങളിലുള്ള അസഹിഷ്ണുതയാണ് എൽ.ഡി.എഫിനെന്ന് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഗീതാ മണികണ്ഠൻ വൈസ് പ്രസിഡന്റ് കെ.എ റഷീദ്, പി.ടി മുഹമ്മദ് കുട്ടി, പി.ടി.എം ഫിറോസ്, പി.പി ഉണ്ണികൃഷ്ണൻ,സജിത വിനോദ് ഷഫീന ഷുക്കൂർ പറഞ്ഞു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരായ ടി.ഉണ്ണികൃഷ്ണൻ, കെ.ആനന്ദവല്ലി, പി.രമണി, ബേബി ഗിരിജ, രതി ഗോപാലകൃഷ്ണൻ എന്നിവരുടെ നേതൃത്വത്തിലാണ് സി.പി.എമ്മുകാർ യോഗം ബഹിഷ്കരിച്ചത്.



പട്ടാമ്പി ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി യോഗത്തിനിടെ സി.പി.എം അംഗങ്ങളുടെ ബഹളം

## സ്റ്റാന്റിങ് കമ്മിറ്റി ചെയർമാൻ ബി.ജെ.പി പാളയത്തിൽ

# തച്ചമ്പാറയിൽ എൽ.ഡി.എഫിന് ഭൂരിപക്ഷം നഷ്ടമായി

### പഞ്ചായത്ത് പ്രസിഡന്റ് രാജിവെക്കണം: യു.ഡി.എഫ്

തച്ചമ്പാറ: സി.പി.ഐ ജില്ലാ കൗൺസിലറും സി.പി.ഐ തച്ചമ്പാറ ലോക്കൽ സെക്രട്ടറിയും പഞ്ചായത്ത് മെമ്പറുമായ ജോർജ് ബിജെപിയിൽ ചേർന്നു. സി.പി.ഐ ജില്ലാ കൗൺസിൽ സ്ഥാനവും പഞ്ചായത്ത് അംഗത്വവും രാജി വെച്ചു. തച്ചമ്പാറപഞ്ചായത്തിലെ നാലാം വാർഡ് മെമ്പറും ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാനുമാണ്. ഇന്നലെ മണ്ഡലത്തിലെ ബി.ജെ.പി നേതാക്കൾക്കൊപ്പം പഞ്ചായത്ത് ഓഫീസിൽ എത്തിയ ജോർജ് സെക്രട്ടറിക്ക് പഞ്ചായത്ത് അംഗത്വം രാജിവെച്ചുകൊണ്ടുള്ള കത്ത് കൈമാറുകയായിരുന്നു. തുടർന്ന് ബി.ജെ.പി ജില്ലാ കമ്മറ്റി ഓഫീസിലെത്തി പാർട്ടി അംഗത്വവും സ്വീകരിച്ചു. ഏരിയ, എൽ. സി കമ്മറ്റിയിലെ 15 ഓളം ആളുകളും പാർട്ടി വിട്ടു. ജോർജിന്റെ രാജിയോടെ തച്ചമ്പാറ പഞ്ചായത്തിൽ എൽ.ഡി.എഫിനു ഭൂരിപക്ഷം നഷ്ടമായി. 15 അംഗ ഭരണസമിതിയിൽ യു.ഡി.എഫ് ഏഴും എൽ.ഡി.എഫ് ആറും ആയി. അഞ്ചാംവാർഡിലെ എൽ.ഡി.എഫ് അംഗം മരണപ്പെട്ടതിനെ തുടർന്ന് നിലവിൽ ഇലക്ഷൻ പ്രഖ്യാപിച്ചിരിക്കുകയാണ്. അതിനാൽ അവിശ്വാസം കൊണ്ടുവരാൻ കഴിയില്ല. ഒന്നാംവാർഡ് മെമ്പർ നേരത്തെ തന്നെ എൽ.ഡി.എഫിൽ നിന്ന് യു.ഡി.എഫിലേക്ക് മാറിയിരുന്നു. ജൂലൈ 30ന് നടക്കുന്ന തിരഞ്ഞടുപ്പിൽ വിജയം കൈവരിക്കാനായാൽ യു.ഡി.എഫിന് ഭരണം പിടിച്ചെടുക്കാൻ കഴിയും. പഞ്ചായത്തിൽ ഭരണസമിതി ഭൂരിപക്ഷം നഷ്ടപ്പെട്ട എൽ.ഡി.എഫ് ധാർമികത ഉണ്ടെങ്കിൽ പഞ്ചായത്ത് പ്രസിഡന്റ് സ്ഥാനവും മറ്റ് സ്ഥാനങ്ങളും രാജിവെക്കണമെന്ന് യു.ഡി.എഫ് നേതാക്കൾ ആവശ്യപ്പെട്ടു.

ഗൾഫ് ചന്ദ്രിക
gulfchandrikanews@gmail.com
2024 ജൂലൈ 05 വെള്ളി


## മിനിമാസ്റ്റ് ലൈറ്റുകൾ തെളിയിച്ചു

ഗുരുവായൂർ: ഗുരുവായൂർ നഗരസഭ പതിമൂന്നാം വാർഡിൽ മിനിമാസ്റ്റ് ലൈറ്റുകൾ തെളിയിച്ചു.
മുൻ എം.പി ടി.എൻ പ്രതാപന്റെ ആസ്തിവികസന ഫണ്ടിൽ നിന്നും അനുവദിച്ച തുകകൊണ്ട് നിർമിച്ചതാണ് ലൈറ്റുകൾ. ടി.എൻ പ്രതാപന്റെ സാന്നിധ്യത്തിൽ നഗരസഭ ചെയർമാൻ എം.കൃഷ്ണദാസ് ഉദ്ഘാടനം നിർവഹിച്ചു. വാർഡ് കൗൺസിലർ സൂരജ് അധ്യക്ഷനായി. ഗുരുവായൂർ ടെമ്പിൾ പൊലീസ് സ്റ്റേഷൻ സർക്കിൾ ഇൻസ്പെക്ടർ അജയകുമാർ, നഗരസഭ പ്രതിപക്ഷ നേതാവ് കെ.പി ഉദയൻ, മാധ്യമ പ്രവർത്തകരായ ശശി വല്ലാശേരി, പ്രേംകുമാർ മണ്ണങ്ങൾ എന്നിവർ സംസാരിച്ചു.

## മാലിന്യമുക്ത തൃശൂർ പ്രഖ്യാപവുമായി ശിൽപശാല സമാപിച്ചു

തൃശൂർ ജില്ലയിലെ ബ്ലോക്ക് തലത്തിലെ ഉദ്യോഗസ്ഥർക്കുള്ള മാലിന്യമുക്ത കേരളം ഭാഗമായുള്ള ജില്ലാതല ശില്പശാല പീച്ചി കെ എഫ് ആർ ഐ യിൽ സമാപിച്ചു. രണ്ടാം ദിവസത്തിൽ വിവിധ വിഷയങ്ങളിൽ ശുചിത്വ മിഷൻ ജില്ലാ കോർഡിനേറ്റർ കെ കെ മനോജ്, കോ കോർഡിനേറ്റർ കെ ബി ബാബുകുമാർ, കില ഫെസിലിറ്റേറ്റർ അനൂപ് കിഷോർ, അസി. ഡയറക്ടർ ആൻസൺ ജോസഫ്, ശുചിത്വ മിഷൻ പ്രോഗ്രാം ഓഫീസർ രജിനേഷ് രാജൻ എന്നിവർ ക്ലാസുകൾ നയിച്ചു. 100% മാലിന്യം തരംതിരിക്കൽ ഉറപ്പാക്കൽ, വാതിൽപടി ശേഖരണം ഉറപ്പാക്കൽ, ഉറവിട ജൈവമാലിന്യ സംസ്കരണം/ അംഗീകൃത ഏജൻസിക്ക് കൈമാറൽ, മെറ്റീരിയൽ മൂവ്മെന്റ്, യൂസർ ഫീ ശേഖരണം സമ്പൂർണമാക്കൽ, പൊതിയിടങ്ങൾ, ജലാശയങ്ങൾ എന്നിവിടങ്ങളിൽ വലിച്ചെറിയൽ മുക്തമാക്കൽ തുടങ്ങി മാലിന്യമുക്തം നവകേരളം ക്യാമ്പയിനിന്റെ 2024- 25 വർഷത്തെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുള്ള കർമ്മ പദ്ധതി തയ്യാറാക്കി.
സമാപന യോഗം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വി. എസ് പ്രിൻസ് ഉദ്ഘാടനം നിർവഹിച്ചു. ജോയിന്റ് ഡയറക്ടർ ഷഫീഖ് പി എം, കില ഫെസിലിറ്റേറ്റർ അനൂപ് കിഷോർ, ജില്ലാ ശുചിത്വ മിഷൻ കോർഡിനേറ്റർ മനോജ് കെ കെ, ബാബുകുമാർ കെ ബി, ആൻസൺ ജോസഫ്, കില സീനിയർ റിസോഴ്സ് പേഴ്സൺ സുധാകരൻ എന്നിവർ പങ്കെടുത്തു.

## തൃശൂർ വാർത്തകൾ

# സ്നേഹതീരം റോഡ് തകർന്നു; തൈലം വിതരണം ചെയ്ത് ലീഗിന്റെ വേറിട്ട സമരം

തളിക്കുളം: തളിക്കുളത്തെ റോഡുകൾ അറ്റകുറ്റപണി നടത്തി സഞ്ചാരയോഗ്യമാക്കാത്തിൽ പ്രതിഷേധം ശക്തമാവുന്നു. തകർന്ന റോഡിലൂടെ ദിവസവും നൂറ് കണക്കിന് വാഹനങ്ങളും യാത്രക്കാരുമാണ് സഞ്ചരിക്കുന്നത്. കുഴികൾ നിറഞ്ഞ റോഡിലൂടെ സഞ്ചരിക്കുന്ന യാത്രക്കാർക്ക് തൈലം വിതരണം ചെയ്ത് മുസ്ലിം ലീഗിൻറെ വേറിട്ട പ്രതിഷേധം ശ്രദ്ധേയമായി.
കുടിവെള്ള പൈപ്പ് ഇടാൻ പൊളിച്ച റോഡ് പുനർനിർമ്മിക്കാൻ നൽകിയ 6 കോടി രൂപ എന്ത് ചെയ്തുവെന്ന് തളിക്കുളം ഗ്രാമപഞ്ചായത്ത് വ്യക്തമാക്കണമെന്ന് മുസ്‌ലിം ലീഗ് ജില്ലാ വൈസ് പ്രസിഡന്റ് കെ.എ. ഹാറൂൺ റഷീദ് ആവശ്യപ്പെട്ടു. സ്നേഹതീരം റോഡ് ഉൾപ്പെടെ തകർന്ന് കിടക്കുന്ന ഗ്രാമീണ റോഡുകൾ പുനർ നിർമ്മിക്കുക എന്ന് ആവശ്യപ്പെട്ട് മുസ്‌ലിം ലീഗ് തളിക്കുളം പഞ്ചായത്ത് കമ്മിറ്റി നടത്തിയ സൗജന്യ തൈല വിതരണ സമരം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.
2005ൽ യുഡിഎഫ് ഭരണകാലത്ത് സി.ആർ.എഫ്. ഫണ്ടിൽ അഞ്ച് കോടി രൂപ അനുവദിച്ചു കൊണ്ടാണ് സ്നേഹതീരം മുതൽ പൂങ്കുന്നം വരെ റബ്ബറൈസ്ഡ് ചെയ്തത്. ഇപ്പോൾ പൈപ്പ് ഇടുന്നതിന് വേണ്ടി റോഡിന്റെ ഇരുവശവും പൊളിച്ച് സഞ്ചാരയോഗ്യമല്ലാതായിരിക്കുകയാണ്. നിരവധി വാഹനങ്ങളും വിനോദ സഞ്ചാരികളും യാത്ര ചെയ്യുന്ന സ്നേഹതീരം റോഡ് തളിക്കുളം ഗ്രാമപഞ്ചായത്തിലെ ഏറ്റവും പ്രധാനപ്പെട്ട റോഡാണ്. .
നാഷണൽ ഹൈവേ അതോറിറ്റി ഭൂമി ഏറ്റെടുത്തപ്പോൾ ഉടമകൾക്ക് നൽകിയ പൊന്നുംവില പ്രകാരം പഞ്ചായത്ത് ഓഫീസ്, കൃഷിഭവൻ, മാർക്കറ്റ് തുടങ്ങിയ സ്ഥാപനങ്ങൾ നിലനിന്നിരുന്ന സ്ഥലം ഏറ്റെടുത്ത വകയിൽ ഏകദേശം 30 കോടിയോളം രൂപ പഞ്ചായത്തിന് ലഭിക്കാനുണ്ട്. ആധാരം ഉൾപ്പെടെയുള്ള രേഖകൾ നഷ്ടപ്പെട്ടതിനാൽ ഇനിയും ആ തുക പഞ്ചായത്തിന് ലഭിച്ചിട്ടില്ല. ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള കെട്ടിടത്തിൽ വാടകക്കാണ് ഇപ്പോൾ പഞ്ചായത്ത് പ്രവർത്തിക്കുന്നത്. ഇതിനെതിരെ ശക്തമായ ജനരോഷം നിലനിൽക്കുകയാണ്.
സമരത്തിൽ മുസ്‌ലിം ലീഗ് പഞ്ചായത്ത് പ്രസിഡന്റ് പി.എം. അബ്ദുൽ ജബ്ബാർ അധ്യക്ഷനായി. നിയോജകമണ്ഡലം ജനറൽ സെക്രട്ടറി കെ.എസ്. റഹ്മത്തുള്ള, വി.കെ. നാസർ, വി.വി.അബ്ദുൾ റസാഖ്, എ. എച്ച്. നാസർ, കെ. എസ്. സുബൈർ, സുലൈമാൻ ഹാജി, എ. എ. ഹംസ, ഇ. എച്ച്. ഖാലിദ് തുടങ്ങിയവർ പ്രസംഗിച്ചു.



*സ്നേഹതീരം റോഡ് തകർന്നതിൽ പ്രതിഷേധിച്ച് മുസ്‌ലിം ലീഗ് തളിക്കുളം പഞ്ചായത്ത് കമ്മിറ്റി നടത്തിയ സൗജന്യ തൈല വിതരണ സമരം ജില്ലാ വൈസ് പ്രസിഡന്റ് കെ.എ. ഹാറൂൺ റഷീദ് ഉദ്ഘാടനം ചെയ്യുന്നു.*

## ചാത്തൻ മാസ്റ്റർ ബണ്ട് റോഡിൽ മാലിന്യം

ഇരിങ്ങാലക്കുട : ആനന്ദപുരം ചാത്തൻ മാസ്റ്റർ ബണ്ട് റോഡ് മാലിന്യത്താൽ നിറയുന്നു. മാടായിക്കോണം കോന്തിപുലം പാലത്തിന് സമീപത്തു നിന്ന് ആനന്ദപുരത്തേക്ക് പോകുന്ന ചാത്തൻ മാസ്റ്റർ ബണ്ട് റോഡിൽ കനാലിൻറെ അരികിലാണ് വ്യാപകമായി മാലിന്യം തള്ളുന്നത്.
ബണ്ട് റോഡ് കിഴക്കേ പാലം കഴിഞ്ഞുള്ള വലിയ മദിരാശി മരം മുതൽ അങ്ങേയറ്റം വരെ റോഡിൻറെ ഇരുവശത്തും കോഴി മാലിന്യം മുതൽ കുട്ടികളുടെ ഡയപ്പറും സാനിറ്ററി പാഡുകളും വരെ ഉപേക്ഷിച്ചിട്ടുണ്ട്.
കഴിഞ്ഞ മാർച്ചിൽ ചാത്തൻ മാസ്റ്റർ റോഡിൽ 500 മീറ്റർ അകലെ പാലത്തിനടിയിലേക്ക് രാത്രിയിൽ സെപ്റ്റിക് മാലിന്യം തള്ളിയത് പ്രതിഷേധത്തിനിടയാക്കിയിരുന്നു.
ദിവസവും രാവിലെ നിരവധി പേർ നടക്കാനിറങ്ങുന്ന റോഡാണിത്. മാലിന്യം വലിച്ചെറിയുന്നതുമൂലം ഉണ്ടാകുന്ന ദുർഗന്ധവും അസഹനീയമാണ്. പ്രദേശത്ത് കാമറകൾ സ്ഥാപിക്കണമെന്ന് വർഷങ്ങളായി പ്രദേശവാസികൾ ആവശ്യപ്പെടുന്നുണ്ടെങ്കിലും അധികാരികളുടെ ഭാഗത്തുനിന്ന് യാതൊരു നടപടികളും ഉണ്ടായിട്ടില്ല. മാലിന്യം തള്ളുന്നവരെ കണ്ടെത്തി ശക്തമായ നടപടിയെടുക്കണമെന്നാണ് നാട്ടുകാരുടെ ആവശ്യം.

## പറവൂർ നഗരസഭ സെക്രട്ടറിക്ക് ചെയർമാന്റെ കാരണം കാണിക്കൽ നോട്ടീസ്

പറവൂർ: പറവൂർ നഗരസഭ സെക്രട്ടറി ജോ ഡേവിസിനു ചെയർമാൻ ബീന ശശിധരൻ മുനിസിപ്പൽ ആക്ട് സെക്ഷൻ 48(6) 48(12) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകി. നോട്ടീസ് ലഭിച്ചു 15 ദിവസത്തിനുള്ളിൽ മറുപടി നൽകാനാണ് ആവശ്യപെട്ടിരിക്കുന്നത്.
നഗരസഭ ഓഫീസ് കെട്ടിടത്തിനു മുകളിലെ നിർമ്മിതി പൊളിച്ചു മാറ്റണമെന്ന ഓംബുഡ്സ്മാന്റെ വിധിക്കെതിരെ അപ്പീൽ നൽകണമെന്ന നിർദ്ദേശം പാലിക്കാത്തതാണ് അടിസ്ഥാന കാരണം. ഈ വിഷയത്തിൽ പരാതിക്കാരന് അനുകൂലമായ നിലപാട് എടുത്തതും മറ്റു ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചതും അടക്കം പത്ത് കാര്യങ്ങൾക്കാണ് മറുപടി നൽകേണ്ടത്.
നേരത്തെ കൗൺസിൽ തീരുമാനം മറികടന്ന് നവകേരള യാത്രക്ക് തുക അനുവദിക്കുകയും പിന്നീട് ഹൈക്കോടതി ഉത്തരവിനെ തുടർന്ന് തുക തിരിച്ചടക്കുകയും ചെയ്ത ചരിത്രമുണ്ട് സെക്രട്ടറിക്ക്.

## ഉദ്യോഗസ്ഥരുടെ മാലിന്യശേഖരണം

കാലടി: വനംവകുപ്പ് ഉദ്യോഗസ്ഥരുടെ മാലിന്യശേഖരണം ശ്രദ്ധേയമായി. മലയാറ്റൂർ കാരേക്കാട് ഫോറസ്റ്റ് സ്റ്റേഷന്റെ പരിധിയിൽ മാലിന്യങ്ങൾ നിക്ഷേപിക്കുന്നത് സ്ഥിരസംഭവമാണ്. മാലിന്യം നിക്ഷേപിക്കാൻ വരുന്നവർക്കെതിരെ അധികൃതർ നടപടിയെടുക്കാറുമുണ്ട്.എന്നാൽ മാലിന്യം നിക്ഷേപിക്കുന്നതിന് കുറവില്ലെന്നതാണ് കൗതുകം.ഇതേതുടർന്നാണ് വനമേഖലയിൽ നിഷേപിച്ചിട്ടുള്ള മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനായി ഉദ്യോഗസ്ഥർ തന്നെ നേരിട്ടിറങ്ങിയത്. ശുചീകരണ പ്രവർത്തനങ്ങൾ പഞ്ചായത്തംഗം പി. ജെ ബിജു ഉദ്ഘാടനം ചെയ്തു. ഡെപ്യൂട്ടി ഫോറസ്റ്റ് ഓഫീസർ കെ. കൃഷ്ണകുമാർ, ഗ്രേഡ് ഓഫീസർമാരായ രമേശ്,കരീം എന്നിവർ നേതൃത്വം നൽകി. സ്റ്റേഷനിലെ ബീറ്റ് ഫോറെസ്റ്റ് ഓഫീസർ മാരും,സ്റ്റാഫും സന്നിഹിതരായിരുന്നു.


*മൽബണിൽ നടന്ന ലയൺസ് ക്ലബ്ബിന്റെ ആഗോള കൺവെൻഷനിൽ മുൻ ഇന്റർനാഷണൽ ഡയറക്ടറും മണപ്പുറം ഫിനാൻസിന്റെ എംഡിയും സിഇഒയുമായ വി.പി നന്ദകുമാറിനെ ആദരിച്ചപ്പോൾ*

## ലയൺസ് ക്ലബ്ബിന്റെ ആഗോള കൺവെൻഷനിൽ വി.പി നന്ദകുമാറിന് ആദരം

തൃശൂർ: ഓസ്ട്രേലിയയിലെ മെൽബണിൽ നടന്ന ലയൺസ് ക്ലബ്ബ് ഇന്റർനാഷണലിന്റെ ആഗോള കൺവെൻഷനിൽ മുൻ ഇന്റർനാഷണൽ ഡയറക്ടറും മണപ്പുറം ഫിനാൻസിന്റെ എംഡിയും സിഇഒയുമായ വി പി നന്ദകുമാറിന് ആദരം. കുട്ടികളിലെ ക്യാൻസർ ചികിത്സ, സൗജന്യ തിമിര ശസ്ത്രക്രിയ, ഭവനരഹിതരുടെ പുനരധിവാസം എന്നീ മേഖലകളിൽ നന്ദകുമാറിന്റെ നേതൃത്വത്തിൽ നടന്ന പ്രവർത്തനങ്ങൾക്കാണ് അംഗീകാരം. സന്നദ്ധ സേവന പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുകയും വിവിധ പദ്ധതികളിലൂടെ സമൂഹത്തിലെ അർഹരായവർക്ക് സഹായം എത്തിക്കുകയും ചെയ്യുന്ന വി പി നന്ദകുമാറിന്റെ നടപടി, ലയൺസ് ക്ലബ്ബിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങളുടെ പൂർത്തീകരണത്തിന് ഏറെ സഹായകമാണെന്ന് ലയൺസ് ക്ലബ്ബ് ഇന്റർനാഷണൽ ചെയർപേഴ്സൺ ബ്രയാൻ ഇ ഷീഹാൻ, പ്രസിഡന്റ് ഡോ. പാറ്റി ഹിൽ എന്നിവർ പറഞ്ഞു.
ലയൺസ് ക്ലബ്ബിന്റെ ലക്ഷ്യങ്ങൾ, പ്രചോദനപരമായ പ്രവർത്തനങ്ങൾ, സന്നദ്ധ മേഖലയിലെ വിദഗ്ധരുടെ അനുഭവങ്ങൾ, വിവിധ വിഷയങ്ങളിലുള്ള കോൺഫറൻസുകൾ എന്നിവയാണ് കൺവെൻഷന്റെ ഭാഗമായി സംഘടിപ്പിച്ചത്. ലോകമെമ്പാടുമുള്ള 35000 പ്രതിനിധികൾ പങ്കെടുത്ത കൺവെൻഷനിൽ പുതിയ അന്താരാഷ്ട്ര ഡയറക്ടർ ബോർഡിനെ തെരെഞ്ഞെടുത്തു. കേരളത്തിൽനിന്നും നിന്നും മുന്നൂറോളം പേർ പങ്കെടുത്തു.



*ചെണ്ടുമല്ലി തൈ വിതരണോദ്ഘാടനം ആത്മ ബി എഫ് സി ചെയർമാൻ എം. ബാലാജി നിർവ്വഹിക്കുന്നു.*

## ചെണ്ടുമല്ലി കർഷകർക്ക് പരിശീലനം നൽകി

കുന്നംകുളം: ആത്മ 2024 പദ്ധതിയുടെ ഭാഗമായി ഓണക്കാല വിപണി ലക്ഷ്യമാക്കിക്കൊണ്ട് ചെണ്ടുമല്ലി കൃഷി ചെയ്യുന്ന കർഷകർക്ക് കൃഷി രീതിയെ കുറിച്ച് പരിശീലനം നൽകി ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ ഉൾപ്പെടുന്ന 10 കൃഷിഭവനുകളിലെ ചെണ്ടുമല്ലി കൃഷി ചെയ്യുന്ന ജനറൽ എസ് സി വിഭാഗത്തിൽപ്പെട്ട കർഷകർക്കാണ് പരിശീലന പരിപാടി സംഘടിപ്പിച്ചത്.
കുന്നംകുളം ടൗൺഹാളിൽ സംഘടിപ്പിച്ച പരിപാടി ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് ആൻസി വില്യംസ് ഉദ്ഘാടനം ചെയ്തു കുന്നംകുളം നഗരസഭ വൈസ് ചെയർപേഴ്സൺ സൗമ്യ അനിലൻ അധ്യക്ഷയായി.
ചടങ്ങിൽ ചെണ്ടുമല്ലി തൈ വിതരണോദ്ഘാടനം ആത്മ ബി എഫ് സി ചെയർമാൻ എം. ബാലാജി നിർവ്വഹിച്ചു.
കൃഷി അസിസ്റ്റന്റ് ഡയറക്ടർ മിനി. എം. മേനോൻ, പദ്ധതി വിശദീകരണം നടത്തി.
വാർഡ് കൗൺസിലർ മിനി മോൻസി, കുന്നംകുളം കൃഷി ഓഫീസർ എസ് ജയൻ, ആർത്താറ്റ് കൃഷി ഓഫീസർ സ്വേഗ ആന്റണി എന്നിവർ സംസാരിച്ചു.
ചെണ്ടുമല്ലി കൃഷി രീതിയെ കുറിച്ച് കാർഷിക അഗ്രികൾച്ചർ യൂണിവേഴ്സിറ്റി റിട്ട. പ്രൊഫസർ യു. ശ്രീലത ക്ലാസ് നയിച്ചു. കർഷകർ കൃഷിക്കൂട്ട അംഗങ്ങൾ, വിദ്യാർഥികൾ എന്നിവർ ക്ലാസിൽ പങ്കെടുത്തു.

## കെ.പി.എൻ നമ്പീശൻ അനുസ്മരണം 10 ന്

തൃശൂർ: കൊച്ചിൻ ദേവസ്വം എംപ്ലോയീസ് ഓർഗനൈസേഷന്റെ നേതൃത്വത്തിൽ സി.പി.എം നേതാവും സിഡിഇഒ കേന്ദ്ര പ്രസിഡണ്ടുമായിരുന്ന കെ.പി.എൻ നമ്പീശൻ ഒമ്പതാമത് അനുസ്മരണവും വിദ്യാഭ്യാസ അവാർഡ് ദാനവും 10ന് ഉച്ചയ്ക്ക് 12.30ന് സാഹിത്യ അക്കാദമി ഹാളിൽ വച്ച് സി.പി.എം കേന്ദ്രകമ്മറ്റിയംഗം കെ രാധാകൃഷ്ണൻ എം.പി ഉദ്ഘാടനം ചെയ്യും. സംസ്ഥാന സെക്രട്ടറിയേറ്റംഗം ആനാവൂർ നാഗപ്പൻ , കൊച്ചിൻ ദേവസ്വം ബോർഡ് പ്രസിഡണ്ട് ഡോ എം.കെ സുദർശൻ എന്നിവർ പങ്കെടുക്കും. കൊച്ചിൻ ദേവസ്വം ജീവനക്കാരുടെ മക്കളിൽ എസ്എസ്എൽസി , പ്ലസ് ടു പരീക്ഷകളിൽ മികച്ച വിജയം നേടിയ വിദ്യാർത്ഥികളെ ചടങ്ങിൽ അവാർഡ് നൽകി അനുമോദിക്കും.



*സി.എച്ച് സെന്ററിന്റെ മെമ്പർഷിപ്പ് ക്യാമ്പയിൻ നാട്ടിക പഞ്ചായത്ത് തല ഉദ്ഘാടനം രണ്ടര ലക്ഷം രൂപയുടെ പേട്രൺ അംഗത്വം സി.എ സത്താറിൽ നിന്നും സ്വീകരിച്ചുകൊണ്ട് മുസ്‌ലിം ലീഗ് നാട്ടിക നിയോജകമണ്ഡലം പ്രസിഡന്റ് കെ എ ഷൗക്കത്തലി നിർവഹിക്കുന്നു*

## സി.എച്ച് സെന്റർ മെമ്പർഷിപ്പ് കാമ്പയിൻ നാട്ടികയിൽ തുടക്കമായി

തൃപ്രയാർ : രോഗം തീർത്ത വേദനകളാൽ തൃശൂർ ഗവൺമെന്റ് മെഡിക്കൽ കോളജിനെ ആശ്രയിക്കുന്ന ക്യാൻസർ രോഗികൾക്ക് ആശ്വാസമേകുന്നതിന് മെഡിക്കൽ കോളജിന് സമീപം നിർമാണം പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്ന തൃശൂർ സി.എച്ച് സെന്ററിന്റെ മെമ്പർഷിപ്പ് ക്യാമ്പയിൻ നാട്ടിക പഞ്ചായത്ത് തല ഉദ്ഘാടനം രണ്ടര ലക്ഷം രൂപയുടെ പേട്രൺ അംഗത്വം സി.എ സത്താറിൽ നിന്നും സ്വീകരിച്ചുകൊണ്ട് മുസ്‌ലിം ലീഗ് നാട്ടിക നിയോജകമണ്ഡലം പ്രസിഡന്റ് കെ.എ ഷൗക്കത്തലി നിർവഹിച്ചു.
പഞ്ചായത്ത് പ്രസിഡണ്ട് കെ.എ കബീർ അധ്യക്ഷനായി. ജില്ലാ കൗൺസിൽ അംഗങ്ങളായ കെ.എ ഖാലിദ്, പി എച്ച് മുഹമ്മദ്, അൽഐൻ കെ. എം.സി.സി ജില്ലാ സെക്രട്ടറി പി.ഇ അമീർ എന്നിവർ പ്രസംഗിച്ചു. ഷമീർ ശാന്തിപുരം, ഹനീഫ് റഷീദ്, നിയോജകമണ്ഡലം വൈസ് പ്രസിഡന്റ് സി. ഇ ഇബ്രാഹിം, മുൻ ജനറൽ സെക്രട്ടറി കെ.കെ സിദ്ദിഖ്, മജീദ് കൊടുങ്ങൂക്കാരൻ, പി.കെ ഷാഹുൽഹമീദ്, പി.യു അബ്ദുറഹ്മാൻ, ടി.എം ഹനീഫ, പി.എ റിസ് വാൻ തുടങ്ങിയവർ സംബന്ധിച്ചു.

## മുസ്‌ലിം ലീഗ് സമരം വിജയം; ചാവക്കാട് താലൂക്കാശുപത്രിയിൽ രാത്രികാലങ്ങളിൽ കൂടുതൽ ഡോക്ടർമാരെ നിയമിച്ചു

ചാവക്കാട്: തീരപ്രദേശത്തെ സാധാരണക്കാരുടെ ആശ്രയമായ ചാവക്കാട് താലൂക്കാശുപത്രിയിൽ രാത്രി സമയങ്ങളിൽ കൂടുതൽ ഡോക്ടർമാരെ നിയമിക്കണമെന്ന് ആവശ്യപ്പെട്ട് കൊണ്ട് മുസ്‌ലിം ലീഗ് ചാവക്കാട് മുനിസിപ്പൽ കമ്മിറ്റി നടത്തിയ സമരം വിജയം കണ്ടു.
മഴക്കാല രോഗങ്ങളും മറ്റു പകർച്ച വ്യാധികളുംമൂലം ജനങ്ങൾ താലൂക്കാശുപത്രിയിൽ എത്തുമ്പോൾ ഡോക്ടർമാരുടെ കുറവ് മൂലം രോഗികൾ ബുദ്ധിമുട്ടുന്നത് പതിവ് കാഴ്ചയായിരുന്നു. ഇതിന് പരിഹാരം കാണണമെന്ന ആവശ്യത്തോടെ മുസ്ലീം ലീഗ് ചാവക്കാട് മുനിസിപ്പൽ കമ്മിറ്റി സമരം ആരംഭിക്കുകയായിരുന്നു. വിഷയത്തിൽ ആശുപത്രി സൂപ്രണ്ടിനെ കണ്ടു അടിയന്തിര നടപടി കൈക്കൊള്ളണമെന്ന് ലീഗ് നേതൃത്വം നിവേദനത്തിലൂടെ അറിയിച്ചിരുന്നു. അല്ലാത്ത പക്ഷം ശക്തമായ സമര പരിപാടികളുമായി മുന്നോട്ട് പോകുമെന്നും അറിയിച്ചിരുന്നു. സാധാരണ ജനങ്ങളെ ബാധിക്കുന്ന വിഷയങ്ങളിൽ നിന്നും ഒളിച്ചോടാൻ അധികാരികളെ അനുവദിക്കില്ല. ദിനം പ്രതി നൂറുകണക്കിന് രോഗികളാണ് ചാവക്കാട് താലൂക്ക് ഹോസ്പിറ്റലിൽ എത്തുന്നത്,അവരുടെ ബുദ്ധിമുട്ടുകൾ കാണാതെ പോകാൻ മുസ്‌ലിം ലീഗിന് ആകില്ല എന്നും നേതാക്കൾ പറഞ്ഞു.
മുസ്‌ലിം ലീഗ് മുനിസിപ്പൽ പ്രസിഡന്റ് ഫൈസൽ കാനാമ്പുള്ളി, ജനറൽ സെക്രട്ടറി പി.എം അനസ്, നേതാക്കളായ കുഞ്ഞീൻ ഹാജി, എൻ.കെ റഹീം, എം.എസ്.എഫ് ജില്ലാ പ്രസിഡന്റ് ആരിഫ് പാലയൂർ, മണ്ഡലം ട്രഷറർ സമ്പാഹ് താഴത്ത്, ഇക്ബാൽ കാളിയത്ത്, മജീദ് ചാവക്കാട്, സാലിഹ് മണത്തല, ഹാഷിം മാലിക്, പേള ബഷീർ, അബ്ദുൽ കാദർ എന്നിവർ സംബന്ധിച്ചു.

## പി.എം മുഹമ്മദ് ഹാജി അനുസ്മരണ സമ്മേളനം

മതിലകം: പി.എം മുഹമ്മദ് ഹാജിയുടെ വേർപാടിൽ എം.എസ്. എസ് തൃശൂർ ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ അനുസരണ യോഗം നടന്നു. എം. എസ്.എസ് മുൻ ജില്ലാ പ്രസിഡണ്ടും പൗര പ്രമുഖനുമായ പുതിയകാവ് പുന്നിലത്ത് ഇൻകംടാക്സ് മുഹമ്മദ് ഹാജി എന്ന പി.എം മുഹമ്മദ് ഹാജി നാടിനും അശണർക്കും സമൂഹത്തിനും ചെയ്ത നന്മയാർന്ന പ്രവർത്തനങ്ങൾ യോഗത്തിൽ പങ്കെടുത്തവർ അനുസ്മരിച്ചു. എം.എസ്.എസ് സംസ്ഥാനഉപാദ്ധ്യക്ഷൻ ടി.എസ് നിസാമുദ്ദീൻ അനുസ്മരണ പ്രഭാഷണം നടത്തി.
ജില്ലാ പ്രസിഡണ്ട് അഡ്വ. കെ.എസ്.എ ബഷീർ അദ്ധ്യക്ഷത വഹിച്ചു. സംസ്ഥാന എസ്കിക്യൂട്ടീവ് മെമ്പർ പി.എ സീ തി മാസ്റ്റർ അനുശോചന പ്രമേയം അവതരിപ്പിച്ചു. മതിലകം ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് സീനത്ത് ബഷീർ, ഡി.സി.സി ജനറൽ സെക്രട്ടറി സി.എസ് രവീന്ദ്രൻ, മുസ്‌ലിം ലീഗ് ജില്ലാ ഉപാദ്ധ്യക്ഷൻ എസ്.കെ ഹാഷിം തങ്ങൾ, സി.പി.എം എൽ.സി മെമ്പർ സുരേന്ദ്രൻ, വാർഡ് മെമ്പർ ഷംസാബി സലീം, സി.പി.ഐ പ്രതിനിധി ജലീൽ, വെൽഫയർ പാർട്ടി പ്രതിനിധി കെ.കെ ഷാജഹാൻ. പുതിയ കാവ് മഹല്ല് കമ്മിറ്റി പ്രസിഡണ്ട് വി.എ ച്ച് സെയ്തുമുഹമ്മത് ഹാജി, മദ്രസ മാനേ ജ്മന്റ് കമ്മിറ്റി ജന. സെക്രട്ടറി കെ.ബി. അബ്ദു, ജമാഅ ത്തേ ഇസ്ലാമി പ്രതിനിധി സുബൈർ കാക്ക ശ്ശേരി,പൗര റസിഡൻസ് അസോസിയേഷൻ പ്രസിഡണ്ട് ഡോ.പി.വി മുഹമ്മദ് അൻസാർ തുടങ്ങിയവർ സംസാരിച്ചു.


*പി.എം മുഹമ്മദ് ഹാജിയുടെ വേർപാടിൽ എം എസ് എസ് തൃശൂർ ജില്ലാ കമ്മിറ്റി പുതിയകാവ് ഇൽഫത്ത് മദ്രസയിൽ നടത്തിയ അനുശോചനയോഗത്തിൽ എം .എസ്. എസ് സംസ്ഥാന ഉപാദ്ധ്യക്ഷൻ ടി.എസ് നിസാമുദ്ദീൻ അനുസ്മരണ പ്രഭാഷണം നടത്തുന്നു.*


*എം.ഇ. എസ് അസ്മാബി കോളജിൽ ആരംഭിച്ച യൂത്ത് റെഡ് ക്രോസ് യൂണിറ്റിന്റെ ഉദ്ഘാടനം കോളേജ് പ്രിൻസിപ്പാൾ ഡോ. റീനാ മുഹമ്മദിന്റെ അദ്ധ്യക്ഷതയിൽ നടന്ന ചടങ്ങിൽ ഇന്ത്യൻ റെഡ് ക്രോസ് തൃശൂർ ജില്ലാ ചെയർമാൻ അഡ്വ: എം. എസ് അനിൽകുമാർ നിർവ്വഹിക്കുന്നു*

## എണ്ണ ചേർത്ത നെയ്യിന്റെ വിൽപന നിരോധിച്ചു

തൃപ്രയാർ: നാട്ടിക സർക്കിളിലെ വടക്കുമുറിയിൽ സ്ഥിതി ചെയ്യുന്ന വർഷ ഹെർബൽസ് എന്ന സ്ഥാപനം പാക്ക് ചെയ്ത് വിൽപന നടത്തിയ നെയ്യ് (ബാച്ച് നമ്പർ 457), ഇരിഞ്ഞാലക്കുട സർക്കിളിലെ ആളൂരിൽ ഗംഗോത്രി ഹെർബൽ പാക്ക് ചെയ്ത് വിൽപ്പന നടത്തിയിരുന്ന നറുനെയ്യ് (ബാച്ച് നമ്പർ 44) എന്നിവയുടെ വില്പന ഭക്ഷ്യ സുരക്ഷാ അസ്സിസ്റ്റന്റ് കമ്മീഷണർ നിരോധിച്ചു. സാമ്പിളുകളുടെ പരിശോധനയിൽ നെയ്യിനോടൊപ്പം എണ്ണക്കലർത്തിയെന്നു കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിലാണ് നിരോധനം ഏർപ്പെടുത്തിയത്.

## കോൺഗ്രസ് സമരം ഫലം കണ്ടു; നാട്ടിക കുടുംബാരോഗ്യ കേന്ദ്രം വൈകീട്ട് വരെ പ്രവർത്തിക്കും

തൃപ്രയാർ: നാട്ടിക ഗ്രാമപഞ്ചായത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന കുടുംബാരോഗ്യ കേന്ദ്രം ഇനി മുതൽ വൈകീട്ട് 6 മണിവരെ തുറന്ന് പ്രവർത്തിക്കും.
സ്ഥിരമായി നാല് മണിക്ക് ഡോക്ടരും ജീവനക്കാരും കുടുംബാരോഗ്യ കേന്ദ്രം അടച്ചു പൂട്ടി പോകുന്നുവെന്ന പരാതി പതിവായിരുന്നു. നാല് മണിക്ക് ശേഷം വരുന്ന രോഗികൾ പുറത്ത് സ്വകാര്യ ക്ലിനിക്കുകളിൽ വലിയ പണം നൽകി ചികിത്സ തേടേണ്ട അവസ്ഥയായിരുന്നു. ആറു മണിവരെ പ്രവർത്തിക്കണമെന്ന സർക്കാർ ഉത്തരവ് നില നിൽക്കുമ്പോൾ നാല് മണിക്ക് പൂട്ടി പോകുന്നുവന്ന് കോൺഗ്രസ് ജന പ്രതിനിധികൾ പഞ്ചായത്ത് യോഗത്തിൽ പരാതി ഉന്നയിച്ചിരുന്നു. പരിഹാരം കാണാൻ പഞ്ചായത്ത് അധികൃതർ തയ്യാറായില്ല. ഇന്നലെ കുടുംബാരോഗ്യ കേന്ദ്രം നാല് മണിക്ക് അടക്കാൻ തുടങ്ങിയപ്പോൾ കോൺഗ്രസ് പ്രവർത്തകർ നാട്ടിക മണ്ഡലം കമ്മിറ്റിയുടെ നേതൃത്വത്തിൽ കുത്തിയിരിപ്പ് സമരം ആരംഭിച്ചു. സമരം മണിക്കൂറുകൾ നീണ്ടപ്പോൾ മെഡിക്കൽ ഓഫീസറും ഡി എം ഒ യും സമരക്കാരുമായി സംസാരിക്കുകയും ഇനി മുതൽ 6 മണി വരെ ഡോക്ടറുടെ സേവനത്തോട് കൂടി കുടുംബാരോഗ്യ കേന്ദ്രം പ്രവർത്തിക്കുമെന്ന് സമരക്കാർക്ക് ഉറപ്പ് നൽകുകയും ചെയ്തു. തുടർന്ന് കുത്തിയിരിപ്പ് സമരം അവസാനിപ്പിച്ചു.
ഡിസിസി ജനറൽ സെക്രട്ടറിമാരായ അനിൽ പുളിക്കൽ, നൗഷാദ് ആറ്റുപറമ്പത്ത്, കോൺഗ്രസ് മണ്ഡലം പ്രസിഡന്റ് പി എം സിദ്ദിഖ്, ബ്ലോക്ക് കോൺഗ്രസ് കമ്മിറ്റി ഭാരവാഹികളായ പി കെ നന്ദനൻ, ടി വി ഷൈൻ,ഗ്രാമ പഞ്ചായത്ത് മെമ്പർമാരായ ബിന്ദു പ്രദീപ്, കെ ആർ ദാസൻ, മധു അന്തിക്കാട്ട്, രഹന ബിനീഷ്, റാനിഷ് കെ രാമൻ, യു കെ കുട്ടൻ, അബു പി കെ. കൃഷ്ണകുമാർ എന്നിവർ കുത്തിയിരിപ്പ് സമരത്തിന് നേതൃത്വം നൽകി



*നാട്ടിക ഗ്രാമപഞ്ചായത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന കുടുംബാരോഗ്യ കേന്ദ്രത്തിന് മുന്നിൽ ഡി.സി.സി ജനറൽ സെക്രട്ടറിമാരായ അനിൽപുളിക്കന്റെയും നൗഷാദ് ആറ്റുപറമ്പിലിന്റെ നേതൃത്വത്തിൽ കോൺഗ്രസ് പ്രവർത്തകർ ധർണ നടത്തുന്നു.*

18

ഗൾഫ് ചന്ദ്രിക

gulfchandrikanews@gmail.com

2024 ജൂലൈ 05 വെള്ളി

ഗൾഫ് ചന്ദ്രിക


## ഷൂട്ട് ദ റെയിൻ ഫുട്ബോളിന് നാളെ തുടക്കം

കൊച്ചി: മഴക്കാല ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന് ടൂറിസം പ്രൊഫഷണൽസ് ക്ലബ്ബ് നടത്തുന്ന ഷൂട്ട് ദ റെയിൻ മഴ പന്ത് കളി 6,7 തീയതികളിൽ കളമശേരി സെന്റ് ജോസഫ് സ്പോർട്സ് ഡോമിൽ നടക്കും. വിനോദ സഞ്ചാര വകുപ്പിന്റെ സഹകരണത്തോടെയാണ് തുടർച്ചയായി 2020 വർഷം മത്സരം നടത്തുന്നത്. കളമശേരി നഗരസഭ കൗൺസിലർ ഹാജിറ ഉസ്മാൻ ഉദ്ഘാടനം ചെയ്യും. വിജയികൾക്ക് എവർറോളിങ് ട്രോഫിയും 50,000 രൂപയും സമ്മാനമായി നൽകും. രണ്ടും മൂന്നും സ്ഥാനക്കാർക്കും ക്യാഷ് അവാർഡും ട്രോഫിയും നൽകും. 22 ഹോട്ടലുകളുടെയും, 4 ടൂർ ഓപ്പറേറ്റർമാരുടെയും ടീമുകളാണ് മത്സരത്തിൽ പങ്കെടുക്കുക. ടൂറിസം പ്രൊഫഷണൽസ് ക്ലബ് പ്രസിഡന്റ് വിനീഷ് വിദ്യ, സെക്രട്ടറി രമ്യ ശ്രീജിത്ത്, ജനറൽ കൺവീനർ ഷെയ്ഖ് ഇസ്മായിൽ എന്നിവർ പ്രഖ്യാപന ചടങ്ങിൽ പങ്കെടുത്തു.

## അപ്പോളോ അഡ്‌ലക്സിൽ വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയ

കൊച്ചി: അമിത രക്ത സമ്മർദം മൂലം വൃക്ക തകരാറിലായി ഡയാലിസിസ് ചെയ്തിരുന്ന 38 കാരിയിൽ വിജയകരമായി വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടത്തി അങ്കമാലി അപ്പോളോ അഡ്‌ലക്സ് ഹോസ്പിറ്റൽ. 64 കാരനായ പിതാവിൽ നിന്നുമാണ് തൊടുപുഴ സ്വദേശിനി വൃക്ക സ്വീകരിച്ചത്. ജൂൺ 19ന് നടന്ന ശസ്ത്രക്രിയക്ക് യൂറോളജി വിഭാഗത്തിലെ സീനിയർ കൺസൾട്ടന്റുമാരായ റോയ് പി ജോൺ, ബിജു സുകുമാരൻ പിള്ള എന്നിവർ നേതൃത്വം നൽകി. നെഫ്രോളജി വിഭാഗം സീനിയർ കൺസൾട്ടന്റുമാരായ ജോജോ പുല്ലോക്കര, മഞ്ജു കമൽ, രമ്യ ശ്രീ അഖിൽ തുടങ്ങിയവരും സംഘത്തിലുണ്ടായിരുന്നു. പിതാവിൽ നിന്നും വൃക്ക സ്വീകരിച്ചതിനാൽ നോ ഇൻഡക്ഷൻ പ്രോട്ടോകോൾ പാലിച്ചായിരുന്നു പ്രക്രിയ. ശസ്ത്രക്രിയക്ക് ശേഷം രക്തത്തിലെ ക്രിയാറ്റിന്റെ അളവ് ശരിയായ അളവിലെത്തി വൃക്കയുടെ പ്രവർത്തനം സാധാരണ അവസ്ഥയിലായെന്നും, യുവതിയും പിതാവും സുഖമായിരിക്കുന്നുവെന്നും ആശുപത്രി അധികൃതർ അറിയിച്ചു.

# എറണാകുളം വാർത്തകൾ

# കടൽകയറ്റത്തിന് പരിഹാരമില്ല, കണ്ണമാലിയിൽ ജനം ഹൈവേ ഉപരോധിക്കും

കൊച്ചി: രൂക്ഷമായ കടൽകയറ്റ പ്രശ്നത്തിന് പരിഹാരം ആവശ്യപ്പെട്ട് 2019 ഒക്ടോബർ മുതൽ സമരരംഗത്തുള്ള ചെല്ലാനം കൊച്ചി ജനകീയ വേദിയുടെ നേതൃത്വത്തിൽ ജനങ്ങൾ ഇന്ന് ഫോർട്ടുകൊച്ചി-ആലപ്പുഴ തീരദേശ പാത ഉപരോധിക്കും.

കഴിഞ്ഞ ദിവസം കണ്ണമാലിയിൽ കൂടിയ ജനകീയ വേദിയുടെ സംയുക്ത പൊതുയോഗത്തിലാണ് കണ്ണമാലി പൊലീസ് സ്റ്റേഷന് സമീപമുള്ള ജനകീയ വേദി സമരപന്തൽ പ്രദേശത്ത് ഉപരോധം നടത്താൻ തീരുമാനിച്ചത്.

രാവിലെ 6ന് ഉപരോധ സമരം തുടങ്ങും. നേരത്തെ എടവനക്കാട് പഞ്ചായത്തിലും സമാനവിഷയത്തിൽ പരിഹാരം ആവശ്യപ്പെട്ട് ജനകീയ സമിതി ഹർത്താൽ സംഘടിപ്പിച്ചിരുന്നു.

2021-ൽ ചെല്ലാനം കൊച്ചി തീരത്ത് 10 കി.മീ സ്ഥലത്ത് സിഎംഎഫ്ആർഐ പാലം വരെ കരിങ്കൽ ഭിത്തിയും ടെട്രാപോഡും, ബസാർ-വേളാങ്കണ്ണി പ്രദേശത്ത് 6 പുലിമുട്ടുകളും, പുത്തൻതോട്-കണ്ണമാലി പ്രദേശത്ത് 9 പുലി മുട്ടുകളും നിർമിക്കുന്നതിനായി സർക്കാർ ഭരണാനുമതി കൊടുത്തിരുന്നു. 344.2 കോടി രൂപ കിഫ്ബിയിലൂടെ നീക്കിവയ്ക്കുകയും ചെയ്തു. എന്നാൽ 7.36 കി.മീ സ്ഥലത്ത് കടൽ ഭിത്തിയും 6 പുലി മുട്ടുകളും നിർമ്മിച്ചപ്പോൾ തന്നെ നീക്കി വച്ച പണം തീർന്നുപോയെന്നായിരുന്നു സർക്കാർ വാദം. ഇത്തരമൊരു ന്യായീകരണം സ്വീകാര്യമല്ലെന്ന് ജനകീയ വേദി ഭാരവാഹികൾ പറയുന്നു.

അടുത്ത ഘട്ടം പണിയ്ക്കായി 320 കോടി വേണമെന്നും 2023 നവംബർ ഒന്നിന് പണി തുടങ്ങുമെന്നും നേരത്തെ ജലവിഭവ വകുപ്പ് മന്ത്രി റോഷി അഗസ്റ്റിൻ പുത്തൻതോട് സന്ദർശിച്ചപ്പോൾ പറഞ്ഞിരുന്നു.

അതേസമയം 2023 ഒക്ടോബർ 3ന് ചെല്ലാനത്ത് വച്ച് മന്ത്രി പി.രാജീവ് പറഞ്ഞത് രണ്ടാം ഘട്ട നിർമാണ പ്രവർത്തനങ്ങൾക്ക് 247 കോടി പാസായി എന്നാണ്. കിഫ്ബിക്ക് കേന്ദ്രം നിയന്ത്രണം ഏർപ്പെടുത്തിയതിനാൽ പണി നടക്കില്ലെന്നാണ് ഇപ്പോഴത്തെ വാദം. തീരദേശ പാതക്കും കെ റെയിലിനും പണദൗർലഭ്യം ഇല്ലാതിരിക്കേ തീരസുരക്ഷക്ക് മാത്രം പണമില്ലെന്ന് പറയുന്നത് അംഗീകരിക്കാൻ കഴിയില്ലെന്ന് ജനകീയ വേദി ഭാരവാഹികൾ പറഞ്ഞു.

കൊച്ചിൻപോർട്ട് ഡ്രഡ്ജ് ചെയ്തു പുറം കടലിൽ തള്ളുന്ന മണ്ണും ചെളിയും തീരത്ത് നിക്ഷേപിച്ച് തീര പുനർ നിർമാണം സാധ്യമാണെന്നിരിക്കെ അത്തരം സാധ്യതകളൊന്നും പരിശോധിക്കാൻ സർക്കാർ തയ്യാറാകാത്തത് ദുരൂഹമാണെന്നും അവർ ആരോപിച്ചു.

## എം.പി. അബ്ദുൽഖാദർ അനുസ്മരണം ഇന്ന്

പെരുമ്പാവൂർ : മുസ്‌ലിം ലീഗ് വെങ്ങോല പഞ്ചായത്ത് കമ്മിറ്റിയുടെ നേതൃത്വത്തിൽ മുസ്‌ലിം ലീഗ് മുൻ ജില്ലാ പ്രസിഡന്റും, സംസ്ഥാന വർക്കിംഗ് കമ്മിറ്റി അംഗവുമായിരുന്ന എം പി അബ്ദുൽ ഖാദറിന്റെ അനുസ്മരണം സമ്മേളനം ഇന്ന് വൈകിട്ട് 7ന് അല്ലപ്ര മട്ടുമ്മൽ ആഡിറ്റോറിയത്തിൽ നടക്കും.

വിവിധ രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ പങ്കെടുക്കുന്ന ചടങ്ങിൽ മുസ്‌ലിം ലീഗ്, യൂത്ത് ലീഗ്, എം എസ് എഫ്, മറ്റു പോഷക സംഘടനാ ഭാരവാഹികൾ, പ്രവർത്തകർ തുടങ്ങി എല്ലാവരും കൃത്യസമയത്ത് തന്നെ എത്തിച്ചേരണമെന്ന് പഞ്ചായത്ത് കമ്മിറ്റി പ്രസിഡന്റ് എ.എ. ഹംസ, ജനറൽ സെക്രട്ടറി അൻസാർ അറയ്ക്കപ്പടി എന്നിവർ അറിയിച്ചു.

## പറവൂർ നഗരസഭ സെക്രട്ടറിക്ക് ചെയർമാന്റെ കാരണം കാണിക്കൽ നോട്ടീസ്

പറവൂർ: പറവൂർ നഗരസഭ സെക്രട്ടറി ജോ ഡേവിസിനു ചെയർമാൻ ബീന ശശിധരൻ മുനിസിപ്പൽ ആക്ട് സെക്ഷൻ 48(6) 48(12) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകി. നോട്ടീസ് ലഭിച്ചു 15 ദിവസത്തിനുള്ളിൽ മറുപടി നൽകാനാണ് ആവശ്യപ്പെട്ടിരിക്കുന്നത്.

നഗരസഭ ഓഫീസ് കെട്ടിടത്തിനു മുകളിലെ നിർമ്മിതി പൊളിച്ചു, മാറ്റണമെന്ന ഓംബുഡ്സ്മാന്റെ വിധിക്കെതിരെ അപ്പീൽ നൽകണമെന്ന നിർദ്ദേശം പാലിക്കാത്തതാണ് അടിസ്ഥാന കാരണം. ഈ വിഷയത്തിൽ പരാതിക്കാരന് അനുകൂലമായ നിലപാട് എടുത്തതും മറ്റു ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചതും അടക്കം പത്ത് കാര്യങ്ങൾക്കാണ് മറുപടി നൽകേണ്ടത്.

നേരെത്തെ കൗൺസിൽ തീരുമാനം മറികടന്ന് നവകേരള യാത്രക്ക് തുക അനുവദിക്കുകയും പിന്നീട് ഹൈക്കോടതി ഉത്തരവിനെ തുടർന്ന് തുക തിരിച്ചടക്കുകയും ചെയ്ത ചരിത്രമുണ്ട് സെക്രട്ടറിക്ക്.

## ഉദ്യോഗസ്ഥരുടെ മാലിന്യശേഖരണം

കാലടി: വനംവകുപ്പ് ഉദ്യോഗസ്ഥരുടെ മാലിന്യശേഖരണം ശ്രദ്ധേയമായി. മലയാറ്റൂർ കാരേക്കാട് ഫോറസ്റ്റ് സ്റ്റേഷന്റെ പരിധിയിൽ മാലിന്യങ്ങൾ നിക്ഷേപിക്കുന്നത് സ്ഥിരസംഭവമാണ്. മാലിന്യം നിക്ഷേപിക്കാൻ വരുന്നവർക്കെതിരെ അധികൃതർ നടപടിയെടുക്കാറുമുണ്ട്.എന്നാൽ മാലിന്യം നിക്ഷേപിക്കുന്നതിന് കുറവില്ലെന്നതാണ് കൗതുകം.ഇതേതുടർന്നാണ് വനമേഖലയിൽ നിഷേപിച്ചിട്ടുള്ള മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനായി ഉദ്യോഗസ്ഥർ തന്നെ നേരിട്ടിറങ്ങിയത്. ശുചീകരണ പ്രവർത്തനങ്ങൾ പഞ്ചായത്തംഗം പി. ജെ ബിജു ഉദ്ഘാടനം ചെയ്തു. ഡെപ്യൂട്ടി ഫോറസ്റ്റ് ഓഫീസർ കെ. കൃഷ്ണകുമാർ, ഗ്രേഡ് ഓഫീസർമാരായ രമേശ്,കരീം എന്നിവർ നേതൃത്വം നൽകി. സ്റ്റേഷനിലെ ബീറ്റ് ഫോറെസ്റ്റ് ഓഫീസർ മാരും,സ്റ്റാഫും സന്നിഹിതരായിരുന്നു.

## വനിതകൾക്ക് തൊഴിൽ പരിശീലനത്തിന് ഇവൈ ജിഡിഎസ്

കൊച്ചി: ഐടി രംഗത്തുണ്ടായിരുന്ന വനിതകളെ വീണ്ടും ജോലിയിൽ പ്രവേശിക്കുന്നതിന് പ്രാപ്തരാക്കുന്നതിന് ഇവൈ ഗ്ലോബൽ ഡെലിവറി സർവീസസ് (ഇവൈ ജിഡിഎസ്) ഇൻഫർമേഷൻ ആൻഡ് കമ്മ്യൂണിക്കേഷൻ ടെക്നോളജി അക്കാദമി ഓഫ് കേരളയുമായി (ഐടിസിഎകെ) സഹകരിക്കുന്നു. കരിയർ റീഇൻസ്റ്റേറ്റ് പ്രോഗ്രാമിന് കീഴിലാണ് തൊഴിൽ രംഗത്തേക്ക് തിരിച്ചെത്താൻ വനിതകൾക്ക് പരിശീലനം നൽകുന്നത്. വനിതകളുടെ വൈദഗ്ധ്യം ഉയർത്താനും, അവരെ തൊഴിൽരംഗത്തേക്ക് പുനഃസംയോജിപ്പിക്കാനും ലക്ഷ്യമിട്ടുള്ളതാണ് കരിയർ റീഇൻസ്റ്റേറ്റ് പ്രോഗ്രാം. ഐടി പശ്ചാത്തലമുള്ള, ഒന്നോ രണ്ടോ വർഷത്തെ പ്രവൃത്തിപരിചയവും മൂന്ന് വർഷം മുതൽ അഞ്ച് വർഷം വരെ കരിയർ ബ്രേക്കുമുള്ള വ്യക്തികളെയാണ് ഈ പ്രോഗ്രാമിലേക്ക് തിരഞ്ഞെടുക്കുന്നത്. കരിയർ റീഇൻസ്റ്റേറ്റ് പ്രോഗ്രാമിന്റെ നാലാമത്തെ പതിപ്പായിരുന്നു ഇത്. ഈ പ്രോഗ്രാമിന് കീഴിൽ ഇതുവരെ ആകെ 246 വനിതകൾ പരിശീലനം നേടി, ഇതിൽ 182 പേർ ഇവൈ ജിഡിഎസിൽ ജോലിക്കായി ഷോർട്ട്ലിസ്റ്റ് ചെയ്യപ്പെട്ടു. ഈ വർഷം പരിശീലനം ലഭിച്ച 78 വനിതകളിൽ 59 പേരാണ് ഷോർട്ട്ലിസ്റ്റ് ചെയ്യപ്പെട്ടത്. ഉദ്യോഗാർഥികൾക്ക് നൽകുന്ന 12 ദിവസത്തെ പരിശീലനത്തിൽ, തിരുവനന്തപുരത്തെയും കൊച്ചിയിലെയും ഐസിടിഎകെ കേന്ദ്രങ്ങളിലെ നേരിട്ടുള്ള സെഷനുകളും ഉൾപ്പെടുന്നു.

## അമൃതയിൽ കാർടി സെൽ തെറാപ്പി സെന്റർ ഉദ്ഘാടനം 6 ന്

കൊച്ചി: ക്യാൻസർ ചികിത്സാ രംഗത്തെ വിപ്ലവകരമായ നേട്ടമായ കാർ ടി സെൽ തെറാപ്പി ക്കായി കൊച്ചി അമൃത ആശുപത്രിയിൽ പ്രത്യേക സെന്റർ ഓഫ് എക്സലൻസ് തുടങ്ങുന്നു.

സെന്ററിന്റെ ഉദ്ഘാടനം നാളെരാവിലെ 10 മണിക്ക് ആശുപത്രിയിൽ നടക്കുന്ന ചടങ്ങിൽ കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ നിർവഹിക്കും. അമൃത ഹോസ്പിറ്റൽസ് ഗ്രൂപ്പ് മെഡിക്കൽ ഡയറക്ടർ ഡോ.പ്രേം നായർ അധ്യക്ഷത വഹിക്കും.

സെന്ററിന്റെ ഉദ്ഘാടനത്തോടനുബന്ധിച്ച് വൈകീട്ട് 4 മണിക്ക് ലെ മെറീഡിയനിൽ നടക്കുന്ന സിംപോസിയത്തിൽ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള ഡോക്ടർമാർ ചർച്ചകൾക്ക് നേതൃത്വം നൽകും.

## യാത്രക്കാർക്ക് മുന്നറിയിപ്പ്

കാലടി: ദേശം വല്ലംകടവ് റോഡിലെ ചൊവ്വര അൽഅമീൻ സ്കൂളിന് സമീപം ഇന്റർലോക്കിംഗ് ടൈൽ വിരിക്കുന്ന പ്രവർത്തി നടക്കുന്നതിനാൽ ഇത് പൂർത്തിയാകും വരെ ഗതാഗതം പൂർണ്ണമായും നിരോധിച്ചിരിക്കുന്നു.

യാത്രക്കാർ സഞ്ചാരത്തിനായി മറ്റ് റോഡുകൾ ഉപയോഗിക്കേണ്ടതാണെന്നും നാഷണൽ ഹൈവേ വിഭാഗം അറിയിച്ചു.

## വിമാനത്തിൽ യാത്രക്കാരിക്ക് ദേഹാസ്വാസ്ഥ്യം, രക്ഷകനായി മലയാളി ഡോക്ടർ

കൊച്ചി: വിമാനത്തിൽ ശാരീരിക അവശതകൾ നേരിട്ട യാത്രക്കാരിയെ രക്ഷിക്കാൻ ഡോക്ടറെ സഹായിച്ചത് കൈയ്യിലുണ്ടായിരുന്ന സ്മാർട്ട് വാച്ച്!.

ജൂലൈ രണ്ടിന് രാത്രി ഡൽഹിയിൽ നിന്നും സാൻഫ്രാൻസിസ്കോയിലേക്ക് പോയ എയർ ഇന്ത്യ വിമാനത്തിലെ 56 വയസുകാരിക്കാണ് യാത്രക്കിടെ കടുത്ത തലകറക്കവും, ആവർത്തിച്ചുള്ള ഛർദിയും ഉണ്ടായത്. ഇത് ശ്രദ്ധയിൽ പെട്ട വിമാനത്തിലെ ഏക ഡോക്ടറും, യാത്രികനുമായ ആലുവ രാജഗിരി ആശുപത്രി മെഡിക്കൽ ഡയറക്ടർ ഡോ. ജിജി വി കുരുട്ടുകുളം രോഗിയെ നിലത്ത് കിടത്താൻ നിർദേശിക്കുകയായിരുന്നു.

രോഗിയുടെ ഹൃദയമിടിപ്പ് നിരീക്ഷിക്കാൻ സ്മാർട്ട് വാച്ചാണ് ഉപയോഗിച്ചത്. വാച്ച് ഉപയോഗിച്ച് രോഗിയുടെ ഓക്സിജൻ സാച്ചുറേഷൻ കുറവാണെന്നും, രക്തസമ്മർദം കൂടിയിരിക്കുന്നതായും മനസിലാക്കി, തുടർന്ന് വിമാനത്തിൽ ലഭ്യമായിരുന്ന മെഡിക്കൽ കിറ്റിൽ നിന്നും ആവശ്യമായ മരുന്നുകൾ നൽകിയതോടെ യാത്രക്കാരി ആരോഗ്യം വീണ്ടെടുക്കുകയായിരുന്നു. അടുത്തുള്ള വിമാനത്താവളത്തിലേക്ക് ഫ്ളൈറ്റ് വഴി തിരിച്ചുവിടാനുള്ള തീരുമാനം ഡോക്ടറുടെ ഉറപ്പിൽ ക്യാപ്റ്റൻ വേണ്ടെന്ന് വച്ചു. ജീവനക്കാർ നേരത്തെ അറിയിച്ചതനുസരിച്ച് മെഡിക്കൽ സംഘം വിമാനത്താവളത്തിൽ രോഗിയെ കാത്ത് നിന്നിരുന്നു. തീവ്ര പരിചരണ വിഭാഗത്തിൽ പ്രവേശിപ്പിച്ച രോഗി സുഖം പ്രാപിച്ച് വരുന്നതായി ആശുപത്രി അധികൃതർ പറഞ്ഞു.

സമയോചിത ജീവൻ രക്ഷാപ്രവർത്തനത്തിന് ഡോക്ടറോട് നന്ദി അറിയിച്ച് വിമാനത്തിലെ ജീവനക്കാരും ക്യാപ്റ്റനും പ്രത്യേക സമ്മാനവും നൽകി.

വിമാനത്തിൽ തിരിച്ചറിയൽ കാർഡ് പരിശോധിച്ചതിന് ശേഷം മാത്രമേ കുത്തിവയ്പ്പ് അടക്കമുള്ള ചികിത്സകൾ നൽകാൻ അനുവദിക്കൂ എന്നതിനാൽ യാത്ര ചെയ്യുമ്പോൾ ഡോക്ടർമാർ എപ്പോഴും അവരുടെ ഐഡി കൈവശം വയ്ക്കുന്നത് യാത്രക്കാർക്ക് സഹായകരമാവുമെന്ന് ഡോക്ടർ ജിജി പറഞ്ഞു.

## ചെറായി മൃഗാശുപത്രിയിൽ ഒൻപത് മാസമായി ഡോക്ടറില്ല



പള്ളിപ്പുറത്തെ മൃഗാശുപത്രി കെട്ടിടം, നവീകരണത്തിനായി പൊളിച്ച സ്ഥലത്തെ നിർമാണ പ്രവർത്തനങ്ങൾ മുടങ്ങിക്കിടക്കുന്നതും കാണാം.

കൊച്ചി: വൈപ്പിൻ പള്ളിപ്പുറം പഞ്ചായത്തിലെ ചെറായി മൃഗാശുപത്രിയിൽ 9 മാസമായി ഡോക്ടറുടെ സേവനമില്ല. 23 വാർഡുകളുള്ള പള്ളിപ്പുറം പഞ്ചായത്തിൽ അഞ്ഞൂറോളം ക്ഷീരകർഷകരുടേതായി 1500ലേറെ കന്നുകാലികളുണ്ട്. നിരവധി വീടുകളിൽ കോഴി വളർത്തലുമുണ്ട്. ഇവരെല്ലാം ആശ്രയിക്കുന്ന ആശുപത്രിയിലാണ് 9 മാസത്തിലേറെയായി ഡോക്ടറുടെ സേവനമില്ലാത്തത്. മികച്ച രീതിയിൽ പ്രവർത്തിക്കുന്ന ക്ഷീര സംഘങ്ങളിലൂടെ നിരവധി കുടുംബങ്ങൾ മികച്ച വരുമാനവും കണ്ടെത്തിയിരുന്നു. എന്നാൽ ഇപ്പോൾ പശുക്കൾക്ക് ഒരു രോഗം വന്നാൽ ചികിത്സക്കായി മറ്റിടങ്ങളിൽ ചെല്ലേണ്ട അവസ്ഥയാണ്. വാഹനകൂലിയടക്കം നല്ല തുകയാണ് ഈ ഇനത്തിൽ സാധാരണക്കാർക്ക് ചെലവാകുന്നത്. ഡോക്ടറില്ലാത്തതിനാൽ കിട്ടേണ്ട പല അനുകൂല്യങ്ങളും ലഭിക്കുന്നില്ലെന്നും പരാതിയുണ്ട്. നേരത്തേ ഉണ്ടായിരിന്ന ഡോക്ടർ സ്ഥലം മാറി പോയതോടെ രണ്ടു ജീവനക്കാർ മാത്രമാണ് ഇപ്പോൾ നിലവിൽ അവിടെയുള്ളത്. ആശുപത്രി പൊളിച്ചു പണിയുന്നതിനായി കെട്ടിടം പൊളിച്ചിട്ടിട്ട് നിരവധി നാളുകളായി. ഫണ്ട് അനുവദിച്ചിട്ടും നിർമാണ പ്രവർത്തനങ്ങളെല്ലാം ഇഴഞ്ഞു നീങ്ങുന്ന സ്ഥിതിയാണെന്ന് നാട്ടുകാർ പരാതിപ്പെടുന്നു. നിരവധി പരാതികൾ നൽകിയിട്ടും അധികൃതർ അനാസ്ഥ തുടരുകയാണെന്ന് യൂത്ത് കോൺഗ്രസ് സംസ്ഥാന സെക്രട്ടറി പി.എ നോബൽകുമാർ പറഞ്ഞു.ശ്വാശ്വത പരിഹാരം കണ്ടില്ലെങ്കിൽ ശക്തമായ പ്രതിഷേധസമരങ്ങൾ സംഘടിപ്പിക്കുമെന്നും അദ്ദേഹം മുന്നറിയിപ്പ് നൽകി.

## കോതമംഗലം ഉപ്പുകണ്ടത്ത് കാട്ടുകൊമ്പൻ ഷോക്കേറ്റ് ചെരിഞ്ഞു



ഷോക്കേറ്റ കൊമ്പനാന ചെരിഞ്ഞ നിലയിൽ

കോതമംഗലം: പിണ്ടിമന കോട്ടപ്പടി പഞ്ചായത്തിന്റെ അതിർത്തിയിൽ ഉപ്പുകണ്ടത്തിന് സമീപം ഷോക്കേറ്റ് കൊമ്പനാന ചെരിഞ്ഞു. ഉപ്പുകണ്ടത്തിനടുത്ത് മുണ്ടക്കൽ എസ്റ്റേറ്റിലാണ് കൊമ്പനാനയെ ചെരിഞ്ഞ നിലയിൽ കണ്ടെത്തിയത്. 220 കെ വി ലൈനിലേക്ക് പനമറിച്ചിട്ടപ്പോൾ കാട്ടു കുട്ടിക്കൊമ്പൻ ചെരിഞ്ഞതാകാമെന്നാണ് പ്രാഥമിക നിഗമനം. മേക്കപ്പാല ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിൽ വരുന്നതാണ കാട്ടു കൊമ്പൻ ചെരിഞ്ഞ പ്രദേശം.

കോടനാട്, തുണ്ടം വനമേഖലകളിൽ നിന്ന് സ്ഥിരമായി കാട്ടാനകൾ ഇറങ്ങുന്ന മേഖലയാണിവിടം.കോട്ടപ്പടി, പിണ്ടിമന, കീരംപാറ പഞ്ചായത്തുകളിൽ കാട്ടാനശല്യം രൂക്ഷമായിട്ടു കാലങ്ങൾ ഏറെയായി. ഈ മേഖലയിൽ വളർത്തു മൃഗങ്ങൾക്കും നാട്ടുകാർക്കും ആനയുടെ ആക്രമണം പലപ്പോഴുമുണ്ടായിട്ടുണ്ട്. ഇതോടൊപ്പം കാർഷിക വിളകൾക്കും നിരവധിയായ നാശനഷ്ടങ്ങൾ വന്നിട്ടുണ്ട്. ഇതുമായി ബന്ധപെട്ട് നിരവധി പരാതികൾ നൽകിയിട്ടുണ്ടെങ്കിലും അധികൃതരുടെ ഭാഗത്ത് നിന്ന് ഇടപെടലുകൾ നടത്തിയിട്ടില്ലെന്നാണ് നാട്ടുകാരുടെ പരാതി. ആന ചെരിഞ്ഞ വിവരം അറിഞ്ഞ് മലയാറ്റൂർ ഫോസ്റ്റ് ഡിവിഷനിലെ തുണ്ടം, കോടനാട് റേഞ്ചുകളിലെ വനപാലകർ സംഭവസ്ഥലത്തെത്തി. പ്രാഥമ പരിശോധനകൾ നടത്തിയ ശേഷം ക്രെയിൻ ഉപയോഗിച്ച് ആനയുടെ ജഡം ലോറിയിൽ കയറ്റികൊണ്ടുപോയി. വനംവകുപ്പ് വെറ്റിനറി സർജന്റെ നേതൃത്വത്തിൽ നടത്തുന്ന പോസ്റ്റ്മാർട്ടത്തിന് ശേഷമാകും ആനയുടെ ജഡം സംസ്ക്കരിക്കുകയെന്ന് വനംവകുപ്പ് ഉദ്യോഗസ്ഥർ അറിയിച്ചു.



വാഴക്കുളം പഞ്ചായത്തിൽ ബെന്നി ബഹനാൻ എം.പിക്ക് നൽകിയ സ്വീകരണം മുസ്‌ലിം ലീഗ് സംസ്ഥാന പ്രവർത്തക സമിതിയംഗം എൻ.വി.സി.അഹമ്മദ് ഉദ്ഘാടനം ചെയ്യുന്നു

## ബെന്നി ബഹനാൻ എം.പിക്ക് സ്വീകരണം നൽകി

പെരുമ്പാവൂർ: രണ്ടാം തവണയും തെരഞ്ഞെടുക്കപ്പെട്ട ബെന്നി ബഹനാൻ എം.പിക്ക് വാഴക്കുളം പഞ്ചായത്തിൽ സ്വീകരണം നൽകി. വാഴക്കുളം നോർത്ത് മണ്ഡലം യു.ഡി.എഫ് ചെയർമാൻ ഷമീർ തുകലിൽ അധ്യക്ഷത വഹിച്ചു. ജനറൽ കൺവീനർ കെ.കെ. ഷാജഹാൻ സ്വാഗതം പറഞ്ഞു.

മുസ്‌ലിം ലീഗ് സംസ്ഥാന പ്രവർത്തക സമിതിയംഗം എൻ.വി.സി.അഹമ്മദ് ഉദ്ഘാടനം ചെയ്തു.

ചടങ്ങിൽ കെ.പി.സി.സി ജനറൽ സെക്രട്ടറി അബ്ദുൾ മുത്തലിബ്, ഡി.സി.സി.സെക്രട്ടറി ടി.എച്ച്.അബ്ദുൾ ജബ്ബാർ, കോൺഗ്രസ് മണ്ഡലം പ്രസിഡണ്ട് അഷറഫ് തേനൂരാൻ ,കെ.എ. അബ്ദുൾ അസീസ്, അഷറഫ് ടി മുഹമ്മദ്, എന്നിവർ പ്രസംഗിച്ചു.

## ഡീൻ കുര്യാക്കോസ് എം.പി.യുടെ പര്യടനം ഇന്നും, നാളെയും

മൂവാറ്റുപുഴ: വൻ ഭൂരിപക്ഷത്തോടെ രണ്ടാം തവണയും തെരഞ്ഞെടുക്കപ്പെട്ട ഡീൻ കുര്യാക്കോസ് എം.പി. ഇന്നും, നാളെയും മൂവാറ്റുപുഴ നിയോജക മണ്ഡലത്തിൽ പര്യടനം നടത്തും. ഇന്ന് പാലക്കുഴ, ആരക്കുഴ, മാറാടി പഞ്ചായത്തുകളിൽ പര്യടനം നടത്തും.

രാവിലെ 7ന് വടക്കൻ പാലക്കുഴയിൽ നിന്നാരംഭിച്ച് ഉച്ചക്ക് 2 മണിക്ക് ഉല്ലാപ്പിള്ളിയിൽ സമാപിക്കും. ശനിയാഴ്ച രാവിലെ 7ന് പെരുമറ്റത്ത് നിന്ന് തുടങ്ങി പായിപ്ര, വാളകം, ആവോലി പഞ്ചായത്തുകളിലും, മൂവാറ്റുപുഴ മുനിസിപ്പൽ ടൗണിലും പര്യടനം നടത്തുമെന്ന് യു.ഡി.എഫ്. നിയോജക മണ്ഡലം ചെയർമാൻ കെ.എം. സലിമും, കൺവീനർ കെ.എം.അബ്ദുൽ മജീദും അറിയിച്ചു.

വിവിധ കേന്ദ്രങ്ങളിൽ യു.ഡി.എഫ്. കമ്മിറ്റികളുടെ നേതൃത്വത്തിൽ ഡീൻ കുര്യാക്കോസിന് സ്വീകരണം നൽകും.

## വിദ്യാലയത്തിൽ നിന്നും വായനശാലയിലേക്ക്



കെ.വൈ.എൽ.പി.എസ് വിദ്യാർത്ഥികൾ പുസ്തകങ്ങളെ പരിചയപ്പെടുന്നു

ആലുവ: തുരുത്ത് ഗവ. കെ.വൈ.എൽ.പി.സ്കൂളിലെ വിദ്യാർത്ഥികൾ തുരുത്ത് റോട്ടറി ഗ്രാമദളം വായനശാലയിലെത്തി. കഥയും,കവിതയും, ബാലസാഹിത്യവും ഒക്കെ അടങ്ങുന്ന പുസ്തകങ്ങളെയും, രചയിതാക്കളെയും പരിചയപ്പെടുകയും, വായിക്കുകയും ചെയ്തു.

കുട്ടികളുടെ സംശയങ്ങൾ ലൈബ്രറി ഭാരവാഹികളോടും ലൈബ്രേറിയനോടും ചോദിച്ചു മനസിലാക്കി.

ഹെഡ്മിസ്ട്രസ് ബിന്ദു, അധ്യാപകരായ ശ്രീജിഷ, നീതു എന്നിവർക്കൊപ്പമാണ് വിദ്യാർത്ഥികൾ ലൈബ്രറി സന്ദർശിച്ചത്.

ലൈബ്രറി പ്രസിഡന്റ് പി.സി. സതീഷ് കുമാർ, വൈസ് പ്രസിഡന്റ് ഗായത്രിവാസൻ, ജോ. സെക്രട്ടറി എസ് രാധാകൃഷ്ണൻ, കമ്മിറ്റിയംഗം പി.കെ. സുഭാഷ്, ലൈബ്രേറിയൻ പുഷ്പ്പമണിപ്പിള്ള എന്നിവർ വിദ്യാർത്ഥികളെ വരവേറ്റു.

അവർക്ക് വായനക്കായി പുസ്തകങ്ങൾ നൽകുകയും, മിഠായികൾ നൽകുകയും ചെയ്തു.

## വിദ്യാർഥികൾ പബ്ലിക് ലൈബ്രറി സന്ദർശിച്ചു

കൊച്ചി: വായനാദിന മാസാചരണത്തിന്റെ ഭാഗമായി എറണാകുളം ഗവ ഗേൾസ് എൽപി സ്കൂളിലെ കുട്ടികൾ പബ്ലിക് ലൈബ്രറി സന്ദർശിച്ചു.


വിദ്യാർഥികളും അധ്യാപകരും രക്ഷിതാക്കളുമടക്കം അൻപതോളം പേർ രാവിലെ പത്തു മുതൽ ഉച്ചക്ക് 12.30 വരെ പബ്ലിക് ലൈബ്രറിയിൽ ചെലവഴിച്ചു. പബ്ലിക് ലൈബ്രറി സെക്രട്ടറി കെ.പി അജിത്ത് കുമാർ ലൈബ്രറിയുടെ പ്രവർത്തനങ്ങളെക്കുറിച്ച് വിശദീകരിച്ചു. ഭരണസമിതി അംഗങ്ങളായ എൻ.അജിത്ത് കുമാർ, ഇ.കെ ഗോകുലൻ, ഇ. അബ്ദുൾ കലാം തുടങ്ങിയവർ പങ്കെടുത്തു.

## എച്ച് എസ്.ടി ഹിന്ദി ഒഴിവ്

ആലുവ : കുട്ടമശ്ശേരി ഗവൺമെൻറ് ഹൈസ്കൂളിൽ ദിവസ വേതനാ അടിസ്ഥാനത്തിൽ ഒരു ഹൈസ്കൂൾ ടീച്ചർ ഹിന്ദി ഒഴിവുണ്ട്. യോഗ്യരായിട്ടുള്ളവർ അസ്സൽ സർട്ടിഫിക്കറ്റുകൾ സഹിതം ഇന്നു രാവിലെ 10 30 ന് സ്കൂൾ ഓഫീസിൽ ഹാജരാകണം.

# ഓൺലൈൻ തട്ടിപ്പ്: കവർന്നത് മൂന്നുകോടി

ആലുവ: റൂറൽ ജില്ലയിൽ സമീപ കാലത്തായി ഓൺലൈൻ തട്ടിപ്പ് സംഘം കവർന്നത് മൂന്നു കോടിയിലേറെ രൂപ. ഓൺലൈൻ ട്രേഡിംഗിലൂടെയും, നിക്ഷേപത്തിലൂടെയും ലക്ഷങ്ങൾ ലാഭമുണ്ടാമെന്ന് പറഞ്ഞ് രണ്ട് കോടിയോളം രൂപയും, വ്യാജ അന്വേഷണ ഉദ്യോഗസ്ഥർ ചമഞ്ഞ് ഒരു കോടി പതിനഞ്ച് ലക്ഷം രൂപയുമാണ് തട്ടിയെടുത്തത്. പണം നഷ്ടമായവരിൽ ഏറെയും ഉയർന്ന വിദ്യാഭ്യാസവും, നല്ല ജോലിയുമൊക്കെയുള്ളവരാണ്. മുംബൈ കൊളാബ പൊലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത കേസ് പ്രകാരം സുപ്രീം കോടതി വാറണ്ട് പുറപ്പെടുവിച്ചിട്ടുണ്ട് എന്നു പറഞ്ഞാണ് ആലുവ സ്വദേശിയായ സീനിയർ സിറ്റിസണിൽ നിന്ന് തട്ടിപ്പുസംഘം ഒരു കോടി പതിനഞ്ച് ലക്ഷം രൂപ തട്ടിയത്. വാട്സാപ്പ് കോളിലൂടെ ഉയർന്ന ഉദ്യോഗസ്ഥന്റെ യൂണിഫോം ധരിച്ച് ആണ് തട്ടിപ്പുസംഘം ചാറ്റ് ചെയ്തത്. എഫ്.ഐ.ആറിന്റെയും വാറന്റിന്റേയും, പോലുള്ളവയുടെ കോപ്പിയും കാണിച്ചു. സെക്യൂരിറ്റി ചെക്കിംഗിന്റെ ഭാഗമായി അക്കൗണ്ടിലുള്ള പണം എത്രയും വേഗം മാറ്റാനാണ് സംഘം ആവശ്യപ്പെട്ടത്. മറ്റാരുമായി സംസാരിക്കാനോ, ഇടപെടാനോ അവസരം കൊടുക്കാത്ത വിധത്തിൽ തന്ത്രപരമായി വിശ്വസിപ്പിക്കുകയും, ഭീഷണിപ്പെടുത്തുകയും ചെയ്തു. ആറ് ട്രാൻസാക്ഷനുകളിലായിട്ടാണ് അവർ പറഞ്ഞ അക്കൗണ്ടിലക്ക് പണം മാറ്റിയത്. തട്ടിപ്പായിരുന്നു എന്നു മനസിലാക്കിയപ്പോഴേക്കും ഏറെ വൈകിയിരുന്നു. ഭയംകൊണ്ട് ഏറെ നാളുകൾ കഴിഞ്ഞാണ് ഇദ്ദേഹം സംഭവം ബന്ധുവിനോട് പറഞ്ഞത്. പൊലീസ് നടത്തിയ അന്വേഷണത്തിൽ ഇതുമായി ബന്ധപ്പെട്ട് 6 പേരെ അറസ്റ്റ് ചെയ്തു.



ഓൺലൈൻ ട്രേഡിംഗിലൂടെ കാലടി സ്വദേശിക്ക് 50 ലക്ഷമാണ് നഷ്ടപ്പെട്ടത്. അമേരിക്കൻ കമ്പനിയുടെ ഇന്ത്യൻ പ്രൊമോട്ടറാണെന്ന് പറഞ്ഞ് സമൂഹ മാധ്യമത്തിലൂടെ പരിചയപ്പെട്ട ആൾവഴിയാണ് ട്രേഡിംഗിൽ പണം നിക്ഷേപിച്ചതും തട്ടിപ്പിനിരയായതും. ഇതിൽ റൂറൽ സൈബർ പൊലീസ് സ്റ്റേഷൻ ടീം നടത്തിയ അന്വേഷണത്തിൽ 40 ലക്ഷം രൂപ തിരിച്ചു പിടിക്കാൻ കഴിഞ്ഞു. 6 പേരെ അറസ്റ്റ് ചെയ്തു.

ആലുവ സ്വദേശിനിക്ക് ഓൺലൈൻ ട്രേഡിംഗിലൂടെ 45 ലക്ഷം രൂപയാണ് നഷ്ടമായത്. ഉയർന്ന മേഖലയിൽ ജോലി ചെയ്യുന്നയാളാണ് തട്ടിപ്പിനിരയായത്. ഇതിൽ മൂന്നുപേർ അറസ്റ്റിലായി.

കോതമംഗലം സ്വദേശിക്ക് 33 ലക്ഷവും നഷ്ടമായി. ആലുവ ഭാഗത്ത് താമസിക്കുന്നയാൾക്ക് 22 ലക്ഷവും ഒൺലൈൻ വ്യാപാരതട്ടിപ്പിലൂടെ നഷ്ടപ്പെട്ടു.

വൻ ലാഭം വാഗ്ദാനം ചെയ്താണ് ട്രേഡിംഗ് തട്ടിപ്പ് സംഘങ്ങൾ സമീപിക്കുന്നത്. ഇത്തരം തട്ടിപ്പിൽ വീഴാതെ, ഇവരുടെ വാഗ്ദാനങ്ങൾ വിശ്വസിക്കാതെ ജാഗ്രത പാലിക്കണമെന്ന് ജില്ലാ പൊലീസ് മേധാവി വൈഭവ് സക്സേന പറഞ്ഞു.

## അസാപ് ജോബ് ഫെയർ

കോട്ടയം: കേരള സർക്കാർ സംരംഭമായ അസാപ് കേരളയുടെ പാമ്പാടി കമ്മ്യൂണിറ്റി സ്കിൽ പാർക്കിൽ ജൂലൈ ആറിന് ജോബ് ഫെയർ നടത്തുന്നു.
പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ താഴെ ലിങ്ക് https://forms.gle/pSC3TCDazCqec Pm47 എന്ന ലിങ്കിൽ രജിസ്റ്റർ ചെയ്യണം. രജിസ്ട്രേഷൻ സൗജന്യം. എസ്.എസ്.എൽ.സി, പ്ലസ്ടു, ഐ.ടി.ഐ, ഡിപ്ലോമ, ഡിഗ്രി യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾക്ക് ഡെവലപ്പ്മെന്റ് മാനേജർ, ഫിനാൻഷ്യൽ അഡൈ്വസർ, സ്റ്റോർ മാനേജർ, അഡ്മിനിസ്ട്രേഷൻ മാനേജർ, യൂണിറ്റ് മാനേജർ, ഓഫീസ് സ്റ്റാഫ്, പാക്കിങ് സെക്ഷൻ, അക്കൗണ്ടന്റ്, സെയിൽസ് ആൻഡ് മാർക്കറ്റിംഗ് എന്ന ഒഴിവുകളിലേക്ക് ആണ് ഇന്റർവ്യൂ നടത്തുന്നത്. വിശദവിവരങ്ങൾക്ക് 8590118698,9495999731

## കോട്ടയത്ത് ലോറിയിടിച്ച് യുവതിക്ക് പരിക്ക്

കോട്ടയം :നഗരമധ്യത്തിൽ ആകാശപ്പാതയ്ക്കു ചുവട്ടിൽ ലോറിയിടിച്ച് റോഡിൽ വീണുണ്ടായ അപകടത്തിൽ യുവതിക്ക് പരിക്ക്.
പാമ്പാടി സ്വദേശി നിഷയ്ക്ക് ആണ് പരിക്കേറ്റത്. ഇവരെ കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. വ്യാഴാഴ്ച ഉച്ചയ്ക്ക് 1.15 ഓടെ കോട്ടയം നഗരസഭ ഓഫിസിനു മുന്നിൽ ആകാശപ്പാതയ്ക്കു സമീപമായിരുന്നു അപകടം. റോഡ് മുറിച്ച് കടന്ന് ശാസ്ത്രി റോഡിലെ ബസ് സ്റ്റോപ്പിലേയ്ക്കു പോകുകയായിരുന്നു നിഷയെ തിരുനക്കര ഭാഗത്തു നിന്നും എത്തിയ ലോറി ഇവരെ ഇടിച്ചു വീഴ്ത്തുകയായിരുന്നു. ലോറി ഇവരുടെ കാലിലൂടെ കയറിയിറങ്ങി. അപകടത്തിൽപ്പെട്ട യുവതി അരമണിക്കൂറോളം റോഡിൽ വീണു കിടക്കുന്ന സാഹചര്യമുണ്ടായി. തുടർന്ന്, ആംബുലൻസ് വിളിച്ചു വരുത്തിയാണ് യുവതിയെ കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിൽ എത്തിച്ചത്. ഇവരുടെ കാലിന് ഒടിവുണ്ടായിട്ടുണ്ട്.

# കോട്ടയം വാർത്തകൾ

## മണർകാട് പള്ളിയിൽ ആരാധന ക്രമീകരണങ്ങളിൽ മാറ്റം

മണർകാട്: മണർകാട് മർത്തമറിയം യാക്കോബായ സുറിയാനി കത്തീഡ്രലിൽ (താഴത്തെ പള്ളിയിൽ) പാനലിംഗ് പണികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ഞായറാഴ്ചകളിലും തുടർച്ചയായി പണികൾ നടത്തേണ്ടതുള്ളത് കൊണ്ട് ജൂലൈ 7, 14, 21 എന്നീ ഞായറാഴ്ചകളിൽ താഴത്തെ പള്ളിയിൽ കുർബ്ബാന ഉണ്ടായിരിക്കുന്നതല്ല. കരോട്ടെ പള്ളിയിൽ ഞായറാഴ്ചകളിൽ രാവിലെ നടത്തിവരാറുള്ള കുർബ്ബാനയുടെ സമയത്തിൽ മാറ്റം വരുത്തി, മേൽപ്പറഞ്ഞ ദിവസങ്ങളിൽ രാവിലെ 7.30ന് പ്രഭാത പ്രാർത്ഥനയും, 8.30ന് മൂന്നിന്മേൽ കുർബ്ബാനയും നടത്തപ്പെടുമെന്ന് വികാരി വെരി.റവ. ഈ.റ്റി. കുറിയാക്കോസ് കോർ എപ്പിസ്കോപ്പാ ഇട്ടിയാടത്ത് അറിയിച്ചു.

## സ്കൂൾ റേഡിയോയുമായി അടുക്കം ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ

ഈരാറ്റുപേട്ട : കുട്ടി മികവുകളെ അടുത്തറിയാനും കുറ്റമറ്റതാക്കി ലോകത്തിനു മുന്നിൽ പ്രസരിപ്പോടെ അവതരിപ്പിക്കുന്നതിനുമായി സ്കൂളിന്റെ എഴുപത്തഞ്ചാം വാർഷികത്തോടനുബന്ധിച്ചു 'അടുക്കം വോയ്സ് 75.0' എന്ന പേരിൽ സ്കൂൾ റേഡിയോ പരിപാടിയുമായി അടുക്കം ഗവ. ഹയർ സെക്കണ്ടറി സ്കൂൾ. എല്ലാ ദിവസവും ഉച്ചയ്ക്ക് 1.15 ആയിരിക്കും പരിപാടി അവതരിപ്പിക്കുന്നത്.
'അടുക്കം വോയ്സ് 75.0' സ്കൂൾ റേഡിയോയുടെ പ്രവർത്തനോദ്ഘാടനം തലനാട് ഗ്രാമപഞ്ചായത്ത് അംഗം വത്സമ്മ ഗോപിനാഥ് പാട്ടു പാടി നിർവഹിച്ചു. തുടർന്ന് സ്റ്റാഫ് സെക്രട്ടറി വിനീത് കെ. ആർ കുട്ടികൾക്ക് പദ്ധതിയുമായി ബന്ധപ്പെട്ട നിർദേശങ്ങൾ നൽകി. സ്കൂൾ ഹെഡ്മാസ്റ്റർ ഇൻ ചാർജ് യാസർ സലിം ആശംസകൾ നേർന്നു. വിമല ടോം, റുകസാന പി കരീം, റസിയ സി എ എന്നിവർ സംസാരിച്ചു.

## മുണ്ടക്കയം ഗവ: ആശുപത്രി താലൂക്ക് ആശുപത്രിയായി ഉയർത്തണം

മുണ്ടക്കയം: മുണ്ടക്കയം ഗവർമെന്റ് ആശുപത്രി താലൂക്ക് ആശുപത്രിയായി ഉയർത്തുന്നതിന് പ്രപ്പോസൽ സമർപ്പിച്ചതായി ജില്ലാ മെഡിക്കൽ ഓഫീസർ.
ആശുപത്രിയുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കണം,എക്സ് റേ,ലാബ്,സ്കാനിംഗ് സൗകര്യങ്ങൾ ഏർപ്പെടുത്തണമെന്നാവശ്യപ്പെട്ട് പൊതുപ്രവർത്തകനായ അജീഷ് വേലനിലം കാഞ്ഞിരപ്പള്ളി താലൂക്ക് ലീഗൽ സർവ്വീസ് കമ്മറ്റിയിൽ സമർപ്പിച്ച പരാതിയിൽ ജില്ലാ മെഡിക്കൽ ഓഫീസർ സമർപ്പിച്ച മറുപടിയിലാണ് മുണ്ടക്കയം ഗവർമെന്റ് ആശുപത്രി താലൂക്ക് ആശുപത്രിയായി ഉയർത്തുന്നതിന് പ്രൊപ്പോസൽ സമർപ്പിച്ചതായി അറിയിച്ചത്.
എക്സ് റേ സംവിധാനമൊരുക്കുന്നതിനുള്ള പണികൾ നടന്നുവരുന്നതായും ആശുപത്രിയുടെ ഗ്രേഡ് പ്രകാരം സ്കാനിംഗ്,ഡയാലിസിസ് യൂണിറ്റ് സംവിധാനമൊരുക്കുവാൻ കഴിയില്ലെന്നും ഇരുപത്തിനാല് മണിക്കൂർ ഡോക്ടറുടെ സേവനം ഏർപ്പെടുത്തുവാനുള്ള പോസ്റ്റ് സ്ഥാപനത്തിൽ ഇല്ലെന്നും ഡി എം ഒ അറിയിച്ചു.

## പുസ്തകപ്രകാശനം

പത്തനംതിട്ട : കഥാകൃത്ത് ഉണ്ണിക്കൃഷ്ണൻ കളീക്കലിന്റെ രണ്ടാമത്തെ കഥാസമാഹരം 'മറവ്'ന്റെ പ്രകാശനം നാളെ 02:30ന് പത്തനംതിട്ട ഥങഇഅ ഹാളിൽ നടക്കും. സാഹിത്യ അക്കാദമി പുരസ്കാരജേതാവും കഥാകൃത്തും നോവലിസ്റ്റുമായ വി. ഷിനിലാൽ പുസ്തകം കവി കെ. രാജഗോപാലിനു നൽകി പ്രകാശനം ചെയ്യും.
കഥാകാരനും ഫോക് ലോറിസ്റ്റുമായ ഡോ. ബി. രവികുമാർ അദ്ധ്യക്ഷത വഹിക്കും. കവിയും നിരൂപകനുമായ ഡോ. നിബുലാൽ വെട്ടൂർ പുസ്തകം പരിചയപ്പെടുത്തും.

## സ്വർണ്ണ ചെയിൻ കളഞ്ഞുകിട്ടി

പാമ്പാടി : ഇന്നലെ വൈകിട്ടോടുകൂടി പാമ്പാടി ടൗൺ ഭാഗത്ത് വച്ച് സ്വർണ്ണ ചെയിൻ കളഞ്ഞു കിട്ടി. ഇത് പാമ്പാടി സ്റ്റേഷനിൽ സൂക്ഷിച്ചിട്ടുണ്ട്.ഉടമ പാമ്പാടി പോലീസ് സ്റ്റേഷനുമായി ബന്ധപ്പെടേണ്ടതാണ്. ഫോൺ: 04812505322

## താലൂക്ക് വികസനസമിതി യോഗം

കാഞ്ഞിരപ്പള്ളി: പൊതുജനങ്ങളുടെ ആവശ്യങ്ങളും പരാതികളും പരിശോധിച്ച് കാലതാമസം കൂടാതെ പരിഹാരം കാണുന്നതിന് വേണ്ടിയുള്ള താലൂക്ക് വികസനസമിതിയോഗം നാളെ രാവിലെ 10.30ന് കാഞ്ഞിരപ്പള്ളി മിനി സിവിൽ സ്റ്റേഷൻ കോൺഫറൻസ് ഹാളിൽ നടക്കും. പൊതുജനങ്ങൾക്ക് വിവിധ വകുപ്പിലെ കാര്യങ്ങൾ സംബന്ധിച്ച് പരാതികൾ താലൂക്ക് ഓഫീസിലോ താലൂക്ക് വികസന സമിതിയിലോ ഹാജരാക്കാവുന്നതാണ്. എല്ലാ താലൂക്ക് വികസന സമിതി അംഗങ്ങളും യോഗത്തിൽ പങ്കെടുക്കണമെന്ന് തഹസിൽദാർ അറിയിച്ചു.

## പ്രവേശനം നീട്ടി

കോട്ടയം: പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സ്കോൾ കേരളയിൽ നാഷണൽ ആയുഷ് മിഷന്റെയും സംസ്ഥാന ആയുഷ് മിഷന്റെയും അംഗീകാരത്തോടെ ആരംഭിച്ച ഡിപ്ലോമ ഇൻ യോഗിക് സയൻസ് ആൻഡ് സ്പോർട്സ് യോഗ കോഴ്സിന്റെ രണ്ടാം ബാച്ച് പ്രവേശനത്തിനുള്ള അപേക്ഷ ജൂലൈ 12 വരെ സമർപ്പിക്കാം. 0481 2300 443

## ഹിദായ ഫൗണ്ടേഷൻ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ശിലാസ്ഥാപനവും സൗഹൃദ സംഗമവും 7ന്

മുണ്ടക്കയം: കിഴക്കൻ മലയോര മേഖലയിൽ മത ഭൗതീക സമന്വയ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ശിലാസ്ഥാപനവും സൗഹൃദ സംഗമവും ഞായറാഴ്ച നടക്കുമെന്ന് ഹിദായ പ്ലാനിങ് ബോർഡ് ചെയർമാൻ അസീസ് ബഡായിൽ, രക്ഷാധികാരി ഉബൈദുല്ല അസ്ഹരി എന്നിവർ വാർത്താ സമ്മേളനത്തിൽ അറിയിച്ചു.
ഹിദായ ഫൗണ്ടേഷന്റെ നേതൃത്വത്തിൽ ആരംഭിക്കുന്ന സ്ഥാപനത്തിന്റെ കെട്ടിട നിർമ്മാണ ശിലാസ്ഥാപനം വൈകിട്ട് 4.30ന് പാണക്കാട് സയ്യിദ് മുനവ്വറലി ശിഹാബു തങ്ങളും ഉദ്ഘാടനം ജലവിഭവ വകുപ്പ് മന്ത്രി റോഷി അഗസ്റ്റിനും നിർവ്വഹിക്കും. അസീസ് ബഡായിലിന്റെ അധ്യക്ഷതയിൽ ചേരുന്ന യോഗത്തിൽ മലപ്പുറം ബദ്റുജ ഇസ്ലാമിക് സെൻറർ ചെയർമാൻ സയ്യിദ് ശിഹാബുദ്ദീൻ അൽ ബുഖാരി അനുഗ്രഹ പ്രഭാഷണം നടത്തും.
സ്കിൽ സെന്റർ ഉദ്ഘാടനം ഡീൻ കുര്യാക്കോസ് എം.പി.യും ആദ്യ അഡ്മിഷൻ ആന്റോ ആന്റണി എം.പി.യും നിർവ്വഹിക്കും.
വെംബ്ലി ഡവലപ്മെന്റ് പ്രോജക്ട് ഉദ്ഘാടനം വാഴൂർ സോമൻ എം.എൽ.എ.യും സ്പെഷ്യൽ ബുക്ക് ലോഞ്ചിങ് മുൻ എം.എൽ.എ കെ.ജെ. തോമസും നിർവ്വഹിക്കും. ഷീ മിഷൻ ലോഞ്ചിങ് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.ടി. ബിനുവും കാമ്പസ് നയിം ലോഞ്ചിങ് ദക്ഷിണ കേരള ജംഇയ്യത്തുൽ ഉലമ സംസ്ഥാന ജനറൽ സെക്രട്ടറി തൊടിയൂർ മുഹമ്മദ് കുഞ്ഞ് മൗലവിയും നിർവ്വഹിക്കും. സമസ്ത കേരള ജംഇയ്യത്തുൽ ഉലമ കോട്ടയം ജില്ലാ ട്രഷറർ അബു ഷമ്മാസ് അലി മൗലവി മുഖ്യ പ്രഭാഷണം നടത്തും. ഇസ്ഹാക് നദ്‌വി അബുദാബി,അബ്ദുൽ ഖാദർ ഹാജി എന്നിവർ വിശിഷ്ടാതിഥികളാവും.വിദേശ ഭാഷ പ്രഭാഷണം മഹമൂദ് ഹസ്റത്ത് കൊൽക്കത്തയും മുഹമ്മദ് സഫ്വാൻ അൽ അദനിയും അവതരിപ്പിക്കും. പഞ്ചായത്ത് പ്രസിഡന്റുമാരായ മോളി ഡോമിനിക് ബിജോയ് ജോസ് എം.ജി. സർവ്വകലാശാല ജോ: രജിസ്ട്രാർ പി.കെ. സജീവ്, സി.എസ്. ഡി.എസ് സംസ്ഥാന പ്രസിഡന്റ് കെ.കെ. സുരേഷ് , കെ.പി.എം.എസ് ട്രഷറർ എ സനീഷ് കുമാർ, എസ്.എൻ. ഡി.പി. യൂണിയൻ സെക്രട്ടറി അഡ്വ. പി. ജീ രാജ്, റവ. ഫാ കുര്യാക്കോസ് എന്നിവർ പങ്കെടുക്കും
സിവിൽ സർവീസ് കോച്ചിങ് സെന്റർ, വിദേശ ഭാഷ പഠന കേന്ദ്രം, പി.എസ്. സി. കോച്ചിങ് സെന്റർ, എന്നിവയടക്കമുള്ള സ്ഥാപനങ്ങളാണ് നിലവിൽ വരുന്നത്. പ്രചരണാർത്ഥം ശനിയാഴ്ച 2ന് വെംബ്ലിയിൽ നിന്നാരംഭിച്ചു കൊക്കയാർ മുണ്ടക്കയം കൂട്ടിക്കൽ വഴി ഇളങ്കാട്ടിൽ സമാപിക്കുന്ന വിളംബര ജാഥ പഞ്ചായത്ത് പ്രസിഡന്റ് മോളി ഡോമിനിക് ഫ്ലാഗ് ഓഫ് ചെയ്യും.
വാർത്താ സമ്മേളനത്തിൽ സ്വാഗത സംഘം ചെയർമാൻ കെ.എൽ. ദാനിയേൽ , ഹിദായ ഫൗണ്ടേഷൻ ചെയർമാൻ നൗഷാദ് വെംബ്ലി , പ്ലാനിങ് ബോർഡ് കൺവീനർ ജിയാഷ് കരിം , കോ ഓഡിനേറ്റർ നവാസ് പുളിക്കൽ എന്നിവരും പങ്കെടുത്തു




ഈരാറ്റുപേട്ട കാരക്കാട് എം എംഎം യു എം യുപി സ്കൂളിലെ വിദ്യാരംഗം കലാസാഹിത്യ വേദിയുടെ ആഭിമുഖ്യത്തിൽ വായനാദിനവുമായി ബന്ധപ്പെട്ടുനടന്ന വായനാവാരാ ഘോഷത്തിൽ വിവിധങ്ങളായ മത്സരത്തിൽ സമ്മാനർഹരായവർ സ്കൂൾ മാനേജർ ഹാജി കെ.എ മുഹമ്മദ് അഷ്റഫ് ,എച്ച് എം സെമീന വി.കെ, വിദ്യാരംഗം കോർഡിനേറ്റേഴ്സ് എന്നിവരോടൊപ്പം

## ഉമ്മൻ ചാണ്ടിയുടെ ഒന്നാം ചരമവാർഷികം 'ഹൃദയാഞ്ജലി' 18ന്

കോട്ടയം: മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയുടെ ഒന്നാം ചരമ വാർഷികം ഡിസിസിയുടെ നേതൃ ത്വത്തിൽ 18നു വിപുലമായി ആചരിക്കും. ഒന്നാം ചരമവാർഷികദിന മായ അന്ന് ജില്ലയിലെ 1564 ബൂത്തുകളിലും ഛായാചിത്രത്തിൽ പുഷ്പാർച്ചന നടത്തും. വൈകിട്ട് 3നു മാമ്മൻ മാപ്പിള ഹാ ളിൽ അനുസ്മരണ സമ്മേളനം 'ഹൃദയാഞ്ജലി' എഐസിസി സംഘടനാകാര്യ ജനറൽ സെക്ര ട്ടറി കെ.സി.വേണുഗോപാൽ എംപി ഉദ്ഘാടനം ചെയ്യും. കെപിസിസി പ്രസിഡന്റ് കെ.സുധാകരൻ അധ്യക്ഷത വഹിക്കും. ഡിസിസിയുടെ നേതൃത്വത്തിൽ നടത്തുന്ന ജീവകാരുണ്യ പ്രവർത്തനങ്ങളുടെ ജില്ലാതല ഉദ്ഘാടനവും അദ്ദേഹത്തിന്റെ പേരിലുള്ള സൊസൈറ്റി ഉദ്ഘാടനവും അന്നു നടക്കും. ഉമ്മൻ ചാണ്ടിയുടെ പേരിൽ നിർമിക്കുന്ന പുതിയ കെട്ടിടം സംബന്ധിച്ച പ്രഖ്യാപനവും ഉണ്ടാകുമെന്നും ഡിസിസി പ്രസിഡന്റ് നാട്ടകം സുരേഷ് അറിയിച്ചു.
18നു പുതുപ്പള്ളി സെന്റ് ജോർജ് ഓഡിറ്റോറിയത്തിൽ ഉമ്മൻ ചാണ്ടി ചരമവാർഷിക അനുസ്മരണ സമ്മേളനം രാവിലെ പത്തിന് ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ ഉദ്ഘാടനം ചെയ്യും. മേജർ ആർച്ച്ബിഷപ് മാർ റാഫേൽ തട്ടിൽ, ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ, പ്രതിപക്ഷനേതാവ് വി. ഡി. സതീശൻ, കെപിസിസി പ്രസിഡന്റ് കെ. സുധാകരൻ എംപി തുടങ്ങിയവർ പ്രസംഗിക്കും.
ഉമ്മൻ ചാണ്ടി ഫൗണ്ടേഷന്റെ ഉദ്ഘാടനം കെ.സി. വേണുഗോപാൽ എംപി നിർവഹിക്കും. പുതുപ്പള്ളി മണ്ഡലത്തിൽ ആയിരം നിർധന സ്കൂൾ വിദ്യാർഥികൾക്ക് പഠന സ്കോളർഷിപ്പ് വിതരണം, പരീക്ഷാ മികവ് പുലർത്തിയ കുട്ടികൾക്ക് ആദരം തുടങ്ങി വിവിധ ചടങ്ങുകളുണ്ടായിരിക്കും. രാവിലെ ഏഴിന് പുതുപ്പള്ളി സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളിയിൽ വിശുദ്ധ കുർബാനയും കബറിട ത്തിൽ ധൂപപ്രാർഥനയും നടക്കും..

## പോക്സോ കേസിൽ രണ്ടുപേർ അറസ്റ്റിൽ





മഞ്ജു വി.തോമസ് , സനോ.എം.തോമസ്

ചിങ്ങവനം: പോക്സോ കേസിൽ യുവാവിനെയും യുവതിയെയും പോലീസ് അറസ്റ്റ് ചെയ്തു.
നാട്ടകം വാഴച്ചിറ ഭാഗത്ത് വാഴച്ചിറ കിഴക്കേപറമ്പ് വീട്ടിൽ മഞ്ജു വി.തോമസ് (46),ആലപ്പുഴ രാമങ്കരി ഭാഗത്ത് മാമ്പഴംതോട്ടിൽ വീട്ടിൽ സനോ.എം.തോമസ് (41) എന്നിവരെയാണ് ചിങ്ങവനം പോലീസ് അറസ്റ്റ് ചെയ്തത്.
ഇയാൾ പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ ലൈംഗികമായി പീഡിപ്പിക്കുകയായിരുന്നു. അതിജീവിതയെ പീഡിപ്പിക്കുന്നതിന് ഇയാൾക്ക് സഹായം ചെയ്തുകൊടുത്ത കേസിലാണ് യുവതിയെ പോലീസ് അറസ്റ്റ് ചെയ്തത്. പരാതിയെ തുടർന്ന് ചിങ്ങവനം പോലീസ് കേസ് രജിസ്റ്റർ ചെയ്യുകയും ഇരുവരെയും പിടികൂടുകയുമായിരുന്നു. ചിങ്ങവനം സ്റ്റേഷൻ എസ്.എച്ച്.ഓ പ്രകാശ്. ആർ, എ.എസ്.ഐ ആസിയ, സി.പി.ഓ മാരായ രാജേഷ്, പ്രകാശ് എന്നിവർ ചേർന്നാണ് ഇവരെ അറസ്റ്റ് ചെയ്തത്. കോടതിയിൽ ഹാജരാക്കിയ ഇരുവരെയും റിമാണ്ട് ചെയ്തു.

## ഡിജി കേരളം; സാക്ഷരതമിഷൻ പ്രേരക്മാരും പഠിതാക്കളും വോളന്റിയർമാരാകണം

കോട്ടയം: സമ്പൂർണ ഡിജിറ്റൽ സാക്ഷരത കൈവരിക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ നടപ്പാക്കുന്ന ഡിജി കേരളം പദ്ധതിയുടെ വൊളന്റിയർമാരായി സാക്ഷരതാമിഷൻ പ്രേരക്മാരും പഠിതാക്കളും.
പത്താംതരം, ഹയർ സെക്കൻഡറി തുല്യതാ പഠിതാക്കൾക്കൊപ്പം ചങ്ങാതി, നവചേതന പദ്ധതികളുടെ ഇൻസ്ട്രക്ടർമാരും വോളന്റിയർമാരായി രജിസ്റ്റർ ചെയ്യണം.
10 സമ്പർക്ക പഠനകേന്ദ്രങ്ങളിലായി ആയിരത്തിലധികം പത്താംതരം ഹയർസെക്കൻഡറി പഠിതാക്കൾ വോളന്റിയർമാരാകും.
92 സാക്ഷരതാ പ്രേരക്മാരും വിവിധ പദ്ധതികളിലെ 50 ലധികം ഇൻസ്ട്രക്ടർമാരുമാണ് വോളന്റിയർമാരാകേണ്ടത്.
പ്രേരക്മാരും പഠിതാക്കളും ഇൻസ്ട്രക്ടർമാരും സാക്ഷരതാ മിഷൻ എന്ന പേരിൽ അതത് തദ്ദേശസ്ഥാപനങ്ങളിൽ അടിയന്തരമായി രജിസ്റ്റർ ചെയ്യണമെന്ന് ജില്ലാ കോഓർഡിനേറ്റർ പി.എം. അബ്ദുൾകരീം അറിയിച്ചു. രജിസ്ട്രേഷൻ ലിങ്ക് https://app.digikeralam.lsgkerala.gov.in/volunte-er

## ആകാശപാതയുടെ നിർമ്മാണത്തിനായി നാളെ ഉപവാസം സമരം

കോട്ടയം:ആകാശപാതയുടെ നിർമ്മാണം സർക്കാർ അടിയന്തരമായി പൂർത്തിയാക്കണമെന്ന് ആവശ്യപ്പെട്ട് തിരുവഞ്ചൂർ രാധാകൃഷ്ണൻ എംഎൽഎയുടെ നേതൃത്വത്തിൽ നാളെ ഉപവാസസമരം നടത്തും.
കോൺഗ്രസ് കോട്ടയം ഈസ്റ്റ്, വെസ്റ്റ് ബ്ളോക്ക് കമ്മിറ്റികളുടെ നേതൃത്വത്തിൽ ആകാശപാതയ്ക്ക് സമീപം സംഘടിപ്പിക്കുന്ന ഉപവാസസമരം രാവിലെ ഒൻപതിന് കോൺഗ്രസ് പ്രവർത്തക സമിതി അംഗം രമേശ് ചെന്നിത്തല ഉദ്ഘാടനം ചെയ്യും. കേരള കോൺഗ്രസ് ചെയർമാൻ പി.ജെ.ജോസഫ് എംഎൽഎ, ഫ്രാൻസിസ് ജോർജ് എംപി, എംഎൽഎ മാരായ മോൻസ് ജോസഫ്, മാണി സി.കാപ്പൻ, ഡി.സി.സി പ്രസിഡന്റ് നാട്ടകം സുരേഷ് തുടങ്ങിയവർ പ്രസംഗിക്കും.
രാവിലെ ഒൻപത് മുതൽ വൈകുന്നേരം ഏഴ് വരെ നടത്തുന്ന ഉപവാസ സമരത്തിന്റെ സമാപനസമ്മേളനത്തിൽ ആന്റോ ആന്റണി എംപി, ചാണ്ടി ഉമ്മൻ എംഎൽഎ, കെ.പി.സി.സി, ഡി.സി.സി, യുഡിഎഫ് നേതാക്കൾ പങ്കെടുക്കും. കഴിഞ്ഞ എട്ട് വർഷമായി കോട്ടയം നിയോജക മണ്ഡലത്തോട് ഇടത് സർക്കാർ കാണിക്കുന്ന വികസന വിരോധത്തിന് എതിരെ യും കോട്ടയം നിയോജക മണ്ഡലത്തിലെ വിവിധ പദ്ധതികൾ രാഷ്ട്രീയ വിരോധത്തിന്റെ പേരിൽ സിപിഎം തടസപ്പെടുത്തുന്നതിനെതിരെയുമാണ് ഉപവാസ സമരമെന്ന് കോൺഗ്രസ് കോട്ടയം ഈസ്റ്റ്, വെസ്റ്റ് ബ്ളോക്ക് പ്രസിഡന്റുമാരായ സിബി ജോൺ, ജയചന്ദ്രൻ എന്നിവർ അറിയിച്ചു.

## മിൽക്ക് എ.ടി.എം' തുറക്കുന്നു തിരുവഞ്ചൂരിൽ ഇനി 24 മണിക്കൂറും പാൽ




മിൽക്ക് എ.ടി.എം.

തിരുവഞ്ചൂർ: തിരുവഞ്ചൂർ ക്ഷീരവ്യവസായ സഹകരണ സംഘത്തിൽ മിൽക്ക് എ.ടി.എം. നാളെ മുതൽ പ്രവർത്തനം ആരംഭിക്കും.
സംഘം അങ്കണത്തിൽ രാവിലെ 9.30 ന് പാമ്പാടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് മറിയാമ്മ ഏബ്രഹാം അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ മന്ത്രി വി.എൻ. വാസവൻ ഉദ്ഘാടനം ചെയ്യും. പാമ്പാടി ബ്ലോക്ക് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപഴ്സൺ പ്രേമ ബിജു സ്വാഗതം ആശംസിക്കും. ക്ഷീര വികസന വകുപ്പ് ജില്ലാ ഡെപ്യൂട്ടി ഡയറക്ടർ സി.ആർ. ശാരദ പദ്ധതിയെപ്പറ്റി വിശദീകരിക്കും. പാമ്പാടി ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് പ്രഫ. എം.കെ. രാധാകൃഷ്ണൻ ആദ്യ പാൽവിൽപ്പന സ്വീകരണവും റീചാർജ് കാർഡ് വിൽപ്പന ഉദ്ഘാടനം ജില്ലാ പഞ്ചായത്തംഗം നിബു ജോണും നിർവഹിക്കും. ത്രിതല പഞ്ചായത്ത് പ്രതിനിധികൾ, രാഷ്ട്രീയ, സാമൂഹിക, സാംസ്കാരിക, വ്യാപാരവ്യവസായ രംഗത്തെ പ്രമുഖർ, ക്ഷീരകർഷക പ്രതിനിധികൾ, ക്ഷീരസഹകാരികൾ തുടങ്ങിയവർ സംസാരിക്കും.
പാമ്പാടി ബ്ലോക്ക് പഞ്ചായത്തിന്റെ 2023–24 വാർഷിക പദ്ധതിയുടെ ഭാഗമായാണ് തിരുവഞ്ചൂർ ക്ഷീരസംഘത്തിൽ മിൽക്ക് എ.ടി.എം. സ്ഥാപിക്കുന്നത്. സംഘത്തിലെ കർഷകരിൽ നിന്നു സംഭരിക്കുന്ന പശുവിൽ പാൽ ഗുണനിലവാര പരിശോധന നടത്തിയാണ് ഓട്ടോമാറ്റിക് വെൻഡിങ് മെഷീനിലൂടെ വിൽപ്പനയ്ക്കു സജ്ജമാക്കുന്നത്.
200 ലിറ്റർ സംഭരണശേഷിയുള്ളതാണ് ശീതീകരണ സംഭരണി. ദിവസം രണ്ടുനേരം പാൽ നിറയ്ക്കും. ഈ സംവിധാനത്തിലൂടെ നാടൻപാൽ 24 മണിക്കൂറും ഉപഭോക്താക്കൾക്ക് ലഭ്യമാകും.

## മാലിന്യമുക്തം നവകേരളം: ശിൽപശാല 9 മുതൽ 12 വരെ

കോട്ടയം: മാലിന്യമുക്തം നവകേരളം ക്യാമ്പയിന്റെ ആദ്യഘട്ട പ്രവർത്തനങ്ങൾ കോട്ടയം ജില്ലയിൽ പൂർത്തിയാക്കി. ആദ്യഘട്ടത്തിൽ കോട്ടയം ജില്ല സംസ്ഥാനതലത്തിൽ മൂന്നാംസ്ഥാനത്താണ്. പിന്നിൽ നിൽക്കുന്ന ഘടകങ്ങൾ പരിശോധിച്ച് മെച്ചപ്പെടുത്തി പരിഹരിക്കാനുള്ള പദ്ധതികൾ ഏറ്റെടുത്ത് ഈ വർഷാവസാനത്തോടെ സമ്പൂർണ മാലിന്യമുക്ത സംവിധാനങ്ങളുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നിലവിൽ വരിക എന്ന ലക്ഷ്യത്തോടെയുള്ള നടപടികൾ പുരോഗമിക്കുകയാണ്.
മാലിന്യമുക്തം നവകേരളം ക്യാമ്പയിൻ രണ്ടുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനായി തദ്ദേശസ്ഥാപന അധ്യക്ഷന്മാരുടേയും സെക്രട്ടറിമാരുടേയും അർധദിനയോഗം തിങ്കളാഴ്ച രാവിലെ 10.30ന് കോട്ടയം മാപ്പൻ മാപ്പിള ഹാളിൽ ചേരും. യോഗം ആസൂത്രണസമിതി അധ്യക്ഷ കൂടിയായ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.വി. ബിന്ദു ഉദ്ഘാടനം ചെയ്യും. യോഗത്തിൽ നഗരസഭാധ്യക്ഷ ബിൻസി സെബാസ്റ്റിയൻ അധ്യക്ഷത വഹിക്കും. ജില്ലാ കളക്ടർ വി. വിഗ്നേശ്വരി മുഖ്യപ്രഭാഷണം നടത്തും.
മാലിന്യമുക്തം നവകേരളം ക്യാമ്പയിൻ സംസ്ഥാന ശിൽപശാലയുടെ തുടർച്ചയായി ജില്ലകളിലെ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ കർമപരിപാടി ആസൂത്രണം ചെയ്തു പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനായി ജില്ലാ ബ്ളോക്ക് നഗരസഭാ തലങ്ങളിൽ ശിൽപശാല സംഘടിപ്പിക്കും.
ജില്ലയിലെ നഗരസഭാതല ശിൽപശാല ജൂലൈ ഒൻപത്, പത്ത് തിയതികളിലും ബ്ളോക്ക് തല ശിൽപശാല 11,12 തിയതികളിലും തെള്ളകം ചൈതന്യ പാസ്റ്ററൽ സെന്ററിൽ നടക്കും. ശിൽപശാലയിൽ മാലിന്യമുക്തം നവകേരളം ക്യാമ്പയിൻ ഒന്നാംഘട്ട പ്രവർത്തനങ്ങളുടെ വിലയിരുത്തൽ നടക്കും. ശിൽപശാലയുമായി ബന്ധപ്പെട്ട് തദ്ദേശ വകുപ്പ് ജോയിന്റ് ഡയറക്ടറുടെ നേതൃത്വത്തിൽ ഓൺലൈൻ യോഗം ചേർന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കു നിർദേശങ്ങൾ നൽകി.

## പണവും, മൊബൈൽ ഫോണും കവർന്ന കേസിൽ യുവാവ് അറസ്റ്റിൽ



അഫ്സൽ ഹക്കീം

പാലാ: പലചരക്ക് കടയിൽ നിന്നും പണവും, മധ്യവയസ്കനിൽ നിന്ന് മൊബൈൽ ഫോണും കവർന്നെടുത്ത കേസിൽ യുവാവിനെ പോലീസ് അറസ്റ്റ് ചെയ്തു.
ഈരാറ്റുപേട്ട തെക്കേക്കര മന്തക്കുന്ന് ഭാഗത്ത് പുത്തൻപുരയ്ക്കൽ വീട്ടിൽ അഫ്സൽ ഹക്കീമിനെയാണ്(26) പാലാ പോലീസ് അറസ്റ്റ് ചെയ്തത്.ഇയാൾ കഴിഞ്ഞ ദിവസങ്ങളിലായി പൂവരണി ഭാഗത്ത് പ്രവർത്തിക്കുന്ന പലചരക്ക് കടയിൽ നിൽക്കുകയായിരുന്ന മധ്യവയസ്കന്റെ മൊബൈൽ ഫോൺ തട്ടിയെടുത്ത് കടന്നു. കൂടാതെ ഇടമറ്റം കവല ഭാഗത്ത് പ്രവർത്തിക്കുന്ന പലചരക്ക് കടയിൽ അതിക്രമിച്ചു കയറി മേശക്കുള്ളിൽ സൂക്ഷിച്ചിരുന്ന 30,000 രൂപ മോഷ്ടിച്ചു.പരാതിയെ തുടർന്ന് പാലാ പോലീസ് നടത്തിയ ശാസ്ത്രീയമായ പരിശോധനയിൽ ഇരു കേസുകളിലും ഒരേ പ്രതിയാണെന്ന് കണ്ടെത്തി ഇയാളെ പിടികൂടുകയുമായിരുന്നു.പാലാ സ്റ്റേഷൻ എസ്.എച്ച്.ഓ ജോബിൻ ആന്റണി, എസ്.ഐ മാരായ ബിനു വി.എൽ, കുഞ്ഞുമോൻ സി.പി.ഓ മാരായ ജോബി ജോസഫ്, അരുൺ കുമാർ, പ്രദീപ്. എം.ഗോപാൽ, രഞ്ജിത്ത്, അശ്വതി എന്നിവർ ചേർന്നാണ് ഇയാളെ അറസ്റ്റ് ചെയ്തത്.
ഇയാൾക്ക് പാലാ, ഈരാറ്റുപേട്ട,കടുത്തുരുത്തി, തിടനാട്, കറുകച്ചാൽ,എന്നീ സ്റ്റേഷനുകളിൽ നിരവധി ക്രിമിനൽ കേസുകൾ നിലവിലുണ്ട്. കോടതിയിൽ ഹാജരാക്കിയ ഇയാളെ റിമാൻഡ് ചെയ്തു.

## പുരസ്കാരത്ത്ന് അപേക്ഷിക്കാം

കോട്ടയം: വനിതാ ശിശു വികസന മന്ത്രാലയം നടപ്പാക്കുന്ന പ്രധാനമന്ത്രി രാഷ്ട്രീയ ബാൽ പുരസ്കാരത്തിന് അപേക്ഷ ക്ഷണിച്ചു. കായികം, സാമൂഹിക സേവനം, ശാസ്ത്ര സാങ്കേതികവിദ്യ, പരിസ്ഥിതി, കലസാംസ്കാരികം, കണ്ടുപിടുത്തം എന്നീ മേഖലകളിൽ അസാധാരണ പ്രാഗത്ഭ്യമുള്ള അഞ്ചു മുതൽ 18 വയസു വരെയുള്ള കുട്ടികൾക്ക് പുരസ്കാരത്തിനായി അപേക്ഷിക്കാം. അപേക്ഷ http://awards.gov.in എന്ന വെബ് പോർട്ടൽ മുഖേന ജൂലൈ 31 നകം നൽകണം. ഫോൺ: 0481 2580548

## ദേശീയ ആരോഗ്യദൗത്യത്തിൽ ഒഴിവുകൾ

കോട്ടയം: ജില്ലയിൽ എൻ.എച്ച്.എം(ദേശീയ ആരോഗ്യദൗത്യം)പദ്ധതിക്കു കീഴിൽ മെഡിക്കൽ ഓഫീസർ, സ്പെഷാലിറ്റി മെഡിക്കൽ ഓഫീസർമാർ (പീഡിയാട്രിക്സ്, ജനറൽ മെഡിസിൻ, ഒഫ്താൽമോളജിസ്റ്റ്),ഡി.ഇ.ഐ.സി ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, പാലിയേറ്റീവ് കെയർ സ്റ്റാഫ് നഴ്സ്, ഓഡിയോളജിസ്റ്റ്, ലാബ് ടെക്നീഷ്യൻ, ഡവലപ്മെന്റ് തെറാപ്പിസ്റ്റ് എം.ഐ.യു, സ്പെഷൽ എഡ്യൂക്കേറ്റർ എം.ഐ.യു, ഓഡിയോളജിസ്റ്റ് എം.ഐ.യു എന്നീ ഒഴിവുകളിൽ നിയമനത്തിന്അപേക്ഷ ക്ഷണിച്ചു. ഫോൺ: 04812304844.

## എൽ.ബി.എസ്. കോഴ്സ്

കോട്ടയം: കേരള സർക്കാർ സ്ഥാപനമായ എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് ആൻഡ് ടെക്നോളജിയുടെ ആഭിമുഖ്യത്തിൽ പാമ്പാടി ഉപകേന്ദ്രത്തിൽ ഓഗസ്റ്റിൽ ആരംഭിക്കുന്ന പി.ജി.ഡി.സി.എ., ഡി.സി.എ.,ഡി.സി.എ. (എസ്)കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. എസ്.എസ്.എൽ.സി പാസായവർക്ക് ഡി.സി.എയ്ക്കും പ്ലസ് ടു പാസായവർക്ക് ഡി.സി.എ(എസ്)യ്ക്കും ഡിഗ്രി പാസായവർക്ക് പി.ജി.ഡി.സി.എയ്ക്കും അപേക്ഷിക്കാം. വിശദവിവരത്തിന് ഫോൺ: 04812505900, 9895041706.

## വൈദ്യുതി മുടങ്ങും

മുഹമ്മ: മുഹമ്മ വൈദ്യുതി സെക്ഷനിലെ കണ്ണാടി ട്രാൻസ്ഫോർമർ പരിധിയിൽ രാവിലെ ഒമ്പത് മുതൽ വൈകിട്ട് മൂന്ന് വരെയും പുല്ലമ്പാറ ട്രാൻസ്ഫോർമർ പരിധിയിൽ മൂന്ന് മുതൽ വൈകിട്ട് അഞ്ച് വരെയും ഇന്ന് വൈദ്യുതി മുടങ്ങും.

കലവൂർ: കലവൂർ വൈദ്യുതി സെക്ഷനിലെ പാർത്ഥൻ കവല, അഞ്ജലി, വളയൻചിറ, കുളമാക്കി, ഐക്കര, തയ്യിൽ, മാരൻ കുളങ്ങര, കൊറ്റംപറമ്പ്, ഫിഷ് പ്രോസസിംഗ്, പ്ലാസ ട്രാൻസ്ഫോർമറുകളുടെ പരിധിയിൽ രാവിലെ ഒമ്പത് മുതൽ വൈകിട്ട് അഞ്ച് വരെ ഇന്ന് വൈദ്യുതി മുടങ്ങും.

## വിദ്യാർത്ഥി യാത്രാ സൗകര്യ സമിതി യോഗം ഇന്ന്

ആലപ്പുഴ: വിദ്യാർത്ഥികളുടെ യാത്രാക്ലേശം പരിഹരിക്കുന്നതിനും കൺസഷൻ കാർഡുകളുടെ വിതരണത്തിൽ തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനുമായി ജില്ലയിലെ വിദ്യാർത്ഥി യാത്രാ സൗകര്യ സമിതിയുടെ യോഗം മോട്ടോർ വാഹന വകുപ്പിന്റെ നേതൃത്വത്തിൽ ഇന്ന് പകൽ 11 ന് കലക്ട്രേറ്റ് കോൺഫറൻസ് ഹാളിൽ നടക്കും. സമിതി പ്രതിനിധികൾ പങ്കെടുക്കണമെന്ന് റീജണൽ ട്രാൻസ്പോർട്ട് ഓഫീസർ അറിയിച്ചു.

## പൊലീസിനെതിരെ പ്രതിഭാഗം

ചെങ്ങന്നൂർ: മാന്നാറിലെ കലയുടെ കൊലപാതകത്തിൽ പൊലീസിനെതിരെ ഗുരുതര ആരോപണവുമായി പ്രതിഭാഗം അഭിഭാഷകൻ. രണ്ടു ദിവസമായി പ്രതികൾ പൊലീസ് കസ്റ്റഡിയിലാണെന്നും വെറുമൊരു ഊമകത്തിന്റെ അടിസ്ഥാനത്തിലാണ് അറസ്റ്റെന്നും പ്രതിഭാഗം അഭിഭാഷകനായ അഡ്വ. സുരേഷ് മത്തായി ആരോപിച്ചു.മൃതശരീരങ്ങളുടെ അവശിഷ്ടങ്ങൾ കണ്ടെത്തിയിട്ടില്ല. പൊലീസിന്റെ ഊഹമനുസരിച്ച് ഒരു കേസ് രജിസ്റ്റർ ചെയ്യുകയായിരുന്നുവെന്നും സെപ്റ്റിക് ടാങ്കിൽ നിന്ന് യാതൊരു വിധത്തിലുള്ള തെളിവും ലഭിച്ചിട്ടില്ലെന്നും സുരേഷ് മത്തായി പറഞ്ഞു.പ്രതികൾക്ക് കേസുമായി യാതൊരു ബന്ധവുമില്ല. കൂടുതൽ തെളിവുകൾ ശേഖരിക്കുക എന്നത് പൊലീസിന്റെ ഉത്തരവാദിത്വമാണെന്നും കലയുടെ ഭർത്താവ് അനിലിനെ കേന്ദ്രത്തിന്റെ അനുവാദത്തോടെ നാട്ടിലേക്ക് കൊണ്ടുവരണമെന്നും സുരേഷ് മത്തായി പറഞ്ഞു.

# ആലപ്പുഴ വാർത്തകൾ

## കലവൂർ സ്കൂളിൽ ഡിജിറ്റൽ ആർമി

മണ്ണഞ്ചേരി:സ്കൂളിൽ നടക്കുന്ന അക്കാദമിക പ്രവർത്തനങ്ങൾ ഡോക്കുമെന്റ് ചെയ്യുന്നതിനും നവമാധ്യമങ്ങളിൽ പ്രചരിപ്പിക്കുന്നതിനും കുട്ടികളുടെ നേതൃത്വത്തിൽ ഡിജിറ്റൽ ആർമി രൂപീകരിച്ചു. ഏഴുമുതൽ ഒമ്പതുവരെയുള്ള ക്ലാസുകളിലെ 50 കുട്ടികൾ അടങ്ങിയതാണ് ഡിജിറ്റൽ ആർമി. കുട്ടികളുടെ നേതൃത്വത്തിൽ ഫോട്ടോ, വീഡിയോ ഡോക്കുമെന്റേഷൻ നടത്തുന്നത് ഇതാദ്യമാണ്.ഷൂട്ടിംഗ്, എഡിറ്റിംഗ്, സൗണ്ട് എൻജിനിയറിംഗ് തുടങ്ങിയ കാര്യങ്ങളും കുട്ടികൾ തന്നെ ചെയ്യും.ജില്ലാ പബ്ലിക് റിലേഷൻസ് വകുപ്പിന്റെ സഹായത്തോടെയാണ് ഡിജിറ്റൽ ആർമി രൂപീകരിച്ചത്.

ഡോക്കുമെന്റേഷൻ സംബന്ധിച്ച പരിശീലന ക്യാമ്പ് ടെലിവിഷൻ കോമഡി താരം നിതാകർമ്മ ഉദ്ഘാടനം ചെയ്തു. ജില്ലാ പഞ്ചായത്ത് അംഗം ആർ റിയാസ് മുഖ്യാതിഥിയായിരുന്നു. എസ് എം സി ചെയർമാൻ പി വിനീതന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ജില്ലാ ഇൻഫർമേഷൻ ഓഫീസർ കെ എസ് സുമേഷ്, പിടിഎ പ്രസിഡന്റ് വി വി മോഹൻദാസ്, കെ വി രതീഷ്, അധ്യാപകരായ അജിത ടീച്ചർ, ബിനോയ് തുടങ്ങിയവർ സംസാരിച്ചു. പആർ ഡി ഫോട്ടോഗ്രാഫർ ഡാലു പരിശീലനത്തിന് നേതൃത്വം നൽകി.

## മറൈൻ, ഇൻലാൻഡ് എന്യൂമറേറ്റർ നിയമനം

ആലപ്പുഴ: മറൈൻ ഡാറ്റാ കളക്ഷൻ, ജുവനൈൽ ഫിഷിംഗ് എന്നിവയുമായി ബന്ധപ്പെട്ട് സർവ്വേ വിവര ശേഖരണത്തിനായി മറൈൻ എന്യൂമറേറ്റർ, ഉൾനാടൻ ഫിഷ് ലാൻഡിങ് സെന്ററിൽ നിന്നും ഫിഷ് കാച്ച് അസ്സെസ്സ്മെന്റ് സർവേ നടത്തുന്നതിന് ഇൻലാൻഡ് എന്യൂമറേറ്റർ എന്നിവരെ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിൽ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നു. ഒരു വർഷ കരാർ അടിസ്ഥാനത്തിലാണ് നിയമനം. യാത്രബത്ത ഉൾപ്പെടെ പ്രതിമാസം 25,000/ രൂപ വേതനം. ഫിഷറീസ് സയൻസിൽ ബിരുദമോ, ബിരുദാനന്തര ബിരുദമോ യോഗ്യതയുള്ള 21 നും 36 നും ഇടയിൽ പ്രായമുള്ള ആലപ്പുഴ ജില്ലയിലെ താമസക്കാർക്ക് അപേക്ഷിക്കാം. സ്വയം തയ്യാറാക്കിയ അപേക്ഷയോടൊപ്പം ബയോടാറ്റ, വിദ്യാഭ്യാസ യോഗ്യത സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ എന്നിവ സഹിതം ജൂലെ 11 ന് വൈകീട്ട് അഞ്ചിനകം ആലപ്പുഴ ഫിഷറീസ് ഡയറക്ടർ ഓഫീസിൽ നൽകണം. നിലവിൽ ഫിഷറീസ് വകുപ്പിൽ മറൈൻ/ഇൻലാൻഡ് എന്യൂമറേറ്ററായി ജോലിചെയ്യുന്നവർക്കും മുൻപ് ജോലി ചെയ്തിരുന്നവർക്കും മുൻഗണന ഉണ്ടാകും. ഫോൺ 0477 2251103.

## അനുസ്മരണം

മുഹമ്മ: പാലിയേറ്റീവ് പ്രവർത്തകനും കേരളത്തിൽ ആദ്യമായി കിടപ്പ് രോഗികൾക്കായി സാന്ത്വനം പദ്ധതി നടപ്പിൽ വരുത്തിയ മുഹമ്മ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമായിരുന്ന സി.കെ ഭാസ്കരന്റെ പത്താം അനുസ്മരണ ചടങ്ങും മുഹമ്മയിലെ ജനകീയ ഡോക്ടറായിരുന്നു ടി എക്സ് മാത്യു അനുസ്മരണവും കല്ലാപ്പുറം സാന്ത്വനം സെൻററിൽ മുഹമ്മയിലെ ജനകീയ കൂട്ടായ്മ അരങ്ങിന്റെ ആഭിമുഖ്യത്തിൽ നടന്നു. മുഹമ്മ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സ്വപ്ന ഷാബുവിന്റെ അധ്യക്ഷതയിൽ കോട്ടയം മെഡിക്കൽ കോളജ് കമ്മ്യൂണിറ്റി മെഡിസിൻ പ്രൊഫ . ഡോ. സൈറു ഫിലിപ്പ് അനുസ്മരണ ചടങ്ങ് ഉദ്ഘാടനം ചെയ്തു. സംഗീത സംവിധായകൻ ആലപ്പി ഋഷികേശ് മുഖ്യപ്രഭാഷണം നടത്തി. ബ്ലോക്ക് പഞ്ചായത്ത് മെമ്പർമാരായ എം.എസ് ലത, സിന്ധു രാജീവ്, ഗ്രാമപഞ്ചായത്ത് മെമ്പർ നസീമ ടീച്ചർ, ബേബി തോമസ് കണ്ണങ്കര, ജീമോൻ മുഹമ്മ, ബേബി ടോമി, ആശാപ്രവർത്തകർ ആരോഗ്യപ്രവർത്തകർ ഉൾപ്പെടെ ഒട്ടനവധി വ്യക്തികൾ ചടങ്ങിൽ പങ്കെടുത്തു. അരങ്ങ് രക്ഷാധികാരി സി.പി ഷാജി മുഹമ്മ സ്വാഗതവും ടോമിച്ചൻ കണ്ണയിൽ നന്ദിയും പറഞ്ഞു.

## വ്യോമസേനയിലേക്കുള്ള അഗ്നിവീർവായു രജിസ്ട്രേഷൻ എട്ടിന് ആരംഭിക്കും

ആലപ്പുഴ: ഇന്ത്യൻ വ്യോമസേനയിൽ അഗ്നിവീർവായു 2025 റിക്രൂട്ട്മെന്റിനായുള്ള ഓൺലൈൻ രജിസ്ട്രേഷൻ ജൂലൈ എട്ടിന് ആരംഭിക്കും. 2004 ജൂലൈ മൂന്നിനും 2008 ജനുവരി മൂന്നിനുമിടയിൽ ജനിച്ച അവിവാഹിതരായ പുരുഷ, സ്ത്രീ ഉദ്യോഗാർത്ഥികൾക്ക് അപേക്ഷിക്കാം. https://agnipathvayu.cdac.in സൈറ്റിലൂടെ ഓൺലൈനായി രജിസ്റ്റർ ചെയ്യാം. അവസാന തീയതി ജൂലൈ 28. ഓൺലൈൻ പരീക്ഷ ഒക്ടോബർ 18ന്. വിദ്യാഭ്യാസ യോഗ്യത: 50 ശതമാനം മാർക്കോടെ പ്ലസ്ടു/തത്തുല്യം. അല്ലെങ്കിൽ 50 ശതമാനം മാർക്കോടെ മെക്കാനിക്കൽ/ഇലക്ട്രിക്കൽ/ഇലക്ട്രോണിക്സ്/ഓട്ടോമൊബൈൽ/കംപ്യൂട്ടർ സയൻസ്/ ഇൻസ്ട്രുമെന്റേഷൻ ടെക്നോളജി/ഇൻഫർമേഷൻ ടെക്നോളജി/ ഇൻഫോർമേഷൻ ടെക്നോളജിയിൽ ത്രിവത്സര ഡിപ്ലോമ. അല്ലെങ്കിൽ ഫിസിക്സ്, മാത്തമാറ്റിക്സ് എന്നീ നോൺ വൊക്കേഷണൽ വിഷയങ്ങൾ ഉൾപ്പെട്ട വൊക്കേഷണൽ കോഴ്സ് 50 ശതമാനം മാർക്കോടെ പാസായിരിക്കണം.

അപേക്ഷകർ പ്ലസ്ടു/ഡിപ്ലോമ/ വൊക്കേഷണൽ കോഴ്സിന് ഇംഗ്ലീഷിൽ മാത്രമായി 50 ശതമാനം മാർക്ക് ഉണ്ടായിരിക്കണം. ഇംഗ്ലീഷ് ഉൾപ്പെടാത്ത ഡിപ്ലോമ/വൊക്കേഷണൽ കോഴ്സ് പഠിച്ചവർ പത്താം ക്ലാസിലോ പ്ലസ്ടുവിലോ ഇംഗ്ലീഷിന് 50 ശതമാനം മാർക്ക് നേടിയിരിക്കണം.

## പി.ജി.ഡി.സി.എ; അപേക്ഷ ക്ഷണിച്ചു

ആലപ്പുഴ: ഐ.എച്ച്.ആർ.ഡി.യുടെ കീഴിലുള്ള കാർത്തികപ്പള്ളി കോളജ് ഓഫ് അപ്ലൈഡ് സയൻസിൽ പി.ജി.ഡി.സി.എ, ഡി.സി.എ, സി.സി.എൽ.ഐ.എസ്. കോഴ്സുകളിലേക്ക് ജൂലൈ എട്ട് വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ http:hq;ihrd;ac;in/index.php/ihrdcourses/ihrdcourseadmissions, ഫോൺ 0470 2485852, 8547005018 ൽ ലഭിക്കും.

## മാന്നാർ കൊലപാതകം; ചുരുളഴിയുന്നു

# ദൃശ്യം–02; സാധ്യത പരിശോധിക്കാൻ പൊലീസ്

മാന്നാർ: മാന്നാർ കൊലപാതകത്തിൽ ദൃശ്യം–2വിന്റെ സാധ്യത തേടി പൊലീസ്.

കലയുടെ കൊലപാതകത്തിൽ തെളിവുകൾ നശിപ്പിക്കാൻ 'ദൃശ്യം 2 മോഡൽ പദ്ധതി' നടപ്പിലാക്കിയോയെന്ന് പൊലീസ് സംശയിക്കുന്നു. കൂട്ടുപ്രതികൾക്കൊപ്പം കലയുടെ മൃതദേഹം സെപ്റ്റിക് ടാങ്കിൽ ഉപേക്ഷിച്ച ഒന്നാം പ്രതി കൂടിയായ ഭർത്താവ് അനിൽ മൃതദേഹം പിന്നീട് ആരും അറിയാതെ അവിടെനിന്ന് മാറ്റിയോ എന്നാണ് അന്വേഷണ സംഘത്തിന്റെ സംശയം. ഇസ്രഈലിലുള്ള അനിലിനെ നാട്ടിലെത്തിച്ചാലേ ഇക്കാര്യത്തിൽ വ്യക്തത വരുത്താനാകൂ.


15 വർഷം മുൻപ് കാണാതായ യുവതിയുടെ മൃതദേഹം സെപ്റ്റിക് ടാങ്കിൽ

മേസ്തിരി പണി ചെയ്യുന്ന അനിലിന് മൃതദേഹം വിദഗ്ധമായി മറവ് ചെയ്യാൻ ആകുമെന്നും പൊലീസ് കരുതുന്നു. അനിൽ ഇസ്രയേലിൽ ആശുപത്രിയിലെന്നാണ് കുടുംബം പറയുന്നതെങ്കിലും പൊലീസ് ഇക്കാര്യം പൂർണ്ണമായും മുഖവിലക്കെടുത്തിട്ടില്ല. ഇസ്രഈലിൽ തുടരാനുള്ള നീക്കത്തിന്റെ ഭാഗമായിരിക്കാം ആശുപത്രി പ്രവേശനമെന്ന് അന്വേഷണ സംഘം സംശയിക്കുന്നുണ്ട്. അനിലിനെ ബന്ധപ്പെടാൻ പൊലീസിന് ഇതുവരെയും സാധിച്ചിട്ടില്ല.

കലയുടെ മൃതദേഹം ആദ്യം ആറ്റിൽ കളയാനാണ് പ്രതികൾ തീരുമാനിച്ചതെന്നും ഇതിനാണ് വലിയ പെരുമ്പുഴ പാലത്തിനടുത്ത് മൃതദേഹം കാറിൽ എത്തിച്ചതെന്നുമാണ് വിവരം. എന്നാൽ സാഹചര്യം അനുകൂലമല്ലാത്തതിനാൽ മൃതദേഹം ആറ്റിലുപേക്ഷിച്ചില്ല. പിന്നീട് മൃതദേഹം വീട്ടിലെത്തിച്ച് സെപ്റ്റിക് ടാങ്കിൽ ഉപേക്ഷിക്കുകയായിരുന്നു. എന്നാൽ പിടിക്കപ്പെടാനും കൂടെയുള്ളവർ ഒറ്റാനും സാധ്യത മുന്നിൽ കണ്ടുകൊണ്ട് മൃതദേഹം സെപ്റ്റിക് ടാങ്കിൽ നിന്ന് മാറ്റിയതായും പൊലീസ് ഇപ്പോൾ സംശയിക്കുന്നുണ്ട്. 15 വർഷത്തിനിടെ രണ്ട് തവണ സെപ്റ്റിക് ടാങ്ക് വൃത്തിയാക്കിയിരുന്നുവെന്നാണ് കണ്ടെത്തൽ പൊലീസിൽ സംശയം ബലപ്പെടുത്തുന്നു. സെപ്റ്റിക് ടാങ്കിൽ നിന്ന് ലഭിച്ച വസ്തുക്കൾ കോടതിക്ക് കൈമാറി. ചെങ്ങന്നൂർ ഡിവൈഎസ്പി നേതൃത്വം നൽകുന്ന പ്രത്യേക അന്വേഷണ സംഘം പൊലിസ് കസ്റ്റഡിയിൽ ഉള്ള മൂന്ന് പ്രതികളെയും ചോദ്യം ചെയ്യുകയാണ്. എങ്ങനെ കൊലപാതകം നടത്തി എന്ന കാര്യത്തിൽ പ്രതികൾ നൽകുന്ന മൊഴികളിൽ ഇപ്പോഴും വൈരുധ്യം തുടരുന്നു. കൊലപാതകത്തിന് ശേഷം മൃതദേഹം പുഴയിൽ ഉപേക്ഷിക്കാനാണ് ആദ്യം തീരുമാനിച്ചിരുന്നതെന്ന് പ്രതികളിൽ ഒരാൾ മൊഴി നൽകി. പക്ഷെ സാഹചര്യം അനുകൂലമല്ലാതിരുന്നതിനാൽ തീരുമാനം മാറ്റുകയായിരുന്നു.പിന്നീടാണ് കാറിൽ മറ്റൊരിടത്തേക്ക് മൃതദേഹം കൊണ്ടുപോയത്. സെപ്റ്റിക് ടാങ്കിൽ തന്നെയാണോ അതോ മറ്റെവിടെയെങ്കിലുമാണോ മൃതദേഹം മറവ് ചെയ്തതെന്നാണ് പൊലിസ് സംശയം. ഇക്കാര്യത്തിൽ സ്ഥിരീകരണം ഉണ്ടാക്കാനുള്ള ശ്രമത്തിൽ ആണ് അന്വേഷണ സംഘം. ഇസ്രായേലിലുള്ള അനിലിനെ നാട്ടിൽ എത്തിക്കുകയാണ് പ്രധാനം. മൃതദേഹം എവിടെ എന്ന കാര്യത്തിൽ കൃത്യമായി വിവരം അറിയാവുന്നത് അനിലിനാണെന്നും പൊലീസ് കരുതുന്നു.


യു.ഡി.എഫ് അമ്പലപ്പുഴ നിയോജകമണ്ഡലം തിരഞ്ഞെടുപ്പ് കമ്മിറ്റിയുടെ നേതൃത്വത്തിൽ നടത്തിയ സമ്മേളനത്തിൽ കെ.സി വേണുഗോപാൽ എം.പി സംസാരിക്കുന്നു

### പെരുമ്പളം മണ്ഡലം കോൺഗ്രസ് കമ്മിറ്റി

## ബോട്ട് സ്റ്റേഷന് മുന്നിൽ പ്രതിഷേധിച്ചു

അരുക്കുറ്റി: പെരുമ്പളം ദ്വീപ് ജനതയോട് വാട്ടർ ട്രാൻസ്പോർട്ടിന്റെ ചിറ്റമ്മനയം അവസാനിപ്പിക്കുക ,വടക്കൻ മേഖലയിലെ യാത്രാക്ലേശം പരിഹരിക്കുക സ്പെയർ ബോട്ട് യാഥാർത്ഥ്യമാക്കുക ,കാലപ്പഴക്കം ചെന്ന ബോട്ടുകൾ മാറ്റി പുതിയ ബോട്ടുകൾ അനുവദിക്കുക ,മെക്കാനിക്കി ന്റെ സേവനം 24 മണിക്കൂറും ലഭ്യമാക്കുക ഫെറി സർവീസുകൾക്ക് മുടക്കം വരുത്താതിരിക്കുക എന്നീ വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് പെരുമ്പളം മണ്ഡലം കോൺഗ്രസ് കമ്മിറ്റി പാണാവള്ളി ബോട്ട് സ്റ്റേഷന് മുന്നിൽ ധർണ സമരം നടത്തി. സമരം മണ്ഡലം പ്രസിഡന്റ് മധു നെടുമ്പുറത്തിന്റെ അധ്യക്ഷതയിൽ കെ.പി.സി.സി രാഷ്ട്രീയ കാര്യ സമിതി അംഗം അഡ്വ. ഷാനിമോൾ ഉസ്മാൻ ഉദ്ഘാടനം ചെയ്തു.

ബ്ലോക്ക് കോൺഗ്രസ് കമ്മറ്റി പ്രസിഡന്റ് പി.ടി രാധാകൃഷ്ണൻ മുഖ്യപ്രഭാഷണം നടത്തി .നേതാക്കളായ സി ഗോപിനാഥ് ,പോൾ മത്തായി. കെ.പി ശശികുമാർ, പി.എം ജിനീഷ് ലാൽ , കെ.എസ് ഷിബു ,സുധീർ പടക്കാറ ,സജീവ് പ്രഭാകരൻ ,കെ.എൻ ബാലകൃഷ്ണൻ ധനലക്ഷ്മി വിജയൻ, സുനിത സജീവ് സംസാരിച്ചു.



പാണാവള്ളി ബോട്ട് സ്റ്റേഷന് മുന്നിൽ നടത്തിയ ധർണ സമരം കെ.പി.സി.സി രാഷ്ട്രീയ കാര്യ സമിതി അംഗം അഡ്വ. ഷാനിമോൾ ഉസ്മാൻ ഉദ്ഘാടനം ചെയ്യുന്നു

## അസിസ്റ്റന്റ് പ്രൊഫസർ: കരാർ നിയമനം; അഭിമുഖം ഒമ്പതിന്

ആലപ്പുഴ: ഗവ.ടി.ഡി. മെഡിക്കൽ കോളജിലെ അനസ്തേഷ്യോളജി വിഭാഗത്തിൽ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ നാല് ഒഴിവുകളിലേക്ക് കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നു. എം.എസ്/ഡി.എൻ.ബി.യും മൂന്ന് വർഷ അധ്യാപക പരിചയവും (പി.ജി. കാലയളവ് പരിഗണിക്കും) മെഡിക്കൽ കൗൺസിൽ രജിസ്ട്രേഷനുമാണ് യോഗ്യത.

അഭിമുഖം ജൂലൈ ഒമ്പതിന് രാവിലെ 11ന് പ്രിൻസിപ്പാളിന്റെ ഓഫീസിൽ നടക്കും. താൽപര്യമുള്ളവർ ജനന തീയതി, മേൽവിലാസം വിദ്യാഭ്യാസ യോഗ്യത, മുൻപരിചയം എന്നിവ തെളിയിക്കുന്ന രേഖകളും പകർപ്പുമായി എത്തണം.

## അപേക്ഷ ക്ഷണിച്ചു

ആലപ്പുഴ: എസ്.ആർ.സി. കമ്മ്യൂണിറ്റി കോളജ് ജൂലൈയിൽ ആരംഭിക്കുന്ന ഡിപ്ലോമ ഇൻ എയർലൈൻ ആന്റ് എയർപോർട്ട് മാനേജ്മെന്റ് പ്രോഗ്രാമിലേക്ക് അപേക്ഷ ക്ഷണിച്ചു.

പ്ലസ്ടു അല്ലെങ്കിൽ തത്തുല്യ യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം. അപേക്ഷയും പ്രോസ്പെക്ടസും എസ്.ആർ.സി. ഓഫീസിൽ ലഭിക്കും. അവസാന തീയതി ജൂലൈ 20. ഫോൺ 9846033001.



തണ്ണീർമുക്കം പഞ്ചായത്തിന്റെയും കാർഷിക വികസന കർഷക ക്ഷേമവകുപ്പിന്റെയും ആഭിമുഖ്യത്തിൽ നടത്തിയ കർഷകചന്തയും കർഷകസഭയും പഞ്ചായത്ത് പ്രസിഡൻറ് ജി ശശികല ഉദ്ഘാടനം ചെയ്യുന്നു

## കർഷകചന്തയും കർഷകസഭയും

ചേർത്തല: തണ്ണീർമുക്കം പഞ്ചായത്തിന്റെയും കാർഷിക വികസന കർഷക ക്ഷേമവകുപ്പിന്റെയും ആഭിമുഖ്യത്തിൽ കർഷക ചന്തയും കർഷകസഭയും നടത്തി. പരിപാടിയുടെ ഭാഗമായി കർഷക പരിശീലനം, കാർഷിക പ്രദർശനം, നടീൽ വസ്തുക്കളുടെ വിതരണം, പാരമ്പര്യ വിത്തുകളുടെ കൈമാറ്റം, മണ്ണ് പരിശോധന കാമ്പയിൻ, ഇൻഷുറൻസ് കാമ്പയിൻ എന്നിവ നടന്നു. പണ്ഡിറ്റ് കറുപ്പൻ മെമ്മോറിയൽ ഹാളിൽ നടന്ന സമ്മേളനം പഞ്ചായത്ത് പ്രസിഡൻറ് ജി ശശികല ഉദ്ഘാടനം ചെയ്തു. വൈസ് പ്രസിഡൻറ് ഷൈമോൾ കലേഷ് അധ്യക്ഷത വഹിച്ചു. കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്ത് അംഗം വി കെ മുകുന്ദൻ, സീന സുർജിത്, സുരേഷ്, ജില്ലാ കൃഷി ഡപ്യൂട്ടി ഡയറക്ടർ സുജ ഈപ്പൻ, ഷൈജ, പഞ്ചായത്തംഗങ്ങളായ പ്രവീൺ ജി പണിക്കർ, ജയാമണി, ഷീല, റെജിമോൾ സംസാരിച്ചു.

## ഐക്യതാറാവ് കർഷക സംഘം ജില്ലാ സമ്മേളനം എടത്വായിൽ

ഹരിപ്പാട്: ഐക്യതാറാവ് കർഷക സംഘം ആലപ്പുഴ ജില്ലാ സമ്മേളനം ഇന്ന് എടത്വ ഇ.എം.എസ് ഹാളിൽ ചേരുന്നു. അധികാര സ്ഥാനങ്ങളുടെ നിഷേധാത്മക നിലപാടും അവഗണനയും, താറാവുകൾക്ക് ഉണ്ടാകുന്ന അസുഖങ്ങളും ജില്ലയിലെ താറാവ് കൃഷി അന്യം നിൽക്കുന്ന അവസ്ഥയാണ്.താറാവ് കർഷകർ കൂട്ടത്തോടെ താറാവ് കൃഷിയിൽ നിന്നും അകന്ന് പോകുന്ന സാഹചര്യത്തിൽ താറാവ് കൃഷിയെ സംരക്ഷിക്കാനും താറാവ് കർഷകരുടെ പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാക്കുന്നതിനുമായി സമ്മേളനം ശക്തമായ സമരങ്ങൾക്ക് രൂപം കൊടുക്കുമെന്ന് ഐക്യതാറാവ് കർഷക സംഘം ജില്ലാ സെക്രട്ടറി കെ ശാമുവേലും പ്രസിഡന്റ് അഡ്വ ബി രാജശേഖരനും അറിയിച്ചു.

## അപേക്ഷ ക്ഷണിച്ചു

ആലപ്പുഴ: ആലപ്പുഴ ജനറൽ ആശുപത്രിയിലെ ബ്രൂ/നെസ്കഫെ കോഫീ സ്റ്റാളുകൾ ഒരു വർഷക്കാലയളവിലേക്ക് നടത്തുന്നതിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷ സൂപ്രണ്ട്, ജനറൽ ആശുപത്രി, ആലപ്പുഴ എന്ന വിലാസത്തിൽ ജൂലൈ 15 ന് ഉച്ചയ്ക്ക് ഒരു മണിവരെ സ്വീകരിക്കും.



മെക്ക ജില്ലാ കൺവെൻഷൻ എൻ.കെ.അലി ഉദ്ഘാടനം ചെയ്യുന്നു

## മെക്ക ജില്ലാ കൺവെൻഷൻ

ആലപ്പുഴ: ജാതി സെൻസസ് എത്രയും വേഗം നടപ്പിലാക്കി മുന്നാക്ക പിന്നാക്ക വിഭാഗങ്ങളുടെ സ്ഥിതിവിവരകണക്ക് പുറത്ത് വിടണമെന്ന് മെക്ക ഹെഡ്ക്വാർട്ടേഴ്സ് സെക്രട്ടറി എൻ.കെ. അലി. മെക്ക ആലപ്പുഴ ജില്ലാ കൺവെൻഷൻ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകകയായിരുന്നു അദ്ദേഹം. ജില്ലാ പ്രസിഡന്റ് ഒ.എം.എ. റഷീദ് അധ്യക്ഷത വഹിച്ചു.

സംസ്ഥാന ജനറൽ സെക്രട്ടറി എം. അഖ്നിസ് മുഖ്യ പ്രഭാഷണവും സംസ്ഥാന വൈസ് പ്രസിഡന്റ് പി.എസ്. അഷ്റഫ് 'ജാതി സംവരണം നടത്തൂ, പ്രാതിനിധ്യം ഉറപ്പാക്കൂ' എന്ന പ്രമേയത്തിൽ സംസാരിച്ചു. ജില്ലാ പ്രസിഡന്റായി എം. അഷ്റഫ്, സെക്രട്ടറി കെ.റഫീഖ്, ട്രഷറർ എ. സജീർ അടങ്ങുന്ന 21 അംഗ എക്സിക്യൂട്ടീവ് കമ്മിറ്റിയെ തെരഞ്ഞെടുത്തു. ഷാജി പനമ്പള്ളി, എം. നൗഫൽ, എൻ.എ. യൂനുസ്, ജമാൽ പള്ളാത്തുരുത്തി, എ. ഇക്ബാൽ, സുരാജ്, ഷാഫി റഹ്മത്തുല്ല, ഒ. ഹാരിസ്, ഹാഷിം എന്നിവർ സംസാരിച്ചു.

## പ്രതിഭാ സംഗമവും പുരസ്കാര സമർപ്പണവും

ഹരിപ്പാട് : ആർ ശങ്കരനാരായണൻ തമ്പി ഫൗണ്ടേഷൻ പ്രതിഭാ സംഗമവും ചെങ്ങളത്ത് രാമകൃഷ്ണപിള്ള പുരസ്കാര സമർപ്പണവും ഞായറാഴ്ച നടക്കുമെന്ന് ഭാരവാഹികൾ വാർത്താ സമ്മേളനത്തിൽ അറിയിച്ചു. ഉച്ചയ്ക്ക് രണ്ടിന് ഭവാനി മന്ദിർ ഓഡിറ്റോറിയത്തിൽ പ്രതിഭാ സംഗമം മൃഗസംരക്ഷണ ക്ഷീര വികസന വകുപ്പ് മന്ത്രി ജെ ചിഞ്ചു റാണി ഉദ്ഘാടനം ചെയ്യും.ചെങ്ങളത്ത് രാമകൃഷ്ണപിള്ളയുടെ സ്മരണാർത്ഥം ചെങ്ങളത്ത് കുടുംബക്കൂട്ടായ്മയും ആർ. ശങ്കര നാരായണൻ തമ്പി ഫൗണ്ടേഷനും ചേർന്ന് ഏർപ്പെടുത്തിയിരിക്കുന്ന 25000 രൂപയും ശിൽപവും പ്രശസ്തിപത്രവും അടങ്ങുന്ന പുരസ്കാരം ഗാന്ധിഭവൻ സെക്രട്ടറി ഡോ. പുനലൂർ സോമരാജന് സമ്മാനിക്കും. ഹരിപ്പാട് നിയോജകമണ്ഡലത്തിലെയും വിയപുരം പഞ്ചായത്തിലെയും എസ്എസ്എൽസി, പ്ലസ് ടു പരീക്ഷകളിൽ എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടിയ വിദ്യാർത്ഥികളെയും 100% വിജയം നേടിയ സ്കൂളുകളെയും ചടങ്ങിൽ ആദരിക്കും.

ഫൗണ്ടേഷൻ ചെയർമാൻ ഡി. അനീഷ് അധ്യക്ഷത വഹിക്കും. ടി.ജെ ആഞ്ചലോസ് അനുമോദനം നടത്തും.

കൺവീനർ യു ദിലീപ് സ്വാഗതവും, എം സോമൻ നന്ദിയും പറയും.

കെ പി എ സി സെക്രട്ടറി എ. ഷാജഹാൻ, കെ.എം ചന്ദ്രശർമ്മ എന്നിവരടങ്ങുന്ന ജൂറിയാണ് പുരസ്കാര ജേതാവിനെ തെരഞ്ഞെടുത്തത്. വാർത്താ സമ്മേളനത്തിൽ ഫൗണ്ടേഷൻ ചെയർമാൻ ഡി. അനീഷ്, കൺവീനർ യു ദിലീപ്, ജില്ലാ പഞ്ചായത്ത് അംഗം എ.ശോഭ,, ജോമോൻ കുളഞ്ഞി കൊമ്പിൽ, വി. എം പ്രമോദ് എന്നിവർ പങ്കെടുത്തു.

## ജീവകാരുണ്യ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം

മാന്നാർ: റോട്ടറി ക്ലബ്ബ് ഓഫ് മാന്നാർ 2024–25 വർഷത്തെ ഭാരവാഹികളുടെ സ്ഥാനാരോഹണവും ജീവകാരുണ്യ പ്രവർത്തനങ്ങളുടെ പ്രവർത്തന ഉദ്ഘാടനവും നാളെ റോട്ടറി ഭവനിൽ നടക്കും. ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകിക്കൊണ്ട് റോട്ടറി ക്ലബ്ബ് ഓഫ് മാന്നാറിന്റെ പുതിയ ഭാരവാഹികൾ ചുമതല ഏൽക്കും. ജീവകാരുണ്യ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം ഫിഷറീസ് സാംസ്കാരിക മന്ത്രി സജി ചെറിയാൻ ഉദ്ഘാടനം ചെയ്യും. പ്രസിഡൻറ് കെജി ഗോപാലകൃഷ്ണപിള്ളയുടെ അധ്യക്ഷതയിൽ ചേരുന്ന സമ്മേളനത്തിൽ പുതിയ പ്രസിഡന്റായി കെ സോമനാഥൻ നായർ സ്ഥാനമേൽക്കും.

## റെയിൽവെ ഗേറ്റ് അടച്ചിടും

ആലപ്പുഴ: ആലപ്പുഴഅമ്പലപ്പുഴ റെയിൽവെ സ്റ്റേഷനുകൾക്കിടയിലുള്ള ലെവൽ ക്രോസ് നമ്പർ 82 (കുറവൻതോട് ഗേറ്റ്) ഇന്ന് രാവിലെ 10 മുതൽ ഒമ്പതിന് വൈകുന്നേരം ആറ് വരെ അറ്റകുറ്റ പണികൾക്കായി അടച്ചിടും.

വാഹനങ്ങൾ ലെവൽ ക്രോസ് നമ്പർ: 83 (ഗുരുമന്ദിരം ഗേറ്റ്) വഴി പോകണം.

## വിധി സ്വാഗതാർഹം

ആലപ്പുഴ: പുന്നപ്ര തെക്ക് ഗ്രാമപഞ്ചായത്ത് അംഗം എസ്.സുൽഫിക്കറിനെ അയോഗ്യനാക്കിയ പഞ്ചായത്ത് ഭരണ സമിതിയുടെയും,അയോഗ്യത ശരിവെച്ച സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷന്റെയും ഉത്തരവ് റദ്ദാക്കിയ ഹൈക്കോടതി വിധി സ്വാഗതാർഹമാണെന്ന് എസ്.ഡി.പി.ഐ ജില്ലാ പ്രസിഡന്റ് കെ.റിയാസ് വാർത്താക്കുറിപ്പിൽ പറഞ്ഞു.

ഗൾഫ് ചന്ദ്രിക
gulfchandrikanews@gmail.com
2024 ജൂലൈ 05 വെള്ളി
ഗൾഫ് ചന്ദ്രിക


## യു.ഡി.എഫ് തെരഞ്ഞെടുപ്പ് കൺവെൻഷൻ

നെടുമങ്ങാട് : വെള്ളനാട് ജില്ലാ പഞ്ചായത്ത്ഡിവിഷൻ ഉപ തെരഞ്ഞെടുപ്പിൽ മത്സരിക്കുന്ന യുഡിഎഫ് സ്ഥാനാർത്ഥി വി ആർ പ്രതാപന്റെ കാച്ചാണി വാർഡ് തെരഞ്ഞെടുപ്പ് കൺവെൻഷൻ മുൻ ഡിസിസി പ്രസിഡന്റ് കരകുളം കൃഷ്ണപിള്ള ഉദ്ഘാടനം ചെയ്തു. കോൺഗ്രസ് കരകുളം മണ്ഡലം പ്രസിഡന്റ് വിജയരാജ് അദ്ധ്യക്ഷത വഹിച്ചു. സ്ഥാനാർത്ഥി വി ആർ പ്രതാപൻ, യുഡിഎഫ് നേതാക്കളായ അഡ്വ എം മുനീർ, അഡ്വ എൻ ബാജി, തേക്കട അനിൽ നെട്ടിറച്ചിറ ജയൻ റ്റി അർജുനൻ, അഡ്വ എസ് അരുൺ കുമാർ, കാച്ചാണി സനൽ, കാവുവിള മോഹനൻ, താഹിറാ ബീവി, കരകുളം സുകുമാരൻ, നെട്ടയം ജ്യോതികുമാർ തുടങ്ങിയവർ പ്രസംഗിച്ചു.

## കഞ്ചാവ് കണ്ടെടുത്തു

കാട്ടാക്കട: നരുവമൂടിന് സമീപം വീട്ടിൽ നിന്ന് പോലീസ് 20 കിലോ കഞ്ചാവ് കണ്ടെടുത്തു.പള്ളിച്ചൽ പാരൂർകുഴി തെങ്ങറത്തലക്കൽ വീട്ടിൽ മുളകുപൊടി ഷിബു എന്ന ഷിബു(47) താമസിച്ചവരുന്ന വീട്ടിൽ നിന്നുമാണ് 20 കിലോ കഞ്ചാവ് വീടിന്റെ മൺതറയിൽ കുഴിച്ചിട്ട നിലയിൽ കണ്ടെത്തിയത്.

രോഗിയായതിനാൽ ആരും പരിശോധനയ്ക്ക് എത്തുകയോ ഇയാളെ പിടികൂടുകയോ ഇല്ല എന്ന ധൈര്യത്തിലാണ് വൻതോതിൽ ഇവിടെ കഞ്ചാവ് സൂക്ഷിക്കുകയും കച്ചവടം നടത്തുകയും ചെയ്യുന്നത്. പ്രതിയെ പോലീസ് കസ്റ്റഡിയിൽ എടുത്തിട്ടുണ്ട്.

## കോടതികൾ സന്ദർശിച്ച് വിദ്യാർത്ഥികൾ

നെടുമങ്ങാട്: വിദ്യാർത്ഥികളുടെ കോടതികളിലേക്കുള്ള നിയമപരിജ്ഞാന യാത്രയായ സംവാദയുടെ ഭാഗമായി പനവൂർ വി എച്ച് എം കെ എം വി ആന്റ് എച്ച് എസ് എസ് കുട്ടികൾ നെടുമങ്ങാട് കോടതി സന്ദർശിച്ചു. സെക്ഷനുകൾ നെടുമങ്ങാട് ബാർ അസോസിയേഷൻ ട്രഷറർ അഡ്വക്കേറ്റ് ബേബി ഉദ്ഘാടനം ചെയ്തു.താലൂക്ക് ലീഗൽ സർവീസ് കമ്മറ്റി സെക്രട്ടറി വൈശാന്ത് അധ്യക്ഷത വഹിച്ചു. കേരള ക്രിമിനൽ ജുഡീഷ്യൽ സ്റ്റാഫ് അസോസിയേഷൻ ജില്ലാ സെക്രട്ടറി വിപിൻ മുഖ്യപ്രഭാഷണം നടത്തി. സംവാദ കോർഡിനേറ്റർ അഡ്വക്കേറ്റ് ജയകുമാർ തീർത്ഥം, അഭിഭാഷകരായ സഞ്ജീഷ്, ഷെറിൻ, സുരേഷ് കട്ടക്കാലിൽ, സജീർ, റംസി എന്നിവർ സംസാരിച്ചു. ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മതിസ്ട്രേറ്റ് റൂബിഇസ്മായിൽ കുട്ടികളുമായി സംവദിച്ചു.

# എസ്.എഫ്.ഐ ക്രിമിനലിസത്തിന് എതിരെ മുസ്‌ലിംലീഗ് തലസ്ഥാനത്ത് ജനകീയപ്രതിരോധം തീർക്കും: ബീമാപ്പള്ളി റഷീദ്

തിരുവനന്തപുരം: വിദ്യാർത്ഥികളുടെ രാഷ്ട്രീയ സാംസ്കാരിക പഠനാവകാശങ്ങൾ നിഷേധിച്ചുകൊണ്ട് എസ്.എഫ്.ഐയുടെ നേതൃത്വത്തിൽ കലാലയങ്ങളിലും ഹോസ്റ്റലുകളിലും സ്ഥാപിക്കപ്പെട്ട ഇടിമുറികൾക്കെതിരെ വിദ്യാർഥികളെയും രക്ഷകർത്താക്കളെയും അധ്യാപകരെയും സംഘടിപ്പിച്ചുകൊണ്ട് ജനകീയ പ്രതിരോധം മുസ്‌ലിംലീഗിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുമെന്ന് ജില്ലാ പ്രസിഡണ്ട് ബീമാപള്ളി റഷീദ് അഭിപ്രായപ്പെട്ടു.

മുസ്‌ലിംലീഗ് തിരുവനന്തപുരം ജില്ലാ കമ്മിറ്റി യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. തിരുവനന്തപുരം ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ഗവൺമെന്റ് സെക്രട്ടറിയേറ്റ് മുന്നിൽ പ്രതിഷേധം സംഘടിപ്പിക്കും. കാര്യവട്ടം ക്യാമ്പസിലെ വിദ്യാർത്ഥി പ്രശ്നങ്ങൾ പരിഹരിക്കാനായി എത്തിയ കോവളം എം.എൽ.എ എം വിൻസെന്റിന് നേരെ നടന്ന കയ്യേറ്റത്തിൽ യോഗം പ്രതിഷേധം രേഖപ്പെടുത്തി.

സിദ്ധാർത്ഥൻ ഉൾപ്പെടെ നിരവധി വിദ്യാർത്ഥികളുടെ മരണത്തിൽ നിന്നും പാഠം പഠിക്കാത്ത എസ്.എഫ്.ഐയും അവർ ഉയർത്തുന്ന രാഷ്ട്രീയവും സമാധാനപൂർണമായ കലാലയ അന്തരീക്ഷത്തെ തകർത്തിരിക്കുന്നതായും യോഗം അഭിപ്രായപ്പെട്ടു.

മുസ്‌ലിംലീഗ് തിരുവനന്തപുരം ജില്ലാ ജനറൽ സെക്രട്ടറി നിസാർ മുഹമ്മദ് സുൽഫി സ്വാഗതം പറഞ്ഞു ജില്ലാ ഭാരവാഹികളായ അഡ്വക്കേറ്റ് എസ് എൻ പുരം നിസാർ, അബ്ദുൽ ഹാദി അല്ലാമ എം എച്ച് ഹുമയൂൺ കബീർ, ഷഹീർ ജി അഹമ്മദ് കന്യാകുളങ്ങര ഷാജഹാൻ,മാണിക്കവിളാകം റാഫി എന്നിവർ സംസാരിച്ചു

*മുസ്‌ലിംലീഗ് ചന്ദ്രിക ക്യാമ്പയിനോട് അനുബന്ധിച്ച് നടക്കുന്ന വാർഷിക വരിസംഖ്യ വിഹിതം ജില്ലാ സെക്രട്ടറി ഷഹീർ ജി അഹമ്മദിൽ നിന്നും ജില്ലാ പ്രസിഡന്റ് ബീമാപള്ളി റഷീദ് സ്വീകരിക്കുന്നു. ചന്ദ്രിക തിരുവനന്തപുരം എഡിഷൻ ഗവേണിങ് ബോർഡ് കൺവീനർ നിസ്സാർ മുഹമ്മദ് സുൽഫി ഉൾപ്പെടെയുള്ള നേതാക്കൾ സമീപം*



## മുസ്‌ലിംലീഗ് പാറശ്ശാല മണ്ഡലം കമ്മിറ്റി പുനസംഘടിപ്പിച്ചു

പാറശ്ശാല: മുസ്‌ലിംലീഗ് തിരുവനന്തപുരം ജില്ലാ ജനറൽ സെക്രട്ടറിയും, മണ്ഡലം നിരീക്ഷകനുമായ നിസാർ മുഹമ്മദ് സുൽഫി, ജില്ലാ വൈസ് പ്രസിഡന്റ് ഇടവം ഖാലിദ് എന്നിവരുടെ സാന്നിദ്ധ്യത്തിൽ ചേർന്ന യോഗത്തിൽ പാറശ്ശാല നിയോജക മണ്ഡലം കമ്മിറ്റി പുനസംഘടിപ്പിച്ചു.ഭാരവാഹികളായി എം. മുഹമ്മദ് ഹുസ്സൈൻ പനച്ചമൂട് (പ്രസിഡന്റ്),അഡ്വ :സിറാജ് (ജനറൽ സെക്രട്ടറി ),എം. മുഹമ്മദ് ഷാനവാസ് ഖാൻ(ഓർഗനൈസിംഗ്സെക്രട്ടറി),എ.സെയ്യദലി (ട്രഷറർ) എന്നിവരെ തെരഞ്ഞെടുത്തു.





*മുഹമ്മദ് ഹുസ്സൈൻ അഡ്വ സിറാജ് എ.സെയ്യദലി*

## പട്ടാപ്പകൽ വീട്ടിൽ നിന്നും സ്വർണവും ക്യാമറയും കവർന്നു

വെള്ളനാട്: പട്ടാപ്പകൽ വീട്ടിൽ നിന്നും സ്വർണവും ക്യാമറയും കവർന്നു. വെള്ളനാട് പഞ്ചായത്തിലെ ഓഫീസ് ക്ലാർക്ക് നീതുവിന്റെയും എയർപോർട്ട് ഫ്ലൈറ്റ് എഞ്ചിനീയർ ശ്രീജിത്തിന്റെയും വീട്ടിൽ വ്യാഴാഴ്ച 1.50 ഓടെയാണു മോഷണം നടന്നത്. കിടപ്പ് മുറിയുടെ അലമാരയിൽ സൂക്ഷിച്ചിരുന്നനാലു പവനുള്ള മാലയും, വളയും,ഒരു മോതിരവും തൊട്ടടുത്ത മുറിയിൽ അലമാരയിൽ ഉണ്ടായിരുന്ന വിലപിടിപ്പുള്ള ഡി എസ് എൽ ആർ ക്യാമറയും, സിസിടിവി ഡി.വി.ആർ.എന്ന് ധരിച്ചു വീട്ടിലെ വൈഫൈ മോഡവും മോഷ്ടാവ് കൊണ്ടുപോയി.

അതേസമയം അലമാരയിൽ മറ്റൊരു ബോക്സിൽ 20 പവനോളം സ്വർണാഭരണങ്ങൾ ഉണ്ടായിരുന്നത് കള്ളന്റെ ശ്രദ്ധയിൽപ്പെട്ടില്ല. അലമാരയിലെ സാധനങ്ങൾ എല്ലാം വലിച്ചു വാരിയിട്ട് നിലയിലായിരുന്നു. 12 മണിയോടടുത്ത് വീട്ടിൽ ആളുണ്ടായിരുന്നു.

ഒരുമണിക്ക് നീതുവിന്റെ ഭർത്താവ് മൊബൈലിലൂടെ വീടിന്റെ ദൃശ്യങ്ങൾ കണ്ടതുമാണ്.ഇതിന് ശേഷമാണ് മോഷണം നടന്നിരിക്കുന്നത്. എല്ലാ ദിവസവും നീതു വീട്ടിലെത്തിയാണ് ഭക്ഷണം കഴിച്ചിരുന്നത്.

എന്നാൽ കഴിഞ്ഞ രണ്ടുമൂന്നു ദിവസമായി വാഹനം അറ്റകുറ്റപ്പണിക്ക് കൊടുത്തിരുന്നതിനാൽ ഉച്ചയ്ക്ക് വരാറില്ലായിരുന്നു. ഉച്ചകഴിഞ്ഞ് നീതുവിന്റെ ഭർത്താവ് ശ്രീജിത്ത് മൊബൈലിൽ നോക്കുമ്പോൾ ക്യാമറ പ്രവർത്തിക്കുന്നില്ല. ഇതോടെ നീതുവിനെ വിളിച്ച് പറഞ്ഞു നടത്തിയ അന്വേഷണത്തിൽ ആണ് മോഷണം നടന്നത് കണ്ടെത്തിയത്.

## നിവേദനം നൽകി

നെടുമങ്ങാട്: തൊളിക്കോട് ഗവൺമെന്റ് ആശുപത്രിയുടെ ശോചനീയാവസ്ഥ പരിഹരിക്കുക, കിടത്തി ചികിത്സ ഉൾപ്പെടെ ആരംഭിക്കുക,ആവശ്യാനുസരണം സ്റ്റാഫുകളെ നിയമിക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ച് തൊളിക്കോട് ഗ്രാമപഞ്ചായത്തിലെ കോൺഗ്രസ് ജനപ്രതിനിധികൾ ജില്ലാ മെഡിക്കൽ ഓഫീസറെ നേരിൽ കണ്ട് നിവേദനം നൽകി. ആരോഗ്യ വിദ്യാഭ്യാസ സ്ഥിരം സമിതി അധ്യക്ഷൻ തോട്ടുമുക്ക് അൻസർ, ചായം സുധാകരൻ, എൻ എസ് ഹാഷിം, ഷമി ഷംനാദ്, പ്രതാപൻ കോൺഗ്രസ് മണ്ഡലം പ്രസിഡന്റ് തൊളിക്കോട് ഷംനാദ് തുടങ്ങിയവർ സംബന്ധിച്ചു.

## പ്രതിഭാ പുരസ്കാരവിതരണം

പാറശ്ശാല. കോൺഗ്രസ് പാറശ്ശാല മണ്ഡലം കമ്മിറ്റിയുടെ അഭിമുഖത്തിൽ പാറശ്ശാല മണ്ഡലത്തിലെ പി എച്ച് ഡി ,ഡിഗ്രി, പ്ലസ് ടു, എസ് എസ് എൽ സി പരീക്ഷകളിൽ ഉന്നത വിജയം നേടിയ വിദ്യാർത്ഥികളെ അനുമോദിച്ചു. മണ്ഡലം കോൺഗ്രസ് പ്രസിഡന്റ് ജെ കെ ജസ്റ്റിൻ രാജ് അധ്യക്ഷത വഹിച്ച യോഗം വിൻസന്റ് എം.എൽ.എ ഉദ്ഘാടനം ചെയ്തു.

എടി ജോർജ്, ഡിസിസി ജനറൽ സെക്രട്ടറി മാരായ പാറശ്ശാല സുധാകരൻ, കൊറ്റാമം വിനോദ്, ഷിനോ, ബ്ലോക്ക് കോൺഗ്രസ് കമ്മിറ്റി പ്രസിഡന്റ് അഡ്വക്കേറ്റ് ജോൺ, കോൺഗ്രസ് നേതാക്കളായ ടി കെ വിശ്വംഭരൻ, വി കെ ജയറാം, എസ് രാജൻ, ലെൽവിൻ ജോയ്, വിൻസർ, സുമേഷ്, വേലപ്പൻ നായർ തുടങ്ങിയവർ പ്രസംഗിച്ചു.

## കെ. ദാമോദരൻ അനുസ്മരണം

നെടുമങ്ങാട്: വായന പക്ഷാചരണത്തോടനുബന്ധിച്ച് നെടുമങ്ങാട് താലൂക്ക് ലൈബ്രറി കൗൺസിൽ മരുതുംമൂട് സ്വദേശാഭിമാനി ഗ്രന്ഥശാലയിൽ വച്ച് കെ. ദാമോദരൻ അനുസ്മരണം സംഘടിപ്പിച്ചു.

വിതുര പഞ്ചായത്ത് ലൈബ്രറി നേതൃസമിതി കൺവീനർ ആർ. രവി ബാലന്റെ അധ്യക്ഷതയിൽ താലൂക്ക് ലൈബ്രറി കൗൺസിൽ സെക്രട്ടറി എൻ. ഗോപാലകൃഷ്ണൻ ഉദ്ഘാടനം ചെയ്തു ഡോ. ചായം ധർമ്മരാജൻ കെ.ദാമോദരൻ അനുസ്മരണ പ്രഭാഷണം നടത്തി. ഡോ.കെ.ഷിബു, ബിനുകുമാർ, പ്രസന്നകുമാർ, രത്നാകരൻ തുടങ്ങിയവർ പങ്കെടുത്തു

## തളിര് സ്കോളർഷിപ്പ്

തിരുവനന്തപുരം: സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് സംഘടിപ്പിക്കുന്ന ഈ വർഷത്തെ തളിര് സ്കോളർഷിപ്പ് പരീക്ഷയുടെ ആദ്യ രജിസ്ട്രേഷൻ കുട്ടികളുടെ സ്പീക്കറും ഹോളി ഏഞ്ചൽസ്സ്കൂളിലെ എട്ടാം ക്ലാസ് വിദ്യാർത്ഥിയുമായ നൻമ എസിന് നൽകി മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു.

വെബ്സൈറ്റ് വഴി സ്കോളർഷിപ്പ് പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യാം. അഞ്ചാം ക്ലാസ് മുതൽ പത്താം ക്ലാസ് വരെ പഠിക്കുന്ന കുട്ടികൾക്കാണ് രജിസ്റ്റർ ചെയ്യാൻ അർഹതയുള്ളത്.

## റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു

തിരുവനന്തപുരം: ജില്ലാ ലീഗൽ സർവീസസ് അതോറിറ്റിയുടെ കീഴിലെ ശലഭക്കൂട് പ്രോജക്ടിനായി നടത്തിയ പരീക്ഷയുടെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു.

സൈക്കോളജിസ്റ്റ് (ചൈൽഡ്) വിഭാഗത്തിൽ മേഘ പി, സോഷ്യൽ വർക്കർ വിഭാഗത്തിൽ എസ്.രാമനന്ദ് എന്നിവരെ തിരഞ്ഞെടുത്തു. റാങ്ക് ലിസ്റ്റ് ജില്ലാ ലീഗൽ സർവീസസ് അതോറിറ്റിയുടെ ഓഫീസിൽ ലഭ്യമാണ് . കൂടുതൽ വിവരങ്ങൾക്ക് 0471 2575013, 2467700,2509057

# ചന്ദ്രിക ശബ്ദമില്ലാത്തവരുടെ ശബ്ദം: പി.ഉബൈദുള്ള എം.എൽ.എ

തിരുവനന്തപുരം: ചരിത്രത്തിന്റെ താളുകളിൽ ചന്ദിക ദിനപത്രം ശബ്ദമില്ലാത്തവരുടെ ശബ്ദം എന്നാണ് അടയാളപ്പെടുത്തിയിരിക്കുന്നതെന്ന് പി. ഉബൈദുള്ള എം.എൽ എ.

ചന്ദിക ദിനപത്രത്തിന്റെ പ്രചാരണ പ്രവർത്തനങ്ങളുടെ ഭാഗമായി നേമം നിയോജക മണ്ഡലത്തിലെ വാർഷിക വരിക്കാരുടെ ലിസ്റ്റും, വരിസഖ്യയും എസ് ടി യു സംസ്ഥാന ട്രഷറർ ജി. മാഹീൻ അബൂബക്കറിൽ നിന്ന് ഏറ്റുവാങ്ങി സംസാരിക്കുകയായിരുന്നു അദ്ദേഹം.

ചന്ദിക ദിനപത്രം കഴിഞ്ഞ 90 വർഷങ്ങളായി അധ:സ്ഥിത - മർദ്ദിതവിഭാഗങ്ങളുടെ ഉജ്ജ്വല പോരാട്ടങ്ങളുടെ ചരിത്രമാണ് പറഞ്ഞു കൊണ്ടിരിക്കുന്നത്. വർത്തമാന കാലഘട്ടത്തിൽ ഈ ദിനപത്രത്തിന്റെ സാന്നിദ്ധ്യം അനിവാര്യമാണ്. മുസ്ലിംലീഗിന്റെ ശക്തി കൂടിയാണ് ചന്ദ്രികയെന്നും എം.എൽ.എ പറഞ്ഞു.

ചന്ദ്രിക റസിഡന്റ് മാനേജർ നസിം ഹരിപ്പാട്,നേമം നിയോജക മണ്ഡലം പ്രസിഡന്റ് എസ് എം ഇക്ബാൽ, ജനറൽ സെക്രട്ടറി കമറുദ്ദീൻ ഹാജി, എസ് ടിയു ജില്ലാ ജനറൽ സെക്രട്ടറി എ. സക്കീർ ഹുസൈൻ, മത്സ്യവിതരണ തൊഴിലാളി യൂണിയൻ ഭാരവാഹി ഷഹീർപുഴനാട് എന്നിവർ സന്നിഹിതരായി.



*ചന്ദിക ദിനപത്രത്തിന്റെ പ്രചാരണ പ്രവർത്തനങ്ങളുടെ ഭാഗമായി നേമം നിയോജക മണ്ഡലത്തിലെ വാർഷിക വരിക്കാരുടെ ലിസ്റ്റും, വരിസഖ്യയും എസ് ടി യു സംസ്ഥാന ട്രഷറർ ജി. മാഹീൻ അബൂബക്കറിൽ നിന്ന് ഏറ്റുവാങ്ങുന്നു. ചന്ദ്രിക റസിഡന്റ് മാനേജർ നസിം ഹരിപ്പാട്,നേമം നിയോജക മണ്ഡലം പ്രസിഡന്റ് എസ് എം ഇക്ബാൽ, ജനറൽ സെക്രട്ടറി കമറുദ്ദീൻ ഹാജി, എസ്ടിയു ജില്ലാ ജനറൽ സെക്രട്ടറി എ. സക്കീർ ഹുസൈൻ, മത്സ്യവിതരണ തൊഴിലാളി യൂണിയൻ ഭാരവാഹി ഷഹീർപുഴനാട് എന്നിവർ സമീപം*

## മുതലപ്പൊഴിയിലെ ദുരവസ്ഥക്ക് പരിഹാരം കാണണം: മുസ്‌ലിംലീഗ്

തിരുവനന്തപുരം: തീരദേശമേഖലയുടെ വിവിധ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് മത്സ്യ ബന്ധന വകുപ്പ് ചുമതലയുള്ള കേന്ദ്ര മന്ത്രി ജോർജ്ജ് കുര്യൻ വിളിച്ച യോഗം തലസ്ഥാനത്ത് തൈക്കാട് ഗസ്റ്റ് ഹൗസിൽ നടന്നു. യോഗത്തിൽ മുസ്‌ലിം ലീഗ് ജില്ലാ പ്രസിഡന്റ് ബീമാപള്ളി റഷീദ് മത്സ്യത്തൊഴിലാളി ഫെഡറേഷൻ (എസ്.ടി.യു) സംസ്ഥാന വൈ.പ്രസിഡന്റ് വിഴിഞ്ഞം റസ്സാഖ് എന്നിവർ പങ്കെടുത്തു മുതലപ്പൊഴിയിലെ ദുരവസ്ഥക്ക് പരിഹാരം കാണണമെന്നും ബീമാപള്ളി ചെറിയതുറ തുടങ്ങിയ പ്രദേശങ്ങളിലെ തീരംസംരക്ഷിക്കണമെന്നും ബീമാപള്ളി റഷീദ് ആവശ്യപ്പെട്ടു. മത്സ്യത്തൊഴിലാളികൾക്ക് വെട്ടിക്കുറച്ച ഇന്ധന സബ്സിഡി പു:നസ്ഥാപിക്കുന്നതിന് കേന്ദ്രസഹായം നല്കണമെന്നും കേന്ദ്രം വെട്ടിക്കുറച്ച മണ്ണെണ്ണയുടെ അളവ് പുന:സ്ഥാപിക്കണമെന്നും എല്ലാ മത്സ്യതൊഴിലാളി കുടുംബങ്ങളുടേയും റേഷൻ കാർഡ് ബി.പി.എല്ലിലേക്ക് മാറ്റണമെന്നും വിഴിഞ്ഞം റസാക് ആവശ്യപ്പെട്ടു. കേക്ര-സംസ്ഥാന ഫിഷറീസ് വകുപ്പ് ഉദ്യോഗസ്ഥർ, ഫാദർ യൂജിൻ പെരേര, വിവിധ സംഘടന പ്രതിനിധികൾ തുടങ്ങിയവരും യോഗത്തിൽ പങ്കെടുത്തു



*പനവൂർ മേഖലയിലെ എസ്.ടി.യു അംഗത്വവിതരണ ഉദ്ഘാടനം ചുമട്ടു തൊഴിലാളി ഫെഡേറേഷൻ സംസ്ഥാന വൈസ് പ്രസിഡന്റ് പനവൂർ അസനാരാശാൻ നിർവഹിക്കുന്നു. മുസ്‌ലിംലീഗ് -എസ് ടി യു നേതാക്കളായ ഷാജിർ, കൊങ്ങണംകോട് ഫസൽ, പനവൂർ ഷറഫ് സമീപം*

## വണ്ടിത്തടം സംഭവം: കൊലപാതകവും ആത്മഹത്യയുമെന്ന് പൊലീസ്

കോവളം : വണ്ടിത്തടത്ത് ഗൃഹനാഥനെയും ഭാര്യാമാതാവിനെയും വീട്ടിൽ മരിച്ച നിലയിൽ കണ്ടെത്തിയ സംഭവം കൊലപാതകത്തിന് പിന്നാലെയുള്ള ആത്മഹത്യയെന്ന് നിഗമനം.വണ്ടിത്തടം മൃഗാശുപത്രിക്ക് സമീപം ഇരുനില കെട്ടിടത്തിൽ വാടകയ്ക്ക് താമസിച്ചിരുന്ന സാബുലാൽ(50) ഭാര്യാമാതാവ് സി.ശ്യാമള(76) എന്നിവരെയാണ് വ്യാഴാഴ്ച രാവിലെ വീടിനുള്ളിൽ മരിച്ചനിലയിൽ കണ്ടെത്തിയത്.

ശ്യാമളയെ പ്ലാസ്റ്റിക് കയർ കഴുത്തിൽ മുറുക്കി കൊലപ്പെടുത്തിയശേഷം സാബുലാൽ കിടപ്പുമുറിയിലെ ഫാനിൽ തൂങ്ങിമരിക്കുകയായിരുന്നെന്നാണ് പോലീസ് അന്വേഷണത്തിലെ കണ്ടെത്തൽ. സാബുലാലിന്റെ മുറിയിൽനിന്ന് ആത്മഹത്യാക്കുറിപ്പും കണ്ടെടുത്തിട്ടുണ്ട്. ഭാര്യയുടെ വേർപാട് തന്നെ തളർത്തി. ഇനി പിടിച്ച് നിൽക്കാനാവില്ല, അതിനാൽ അമ്മയെയും കൂടെ കൂട്ടുന്നു എന്നായിരുന്നു കുറിപ്പിലുണ്ടായിരുന്നത്. അടുത്ത സുഹൃത്തായ ശ്രീകാന്തിനും ഇത് അയച്ചുകൊടുക്കണമെന്നും കുറിപ്പിലുണ്ടായിരുന്നു.




*സാബുലാൽ ശ്യാമള*

അർബുദബാധിതയായി ചികിത്സയിലായിരുന്ന സാബുലാലിന്റെ ഭാര്യ റീന ജൂൺ മൂന്നാം തീയതിയാണ് അന്തരിച്ചത്.ഭാര്യയുടെ മരണം സാബുലാലിനെ മാനസികമായി തളർത്തിയിരുന്നതായും ഇദ്ദേഹം ഏറെ അസ്വസ്ഥനായിരുന്നുവെന്നും ബന്ധുക്കൾ പറയുന്നു. സംഭവത്തിന് മുൻപ് പുലർച്ചെ നാലുമണിയോടെ സാബുലാൽ ഭാര്യയുടെ ബന്ധുവായ വഞ്ചിയൂർ സ്വദേശി ബിന്ദുവിന് എട്ട് പേജുള്ള ആത്മഹത്യാക്കുറിപ്പ് വാട്സാപ്പിൽ അയച്ചിരുന്നു.

വ്യാഴാഴ്ച രാവിലെ ഏഴുമണിയോടെയാണ് ബിന്ദു സാബുലാലിന്റെ വാട്സാപ്പ് സന്ദേശം കണ്ടത്. ഉടൻതന്നെ മൊബൈൽഫോണിൽ വിളിച്ചെങ്കിലും സ്വിച്ച് ഓഫായിരുന്നു. പിന്നാലെ വീട്ടുജോലിക്കാരിയായ ബീനയെ വിളിച്ച് പെട്ടെന്ന് വീട്ടിൽപോയി അന്വേഷിക്കാൻ ആവശ്യപ്പെട്ടു.

ബീന സാബുലാലിന്റെ വീട്ടിലെത്തിയപ്പോൾ വാതിലുകൾ കുറ്റിയിടാതെ ചാരിവെച്ചനിലയിലായിരുന്നു. അകത്ത് കയറിയപ്പോഴാണ് താഴെത്ത കിടപ്പുമുറിയിൽ ശ്യാമളയെ മരിച്ചനിലയിൽ കണ്ടത്. കഴുത്തിൽ കയർ മുറുക്കിയ നിലയിലായിരുന്നു മൃതദേഹം. മുകൾനിലയിലെ കിടപ്പുമുറിയിൽ സാബുവിനെ തൂങ്ങിമരിച്ച നിലയിലും കണ്ടെത്തി. ഉടൻതന്നെ ഇവർ വീടിന് പുറത്തിറങ്ങി നാട്ടുകാരെ വിളിച്ചുകൂട്ടി. തുടർന്ന് കോവളം പോലീസിനെയും വിവരമറിയിക്കുകയായിരുന്നു.കോവളം പോലീസ് കേസെടുത്തിട്ടുണ്ട്.

## നോർക്ക റൂട്ട്സിന്റെ വ്യാജസീൽ: പോലീസ് അന്വേഷിക്കും

തിരുവനന്തപുരം സർട്ടിഫിക്കറ്റ് ഒതന്റിക്കേഷൻ സെന്ററിൽ എംബസി അറ്റസ്റ്റേഷനായി സമർപ്പിച്ച വിദ്യാഭ്യാസ സർട്ടിഫിക്കറ്റുകൾ പരിശോധിക്കവെ വ്യാജസീൽ ഉപയോഗിച്ചുള്ള നോർക്ക അറ്റസ്റ്റേഷൻ കണ്ടെത്തി. 2019 ൽ നോർക്ക അറ്റസ്റ്റ് ചെയ്തതായി സൂചിപ്പിക്കുന്ന വിദ്യാഭ്യാസ സർട്ടിഫിക്കറ്റിലാണ് വ്യാജ സീൽ കണ്ടെത്തിയത്. ഇത് തുടർ നിയമ നടപടികൾക്കായി പോലീസിന് കൈമാറി. പ്രസ്തുത സർട്ടിഫിക്കറ്റിന്റെ ആധികാരികത ഉറപ്പാക്കുന്നതിനായി യൂണിവേഴ്സിറ്റിക്കും കൈമാറിയിട്ടുണ്ട്. അംഗീകൃതമല്ലാത്ത ഏജൻസികളും ഇടനിലക്കാരും വഴി ഇത്തരത്തിൽ സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തുന്നത് നിയമവിരുദ്ധമാണ്. ഇക്കാര്യത്തിൽ ഉദ്യോഗാർത്ഥികൾ ജാഗ്രതപാലിക്കണമെന്ന് നോർക്ക റൂട്ട്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അജിത് കോളശ്ശേരി അറിയിച്ചു. സംസ്ഥാനത്തുനിന്നുള്ള വിദ്യാഭ്യാസ സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തുന്നതിന് കേന്ദ്ര-കേരള ഗവൺമെന്റുകൾ അധികാരപ്പെടുത്തിയിട്ടുള്ള സ്ഥാപനമാണ് നോർക്ക റൂട്ട്സ്.



*മുതലപ്പൊഴിയിലെത്തിയ കേന്ദ്ര ഫിഷറീസ് സഹമന്ത്രി ജോർജ് കുര്യനെതിരെ പ്രതിഷേധിച്ച് റോഡ് ഉപരോധിച്ച കോൺഗ്രസ് പ്രവർത്തകരെ പോലീസ് ബലം പ്രയോഗിച്ച് നീക്കം ചെയ്യുന്നു*


## പുല്ലമ്പാറ പഞ്ചായത്ത് പദ്ധതികളുടെ ഉദ്ഘാടനം

പനവൂർ : പുല്ലമ്പാറ ഗ്രാമപഞ്ചായത്ത് 2023 -24, 2024-25 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികളുടെ ഉദ്ഘാടനം പുല്ലമ്പാറ ഗ്രാമപഞ്ചായത്ത് 2023 -24, 2024-25 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികളുടെ ഉദ്ഘാടനം ഡി കെ മുരളി എം.എൽ.എ നിർവഹിച്ചു. മാലിന്യ സംസ്കരണത്തിന് മുൻതൂക്കം നൽകുന്ന പുല്ലമ്പാറ ഗ്രാമപഞ്ചായത്ത് ഹരിത കർമ്മ സേനയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി യൂണിഫോം ഐഡി കാർഡ്, ഗ്ലൗസ്, ബാഗ്, കുട, ഉന്തു വണ്ടി, കിച്ചൻ ബിൻ എന്നിവയുടെ വിതരണം നടത്തി.ഉണർവ് വയോജന സൗഹൃദ ഗ്രാമം പദ്ധതിയുടെ ഭാഗമായി ഗ്രാമപഞ്ചായത്തിലെ എല്ലാ അങ്കണവാടികൾക്കും ബിപി അപ്പരറ്റുസും, ഗ്ലൂക്കോമീറ്ററും വിതരണം ചെയ്തു. ഇതിലൂടെ പുല്ലമ്പാറ ഗ്രാമപഞ്ചായത്തിലെ എല്ലാ ജനങ്ങൾക്കും രക്തസമ്മർദ്ദവും, പ്രമേഹവും പരിശോധിക്കുന്നതിനായി പി എച്ച് സിയിൽ പോകാതെ തന്നെ സാധിക്കും. കാർബൺ ന്യൂട്രൽ പഞ്ചായത്തിന്റെ ഭാഗമായി എല്ലാ അങ്കണവാടികൾക്കും ഇലക്ട്രിക് കുക്കർ ഉൾപ്പെടെയുള്ള സാധനസാമഗ്രികൾ വിതരണം ചെയ്തു.

## മെഡിക്കൽ കോളേജിലെ ദുരവസ്ഥക്കെതിരെ പ്രതിഷേധം

തിരുവനന്തപുരം: മെഡിക്കൽ കോളേജിലെ ദുരവസ്ഥക്കെതിരെ പ്രതികരണ വേദിയുടെ നേതൃത്വത്തിൽ മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ഓഫീസിലേക്ക് വൻ പ്രതിഷേധം. പാവപ്പെട്ട രോഗികളുടെ ഏക ആശ്രയകേന്ദ്രമായ മെഡിക്കൽ കോളേജിലെ ദുരവസ്ഥക്കെതിരെ മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ഓഫീസിലേക്ക് മാർച്ച് നടത്തി. തലസ്ഥാനനഗരിയിലെ ആരോഗ്യം കാക്കുന്ന ഈ ആതുരാലയത്തിൽ ചികിത്സയ്ക്കായി എത്തുന്നവർക് ആവശ്യമായ ചികിത്സ ലഭിക്കുന്നില്ല.14 ലും ഇരുപത്തി ഏഴിലും, 28 ലും വാർഡുകളിൽ അഡ്മിറ്റ് ആകുന്ന രോഗികളെ ബെഡിൽ കിടത്തി ചികിത്സിക്കുവാനുള്ള സൗകര്യം പോലുമില്ല. പ്രകടനം 11 മണിയോടുകൂടി മെഡിക്കൽ കോളേജ് ജംഗ്ഷനിൽ നിന്ന് തുടങ്ങി നൂറുകണക്കിന് പ്രതികരണ വേദി പ്രവർത്തകർ പ്രിൻസിപ്പൽ ഓഫീസിലേക്ക് എത്തി. മാർച്ച് എം. എ ലത്തീഫ് ഉദ്ഘാടനം ചെയ്തു.

## വാഹനാപകടം: ചികിത്സയിലായിരുന്ന ആൾ മരിച്ചു



വർക്കല :പത്ര വിതരണത്തിനിടെ വാഹനാപകടത്തിൽപ്പെട്ടു ചികിത്സയിലായിരുന്ന വടശ്ശേരിക്കോണം വിളയിൽ വീട്ടിൽ സുഹ്റ മൻസിലിൽ ഫാറൂഖ് (61) നിര്യാതനായി. ജൂൺ 27 ന് വെളുപ്പിന് 4.45 ന് വടശ്ശേരിക്കോണം ജംഗ്ഷന് സമീപം വീടുകളിൽ പത്രം വിതരണം ചെയ്യുന്നതിനിടെ റോഡിൽ വച്ചു മറ്റൊരു സ്കൂട്ടർ ഫാറൂക്കിനെ ഇടിച്ചു വീഴ്ത്തുകയായിരുന്നു. ഗുരുതരമായി പരിക്കേറ്റ ഫാറൂക്കിനെ വർക്കല ഗവ: താലൂക്ക് ആശുപത്രിയിൽ പ്രവേശിപ്പിച്ചുവെങ്കിലും ഉടനെ തന്നെ പാരിപ്പള്ളി മെഡിക്കൽ കോളേജ് ആശുപത്രിയിലേക്ക് മാറ്റി.അവിടെ ചികിത്സയിലിരിക്കവേയാണ് മരണം സംഭവിച്ചത്. വ്യാഴാഴ്ച വൈകുന്നേരം വടശ്ശേരിക്കോണം ജുമാ മസ്ജിദ് അങ്കണത്തിൽ ഖബറടക്കം നടന്നു. വർക്കല പോലീസ് കേസ് എടുത്തിട്ടുണ്ട്. ഭാര്യ:നൂജാ ബീഗം, മക്കൾ : നൈസി, റൂബി. മരുമക്കൾ :റാഷിദ്,ഷംനാസ്



*തിരുവനന്തപുരം മൃഗശാലയിൽ പ്രസവിച്ച ഹിപ്പോപൊട്ടാമസും കുഞ്ഞും*



ലോക്സഭയിൽ നന്ദിപ്രമേയ ചർച്ചയുമായി ബന്ധപ്പെട്ട് പ്രതിപക്ഷ നേതാവ് രാഹുൽഗാന്ധിയുടെ പ്രസംഗം പ്രസിദ്ധീകരിച്ചതിന്റെ പേരിൽ മാധ്യമങ്ങളെ ബഹിഷ്കരിക്കാൻ ആഹ്വാനം ചെയ്യുന്നവർക്ക് അസഹിഷ്ണുതയാണ്. രാഷ്ട്രീയത്തിൽ സ്തുതിപാടകരെ മാത്രം കേട്ടുശീലിച്ചവർക്ക് അത് മാത്രമായിരിക്കണം മാധ്യമങ്ങളുടെ ജോലിയെന്നാണ് കരുതുന്നത്. സ്വതന്ത്ര്യമായ അഭിപ്രായങ്ങൾഉണ്ടാകുമ്പോൾ അസഹിഷ്ണുത കാട്ടുന്നവരാണ് ബഹിഷ്കരണത്തിന് ആഹ്വാനം ചെയ്യുന്നത്.

– കെ.സി വേണുഗോപാൽ

എന്റെ എഴുത്തുകൾ വായിച്ച് ഏറ്റവും കൂടുതൽ ചിരിച്ചത് ഞാനായിരിക്കും...
കരഞ്ഞതും ഞാൻ ആയിരിക്കും കാരണം അതൊക്കെയും എന്റെ അനുഭവങ്ങൾ ആയിരുന്നു...



## കേരള വാർത്തകൾ

### 30-ാം ഓർമദിനത്തിൽ ബാപ്പയുടെ ഓർമകളുമായി മകൻ അനീസ്



വൈക്കം മുഹമ്മദ് ബഷീറിന്റെ മക്കളായ അനീസും ഷാഹിനയും

# സുൽത്താനാണ് സാഹിത്യ നഗരത്തിന്റെ വിലാസം

**മുഹമ്മദ് ത്വാഹ**

ഇന്ന് ജൂലൈ 05. ബേപ്പൂർ സുൽത്താൻ വൈക്കം മുഹമ്മദ് ബഷീർ മലയാളം വിട്ടു പോയിട്ട് മുപ്പത് വർഷം. കോഴിക്കോട് മഹാനഗരം ഇപ്പോൾ സാഹിത്യ നഗരമാണ്. യുനെസ്ക്കോ പട്ടം കിട്ടിയ നഗരവും നാടും ഇപ്പോഴും സ്നേഹത്തോടെ സ്മരിക്കുന്നത് സുൽത്താനെ തന്നെ. വാപ്പച്ചിയെ കുറിച്ച് ഓർമിക്കുമ്പോൾ, അദ്ദേഹത്തിന്റെ ജീവിതം മലയാള സാഹിത്യ ലോകത്ത് എത്രത്തോളം ആഴത്തിൽ സ്വാധീനിച്ചു എന്ന് നിസ്സംശയം പറയാമെന്നാണ് മകൻ അനീസ് ബഷീർ പറഞ്ഞത്. വാപ്പച്ചി ഇഹലോകവാസം വെടിഞ്ഞിട്ട് 30 വർഷമായിട്ടും, അദ്ദേഹത്തിന്റെ സാന്നിധ്യം ഇന്നും കൃതികളിലൂടെ നമ്മെ പ്രകാശിപ്പിക്കുന്നു.

വാപ്പച്ചിയുടെ വീട്ടിലെ സാഹചര്യങ്ങളും സന്ദർശകരുമായുള്ള ഇടപഴകലും എപ്പോഴും മനോഹരമായിരുന്നു. അതിൽ ആരായാലും, കുട്ടികളായാലും മുതിർന്നവരായാലും, എല്ലാവർക്കും തുല്യമായ പരിഗണന നൽകി അദ്ദേഹം സംസാരിച്ചിരുന്നു. ഇപ്പോഴും ഒരു സങ്കടം ഉണ്ട്, വാപ്പച്ചിയുമായി ചെലവഴിക്കാനുള്ള സമയം വളരെ കുറവായിരുന്നു. അദ്ദേഹം എഴുത്തിന് ശേഷം ബാക്കിയുള്ള സമയങ്ങളിൽ മാത്രമായിരുന്നു ഞങ്ങൾക്ക് അദ്ദേഹത്തിനോട് ഇടപഴക്കാൻ സാധ്യമായിരുന്നത്.

വാപ്പച്ചി അധികവും വീട്ടിൽ തന്നെയാണ് ഉണ്ടാവാറുള്ളത്, അദ്ദേഹം മിക്കവാറും എഴുത്തിന്റെ സമയത്ത് വീടിന്റെ ചുറ്റിലും മരച്ചുവട്ടിലുമായി ഇരിക്കാറാണ് പതിവ്. മഴ ഉള്ളപ്പോൾ മാത്രമേ അകത്തേയ്ക്ക് വരാറുള്ളൂ. ചില സമയങ്ങളിൽ എഴുതുന്ന സ്ഥലത്തേക്ക് ആരെയും അടുപ്പിക്കാൻ പോലും തയ്യാറായിരുന്നില്ല. സിഗരറ്റിന്റെ കൂട്ടിലും, റാപ്പറുകളിലുമായിരുന്നു അദ്ദേഹം എഴുതിയിരുന്നത്, അത് കൊണ്ട് തന്നെ എങ്ങാനും നഷ്ടപ്പെട്ടാൽ കഥയുടെ തുടർച്ച നഷ്ടപ്പെടും എന്ന് ഭയക്കുമായിരിക്കും. വാപ്പച്ചിക്ക് ഭാഷയും ഗാനങ്ങളും ആസ്വദിക്കാൻ വളരെ ഇഷ്ടമായിരുന്നു. ഹിന്ദി, ബംഗാളി, ഉറുദു, ഇംഗ്ലീഷ്, തമിഴ് തുടങ്ങിയ ഭാഷകളിലെ ഗാനങ്ങൾ അദ്ദേഹം ആസ്വദിക്കുമായിരുന്നു. അതോടൊപ്പം തന്നെ അവയെ ചർച്ചയും ചെയ്യുമായിരുന്നു.

മറ്റൊരു പ്രിയപ്പെട്ട ശീലമായിരുന്നു എവിടെ പോയാലും പൂന്തോട്ടം നിർമ്മിക്കുക. ജയിലിൽ പോലും അദ്ദേഹം പൂന്തോട്ടം നിർമ്മിച്ചിരുന്ന അനുഭവം വളരെ പ്രിയപ്പെട്ടതായി പറഞ്ഞിരുന്നു. സുഹൃത്തുക്കളുമായുള്ള ബന്ധവും ഏറ്റവും പ്രിയപ്പെട്ടതായിരുന്നു. അദ്ദേഹത്തിന്റെ സാഹിത്യങ്ങൾ മലയാളത്തിൽ വലിയ മാറ്റങ്ങൾ കൊണ്ടുവന്നു. വളരെ ലളിതമായ ഭാഷയിൽ, നിതാന്ത ജീവിതഭാഷയിൽ സാഹിത്യം എഴുതാം എന്ന് തെളിയിച്ച വ്യക്തിയാണ്. ചില പ്രയോഗങ്ങൾ ഇന്ന് സാഹിത്യ ലോകത്തിലെ പ്രയോഗങ്ങളായിമാറിയിട്ടുണ്ട്. അദ്ദേഹം കണ്ടുവന്ന ആളുകളായാണ് കഥാപാത്രങ്ങളായി മാറ്റിയത്.

കുടുംബാംഗങ്ങളും സുഹൃത്തുക്കളും, ഉമ്മയും എല്ലാം വാപ്പച്ചിയുടെ കഥകളിൽ സജീവമാവും. അദ്ദേഹത്തിന്റെ ഓർമ്മകൾ, അദ്ദേഹം നൽകിയ പാഠങ്ങൾ എല്ലാം ഇന്നും മനസ്സിൽ തെളിഞ്ഞു നിൽക്കുന്നു. ലളിതമായ ഭാഷയും നിഷ്കളങ്കമായ ജീവിതവും, അവരെ മലയാളത്തിന്റെ ഈ പ്രസാദപർവതത്തിലെ മുത്തായി തെളിയിക്കുന്നുവെന്ന് അനീസ് പറയുമ്പോൾ സുൽത്താന്റെ മകൾ ഷാഹിനയും ഇതിന് അടിവരയിടുന്നു.

---

### മാന്നാർ കൊലപാതകം

## ഊമക്കത്തിന് പിന്നിൽ സമുദായ സംഘടനയിലെ പോര്

മാന്നാർ(ആലപ്പുഴ): യുവതിയെ കൊന്ന് സെപ്റ്റിക് ടാങ്കിൽ തള്ളിയ സംഭവം പുറത്ത് വന്നത് സാമുദായിക സംഘടനയിലെ ആഭ്യന്തര പോരിനെ തുടർന്നെന്ന് വിവരം. അമ്പലപ്പുഴ പൊലീസിന് ലഭിച്ച ഊമക്കത്തുകൾ പ്രതികൾ ഭാരവാഹിത്വം വഹിക്കുന്ന സമുദായ സംഘടനയിൽ മുൻപ് നടന്ന പ്രശ്നങ്ങളുടെ ഭാഗമാണെന്നാണ് ആക്ഷേപം ഉയരുന്നത്. കേസിലെ ഒരു പ്രതിയായ പ്രമോദ് ഭാര്യവീട്ടിലെത്തി പ്രശ്നങ്ങൾ ഉണ്ടാക്കിയ കേസിൽ ജയിലിലായിരുന്ന സമയത്താണ് ഊമക്കത്ത് പൊലീസിന് ലഭിക്കുന്നത്. അത് കൊണ്ട് തന്നെ പ്രമോദിന്റെ ഭാര്യയാണ് ഇതിനു പിന്നിലെന്ന് സംശയം ഉയർന്നിരുന്നു. എന്നാൽ മാന്നാറിൽ നിന്നും പോസ്റ്റ് ചെയ്ത കത്തായതിനാൽ കേസിൽ പൊലീസ് പ്രതികളാക്കിയവരുടെ സമുദായത്തിലെ വിഷയങ്ങളുമായി ബന്ധപ്പെട്ടുള്ള ശത്രുതയും ഊമക്കത്തിന് കാരണമായതായി നാട്ടുകാർ സംശയിക്കുന്നു. ഇത് സംബന്ധിച്ച വിവരങ്ങളാണ് സമുദായത്തിൽപെട്ടവരും പറയുന്നത്. കേസിൽ കഴിഞ്ഞ ദിവസം പൊലീസ് കസ്റ്റഡിയിൽ എടുത്ത പലരും സമുദായ സംഘടനാ ഭരണത്തിൽ നിലവിൽ ഭാരവാഹികളാണ്. മുൻപ് സംഘടനയിൽ വിഭാഗീയ പ്രവർത്തനങ്ങൾ ശക്തമായതോടെ പലരേയും പുറത്താക്കിയിരുന്നു. ഇതിനെതിരെ പുറത്തായവർ നൽകിയ പരാതിയെ തുടർന്ന് സമുദായ നേതൃത്വം ഇടപെടുകയും അന്വേഷണം നടത്തി തിരികെ എടുക്കുകയും ചെയ്തിരുന്നു. ഇതേ തുടർന്ന് ഭരണ സമിതി പിരിച്ചു വിടുകയും ചിലരുടെ അംഗത്വം റദ്ദാക്കുകയും ചെയ്തിരുന്നു. ഇത് സംബന്ധിച്ച കേസുകൾ നിലവിലുണ്ട്. എതായാലും 15 വർഷക്കാലത്തോളം മൂടിവെച്ച കൊലപാതകത്തിന്റെ ചുരിളഴിക്കാൻ ഊമക്കത്ത് സഹായിച്ചുവെന്നാണ് പൊലീസ് വിലയിരുത്തൽ.

### പ്രതികളുമായി ഇന്ന് തെളിവെടുപ്പ്

മാന്നാർ(ആലപ്പുഴ): യുവതിയെ 15 വർഷം മുമ്പ് കൊലപ്പെടുത്തി സെപ്റ്റിക് ടാങ്കിൽ തള്ളിയ കേസിൽ പൊലീസ് അന്വേഷണം വ്യാപിപ്പിക്കുന്നു. ഇതിന്റെ ഭാഗമായി അന്വേഷണ സംഘത്തെ പൊലീസ് വിപുലീകരിച്ചു. അന്വേഷണം കൂടുതൽ മേഖലകളിലേക്ക് വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി ക്രൈം ബ്രാഞ്ച് ഉദ്യോഗസ്ഥർ ഉൾപ്പെടുന്ന കൂടുതൽപേരെ അന്വേഷണ സംഘത്തിൽ ഉൾപ്പെടുത്തി. ഇതോടെ അന്വേഷണ സംഘ അംഗങ്ങളുടെ എണ്ണം 21 ആയി. കേസിൽ കസ്റ്റഡിയിലുള്ള പ്രതികളെ ഇന്നലെ ഉന്നത ഉദ്യോഗസ്ഥർ ചോദ്യം ചെയ്തു. കലയുടെ ഭർത്താവ് അനിലിന്റെ ബന്ധുക്കളും സുഹൃത്തുക്കളുമായ ചെന്നിത്തല ഇരമത്തൂർ കണ്ണമ്പള്ളിൽ ജിനു ഗോപി (48), കണ്ണമ്പള്ളിൽ സോമരാജൻ (55), കണ്ണമ്പള്ളിൽ പ്രമോദ് (45) എന്നിവരാണ് മാന്നാർ പൊലീസ് കസ്റ്റഡിയിലുള്ളത്. ജില്ലാ പൊലീസ് മേധാവി ചൈത്ര തെരേസ ജോൺ, ചെങ്ങന്നൂർ ഡി.വൈ.എസ്.പി രാജേഷ് കെ.എൻ എന്നിവർ ഇന്നലെ വൈകിട്ട് നാലുമണിയോടെ മാന്നാർ പൊലീസ് സ്റ്റേഷനിലെത്തി കസ്റ്റഡിയിലുള്ളവരെ ചോദ്യം ചെയ്തു.

## കെ സുധാകരന്റെ വീട്ടിൽ കൂടോത്ര വസ്തുക്കൾ

കണ്ണൂർ: കെ.പി.സി.സി അധ്യക്ഷൻ കെ സുധാകരൻ എംപിയുടെ കണ്ണൂരിലെ വീട്ടിൽ കൂടോത്രം. പുറത്തുവന്ന ദൃശ്യങ്ങൾ ഒന്നര വർഷം മുമ്പുള്ളത്. ഒരാളെ അപായപ്പെടുത്താനെന്ന് കൂടോത്ര ശ്രമമെന്ന് സംശയിക്കുന്ന രീതിയിലാണ് കൂടോത്ര വസ്തുക്കൾ. ഇതിന്റെ വീഡിയോ ദൃശ്യങ്ങൾ ഇന്നലെ രാവിലെയാണ് പുറത്തുവന്നത്. കണ്ണൂർ നടാലിലെ വീട്ടിൽ നിന്ന് ചില വസ്തുക്കൾ കണ്ടെടുത്തെന്നാണ് പുറത്തുവരുന്ന വിവരം. അതേസമയം ഒന്നര വർഷം മുമ്പത്തെ ദൃശ്യങ്ങളിതെന്നാണ് ലഭിക്കുന്ന സൂചന.

രാജ്മോഹൻ ഉണ്ണിത്താൻ എംപിയുടെയും സുധാകരന്റെയും സാന്നിധ്യത്തിൽ ഒരു മന്ത്രവാദിയാണ് തകിടും തെയ്യത്തിന്റെ രൂപമുള്ള വസ്തുക്കളും കണ്ടെടുത്തതെന്നുമാണ് പറയുന്നത്. കുഴിച്ചിട്ട നിലയിൽ ചില വസ്തുക്കൾ പുറത്തെടുക്കുന്നതാണ് വീഡിയോ ദൃശ്യങ്ങൾ. ഒരു കിഴിയിൽ തെയ്യത്തിന്റെ രൂപവും തകിടുകളിൽ കാലിന്റെയും ഉടലിന്റെയും തലയുടെയും രൂപങ്ങളുമാണ് ഉള്ളത്. അതേസമയം കാലിന് പ്രശ്നങ്ങളുണ്ടോയെന്ന് മന്ത്രവാദി ചോദിക്കുമ്പോൾ ബലക്ഷയമുണ്ടായിരുന്നെന്ന് സുധാകരൻ മറുപടി നൽകുന്നതും വീഡിയോയിലുണ്ട്. വീടിന്റെ രൂപങ്ങളും തകിടിൽ ഉണ്ടെന്ന് മന്ത്രവാദി പറയുന്നുണ്ട്. തന്റെ ജീവന് ഒന്നും സംഭവിക്കാതിരുന്നത് ഭാഗ്യമെന്ന് കെ സുധാകരൻ വീഡിയോയിൽ പറയുന്നുണ്ട്.

അതേസമയം വസ്തുക്കൾ കണ്ടെടുത്ത കാര്യം സുധാകരൻ സ്ഥിരീകരിച്ചിട്ടുണ്ട്. ഇപ്പോൾ പുറത്തുവന്നത് പഴയ വീഡിയോയാണെന്നും അദ്ദേഹം പറഞ്ഞു. ഉണ്ണിത്താനോട് ചോദിച്ചാൽ കാര്യങ്ങൾ അറിയാമെന്നാണ് തിരുവനന്തപുരത്ത് മാധ്യമങ്ങളുടെ ചോദ്യത്തിന് മറുപടിയായി പറഞ്ഞത്. ഇതുകൊണ്ടൊന്നും തന്നെ അപായപ്പെടുത്താനാകില്ല. അങ്ങനെയൊരു ശ്രമം ആരെങ്കിലും നടത്തിയെന്ന് തോന്നുന്നില്ലെന്നുമാണ്അദ്ദേഹം മാധ്യമങ്ങളോട് പ്രതികരിച്ചത്.

---

### അപ്രഖ്യാപിത നിയമന നിരോധനം

# ഹയർസെക്കന്ററിയിൽ നികത്താനുള്ളത് 604 അധ്യാപക ഒഴിവുകൾ

**അനീഷ് ചാലിയാർ**
പാലക്കാട്

ഹയർസെക്കന്ററി മേഖലയിൽ സർക്കാർ അപ്രഖ്യാപിത നിയമന നിരോധനം ഏർപ്പെടുത്തിയതോടെ നികത്താനാവാതെ കിടക്കുന്നത് 604 അധ്യാപക തസ്തികളെന്ന് വിവരാവകാശ രേഖ.

പി.എസ്.സി റാങ്ക് പട്ടികയിലുൾപ്പെട്ട ഉദ്യോഗാർഥികൾ ആർ.ടി.ഐ നിയമപ്രകാരം ശേഖരിച്ച രേഖകളിലാണ് സംസ്ഥാനത്തെ ഹയർസെക്കന്ററി സ്കൂളുകളിൽ വിവിധ വിഷയങ്ങൾക്കായി ഇത്രയും അധ്യാപക തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുണ്ടെന്ന മറുപടി ലഭിച്ചത്. പൊളിറ്റിക്സ് (ജൂനിയർ- 43), ഇക്കണോമിക്സ് (ജൂനിയർ -123) സ്റ്റാറ്റിറ്റിക്സ് (സീനിയർ -18), ബോട്ടണി (ജൂനിയർ -33, സീനിയർ-24), ഫിസിക്സ് (ജൂനിയർ -25, സീനിയർ-10), മാത്തമാറ്റിക് (സീനിയർ- 79- ജൂനിയർ-52), ഇംഗ്ലീഷ് (ജൂനിയർ- 22, സീനിയർ -85), സുവോളജി (ജൂനിയർ -55), ഹിസ്റ്ററി (സീനിയർ- 24), ഇസ്ലാമിക് ഹിസ്റ്ററി -2, സോഷ്യൽ വർക്ക് -7, ജേണലിസം-2 2024 മെയ് 31 വരെ ഒഴിവുകളുണ്ടെന്നാണ് ആർ.ടി.ഐ പ്രകാരം ഉദ്യോഗാർഥികൾക്ക് മറുപടി ലഭിച്ചിട്ടുള്ളത്. ഇതിന് ശേഷമുള്ള വിരമിക്കൽ ഒഴിവുകളുമടക്കം യഥാർത്ഥ കണക്ക് പ്രകാരം 1000 ലധികം ഒഴിവുകളുണ്ടാകുമെന്നാണ് പറയപ്പെടുന്നത്.

### രണ്ട് വർഷത്തിനിടെ നടന്നത് 87 നിയമനം മാത്രം

പി.എസ്.സി റാങ്ക്പട്ടിക നിലവിൽ വന്നാൽ കാലാവധിക്കുള്ളിൽ വരുന്ന വിരമിച്ചവരുടെ ഒഴിവുകളടക്കം പി.എസ്.സി പ്രതീക്ഷിത ഒഴിവുകളായി റിപ്പോർട്ട് ചെയ്യണമെന്ന വ്യവസ്ഥയുണ്ട്. എന്നാൽ നിലവിലുള്ള ഒഴിവുകൾ പോലും ഔദ്യോഗികമായി റിപ്പോർട്ട് ചെയ്യാതെ നിയമനം തടയുകയാണ് ഹയർസെക്കന്ററി വകുപ്പും സർക്കാറും. രണ്ട് വർഷമായി സ്റ്റാഫ് ഫിക്സേഷൻ നടപടിക്രമങ്ങൾ പൂർത്തിയാക്കിയിട്ടില്ല. ഇത് ഒഴിവുകൾ റിപ്പോർട്ട് ചെയ്യാതിരിക്കാനുള്ള ഗൂഢാലോചനയുടെ ഭാഗമാണ്.

സ്റ്റാഫ് ഫിക്സേഷൻ, സൂപ്പർന്യൂമററി പ്രശ്നങ്ങൾ ചൂണ്ടിക്കാണിച്ച് എച്ച്.എസ്.എസ്.ടി ഇംഗ്ലീഷ് ജൂനിയർ, സീനിയർ നിയമനം തടഞ്ഞുവെച്ചതോടെ ഒന്നാംറാങ്കുകാരിക്ക് പോലും സർവീസിൽ കയറാൻ പറ്റിയിട്ടില്ല. ഈ റാങ്ക് പട്ടികയിൽ നിന്ന് ഭിന്നശേഷിക്കാരായ രണ്ടുപേർക്ക് മാത്രമാണ് നിയമന ശുപാർശ നൽകിയിട്ടുള്ളത്. ഇതു തന്നെ കഴിഞ്ഞവർഷം ഡിസംബറിലാണ്.

107 ഒഴിവുകൾ ഉണ്ടായിരിക്കെ റാങ്ക്പട്ടിക പത്ത് മാസം പിന്നിട്ടിട്ടും ആദ്യാറാങ്കുകാരിക്ക് പോലും നിയമനം നൽകാതിരിക്കുന്നത് കടുത്ത അനീതിയാണ്. 123 ഒഴികളുള്ള ഇക്കണോമിക് ജൂനിയർ തസ്തികയിലേക്ക് ഫെബ്രുവരിയിൽ നിലവിൽ വന്ന ലിസ്റ്റിൽ നിന്നും 3പേർക്ക് മാത്രമാണ് നിയമനം നൽകിയിട്ടുള്ളത്. വിവിധ വിഷയങ്ങൾക്കുള്ള മറ്റു റാങ്ക് പട്ടികകൾ പരിശോധിച്ചാലും സ്ഥിതി മറിച്ചല്ല. പൊളിറ്റിക്കൽ സയൻസ് ജൂനിയർ തസ്തികയിൽ മാത്രമാണ് നിയമന ശുപാർശ രണ്ടക്കം(29) കടന്നിട്ടുള്ളത്. മറ്റു വിഷയങ്ങൾക്കുള്ള 13 പട്ടികകളിൽ നിന്നും പത്തിൽ താഴെ പേർക്ക് മാത്രമാണ് നിയമനം ശുപാർശ ലഭിച്ചിട്ടുള്ളത്.

| വിഷയം | റാങ്ക്ലിസ്റ്റ് തീയതി | നിയമന ശുപാർശ | അവസാന ശുപാർശ | ഒഴിവുകൾ (31.05.24 വരെ) |
|---|---|---|---|---|
| പൊളിറ്റിക്കൽ സയൻസ് ജൂനിയർ | 22.02.2024 | 29 | 20.04.2024 | 43 |
| എക്കണോമിക്സ് ജൂനിയർ | 06.02.2024 | 3 | 05.03.2024 | 123 |
| സ്റ്റാറ്റിറ്റിക്സ് സീനിയർ | 01.12.2023 | 6 | 04.03.2024 | 18 |
| ബോട്ടണി | 26.10.2023 | 7 | 24.02.2024 | 33 ജൂനിയർ 24 സീനിയർ |
| ഫിസിക്സ് | 05.12.2023 | 2 | 28.05.2024 | 25 ജൂനിയർ 10 സീനിയർ |
| മാത്തമാറ്റിക്സ് സീനിയർ | 16.09.2023 | 6 | 16.11.2023 | 79 |
| മാത്തമാറ്റിക്സ് ജൂനിയർ | 24.11.2023 | 6 | 03.05.2024 | 52 |
| ഇംഗ്ലീഷ് ജൂനിയർ | 29.09.2023 | 2 | 04.12.2023 | 22 |
| ഇംഗ്ലീഷ് സീനിയർ | 27.09.2023 | 5 | 06.11.2023 | 85 |
| സുവോളജി ജൂനിയർ | 30.10.2023 | 7 | 30.11.2023 | 55 |
| ഹിസ്റ്ററി സീനിയർ | 20.09.2023 | 3 | 31.10.2023 | 24 |
| ഇസ്ലാമിക് ഹിസ്റ്ററി | 13.07.2023 | 1 | 08.08.2023 | 2 |
| സോഷ്യൽ വർക്ക് | 25.02.2024 | 3 | 15.03.2024 | 7 |
| ജോർണലിസം | 03.08.2022 | 7 | 13.09.2023 | 2 |

---

# തോൽവിയുടെ കാരണം നേതാക്കളുടെ ധാർഷ്ട്യം

### സി.പി.എം കേന്ദ്രക്കമ്മിറ്റിയിൽ കേരള നേതാക്കൾക്ക് വിമർശനം

തിരുവനന്തപുരം: ലോക്സഭാ തിരഞ്ഞെടുപ്പിൽ സി.പി.എമ്മിനുണ്ടായ തോൽവിയുടെ പ്രധാനകാരണം നേതാക്കളുടെ ധാർഷ്ട്യമെന്ന വിമർശനത്തോടെ കേന്ദ്രക്കമ്മിറ്റിയുടെ അവലോകന റിപ്പോർട്ട്. കേരള നേതാക്കളെ രൂക്ഷമായി വിമർശിക്കുന്ന റിപ്പോർട്ടിനാണ് സി.സി അംഗീകാരം നൽകിയത്. നേതാക്കൾക്ക് ധാർഷ്ട്യം തിരഞ്ഞെടുപ്പിലെ തിരിച്ചടിക്ക് കാരണമായി. നേതാക്കളുടെയും അണികളുടെയും പെരുമാറ്റം മോശമാണെന്നും സിസി തെരഞ്ഞെടുപ്പ് അവലോകന റിപ്പോർട്ടിൽ പരാമർശിക്കുന്നു.

കോൺഗ്രസും ബി.ജെ.പിയും സോഷ്യൽ മീഡിയയെ നന്നായി ഉപയോഗിച്ചപ്പോൾ സി.പി.എം നിലവാരം പുലർത്തിയില്ലെന്നായിരുന്നു സോഷ്യൽ മീഡിയ ഇടപെടലിനെക്കുറിച്ചുള്ള കേന്ദ്രകമ്മിറ്റിയുടെ വിമർശനം. സോഷ്യൽ മീഡിയ ഇടപെടൽ രീതി പുനപരിശോധിക്കണമെന്നും സിസി ആവശ്യപ്പെട്ടു. സഹകരണ ബാങ്കുകളിലെയും തദ്ദേശ സ്ഥാപനങ്ങളിലെയും അഴിമതി തിരിച്ചടിച്ചെന്നും കേന്ദ്രകമ്മിറ്റി റിപ്പോർട്ടിലുണ്ട്.

### പ്രതിപക്ഷം പഴയ പ്രതിപക്ഷമല്ല

## ഇടത് സാമാജികരോട് മുഖ്യമന്ത്രിയുടെ ജാഗ്രതാനിർദേശം

തിരുവനന്തപുരം: അംഗബലം കുറവാണെങ്കിൽ കേരള നിയമസഭയിൽ പ്രതിപക്ഷത്തിന് കരുത്ത് കൂടിയെന്ന് എൽ.ഡി.എഫ് പാർലമെന്ററി പാർട്ടിയോഗം. പ്രതിപക്ഷത്തോടുള്ള പ്രതികരണങ്ങൾ കരുതി വേണമെന്ന് ഓർമ്മിപ്പിച്ച് മുഖ്യമന്ത്രി പിണറായി വിജയനാണ് ഇടത് നിയസഭാ സാമാജികരുടെ യോഗത്തിൽ അഭിപ്രായം പറഞ്ഞത്. ലോക്സഭാ തിരഞ്ഞെടുപ്പിന് ശേഷം പ്രതിപക്ഷത്തിന് വർധിത വീര്യമാണ്. അതുകൊണ്ട് പ്രതികരണങ്ങളിൽ ജാഗ്രത പാലിക്കണമെന്നാണ് മുഖ്യമന്ത്രി പറയുന്നത്. നിയമസഭാ നടപടികളുടെ തുടർച്ചകൾ ചർച്ച ചെയ്യാൻ ചേർന്ന എൽ.ഡി.എഫിന്റെ പാർലമെന്ററി പാർട്ടി യോഗത്തിലാണ് മുഖ്യമന്ത്രി ഇങ്ങനെ ഒരാവശ്യം മുന്നോട്ടുവച്ചത്. ആഭ്യന്തര വകുപ്പു മുതൽ ആരോഗ്യ വകുപ്പ് വരെ വിവിധ സർക്കാർ വകുപ്പുകളുടെ പ്രവർത്തനത്തിൽ കഴിഞ്ഞ ദിവസങ്ങളിൽ നിയമസഭയിൽ പ്രതിപക്ഷം സർക്കാരിനെതിരെ ആഞ്ഞടിച്ചിരുന്നു. പലപ്പോഴും സഭാസമ്മേളനം സംഘർഷ ഭരിതമാകുകയും ചെയ്തിരുന്നു. ഈ സാഹചര്യത്തിൽ കൂടിയാണ് പ്രതിപക്ഷത്തെ കൈകാര്യം ചെയ്യുമ്പോൾ ജാഗ്രത വേണമെന്ന മുഖ്യമന്ത്രിയുടെ ഓർമ്മപ്പെടുത്തൽ.

പതിവിന് വിരുദ്ധമായി ഭരണപക്ഷം സഭയിൽ ബഹളം വെക്കുന്ന സാഹചര്യമാണ് നടപ്പുസമ്മേളനത്തിൽ കാണുന്നത്. സർക്കാരിനെയും സി.പി.എമ്മിനെയും രൂക്ഷമായി വിമർശിച്ച് പ്രതിപക്ഷ നേതാവ് രംഗത്തെത്തുമ്പോൾ പ്രസംഗം തടസപ്പെടുത്താൻ ശ്രമിക്കുന്നത് പതിവാകുന്നു. മറുപടി പറയാൻ സാധിക്കാത്ത വിഷയങ്ങളിൽ തടസപ്പെടുത്തൽ മാർഗം സ്വീകരിക്കുകയാണ് ഭരണപക്ഷം ചെയ്തുവരുന്നത്. ഇതിനിടെയാണ് മുഖ്യമന്ത്രിയുടെ ജാഗ്രതാനിർദേശം.

---

### സി .പി .എമ്മിന് ലഭിച്ചിരുന്ന വോട്ടുകളിൽ ചോർച്ച

## എസ്.എഫ്.ഐക്കെതിരെയും വിമർശനം

### സി പി എം ദക്ഷിണ മേഖല അവലോകനം

കൊല്ലം : സിപിഐ-എമ്മിന് ലഭിച്ചിരുന്ന എസ്എൻഡിപി വോട്ടുകളിൽ ചോർച്ച ഉണ്ടായെന്ന് സി പി ഐ എം ജനറൽ സെക്രട്ടറി സീതാറാം യെച്ചൂരി. .എസ്എൻഡിപിയിലും സഹപ്രസ്ഥാനങ്ങളിലും സംഘപരിവാർ നുഴഞ്ഞുകയറിയെന്ന് എം വി ഗോവിന്ദൻ. ബിഡിജെഎസ് രൂപീകരിച്ചത് യാദൃശ്ചികം അല്ലെന്നും സി പി ഐ എം വിലയിരുത്തൽ.

കരുനാഗപ്പള്ളി ശ്രീധരീയം ഓഡിറ്റോറിയത്തിൽ ചേർന്ന പാർട്ടി ദക്ഷിണ മേഖല റിപ്പോർട്ടിങ്ങിലാണ് പാർട്ടിയ്ക്ക് ലഭിച്ചുകൊണ്ടിരുന്ന എസ് എൻ ഡി പി വോട്ടുകൾ ചോർന്നുവെന്ന വിലയിരുത്തൽ ഉണ്ടായത്. എസ് എഫ് ഐ യുടെ സമര രീതിക്കെതിരെയും കടുത്ത വിമർശനം ഉണ്ടായി. എസ് എൻ ഡി പി യിൽ സംഘപരിവാർ നുഴഞ്ഞു കയറിയെന്ന് സി പി ഐ എം കേന്ദ്ര സംസ്ഥാന കമ്മറ്റികൾ വിലയിരുത്തുന്നു. ജനങ്ങളുടെ ഇടയിലേക്ക് പാർട്ടി കൂടുതൽ ഇറങ്ങി ചെല്ലണമെന്ന് ജനറൽ സെക്രട്ടറി പ്രവർത്തകരെ ഓർമിപ്പിച്ചു. തെക്കേ ഇന്ത്യയിലെ ബിജെപിയുടെ മുന്നേറ്റം കൃത്യമായി പരിശോധിക്കണമെന്നും യെച്ചൂരി പറഞ്ഞു.

എസ്എൻഡിപി ശാഖാ യോഗങ്ങളിൽ സംഘപരിവാർ അനുകൂലികളെ തിരികയറ്റുന്നുവെന്ന് എം വി ഗോവിന്ദൻ റിപ്പോർട്ടിംഗിൽ അരോപിച്ചു. എസ്എൻഡിപിയിൽ എതിരഭിപ്രായമുള്ള കമ്മിറ്റികൾ പിരിച്ചുവിട്ട പുതിയ രൂപീകരിക്കുകയാണ് നവോത്ഥാന പ്രസ്ഥാനമായ എസ്എൻഡിപിയിലെ ഈ പ്രവണത ചെറുത്ത് തോൽപ്പിക്കണമെന്ന് ആഹ്വാനം ചെയ്ത എം വി ഗോവിന്ദൻ ക്ഷേമപെൻഷൻ നൽകാത്തത് തിരിച്ചടിയായെന്ന വിമർശനവും ഉന്നയിച്ചു.സർക്കാരും പാർട്ടിയും ജനങ്ങളും പരസ്പര പൂരകങ്ങളാകണം ജനങ്ങളുടെ മനസ്സ് മനസ്സിലാക്കാൻ താഴെത്തട്ടിൽ ഉള്ള നേതാക്കൾക്ക് കഴിയുന്നില്ലപാർട്ടിയിൽ ചില പ്രാദേശിക അധികാര കേന്ദ്രങ്ങൾ സൃഷ്ടിക്കുന്നു സഹകരണ മേഖലയിൽ അഴിമതി ഉണ്ടാകരുതെന്നും സംസ്ഥാന സെക്രട്ടറി നിർദ്ദേശം നൽകി.

ആലപ്പുഴയിലെ തോൽവി കനത്ത തിരിച്ചടിയായി.കായംകുളം നിയമസഭ മണ്ഡലത്തിൽ പിന്നിൽ പോയത് അതീവ ഗുരുതരം.കൊല്ലത്തെ സ്ഥാനാർത്ഥി നിർണയത്തിൽ പാളിച്ചുണ്ടായോ എന്ന് പരിശോധിക്കുമെന്നും എം വി ഗോവിന്ദൻ മേഖല അവലോകന യോഗത്തിൽ പറഞ്ഞു.

## സഭയിൽ സി.പി.എമ്മിനെ കടന്നാക്രമിച്ച് വി.ഡി സതീശൻ

തിരുവനന്തപുരം: നിയമസഭയിൽ സി.പി.എമ്മിനും എസ്.എഫ്.ഐക്കുമെതിരെ ആഞ്ഞടിച്ച് പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ നടത്തിയ പ്രസംഗത്തിൽ അന്തംവിട്ട് ഭരണപക്ഷം. മുഖ്യമന്ത്രിയോട് എണ്ണിയെണ്ണി ചോദിച്ചും തന്റെ പ്രസംഗം തടസപ്പെടുത്താൻ ശ്രമിച്ചവരെ നിയന്ത്രിക്കാത്തതിൽ സ്പീക്കറോട് പരാതിപ്പെട്ടും പ്രതിപക്ഷ നേതാവ് കത്തിക്കയറി. എന്നാലിത് സഭാരേഖകളിൽ നിന്ന് ഒഴിവാക്കണമെന്ന ആവശ്യവുമായി മന്ത്രി എം.ബി രാജേഷ് രംഗത്തെത്തുകയായിരുന്നു. മുഖ്യമന്ത്രിക്കെതിരെ പ്രതിപക്ഷ നേതാവ് പറഞ്ഞ ഓരോ വാചകവും തടസപ്പെടുത്താൻ മന്ത്രിമാർ അടക്കമുള്ളവർ നിരന്തരം ഇടപെട്ടുകൊണ്ടിരുന്നു. എം.ബി രാജേഷും കെ.എൻ ബാലഗോപാലും സജി ചെറിയാനും അടക്കം പ്രമുഖ നേതാക്കൾ എഴുന്നേറ്റെങ്കിലും വഴങ്ങാൻ സതീശൻ തയാറായില്ല. ‘പറയാനുള്ളത് മുഴുവൻ പറഞ്ഞിട്ടേ പോകൂ’ എന്ന നിലപാടിലായിരുന്നു അദ്ദേഹം. ഈ സാഹചര്യത്തിലാണ് പരാമർശങ്ങൾ സഭാരേഖയിൽ നിന്ന് ഒഴിവാക്കണമെന്ന് മന്ത്രി എം.ബി രാജേഷ് ആവശ്യപ്പെട്ടത്. പരിശോധിച്ച് തീരുമാനമെടുക്കാമെന്ന് സ്പീക്കർ എ.എൻ ഷംസീർ അറിയിച്ചു.